www.malankaralibrary.com

നഹ്റോ

## ജി. ചേടിയത്ത്

# മാർ ബാബായ് ക്രിസ്തുശാസ്ത്രം

കോട്ടയം

2000

www.malankaralibrary.com

നൂഹ്റോ-4

ജി. ചേടിയത്ത്

# മാർ ബാബായ് - ക്രിസ്തു ശാസ്ത്രം

ܡܐܡܪܐ ܕܡܪܝ ܒܒܝ
ܥܠ ܐܠܗܘܬܐ ܘܥܠ ܐܢܫܘܬܐ
ܘܥܠ ܦܪܨܘܦܐ ܕܚܕܝܘܬܐ

*Liber de Unione*

St. Ephrem Ecumenical Research Institute (SEERI)
Baker Hill, Kottayam - 686 001, Kerala - India
2000

www.malankaralibrary.com

**G. CHEDIATH (tr), MAR BABAI, CHRISTUSASTRAM:**

The Malayalam Translation of *Liber de Unione of Mar Babai the Great* (553 - 628)
A publication of St. EphremEcumenical Research Institute (SEERI)
Baker Hill, Kottayam, 686 001, Kerala, India.

© G. Chediath, 2000

Type Setting & Printing : WiGi Printers, Manganam, Kottayam-18, Ph: 570862

www.malankaralibrary.com

# ഉള്ളടക്കം


അവതാരിക ........ 8

മുഖവുര ........ 12

ആമുഖം ........ 13

*മെമ്രാ - 1*

1. വിശ്വാസം ........ 17
2. ദൈവസ്വഭാവത്തിന്റെ നിത്യസത്ത ........ 22
3. അഗ്രാഹ്യമായ ദൈവസ്വഭാവം ........ 35
4. പഴയനിയമത്തിലെ ത്രിത്വസൂചനകൾ ........ 40
5. ത്രിത്വപ്രബോധനം - പുതിയനിയമത്തിൽ ........ 42

*മെമ്രാ - 2*

6. വചനമാം ദൈവത്തിന്റെ മനുഷ്യാവതാരം ........ 51
7. മനുഷ്യനായത് പുത്രൻ മാത്രം ........ 65
8. മനുഷ്യാവതാര രഹസ്യം ........ 71

*മെമ്രാ - 3*

9. ആരാധ്യമായ ഐക്യത്തിന്റെ സ്വഭാവം: വ്യത്യസ്ത വീക്ഷണങ്ങളുടെ ഖണ്ഡനം ........ 85
10. ഏക ആളിൽ ദൈവത്വവും മനുഷ്യത്വവും ........ 101
11. ദൈവം മനുഷ്യനിൽ ........ 120

*മെമ്രാ - 4*

12. അഭിഷിക്തൻ ........ 128
13. പുത്രൻ ........ 133
14. ആദ്യജാതൻ ........ 135
15. മിശിഹായുടെ സ്നാനം ........ 137
16. ഒരേ ഒരു പുത്രൻ ........ 148
17. ക്നോമായും പർസോപ്പായും ........ 155

*മെമ്രാ - 5*

18. മിശിഹായുടെ കുരിശുമരണം ........ 167
19. മിശിഹായുടെ ഉത്ഥാനം ........ 174

*മെമ്രാ - 6*

20. മിശിഹായുടെ നാമങ്ങൾ ........ 190
21. ഐക്യത്തെ കുറിക്കുന്ന പദങ്ങൾ ........ 217

അടിക്കുറിപ്പുകൾ ........ 240

അനുബന്ധം: സുറിയാനിപദങ്ങൾ ........ 241

ഗ്രന്ഥസൂചിക ........ 244

പദസൂചിക ........ 245

www.malankaralibrary.com

# അവതാരിക

പൗരസ്ത്യസുറിയാനി സഭയിലെ ഒരുജ്ജ്വല സഭാതാരമായിരുന്നു മഹാനായ മാർ ബാബായ് (553-628). സന്യാസി, ആശ്രമാധ്യക്ഷൻ, ആശ്രമങ്ങളുടെ വിസിറ്റർ എന്നീ നിലകളിൽ മെസൊപ്പൊട്ടേമിയൻ സഭയിൽ അദ്ദേഹം ഗണ്യമായി സ്വാധീനം ചെലുത്തി. അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളുടെ ബാഹുല്യം(83/84), അദ്ദേഹത്തിൻെറ സഭാസ്നേഹവും അശ്രാന്തപരിശ്രമവും അഗാധപാണ്ഡിത്യവും വിളിച്ചറിയിക്കുന്നു. സുറിയാനിസഭയിലെ ക്രിസ്തുശാസ്ത്രത്തിന് അദ്ദേഹം സാരവത്തായ സംഭാവന ചെയ്തു. "നെസ്തോറിയൻ" എന്ന് മുൻപ് വിളിക്കപ്പെട്ടിരുന്ന പൗരസ്ത്യസുറിയാനി (സെലൂഷ്യൻ; അസ്സീറോ-കാൽഡിയൻ) സഭയുടെ ക്രിസ്തുശാസ്ത്രം ബാബായിയുടെ ക്രിസ്തുദർശനമാണ്. അതിനു മുമ്പും അതിനു ശേഷവും പൗരസ്ത്യസുറിയാനിസഭയിൽ ആരും തന്നെ ഇത്ര വിശദമായി ക്രിസ്തുവിജ്ഞാനീയം ചർച്ച ചെയ്തിട്ടില്ല.

മാർ ബാബായിയുടെ ക്രിസ്തുശാസ്ത്രഗ്രന്ഥത്തിൻെറ മലയാള വിവർത്തനമാണീ ഗ്രന്ഥം. അഗാധമായ വിശ്വാസവും ദൈവസ്നേഹവും സഭാസ്നേഹവും നിറഞ്ഞുതുളുമ്പുന്നൊരു സഭാപിതാവിനെ ഈ ഗ്രന്ഥത്തിൻെറ പേജുകളിൽ നമുക്ക് ദർശിക്കാനാവും. ആദ്യമായിട്ടാണ് ബാബായിയുടെ ഗ്രന്ഥം ഒരാധുനിക ഭാഷയിലേക്ക് (മലയാളത്തിലേക്ക്) വിവർത്തനം ചെയ്യപ്പെടുക. സുറിയാനിയിലും ലത്തീൻ വിവർത്തനത്തിലും മാത്രം ലഭ്യമായിരുന്ന ഈ സദ്ഗ്രന്ഥം ഇപ്പോൾ മലയാളം വായനക്കാർക്ക് പ്രാപ്യമായി തീർന്നിരിക്കുന്നു. സുറിയാനി സാഹിത്യത്തിലെ തന്നെ വിഷമം പിടിച്ച രണ്ടു കൃതികളിൽ ഒന്നാണ് ബാബായിയുടെ ക്രിസ്തുവിജ്ഞാനീയ ഗ്രന്ഥം (*Liber de Unione*). മറ്റൊന്ന് തിയഡോറിൻെറ 'യോഹന്നാൻെറ സുവിശേഷ ഭാഷ്യം' ആണ്. എന്നാൽ ഇത് വളരെ സുഗ്രാഹ്യമായി മലയാളത്തിൽ ഇപ്പോൾ വിവർത്തനം ചെയ്യപ്പെട്ടിരിക്കുകയാണ്.

. "ക്യാനാ, ക്നോമാ, പർസോപാ" എന്നീ സാങ്കേതിക പദപ്രയോഗങ്ങളുപയോഗിച്ചും അല്ലാതെയും യേശുമിശിഹായുടെ ഏക വ്യക്തിത്വവും രണ്ടു സ്വഭാവങ്ങളും ബാബായ് വ്യക്തമാക്കുന്നു. "രണ്ട് ക്യാനാകൾ, രണ്ട്

www.malankaralibrary.com



ക്നോമാകൾ, പുത്രത്വത്തിന്റെ ഏക പർസോപാ" എന്നതാണ് ബാബാ യിയുടെ ഫോർമുല. "രണ്ടു ക്യാനാകളും രണ്ട് ക്നോമാകളും" സ്വഭാവ ത്തിന്റെ തലത്തിൽ യേശുമിശിഹായ്ക്കുള്ള ദ്വിത്വത്തെ കുറിക്കുന്നു. "ഏകത്വം" പുത്രത്വം എന്ന വ്യക്തിത്വത്തിന്റെ തലത്തിലാണ്. എന്നാൽ താത്ത്വികചർച്ചകൾക്കുപരിയായി, വിശ്വാസതീക്ഷ്ണതയാൽ ഈ രഹസ്യ ങ്ങൾ വിശദീകരിക്കുന്ന ഒരു ദൈവമനുഷ്യനെയാണ് ബാബായിയിൽ നാം ദർശിക്കുക.

ബാബായിയുടെ ക്രിസ്തുവിജ്ഞാനീയം, ത്രിത്വാധിഷ്ഠിതമാണ്. ത്രിത്വത്തെപ്പറ്റിയുള്ള ചർച്ചയ്ക്കുശേഷമാണ് ക്രിസ്തുശാസ്ത്ര ചർച്ച. അന്ത്യോക്യൻ സഭയിൽപെട്ട തിയഡോർ, പീലക്സീനോസ് തുടങ്ങിയവ രെല്ലാം ഈ രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ദൈവത്തിന്റെ സർവാ തീശത്വം *(transcendence)* ഊന്നിപ്പറയുന്ന പശ്ചാത്തലമാണ് അന്ത്യോ ക്യൻ സഭയ്ക്കുണ്ടായിരുന്നത്. അത് അന്ത്യോക്യൻ ആരാധനക്രമത്തിലും അന്ത്യോക്യൻ ദൈവശാസ്ത്രത്തിലും കാണാം. അന്ത്യോക്യൻ പൈതൃകം കാലക്രമത്തിൽ മെസൊപ്പൊട്ടേമിയൻ ക്രിസ്ത്യാനികളുടെ പൈതൃകമായി തീർന്നതിനാൽ ദൈവത്തിന്റെ അഗ്രാഹ്യത *(Incomprehensibility)*, സർവാ തീശത്വം എന്നിവ പൗരസ്ത്യ സുറിയാനിക്കാരുടെയും പൈതൃകമായി തീർന്നു. ഇത് ബാബായിയുടെ കൃതികളിൽ ഉടനീളം സുവ്യക്തമാണ്. വിശ്വാസം കൂടാതെ ദിവ്യരഹസ്യങ്ങളെ നാം ഒരിക്കലും സമീപിക്കാൻ പാടില്ല എന്ന ചിന്ത അദ്ദേഹത്തെ ഭരിച്ചു. അദ്ദേഹം "വിശ്വാസം" എന്ന വിഷയംകൊണ്ടാണ് തന്റെ കൃതി തുടങ്ങുന്നതുതന്നെ. ദൈവത്തിന്റെ സർവാതീശത്വവും*(transcendence)* ചിന്മയത്വവും*(Immanance)* ഒന്നിച്ച് കൊണ്ടുപോകുവാൻ അന്ത്യോക്യക്കാരനായ തിയഡോറിനും ശിഷ്യനായ ബാബായിക്കും കഴിഞ്ഞു.

അടിസ്ഥാനപരമായി അന്ത്യോക്യൻ കലാലയത്തിന്റെ വചന- മനുഷ്യ *(Logos-authropos)* ക്രിസ്തുശാസ്ത്രം തന്നെയാണ് ബാബായിയുടെ ക്രിസ്തുശാസ്ത്രം. മിശിഹായുടെ ദൈവത്വത്തിനും മനുഷ്യത്വത്തിനും വേണ്ടത്ര ഊന്നൽ കൊടുക്കുന്നതാണല്ലോ അന്ത്യോക്യൻ ക്രിസ്തുശാസ്ത്ര ത്തിന്റെ പ്രത്യേകത. മൂർത്തങ്ങളും അമൂർത്തങ്ങളുമായ പദപ്രയോഗങ്ങൾ *(concrete and abstract terms)* കൂടിക്കലർത്തി പ്രയോഗിക്കുന്നതും അവരുടെ പ്രത്യേകതയാണ്. മനുഷ്യസ്വഭാവത്തെ കുറിക്കാൻ മനുഷ്യൻ *(man)* എന്നും, മനുഷ്യത്വം *(humanity)* എന്നും മാറിമാറി ഉപയോഗിക്കുന്നു. അതു പോലെ ദൈവത്വത്തെ കുറിക്കാനും. ഒരേ വാചകത്തിൽ തന്നെ ഇത്തരം പ്രയോഗങ്ങൾ ദൃശ്യമാണ്. അതുപോലെ ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടതും

www.malankaralibrary.com



സുവിശേഷം വരച്ചുകാട്ടുന്നതുമായ യേശുമിശിഹായിൽ നിന്നാണ് അന്ത്യോക്യക്കാർ ക്രിസ്തുശാസ്ത്രചർച്ച ആരംഭിക്കുന്നത്. ഈ പ്രത്യേകതകളൊക്കെ ബാബായിയിൽ ദൃശ്യമാണ്.

ശ്ലീഹന്മാരുടെയും അവരുടെ കാലടികളെ പിൻതുടർന്ന വിശുദ്ധ പിതാക്കന്മാരുടെയും പ്രബോധനം തന്നെയാണ് താൻ പഠിപ്പിക്കുന്നത് എന്ന് ബാബായ് കരുതി. അന്ത്യോക്യൻ ദൈവശാസ്ത്രത്തിന്റെ ഉത്തമ വക്താവായ തിയഡോറിനെയാണ് അടിസ്ഥാനപരമായി ബാബായ് പിൻതുടരുന്നത്. അതോടൊപ്പം നെസ്തോറിയസിന്റെ കൃതികളും കപ്പദോഷ്യൻ പിതാക്കന്മാരും മറ്റും ചെലുത്തിയ സ്വാധീനവും ദൃശ്യമാണ്. അലക്സാണ്ഡ്രിയൻ കലാലയത്തിന്റെ ചിന്താരീതി ബാബായിക്ക് അന്യമല്ലായിരുന്നു. അന്ത്യോക്യനും അലക്സാണ്ഡ്രിയനും കോർത്തിണക്കാനുള്ള ഒരു പരിശ്രമവും കാണുന്നുണ്ട്. അന്നത്തെ സഭാനേതാക്കന്മാരൊക്കെ അന്നത്തെ ദൈവശാസ്ത്രചർച്ചകളിൽ തത്ത്വശാസ്ത്രഭാഷ ഉപയോഗിച്ചിരുന്നു. വിശ്വാസത്തിന്റെ സാരസത്തയും അവതരണഭാഷയും വേർതിരിച്ചു കാണാൻ അവർക്കു കഴിഞ്ഞില്ല. അതുകൊണ്ട്, നെസ്തോറിയസിൽ നിന്നും മറ്റും ലഭിച്ച സങ്കല്പങ്ങൾ ബാബായിയിലും അവിടവിടെ കുറഞ്ഞ അളവിലാണെങ്കിലും കാണാനുണ്ട്. ക്രിസ്തുശാസ്ത്രത്തിൽ ബാബായിയുടെ എതിരാളികൾ *സെവേരിയരും* (യാക്കോബായക്കാരും) ജസ്റ്റീനിയനും ആയിരുന്നു. “സ്വാഭാവികവും ഹ്യപ്പൊസ്റ്റാറ്റിക്കലുമായ ഐക്യം” (natural and hypostatic union) എന്ന സിറില്ലിയൻ പദപ്രയോഗത്തെ “അന്ത്യോക്യൻ” ചിന്തയനുസരിച്ച് ബാബായിയും വ്യത്യസ്തമായിട്ടത്രേ മനസ്സിലാക്കിയത്. എന്നാൽ അമ്മാനുവേൽ ഏകനും അവിഭാജ്യനും, ദൈവവും മനുഷ്യനും ആണെന്ന സംഗതി “പർസോപിക ഐക്യം” (Parsopic union - വ്യക്തിത്വത്തിലുള്ള ഐക്യം) എന്ന പദപ്രയോഗത്തിലൂടെ അവതരിപ്പിക്കാൻ ബാബായ് ശ്രമിച്ചു. രണ്ടും ഒന്നുതന്നെ എന്ന ചിന്ത ഇന്ന് ഭൂരിഭാഗം പണ്ഡിതന്മാരും സഭകളും പുലർത്തുന്നു. “സ്വാഭാവികൈക്യം” എന്നു പറഞ്ഞാലും “പർസോപിക് ഐക്യം” എന്നു പറഞ്ഞാലും “വ്യക്തിപരമായ ഐക്യം” എന്നാണർത്ഥം. ക്രിസ്തീയമായി ചിന്തിക്കുമ്പോൾ ആറാം നൂറ്റാണ്ടിലെ പശ്ചാത്തലത്തിൽപോലും അപ്രസക്തങ്ങൾ ആയിട്ടുള്ള ചില ശൈലീപ്രയോഗങ്ങളും വാദങ്ങളും വിട്ടുകളഞ്ഞത് അവസരോചിതമായിട്ടുണ്ട്. അത്തരം പാഠഭാഗങ്ങൾ സൂചിപ്പിച്ചിട്ടുള്ളതിനാൽ കൂടുതൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് സഹായകമാണ്.

ഇന്ന് ബാബായിയുടെ ക്രിസ്തുശാസ്ത്രം വ്യാപകമായി അംഗീകരിക്കപ്പെട്ടിരിക്കയാണ്. ഇതിന്റെ വെളിച്ചത്തിലാണ് കത്തോലിക്കാസഭയും

www.malankaralibrary.com



പൗരസ്ത്യ അസീറിയൻ സഭയും തമ്മിൽ 1994-ൽ ക്രിസ്തുശാസ്ത്രം സംബന്ധിച്ച് പൊതുധാരണ ഉണ്ടാക്കിയത്. ഈ ഇരുസഭകളെ തമ്മിൽ അകറ്റുന്നതിന് ക്രിസ്തുശാസ്ത്രമാണ് കാരണം എന്നാണല്ലോ നൂറ്റാണ്ടുകളായി കരുതപ്പെട്ടിരുന്നത്. "യേശുമിശിഹാ" നമ്മുടെ കർത്താവും നമ്മുടെ ദൈവവും നമ്മുടെ ജീവന്റെ ഉറവിടവും നമ്മുടെ രക്ഷയുടെ നാഥനും ആണ്. മനുഷ്യാവതാരത്തിന്റെ ആദ്യനിമിഷം മുതൽ മനുഷ്യത്വം ദൈവത്വവുമായി വ്യക്തിത്വതലത്തിൽ ഐക്യപ്പെട്ടിരിക്കുന്നു. ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ എന്നേയ്ക്കും മനുഷ്യത്വം ദൈവത്വത്തിന്റേതാണ്. കൂടിക്കുഴച്ചിലോ, വേർപാടോ, വിഭജനമോ, വേർതിരിവോ, കൂടിക്കലരലോ കൂടാതെ ദൈവത്വവും മനുഷ്യത്വവും പുത്രനിൽ സ്ഥിതി ചെയ്യുന്നു. അങ്ങനെ വചനം മാംസമായി. ദൈവത്തിന്റെ ഏകജാതൻ കന്യകയുടെ ആദ്യജാതനായിത്തീർന്നു. അതുകൊണ്ട് പരിശുദ്ധ കന്യകമറിയം ന്യായമായും "ദൈവമാതാവ്" (യൽദാസ് ആലാഹാ) ആണെന്ന് ബാബായ് തന്റെ കൃതിയിൽ പറയുന്നു.

ആധുനിക കാലത്ത് 'ക്രിസ്തുശാസ്ത്രം' വേദശാസ്ത്രജ്ഞന്മാരുടെയിടയിൽ പ്രത്യേകം പഠനവിഷയമായിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ, സഭയിലെ, പ്രത്യേകിച്ച് സുറിയാനിസഭയിലെ, ഈ പുരാതന ക്രിസ്തുദർശനം വളരെ പ്രസക്തവും പ്രയോജനപ്രദവുമാണ്. പുതിയ ഉൾക്കാഴ്ചകൾക്ക് അത് ഇടം നൽകുമെന്നതിന് സംശയമില്ല. പൗരസ്ത്യ സഭാചരിത്രത്തിലും വേദശാസ്ത്രത്തിലും പിതാക്കന്മാരുടെ പ്രബോധനങ്ങളിലും അവഗാഹം നേടിയിട്ടുള്ള ബ.ഗീവർഗീസ് ചേടിയത്ത് അച്ചന്റെ ഏറ്റവും പുതിയ സംഭാവനയാണ് 'മാർ ബാബായിയുടെ ക്രിസ്തുശാസ്ത്രം' അവതരിപ്പിക്കുന്ന ഈ സൽഗ്രന്ഥം. അത് മലയാളത്തിൽ, കഴിയുന്നത്രയും ലളിതമായി എഴുതുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതിന് അദ്ദേഹം കാണിച്ച താല്പര്യവും ഉത്സാഹവും അത്യധികം ശ്ലാഘനീയമാണ്. അദ്ദേഹത്തിന്റെ സഭാസേവനം ഈ പാതയിൽ കൂടുതൽ സൽഫലങ്ങൾ സംലഭ്യമാക്കിക്കൊണ്ട് തുടരട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. ഈ സൽഗ്രന്ഥം ഏവരുടെയും പഠനത്തിനും ആത്മീയോൽഘർഷത്തിനും ഉതകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പൊതുജനസമക്ഷം അവതരിപ്പിക്കുന്നു.

**മോസ്റ്റ് റവ. സിറിൽ മാർ ബസേലിയോസ്**
മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്താ
തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചു ബിഷപ്പ്.

***തിരുവനന്തപുരം***
***നവംബർ 22,2000***

www.malankaralibrary.com

# മുഖവുര

മാർ ബാബായിയുടെ *ലീബർ ദെ യൂണിയോണെ* സീരിയുടെ *നുഹ്റോ* സീരിസിൽ പ്രസിദ്ധീകരിക്കാൻ വളരെയധികം സന്തോഷം ഉണ്ട്. ഏക വ്യക്തിയിൽ യേശുമിശിഹായുടെ ദൈവത്വവും മനുഷ്യത്വവും എപ്രകാരം യോജിച്ചിരിക്കുന്നു എന്നതാണ് ചർച്ചാവിഷയം. മറ്റു വാക്കുകളിൽ, പൗരസ്ത്യസുറിയാനിസഭയുടെ ക്രിസ്തുശാസ്ത്രഗ്രന്ഥമാണിത്. "ഐക്യ സംബന്ധമായ ഗ്രന്ഥം" എന്ന് "ലീബർ ദെ യൂണിയോണെ" ഭാഷാന്തരം ചെയ്യാം. പാശ്ചാത്യർ ലത്തീനിൽ കൊടുത്തിരിക്കുന്ന തലക്കെട്ടാണിത്. സുറിയാനിയിൽ പകർത്തിയെഴുത്തുകാരൻ കൊടുത്തിരിക്കുന്ന തലക്കെട്ട് *മെമ്രേ ദ്മാർ ബാബായ് അൽ ആലാഹൂസാ ഉഅൽ നാശൂസാ ഉഅൽ പർസോപാ ദ്ഹദ്യൂസാ* എന്നാണ്. (*Treatises of Mar Babai on the divinity and on the humanity and on the Parsopa of Union*). *പർസോപാ* (Parsopa) എന്നാൽ *വ്യക്തിത്വം* എന്നർത്ഥം. ത്രിത്വത്തിലെ രണ്ടാമത്തെയാളായ പുത്രൻതമ്പുരാൻ, തൻെറ ദൈവസ്വഭാവത്തോടുകൂടി തൻെറ വ്യക്തിത്വത്തിൽ നമ്മുടെ മനുഷ്യസ്വഭാവം സ്വീകരിച്ചു. അപ്രകാരം ദൈവം മനുഷ്യനായി. "വചനം മാംസമായി" (യോഹ. 1:14) എന്ന തിരുലിഖിതഭാഗം ഈ രീതിയിലാണ് ബാബായ് മനസിലാക്കുക. *ക്നോമാ (ക്നൂമാ- Qnoma)* എന്ന സുറിയാനിപദം ആയിരുന്നു സുറിയാനിസഭകൾക്കിടയിൽ ക്രിസ്തുശാസ്ത്ര തർക്കങ്ങൾക്കു വഴി തെളിച്ചത്. ത്രിത്വത്തിൽ, *ക്നോമാ* മൂന്നാളുകളെ കുറിക്കുന്നു; യേശുമിശിഹായിൽ *ക്നോമാ* സ്വഭാവത്തിൻെറ തലത്തിലുള്ള ദ്വിത്വത്തെ കുറിക്കാനാണ് പൗരസ്ത്യസുറിയാനിക്കാർ ഉപയോഗിക്കുന്നത്. ഏകയാളിനെ കുറിക്കാൻ *ഐക്യത്തിൻെറ പർസോപാ (പർസോപാ ദ് ഹദ്യൂസാ)* എന്നാണ് പ്രയോഗിക്കുന്നത്.

ഈ സദ്ഗ്രന്ഥം ക്രിസ്തുശാസ്ത്രപഠനങ്ങൾക്ക് വളരെ സഹായകരമായിരിക്കും. അച്ചനെയും ഇതിൽ സഹകരിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു. ഈ ഗ്രന്ഥം സഭൈക്യരംഗത്ത് ഒരു മുതൽകൂട്ടായിതീരട്ടെ.

**ഡോ. ജേക്കബ് തെക്കേപ്പറമ്പിൽ**
ഡയറക്ടർ , സീരി

*കോട്ടയം*
*നവംബർ 27,2000*

www.malankaralibrary.com

# ആമുഖം

ക്രിസ്തുവിജ്ഞാനീയത്തിൽ ഈയടുത്ത കാലത്ത് വളരെയധികം വളർച്ച ഉണ്ടായിട്ടുണ്ട്. ദൈവവും മനുഷ്യനും തമ്മിലുള്ള സമാഗമമാണ് മനുഷ്യാവതാരത്തിൽ സംഭവിച്ചത്. മനുഷ്യനായിത്തീർന്ന ദൈവത്തെ മനസ്സിലാക്കാൻ നൂറ്റാണ്ടുകളായി മനുഷ്യർ പരിശ്രമിച്ചിട്ടുണ്ട്. സുവിശേഷങ്ങളും ശ്ലൈഹികസഭകളും ശരിയായി മനസ്സിലാക്കി; ശരിയായി തന്നെ അവതരിപ്പിച്ചു. മായം ചേർക്കാതെയും വളച്ചുകെട്ടു കൂടാതെയും മനുഷ്യാവതാരരഹസ്യം കൈമാറി.

എന്നാൽ ചിലർ വികലമായി മനസ്സിലാക്കി. മറ്റു ചിലർ തെറ്റായി ചിത്രീകരിക്കുകയും ചെയ്തു. യേശുവിൻെറ ദൈവത്വം നിഷേധിച്ചവരുണ്ട്. പ്രവാചകരിൽ ഒരുവനായോ, ഒരു വലിയ പ്രവാചകനായോ മാത്രം അവിടുത്തെ ചിത്രീകരിച്ചു. അവരുടെ വീക്ഷണം അനുസരിച്ച് യോർദാനിലെ സ്നാനാവസരമാണ് ദൈവികശക്തി യേശുവിൽ വന്നു വസിച്ചത്. പീഡാനുഭവത്തിനുമുമ്പ് ദൈവത്വം യേശുവിനെ വിട്ടുപോയി.വേറേ ചിലർ മനുഷ്യത്വം നിഷേധിച്ചു. യേശുവിൻെറ ശരീരം മായാദർശനമാണെന്നും പീഡാനുഭവം മായയാണെന്നും തെറ്റായി പഠിപ്പിച്ചു. ചിലർ യേശുവിൻെറ മനുഷ്യാത്മാവിനെ നിഷേധിക്കുകയും അപൂർണ മനുഷ്യനെ അവതരിപ്പിക്കുകയും ചെയ്തു. പിതാവുതന്നെ യേശുവായി അവതരിച്ചെന്ന് പഠിപ്പിച്ചവരും ഉണ്ടായിരുന്നു. ദൈവത്വവും മനുഷ്യത്വവും കൂടിക്കലർന്ന് ഏകസ്വഭാവമായി എന്നു പറഞ്ഞ അബദ്ധോപദേശകരും ഉണ്ടായിട്ടുണ്ട്. അതുപോലെ യേശുവിൻെറ മാനുഷിക ഇച്ഛയെയും മാനുഷിക ബുദ്ധിയെയും അംഗീകരിക്കാതെ യേശുവിൽ ഒരേ ഒരിച്ഛ, ഒരേ ഒരു ബുദ്ധിശക്തി എന്നു പറഞ്ഞവരും ഉണ്ടായിരുന്നു.

ഇതിൽനിന്നു വ്യത്യസ്തമാണ് യേശുമിശിഹായെപ്പറ്റിയുള്ള ദൈവികസത്യം. അവിടുന്നു സത്യദൈവവും സത്യമനുഷ്യനുമാണ്. മനുഷ്യാവതാര രഹസ്യം വ്യത്യസ്തകാലഘട്ടങ്ങളിൽ വ്യത്യസ്തരീതികളിൽ അവതരിപ്പിക്കാൻ സത്യവിശ്വാസികളായ പിതാക്കന്മാരും ഗുരുക്കന്മാരും പരിശ്രമിച്ചിട്ടുണ്ട്. അവയ്ക്കൊക്കെ സഭയിൽ സ്ഥാനമുണ്ട്. അവ

www.malankaralibrary.com



പരസ്പരവിരുദ്ധങ്ങളല്ല, പരസ്പരപൂരകങ്ങളാണ്. എന്നാൽ ചില കാലഘട്ടങ്ങളിലെങ്കിലും അവയെ അപ്രകാരം കാണാതെ ചില വീക്ഷണങ്ങൾ മാത്രം ശരിയെന്നുകരുതുകയും മറ്റു വീക്ഷണങ്ങളെയൊക്കെ വിധിക്കാനുള്ള മാനദണ്ഡമായി അവയെ ഒക്കെ കാണുകയും ചെയ്തിരുന്നു. മഹാസമുദ്രമായ മിശിഹായെ നിരവധി രീതികളിൽ അവതരിപ്പിക്കാനാവും എന്ന് ചിന്തിക്കാൻ അന്നത്തെ ചില മനുഷ്യർക്കു കഴിഞ്ഞില്ല. തദ്ഫലമായി പദപ്രയോഗങ്ങളെ ചൊല്ലി അവസാനിക്കാത്ത കലഹങ്ങളും ശണ്ഠകളും ശാപങ്ങളും പിളർപ്പുകളും സഭാചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്.

ഇന്ന് ഈ നില മാറി. "സാരസത്തയിൽ യോജിപ്പുണ്ടെങ്കിൽ ദൈവശാസ്ത്രചിന്താഗതികൾക്കും ദർശനങ്ങൾക്കും സഭയിൽ സ്ഥാനമുണ്ട്, അവ പരസ്പരപൂരകങ്ങളാണ്. ഓരോന്നിൻെറയും പശ്ചാത്തലത്തിൽ അവയെ വിലയിരുത്തണമെന്നു മാത്രം. ഒന്നും തള്ളിക്കളയേണ്ടതില്ല" എന്നൊക്കെ ചിന്തിക്കുന്നവരുടെ എണ്ണം ഏറി വരികയാണ്. അലക്സാണ്ഡ്രിയൻ, അന്ത്യോക്യൻ എന്നീ പുരാതന ക്രിസ്തുശാസ്ത്രവീക്ഷണങ്ങൾ രണ്ടും ഇന്നു സ്വീകാര്യമാണ്. എഫേസോസ് കൗൺസിൽ (431) മിശിഹായുടെ ഏക വ്യക്തിത്വത്തിനു നൽകിയ ഊന്നലും കാൽസിഡൺ കൗൺസിൽ (451) സ്വഭാവങ്ങളുടെ തലത്തിൽ ഊന്നിപ്പറഞ്ഞ ദ്വിത്വവും എല്ലാവരും സ്വീകരിക്കുന്നു. കാൽസിഡണുശേഷം ഉണ്ടായ *നെയോ-കാൽസിഡോണിയൻ* വികസനങ്ങളും ക്രിസ്തുവിജ്ഞാനീയത്തിൽ ഉണ്ടായ വളർച്ചയായി ഇന്നു മനസ്സിലാക്കി വരുന്നു. "അവതരിച്ച വചനമായ ദൈവത്തിൻെറ ഏകസ്വഭാവം" എന്ന സിറില്ലിയൻ പദപ്രയോഗം ഏക വ്യക്തിയെ കുറിക്കുന്നു എന്നും "യേശുമിശിഹാ രണ്ടു സ്വഭാവങ്ങളിൽ"ആണ് എന്ന് കാൽസിഡൺ പഠിപ്പിക്കുന്നത് രണ്ട് വ്യക്തികളെ കുറിക്കുന്നില്ല എന്നും സഭകൾക്കൊക്കെ അറിയാം. പാശ്ചാത്യസുറിയാനിക്കാർ "ഏക ക്നൂമാ (ക്നോമാ)" എന്നു പറയുമ്പോൾ ഏക വ്യക്തിത്വത്തെ കുറിക്കുന്നു എന്നും, പൗരസ്ത്യസുറിയാനിക്കാർ "രണ്ടു ക്നോമാ (ക്നൂമാ)" എന്നു പറയുമ്പോൾ രണ്ടു സ്വഭാവങ്ങളെ കുറിക്കുന്നു എന്നും ഈ അടുത്ത കാലത്ത് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. *സംയുക്തസ്വഭാവം, സംയുക്തഹ്യൂപ്പൊസ്റ്റസിസ്, എൻഹ്യൂപ്പൊസ്റ്റസിസ്, സ്വാഭാവികവും ഹ്യൂപ്പൊസ്റ്റാറ്റിക്കലുമായ ഐക്യം, പർസോപിക ഐക്യം* എന്നീ പദപ്രയോഗങ്ങളൊന്നും ഇന്ന് അന്യമല്ല. ഏകവ്യക്തിയിൽ കലർപ്പുകൂടാതെ രണ്ടുസ്വഭാവങ്ങൾ സ്ഥിതി ചെയ്യുന്നതിനെ കുറിക്കുന്നതിന് വ്യത്യസ്തകാലഘട്ടങ്ങളിൽ വ്യത്യസ്ത വ്യക്തികളും സമൂഹങ്ങളും ഉപയോഗിച്ചിട്ടുള്ള പദപ്രയോഗങ്ങളാണിവയൊക്കെ.

www.malankaralibrary.com



പേർഷ്യൻ സഭയിൽ ഉണ്ടായ ക്രിസ്തുശാസ്ത്രം സഭയിലെ ഗണനീയമായ ഒരു ദൈവശാസ്ത്രവികസനമാണ്. അടിസ്ഥാനപരമായി അന്ത്യോക്യൻ ക്രിസ്തുവിജ്ഞാനീയമാണ് അവരുടേത്. തന്റെ മുൻഗാമികളുടെ വിവരണങ്ങളിലുള്ള അപാകതകൾ പരിഹരിക്കാനും കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ അവതരിപ്പിക്കാനുമുള്ള പരിശ്രമം ബാബായിയിൽ നടക്കുന്നുണ്ട്. അന്ത്യോക്യൻ ദർശനത്തിന്റെ കുറവുകളായി ചൂണ്ടിക്കാണിക്കപ്പെട്ടവയ്ക്കു പരിഹാരം നിർദേശിക്കുന്നു. അന്ത്യോക്യൻ ദർശനത്തിൽനിന്ന് ഉരുത്തിരിഞ്ഞേക്കാവുന്ന ചില അതിരുകടന്ന നിഗമനങ്ങളെയും ബാബായ് തള്ളിക്കളയുന്നു. അങ്ങനെ "യേശുമിശിഹാ, വെറുമൊരു മനുഷ്യനാണ്; ദത്തെടുക്കൽ വഴിയാണ് പുത്രനായത്; ദൈവപുത്രനും മനുഷ്യപുത്രനും എന്ന് രണ്ടു പുത്രന്മാരുണ്ട്; മറിയത്തെ യേശു എന്ന മനുഷ്യന്റെ അമ്മയായി അവതരിപ്പിച്ചാൽ മതി, ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള ഐക്യം ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഐക്യം പോലെയാണ്" എന്നു തുടങ്ങുന്ന തെറ്റായ പ്രയോഗങ്ങളെയെല്ലാം തന്റെ കൃതിയിൽ ബാബായ് ഖണ്ഡിക്കുന്നു.

സ്വഭാവങ്ങളുടെ ഐക്യത്തെ കുറിക്കാൻ പിതാക്കന്മാർ നിരവധി പദങ്ങൾ ഉപയോഗിച്ചിരുന്നു. ഈ മഹോന്നതവും അനന്യവും അവാച്യവുമായ ഐക്യം ഇതെല്ലാമാണ്. "ഐക്യം, സംയോജനം, വാസം, വസ്ത്രം ധരിക്കൽ, എടുക്കൽ" എന്നു തുടങ്ങി എല്ലാ പദങ്ങളും ബാബായ് അപഗ്രഥനാവിഷയമാക്കുന്നു. എന്നാൽ ഈ ഐക്യം ഇവയ്ക്കെല്ലാം ഉപരിസ്ഥമാണ് എന്നും പറയുന്നു.

അന്ത്യോക്യൻ ദൈവശാസ്ത്രചിന്താരീതികൾ മനസ്സിലാക്കിയെങ്കിലേ ബാബായിയെ മനസ്സിലാകൂ. അതുപോലെ സുറിയാനി ശൈലീപ്രയോഗങ്ങളും ബാബായിയുടെ പശ്ചാത്തലങ്ങളും ഗ്രഹിക്കണം. ഈ ദർശനത്തെ അളക്കാനുള്ള അളവുകോലായി മറ്റ് ദർശനങ്ങളെ കണക്കാക്കാനും പാടില്ല. നിഷ്പക്ഷമായി പരിശോധിച്ചാൽ ഇത് സാർവത്രികസഭയിലെ ഒരു ക്രിസ്തുദർശനമായി പരിഗണിക്കപ്പെടാം.

ഈ ദർശനത്തെപ്പറ്റി കൂടുതൽ ഗ്രഹിക്കാനായി 1974-ൽ ഞാൻ റോമിൽ വച്ച് പഠനം തുടങ്ങിയപ്പോൾ അനേകർക്കിതു വശമില്ലായിരുന്നു. പ്രൊഫ. ലൂയിസെ അബ്രാമോവ്സ്കി, പ്രൊ.ഗ്രിബമോ, പ്രൊ.പ്ലാസിഡ് പൊടിപ്പാറ എന്നിവർ മാത്രമാണ് വഴികാട്ടികളായുണ്ടായിരുന്നത്. 1978-ൽ ഞാൻ ബാബായിയുടെ ക്രിസ്തുശാസ്ത്രത്തെ സംബന്ധിച്ച് പ്രബന്ധമെഴുതി റോമിലെ അഗസ്റ്റീനിയൻ പട്രിസ്റ്റിക് ഇൻസ്റ്റിറ്റ്യൂട്ടിൽ അവതരിപ്പിച്ചു. ഈ ക്രിസ്തുശാസ്ത്രം സാർവത്രികമായി അംഗീകരിക്കപ്പെടുമെ

www.malankaralibrary.com



ന്നൊന്നും അന്നു ചിന്തിച്ചില്ല. എന്നാൽ ഇത് ദൈവനിയോഗമായിരുന്നെന്ന് പിന്നീടാണ് മനസ്സിലായത്. 1994-ൽ കത്തോലിക്കാസഭയും അസ്സീറിയൻ സഭയും തമ്മിൽ ക്രിസ്തുശാസ്ത്രസംബന്ധമായ ഒരു ഫോർമുലയിൽ ഒപ്പുവയ്ക്കാൻ ഈ പഠനം സഹായിച്ചു. 1994-ൽ തന്നെ വിയന്നായിലെ *പ്രോ ഓറിയെന്തെ ഫൗണ്ടേഷൻ* ഈ വിഷയത്തെപ്പറ്റി കൂടുതൽ പഠിക്കാനും മറ്റുമായി എല്ലാ സുറിയാനി സഭകളുടെയും ഒരു സമിതി രൂപീകരിച്ചു. ഇതിനോടകം നാല് അന്തർദേശീയ കൺസൾട്ടേഷനുകൾ (Syriac Dialogues) നടന്നു. സീരിയുടെ ആഭിമുഖ്യത്തിൽ നടന്ന സുറിയാനി സമ്മേളനത്തിലും (1998) ഹല്ലേ-വിറ്റൻബർഗ് ലൂഥറൻ യുണിവേഴ്സിറ്റി സംഘടിപ്പിച്ച സെമിനാറിലും (1999) ഈ ക്രിസ്തുദർശനം അവതരിപ്പിക്കപ്പെട്ടു. പൗരസ്ത്യ അസ്സീറിയൻ സഭ ഇന്ന് നിരവധി സഭൈക്യചർച്ചകളിൽ സജീവമായി പങ്കെടുക്കുന്നു. എൻെറ എളിയ പരിശ്രമങ്ങൾ ഫലമണിയുന്നു എന്നു കാണുന്നതിൽ വളരെയധികം സന്തോഷമുണ്ട്; ദൈവത്തിനു നന്ദി പറയുന്നു.

ഈ പശ്ചാത്തലത്തിലാണ് ബാബായിയുടെ ഗ്രന്ഥം തന്നെ മലയാളത്തിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കാൻ ദൈവനിയോഗമുണ്ടായത്. 1993 ൽ തുടങ്ങിയതാണ് ഈ ദൗത്യം. പലപ്പോഴായിട്ടാണ് ഇത് പൂർത്തിയാക്കിയത്. ബാബായ് ജീവിച്ച തുർ-അബ്ദീൻ പ്രദേശം(പൗരസ്ത്യതുർക്കി) 1998-ൽ സന്ദർശിക്കാനും കുറേഭാഗം അവിടെവച്ച് വിവർത്തനം ചെയ്യാനും ഇടയായി.

ഇപ്പോളിത് ഇത്രയും പെട്ടെന്ന് അച്ചടിപ്പിക്കാൻ ഇടയായത് സീരിയുടെ ഡയറക്ടറായ ബ.ഡോക്ടർ ജേക്കബ് തെക്കേപ്പറമ്പിൽ അച്ചൻെറ ഔദാര്യം കൊണ്ടാണ്. സീരിയുടെ *നുഹ്റോ സീരിസിൽ* ഇതുൾപ്പെടുത്തി പ്രസിദ്ധീകരിക്കാൻ സന്മനസ്സു കാട്ടിയതിൽ ബ. അച്ചനോടുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ. അതുപോലെ ഇതിൻെറ പ്രസിദ്ധീകരണത്തിൽ സഹകരിച്ച എല്ലാവരെയും നന്ദിപൂർവം ഓർക്കുന്നു. ഈ ക്രിസ്തുശാസ്ത്രത്തിലേക്ക് എന്നെ കൈപിടിച്ചു നടത്തിയ പ്രൊഫ. പ്ലാസിഡ് പൊടിപാറ(†), പ്രൊഫ. ഗ്രിബമോ(†), പ്രൊഫ. അബ്രാമോവ്സ്കി എന്നീ ഗുരുക്കന്മാരെ കൃതജ്ഞതാപൂർവം അനുസ്മരിക്കുന്നു. മഹാനായ മാർ ബാബായിയുടെ ക്രിസ്തുദർശനം അസ്സീറിയൻ സഭയെ സാർവത്രികസഭയുമായുള്ള സമ്പൂർണ ഐക്യത്തിൽ കൊണ്ടുവരുന്നതിനുള്ള ചവിട്ടുപടിയായി തീരട്ടെ.

ജി. ചേടിയത്ത്

*തിരുവനന്തപുരം*
*ഡിസംബർ 20,2000*

www.malankaralibrary.com

## അധ്യായം 1

# വിശ്വാസം

യേശുമിശിഹാ നമ്മുടെ ജീവൻെറ ഉറവിടവും നമ്മുടെ പ്രത്യാശയും നമ്മുടെ ദൈവവുമാണ്. അവിടുത്തെ എല്ലാ യഥാർത്ഥ ആരാധകരും വിശ്വാസമുള്ള ക്രിസ്ത്യാനികളും തങ്ങളുടെ പ്രത്യാശ സത്യത്തിൽ അവനിലാണ് വച്ചിരിക്കുന്നതും ചേർത്തുറപ്പിച്ചിരിക്കുന്നതും. വിജ്ഞാനത്തിൻെറയും അറിവിൻെറയും സർവനിക്ഷേപങ്ങളും അവനിൽ മറഞ്ഞിരിക്കുന്നു. അവൻ ജ്ഞാനികൾക്ക് ജ്ഞാനം നൽകുന്നു; ഗ്രഹണശക്തി കൂടിയവരെ അവൻ പ്രബോധിപ്പിക്കുന്നു. പൊതുനന്മ തേടുന്നവരെ അവൻ നയിക്കുകയും അവരിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. ചോദ്യങ്ങൾ ചോദിക്കുന്നവർക്ക് ഉത്തരം നൽകുന്നവരിലൂടെ, വരാനിരിക്കുന്ന ജീവിതത്തിനു സഹായകമായവ, തൻെറ കൃപാസമൃദ്ധിയിൽ അവിടുന്ന് അറിയിക്കുകയും നൽകുകയും ചെയ്യുന്നു. അവിടുന്ന് തൻെറ ധാരാളമായ കരുണയാൽ തൻെറ കുറഞ്ഞുപോകാത്ത ഭണ്ഡാരത്തിൽ നിന്ന് ജീവദായകമായ അറിവ് നമ്മുടെ ഹൃദയങ്ങളിലേക്ക് ഒഴുക്കി നിറയ്ക്കുകയും തൻെറ ആത്മാവിനാൽ നമ്മിൽ തൻെറ അത്ഭുതങ്ങൾ സഫലമാക്കുകയും ചെയ്യട്ടെ. പേർഷ്യക്കാരുടെ അനുഗൃഹീതനാട്ടിലെ ആദ്യജാതനും, താപസ്സരുടെ തലവനുമായ മാർ അബ്രഹാമിൻെറ സമൂഹത്തിൽ ഈസ്ലാമലയിൽ താമസിക്കുന്നവരും, യഥാർത്ഥ യോജിപ്പോടുകൂടെ നമ്മുടെ കർത്താവിൽ ജീവിക്കുന്നവരുമായ സന്ന്യാസികളായ എൻെറ പിതാക്കന്മാരും സഹോദരങ്ങളുമേ, പ്രത്യേകിച്ച് ബേത് നൂഹദ്രാ പ്രദേശത്തുനിന്നുള്ള വൈദികനായ എൻെറ വത്സലൻ മാർ ഹബീബാ, നമ്മുടെ എല്ലാവരുടെയും ആത്മീയ പിതാവായ മാർ അബ്രഹാമിൻെറ ബന്ധുവും കശ്ക്കാർ നാട്ടിൽനിന്നുള്ള ഡീക്കനുമായ മാർ നർസായ്, നിങ്ങളുടെ പ്രയോജനപ്രദമായ ചോദ്യങ്ങളാലും അപേക്ഷയാലും നമ്മുടെ മുമ്പിൽ സമർപ്പിച്ച ഈ അവാച്യ സംഗതികൾക്ക് നമ്മുടെ മനസ്സ് ശുദ്ധവും തിളക്കവും ഉള്ളതും തൻെറ സത്യംകൊണ്ട് പ്രകാശിക്കുന്നതും ആകുമ്പോൾ ലിഖിതരൂപത്തിൽ നാം ഉത്തരം നൽകാം.

നമ്മുടെ മുമ്പിലുള്ള ഈ കാര്യങ്ങളെ സംബന്ധിച്ച് വളരെ നാളുകളായുള്ള നിങ്ങളുടെ തീക്ഷ്ണവും പ്രയോജനപ്രദവുമായ അപേക്ഷ കൂടിയിരി

www.malankaralibrary.com



ക്കയാണല്ലോ. ദൈവത്വത്തെക്കുറിച്ചും മനുഷ്യത്വത്തെക്കുറിച്ചും അവ തമ്മിലുള്ള ഐക്യത്തെക്കുറിച്ചുമുള്ള നിങ്ങളുടെ ചോദ്യങ്ങൾ അത്ഭുതാവഹവും സ്തുത്യർഹവും അവാച്യവുമാണ്. ഇവ അസംസ്കൃതവും ബലഹീനവുമായ എന്റെ മനസ്സിനെ ഉല്ലംഘിക്കുന്നവയാണ്; എന്നുമാത്രമല്ല ദൃശ്യാദൃശ്യങ്ങളായ എല്ലാ ബൗദ്ധികജീവികളെയും ഉല്ലംഘിക്കുന്നവയാണ്. എന്തുകൊണ്ടെന്നാൽ "പിതാവുമാത്രം പുത്രനെ അറിയുന്നു; പുത്രൻ പിതാവിനെയും"(മത്താ. 11:27). ശ്ലൈഹികവചനമനുസരിച്ച്, "ദൈവത്വത്തിന്റെ ആഴങ്ങൾ പരിശോധിക്കുന്നവൻ പരിശുദ്ധാത്മാവാണ്" (1 കൊറി.2:10). ഇവ ഇപ്രകാരമാണ്. ഇവ ഇപ്രകാരമാണെങ്കിൽ, നിത്യജീവന്റെ രഹസ്യങ്ങളെക്കുറിച്ച് വിശ്വാസംകൂടാതെ ചർച്ച ചെയ്യാൻ ആരു ധൈര്യപ്പെടും? "ജീവൻ മനുഷ്യരുടെ പ്രകാശമാകുന്നു" (യോഹ. 1:4). പ്രകാശവും സത്യവും ജീവനുമായവൻ പറയുന്നു: "സത്യദൈവമായ നിന്നെയും നീ അയച്ച യേശുമിശിഹായെയും അറിയുക എന്നതാണ് നിത്യജീവൻ" (17:3).

'വിശ്വാസം കേൾവിയിൽനിന്നും കേൾവി ദൈവവചനത്തിൽനിന്നുമാണ്' (റോമാ 10:17). എങ്കിൽ ഇവയില്ലാതെയും മനസ്സ് കല്പനകളുടെ പഠനത്തിലൂടെ വെടിപ്പാക്കി, ശുദ്ധീകരിക്കാതെയും അഗ്രാഹ്യമായ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പരിശോധിക്കാനും അന്വേഷണം നടത്താനും ആരാണ് ധൈര്യപ്പെടുക? അതുകൊണ്ട്, എന്റെ വാത്സല്യവാന്മാരേ, പരിശുദ്ധാത്മാവിന്റെ ഉപകരണങ്ങളായിരുന്ന ദൈവശാസ്ത്രജ്ഞന്മാരും വിശുദ്ധ പിതാക്കന്മാരും വ്യക്തമായി എഴുതിയവയാണ് ഈ സംഗതികളെങ്കിലും നികൃഷ്ടനും നിന്ദ്യനുമായ ഞാൻ എങ്ങനെയാണ് ഇവ നന്നായി ഗ്രഹിക്കുന്നത്? ഓ എന്റെ വാത്സല്യവാന്മാരേ, നിങ്ങൾ എന്നോടു ചോദിച്ച ഈ കാര്യങ്ങൾ, സഭയിലെ നെടുംതൂണുകളായിരുന്ന വിശുദ്ധപിതാക്കന്മാർ വിശദീകരിച്ചു തന്നിട്ടുള്ളവയാണ്. അവർ തങ്ങളുടെ ശുദ്ധതയിൽ പഠിക്കുകയും സസൂക്ഷ്മം ധ്യാനിക്കുകയും ഗ്രഹിക്കുകയും പ്രകാശിതരാകുകയും ചെയ്തു. അവരുടെ കാലടികളിൽ നടക്കുകയും സ്നേഹത്തിൽ കർത്തൃകല്പനകൾ പാലിക്കുകയും സത്യത്തോട് അദമ്യമായ സ്നേഹമുണ്ടായിരിക്കുകയും ചെയ്യുന്നവരിൽനിന്ന് സൗഭാഗ്യജീവിതത്തിന്റെ ഉറവയൊഴുകും: "എന്റെ കല്പനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നവൻ, ഞാനും എന്റെ പിതാവും അവന്റെ പക്കൽ വന്ന് അവനിൽ വാസമുറപ്പിക്കും"(യോഹ.14:21-23). അതുകൊണ്ട്, വിശ്വാസമാണ് അടിത്തറ; കല്പനകൾ പാലിക്കുന്നതാണ് ചട്ടക്കൂട്. കല്പനകൾ പാലിക്കുന്നതിൽനിന്ന് ശുദ്ധത ഉണ്ടാകുന്നു; ശുദ്ധതവഴി രഹസ്യങ്ങളുടെ വെളിപാട് ലഭിക്കുന്നു. "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് തിരുലിഖിതം സാക്ഷ്യപ്പെടുത്തുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ

www.malankaralibrary.com



ഒഴുകും" (യോഹ.7:38). ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ, "ദൈവം തൻെറ ആത്മാവിലൂടെ നമുക്കു വെളിപ്പെടുന്നു" (1 കൊറി. 2:10).

അതുകൊണ്ട് എൻെറ വാത്സല്യവാന്മാരേ, നമ്മുടെ കർത്താവും തൻെറ ശിഷ്യരും പഠിപ്പിച്ചവ തന്നെയാണ്, കത്തോലിക്കാസഭയുടെ വിശ്വസ്ത പ്രബോധകരായ വിശുദ്ധ പിതാക്കന്മാർ വ്യാഖ്യാനിച്ചത്. അവയിൽ ഒരു മാറ്റിമറിക്കലും വ്യതിയാനവും ഉണ്ടായിട്ടില്ല. ദൈവം അനുവദിക്കാതിരിക്കട്ടെ! നമ്മുടെ കർത്താവിൻെറയും ശിഷ്യന്മാരുടെയുമല്ലാത്ത ഏതോ വിശ്വാസമോ, വൈദേശിക പ്രബോധനങ്ങളോ, കല്പനകളോ, ഉപദേശങ്ങളോ അല്ല അവർ പ്രഘോഷിച്ചത്. പിന്നെയോ, കാലാനുസൃതമായും സന്ദർഭാനുസൃതമായും ആളുകളുടെ കഴിവനുസരിച്ചും അവ ഒന്നുതന്നെയായിരുന്നു. ബുദ്ധിയുള്ള വൈദ്യന്മാരെപ്പോലെ അവർ ആത്മീയ ഔഷധങ്ങൾ എടുത്ത് രോഗികൾക്ക് സത്യംകൊണ്ട് സൗഖ്യം പ്രദാനം ചെയ്തു. അക്കാലംമുതൽ, പിതാക്കന്മാരിൽനിന്നു വന്നവയല്ലാതെ എന്ത് പുതിയ കാര്യമാണ് അരിഷ്ടരായ നമുക്കു പറയാനുള്ളത്? എങ്കിലും നിങ്ങളുടെ സ്നേഹം എന്നെ നിർബന്ധിക്കുന്നതിനാൽ ഞാനതിന് ഒരുമ്പെടുന്നു:

പലയിടങ്ങളിലായി ചിതറിക്കിടക്കുന്ന ഈ കാര്യങ്ങളെല്ലാം ഞാൻ ഒന്നിച്ചുചേർത്ത് ക്രമീകൃതമായി നിരത്തിവയ്ക്കാം. ഇളകാത്തവിശ്വാസത്തിൻെറ ഉറപ്പുള്ള പ്രത്യാശയിൽ മനസ്സ് ഉറപ്പിച്ചുനിർത്തുവാൻ വായനക്കാരോട് ആദ്യമായി അപേക്ഷിച്ചുകൊള്ളട്ടെ. പിതാക്കന്മാരുടെ പ്രബോധനങ്ങളിൽനിന്ന് ശേഖരിച്ച് നാം ക്രമീകരിക്കുന്ന ഈ അഗ്രാഹ്യസംഗതികൾ കൂടുതൽ എളുപ്പത്തിൽ ഗ്രഹിക്കാൻ അതുവഴി കഴിഞ്ഞേക്കും. അന്വേഷണവിധേയമാക്കിയല്ല ഇവ ഗ്രഹിക്കേണ്ടത്. കാരണം, ക്രിസ്ത്യാനികളായ നാം "വിശ്വാസികൾ" എന്നു വിളിക്കപ്പെടുന്നത് 'വിശ്വാസം' കൊണ്ടാണ്. ക്രിസ്ത്യാനികളായ നാമല്ലാതെ മറ്റുള്ളവരാരും "വിശ്വാസികൾ" എന്നു വിളിക്കപ്പെടുന്നില്ല. ഈ കാരണത്താൽ നാം "വിശ്വാസികൾ" എന്നു വിളിക്കപ്പെടുന്നു. എല്ലാറ്റിനും മുമ്പ്, വിശ്വാസത്തിന്മേൽ അതായത് താണുപോകാത്ത പാറമേൽ ആഴത്തിൽ സ്ഥാപിച്ച ഉറപ്പുള്ള അടിസ്ഥാനമാണ് യേശുവിൻെറ കത്തോലിക്കാസഭയുടെ അടിസ്ഥാനം. "ഈ പാറമേൽ ഞാൻ എൻെറ സഭയെ പണിയും". "ഈ പാറമേൽ വീഴുന്നവൻ തകർന്നുപോകും. അത് ആരുടെമേൽ വീഴുന്നുവോ, അവനെ അതു ചതച്ചരച്ചുകളയും". "നരകവാതിലുകൾ അതിനെതിരെ പ്രബലപ്പെടുകയില്ല" (മത്താ. 16: 18; 21:44). കാരണം, അനുസരണമില്ലാത്ത മക്കളിൽ ആഞ്ഞടിച്ച് പ്രവർത്തിക്കുന്ന കൊടുങ്കാറ്റിൻെറ ശക്തിയായ ആഞ്ഞടിക്കൽ കൊണ്ടൊന്നും അതൊരിക്കലും ഇളകുകയോ കുലുങ്ങുകയോ ചെയ്യുന്നില്ല. ആഴത്തിൽനിന്ന് പ്രവഹിക്കുന്ന ഗീഹോൻെറയും ഈജിപ്തിൻെറയും നദികളാകുന്ന തെറ്റിൻെറ ജല

www.malankaralibrary.com



പ്രളയങ്ങളൊന്നും അതിനെ ഒരിക്കലും കീഴ്പ്പെടുത്തുന്നില്ല. കാരണം നമ്മുടെ സർവനന്മകളുടെയും കാരണമായ യേശുവിലുള്ള അടിയുറച്ച വിശ്വാസം എന്ന ഈ അടിസ്ഥാനം കൂടാതെ നമ്മുടെ ധാർമികസൗധം പണിതുയർത്തപ്പെടുന്നില്ല; ജീവന്റെ പ്രത്യാശ ബലപ്പെടുന്നില്ല; സ്നേഹം പൂർണമാക്കപ്പെടുന്നില്ല; സുകൃതങ്ങളൊന്നും പൂർത്തീകരിക്കപ്പെടുന്നില്ല.

ഇതാ, നമ്മുടെ കർത്താവു തന്നെയും താൻ ചെയ്ത സകല കാര്യങ്ങൾക്കും മുമ്പ് തന്റെ ശ്രോതാക്കളുടെ മനസ്സിനെ ശക്തിപ്പെടുത്തിക്കൊണ്ട് ജീവന്റെ ഉറവിടമായ വിശ്വാസത്തെപ്പറ്റി ആരായുകയും പിന്നീട് തുടരെത്തുടരെ ഉദ്ബോധിപ്പിക്കുകയും ചെയ്തിരുന്നു: "ദൈവത്തിൽ വിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ" (യോഹ. 14:1). "വിശ്വസിക്കുന്നവന് എല്ലാം സാധ്യമാണ്"(മർക്കോ. 9:22). "ഞാൻ എന്റെ പിതാവിലും എന്റെ പിതാവ് എന്നിലുമാണെന്ന് വിശ്വസിക്കുവിൻ" (യോഹ. 10:38). അതുപോലെ, അവിടുന്ന് അത്ഭുതങ്ങൾ പ്രവർത്തിച്ചപ്പോഴും "നീയിത് വിശ്വസിക്കുന്നുവോ?"(യോഹ. 11: 26). "നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ" (മത്താ. 8:13). "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്താലേ പോകുക" (മർക്കോ. 5:34). "വിശ്വാസപൂർവം നിങ്ങൾ യാചിക്കുന്നവയെല്ലാം നിങ്ങൾക്കു ലഭിക്കും" (മത്താ. 21:22). അതുപോലെ മറ്റു പല ഭാഗങ്ങളും. വീണ്ടും തന്റെ ഉത്ഥാനത്തിനുശേഷം അവിടുന്ന് ഇതുതന്നെ ചെയ്തു; ഇതേപ്പറ്റി തന്റെ ശിഷ്യർക്ക് അവിടുന്നു കല്പന കൊടുക്കുകയും ചെയ്തു: "നിങ്ങൾ ലോകമെങ്ങും പോയി സമസ്തസൃഷ്ടികളോടും എന്റെ സുവിശേഷം പ്രഘോഷിക്കുവിൻ. വിശ്വസിക്കുകയും സ്നാനപ്പെടുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ കുറ്റക്കാരനായി വിധിക്കപ്പെടും" (മർക്കോ. 16:15-16). അതുപോലെതന്നെ ഭാഗ്യവാനായ പൗലോസും പറയുന്നു: "ഞാൻ വിശ്വാസംവഴി ജീവിക്കുന്നു" (ഗലാ. 2:20). ദൈവനാമത്തിൽ തിരുലിഖിതസാക്ഷ്യത്തെപ്പറ്റി അദ്ദേഹം ഇപ്രകാരം പറയുന്നു: "നീതിമാൻ എന്റെ വിശ്വാസംമൂലം ജീവിക്കും. അവൻ പിന്മാറുന്നെങ്കിൽ എന്റെ ആത്മാവ് അവനിൽ പ്രസാദിക്കുകയില്ല" (എബ്രാ. 10:38). അവൻ തുടരുന്നു: "പിന്മാറി നാശമടയുന്നവരുടെ ഗണത്തിലല്ല, വിശ്വസിച്ച് ആത്മരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലാണ് നാം. വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കും എന്ന് ഉറപ്പാണ്" (10:39; 11:1) എന്നിത്യാദി. "ദൈവത്തിന്റെ വചനത്താൽ ലോകങ്ങൾ സൃഷ്ടിക്കപ്പെട്ടെന്ന് വിശ്വാസംവഴി നാം അറിയുന്നു"(11:3). "വിശ്വാസംകൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ ആർക്കും സാധിക്കുകയില്ല; ദൈവത്തെ സമീപിക്കുന്നവൻ ദൈവമുണ്ടെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു"(11:6). ഓട്ടവും പോരാട്ടവും വിശ്വാസത്തിൽനിന്നു വിശ്വാസത്തിലേക്കാണ്; അതിനന്ത്യം സമാശ്വാസത്തിലും. "നിങ്ങളുടെയും എന്റെയും

www.malankaralibrary.com



വിശ്വാസം ഒരുപോലെ നമുക്കു സമാശ്വാസം പകർന്നുതരും" (റോമാ 1:12). "ഞാൻ നല്ല ഓട്ടം ഓടി; എന്റെ വിശ്വാസം സംരക്ഷിച്ചു" എന്നിത്യാദി (1 തിമോ. 4:7). അതുപോലെ വിശ്വാസികളായ നാം വിശ്വാസംവഴി അബ്രഹാമിന്റെ മക്കൾ എന്നും വിളിക്കപ്പെടുന്നു: "അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു; അത് അവന് നീതിക്കായി ഗണിക്കപ്പെട്ടു" (ഗലാ.3:6). "വിശ്വസിച്ച അപരിച്ഛേദിതരുടെ പിതാവായിരിക്കും അവൻ" (റോമാ 4:11). "നിയമാനുഷ്ഠാനങ്ങളാലല്ല, വിശ്വാസത്താൽ നാം നീതീകരിക്കപ്പെടും" (റോമാ 3:28).

ഇപ്രകാരം, ശേഷമുള്ള ശ്ലീഹന്മാരും അവരുടെ കാലടികൾ പിന്തുടർന്ന വിശ്വസനീയരായ പ്രബോധകരും തങ്ങളുടെ പ്രബോധനത്തിന്റെ മൂലക്കല്ലും തങ്ങളുടെ അജയ്യവിശ്വാസപ്രഖ്യാപനത്തിന്റെ വിശ്വസനീയമായ അടിത്തറയും *"സർവശക്തനായ പിതാവായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു"* എന്ന് ആദ്യമെ ഉറപ്പിച്ചിട്ട് പിന്നീട് ദൈവത്വത്തിന്റെ ചില സവിശേഷതകളും ആരാധ്യമായ വ്യാപാരത്തിന്റെ മറ്റു കാര്യങ്ങളും കൂട്ടിച്ചേർക്കുകയല്ലേ ചെയ്തത്? അതുകൊണ്ട്, ക്രിസ്ത്യാനികളായ നാം "വിശ്വാസികൾ" എന്നപേരിൽ ന്യായമായിട്ടാണ് വിളിക്കപ്പെടുന്നത്; കാരണം, നിരവധി ദേവന്മാരുടെ തെറ്റിൽ കുടുങ്ങിക്കിടക്കുന്ന നിരർത്ഥകാരാധകരിൽനിന്ന് അതു നമ്മെ വേർതിരിക്കുന്നു. സ്രഷ്ടാവും നമ്മുടെ എല്ലാ നന്മകളുടെയും ഹേതുവും, നമ്മുടെ ദൈവവുമായ യേശുമിശിഹായിലൂടെ നമ്മുടെ രക്ഷയ്ക്കുവേണ്ടി *ക്നോമാകളുടെ* ത്രിത്വത്തിൽ വെളിപ്പെട്ട ഏകവും അനന്യവുമായ സ്വഭാവത്തെയും ഏകസത്യദൈവത്തെയും കുറിച്ചുള്ള വിശ്വസനീയമായ അറിവിലേക്ക് അതു നമ്മെ എത്തിക്കുന്നു. തന്റെ വിശ്വസ്തരായ ആരാധകരുടെ നന്മയ്ക്കും തന്റെ പിതാവിനോടും തന്റെ പരിശുദ്ധാത്മാവിനോടുംകൂടെ തന്റെ ആരാധ്യമായ മഹനീയതയുടെ പുകഴ്ചയ്ക്കുംവേണ്ടി, തന്റെ തിരുഹിതം നിറവേറ്റാനും നിങ്ങൾ ആവശ്യപ്പെട്ടതുചെയ്യുവാനും, തന്റെ കൃപയാലും ധാരാളമായ കരുണയിലും തന്റെ മഹനീയ പ്രകാശം എന്നിൽ പ്രകാശിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

## അധ്യായം 2

# ദൈവസ്വഭാവത്തിൻെറ നിത്യസത്ത

**ദൈ**വത്തെപ്പറ്റിയും ദൈവികകാര്യങ്ങളെപ്പറ്റിയും പൊതുനന്മയ്ക്കായി സംസാരിക്കാൻ കൃപയാൽ യോഗ്യരായി ഗണിക്കപ്പെടുന്ന ആരെങ്കിലും ഉണ്ടെങ്കിൽ, അവൻ ഈ മഹനീയ കാര്യങ്ങളിൽ തനിക്കുള്ള വൈദഗ്ധ്യക്കുറവും, തൻെറ ധാരണയുടെ ലഘുത്വവും, തൻെറ ഭൗമികസ്വഭാവത്തിൻെറ ബലഹീനതയും കുറവുകളും മനസ്സിലാക്കുന്നു. എന്നാൽ മറ്റുള്ളവരുടെ അപേക്ഷയ്ക്കും നിർബന്ധത്തിനും വിധേയനായി അവൻ പിന്നീട് അതിനു മുതിരുന്നെങ്കിൽ അവൻെറ കഴിവനുസരിച്ച്, തൻെറ കുറിപ്പുകളുടെ ആമുഖത്തിൽതന്നെ, അവരുടെ ആത്മീയസ്നേഹത്തോട് തന്നോടപേക്ഷിച്ചവരുടെ മുമ്പിൽവച്ചുതന്നെ തൻെറ ബലഹീനതയും ഭൗമികതയും അറിവുകുറവും സമ്മതിച്ചു പറയാൻ പ്രേരിതനാകുന്നു. അതുപോലെ, ക്രമരഹിതവും ജ്ഞാനരഹിതവുമായ ദുഷ്ടതയുടെ പാതകളിൽനിന്ന് അവൻ ശുദ്ധീകരിക്കപ്പെടുന്നില്ലെങ്കിൽ ദൈവത്തെപ്പറ്റിയും ദൈവികകാര്യങ്ങളെപ്പറ്റിയും സംസാരിക്കാൻ ഒരുമ്പെടുകയേ വേണ്ട. കാരണം ദൈവം തൻെറ വെളിപ്പെടുത്തലുകൾ നടത്തുക വിശുദ്ധരും നിർമ്മലരും ശാന്തരുമായവരിലൂടെയാണ്. തങ്ങളുടെ മനസ്സിൻെറ സ്ഫടിക സമാനദർശനത്താൽ ഈ അവാച്യരഹസ്യങ്ങളെ ദർശിക്കാൻ അവർ യോഗ്യരാക്കപ്പെടുന്നു. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും"(മത്താ. 5:8). ഈ രീതിയിൽ മാന്യമായും ഉചിതമായും മഹനീയചിന്ത പുലർത്തിയും വിവേകത്തോടും ഉറച്ചതീരുമാനത്തോടും ഹൃദയത്തിൽനിന്നുള്ള നിലവിളിയും അപേക്ഷയും കലർന്ന ശുദ്ധപ്രാർത്ഥനയോടുംകൂടെ, നമ്മുടെ കർത്താവേശുമിശിഹായുടെ ശക്തിയാൽ ആരംഭിക്കാം. അങ്ങനെ വഞ്ചനോദ്ദേശ്യമെന്യേ, ഇളകിആടിപ്പോകാതെ പാറപോലെ ഉറച്ചവിശ്വാസത്തിൽ ശരിയായി തൻെറ അടിസ്ഥാനങ്ങൾ വയ്ക്കട്ടെ. അതുവഴി നന്നായി തുടങ്ങാനും, നന്നായി തുടരാനും, നന്നായി അവസാനിപ്പിക്കാനും കഴിയും.

കാണപ്പെടുന്നതോ, അറിയാവുന്നതോ, നിരീക്ഷണവിധേയമായതോ, മനസിൻെറ അന്വേഷണത്തിനും ഗ്രഹണത്തിനും അധീനമാകുന്നതോ ആയ

www.malankaralibrary.com



എന്തിലെങ്കിലുമാണ് സത്യക്രിസ്ത്യാനികൾ തങ്ങളുടെ പ്രത്യാശ വച്ചിരിക്കുന്നതെങ്കിൽ "വിശ്വാസികൾ" എന്ന് അവർ ഒരിക്കലും വിളിക്കപ്പെടുമായിരുന്നില്ല. അവിടുത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ തന്റെ സൃഷ്ടികളിൽനിന്ന് തന്റെ നിഗൂഢജ്ഞാനത്തിന്റെ പ്രബോധനത്തിലേക്ക് അവർ നടന്നടുക്കുമായിരുന്നുമില്ല. എന്നാൽ ഇപ്പോൾ എന്താണ്? "അവർ തേടുകയും അന്വേഷിക്കുകയും തന്റെ സൃഷ്ടികളിൽനിന്ന് അവിടുത്തെ കണ്ടെത്തുകയും ചെയ്യും" (നട. 17: 27). എന്തുകൊണ്ടെന്നാൽ, നമ്മുടെ എല്ലാ നന്മകളുടെയും കാരണവും സ്രഷ്ടാവുമായ ദൈവം മാത്രമേ നിത്യയാഥാർത്ഥ്യമായുള്ളു. അവിടുന്ന് എന്നേക്കും സ്ഥിതിചെയ്യുന്നു; എല്ലാറ്റിന്റെയും കാരണമാണവിടുന്ന്; എല്ലാറ്റിനും ഉപരിസ്ഥനാണ്. മാറ്റം കൂടാതെ താനായിരിക്കുന്നതുപോലെ അവിടുന്നു സ്ഥിതിചെയ്യുന്നു. അവിടുന്നു തന്റെ അസ്തിത്വത്തിൽ ദൃശ്യാദൃശ്യമായ എല്ലാ ജീവികൾക്കും ഉപരിസ്ഥനാണ്. അസ്തിത്വമുള്ളവയെ എല്ലാം തിരുഹിതപ്രകാരം അവിടുന്നു സൃഷ്ടിച്ചു. അവിടുന്ന് എല്ലാറ്റിനെയും സൃഷ്ടിച്ചതിനാൽ തന്റെ സൃഷ്ടികൾക്ക് അവിടുന്ന് അഗ്രാഹ്യനാണ്. എന്നാൽ വിശ്വാസികൾ ആത്മാവിൽ വിശ്വാസംവഴി ഗ്രഹിക്കുകയും പരിശോധനാവിധേയമാക്കാതെ ആത്മാവിൽ അവിടുത്തെ ആരാധിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ദൈവം അതിർത്തിയില്ലാത്തവനും അദൃശ്യനും അഗ്രാഹ്യനുമായ ആത്മാവാണ്. "അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും അവിടുത്തെ ആരാധിക്കണം" (യോഹ. 4:24). അവിടുത്തെ പ്രവൃത്തികളെല്ലാം വിശ്വാസത്താലും അവിടുത്തെ വാഗ്ദാനങ്ങൾ പ്രതീക്ഷയാലുമാണ്. അവിടുന്നു സജ്ജമാക്കിയതും വാഗ്ദാനം ചെയ്തതുമായ സകലതും വിശ്വാസത്താലും പ്രത്യാശയുടെബോധ്യത്താലുമാണ്. "കാണപ്പെടുന്ന പ്രതീക്ഷ പ്രതീക്ഷയല്ല. നാം കണ്ടുകഴിഞ്ഞെങ്കിൽ നാം അതിനുവേണ്ടി കാത്തിരിക്കുന്നതെങ്ങനെ? എന്നാൽ കാണപ്പെടാത്ത ഒന്നിനെയാണ് നാം കാത്തിരിക്കുന്നതെങ്കിൽ ക്ഷമാപൂർവം നാം കാത്തിരിക്കണം" (റോമാ 8:24-25). കാരണം എല്ലാറ്റിന്റെയും സ്രഷ്ടാവായ ദൈവം പഞ്ചേന്ദ്രിയങ്ങൾക്കു വിധേയനാകുകയും സൃഷ്ടികളുടെ ചിന്തയ്ക്കുള്ളിൽ ഒതുങ്ങുകയും മാനസികവ്യാപാരങ്ങൾക്കു സുഗ്രാഹ്യനാകുകയും ചെയ്തിരുന്നെങ്കിൽ അവിടുന്നു ദൈവമോ, സ്രഷ്ടാവോ, അനന്തമായ ആത്മാവോ ആയിരിക്കയില്ലായിരുന്നു; എന്നാൽ പരമമായി എല്ലാറ്റിലുമാണ്; പരമമായി എല്ലാറ്റിനും ഉപരിസ്ഥനുമാണ്. കാരണം, ഭാഗികമായോ പൂർണമായോ ഭാഗംഭാഗമായോ ഇന്ദ്രിയവിധേയമോ ഗ്രാഹ്യമോ ആയവ ഒരു ഭാഗത്തിൽനിന്നോ പലതിൽനിന്നോ ഇന്ദ്രിയവിധേയവും ഗ്രാഹ്യവുമാണ്. ദൈവത്തെ പൂർണമായോ ഭാഗികമായോ ഇന്ദ്രിയവിധേയമാക്കാനോ മനസ്സിൽ ഒതുക്കാനോ സാധ്യമല്ല - ഒരു ഭാഗത്തിൽനിന്നോ പലതിൽനിന്നോ സാധ്യമല്ല, കാരണം അവി

www.malankaralibrary.com



ടുത്തേക്ക് ഭാഗങ്ങളില്ല; ഭാഗങ്ങളായി ദൈവത്തെ വിഭജിക്കാനും സാധ്യമല്ല. അവിടുന്ന് തന്നിൽതന്നെ സമസ്തസമ്പൂർണതയാണ്. അവിടുന്ന് അഭേദ്യമായും പരിമിതികുടാതെയും പൂർണമായി തന്നിൽതന്നെയാണ് എന്നത് വ്യക്തമാണല്ലോ. അവിടുത്തെക്കു പരിമിതിയില്ല; അവിടുത്തെ പരിമിതപ്പെടുത്തുന്ന ഒന്നുമില്ല. വലത്തുകൈ ഇടത്തുകൈയോട് എന്നവണ്ണം അവിടുന്ന് ഒന്നിനോടും ബന്ധപ്പെട്ടല്ല സ്ഥിതിചെയ്യുന്നത്. മുകളിലോ താഴെയോ മുന്നിലോ പിന്നിലോ എന്നവണ്ണവും ബന്ധിതമായിട്ടല്ല അവിടുന്നു സ്ഥിതിചെയ്യുന്നത്. തന്നെത്തന്നെ തടയാനും അവിടുത്തേക്ക് കഴിയില്ല. കാരണം, അങ്ങനെവന്നാൽ അവിടുന്ന് എല്ലാറ്റിനും ഉപരിസ്ഥനും, എല്ലാറ്റിൻെറയും ആധാരവും പരമമായി എല്ലാറ്റിലും ആയിരിക്കയില്ല; തൻെറ സത്തയിൽ അപരിമിതനും അദൃശ്യനും എല്ലാറ്റിനെക്കാളും ഉപരിസ്ഥനുമായിരിക്കുകയില്ല.

കാരണം അവിടുന്നു മാത്രമാണ് സർവശക്തൻ. അവിടുത്തെ വിഭജിക്കാൻ ആർക്കു കഴിയും? തന്നിൽതന്നെ അനന്തനായിരിക്കുന്നത് ഇല്ലാതാക്കത്തക്കവിധം അവിടുത്തെ ബലഹീനനാക്കാൻ ആർക്കു കഴിയും? അവിടുന്ന് എല്ലാറ്റിലും എല്ലാം ആയിരിക്കുന്നതിൽനിന്നും, എല്ലാറ്റിനും ഉപരിസ്ഥനായിരിക്കുന്നതിൽനിന്നും എല്ലാറ്റിൻെറയും ഭാഗമായിരിക്കുന്നതിൽനിന്നും അവിടുത്തെ തടയാൻ ആർക്കു കഴിയും? എന്തുകൊണ്ടെന്നാൽ തൻെറ സത്തയുടെ അനന്തതയിൽ, ശൂന്യതയിൽനിന്ന് അവിടുന്നു ലോകത്തെ സൃഷ്ടിച്ചു. ഇല്ലായ്മയിൽനിന്നു സൃഷ്ടിക്കപ്പെട്ട ലോകത്തിന് തൻെറ സ്രഷ്ടാവിനെ എങ്ങനെ പരിമിതപ്പെടുത്താൻ കഴിയും? വീണ്ടും, ശൂന്യതയിൽനിന്ന് അനന്തമായ ആത്മാവ് എല്ലാറ്റിനെയും സൃഷ്ടിച്ചതിനാൽ അവിടുത്തെ പരിമിതപ്പെടുത്താൻ ഒന്നിനും കഴിയില്ല. കാരണം, ആകാശവും ഭൂമിയും അവിടുത്തെ മഹത്ത്വം കൊണ്ടു നിറഞ്ഞിരിക്കുന്നതിനാൽ സ്രഷ്ടാവിനെ പരിമിതപ്പെടുത്താൻ ഒന്നിനും കഴിയില്ല. തിരുലിഖിതം സാക്ഷിക്കുന്നു: "സകലവും അവനിലാകുന്നു, സകലവും അവനിൽ നിന്നാകുന്നു, സകലവും അവനിലൂടെ ആകുന്നു. അവിടുത്തെ മഹനീയതയ്ക്ക് അവസാനമില്ല" (റോമാ 11:36; സങ്കീ.145:3). തന്നിലൂടെ വന്നവയ്ക്ക് അവിടുത്തെ പരിമിതപ്പെടുത്താനോ, തന്നിൽതന്നെയുള്ള തൻെറ അസ്തിത്വത്തിൻെറ അനന്തതയ്ക്ക് അതിർത്തി വരയ്ക്കാനോ എങ്ങനെ കഴിയും? ഇതാ തൻെറ സത്ത എല്ലാ സത്തകളേക്കാളും ഉന്നതമാണ്; അത് എല്ലാ നാമങ്ങൾക്കും ഉപരിസ്ഥമാണ്. അവിടുന്നു ദൃശ്യനും, പരിമിതനും ഇന്ദ്രിയവിധേയനും, മർത്യനും, ഭാഗങ്ങളായി പിളർത്താവുന്നവനുമാണെങ്കിൽ, അവിടുന്നു ദൈവമല്ല; കാരണം, ഇവയൊക്കെ സൃഷ്ടികളുടെ തലത്തിലുള്ളവയത്രേ.

തൻെറ സ്വഭാവത്തിൻെറ ഔന്നത്യത്താൽ അവിടുന്ന് സത്ത, ജീവൻ, ആത്മാവ്, പ്രകാശം എന്നു തുടങ്ങിയ പേരുകളാൽ വിളിക്കപ്പെടുന്നെങ്കിലും

www.malankaralibrary.com



നാമും മറ്റു സൃഷ്ടികളും വിളിക്കപ്പെടുന്നതുപോലെയല്ല. കാരണം, ഇന്ദ്രിയഗോചരമായ അർത്ഥമാണ് അവ നമുക്കു പകർന്നുതരുന്നത്. നാം ദൈവത്തെ വിളിക്കുന്ന പേരുകൾ പോലെയല്ല ദൈവം. സൃഷ്ടിക്കപ്പെടുകയും വികാരത്തിനും മാറ്റങ്ങൾക്കും വിധേയരാകുകയും ചെയ്യുന്ന ജീവികളെപ്പോലെയല്ല അവിടുന്ന്. 'രൂപം പദാർത്ഥത്തിൽ ഉള്ളതുപോലെ അവിടുന്ന് എല്ലാറ്റിലുമാണ്' എന്ന് പ്രകൃതിവാദികളും സത്താവാദികളും പഠിപ്പിക്കുന്ന തെറ്റുപോലെയുമല്ലിത്. അവരെല്ലാം നിശബ്ദരായി മൺമറഞ്ഞുപോയി. എന്നാൽ നാം പഠിപ്പിക്കുന്നത് ഇപ്രകാരമാണ് : "ദൈവമേ, നിന്നെപ്പോലെ ആരാണുള്ളത്?" , "ആകാശങ്ങളുടെ ആകാശങ്ങളിൽ കർത്താവിനു തുല്യനായി ആരുമില്ല; മാലാഖമാരുടെ ഗണങ്ങളിലും കർത്താവിനെപ്പോലെ ആരുമില്ല. കർത്താവേ, സർവശക്തനായ ദൈവമേ, നിന്നെപ്പോലെ ശക്തനായവൻ ആരാണ്?..." ഇത്യാദി (സങ്കീ. 71:19; 89:6-8). ദിവ്യപ്രവചനങ്ങളിലൂടെ തിരുലിഖിതം അവിടുത്തേക്കു നൽകുന്ന സർവനാമങ്ങളൊക്കെ വെളിപാടുകളുമായി ബന്ധപ്പെട്ടവയാണ്; അവിടുന്നു വെളിപ്പെട്ട് അവാച്യമാംവിധം സ്വയം വെളിവാക്കിയതാണ്. എല്ലാറ്റിനേക്കാളും ഉപരിസ്ഥവും എല്ലാറ്റിനും മുമ്പുള്ളതുമായ തൻെറ സ്വഭാവത്തിൻെറ മഹനീയതയും തൻെറ ന്യായവിധിയുടെയും പരിപാലനയുടെയും അർത്ഥവും പരിഗണിക്കുന്നതിനും ഗ്രഹിക്കുന്നതിനും വേണ്ടിയാണ് ദൈവം പുരാതന പ്രവാചകരിലൂടെ വിവിധകാലങ്ങളിലും വിവിധതരത്തിലും പിതാക്കന്മാരോട് സംസാരിച്ചത് (എബ്രാ. 1:1). അതുകൊണ്ട് മനസ്സിൽ പതിയുന്ന സാദൃശ്യങ്ങൾക്കും ഭാഗങ്ങൾക്കും അവിടുന്ന് സത്താപരമായും നിത്യമായും അഭേദ്യമായും ഉപരിസ്ഥനാണ്. മുമ്പ് സ്ഥിതിചെയ്യാതിരുന്ന സൃഷ്ടികൾ തൻെറ നിത്യമായ അസ്തിത്വം ഗ്രഹിക്കുന്നതിനാണ്, നേരത്തെ സ്ഥിതി ചെയ്തിരുന്ന സ്വയംസ്ഥിതൻ "പേരു വിളിക്കപ്പെട്ടത്"!

സൃഷ്ടികളെല്ലാം അവിടുന്ന് നിശ്ചയിച്ച സമയത്ത് അവ എങ്ങനെ ആയിരിക്കണമെന്നും, എന്തായിരിക്കണമെന്നും, എന്തിനാണെന്നും എന്തിനുവേണ്ടിയാണെന്നും ഒക്കെ അവിടുന്ന് നിശ്ചയിച്ചതുപോലെ, ശൂന്യതയിൽ നിന്നുളവായി. ഉണ്ടായവയെല്ലാം സൃഷ്ടിക്കപ്പെട്ടവയാണ്. തിരുഹിതപ്രകാരം തൻെറ സമൃദ്ധമായ കൃപയാൽ അവിടുന്ന് അവയെ പരിപാലിക്കുന്നു. ജീവിക്കുകയും ചരിക്കുകയും ചെയ്യുന്ന വസ്തുക്കളെ സൃഷ്ടിച്ച അവിടുന്ന് *"ജീവൻ"* എന്നു വിളിക്കപ്പെടുന്നു. അവിടുന്ന് എല്ലാറ്റിലുമുണ്ട്; എല്ലാറ്റിനെയും ജീവിപ്പിക്കുന്നു. എന്നാൽ സൃഷ്ടവസ്തുക്കൾക്ക് അവിടുന്നു ഗോചരനല്ല. അവ അവിടുത്തെ സത്ത ഗ്രഹിക്കുന്നില്ല; അവിടുന്ന് ആയിരിക്കുന്ന രീതിയിൽ മനസിലാക്കുന്നുമില്ല. മറിച്ച്, അദൃശ്യമായതിൻെറ സാദൃശ്യമാണ് അവയൊക്കെ. "ജീവന്" മരിക്കാൻ സാധ്യമല്ല. കാരണം, സ്വാഭാവികമായി ജീവനുള്ളവ ജീവിക്കുന്നു;

www.malankaralibrary.com



ജീവൻ നീങ്ങിക്കഴിയുമ്പോൾ അവ ചത്തുപോകുന്നു. പിന്നെ അവ അനങ്ങുന്നില്ല. അവയുടെ *ക്നോമിക് ജീവൻ* മരിക്കുന്നില്ല. ശരീരം മരിക്കുമ്പോൾ കർതൃവചനാനുസൃതം ആത്മാവ് അതിനെ വിട്ട് അമർത്യമായി നിലനില്ക്കുന്നു. അതുപോലെതന്നെ ദൈവത്തിന് ഒരുതരത്തിലും മരിക്കാൻ കഴിയില്ല. ദൈവം ക്ഷമിക്കട്ടെ! ആത്മാവ് ഏകമാണ്, അഗ്രാഹ്യമാംവിധം അതു ശരീരത്തിലാണ്. അതിനെ ജീവിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നു, അതിൻെറ ബൗദ്ധികവശം അതിന് പ്രദാനംചെയ്യുന്നു. അതു ശരീരത്തിൽ ബന്ധിതമാണ്; ആ ഐക്യം സ്വാഭാവികമാണ് എങ്കിലും മനുഷ്യൻ എന്ന *ക്നോമിക് സംയുക്തത്തിൽ* ശരീരവും ആത്മാവും പരസ്പര ഘടകങ്ങളാണ്; അവ പരസ്പരം ബന്ധിത മാണ്; അവ ഒന്നിച്ചു പ്രവർത്തിക്കുകയും ഒന്നിച്ച് വേദനിക്കുകയും ചെയ്യുന്നു - സാധാരണക്കാർക്കുവേണ്ടിയാണ് ഈ വിവരണം. - അതുപോലെ ദൈവവും തൻെറ സമസ്ത സൃഷ്ടികളിലും അനന്തമായും, അതിർത്തികൂടാതെയും ബന്ധിക്കപ്പെടാതെയും വിഭജനം കൂടാതെയും വസിക്കുന്നു. അവിടുന്ന് എല്ലാറ്റിനെയും പരിപാലിക്കുന്നു, എല്ലാറ്റിലും പ്രവർത്തിക്കുന്നു; എന്നാൽ അവിടുന്ന് ഒന്നിൽ നിന്നുമല്ല.

അതുപോലെ അവിടുന്ന് *"ആത്മാവ്"*എന്നും വിളിക്കപ്പെടുന്നു. പരിധിയില്ലാത്ത അവിടുത്തെ അവസ്ഥയെയും തൻെറ സ്വഭാവത്തിൻെറ ഔന്നത്യഭാവത്തെയും അതു സൂചിപ്പിക്കുന്നു; അവിടുന്ന് നമുക്കു സന്നിഹിതനാണ്, എന്നാൽ തൻെറ അസ്തിത്വത്തിൽ അവിടുന്ന് എല്ലാറ്റിനും ഉപരിസ്ഥനാണ് എന്നും അവനാലും അവനിലുമാണ് എല്ലാറ്റിൻെറയും ശ്വാസവും അസ്തിത്വവും എന്നും അവിടുത്തെ ശക്തി അജയ്യമാണെന്നും തൻെറ സ്വഭാവത്തിൻെറ അനന്തത അഗ്രാഹ്യമാണെന്നും അതു ചൂണ്ടിക്കാട്ടുന്നു. അതുപോലെയാണ് *"പ്രകാശം"* എന്നതും. എന്തുകൊണ്ടെന്നാൽ തൻെറ സ്വഭാവത്തിൻെറ ഔന്നത്യത്താൽ അവിടുന്നു *"പ്രകാശം"* എന്നു വിളിക്കപ്പെടുന്നു. ദൃശ്യതലത്തിൽ പ്രകാശത്തെക്കാൾ ഉന്നതമായോ, മഹനീയമായോ ഒന്നുമില്ല. അത് എല്ലാറ്റിനെയും "പ്രകാശിപ്പിക്കുന്നു". അതുപോലെ ദൈവവും തൻെറ വിജ്ഞാനത്താൽ എല്ലാറ്റിനെയും പ്രകാശിപ്പിക്കുന്നു. അവിടുത്തെ സകല വസ്തുക്കളും മഹനീയവും മഹോന്നതവുമത്രേ; അവിടുന്ന് എല്ലാറ്റിനും ഉപരിസ്ഥനുമാണ്. അവിടുന്ന് ഭാഗങ്ങളായി വിഭജിതനല്ല. അവിടുന്ന് അവയിൽ വസിക്കുകയും അഗ്രാഹ്യമാംവിധം തൻെറ വാസമുറപ്പിക്കുകയും ചെയ്യുന്നെങ്കിലും തൻെറ അനന്തതയ്ക്ക് ഒരു കോട്ടവും തട്ടുന്നില്ല. പ്രകാശിപ്പിക്കുന്ന അവിടുത്തെ ദിവ്യജ്ഞാനം വിശുദ്ധരുടെ പരിശുദ്ധിയിൽ ഉജ്വലിക്കുന്നു. അവരുടെ ജീവിതത്തിന് സന്തോഷം പകരുവാൻ അവിടുന്നു അതുവഴി വിശുദ്ധരുടെ ബുദ്ധിയെ പ്രകാശിപ്പിക്കുന്നു. "പ്രകാശത്തിൽ വിശുദ്ധർക്കു ലഭിച്ച അവകാശം"(കൊളോ. 1:12).

www.malankaralibrary.com



സൂര്യന്റെ നേരെ നോക്കുന്നവർക്കു സന്തോഷമല്ല, അന്ധതയാണ് ലഭിക്കുക. അതുപോലെ അന്ധതയിൽ നശിച്ചുപോകാതിരിക്കാനായി വിശുദ്ധർ തന്റെ ദൈവത്വത്തിന്റെ അവസ്ഥയെ പരിശോധിക്കാൻ മുതിരാറില്ല.

ദൈവം എല്ലാ ശ്രേഷ്ഠ വസ്തുക്കളും പ്രദാനം ചെയ്യുന്നവനും ഹേതുവുമല്ലാതെ വെറും പേരിൽ ഒതുങ്ങുന്നവനാണെങ്കിൽ, സൃഷ്ടവസ്തുക്കളെ സംബന്ധിച്ചുള്ള ആശയം മനസ്സിൽ പതിയുന്നതുപോലെ മാത്രമേ ഉള്ളുവെങ്കിൽ, അത്തരം വസ്തുക്കളുടെ സങ്കലനത്തിൽ അവിടുന്നു സ്ഥിതിചെയ്യുന്നു എന്നു വരുന്നു. കിറുക്കന്മാരായ പ്രകൃതിവാദികളും ജാതികളിലെ ജ്ഞാനികളും ചിന്തിക്കുന്നതുപോലെ, ദൈവത്തിന് ഭാഗങ്ങളുണ്ടെന്നുവരും. "ദൈവം ലോകമാണ്; അസ്തിത്വം, ജീവൻ, പ്രകാശം തുടങ്ങിയ മറ്റു വസ്തുക്കൾ ചേർന്ന് ഭാഗങ്ങളിൽനിന്ന് ഒരു ശരീരമായി തീർന്നതാണ്. ഈ പ്രപഞ്ചമല്ലാതെ മറ്റൊന്നില്ല; അത് അതിലേക്കുതന്നെ തിരിയുന്നു; അതു ജനിപ്പിക്കുകയും ജനിക്കുകയുംചെയ്യുന്നു" എന്നുതുടങ്ങിയ പേഗൻ അഭക്തികൾ. സ്രഷ്ടാവും എല്ലാറ്റിന്റെയും ഹേതുവും എല്ലാ സൃഷ്ടികളെക്കാളും അവയുടെ പേരുകളെക്കാളും തന്റെ ആരാധ്യമായ സത്തയിൽ ഉന്നതനും ആദ്യന്തവിഹീനനും, സംയുക്തരഹിതനുമായ ദൈവത്തെപ്പറ്റി അപ്രകാരം ചിന്തിക്കാൻ ദൈവം നമുക്ക് ഒരിക്കലും ഇടയാക്കാതിരിക്കട്ടെ. ഒരു ദണ്ഡ് നിസാരവസ്തുവാണ്. അതിന്റെ സത്ത മറ്റൊന്നല്ല; അതിന്റെ ജീവൻ മറ്റൊന്നല്ല. അതിന്റെ പ്രകാശം മറ്റൊന്നല്ല. സ്വന്തമാക്കുന്ന അത് എന്തോ വ്യത്യസ്തമാണെന്ന രീതിയിൽ അതിന് അതിന്റെ *ക്നോമായിൽ* ഇതൊക്കെ ഉണ്ടെന്നും ഇതൊക്കെ സ്വന്തമാണെന്നും മാനുഷികമായി അതേപ്പറ്റി പറയാം.

അവിടുത്തേക്ക് അസ്തിത്വം ഇല്ലെങ്കിൽ *അസ്തിത്വം* എന്ന് അവിടുത്തെ എങ്ങനെയാണു വിളിക്കുക! അവിടുത്തേക്ക് ജീവനില്ലെങ്കിൽ *"ജീവൻ"* എന്നും അവിടുത്തേക്കു പ്രകാശം ഇല്ലെങ്കിൽ *"പ്രകാശം"* എന്നും ആത്മാവില്ലെങ്കിൽ *"ആത്മാവ്"* എന്നും എങ്ങനെയാണ് അവിടുത്തെ വിളിക്കുക! കാരണം, അവിടുന്നാണ് "സത്യസത്ത", "സത്യജീവൻ". അവിടുന്നാണ് എല്ലാറ്റിനെയും പ്രകാശിപ്പിക്കുന്ന പ്രകാശം. അവിടുന്നാണ് അനന്തമായ ആത്മാവ്; അവിടുന്ന് എല്ലാറ്റിനെയും ചലിപ്പിക്കുന്നു, എല്ലാറ്റിനും സമീപസ്ഥമാണ്, എല്ലാറ്റിനും ഉപരിസ്ഥമാണ്. മുഴുവനും കൂടിയുള്ളത് ഭാഗങ്ങളിൽ ഉള്ളതുപോലെ അവിടുന്നു മുഴുവനുമല്ല, ഭാഗങ്ങൾ മുഴുവനും കൂടിയുള്ളതിൽ എന്നപോലെ അവ അവിടുത്തേതിന്റെ മുഴുവനും കൂടിയല്ല. എന്നാൽ അവിടുന്ന് അവാച്യമായും, വിശകലനാതീതമായും അവിഭാജ്യമായും കേവലമായി ഏകനാണ്.

www.malankaralibrary.com



അസ്തിത്വത്തിലേക്കു വന്ന എല്ലാ സൃഷ്ടവസ്തുക്കളെയും സൃഷ്ടിച്ചത് അവിടുന്നാണ്. അവിടുന്ന് ജീവനുള്ളവയ്ക്ക് ജീവൻ നൽകുന്നു, ബുദ്ധിജീവികൾക്ക് അവിടുന്ന് അറിവു പകരുന്നു, ബുദ്ധിജീവികളെ അവിടുന്നു പ്രകാശിപ്പിക്കുകയും അവർക്കു പ്രകാശം നൽകുകയും ചെയ്യുന്നു. തന്നെ അറിയാൻ അവയെ അനുവദിക്കുന്നു. ശാരീരികനയനം സൂര്യപ്രകാശത്താൽ സൂര്യനെയും ദൃശ്യവസ്തുക്കളെയും കാണുന്നതുപോലെയാണിത്. "നിന്റെ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുന്നു" എന്ന് എഴുതപ്പെട്ടിരിക്കുന്നു (സങ്കീ.36:9). ചലിക്കുന്ന വസ്തുക്കൾക്ക് അവിടുന്നു ചലനം നൽകുന്നു, എന്നാൽ തന്റെ സത്തയിൽ അവിടുന്ന് മഹോന്നതനും എല്ലാറ്റിനും ഉപരിസ്ഥനും എല്ലാറ്റിനെയും നിലനിർത്തുകയും ഭരിക്കുകയും ചെയ്യുന്നവനുമാകുന്നു. തന്നിൽ നിന്നാണ് നമ്മുടെ എല്ലാ ശാസ്ത്രങ്ങളും ആത്മീയ അറിവുകളും. അവിടുന്ന് എല്ലാറ്റിലും എല്ലാമായി പ്രവർത്തിക്കുന്നു, അവിടുന്ന് ഒന്നിച്ചിരിക്കുന്ന മുഴുവന്റെയും ഭാഗമല്ല, ഭാഗങ്ങൾ ചേർന്നുള്ള മുഴുവനുമല്ല; അവിടുന്ന് വിഭജിതനോ, അവയവ ഛേദിതനോ അല്ല. "ദാനങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും ആത്മാവ് ഒരുവൻ മാത്രം; ശുശ്രൂഷകളിൽ വൈവിധ്യമുണ്ടെങ്കിലും കർത്താവ് ഒരുവൻ; അത്ഭുതങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും എല്ലാറ്റിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഏകൻ" എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ (1 കൊറി. 12:4-6). വീണ്ടും നാം വായിക്കുന്നു: "പിതാവായ ദൈവം ഏകൻ, അവനാൽ എല്ലാം ഉളവായി; അവനിൽ നാം ജീവിക്കുന്നു. യേശുമിശിഹാ എന്ന ഏക കർത്താവ്; എല്ലാം അവനിലൂടെ നിലനില്ക്കുന്നു; നാമും അവനിലൂടെയാകുന്നു" (1 കൊറി. 8:6).

സാധാരണക്കാരെ ബോധ്യപ്പെടുത്താനായി ആത്മാവിന്റെ വ്യാപാരങ്ങളിൽ നിന്ന് മറ്റൊരു രീതിയിലുള്ള തെളിവ് അവതരിപ്പിച്ചുകൊള്ളട്ടെ. ആത്മാവ് അതിന്റെ കേവലാവസ്ഥയിൽ ഏകമാണ്. ശരീരം വിവിധ ശാരീരികഭാഗങ്ങൾ കൊണ്ടുണ്ടാക്കപ്പെട്ടതുപോലെയല്ല ആത്മാവ്. സ്രഷ്ടാവ് ബുദ്ധിയിൽ നിക്ഷേപിച്ചതനുസരിച്ച് ആത്മാവിന് നിരവധി കഴിവുകളുണ്ട്. വിവിധ അവയവങ്ങളിലുള്ളവ അതു മനസ്സിലാക്കി ഓർമ്മയിൽ വയ്ക്കുന്നു. കൊല്ലപ്പണി, ആശാരിപ്പണി തുടങ്ങിയ പണികളിലെന്നപോലെ ആവശ്യമുള്ളപ്പോൾ അതു പുറത്തെടുക്കുന്നു. കൊല്ലപ്പണിയും ആശാരിപ്പണിയും ആത്മാവിന്റെ ഭാഗമാണ് എന്നു നാം പറയാറില്ല; അവ ആത്മാവിന്റെ പ്രവൃത്തികളാണ്. പദ്ധതികളുണ്ടാക്കുക, ഇതോ അതോ ചെയ്യുക, നിരസിക്കുക, നേരത്തെ ഇല്ലാതിരുന്നവ ഉണ്ടാക്കുക തുടങ്ങി പതിനായിരക്കണക്കിനു രീതിയിൽ അതിനു പ്രവർത്തിക്കാനാവും. ആത്മാവിനുള്ള ഈ കഴിവും ബുദ്ധിയും ദൈവം കൊടുത്തതാണ്. ഇഷ്ടമുള്ള നിരവധി രീതികളിൽ അതു പ്രവർത്തിക്കുകയും

www.malankaralibrary.com



അതിന്റെ സ്വതന്ത്രേച്ഛാനുസൃതം ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ള രീതിയിൽ വ്യാപരിക്കുകയും ചെയ്യുന്നു. എല്ലാറ്റിന്റെയും സ്രഷ്ടാവായ ദൈവത്തിന്റെ ഒരു ഛായയാണ് ഈ അപൂർണവിവരണം. തന്റേതായ എല്ലാറ്റിലും അവിടുന്ന് നിത്യമായും സത്താപരമായും അസ്തിത്വമാകുന്നു. തന്റെ നിത്യജ്ഞാനവും നിത്യമായ അറിവും ആഗ്രഹിക്കുന്നതിനനുസൃതം, തനിക്കിഷ്ടമുള്ളപ്പോൾ ഇല്ലായ്മയിൽനിന്ന് എല്ലാറ്റിനെയും സൃഷ്ടിക്കുന്നതിനും, ഓരോന്നിനും ഉചിതമായരീതിയിലും സ്വീകരിക്കാൻ പാകമാകുമ്പോഴും ബുദ്ധിജീവികൾക്ക് ജീവനും വിജ്ഞാനവും കൊടുക്കുന്നതിനും അവിടുന്ന് ആധികാരിക സ്വാതന്ത്ര്യമാണ്. തനിക്ക് തിരുഹിതമായതുപോലെ, താൻ തിരുവുള്ളമായതുപോലെ, അവിടുന്ന് എല്ലാറ്റിനെയും അസ്തിത്വത്തിലേക്കാനയിച്ചു. "നീ തിരുഹിതമായി; നിന്റെ തിരുമുമ്പിൽ എല്ലാം ഉണ്ടായി" (സങ്കീ. 135:6) ആകാശവും ഭൂമിയും അവയിലുള്ള സമസ്തവും, ദൃശ്യാദൃശ്യമായ ജീവനുള്ളവയും ജീവനില്ലാത്തവയും, ബുദ്ധിജീവികളും അല്ലാത്തവയും. തന്റെ അംഗുലീചലനത്താൽ അവയെ എല്ലാം നിലനിർത്തുന്നതും ഭരിക്കുന്നതും മാറ്റുന്നതും ഉണ്ടാക്കുന്നതും എല്ലാം പ്രവർത്തിക്കുന്നതും അവിടുന്നാണ്. 'അംഗുലീചലനം' എന്നു നാം പറഞ്ഞത് വാച്യാർത്ഥത്തിൽ 'അടയാളം കാണിക്കുന്നതല്ല'. അത്തരം കാര്യങ്ങൾ നാം ചെയ്യുന്നതുപോലെ ദൈവത്തെപ്പറ്റി പറയുന്നു എന്നേയുള്ളു. തനിക്കു തിരുഹിതമായ നിമിഷം അവിടുന്ന് എല്ലാറ്റിനെയും സൃഷ്ടിച്ചു ഭരിക്കുന്നു; അവ യ്ക്കിടയിൽ സമയവ്യത്യാസമില്ല. നമ്മുടെ കർത്താവും ഇതുപോലെ പ്രവർത്തിച്ചിട്ടുണ്ട്. "ഞാൻ തിരുമനസാകുന്നു, നീ ശുദ്ധിയുള്ളവനായിത്തീരുക" (മർക്കോ. 1:41-42) ഉടൻതന്നെ അവന്റെ കുഷ്ഠരോഗത്തിൽനിന്ന് അവൻ ശുദ്ധനായി; അതുപോലെ മറ്റവസരങ്ങളിലും.

അസ്തിത്വവും ജീവനും അറിവും ആയ ദൈവം സൃഷ്ടിച്ച ഈ സൃഷ്ടികളുടെ സമാഹാരമാണ് ദൈവം എന്നു നാം പറയുകയില്ല. ദൈവം അതിനിടയാക്കാതിരിക്കട്ടെ. അതു തികഞ്ഞ അഭക്തിയാണ്. എന്നാൽ ദൈവം എല്ലാറ്റിന്റെയും ഹേതുവും സ്രഷ്ടാവുമാണ്; വിവിധരീതികളിൽ ഇല്ലായ്മയിൽനിന്ന് അവിടുന്ന് എല്ലാറ്റിനെയും സൃഷ്ടിച്ച് മെനഞ്ഞുണ്ടാക്കി. തിരുഹിതപ്രകാരം അവിടുന്ന് എല്ലാം ക്രമീകരിക്കുകയും ഭരിക്കുകയും ചെയ്യുന്നു. സൃഷ്ടവസ്തുക്കളെപ്പോലെയല്ല അവിടുത്തെ സത്ത; അവയുടേതുപോലെയല്ല അവിടുത്തെ ശക്തി, അവിടുത്തെ പ്രകാശം, അവിടുത്തെ വിജ്ഞാനം, അതുപോലെ അവിടുത്തെപ്പറ്റി പറഞ്ഞിരിക്കുന്ന ഒന്നും. ഈ സൃഷ്ടികളൊന്നും അവിടുത്തെ സ്വഭാവത്തിൽനിന്നല്ല, സൃഷ്ടികൾക്കുള്ളത് അവിടുത്തെ സത്തയുമല്ല! ദൈവം ക്ഷമിക്കട്ടെ. തന്റെ എല്ലാ സൃഷ്ടികളെക്കാളും അവിടുന്ന് ഉപരിസ്ഥനാണ്, അവിടുത്തെ സത്ത നമ്മുടെ സത്തപോലെയല്ല; അവിടുത്തെ പിതൃത്വവും പുത്ര

www.malankaralibrary.com



ത്വവും പുറപ്പാടും നമ്മുടേതുപോലെയല്ല. അവിടുത്തെ പ്രവൃത്തികൾ നമ്മുടേതുപോലെയല്ല. അവിടുത്തേത് ഉന്നതവും മഹനീയവും അഗ്രാഹ്യവുമാണ്.

വീണ്ടും, മറ്റൊരു രീതിയിൽ: ആത്മാവിന് കേവലപ്രകൃതിയാണ്; അതിന് അവയവങ്ങളില്ല, അവയവങ്ങൾകൊണ്ടു സമ്മിശ്രവുമല്ല. എന്നാലതിൻെറ പ്രവർത്തനങ്ങളും വ്യാപാരങ്ങളും ശരീരത്തിലൂടെയും ശാരീരികേന്ദ്രിയങ്ങളിലൂടെയും വെളിപ്പെടുന്നു. - കണ്ണിൻെറ കാഴ്ചയിൽ, കാതിൻെറ കേൾവിയിൽ, നാവിൻെറ സംസാരത്തിൽ, അതുപോലെ മറ്റവയവങ്ങളിൽ. ആത്മാവ് ശരീരം മുഴുവനെയും അവയവങ്ങളെയും ജീവിപ്പിക്കുകയും ചലിപ്പിക്കുകയും ചെയ്യുന്നു. വിവിധരീതികളിൽ ശരീരത്തിന് ചലനവും സ്പർശനശക്തിയും നൽകുന്നു. എന്നാൽ ആത്മാവ് വിവിധഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു എന്നു പറയാൻ പറ്റില്ല. അത് "ഇവയാണ്" എന്നും പറയാറില്ല; എന്നാൽ അതിൻെറ പ്രകൃത്യനുസൃതമായ വിവിധ പ്രവർത്തനങ്ങൾ എന്നും കർമ്മങ്ങൾ എന്നും പറയാം. സ്രഷ്ടാവിൽനിന്ന് അതിനു ലഭിക്കുന്ന പ്രേരണകൾക്കനുസൃതമായി ശരീരത്തിൻെറ ഇന്ദ്രിയങ്ങളിലും അവയവങ്ങളുടെ ബലഹീനതകളിലും അതു പ്രവർത്തിക്കുന്നു. അതുപോലെ എല്ലാറ്റിൻെറയും സ്രഷ്ടാവായ ദൈവവും തൻെറ സത്തയിൽ കേവലനാണ്. അവിടുന്ന് ബുദ്ധിയുള്ളവയും ഇല്ലാത്തവയുമായ സൃഷ്ടികൾക്കെല്ലാം, സ്വന്തമാക്കുന്നതിനും ചെയ്യുന്നതിനും, പ്രകൃത്യായോ ബൗദ്ധികമായോ വേണ്ടവ പങ്കിട്ട് നൽകുന്നു. എന്നാൽ അവയുടെ സത്തദൈവമല്ല, അവരുടെ ബൗദ്ധികതയല്ല ദൈവത്തിൻേറത്, അവരുടെ ജീവനല്ല ദൈവത്തിൻേറത്. ദൈവം അനുവദിക്കാതിരിക്കട്ടെ! അവയ്ക്ക് ഇവയെല്ലാംദൈവത്തിൽനിന്നു കിട്ടിയതാണ്, അവിടുന്ന് എല്ലാറ്റിനെയും ഇല്ലായ്മയിൽ നിന്നു സൃഷ്ടിക്കുകയും അസ്തിത്വത്തിലെത്തിക്കുകയും ജീവനുള്ളവയ്ക്ക് ജീവൻ നൽകുകയും ബൗദ്ധികജീവികൾക്ക് ബുദ്ധിയും ജീവനും, വിജ്ഞാനികൾക്ക് ജ്ഞാനവും, ശക്തന്മാർക്കു ശക്തിയും നൽകുകയും ചെയ്യുന്നു. തനിക്കുള്ളവയിൽ അവിടുന്ന് എല്ലാ സൃഷ്ടികളെക്കാളും ഉപരിസ്ഥനാണ്. കാരണം, അവിടുന്ന് അവയെയെല്ലാം സൃഷ്ടിച്ചു; അവയുടെയെല്ലാം ഹേതുവും നിർമ്മാതാവും അവിടുന്നാണ്. അവിടുത്തെ കൃപാസമൃദ്ധിയിൽനിന്നാണ് അവയ്ക്ക് ഈ നന്മകളെല്ലാം ലഭിച്ചത്.

വീണ്ടും, ഇതിൻെറ വിശദീകരണം മറ്റൊരുരീതിയിൽ: ദൃശ്യസൂര്യൻെറ ദൃശ്യതലം ഏകമാണല്ലോ. അതു പ്രകാശവും ചൂടും തരുന്നു; അതു വളർത്തുന്നു; പുഷ്ടിപ്പെടുത്തുന്നു; രൂപീകരിക്കുന്നു, കൊഴുപ്പിക്കുന്നു, പഴങ്ങൾക്കു രുചിഭേദം വരുത്തുന്നു, ഉണക്കുന്നു, നനയ്ക്കുന്നു, കട്ടികുറയ്ക്കുന്നു, കട്ടികൂട്ടുന്നു, സന്തോഷിപ്പിക്കുന്നു, ദുഃഖിപ്പിക്കുന്നു, സമാശ്വസിപ്പിക്കുന്നു, കരയിക്കുന്നു, വേദനിപ്പിക്കുന്നു, വേദനയകറ്റുന്നു. കണ്ണുകൊണ്ട് അതിനെ കാണാം.

www.malankaralibrary.com



അതിന്റെ ശക്തി അനുഭവവേദ്യമാണ്. ആരോഗ്യമുള്ള കണ്ണുകൾക്ക് അതിന്റെ പ്രകാശത്താൽ കാണാം; മനുഷ്യനു യാത്ര ചെയ്യാം, സ്രഷ്ടാവു മനുഷ്യനു നൽകിയ നൂറുകൂട്ടം കാര്യങ്ങൾ ചെയ്യാൻ കഴിവുണ്ടാക്കുന്നു; എന്നാൽ സൂര്യൻ ഇതൊന്നുമല്ല. ഇവ സൂര്യന്റെ പ്രകൃതമനുസരിച്ചുമല്ല. എന്നാൽ സ്രഷ്ടാവിന്റെ തിരുഹിതാനുസൃതം അതിന്റെ പ്രകൃതിക്കു കൊടുത്തിരിക്കുന്ന പ്രത്യേക ശക്തികൊണ്ടും പ്രവർത്തനം കൊണ്ടുമാണ്. എല്ലാറ്റിന്റെയും സ്രഷ്ടാവായ ദൈവത്തിന്റെ കാര്യവും ഇതുപോലെയാണ്. തിരുഹിതപ്രകാരവും അവിടുന്ന് ഇച്ഛിക്കുന്ന രീതിയിലും അവിടുന്ന് എല്ലാറ്റിനെയും സൃഷ്ടിച്ച് പരിപാലിക്കുന്നു, ഭരിക്കുന്നു, എല്ലാറ്റിലും എല്ലാം പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ അവിടുത്തെ സത്ത എല്ലാ സൃഷ്ടികളുടേതിനെക്കാളും മഹനീയമാണ്. ബുദ്ധിജീവികൾക്ക് ദൈവത്തിന്റേതിനു തുല്യമായ ഗുണങ്ങൾ ഉണ്ടെന്നുള്ളത് വാസ്തവം. അദൃശ്യാവസ്ഥ, ബുദ്ധിശക്തി, അമർത്യജീവൻ, സ്വാതന്ത്ര്യം അഥവാ സ്വതന്ത്രേച്ഛ, വിജ്ഞാനം അതുപോലെയുള്ള മറ്റു കാര്യങ്ങൾ. എന്നാൽ സൃഷ്ടികൾക്കുള്ളതുപോലെയല്ല അവ അവിടുത്തേക്കുള്ളത്. നമുക്കുള്ള ഈ ഗുണങ്ങൾ അവിടുത്തെ സത്തയുടെ ഭാഗവുമല്ല; വ്യാപകമായി മാത്രം. അവയുടെയെല്ലാം പൂർണരൂപത്തിന്റെ ഒരു ഛായ മാത്രമാണവ. "എന്തുകൊണ്ടെന്നാൽ ആകാശത്തിലും ഭൂമിയിലും കർത്താവിനു തുല്യമായി യാതൊന്നുമില്ല. മാലാഖമാരുടെ നിരകളിലും കർത്താവിനെപ്പോലെ ആരുമില്ല" എന്ന് ദിവ്യവാക്കുകൾ പറയുന്നു (സങ്കീ. 89:6).

*"സ്വയം സ്ഥിതൻ"* എന്നു വിളിക്കുന്നുണ്ടോ? എങ്കിൽ അവിടുന്ന് സത്യമായും സ്വയം സ്ഥിതനാണ്. അവിടുന്ന് എന്നേക്കും അപ്രകാരംതന്നെ. എല്ലാ വസ്തുക്കളും അവനിലൂടെ അസ്തിത്വത്തിലെത്തി; അവിടുന്ന് ഇല്ലായ്മയിൽനിന്ന് അവയെ സൃഷ്ടിച്ചതിനാൽ അവിടുന്ന് തിരുവുള്ളമായാൽ അവ ഇല്ലായ്മയായിത്തീരും. അവിടുന്ന് *"ജീവൻ"* ആണെന്ന് നീ പറയുന്നെങ്കിൽ, അവിടുന്ന് യഥാർത്ഥജീവനും യഥാർത്ഥവിജ്ഞാനവുമാണ്; ഇവ അവിടുത്തേക്ക് സ്വഭാവത്താലേ ഉള്ളതാകുന്നു. നിത്യമായി തനിക്കുള്ളത് മാറ്റംകൂടാതെ അങ്ങിൽ നിലനില്ക്കും; കാരണം അവിടുന്ന് എല്ലാറ്റിനെയും ഇല്ലായ്മയിൽ നിന്നു സൃഷ്ടിച്ചു, ജീവനും ബുദ്ധിയും വികാരവുമുള്ള ജീവികളാക്കി. നമ്മെ അവിടുന്ന് മറ്റു പദാർത്ഥങ്ങളിൽനിന്നാണ് നിർമ്മിച്ചത്. ബാഹ്യമായി തനിക്കുള്ളവയുമായി നമുക്കു സാമ്യമുണ്ട്. എന്നാൽ ജീവനോ ബുദ്ധിശക്തിയോ നൽകാനോ, ഒരു പ്രകൃതിയെ മറ്റൊന്നാക്കാനോ നമുക്കു ത്രാണിയില്ല. മനുഷ്യനുണ്ടാക്കുന്നവ മനുഷ്യപ്രകൃതിക്കു തുല്യമല്ല; അതുപോലെ മനുഷ്യർക്കോ മറ്റു സൃഷ്ടവസ്തുക്കൾക്കോ, സ്രഷ്ടാവായ ദൈവത്തിന്റെ സ്വഭാവമായിത്തീരാൻ സാധ്യമല്ല. തന്റെ അനന്തതയും നിത്യത്വവും സ്വന്തമാക്കാനും സാധ്യമല്ല. തനിക്കുള്ള സകലത്തോടുംകൂടെ തന്നെപ്പോലെ ഒരു മനുഷ്യന്റെ

www.malankaralibrary.com



സ്വഭാവം ഉണ്ടാക്കാൻ ഒരു മനുഷ്യനും കഴിയില്ല. അതുപോലെ തനിക്കുള്ള സകലത്തോടുംകൂടെ ദൈവം ഒരു ദൈവത്തിൻെറ സ്വഭാവം ഉണ്ടാക്കുന്നില്ല. - അവിടുന്നു തൻെറ കൃപയാൽ സൃഷ്ടികളുടെമേൽ മനുഷ്യന് ആധിപത്യവും മേൽക്കോയ്മയും നൽകി; അതുപോലെ പങ്കിടാൻ പറ്റുന്നവയൊക്കെ നൽകി എന്നതു ശരിതന്നെ - എന്തുകൊണ്ടെന്നാൽ ദൈവത്തിന് തൻെറ സ്വഭാവം തന്നെ "നൽകാൻ" സാധ്യമല്ല, മറ്റൊരു പ്രകൃതത്തിന് ദൈവമായിരിക്കാനും കഴിയില്ല. തൻെറതന്നെ സ്വഭാവത്തിൻെറ മഹനീയനാമം സ്വാഭാവികമായി മറ്റു ള്ളവയ്ക്കു നൽകാൻ ദൈവത്തിനു സാധ്യമല്ല.

എല്ലാറ്റിനെക്കാളും മഹനീയവും എല്ലാറ്റിലും ഉപരിയും എല്ലാറ്റിൻെറയും കാരണവും സർവശക്തവും ആയ തൻെറ ആരാധ്യമായ സ്വഭാവത്തിൻെറ ആരാധ്യമായ നാമത്തിലും വിളികളിലും വച്ച് തൻെറ നിത്യസത്തയുടെ ശരി യായ പേര് *ദൈവം (ആലാഹാ)* എന്നതാണ്. അത് മാറ്റമില്ലാത്തതും വ്യതിയാ നാതീതവുമാണ്. അവിടുന്നുമാത്രം നിത്യമായും സ്വാഭാവികമായും സ്ഥിതി ചെയ്യുന്നു. അവിടുത്തെ നാമോച്ചാരണത്തിൽ ബൗദ്ധികജീവികളുടെ മനസ്സ് എല്ലാ ദൃശ്യാദൃശ്യവസ്തുക്കൾക്കുമുപരിയായി ഉയർത്തപ്പെടുകയും ശ്രേഷ്ഠ തരമായിത്തീരുകയും ചെയ്യുന്നു. അവിടുത്തെ നാമോച്ചാരണത്തിൽ മനുഷ്യ പ്രകൃതിയിൽ ഭയം ജനിക്കുന്നു; 'പിശാചുക്കൾപോലും വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു' എന്നു മത്സരക്കാരെപ്പറ്റിയും എഴുതപ്പെട്ടിരിക്കുന്നു (യാക്കോ. 2:19). മാനുഷികബുദ്ധിയിൽ അവിടുത്തെപ്പറ്റിയുള്ള അറിവ് വർഷി ക്കപ്പെട്ടിരിക്കുന്നു. - അവിടുത്തെ സത്തയെപ്പറ്റിയല്ല, പിന്നെയോ അസ്തിത്വ ത്തെപ്പറ്റി. - സുബുദ്ധിയുള്ളവർക്കു സൃഷ്ടികളിൽനിന്നു സ്രഷ്ടാവിനെ അറി യാൻ കഴിയും എന്നതിനു സംശയമില്ല. "അവരുടെ ഹൃദയത്തിൽ എഴുതപ്പെട്ടി രിക്കുന്നു" എന്നിത്യാദിയും (റോമാ 2:15) ബുദ്ധിയുടെ പ്രവർത്തനങ്ങളിലൂടെ സൃഷ്ടികൾക്ക് ദൈവത്തിൻെറ നിഗൂഢകാര്യങ്ങൾ വെളിവാകുന്നു" എന്നും (1:20) കാണുക.

ചിലരെ "ദൈവം" എന്നു വിളിക്കുന്നത് ബഹുമാനസൂചകമായോ, ബന്ധം കൊണ്ടോ ആകാം. അല്ലെങ്കിൽ അഹങ്കാരവും മാത്സര്യവും കൊണ്ടാകാം. സാത്താൻ ആദിയിൽ ആദത്തിൻെറ അടുത്തു വന്നത് അഹങ്കാരവും മത്സരവും കൊണ്ടാണ്. 'നിന്നെ ഞാൻ ഫറവോന് ദൈവമാക്കിയിരിക്കുന്നു' എന്ന് ദൈവം മോശയോടു പറഞ്ഞത് (പുറ.7:1) ബഹുമാനസൂചകമായും ബന്ധംകൊണ്ടു മാണ്. നീ ദൈവമാണെന്നല്ല, നിന്നെ ഞാൻ ആക്കിയിരിക്കുന്നു എന്നാണ് അവി ടുന്നു പറഞ്ഞത്. എന്നാൽ ഫറവോൻ മരിച്ചു, അഹറോൻ കടന്നുപോയി, മോശയുടെ അധികാരം അവസാനിച്ചു. "നിങ്ങൾ ദൈവങ്ങളാണെന്നു ഞാൻ പറഞ്ഞു"(സങ്കീ. 82:6). നിങ്ങൾ സത്യമായും ദൈവങ്ങളാണെന്നല്ല; ബഹുമാ

www.malankaralibrary.com



നസുചകമായി 'ഞാൻ പറഞ്ഞു' എന്നാണ് അവൻ പറഞ്ഞത്. എന്നാൽ അവസാനം എന്താണ്? "എങ്കിലും നിങ്ങൾ മനുഷ്യരെപ്പോലെ മരിക്കും" (7). അതായത്, നിങ്ങളുടെ മർത്യപ്രകൃതിക്കനുസരിച്ച്. അതുകൊണ്ട്, *'ആലാഹാ'* എന്ന വ്യതിരിക്തവും അനന്യവും ആയിട്ടുള്ള നാമം ശരിയായി മഹോന്നതരീതിയിൽ മാറ്റം കൂടാതെയും വ്യതിയാനം കൂടാതെയും പ്രത്യേകമായും സ്വാഭാവികമായും ദൈവത്തിനു മാത്രമുള്ളതാണ്. അവിടുത്തെ നിത്യസത്ത വ്യതിയാനാതീതമാണ്. അതുപോലെതന്നെ അവിടുത്തെ സ്വാഭാവികനാമവും വ്യതിയാനാതീതമാണ്. അത് അവിടുത്തേക്കു മാത്രമുള്ളതാണ്. സ്വഭാവത്താലെയും ശരിയായും മറ്റാർക്കും അതു ചേരുന്നതല്ല.

"എന്നേക്കുമുള്ള എൻെറ നാമം ഇതാകുന്നു, എന്നെന്നേക്കുമുള്ള എൻെറ അനുസ്മരണ ഇതാകുന്നു" എന്ന് അവിടുന്ന് മോശയോട് അരുൾ ചെയ്തു (പുറ. 3:15). അവിടുത്തെക്കുറിച്ചും അവിടുത്തെ നിഗൂഢമായ മഹോന്നതയുടെ ആരാധ്യനാമത്തെക്കുറിച്ചും ഉള്ള ഒരു മഹനീയമായ അടയാളമായി സൃഷ്ടിയുടെ ആരംഭംമുതൽ അവിടുന്ന് ഇപ്രകാരം വിളിക്കപ്പെട്ടു. ആരംഭകാലത്ത് അവയോടൊപ്പം തൻെറ ആരാധ്യനാമവും നൽകപ്പെട്ടു: "ആദിയിൽ ദൈവം സൃഷ്ടിച്ചു"; "ഉണ്ടാകട്ടെ എന്നു ദൈവം പറഞ്ഞു" എന്നിത്യാദി. "അതു നല്ലതെന്നു ദൈവം കണ്ടു" (ഉല്പ.1:1-3,10). താൻ നിർമ്മിച്ച് പൂർത്തീകരിച്ച എല്ലാറ്റിലും, ബുദ്ധിജീവികളുടെ ശ്രവണത്തിനും മനനത്തിനുമായി അവിടുത്തെ നാമം ഉച്ചരിക്കപ്പെട്ടു. "താൻ നിർമ്മിച്ചവയെല്ലാം ദൈവം കണ്ടു; ഇതാ അവ വളരെ നന്നായിരിക്കുന്നു", "താൻ നിർമ്മിച്ചവയെല്ലാം ദൈവം പൂർത്തിയാക്കി (1:31; 2:2). മറ്റു നാമങ്ങളെ സംബന്ധിച്ചും ഇപ്രകാരംതന്നെ. ചിലത് അവിടുത്തെ അധികാരം, കർതൃത്വം, പരിപാലന, ന്യായവിധി എന്നിവ സംബന്ധിച്ചുള്ളതാണ്; മറ്റുള്ളവ തനിക്കില്ലാത്തവയുമായി ബന്ധപ്പെടുന്നതാണ്. അവിടുന്ന് തൻെറ സത്തയിൽ മഹനീയനും എല്ലാറ്റിൽനിന്നും മറഞ്ഞിരിക്കുന്നവനും സൃഷ്ടികൾക്കുള്ളതുപോലെയുള്ള വസ്തുക്കൾ ഇല്ലാത്തവനും ആണെന്ന് അവ സുചിപ്പിക്കുന്നു.

*"ആയിരിക്കുന്ന സ്വയംസ്ഥിതൻ"* അഥവാ *'എഹ്യേ അഷെർ എഹ്യെ'* (പുറ.3:14) അവിടുന്ന് മാറ്റംകൂടാതെ നിത്യമായി സ്ഥിതിചെയ്യുന്നു എന്നത് സൂചിപ്പിക്കുന്നു. അല്ലെങ്കിൽ, "ഞാനാണ് ദൈവം മറ്റൊരാളില്ല" (ഏശാ. 45:22). അതുപോലെയുള്ള ഭാഗങ്ങളും. എന്നാൽ അഴിവിനതീതൻ, അമർത്യൻ, അദൃശ്യൻ, അക്ഷീണൻ, നിദ്രാവിഹീനൻ, വ്യതിയാനരഹിതൻ, ആവശ്യങ്ങളില്ലാത്തവൻ, അഗ്രാഹ്യൻ എന്നു തുടങ്ങിയവ നിഷേധപദങ്ങളാണ്. അതായത് അവിടുത്തെ സ്വഭാവത്തിന് അവയില്ലെന്നർത്ഥം. അത്തരം കാര്യങ്ങളേക്കാൾ അവിടുന്നു മഹനീയനും ഉന്നതനുമാണെന്നു സാരം. പിന്നീട്, "കർത്താവ്", "ഭരണാ

www.malankaralibrary.com



ധികാരി", "ന്യായാധിപൻ" "വിജ്ഞാനി"; അതുപോലെ പരിപാലന, ന്യായവിധി എന്നിവ സംബന്ധിച്ചുള്ള പേരുകളുണ്ട്. തന്റെ ദിവ്യവ്യാപാര ത്തിന്റെ വിവിധ വഴികളെ അവ വ്യക്തമാക്കുന്നു. എന്നാൽ അവിടുന്നു തന്റെ സത്തയിൽ എല്ലാറ്റിനെക്കാളും ഉന്നതനാണെന്നുള്ളത് സംബന്ധിച്ചു മാലാഖമാരും എല്ലാ ദൈവശാസ്ത്രജ്ഞന്മാരും മഹനീയ നിശബ്ദത പാലിക്കുന്നു. കാരണം, മോശ അവിടുത്തെ ദർശിക്കാൻ ആഗ്രഹിച്ചപ്പോൾ അവിടുന്ന് തന്റെ അദൃശ്യാവ സ്ഥയെപ്പറ്റി പഠിപ്പിച്ചു. "എന്നെ ദർശിക്കുന്നവൻ പിന്നെ ജീവിച്ചിരിക്കില്ല" (പുറ.33:20). "ദൈവത്തെ ആരും കണ്ടിട്ടില്ല" എന്നു സ്നാപകനും "പിതാവായ ദൈവത്തിൽ നിന്നുള്ളവനല്ലാതെ മറ്റാരും പിതാവിനെ കണ്ടിട്ടില്ല" എന്നും "എന്റെ പിതാവ് എന്നെ അറിയുന്നു, ഞാൻ എന്റെ പിതാവിനെയും" എന്നും നമ്മുടെ കർത്താവും പറയുന്നു (യോഹ. 1:18; 6:46; 10:15). "മനുഷ്യനിലുള്ളത് അവനിലുള്ള ആത്മാവല്ലാതെ മറ്റാരും അറിയുന്നില്ല"; ദൈവത്തിലുള്ളത് എന്താ ണെന്ന് ദൈവാത്മാവല്ലാതെ മറ്റാരും അറിയുന്നില്ല എന്നു ശ്ലീഹായും സാക്ഷി ക്കുന്നു (1 കൊറി. 2:11).

അതുകൊണ്ട് ദൈവത്തിന്റെ അഗ്രാഹ്യതയിലൂടെ അവിടുന്നു സത്യ ദൈവമാണെന്ന് ഇവയിൽ നിന്നെല്ലാം വ്യക്തമാണ്. അറിവിനുപരിസ്ഥമാണ് ആ അജ്ഞത. അഗ്രാഹ്യനും ആദ്യന്തനും ആർക്കും സമീപിക്കാൻ പാടില്ലാത്ത പ്രകാശത്തിൽ വസിക്കുന്നവനുമായ ദൈവത്തെപ്പറ്റിയുള്ള സത്യജ്ഞാനം അതാകുന്നു. തങ്ങളുടെ അവസ്ഥപോലും ഗ്രഹിക്കാൻ സൃഷ്ടികൾ അശക്ത രായിരിക്കെ ആർക്കും സമീപിക്കാൻ വഹിയാത്തയാളിന്റെ സ്വഭാവം എങ്ങ നെയാണ് സൃഷ്ടികൾക്കു വ്യക്തമാക്കിക്കൊടുക്കാൻ കഴിയുക? നമ്മുടെ കർത്താവായ മിശിഹാ ജഡത്തിൽ പ്രത്യക്ഷപ്പെടുന്നതുവരെ, ആരാധ്യമായ ദൈവത്വത്തിന്റെ ഏകസ്വഭാവത്തെപ്പറ്റി ശിശുസമാനമായ അറിവു മാത്രമേ ലോകത്തിനു ലഭിച്ചിരുന്നുള്ളു. വെളിപാടുകൾ വഴിയും വിവിധ രീതികളിലും ബുദ്ധിജീവികൾ അവിടുത്തെ സത്തയെ സംബന്ധിച്ച് കുറച്ച് അറിവ് പ്രാപി ച്ചി രുന്നു. അങ്ങനെ ദൈവം ഏകനാണെന്നും, തന്റെ സത്തയിൽ നിത്യമായി സ്ഥിതിചെയ്യുന്നെന്നും അവിടുന്ന് സ്രഷ്ടാവും നിർമ്മാതാവും എല്ലാറ്റിന്റെയും കാരണവും സൃഷ്ടിയുടെ ഭരണകർത്താവും എല്ലാവരെയും കൊല്ലുകയും ജീവി പ്പിക്കുകയും ചെയ്യുന്നവനും ആണെന്നും അവർ പഠിപ്പിച്ചു. "അവൻ ഞാനാ ണെന്ന് കാണുക, ഞാനല്ലാതെ മറ്റൊരു ദൈവമില്ല; ഞാൻ കൊല്ലുകയും ജീവിപ്പിക്കുകയും ചെയ്യുന്നു". "ഞാൻ കർത്താവും നീതിമാനായ ദൈവവും രക്ഷകനുമാണ്". "എല്ലാ മുട്ടുകളും എന്റെ മുമ്പിൽ മടങ്ങും. എന്റെ നാമത്തിൽ എല്ലാവരും പ്രതിജ്ഞ ചെയ്യുക"(ആവ. 32:39; ഏശാ. 45:21.24). അവിടുത്തേക്ക് എന്നുമെന്നേക്കും താൻ സൃഷ്ടിച്ച എല്ലാ സൃഷ്ടികളിൽനിന്നും മഹത്ത്വമുണ്ടാ യിരിക്കട്ടെ". ആമ്മീൻ.

www.malankaralibrary.com

## അധ്യായം 3

# അഗ്രാഹ്യമായ ദൈവസ്വഭാവം

*അനന്തവും എല്ലാറ്റിലും വസിക്കുന്നതുമായ ദിവ്യസ്വഭാവം വസിക്കുന്നവരിലായി പങ്കിടപ്പെടാതിരിക്കുന്നത് എങ്ങനെയാണ്?*

**ദൈ**വത്തെപ്പറ്റിയുള്ള മഹോന്നത കാര്യങ്ങളെപ്പറ്റി നാം ആദ്യം സംസാരിച്ചു; അവ വിശ്വാസം വഴി നാം ഗ്രഹിക്കുന്നു; അവ വിശകലന വിധേയമല്ല. കാരണം, അദൃശ്യമായതിനെ നാം എങ്ങനെ അപഗ്രഥിക്കും? ആർക്കും സമീപിക്കാൻ സാധിക്കാത്തവനെ എങ്ങനെ മനസ്സിലാക്കും? എല്ലാം അവനെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. അവനിലൂടെയാണ് എല്ലാം സ്ഥിതി ചെയ്യുന്നതും പരിപാലിക്കപ്പെടുന്നതും. തന്റെ അദൃശ്യകരങ്ങളിൽ തന്റെ വചനത്തിന്റെ ശക്തിയാൽ എല്ലാറ്റിനെയും അവിടുന്ന് ഒന്നിച്ചുചേർക്കുന്നു. അവിടുത്തെ തൃക്കരങ്ങളിൽ ഒതുങ്ങിക്കൂടിയിരിക്കുന്നവർ എങ്ങനെ അവിടുത്തെ ദർശിക്കുകയും അറിയുകയും ചെയ്യും എന്ന് എന്നോടു പറയുക. അവർക്കവനെ കാണാൻ കഴിയുകയില്ല, എന്നാലവിടുന്ന് തന്റെ നിത്യമായ അഗ്രാഹ്യതയിൽ അവയിലെല്ലാമുണ്ട്, എന്നാൽ അവയ്ക്കെല്ലാം ഉപരിസ്ഥനുമാണ്; കാരണം, സൃഷ്ടിക്ക് തന്റെ സ്രഷ്ടാവിനെ മനസിലാക്കാനോ, ഉൾക്കൊള്ളാനോ, വിശകലന വിധേയനാക്കാനോ ഒരുതരത്തിലും സാധ്യമല്ല. നിർമ്മാതാവിനെ മനസിലാക്കാൻ നിർമ്മിക്കപ്പെട്ടതിനു സാധിക്കുകയില്ല. കാരണം, ഒരുതുള്ളി ജലംപോലെയും ഒരു ഗോതമ്പുതരിപോലെയും അവ അവന്റെ കൈകളിൽ വയ്ക്കപ്പെട്ടിരിക്കുന്നു. നിന്റെ ഉള്ളംകൈയിൽ വച്ചിരിക്കുന്ന ഒരു സാധനം നിന്നെ എങ്ങനെ മനസിലാക്കും എന്ന് എന്നോടു പറയുക. അത് എന്തെങ്കിലും മനസിലാക്കിയാൽ തന്നെ, അതു നിന്റെ കൈയിലാണെന്നുമാത്രം അതിനു മനസിലാകും. ഈ രീതിയിൽ തങ്ങളുടെ സ്രഷ്ടാവിനെ അറിയാൻ സൃഷ്ടികൾക്കു കൃപ നൽകപ്പെട്ടിരിക്കുന്നു. അവിടുന്നു നിത്യമായി സ്ഥിതിചെയ്യുന്നെന്നും, അവ അവിടുത്തെ കരങ്ങളിലാണെന്നും അവിടുന്ന് അവയെ പരിപാലിച്ചു ഭരിക്കുന്നെന്നും മാത്രം അവ അറിയുന്നു. എന്നാൽ തന്റെ സത്തയുടെ യഥാർത്ഥപ്രകൃതം

www.malankaralibrary.com



നമ്മുടെ അറിവിനെ ഉല്ലംഘിക്കുന്നു. എന്തുകൊണ്ടെന്നാൽ നമ്മിലുള്ളതും പ്രവർത്തിക്കുന്നതും വിവിധ രീതികളിൽ നമ്മുടെ ശരീരത്തെ പ്രവർത്തന സജ്ജമാക്കുന്നതും ആയ നമ്മുടെ ആത്മാവിൻെറ യഥാർത്ഥ പ്രകൃതംപോലും അറിയാൻ നമുക്കു കഴിവില്ല. ആത്മാവ് നമ്മിലുണ്ടെങ്കിലും ഞൊടിയിടകൊണ്ട് അതിൻെറ ചിന്ത നമ്മിൽനിന്നു പുറത്തേക്കു കടന്ന് എല്ലായിടത്തും എത്തുന്നു; വായുപോലെയാണോ അതു നമ്മിൽ സ്ഥിതിചെയ്യുന്നത്, അഗ്നിപോലെ ശരീരത്തിൻെറ എല്ലാ ഭാഗങ്ങളെയും അതു മൂടുന്നുണ്ടോ, അതിൻെറ സ്വഭാവം ശരീരം മുഴുവനുമുണ്ടോ, അതോ ഒരവയവത്തിലേ ഉള്ളോ, അതോ അതിൻെറ ശക്തി എല്ലാ അവയവങ്ങളിലുമുണ്ടോ എന്നു തുടങ്ങിയ കാര്യങ്ങളൊന്നും നമുക്കറിയില്ല.

*ക്നോമാ* ഇല്ലാത്ത ഒരു ശക്തിക്ക് ദൃശ്യവസ്തുക്കളെപ്പറ്റിയുള്ള അവബോധം എങ്ങനെയുണ്ടാകും എന്ന് എന്നോടു പറയുക. കാഴ്ചയും കേൾവിയും മറ്റ് ഇന്ദ്രിയങ്ങളുംവഴി അത് എങ്ങനെയാണ് അറിവ് നേടുന്നത്? സ്പർശനം കൂടാതെ വായു, അഗ്നി ആദിയായ മാധ്യമവസ്തുക്കളിലൂടെ എങ്ങനെയാണത് അറിവു പകരുന്നത്? ഒരു കലവറയിലെന്നവണ്ണം പതിനായിരക്കണക്കിന് ചിന്തകളും വിവരങ്ങളും അതെങ്ങനെയാണ് സ്വരൂപിച്ചുവയ്ക്കുന്നത്? കൂടിക്കലരാതെയും ക്രമമായിട്ടും ഒരു പണ്ടകശാലയിലെന്നവണ്ണം അവിടെ സ്ഥിതിചെയ്യുന്നു; ആവശ്യമുള്ളപ്പോൾ, അതു ക്രമീകൃതമായും അത്യത്ഭുതകരമായും പുറത്തുവരുന്നു. കാഴ്ച, കേൾവി എന്നിവകളിലൂടെ അതു വീണ്ടും അനേകരുടെ അകത്തു കടക്കുന്നു; അവ അവിടെ സുരക്ഷിതമായിരിക്കുന്നു; പിന്നെ വേർപെട്ടു പോകുന്നുമില്ല. അതിൻെറ ആന്തരിക കലവറ എന്താണ്? അവയെ സൂക്ഷിച്ചുവയ്ക്കുന്ന ഓർമ്മശക്തി എന്താണ്? ചിന്തയുടെ ഉറവിടം എവിടെയാണ്? ചിലത് നമ്മെ സന്തുഷ്ടരാക്കുന്നു, ചിലതു നമ്മെ ദുഃഖിപ്പിക്കുന്നു. അവ നിന്നെ വിട്ടുപോകുന്നില്ല, അവയെ നീ എങ്ങനെ അകറ്റുന്നു? നിനക്ക് യോജിപ്പില്ലാത്ത ഒരു കാര്യം എങ്ങനെയാണ് നീ പറയുക? ചിലപ്പോൾ അവ നിന്നിൽ നിശബ്ദമായി വസിക്കുന്നു, ചിലപ്പോൾ അവ പൊന്തിവരുന്നു, അതിൻെറ കാരണമെന്താണ്? ചില കാര്യം കേൾക്കുമ്പോൾ നമുക്ക് സന്തോഷമോ ദുഃഖമോ ഉണ്ടാകുന്നു, ശരീരത്തെ ദുഃഖത്തിലാഴ്ത്തുന്നു, നമ്മെ ചുരുക്കുന്നു, മഞ്ഞളിപ്പിക്കുന്നു, ചിലപ്പോൾ അതിൽ ആത്മാവ് സന്തോഷിക്കുന്നു, ശരീരം ആനന്ദതുന്ദിലമാകുന്നു, സന്തോഷംകൊണ്ട് ചുവന്നുതുടിക്കുന്നു? എന്തുകൊണ്ടാണിതൊക്കെ? സ്വാഭീഷ്ടമനുസരിച്ചല്ലാതെയുള്ള സ്വാഭാവിക വേദനകളിൽ ഓർമയും കാഴ്ചയും എന്തുകൊണ്ടാണ് അസ്വസ്ഥമാകുന്നത്? നിന്ദ്യമായ വികാരങ്ങളുടെ നിരർത്ഥക ഓർമ്മകൾ എന്തുകൊണ്ടാണ് ഭയത്താൽ ഓടിയകലുന്നത്? ഇവയൊക്കെ എങ്ങനെ സംഭവിക്കുന്നു? കാതിൻെറ ശ്രവ

www.malankaralibrary.com



ണമോ കാഴ്ചയോ മണക്കാത്തത് എന്തുകൊണ്ട്? മൂക്ക് കേൾക്കാത്തതും സ്പർശനശക്തി രുചിക്കാത്തതും എന്തുകൊണ്ട്?

നിന്നെ സംബന്ധിച്ചുള്ള കാര്യങ്ങൾ കണ്ടെത്താനോ, നിന്നിലുള്ള നിസാര സംഗതികൾ ഗ്രഹിക്കാനോ നിനക്കു കഴിയില്ലെങ്കിൽ, നിന്റെ സ്രഷ്ടാവായ ദൈവത്തിന്റെ സ്വഭാവവും അവിടുത്തെ അഗ്രാഹ്യസത്തയുടെ അവസ്ഥയും അപഗ്രഥിക്കാൻ നിനക്കെങ്ങനെ സാധിക്കും? ഇക്കാരണത്താൽ, "ദൈവത്തിന്റെ ഹൃദയം" എന്നു വിളിക്കപ്പെട്ട ദാവീദ് ആദ്യമായി തന്നെപ്പറ്റിയുള്ള കാര്യങ്ങൾ പ്രസ്താവിക്കയും "എന്നെക്കാൾ മഹനീയമാണ് അറിവും അത്ഭുതവും" എന്ന് അത്ഭുതപരതന്ത്രനായി പറയുകയും ചെയ്തു. അജ്ഞതയിലുള്ള ഈ അറിവ് എന്നെ അത്ഭുതപ്പെടുത്തുന്നു, എന്റെതന്നെ അവസ്ഥ എനിക്ക് അഗ്രാഹ്യമാണ്; എന്റെ സൃഷ്ടിതന്നെ ബലഹീനചിന്തയ്ക്കുപരിസ്ഥമാണ്; എന്നെത്തന്നെ അറിയാൻ എന്നെക്കൊണ്ടു സാധിക്കുന്നില്ല. തുടർന്ന് തന്റെ നിർമ്മാതാവിന്റെ അഗ്രാഹ്യസ്വഭാവത്തെപ്പറ്റി അവൻ പ്രസ്താവിക്കുന്നു. അവിടുന്ന് അനന്തമായും അഭേദ്യമായും ഭാഗികമല്ലാതെയും, കൂട്ടിക്കുഴച്ചിൽ കൂടാതെയും മാറ്റിമറിക്കൽ കൂടാതെയും എല്ലാറ്റിലുമാണ്, പരമമായും എല്ലാറ്റിലുമാണ്; എല്ലാ ഭാഗങ്ങളിലുമാണ്. എന്നാൽ എല്ലാറ്റിനും ഉപരിസ്ഥവുമാണ്. എല്ലാറ്റിനെയും തന്നെക്കൊണ്ട് അവിടുന്നു നിറയ്ക്കുന്നു. "നിന്നിൽനിന്ന് ഞാൻ എവിടെപ്പോകും; നീ സ്ഥിതി ചെയ്യാത്ത ഒരിടവുമില്ല"- നിന്റെ സ്വഭാവത്തിന്റെ അനന്തതകൊണ്ട് അവയെല്ലാം നിറഞ്ഞിരിക്കുന്നു. "ഞാൻ ഉന്നതത്തിലേക്ക്" - അതായത് മഹോന്നതങ്ങളിലേക്കു - "കരേറിയാൽ നീ അവിടെയുണ്ട്". - പരമമായും അനന്തമായും നീ മുഴുവനായും - "ഞാൻ പാതാളത്തിലേക്കിറങ്ങിയാൽ" - അതായത് ആഴങ്ങളുടെ ആഴങ്ങളിലേക്ക് - "അവിടെയും നീയുണ്ട്". - വിഭജനം കൂടാതെ, പരമമായും പൂർണമായും. "ഞാൻ കഴുകനെപ്പോലെ ചിറകു വിരിച്ചാൽ" - വേഗത്തിലും മാനസികൊരുക്കത്തിലും- പൂർണമായതിന്റെ ഒരു ഭാഗമായ "കടലിന്റെ ആഴത്തിൽ പോയി വസിച്ചാൽ നിന്റെ കരം എന്നെ അവിടെയും പിടികൂടും; നിന്റെ വലത്തുകൈ എന്നെ പരിപാലിക്കും" - അതായത് പരമമായും ഭാഗികമല്ലാതെയും നീ മുഴുവനായി അവിടെയുണ്ട് (സങ്കീ.139:7-10). പരമമായും നീ മുഴുവനായും ഓരോരുത്തർക്കും സന്നിഹിതനാണ്. നീ അവരെ കൈകളിൽ വഹിക്കുകയും നിന്റെ പരിപാലന അവരെ വഴി നടത്തുകയും ചെയ്യുന്നു. നിന്നെ അവരിൽ നിന്നകറ്റുന്ന യാതൊന്നുമില്ല; കാരണം, നീ ഭാഗികമല്ലാതെയും അഭേദ്യനായും അനന്തമായും പരമമായി പൂർണമായും സ്ഥിതിചെയ്യുന്നു. സ്ഥലകാലങ്ങളാൽ അകന്നുകഴി യുന്ന എല്ലാ മനുഷ്യർക്കും വേണ്ടിയാണ് ദാവീദ് ഇവിടെ സംസാരിക്കുന്നത്.

www.malankaralibrary.com



സാമാന്യമനുഷ്യർക്കുവേണ്ടി മറ്റൊരുദാഹരണത്താൽ ഇതു വ്യക്തമാക്കാം. നമ്മുടെ കർത്താവിൻെറ ദിവ്യരഹസ്യങ്ങൾക്കായി ആകാശത്തിൻ കീഴിൽ ബലിപീഠത്തിൽ അപ്പവും വീഞ്ഞും വയ്ക്കപ്പെടുന്നു; വൈദികൻെറ വിശുദ്ധ വചനങ്ങളാൽ ഞൊടിയിടകൊണ്ട് പരിശുദ്ധാത്മാവ് അവാച്യമാംവിധം ഇറങ്ങിവരികയും എല്ലായിടത്തുമുള്ള ബലിപീഠങ്ങളിലെ ദിവ്യരഹസ്യങ്ങളെ പൂർത്തീകരിക്കുകയും അവയെ മിശിഹായുടെ ഏക ശരീരമാക്കിത്തീർക്കുകയും ചെയ്യുന്നു. മിശിഹായുടെ അനേകം ശരീരങ്ങൾ എന്നു നാം പറയുന്നില്ല. പിന്നെയോ അനേകം ബലിപീഠങ്ങളിലുള്ള മിശിഹായുടെ ഏകശരീരം. കുർബാനയിലെ ചെറിയ ഭാഗത്തിലും അവിടുത്തെ ശരീരം പൂർണമായിട്ടുണ്ട്. ഓരോ ഭാഗത്തിലും പരിശുദ്ധാത്മാവിൻെറ കൃപയും ഉണ്ട്. ഓരോന്നിലും പൂർണമായി അവിടുന്നുണ്ട്.

മറ്റൊരുദാഹരണം: എല്ലായിടങ്ങളിലും ഏക മാമോദീസായാണ്; അനേകം മാമോദീസാ എന്നു നാം പറയാറില്ല. മാമോദീസാ ഭാഗങ്ങളായി വിഭജിക്കപ്പെടുന്നുമില്ല. അമർത്യതയുടെ അച്ചാരമായി ആത്മാവിലുള്ള ജനനത്തിലൂടെ ഒരോ സ്നാനത്തിലും ഏകസ്നാനം പൂർണമാകുന്നു. ഈ ദൃഷ്ടാന്തങ്ങളിലൂടെ എല്ലാറ്റിൻെറയും സ്രഷ്ടാവായ ദൈവത്തെ സംബന്ധിച്ച കാര്യങ്ങൾ ഒരുപക്ഷേ നമുക്കു മനസിലാക്കാൻ കഴിഞ്ഞേക്കും. തന്നിൽ നിന്നാണ് കൃപയും ധാരാളമായ കരുണയും പരിപൂർണ ദാനങ്ങളും വരുന്നത്. ദൈവത്തിൻെറ സ്വഭാവം തൻെറ അസ്തിത്വത്തിൽ അനന്തമായി സ്ഥിതി ചെയ്യുന്നു. അവിടുന്നു പൂർണമായി എല്ലാറ്റിലും, അഭേദ്യമായും വേർതിരിവില്ലാതെയും കൂട്ടിക്കുഴച്ചിൽ കൂടാതെയും സങ്കലനം കൂടാതെയും ഭാഗികമല്ലാതെയും സ്ഥിതിചെയ്യുന്നു. അവിടുന്നു പൂർണമായി എല്ലാറ്റിനും സന്നിഹിതനാണ്; ഓരോ ഭാഗത്തിനും അവിടുന്നു പൂർണമായും സന്നിഹിതനാണ്; അവിടുന്നു പൂർണമായും അവയ്ക്കെല്ലാം ഉപരിസ്ഥനാണ്, അവിടുന്നു പൂർണമായും അഗ്രാഹ്യമായും അവാച്യമായും എല്ലാറ്റിലുമാണ്.

മറ്റൊരു രീതിയിൽ: സൃഷ്ടികളിൽനിന്ന് സ്രഷ്ടാവിലേക്ക്: തൻെറ പ്രവൃത്തികളിൽനിന്ന് വിശ്വസ്തതയിൽ വിശ്വാസികൾക്ക്: ദൃശ്യസൂര്യൻെറ സഞ്ചാരപഥം നമുക്കജ്ഞാതമാണ്. - അത് ഋജുവായി ഒരേ ലൈനിൽ കൂടിയാണോ അതോ ചക്രംപോലെയാണോ സഞ്ചരിക്കുന്നത് - ഏതായാലും അതുദിച്ചുയരുമ്പോൾ എല്ലാ സൃഷ്ടികളെയും അതു പ്രകാശിപ്പിക്കുകയും തുറന്ന ജാലകങ്ങളിലൂടെ പതിനായിരക്കണക്കിനു രശ്മികൾ അകത്തു കടക്കുകയും ഓരോ രശ്മിയിലും അതിനെ പൂർണമായി ദർശിക്കാൻ കഴിയുകയും ചെയ്യുന്നു. അതോടൊപ്പം ചൂടും പ്രകാശവും ലഭിക്കുന്നു പൂർണമായി എല്ലായിടത്തും, അകത്തും പുറത്തും അതു കാണപ്പെടുന്നിടത്തെല്ലാം, അഭേദ്യമായി, പൂർണ

www.malankaralibrary.com



മായി കാണപ്പെടുന്നു. ഭാഗികമായി നാം അതിനെ കാണുന്നു എന്നു പറയാറില്ല; പിന്നെയോ പൂർണമായി എല്ലാവർക്കും ഓരോരുത്തർക്കും അഭേദ്യമായും വിഭജനം കൂടാതെയും കാണപ്പെടുന്നു. ഇതൊരു നിസാരമായ ദൃഷ്ടാന്തമാണ്. എങ്കിലും അതുപോലെ, നിത്യസ്വഭാവത്തിൻെറ ആരാധ്യസത്തയെപറ്റിയും നാം ചിന്തിക്കണം. അവിടുന്ന് അഭേദ്യമായും പരമമായും പൂർണമാണ്; അനന്ത യാഥാർത്ഥ്യം ഭാഗങ്ങൾകൊണ്ടുണ്ടായതല്ല. അവിടുത്തെ സത്ത വിഭജിക്കപ്പെടുന്നതുമല്ല.

വീണ്ടും മറ്റൊരു രീതിയിൽ: 'ഏകദൈവം' എന്നു നാമെല്ലാം വിളിച്ചുപറയാറുണ്ടല്ലോ. കേൾക്കുന്നവരെല്ലാം 'ഏകദൈവം' എന്ന ചിന്ത മനസ്സിൽ പതിപ്പിക്കുന്നു. പതിനായിരക്കണക്കിനു മനുഷ്യരുടെ കാതുകളിലെത്തുന്നു, ഓർമ്മയിൽ പതിയുന്നു. പറഞ്ഞവൻെറയും കേൾക്കുന്നവരുടെയും കാതുകളിലും മനസിലും ഓർമ്മയിലും പൂർണമായി പതിയുന്നു. അതിൻെറ ഓർമ്മ നിലനില്ക്കുന്നു. ഭാഗികമായിട്ടല്ല പൂർണമായി ഓരോരുത്തരിലും നിലനില്ക്കുന്നു. എന്നാൽ 'അനേകം ദൈവങ്ങൾ' ആയിട്ടല്ല. പിന്നെയോ, കേൾക്കുന്ന ഓരോ മനസിലും ഏക പൂർണദൈവമായിട്ടാണ്. സംസാരംവഴി നാമിതു ഗ്രഹിക്കുന്നു. ഇതൊരു നിസ്സാരമായ ഉദാഹരണം മാത്രം. ദിവ്യസ്വഭാവത്തിൻെറ നിത്യസത്തയും ഇതുപോലെയാണ്. അവിടുന്നു പൂർണമായും പരമമായും എല്ലാറ്റിലുമാണ്. എന്നാൽ എല്ലാറ്റിനും ഉപരിസ്ഥനുമാണ്. തൻെറ തിരുഹിതപ്രകാരം അവാച്യമായും അനന്തമായും അഗ്രാഹ്യമായും അഭേദ്യമായും അവിടുന്ന് എല്ലാറ്റിനെയും പരിപാലിക്കുന്നു.

വീണ്ടും മറ്റൊരു രീതിയിൽ: ഒരേ തൊഴിൽ ചെയ്യുന്ന പതിനായിരക്കണക്കിനാളുകളെ കാണാൻ കഴിയും. ഒരാൾതന്നെ ഓരോ ദിവസവും വിവിധരീതികളിലും ജോലി ചെയ്യുന്നു. ഉദാ: ലോഹപ്പണിക്കാരൻ; അനേകം മനുഷ്യർ ചെയ്യുന്ന ലോഹപ്പണി പല ലോഹപ്പണിയെന്നു നാം പറയാറില്ല, 'ഒരേ ഒരു തൊഴിൽ' എന്നേ നാം പറയാറുള്ളു. എന്നാൽ അവയെല്ലാം പൂർണമായി ലോഹപ്പണിയാണ്. ഭാഗികമായി ലോഹപ്പണി എന്നും പറയാറില്ല. ഒരാൾ മറ്റൊരാളെക്കാൾ വിദഗ്ധനായിരിക്കാം. ഓരോരുത്തരും ഓരോ കോടാലി ഉണ്ടാക്കുന്നു, അല്ലെങ്കിൽ അതുപോലെ മറ്റൊന്ന്. വിദ്യാർത്ഥികൾ ഒരു വിദ്യ പൂർണമായി അഭ്യസിക്കുന്നു. വിദ്യ പൂർണമായി ഗുരുവിനു വശമാണ്; ഭാഗികമായിട്ടല്ല. അതുപോലെ എല്ലാറ്റിൻെറയും സ്രഷ്ടാവായ ദൈവം സൃഷ്ടികൾവഴിയും സൃഷ്ടികളിലൂടെയും അവയുടെ പ്രവർത്തനങ്ങളിലൂടെയും അറിയപ്പെടുന്നു. അവവഴി തൻെറ അറിവിൻെറ ആഴവും തൻെറ നിതാന്തവിജ്ഞാനവും തൻെറ അത്ഭുതകരവും അവാച്യവുമായ പ്രവർത്തനവും ദൃശ്യമാക്കുന്നു. അവിടുന്ന് അനന്തമായ സ്വഭാവത്തിൽ ഏകനാണ്. അവിടുന്ന് എല്ലാം പൂർണമായും ഓരോ

www.malankaralibrary.com



ഭാഗത്തും പ്രവർത്തിക്കുന്നു. എന്നാൽ തൻെറ കരവേലകളിൽനിന്ന് അവിടുന്നു തികച്ചും വ്യത്യസ്തനാണ്.

തൻെറ സ്വഭാവത്തിൻെറ അനന്തതയിൽ ദൈവം എല്ലാറ്റിനും സന്നിഹിതനാണ്; എല്ലാറ്റിലും വസിക്കുന്നു. എന്നാൽ അനന്തമായി അവയ്ക്കുപരിസ്ഥനാണ്; എന്തുകൊണ്ടെന്നാൽ "ആകാശത്തിനും ഭൂമിക്കും അവനെ പരിമിതപ്പെടുത്താൻ സാധ്യമല്ല"(ദിന. 6:18). അന്തരീക്ഷത്തിൽ വ്യാപിച്ചിരിക്കുന്ന വായുസമാനം അവിടുന്ന് എല്ലാറ്റിനും സമീപസ്ഥനാണ്, അവിടുന്നാണ് ജീവനും ശ്വാസവും; ജീവനുള്ളവയ്ക്കു വായു എന്നതുപോലെ അവിടുന്ന് എല്ലാറ്റിനും നൽകുകയും എല്ലാറ്റിനെയും സംരക്ഷിക്കുകയും ചെയ്യുന്നു. അവിടുന്നു സംരക്ഷണം പിൻവലിച്ചാൽ സൃഷ്ടികൾ നശിച്ചതുതന്നെ: "നീ തിരുമുഖം പിൻവലിക്കുന്നു; അവ അസ്വസ്ഥമാകുന്നു; നീ നിൻെറ ആത്മാവിനെ എടുക്കുന്നു, അവ മരിക്കുന്നു"(സങ്കീ. 104:29). പൗലോസ് ശ്ലീഹാ ആഥൻസുകാരോടു പറഞ്ഞതുപോലെയാണിത്. ആത്മാവിൻെറ അവസ്ഥയിൽനിന്ന് അവൻ സ്രഷ്ടാവിനെപ്പറ്റി പഠിപ്പിച്ചല്ലോ: അവൻ പറഞ്ഞു: "ലോകം മുഴുവൻ നിറയാൻ അവൻ ഒരുവനിൽനിന്നു മനുഷ്യകുലത്തെ മുഴുവൻ സൃഷ്ടിച്ചു. അവിടുന്നു തൻെറ കല്പനയാൽ കാലങ്ങൾ നിശ്ചയിച്ചു, രാജ്യങ്ങൾക്ക് അതിർത്തി നിശ്ചയിച്ചു; മനുഷ്യർ ദൈവത്തെ തൻെറ സൃഷ്ടികളിലൂടെ തേടിക്കണ്ടെത്താൻ വേണ്ടിയായിരുന്നു ഇത്. എന്തുകൊണ്ടെന്നാൽ അവിടുന്ന് നമ്മിലാരിൽനിന്നും അകന്നവനല്ല. കാരണം, അവനിൽ നാം ജീവിക്കുന്നു, ചരിക്കുന്നു, അവനിലാകുന്നു നമ്മുടെ സത്ത" (നട. 17:26-28). അവിടുത്തേക്ക് എന്നുമെന്നേക്കും മഹത്ത്വം നൽകുക സൃഷ്ടികൾക്കുചിതമാകുന്നു. ആമ്മീൻ.

## അധ്യായം 4

# പഴയനിയമത്തിലെ ത്രിത്വസൂചനകൾ

***ഏകനിത്യസത്തയിലുള്ള ആരാധ്യമായ ത്രിത്വത്തിൻെറ ക്നോമാകളുടെ വെളിപ്പെടുത്തൽ പഴയനിയമത്തിൽ നിഴൽ രൂപത്തിൽ സൂചിതമായിരുന്നു.***

എല്ലാറ്റിൻെറയും സ്രഷ്ടാവും കാരണവും ഏകനിത്യസ്വഭാവവുമുള്ള പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ആരാധ്യമായ *ക്നോമാകളുടെ* വെളി

www.malankaralibrary.com



പ്പെടുത്തൽ സൂചിതമായും ഉപമാമയമായും പഴയനിയമത്തിൽ സൂചിപ്പിക്കപ്പെട്ടിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. നമുക്കു മനുഷ്യനെ നമ്മുടെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കാം" എന്നു ദൈവം പറഞ്ഞു(ഉല്പ.1:26). "എൻെറ ഛായയിൽ" എന്നു പറഞ്ഞില്ല: "എഹ്‌യേ അഷേർ എഹ്‌യേ; എഹ്‌യേ എന്നെ നിൻെറ പക്കലേക്കയച്ചിരിക്കുന്നു" (പുറ. 3:14). അബ്രഹാമിൻെറ ദൈവവും ഇസഹാക്കിൻെറ ദൈവവും യാക്കോബിൻെറ ദൈവവും"(4:5) എന്ന് ദൈവം ദൈവം ദൈവം എന്ന് മൂന്നുപ്രാവശ്യം പറയുന്നത് എല്ലാറ്റിലും തുല്യമായ ഏകനിത്യസ്വഭാവത്തിലുള്ള മൂന്ന് ക്നോമാകളെ കാണിക്കുന്നു. അബ്രഹാമിൻെറയും ഇസഹാക്കിൻെറയും യാക്കോബിൻെറയും ദൈവം" എന്നു പറയാമായിരുന്നു; എന്നാൽ ദൈവത്വത്തിൻെറ ഏകസ്വഭാവത്തിൽ ഐക്യപ്പെട്ട *ക്നോമാകളെ* അവൻ വേർതിരിക്കുന്നു. അബ്രഹാമും ഇസഹാക്കും യാക്കോബും ഏകമനുഷ്യസ്വഭാവത്തിൽ ഉള്ള സൃഷ്ടിക്കപ്പെട്ടതും പരിമിതിയുള്ളതുമായ മൂന്നു *ക്നോമാകൾ* ആയിരിക്കുന്നതുപോലെ ഏക സ്വയംസ്ഥിതവും അപരിമിതവുമായ സ്വഭാവത്തിൽ ഉള്ള മൂന്നു *നിത്യക്നോമാകളാണ്* പിതാവും പുത്രനും പരിശുദ്ധാത്മാവും. "വരൂ, നമുക്കു താഴേക്കിറങ്ങി അവിടെ ഭാഷകൾ വിഭജിക്കാം"(ഉല്പ. 11:7). മൂന്നു പരിശുദ്ധമാക്കലിൻെറ സ്തുതിപ്പിലൂടെ ദൂതന്മാർ ഏശായായ്ക്കും ഇതു മനസിലാക്കിക്കൊടുത്തു(6:3). "സിംഹാസനങ്ങൾ നിരത്തി, പുരാതനൻ ഇരുന്നു "എന്ന് ദാനിയേൽ പ്രവാചകനിൽ (7:9). ഏക സത്തയുള്ള ക്നോമാകളുടെ അടയാളമായിരുന്നിത്. "നിങ്ങളുടെ ദൈവമായ കർത്താവ്, ഏകകർത്താവാകുന്നു" (ആവ. 6:4). ഇവയും ഇതുപോലെയുള്ളവയുമായ വിശുദ്ധ വാക്യങ്ങളും നിത്യമായ ഏകദൈവസ്വഭാവത്തെ യഥാർത്ഥത്തിൽ വ്യക്തമായി കാണിക്കുന്നു. അതേസമയം, ഏക നിത്യസ്വഭാവത്തിലും ഏകബഹുമാനത്തിലും അധികാരത്തിലും ഉള്ളതും എല്ലാ സൃഷ്ടികളുടെയും ഹേതുവുമായ ആരാധ്യമായ ക്നോമാകളുടെ ചൂണ്ടിക്കാണിക്കലിൻെറ സൂചന അവയിലുണ്ട്. തൻെറ എല്ലാ സൃഷ്ടികളിൽനിന്നും തനിക്ക് എന്നുമെന്നേക്കുമുള്ള മഹത്ത്വം യോഗ്യമാകുന്നു. ആമ്മീൻ.

www.malankaralibrary.com

## അധ്യായം 5

# ത്രിത്വപ്രബോധനം - പുതിയനിയമത്തിൽ

*ഏകനിത്യ അസ്തിത്വത്തിൽ ഉള്ള പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും ആരാധ്യമായ ക്നോമാകൾ നമ്മുടെ കർത്താവേശുമിശിഹായുടെ ജഡത്തിലെ വെളിപാടിൽ വ്യക്തമായി അറിയിക്കപ്പെട്ടു.*

സമയത്തിൻെറ പൂർത്തീകരണത്തിൽ ദീർഘമായ ഉപദേശങ്ങളിലൂടെ മനുഷ്യപ്രകൃതി പക്വത ആർജിക്കാൻ തുടങ്ങി. സ്രഷ്ടാവും എല്ലാറ്റിൻെറയും കാരണവുമായ ഏകദൈവത്തെ അറിയുന്നതിന് ശിശുസഹജമായ നിയമത്തിലൂടെ ദൈവം അവരെ ഒരുക്കി. വിവിധരീതികളിലുള്ള അജ്ഞതയുടെ പതിനായിരം തെറ്റുകളിൽനിന്ന് വിമുക്തരാക്കപ്പെടുന്നതിനും നിരവധി ദേവന്മാരിൽനിന്നും അസംഖ്യം ദേവതകളിൽനിന്നും അകറ്റപ്പെടുന്നതിനും വേണ്ടിയായിരുന്നിത്. മൂന്നു *ക്നോമാകളിൽ* പ്രഘോഷിക്കപ്പെടുന്ന ഏക ദൈവസ്വഭാവത്തെക്കുറിച്ചുള്ള പൂർണമായ അറിവ് സ്വീകരിക്കാൻ നമ്മുടെ പ്രകൃതി കഴിവുറ്റതായപ്പോൾ, തൻെറ സൃഷ്ടിയിൽ അനുകമ്പ തോന്നിയ ദൈവം, തൻെറ പുത്രനെ ലോകത്തിലേക്കയച്ചു; അവൻ ജഡത്തിലെ തൻെറ വെളിപാടുവഴി നമ്മെ പഠിപ്പിക്കുകയും പ്രകാശിപ്പിക്കുകയും ദൈവത്വത്തിൻെറ ക്നോമാകളെ സംബന്ധിച്ച് നമുക്കു വ്യക്തമാക്കിത്തരികയും ചെയ്തു. ഈ പ്രഘോഷണത്തിൻെറയും ജീവൻെറ സുവിശേഷത്തിൻെറയും ആരംഭംമുതൽ നമ്മുടെ ജീവൻെറ ഉറവിടവും നമ്മുടെ ദൈവവുമായ നമ്മുടെ കർത്താവേശുമിശിഹാ പൂർത്തിയാക്കിയ ദൈവിക വ്യാപാരത്താലേ, എപ്രകാരം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു ആരാധ്യമായ *ക്നോമാകൾ* വെളിവാക്കപ്പെടുകയും അറിയിക്കപ്പെടുകയും പരിശുദ്ധാത്മാവിൻെറ ആവാസത്തിനുശേഷം പിന്നീട് എപ്രകാരം വ്യക്തമായി അറിയിക്കപ്പെടുകയും ചെയ്തെന്നു നോക്കാം.

വചനമായ ദൈവത്തിൻെറ തിരുവവതാരത്തിൻെറ, ജഡത്തിലുള്ള തൻെറ വ്യാപാരത്തിൻെറ ആരംഭത്തിൽ, ഭാഗ്യവതിയായ മറിയത്തിൻെറ പക്കൽ ഗബ്രിയേൽ മാലാഖ മംഗലവാർത്ത അറിയിച്ച അവസരം, - ഇതുരണ്ടും ഒന്നി

www.malankaralibrary.com



കുറേശ്ശെ കുറേശ്ശെ പഠിപ്പിക്കാൻ തുടങ്ങി:"ഞാനും എന്റെ പിതാവും ഒന്നാകുന്നു"(യോഹ. 10:30). "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു"(14:9); "ഞാൻ എന്റെ പിതാവിലും എന്റെ പിതാവ് എന്നിലുമാകുന്നു"(14:11). "പുത്രനല്ലാതെ പിതാവിനെ ആരും അറിയുന്നില്ല" (മത്താ. 11:27); "പിതാവ് മരിച്ചവരെ ഉയിർപ്പിച്ച് ജീവിപ്പിക്കുന്നതുപോലെ, പുത്രനും തനിക്കിഷ്ടമുള്ളവർക്കു ജീവൻ നൽകുന്നു" (5:21); "എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു" (5:17); പിതാവിൽനിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവ്" (15:26)"പരിശുദ്ധാത്മാവ് വന്നു കഴിയുമ്പോൾ അവൻ എല്ലാ സത്യങ്ങളും നിങ്ങളെ പഠിപ്പിക്കും"(16:13).

വീണ്ടും, നമ്മുടെ ആദ്യഫലത്തിന്റെ മരണത്തിൽ നിന്നുള്ള ഉത്ഥാനത്തിൽ വിശുദ്ധ സഭ ത്രിത്വത്തെപ്പറ്റിയുള്ള സത്യം പഠിപ്പിക്കുന്നു: പിതാവായ ദൈവം മരിച്ചവരിൽനിന്ന് അവനെ ഉയിർപ്പിച്ചു"(നട. 4:10). തന്റെ മനുഷ്യത്വവുമായി യോജിച്ചിരുന്ന ദൈവത്വത്തിന്റെ നാമത്തിൽ പുത്രൻ പറഞ്ഞു: "നിങ്ങൾ ഈ ആലയം തകർക്കുവിൻ; മൂന്നു ദിവസങ്ങൾക്കുശേഷം ഞാൻ അതിനെ പുനരുദ്ധരിക്കും"(യോഹ. 2:19). പരിശുദ്ധാത്മാവിന്റെ *ക്നോമാ* സംബന്ധിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു: "നമ്മുടെ കർത്താവേശുമിശിഹായെ മരിച്ചവരിൽ നിന്നുയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നെങ്കിൽ, നമ്മുടെ കർത്താവേശുമിശിഹായെ മരിച്ചവരിൽ നിന്നുയിർപ്പിച്ചവൻ, നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവുമൂലം നിങ്ങളുടെ മർത്യശരീരങ്ങളെയും ഉയിർപ്പിക്കും"(റോമാ 8:11).

വീണ്ടും, തന്റെ ഉത്ഥാനാനന്തരം ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കുവാനും വിഗ്രഹാരാധനയിൽനിന്ന് *ക്നോമാകളുടെ* ത്രിത്വമായി അറിയപ്പെടുന്ന ഏകദൈവത്തെപ്പറ്റിയുള്ള സത്യജ്ഞാനത്തിലേക്ക് ജനതകളെ തിരിക്കാനും അവിടുന്നു തന്റെ ശിഷ്യരെ പഠിപ്പിച്ചപ്പോൾ അവിടുന്ന് അവരോടു പറഞ്ഞു: "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുവിൻ"(മത്താ. 28:19). അവിടുന്ന് സകലവും ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ച്, അസ്തിത്വത്തിലെത്തിച്ചു; അതുപോലെ തന്റെ നിത്യ ത്രിത്വത്തിന്റെ ശക്തിയാൽ അവിടുന്നു സകലവും നവീകരിക്കുന്നു.

ഏകസത്ത അഥവാ "സ്വഭാവം" എന്നു പറയുമ്പോൾ അത് അനന്തവും സകലത്തിന്റെയും ഹേതുവുമാണ്. അത് മൂന്നു അനന്ത *ക്നോമാ*കളിലാണ്. തങ്ങളുടെ *പർസോപ്പാകളുടെ* സവിശേഷതകളിൽ മാത്രം വ്യതിരിക്തവുമാണ്. അതുപോലെ നിത്യനായ പുത്രനുമായുള്ള ഐക്യത്താൽ മനുഷ്യത്വം ഏക

www.malankaralibrary.com



പുത്രനാണ് എന്നാൽ അനന്തമായ സ്വഭാവത്തിന്റെ നിത്യമായ *ക്നോമാകൾ* വ്യതിരിക്തമാണെങ്കിലും, സത്തയിൽ ഐക്യപ്പെട്ടിരിക്കുന്നു; അനന്തമായി യോജിച്ചിരിക്കുന്നെങ്കിലും, അവയുടെ ക്നോമാകളിൽ സത്താപരമായും കുട്ടിക്കുഴച്ചിൽ കൂടാതെയും അനന്തമായും, അഭേദ്യമായും വ്യതിരിക്തമായിരിക്കുന്നു. അവയുടെ ഇടയിൽ, *ക്നോമായിൽ* ഒന്ന് മറ്റൊന്നിന്റെ മുമ്പിലല്ല; അതിന്റെ പർസോപ്പായിൽ ഒന്നു മറ്റൊന്നിന്റെ പിമ്പിലുമല്ല. പിതാവ്, പിതാവ് മാത്രമാണ്; പുത്രൻ പൂർണമായും വിശകലനാതീതമാംവിധം ഏകജാതനായ പുത്രൻ മാത്രമാണ് - കേവലത്തിൽനിന്നുള്ള കേവലം - തന്റെ സവിശേഷതകളിൽ അനന്യൻ; മറ്റൊരാളില്ല. പിതാവ് നിത്യമായും എന്നേക്കും സ്ഥിതിചെയ്യുന്നു; നമ്മെപ്പോലെ ഘട്ടം ഘട്ടമായിട്ടല്ല; മറ്റൊരു പുത്രനോടുകൂടിയുമല്ല; സത്താപരമായി പിതാവായി സ്ഥിതി ചെയ്യുന്നു - താൻ മാത്രമായിരിക്കുന്ന പുത്രന്റെ താൻ മാത്രമായിരിക്കുന്ന പിതാവ്. വ്യതിരിക്തമായും അവാച്യമായും അതുല്യമായ സവിശേഷതകളോടുകുടിയും പൂർണമായ സ്വാഭാവികപിതാവിന്റെ പൂർണമായ സ്വാഭാവികപുത്രൻ. സത്താപരമായി പിതാവായിരിക്കുന്നതും സത്താപരമായി പുത്രനായിരിക്കുന്നതുമായി, പിതാവിനു വേറെ പുത്രനില്ല. പിതാവ് തന്റെ പിതൃത്വത്തിൽ ആരംഭരഹിതനായിരിക്കുന്നതുപോലെ തന്റെ പുത്ര ത്വത്തിൽ പുത്രനും ആരംഭമില്ല. പിതാവിന് പുത്രനായിരിക്കാൻ കഴിയില്ല; സവിശേഷതകൾ പങ്കുവയ്ക്കാനും കഴിയില്ല. പിതാവ് സത്താപരമായും എന്നേക്കും സ്ഥിതിചെയ്യുന്നു; പുത്രനും സത്താപരമായും എന്നേക്കും സ്ഥിതി ചെയ്യുന്നു. പരിശുദ്ധാത്മാവ് പിതാവും പുത്രനുമല്ല; പിന്നെയോ, സത്താപര മായും നിത്യമായും പിതാവിൽനിന്നു പുറപ്പെടുന്നു. പിതാവ് തന്റെ പിതൃത്വ ത്തിലും പുത്രൻ തന്റെ പുത്രത്വത്തിലും ആരംഭമില്ലാതിരുന്നതുപോലെ പരിശുദ്ധാത്മാവിന്റെ പുറപ്പാടിനും ആരംഭമില്ല. പുറപ്പാടു സത്താപരവും എന്നേക്കും ഉള്ളതുമാണ്. "പിതാവിൽനിന്നു ജനിച്ചതുപോലെ" മറ്റൊരു ജനനം ഇല്ലാത്തതുപോലെ, പിതാവിൽ നിന്നുള്ള പരിശുദ്ധാത്മാവിന്റെ പുറപ്പാടുപോലെ മറ്റൊരു പുറപ്പാടില്ല. പിതാവിൽ നിന്നു മാത്രം പുറപ്പെടുന്ന പരിശുദ്ധാത്മാവ് പിന്നെ ഉള്ളതല്ല. നിത്യമായി പിതാവിൽനിന്ന് പുത്രൻ ജനിച്ചതിനാൽ, പിതാവ് പുത്രനു മുമ്പനല്ല; അതുപോലെ, പരിശുദ്ധാത്മാവ് പുത്രനു ശേഷവുമല്ല; പുത്രൻ, പിതാവിനുശേഷമല്ല; പിതാവ് തന്റെ നിത്യമായ പിതൃത്വം വിട്ടുകളയുന്നില്ല. പുത്രൻ തന്റെ നിത്യമായ പുത്രത്വവും പരിശുദ്ധാത്മാവ് തന്റെ നിത്യമായ പുറപ്പാടും അവസാനിപ്പിക്കുകയും തുടങ്ങുകയും ചെയ്യുന്നില്ല. നിത്യമായ അസ്തിത്വത്തിന്റെ ഏകവും ഐക്യപ്പെട്ടതുമായ സ്വഭാവത്തിൽ സത്താപരമായി പിതാവും സത്താപരമായി പുത്രനും സത്താപരമായി പുറപ്പെടുന്ന പരിശുദ്ധാത്മാവും സ്ഥിതിചെയ്യുന്നു.

www.malankaralibrary.com



സൂര്യഗോളം അതിൻെറ പ്രകാശകേന്ദ്രത്തിനു മുമ്പുള്ളതല്ല. സൂര്യഗോളത്തിനും പ്രകാശകേന്ദ്രത്തിനുംശേഷമല്ല ചൂട്. ഇവ മൂന്നും ശക്തികളാണ്, *സ്വയംസ്ഥിത ക്നോമാകളല്ല.* ത്രിത്വത്തിൻെറ അഗ്രാഹ്യത സ്പഷ്ടമാക്കാനുള്ള ഒരു ശ്ലൈഹികദൃഷ്ടാന്തമാണിത്. ശ്ലീഹാ "ഉജ്ജ്വലപ്രകാശം" എന്നു പറയുന്നു; അതോടുകൂടി "*തൻെറ ക്നോമായുടെ ഛായ*" എന്നും കൂട്ടിച്ചേർക്കുന്നു. ഇവിടെ ശക്തികളാണെങ്കിൽ, അവിടെ *ക്നോമാകളാണ് -സമ്പൂർണ ക്നോമായിൽ* നിന്നുള്ള *സമ്പൂർണ ക്നോമാ;* പിതാവ് *സമ്പൂർണ ക്നോമായാണ്;* പുത്രൻ *സമ്പൂർണ ക്നോമായാണ്;* പരിശുദ്ധാത്മാവ് *സമ്പൂർണ ക്നോമായാണ്.* ഏകസ്വഭാവത്തിൻെറ ഏകനിത്യത്വത്തിൽ കാരണവും കാര്യവും പോലെ. സൂര്യൻ ചൂടും രശ്മിയും കൂടാതെയല്ല. സൂര്യഗോളവും പ്രകാശവും ചൂടും ഒന്നിച്ചുചേർന്ന് ഏകസൂര്യനെ കാണുന്നു. രശ്മി സൂര്യൻെറ 'സന്തതി' എന്നും ചൂട് അതിൽനിന്നു പുറപ്പെടുന്നു എന്നും വേണമെങ്കിൽ പറയാം.

അതുപോലെ, ഇടിമുഴക്കത്തിൻെറ പുത്രനും മറ്റൊരു കാര്യം പ്രഘോഷിച്ചു: "ആദിയിൽ വചനം ഉണ്ടായിരുന്നു". 'ആദിയിൽ' എന്നതിന് മുൻപ് യാതൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ 'വചനം' എന്ന *ക്നോമായുടെ* നാമത്തിലൂടെ പിതാവിൻെറയും പരിശുദ്ധാത്മാവിൻെറയും *ക്നോമാകളെപ്പറ്റി* അവൻ കാര്യമായി നമ്മെ ബോധവൽക്കരിക്കയാണു ചെയ്യുക. ആത്മാവും ജീവനും ഇല്ലാതെ 'സംസാരശക്തി' ഇല്ല എന്നത് വ്യക്തമാണല്ലോ. അതുകൊണ്ട് ഒരാത്മാവിനെപ്പറ്റി പറയുമ്പോൾ അതിൻെറ ജീവനും ബൗദ്ധികതയും അതോടൊപ്പം ഉൾക്കൊള്ളുന്നു. അവ ഒന്നിനു പിറകെ മറ്റൊന്നായിട്ടല്ല, വിഭജിതമായിട്ടുമല്ല. ഒന്നു മറ്റൊന്നിന് മുൻപുമല്ല. ബുദ്ധിശക്തി ആത്മാവിൻെറ സവിശേഷതയാണ്; ആത്മാവിന് ബുദ്ധിശക്തിയും ജീവനും ഉണ്ട്. എന്നാൽ ഇതൊരു ദൃഷ്ടാന്തവും വിവരണവുംമാത്രം; കാരണം, ഇവ ശക്തികളും പ്രവർത്തനങ്ങളുമാണ്. എന്നാൽ അവിടെയാകട്ടെ, *ക്നോമായില്ലാത്ത* വെറും ശക്തികളല്ല; പിന്നെയോ *സമ്പൂർണ ക്നോമാകളാണ്;* ഇക്കാരണത്താൽ, "ആദിയിൽ വചനം ഉണ്ടായിരുന്നു" എന്നു പറഞ്ഞിട്ട്, അതിൻെറ *ക്നോമായെപ്പറ്റി* അവൻ തുടരുകയും വ്യക്തമാക്കുകയും ചെയ്യുന്നു. "വചനം ദൈവത്തോടു കൂടിയായിരുന്നു; വചനം ദൈവമായിരുന്നു"(യോഹ.1:1). *ക്നോമായോടുകൂടി ക്നോമാ, ക്നോമായിൽനിന്നു ക്നോമാ;* കാരണത്തിൽനിന്ന് കാര്യം; പിതാവ് പുത്രൻെറ ഹേതുവാണ്. പുത്രൻ പിതാവിൽനിന്നു ജനിച്ചു. പരിശുദ്ധാത്മാവ് അവനിൽനിന്നു പുറപ്പെടുന്നു. പിതൃത്വം, പുത്രത്വം, പുറപ്പാട് എന്നിവയൊഴിച്ച് എല്ലാറ്റിലും തുല്യമായ മൂന്നു *ക്നോമാകളിലുള്ള* സ്വഭാവം ഏകമാണ്- പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം-പ്രകാശം, പ്രകാശം, പ്രകാശം, ഏകപ്രകാശം.

www.malankaralibrary.com



"ഒരുദാഹരണംവഴി ഇതു വ്യക്തമാക്കാം: പ്രതിഛായയിൽനിന്ന് ഛായയിലേക്കു കടക്കാം. "ഏകസ്വഭാവത്തിൽ " എപ്രകാരം ഈ പദങ്ങൾ യാഥാർത്ഥ്യമായിരിക്കുന്നു എന്നു കാണാം: ആദാം ആരുടേയും അദ്യജാതനായിരുന്നില്ല; അവൻ ഒരിക്കലും പുത്രനും ആയിരുന്നില്ല. അവൻെറ പുത്രനായി ഹാബേലിനെ അവൻ ജനിപ്പിച്ചു. അവൻ ജനിച്ചു എങ്കിലും ഒരിക്കലും ജനകനായിരുന്നില്ല. ഹവ്വാ 'പുറപ്പെട്ടു' എന്നു പറയാം. അവൾ ജനിച്ചു എന്നു നാം പറയുന്നില്ല. അവൾ ആർക്കും പുത്രിയായിരുന്നില്ല; സഹോദരിയുമായിരുന്നില്ല. ഈ ദൃശ്യലോകത്തിൽ ആദാമ്യകുലത്തിൽ കൂട്ടിക്കുഴയ്ക്കപ്പെടാതെ ഏകസ്വഭാവത്തിൽ *ക്നോമാകൾ* അവയുടെ പ്രത്യേകതകൾ സംരക്ഷിച്ചെങ്കിൽ, നിത്യത്രിത്വത്തെപ്പറ്റി എങ്ങനെ സംശയിക്കാൻ കഴിയും? ആരംഭം കൂടാതെയും വ്യതിയാന രഹിതമായും പിതൃത്വത്തിൻെറയും പുത്രത്വത്തിൻെറയും പുറപ്പാടിൻെറയും *അനന്തക്നോമാകളിൽ* ത്രിത്വം സ്ഥിതിചെയ്യുന്നു. സത്താപരമായി ഏക നിത്യയാഥാർത്ഥ്യമാണ് ത്രിത്വം. ത്രിത്വത്തിൽ ഏകദൈവത്വം, ഏകദൈവത്വത്തിൽ ത്രിത്വം. ത്രിത്വമോ ഏകത്വമോ കൂടാതെയല്ല ദൈവത്വം. ദൈവത്വമോ ഏകത്വമോ കൂടാതെയല്ല ത്രിത്വം. പിതാവെന്ന് നീ വിളിക്കുന്നില്ലേ? പിതാവെന്ന പേരിൽ അഭേദ്യമായി പുത്രൻ അടങ്ങിയിരിക്കുന്നു; അതുപോലെയാണ് പിതാവിൽനിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവും. ആത്മാവും വിശുദ്ധിയും ഇല്ലാതെ പിതാവും പുത്രനും ഇല്ല. അതുപോലെ അനന്തമായി പിതാവിലും പുത്രനിലും വസിക്കാതെ പരിശുദ്ധാത്മാവും ഇല്ല. കാരണം, ത്രിത്വത്തിൻെറ സ്വഭാവം മൊത്തത്തിൽ ആത്മാവ് എന്നു വിളിക്കപ്പെടുന്നു. "ദൈവം ആത്മാവാകുന്നു"(യോഹ. 4:24). ദൈവത്വത്തിൻെറ ആഴങ്ങൾ പരിശുദ്ധാത്മാവ് പരിശോധിക്കുന്നു"(1 കൊറി. 2:10).

ജനകൻ, ജനിച്ചവൻ, പുറപ്പെട്ടവൻ - മൂന്നു *ക്നോമാകൾ* ഏകസ്വഭാവം. ഏകദൈവം, സമയാതീതൻ, സീമാതീതൻ; ഏകദൈവം, മൂന്നു ക്നോമാകൾ; മൂന്നു ക്നോമാകൾ, ഏകദൈവം, ഏകഅധികാരം, ഏകശക്തി, ഏക കർതൃത്വം, ഏകഇച്ഛ, വ്യതിയാനരഹിതമായ ഏകസത്ത, ആരംഭരഹിതമായ ഏക അനന്തത, സഹനാതീതമായ ഏകനിത്യത. സത്ത എപ്രകാരമാണ് എന്നുള്ളത് അവർക്കായി മാത്രം വിട്ടുകൊടുത്തേക്കൂ. തങ്ങളുടേതായ കാര്യങ്ങളെല്ലാം അവർ മാത്രം സ്വയം അറിയുന്നു; അതുപോലെ കൂട്ടിക്കുഴച്ചിൽ കൂടാതെയുള്ള അവരുടെ പരസ്പര വാസത്തിൻെറ അനന്തതയും. മിശിഹായുടെ സമ്പൽസമൃദ്ധി വിശകലനാതീതമാണെങ്കിൽ, ദൈവത്വത്തിൻെറ സ്വഭാവം എത്രയധികമായിരിക്കും? പിതാവു മാത്രം പുത്രനെ അറിയുന്നുള്ളു; അതുപോലെ അവിടുന്ന് എങ്ങനെ ജനിച്ചു എന്നതും. പിതാവിനെപ്പറ്റിയുള്ള കാര്യങ്ങൾ പുത്രനു മാത്രമേ അറിയാവൂ. പരിശുദ്ധാത്മാവ് ദൈവത്വത്തിൻെറ ആഴങ്ങൾ പരിശോധിക്കുന്നു.

www.malankaralibrary.com



മനുഷ്യാ, വിശ്വസിക്കു; പരിശോധിക്കേണ്ട. നിന്റെ ദോഷത്തിനല്ല, നന്മയ്ക്കായി, സൂര്യനെ പരിഗണിക്കുക. കത്തിപ്പോകാനല്ല; ചൂടുകിട്ടാൻ അഗ്നിയെ സമീപിക്കുക. കർത്താവിനെ ശ്രദ്ധിച്ച് ഉറപ്പായി വിശ്വസിക്കുക:"ഞാൻ എന്റെ പിതാവിലും എന്റെ പിതാവ് എന്നിലും ആകുന്നു" (യോഹ.14:10). അന്വേഷണത്തിൽനിന്ന് അവിടുന്നു നിന്നെ വിമുക്തനാക്കിയിരിക്കുന്നു; അവിടുത്തെ സത്തയുടെ അവസ്ഥയെ സംബന്ധിച്ച് മൗനം അവലംബിക്കുന്നു; കാരണം, ഇത് ബുദ്ധിജീവികളുടെ ധാരണയ്ക്ക് ഉപരിസ്ഥമാണ്. സുവിശേഷ പ്രഘോഷണം നടത്തി ത്രിത്വനാമത്തിൽ സ്നാനം നൽകാൻ തന്റെ ശിഷ്യരോട് അവിടുന്നു കല്പിച്ചപ്പോഴും അതിന്റെ സത്തയുടെ അവസ്ഥ എന്താണെന്ന് അവരോടു പറഞ്ഞില്ല. പിന്നെ എന്തു പറഞ്ഞു? വിശ്വസിച്ച് സ്നാനപ്പെടുന്നവർ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവർ കുറ്റക്കാരായി വിധിക്കപ്പെടും" (മർക്കോ. 16:16). "പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്; പുത്രനെ അനുസരിക്കാത്തവർ ജീവൻ ദർശിക്കുകയില്ല; ദൈവകോപം അവന്റെമേൽ ഉണ്ട്" എന്നു സ്നാപകനും പറഞ്ഞു (യോഹ. 3:36).

ദൈവകോപം നമ്മുടെമേൽ നിപതിക്കാതിരിക്കാൻ, പരിശോധനകൂടാതെ ഈ സംഗതികൾ വിശ്വസിച്ച് അനുസരിക്കാം. വിശ്വാസക്കപ്പൽ കൂടാതെ അഗ്രാഹ്യതയുടെ കടലിലേക്ക് എടുത്തുചാടുന്നവർ മുങ്ങിനശിക്കും. എന്തുകൊണ്ടെന്നാൽ "ദൈവം ആത്മാവാകുന്നു; ആത്മാവ് തനിക്കിഷ്ടമുള്ളിടത്ത് ഊതുന്നു" (യോഹ. 4:24; 3:8). ദൈവത്വത്തിന്റെ ഈ സംഗതികൾ പരിശോധനാതീതവും അന്വേഷണാതീതവുമാണെന്ന് പ്രിയപ്പെട്ട യോഹന്നാൻ നമ്മെ അറിയിക്കുന്നു: "ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടിയായിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടി ആയിരുന്നു"(1:1). 'ആദിയിൽ ദൈവം ദൈവത്തോടുകൂടി ആയിരുന്നു' എന്നു നാലുപ്രാവശ്യം അവൻ പറയുന്നു; എന്നാൽ അതെങ്ങനെ ആയിരുന്നു എന്ന് അവൻ പറയുന്നില്ല.

ഭാഗ്യവാനായ പൗലോസ് നമ്മെ പഠിപ്പിക്കുന്നു: അവനിലൂടെ അവൻ ലോകങ്ങളെ നിർമ്മിച്ചു; അവൻ തന്റെ മഹത്ത്വത്തിന്റെ തേജസ്സും തന്റെ സത്തയുടെ മുദ്രയും ആകുന്നു" (എബ്രാ. 1:2-3). പിതാവിന്റേതുപോലെ അവന്റെ *ക്നോമായും* പൂർണമാണെന്ന് അവൻ പഠിപ്പിക്കുന്നു; എന്നാൽ സത്ത ഏപ്രകാരമാണ് എന്നതിനെപ്പറ്റി അവനും മൗനം അവലംബിക്കുന്നു. ഏകസത്തയിലുള്ള മൂന്നു *ക്നോമാകളുടെ* സൂചനയായി മാലാഖമാർ മൂന്നുപ്രാവശ്യം "പരിശുദ്ധൻ" എന്നു പാടിസ്തുതിച്ചു (ഏശാ. 6:3). എന്നാൽ സത്തയുടെ അവസ്ഥയെപ്പറ്റി അവർ ഗ്രഹിച്ചില്ല, പഠിപ്പിച്ചുമില്ല. അതുപോലെ സഭയും "പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ,

www.malankaralibrary.com



ഞങ്ങളോടു കരുണചെയ്യണമെ" എന്ന് ഏക പരിശുദ്ധ പിതാവിനെയും ഏക പരിശുദ്ധ പുത്രനെയും ഏകപരിശുദ്ധ റൂഹായേയും ഏക സ്തുതിയിൽ മഹത്ത്വപ്പെടുത്തുന്നു. മാലാഖമാർ ഈ ഗീതം പാടി; വിശുദ്ധ സഭ അതുകേട്ടു ഗ്രഹിക്കുകയും സംശയാതീതമായി പാടുകയും ചെയ്യുന്നു; മൂന്നു വിശുദ്ധ *ക്നോമാകളിലുള്ള* ഏകപരിശുദ്ധ സ്വഭാവത്തിനുവേണ്ടി "മൂന്നു പരിശുദ്ധൻ" എന്നതിൽ ഏക പരിശുദ്ധി. ത്രിത്വത്തിൽ ദ്വിത്വമില്ല; അതുപോലെ ചതുർത്വമോ, പഞ്ചമമോ ഇല്ല. സാംഖികമായ ത്രിത്വമല്ല; കാരണം, ഒന്നും ഒന്നും ഒന്നും, ഏകദൈവമാണ്; ഏകദൈവം ഏകമാണ്; വേർപാടുകൂടാതെ ഒന്നും ഒന്നുമാണ്. കുട്ടിക്കുഴച്ചിൽ കുടാത്ത അനന്തതയാണ്. പിതാവ് എന്നു നീ വിളിക്കുന്നുവോ? അവനിലും അവൻെറ പുത്രനിലും വിശ്വസിക്കുക. പുത്രനിൽ നീ വിശ്വസിക്കുന്നുവോ? അവൻെറ പരിശുദ്ധാത്മാവിനെ ഏറ്റുപറയുക. പിതൃത്വത്തിൻെറ വ്യതിരിക്തവും നിത്യവുമായ പർസോപ്പാ ഒരു പ്രത്യേക നാമമായിരിക്കുന്നതുപോലെ, പുത്രത്വത്തിൻെറ നിത്യവും വ്യതിരിക്തവുമായ പർസോപ്പാ, ഒരുപ്രത്യേക നാമമാണ്; പുറപ്പാടിൻെറ നിത്യവും വ്യതിരിക്തവുമായ പർസോപ്പായും ഒരു പ്രത്യേക നാമമാണ് - സ്രഷ്ടാവിൽ നിന്നുള്ള സ്രഷ്ടാവ്, സർവശക്തനിൽ നിന്നുള്ള സർവശക്തൻ, അനന്തതയിൽ നിന്നുള്ള അനന്തത, സ്വയംസ്ഥിതമായ നിത്യത്രിത്വം, സ്വയംസ്ഥിത ത്രിത്വത്തിലെ നിത്യസത്ത.

സബെല്ലിയസിൻെറ അഭക്തിപോലെ, ശൂന്യമായ മൂന്നു നാമങ്ങളിലും ഏകസ്വഭാവത്തിലുമുള്ള ഏക *ക്നോമായല്ല*, പിന്നെയോ, ഏകസ്വഭാവത്തിലുള്ള സമഗ്രവും പൂർണവുമായ *ക്നോമാകൾ.* വീണ്ടും, ആരിയൂസിൻെറ കിറുക്കുപോലെ, *ക്നോമാകൾ* അവയുടെ സത്തയിൽ വേർപെട്ടിരിക്കുന്നില്ല; പിന്നെയോ, ആദാമും ഹവ്വായും ഹാബേലും ഏകസ്വഭാവമായിരിക്കുന്നതുപോലെ ഏകസ്വഭാവത്തിൽ മൂന്നു *ക്നോമാകൾ*-ജനകൻ, ജനിച്ചവൻ, പുറപ്പെടുന്നവൻ. പിതാവ് സത്യമായും പിതാവാണ്; പുത്രൻ സത്യമായും പുത്രനാണ്; പരിശുദ്ധാത്മാവ് സത്യമായും ആത്മാവാണ് - തെറ്റുകൂടാത്ത ഏകസത്യം, വ്യതിയാനാതീതമായ ഏകപ്രകാശം, മാറ്റമില്ലാത്ത ഏകസ്വഭാവം, അഴിവില്ലാത്ത ഏകസത്ത, മാറ്റമില്ലാത്ത ഏകനിത്യത്വം, ഇടതടവില്ലാതെ ആയിരിക്കുന്ന അവസ്ഥയിൽ എന്നേക്കും നിലനില്ക്കുന്നു. പിതാവിൽനിന്ന് പുത്രനേയോ, അവർ ഇരുവരിൽനിന്ന് പരിശുദ്ധാത്മാവിനെയോ വെട്ടിമാറ്റിയാൽ അവിടെ സത്യം അവസാനിക്കുന്നു; അസത്യംമാത്രം അവിടെയുണ്ടാകുന്നു. പരിശോധകാ, പിതാവിൻെറ ക്നോമായിൽനിന്ന് പുത്രൻെറ ക്നോമായെ വിവരിക്കാനും 'ആദിയിൽ' എന്നതിന് 'ഒന്നാമതായി' എന്ന് എണ്ണുവാനും നീ പരിശ്രമിച്ചാൽ, പുത്രൻെറ ക്നോമാ നിൻെറ എണ്ണത്തെ ലജ്ജിപ്പിക്കും: "ഞാൻ എൻെറ പിതാവിൽ ആകുന്നു"(യോഹ. 14:10). ഇടിമുഴക്കത്തിൻെറ പുത്രൻ നിനക്കെതിരെ ഗർജിച്ചു

www.malankaralibrary.com



കൊണ്ട് നിന്നെ നിശബ്ദനാക്കും: "ആദിയിൽ വചനം ഉണ്ടായിരുന്നു" (1:1). വീണ്ടും, പിതാവിനുശേഷം രണ്ടാമതായി പുത്രനെ എണ്ണാൻ നീ പരിശ്രമിച്ചാൽ, എണ്ണങ്ങളുടെ ക്രമീകരണത്തിൽനിന്ന് പിതാവ് നിന്നെ ദൂരെ എറിഞ്ഞുകളയും. "എൻെറ പിതാവ് എന്നിലാകുന്നു". "എന്നിൽ വസിക്കുന്ന എൻെറ പിതാവ്" (14:10). വീണ്ടും, നിൻെറ എണ്ണത്തെ ക്രമീകരിക്കാനും അനന്തനായ പിതാവിനോടും അനന്തനായ പുത്രനോടും ഉള്ള ബന്ധത്തിൽ നിന്ന് പരിശുദ്ധാത്മാവിനെ വേർതിരിക്കയും പരിമിതിയിൽ ഒതുക്കുകയും ചെയ്യാനും മുതിർന്നാൽ, അനന്തനായ പരിശുദ്ധാത്മാവ് തൻെറ ദൈവത്വത്തിൽ നിൻെറമേൽ ഊതുകയും നിൻെറ ജീവനെ നശിപ്പിക്കുകയും ചെയ്യും-"പിതാവിൽ നിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവ് (15:26). അവിടുന്നു പുറപ്പെടുന്നെങ്കിലും പരിമിതനല്ല; അവിടുന്ന് ആരംഭവും അവസാനവുമില്ലാതെ, എന്നുമെന്നേക്കും അവനിലും അവനോടുകൂടിയും എന്നേക്കുമായിട്ടാണ് പുറപ്പെടുന്നത്; പിതാവ് പുത്രനിലും പുത്രൻ പിതാവിലും; പരിശുദ്ധാത്മാവ് പിതാവിലും പുത്രനിലും അനന്തമായും കൂട്ടിക്കുഴച്ചിൽ കൂടാതെയും വേർതിരിവ് കൂടാതെയും മാറ്റിമറിക്കൽ കൂടാതെയും സമ്മിശ്രം കൂടാതെയും അപരിച്ഛേദ്യമായും പരസ്പരം വസിക്കുന്നു. അവർക്കു തമ്മിൽ വ്യത്യാസം ഉണ്ടെങ്കിലും ഐക്യപ്പെട്ടിരിക്കുന്നു; ഐക്യപ്പെട്ടിരിക്കുന്നെങ്കിലും വ്യത്യാസപ്പെട്ടിരിക്കുന്നു. നിത്യവും അനന്തവുമായ ഏക സ്വഭാവത്തിൽ പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും ആരാധ്യമായ ക്നോമാകളിൽ ഐക്യം കൂടാതെ വ്യത്യാസമില്ല, വ്യത്യാസം കൂടാതെ ഐക്യവുമില്ല. ഏക ശക്തി, ഏക പ്രവർത്തനം, ഏക ഇച്ഛ, ഏക കർതൃത്വം, ഏക അധികാരം, ഏക ദൈവത്വം. ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാ അധരങ്ങളിൽനിന്നും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും എന്നുമെന്നേക്കും ഏക ആരാധന. ആമ്മീൻ.

www.malankaralibrary.com

# അധ്യായം 6

# വചനമാം ദൈവത്തിന്റെ മനുഷ്യാവതാരം

*ദൈവത്വത്തിന്റെ സ്വഭാവം ഏകവും പുത്രനുമായി സമസത്തയുമാണ് എങ്കിലും ഈ ആരാധ്യമായ വ്യാപാരത്തിന്റെ പർസോപ്പായിലേക്ക് എടുക്കപ്പെട്ട നമ്മുടെ മനുഷ്യത്വവുമായി പിതാവോ, പരിശുദ്ധാത്മാവോ, ത്രിത്വം മുഴുവനുമോ ഐക്യപ്പെടാതെ, ത്രിത്വത്തിലെ ക്നോമാകളിൽ ഒന്ന്, അതായത്, വചനമായ ദൈവം മാത്രം ഐക്യപ്പെട്ടത് എന്തുകൊണ്ട്? എന്നതിനെപ്പറ്റി:*

**ഒ**ന്നാമതായി എല്ലാവരുടെയും രക്ഷയ്ക്കും വീണ്ടെടുപ്പിനുമായി നമ്മുടെ കർത്താവേശുമിശിഹായിലുടെ സംഭവിച്ച ഈ ആരാധ്യമായ വ്യാപാരത്തിന്റെ പർസോപ്പായിലേക്ക് എടുക്കപ്പെടുകയും ഉയർത്തപ്പെടുകയും ചെയ്ത നമ്മുടെ മനുഷ്യത്വവുമായി പിതാവോ, പരിശുദ്ധാത്മാവോ, ത്രിത്വം മുഴുവനുമോ ഐക്യപ്പെടാതെ പരിശുദ്ധത്രിത്വത്തിലെ ക്നോമാകളിൽ ഒന്ന്, അതായത് വചനമായ ദൈവം മാത്രം ഐക്യപ്പെട്ടത് എന്തുകൊണ്ടാണ് എന്ന് അന്വേഷിക്കാം. ഐക്യം ഉണ്ടായി എന്നത് നാം അംഗീകരിക്കുകയും ഏറ്റുപറയുകയുംചെയ്യുന്നു; അതുപോലെ വചനമായ ദൈവം നമ്മുടെ മനുഷ്യത്വവുമായി *വ്യക്തിപരമായി* ഐക്യപ്പെടുകയും ബഹുമാനത്തിലും അധികാരത്തിലും അതിനെ തന്നോടു ചേർത്ത് ഏകപുത്രനാക്കിത്തീർത്തു എന്നതും നാം വിശ്വസിക്കുകയും സംശയാതീതമായും ചോദ്യം ചെയ്യാതെയും മുറുകെ പിടിക്കുകയും ചെയ്യുന്നു. വീണ്ടും അവിടുത്തെ അസ്തിത്വത്തിന്റെ അവസ്ഥയെ നാം പരിശോധിക്കുകയോ, അന്വേഷണ വിധേയമാക്കുകയോ ചെയ്യേണ്ട കാര്യമില്ല. കാരണം, "മിശിഹായുടെ സമ്പത്ത് വിശകലനാതീതമാണ്" എന്ന് ഭാഗ്യവാനായ പൗലോസിൽ നിന്നു നാം ഗ്രഹിച്ചിരിക്കുന്നു(എഫേ. 3:8). പിന്നെയോ, നീതീകരിക്കപ്പെട്ട് രക്ഷപ്രാപിക്കാൻ നാം ഹൃദയത്തിൽ വിശ്വസിക്കുകയും അധരംകൊണ്ട് ഏറ്റുപറയുകയും ചെയ്യണം(റോമാ. 10:9). കാരണം, നാമെല്ലാവരും വിശ്വാസംവഴി വിശ്വാസിയായ അബ്രഹാമിന്റെ മക്കളാകുന്നു. "അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു; അത്

www.malankaralibrary.com



അവന് നീതിക്കായി ഗണിക്കപ്പെട്ടു" എന്ന് അബ്രഹാമിനെപ്പറ്റി പറയപ്പെട്ടിരിക്കുന്നു" (ഉല്പ. 15:6).

ചോദ്യം ചെയ്യാതെ, ഇടിമുഴക്കത്തിൻെറ പുത്രൻ നമുക്കിത് കൈമാറി തന്നിരിക്കുന്നു. അവൻ ഇത് സ്വർഗ്ഗീയരോടും ഭൗമികരോടും പ്രഘോഷിച്ചു. സംശയാതീതമായി അവരിതു സ്വീകരിക്കുകയും ചെയ്തിരിക്കുന്നു:"ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു"(യോഹ. 1:1). കുറേക്കഴിഞ്ഞ് അവൻ തുടരുന്നു, "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു"(1:14). മനുഷ്യമനസ് ഇതെങ്ങനെ ഗ്രഹിക്കും, വ്യാഖ്യാനിക്കും, പരിശോധിക്കും, വിധിക്കും എന്ന് എന്നോടു പറയുക. ആദിയിൽ ദൈവം ദൈവത്തോടുകൂടെ ആയിരുന്നു-പിതാവിൽനിന്നുള്ള കിരണം; തൻെറ *ക്നോമായുടെ* പ്രതിച്ഛായ, അനന്തതയിൽനിന്നുള്ള അനന്തത, പ്രകാശത്തിൽനിന്നുള്ള പ്രകാശം, ദൈവത്തിൽനിന്നുള്ള ദൈവം, ജീവനിൽനിന്നുള്ള ജീവൻ, നിത്യതയിൽ നിന്നുള്ള നിത്യത; പിതാവ് തന്നിൽതന്നെ അനന്തമായി പൂർണ്ണനാണ്. അതുപോലെ അനന്തനായ പുത്രൻ; എന്നാൽ തന്നിൽതന്നെ പൂർണ്ണനാണ്; തൻെറ ദൈവസ്വഭാവത്തിൽ നിത്യമായി പിതാവിൽനിന്നു ജനിച്ചവൻ; എന്നാൽ തന്നെ ജനിപ്പിച്ചവനെക്കാൾ മുമ്പനല്ല, പിന്നെയോ, അനന്തനായ പിതാവിൽ നിന്നാണ്; അവനിൽനിന്നു ജനിച്ചു; അവനിൽ സ്ഥിതി ചെയ്യുന്നു. പിതാവ് ജനിപ്പിക്കുന്നു; എന്നാൽ അവൻ പുത്രനിലാണ്:"എൻെറ പിതാവ് എന്നിലാകുന്നു, ഞാൻ എൻെറ പിതാവിലുമാകുന്നു"(യോഹ. 10:38). അവൻെറ സന്തതി അവനിൽ ആയിരിക്കുന്നത് എങ്ങനെയാണ്? തൻെറ സന്തതിയായ പുത്രനിൽ പിതാവ് സ്ഥിതി ചെയ്യുന്നതെങ്ങനെ? അവൻ എങ്ങനെയാണ് അവനോടുകൂടെ ആയിരിക്കുന്നത്, അതും നിത്യത മുതൽ, ആദിയിൽ? എങ്ങനെയാണ് തൻെറഹേതുവായ പിതാവിനെക്കാൾ *ക്നോമിക്കലായി* പുത്രൻ പിന്നീടല്ലാതിരിക്കുന്നത്, അഥവാ, ഹേതുവായ പിതാവ്, തന്നിൽനിന്നുള്ള സന്തതിയായ പുത്രനെക്കാൾ *ക്നോമിക്കലായി* മുമ്പനല്ലാതിരിക്കുന്നത്?

അതുപോലെതന്നെ പരിശുദ്ധാത്മാവിനെ സംബന്ധിക്കുന്ന കാര്യങ്ങൾ, അഗ്രാഹ്യത നിമിത്തം എല്ലാ പരിമിതമനസുകളെയും ഉല്ലംഘിക്കുന്നു. അതായത്, "അവൻ പിതാവിൽനിന്നു പുറപ്പെടുന്നു". അനന്തതയിൽനിന്നുള്ള അനന്തത, പൂർണമായി പിതാവിലാണ്; പൂർണമായി പുത്രനിലും. തന്നിൽതന്നെ പൂർണമായ അനന്തത. എന്നാൽ മുമ്പും പിമ്പുമല്ല, ഒന്നിനു പുറകെ ഒന്നായി വരുന്നുമില്ല. അന്വേഷകൻ മനസുയർത്തി പിതാവിനെ മനസിലാക്കാൻ ശ്രമിക്കുമ്പോൾ തൻെറ *നിത്യക്നോമായിലും* ആരംഭമില്ലാത്ത തൻെറ ദൈവത്വത്തിലും ആദിയിലേയുള്ള പിതാവിനെ അവൻ കാണുന്നു. അതുപോലെ പ്രസരണതലത്തോടൊപ്പമുള്ള പ്രകാശരശ്മിപോലെയും ആത്മാവിനോടൊപ്പമുള്ള

www.malankaralibrary.com



വാക്കുപോലെയും അനാദ്യന്തനായി നിത്യതയിലേ പിതാവിനോടുകൂടിയുള്ള പുത്രനെയും കാണുന്നു. അതുപോലെ നിത്യമായി പിതാവിൽനിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവിനെയും. തൻെറ പുറപ്പാടിൽ അവൻ ആരംഭരഹിതനാണ്; അവനും അനന്തനാണ്. അവൻ ദൈവത്വത്തിൻെറ ആഴങ്ങളെ പരിശോധിക്കുന്നു. അവരെ തമ്മിൽ വേർപെടുത്തുന്ന ഇടമില്ല; അവരിൽ മുമ്പനും പിമ്പനുമില്ല; ശാരീരിക പ്രകൃതിയുമില്ല. എന്തുകൊണ്ടെന്നാൽ, ദൈവം ആത്മാവാകുന്നു (യോഹ. 4:24).

ശരീരരഹിതനും അനന്തനുമായ ജനകനും ജനിച്ചവനും പുറപ്പെടുന്നവനും - ജനകൻ ജനിച്ചവനല്ല, പുറപ്പെടുന്നവനുമല്ല; ജനിച്ചവൻ, ജനകനോ പുറപ്പെടുന്നവനോ അല്ല; പുറപ്പെടുന്നവൻ ജനകനോ ജനിച്ചവനോ അല്ല. ഈ സവിശേഷതകൾ പരസ്പരം പങ്കുവയ്ക്കുന്നില്ല. എന്നാൽ ഐക്യപ്പെട്ടിരിക്കുമ്പോൾതന്നെ അനന്തതയിൽ അവർ വ്യതിരിക്തരാണ്; വ്യതിരിക്തരായിരിക്കുമ്പോൾതന്നെ ഐക്യപ്പെട്ടിരിക്കുന്നു; ഒന്നു മുമ്പിലോ ഒന്നു പിറകിലോ അല്ല. ഇവ നമ്മുടെ ബുദ്ധിശക്തിയെ ഉല്ലംഘിക്കുന്നവയാണെങ്കിൽ ഈ വ്യാപാരം സംബന്ധിച്ചവ വിശ്വാസം കൂടാതെ എങ്ങനെ പരിശോധനാവിധേയമാക്കും? ഇതാ, അവിടുത്തെ കർമ്മങ്ങളെല്ലാം വിശ്വാസത്താലാണ്; എന്തുകൊണ്ടെന്നാൽ അവിടുത്തെ പ്രവൃത്തികൾ വിശകലനാതീതമാണ്. ഉണ്ടായവയും ഉണ്ടാകുവാനിരിക്കുന്നവയുമായി സംഖ്യാതീതവും വൈവിധ്യാത്മകവുമായ ഇവയെല്ലാം എങ്ങനെ ഇല്ലായ്മയിൽ നിന്നുണ്ടായി? എന്തുകൊണ്ടാണ് 6000 വർഷങ്ങൾക്കു മുമ്പ് ഈ ലോകം സൃഷ്ടിക്കപ്പെടാഞ്ഞത്? എന്തുകൊണ്ടാണ് ഇത്രയും നാൾ ഇങ്ങനെ കഴിഞ്ഞിട്ട് ഇപ്പോൾ നവീകരിക്കപ്പെടുന്നത്? ഇവയൊക്കെ ഇവയുടെ സ്രഷ്ടാവിനു നാം വിട്ടുകൊടുക്കണം. നമ്മെ പഠിപ്പിച്ചിരിക്കുന്നതുപോലെ നാം വിശ്വസിക്കുകയും ഉറച്ചുനില്ക്കുകയും കല്പനകൾ പാലിക്കുകയും ചെയ്താൽ മതി. അങ്ങനെ പൂർണമായി ഗ്രഹിച്ചില്ലെങ്കിലും നമുക്കു ഗ്രഹിക്കാവുന്ന എല്ലാ കാര്യങ്ങൾക്കും ഉപരിസ്ഥമായ രീതിയിൽ പ്രത്യാശയുടെ ഉറപ്പിൽ സ്വച്ഛന്ദ മാനസരായി നാം ശ്രേഷ്ഠരാക്കപ്പെടട്ടെ.

അപ്രകാരം തന്നെയാണ് ആരാധ്യവും അവാച്യവുമായ ഈ വ്യാപാരവും, അഗ്രാഹ്യമായ ഈ ഐക്യവും. "വചനം മാംസമായി; അവൻ ജഡത്തിൽ വെളിപ്പെട്ടു; അവൻ ദൈവത്തിൻെറ രൂപമാണ്; അവൻ പിതാവുമായി സമസത്തയാണ്; അവൻ തൻെറ വ്യക്തിത്വത്തിൽ ദാസൻെറ രൂപമെടുത്തു"; എന്നൊക്കെ വചനമായ ദൈവത്തെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്. അതായത്, മറിയത്തിൽ നിന്നുള്ള മനുഷ്യനായ യേശുമിശിഹാ പിതാവോ, പരിശുദ്ധാത്മാവോ അല്ല. തിരുഹിതത്തിൻെറ ഐക്യത്താൽ അവനെപ്പറ്റി ഇതും പറഞ്ഞിരിക്കുന്നു. "ദൈവം തൻെറ പുത്രനെ ജഡത്തിൻെറ സാദൃശ്യത്തിൽ അയച്ചു" (റോമ. 8:3).

www.malankaralibrary.com



അതായത്, പുത്രൻെറ ആലയം - പിതാവോ പരിശുദ്ധാത്മാവോ അല്ല- ഏക വ്യക്തിത്വത്തിൽ പുത്രൻെറ ആലയം, അവൻെറതന്നെ മനുഷ്യത്വമാണ്. എന്നാൽ സ്വഭാവത്തിൻെറ അനന്തതയാൽ അതിരില്ലാതെ പൂർണമായും ഐക്യപ്പെട്ട് അവ ഏകമാണ്. അവൻ 'മാംസമായി' എന്ന് പിതാവിനെപ്പറ്റിയല്ല പറയപ്പെട്ടിരിക്കുന്നത്, പിന്നെയോ, ആരംഭംമുതലേ പിതാവിനോടൊത്തുണ്ടായിരുന്ന വചനമായ ദൈവത്തെപ്പറ്റിയാണ്. അയയ്ക്കപ്പെട്ടതും സ്ത്രീയിൽനിന്ന് മനുഷ്യനായതും പരിശുദ്ധാത്മാവുമല്ല; പിന്നെയോ, പുത്രൻെറ ആളത്തത്തിലാണ് ഈ ദിവ്യവ്യാപാരമെല്ലാം സംഭവിച്ചത്. കാരണം, നമ്മിൽനിന്നുള്ള മനുഷ്യത്വത്തോടുകൂടിയ ഏക പിതാവല്ല പിതാവ്, നമ്മുടെ മനുഷ്യത്വവുമായി ചേർന്ന ഏക ആത്മാവല്ല പരിശുദ്ധാത്മാവ്. "പരിശുദ്ധാത്മാവ് നിൻെറമേൽ വരും; അത്യുന്നതൻെറ ശക്തി നിൻെറമേൽ ആവസിക്കും. അതിനാൽ നിന്നിൽ നിന്നു ജനിക്കുന്നവൻ പരിശുദ്ധൻ ആകുന്നു; അത്യുന്നതൻെറ പുത്രൻ എന്ന് അവൻ വിളിക്കപ്പെടുകയും ചെയ്യും" എന്നു ദൂതൻ മറിയത്തോടു പറഞ്ഞതനുസരിച്ച് (ലൂക്കാ1:35) വചനമായ ദൈവത്തോടുകൂടി അത്യുന്നതൻെറ ഏക പുത്രനായി അവൻ വിളിക്കപ്പെട്ടു.

ദൈവത്വത്തെപ്പററി പറഞ്ഞിരിക്കുന്നവ വിശ്വാസ്യമാണ്; പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും സവിശേഷതകൾ പരസ്പരം പങ്കുവയ്ക്കുന്നില്ല. അതുപോലെ "വചനം മാംസമായി"; "ദൈവം തൻെറ പുത്രനെ അയച്ചു" എന്നിവയും പിതാവുമായും പരിശുദ്ധാത്മാവും പങ്കുവയ്ക്കപ്പെടുന്നില്ല. അതുകൊണ്ട് തിരുലിഖിതത്തിലെ ഈ കാര്യങ്ങളെപ്പറ്റി നമുക്കു ചർച്ച ചെയ്യാം. രക്തത്തിൽ കഴുകപ്പെട്ട ഈ വഴിയിൽ വഴികാട്ടികൾ ആയിരുന്ന വിശ്വസനീയരായ പിതാക്കന്മാരിൽനിന്നു നാം പഠിച്ചതുപോലെ നമുക്ക് അവ വിശദീകരിക്കാം. നമ്മുടെ പ്രത്യാശയായ മിശിഹായിൽ നമുക്ക് ഉറപ്പായി വിശ്വസിക്കാം. നമ്മുടെ ബലഹീനതയിൽ അവൻ നമ്മോടുകൂടിയുണ്ട്. അവൻ എല്ലാം മുൻകൂട്ടി അറിയുന്നു; അവൻ നിത്യനായി ദൈവമാണ്; അവിടുത്തേക്ക് പുതുതായി ഒന്നും അറിയുവാനില്ല; പുതുതായിട്ടൊന്ന് അവനിൽ ഉണ്ടാകുവാനുമില്ല. "അവന് കൊടുത്തിട്ട് തിരികെ എടുക്കാൻ ആർക്കു കഴിയും?; എന്തുകൊണ്ടെന്നാൽ, എല്ലാം അവനിൽ നിന്നാകുന്നു; എല്ലാം അവനിൽ ആകുന്നു; എല്ലാം അവനിലൂടെയാകുന്നു. അവിടുത്തേക്ക് സ്തുതിയും ആരാധനയും എന്നുമെന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ (റോമാ 11:35-36).

"നീ ഉദരത്തിൽ ഉരുവാകുന്നതിനു മുമ്പ് ഞാൻ നിന്നെ അറിഞ്ഞു" എന്ന് ജറമിയായോടു പറയപ്പെട്ടിരിക്കുന്നു (1:5). "ലോകസ്ഥാപനത്തിനു മുമ്പുതന്നെ നിങ്ങൾ എനിക്കായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു" എന്ന് നമ്മുടെ കർത്താവ് ദൈവമെന്ന നിലയിൽ തൻെറ ശ്ലീഹന്മാരോടു പറഞ്ഞു (എഫേ. 1:4). അതു

www.malankaralibrary.com



പോലെയുള്ള മറ്റു കാര്യങ്ങളും. അവിടുത്തെ നിത്യസത്ത ആരംഭരഹിതമായിരിക്കുന്നതുപോലെ തൻെറ അറിവും ആരംഭരഹിതമാണ്. കാലികമായി അസ്തിത്വത്തിലെത്തുന്നവയ്ക്ക് കാലികമായി അറിവു ലഭിക്കുന്നു. എന്നാൽ എല്ലാറ്റിൻെറയും സ്രഷ്ടാവും നമ്മുടെ രക്ഷയ്ക്കായി *ക്നോമാകളുടെ* ക്രമത്തിൽ വെളിപ്പെടുത്തപ്പെട്ടവനുമായ ദൈവത്തിന് തൻെറ സത്തയിൽ നിത്യമായി അറിവും ജ്ഞാനവും ശക്തിയും അധികാരവും ഉണ്ട്; ഒന്നിനും ഒരു രീതിയിലും കുറവില്ല. എന്തുകൊണ്ടെന്നാൽ ലോകസൃഷ്ടി മുതലല്ല തൻെറ അറിവ് ആരംഭിച്ചത്; - അവൻ എപ്പോൾ എങ്ങനെ ആരംഭിക്കണം, ഏതു രീതിയിൽ ക്രമീകരിക്കണം എന്നു തുടങ്ങി ആരംഭത്തിലും അന്ത്യത്തിലും അവയ്ക്കിടയ്ക്കുള്ള കാര്യങ്ങളിലും അവിടുത്തേക്ക് നിത്യത മുതൽ ഈ അറിവുണ്ട്. സൃഷ്ടികൾക്കെല്ലാം ആരംഭമുണ്ട്. ഒരു ദിവസംകൊണ്ട് അവ സൃഷ്ടിക്കപ്പെട്ടു. എന്നാൽ തൻെറ സത്തപോലെ ദൈവത്തിൻെറ അറിവ് അപ്പോൾ ആരംഭിച്ചതല്ല. കൊത്തുപണിക്കാരനെപ്പോലെ - ഇല്ലായ്മയിൽനിന്ന്, അത്യാശ്ചര്യകരമാംവിധം - ആയിരുന്നു ആശ്ചര്യകരവും ആരാധ്യവുമായ ഈ സൃഷ്ടി. നമ്മുടെ രക്ഷയ്ക്കുവേണ്ടി ത്രിത്വമായി വെളിപ്പെട്ട ദൈവം നിത്യത്വം മുതലേ നമ്മുടെ പരിപൂർണതയെപ്പറ്റി ചിന്തിക്കുകയും എപ്പോൾ എങ്ങനെ അത് ഉചിതമായി യാഥാർത്ഥ്യവൽക്കരിക്കപ്പെടണമെന്ന് പരിഗണിക്കയും ചെയ്തു. പിതാവും പരിശുദ്ധാത്മാവുമായി സമസത്തയായ വചനമായ ദൈവം, നിത്യമായ തൻെറ ഇച്ഛയാൽ ജഡത്തിൽ വെളിപ്പെടുവാനും തൻെറ ദിവ്യവ്യാപാരത്തിൻെറ വ്യക്തിത്വത്തെ നമ്മുടെ മനുഷ്യസ്വഭാവംകൊണ്ട് ഏകയോഗമായി വസ്ത്രം ധരിക്കാനും എന്നേക്കുമായി ഏക ബഹുമാനത്തിൽ അതിനെ തന്നോടുകൂടി ഏകപുത്രനാക്കിത്തീർക്കാനും നമ്മുടെ ജീവൻെറയും രക്ഷയുടെയും പൂർണ വ്യാപാരത്തോടുകൂടി അതിനെ നിറയ്ക്കാനും അതിൽ തൻെറ വിജ്ഞാനംവെളിപ്പെടുത്താനും, ആകാശത്തിലും ഭൂമിയിലും ഉള്ള എല്ലാറ്റിനെയും നവീകരിക്കാനും തിരുമനസ്സായി.

കൊറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ: "പക്വമതികളോട് ഞങ്ങൾ വിജ്ഞാനം പ്രസംഗിക്കുന്നു. പക്ഷേ ലൗകികവിജ്ഞാനമല്ല, ഈ ലോകത്തിൻെറ നാശോന്മുഖരായ അധികാരികളുടെ വിജ്ഞാനവുമല്ല; രഹസ്യവും നിഗൂഢവുമായ ദൈവികജ്ഞാനമാണ് ഞങ്ങൾ പ്രസംഗിക്കുന്നത്. അതു നമ്മുടെ മഹത്ത്വത്തിനായി യുഗങ്ങൾക്കു മുമ്പേതന്നെ ദൈവം നിശ്ചയിച്ചിട്ടുള്ളതുമാണ്. ഈ ലോകത്തിൻെറ അധികാരികളിൽ ആർക്കും അതു ഗ്രഹിക്കാൻ സാധിച്ചില്ല. സാധിച്ചിരുന്നെങ്കിൽ മഹത്ത്വത്തിൻെറ കർത്താവിനെ അവർ കുരിശിൽ തറയ്ക്കുമായിരുന്നില്ല. എന്നാൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ, ദൈവം തന്നെ

www.malankaralibrary.com



സ്നേഹിക്കുന്നവർക്കായി ഒരുക്കിയിരിക്കുന്നത് കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യഹൃദയത്തിൽ തോന്നിയിട്ടുമില്ല" (2:6-9). അനുഗൃഹീതനും ഭാഗ്യവാനുമായ പൗലോസേ, പിന്നെ, ഈ ദിവ്യരഹസ്യങ്ങളെപ്പറ്റി, അവ അപ്രകാരമാണെന്ന് സ്പഷ്ടമായി നീ എങ്ങനെ അറിയുകയും ഗ്രഹിക്കുകയും ചെയ്തു? "നമുക്കാകട്ടെ, ദൈവം തൻെറ ആത്മാവിനാൽ അതു വെളിപ്പെടുത്തിയിരിക്കുന്നു; എന്തുകൊണ്ടെന്നാൽ, ആത്മാവ് സർവതും, ഹൃദയത്തിൻെറ ആഴങ്ങളും പരിശോധിക്കുന്നു" (2:10) എന്നതു വഴിയല്ലേ? അതുപോലെ, എഫേസോസ്കാർക്കുള്ള ലേഖനത്തിൽ നന്ദിപ്രകടനമായി അവൻ പറയുന്നു: "സ്വർഗീയമായ എല്ലാ ആത്മീയവരങ്ങളാലും മിശിഹായിൽ നമ്മെ അനുഗ്രഹിച്ചവനും നമ്മുടെ കർത്താവായ യേശുമിശിഹായുടെ പിതാവുമായ ദൈവം സ്തുതിക്കപ്പെട്ടവനാകട്ടെ. തൻെറ മുമ്പാകെ വിശുദ്ധരും കളങ്കരഹിതരുമായിരിക്കാൻ ലോകസ്ഥാപനത്തിനു മുമ്പുതന്നെ അവിടുന്നു നമ്മെ മിശിഹായിൽ തെരഞ്ഞെടുത്തു" (1:3-4).

വീണ്ടും അവൻ പറയുന്നു: അവിടുന്നു തൻെറ തിരുഹിതമനുസരിച്ച് തൻെറ പദ്ധതിയുടെ രഹസ്യം നമുക്കു വെളിപ്പെടുത്തിത്തന്നു. ഇതു കാലത്തിൻെറ പൂർണതയിൽ സ്വർഗത്തിലും ഭൂമിയിലും ഉള്ളവയെല്ലാം മിശിഹായിൽ നവീകരിക്കപ്പെടുന്നതിനുവേണ്ടിയത്രേ(എഫേ.1:9-10). വീണ്ടും അവൻ പറയുന്നു: "മിശിഹായുടെ ദുർഗ്രഹമായ സമ്പന്നതയെക്കുറിച്ച് പ്രസംഗിക്കാനും സകലത്തിൻെറയും സ്രഷ്ടാവായ ദൈവത്തിൽ യുഗങ്ങളോളം നിഗൂഢമായി സ്ഥിതിചെയ്തിരുന്ന രഹസ്യത്തിൻെറ പ്രവർത്തനം വ്യക്തമാക്കിക്കൊടുക്കാനും ഉതകുന്ന വരം വിശുദ്ധരിൽ ഏറ്റവും നിസാരനായ എനിക്കു നല്കപ്പെട്ടു. സ്വർഗീയ ഇടങ്ങളിൽ ഉള്ള ശക്തികൾക്കും അധികാരങ്ങൾക്കും സഭയിലൂടെ ദൈവത്തിൻെറ ബഹുമുഖജ്ഞാനം വ്യക്തമാക്കിക്കൊടുക്കാൻ വേണ്ടിയാണ് അവിടുന്ന് ഇപ്രകാരം ചെയ്തത്. ഇതു നമ്മുടെ കർത്താവായ യേശുമിശിഹായിൽ സാക്ഷാത്കരിക്കപ്പെട്ട അവിടുത്തെ നിത്യമായ ഉദ്ദേശ്യത്തിന് അനുസൃതമാണ് (എഫേ. 3:8-11).

ദൈവത്തിൻെറ ദിവ്യവ്യാപാരത്തിൻെറ ഈ അറിവ് നിത്യത മുതൽ സ്ഥിതി ചെയ്തിരുന്നു എന്നു മുകളിൽ പറഞ്ഞ വിശ്വസനീയവും സുശക്തവുമായ സാക്ഷ്യങ്ങൾ ഓരോന്നും സാക്ഷിക്കുന്നു. കാലപൂർത്തിയിൽ അത് യാഥാർത്ഥ്യമായിത്തീർന്നു എന്നു മാത്രം. ഇക്കാരണത്താൽ പിതാക്കന്മാരോടുള്ള ഉടമ്പടികൾ ഉണ്ടായി. ഇക്കാരണത്താലാണ് സ്വന്തജനവും ജാതികളും തമ്മിലുള്ള വേർതിരിവും സംബന്ധരാഹിത്യവും സംജാതമായത്. ഇതുമൂലമാണ് നിയമം ഉണ്ടായത്. നിയമം നമ്മെ മിശിഹായിലേക്കു നയിച്ചു (ഗലാ.3:24). രഹസ്യങ്ങളും ഉപമകളും ഇതു നിമിത്തമാണുണ്ടായത്. "ഇതൊരു വലിയ രഹസ്യമാ

www.malankaralibrary.com



കുന്നു; എന്നാൽ ഞാൻ ക്രിസ്തുവിനെയും അവൻെറ സഭയെയുംപറ്റിയാണ് സംസാരിക്കുന്നത്" (എഫേ. 5:32). "ഇവയെല്ലാം നമുക്ക് ഒരു സാക്ഷ്യത്തിനാകുന്നു" (1 കൊറി. 10:6). അവയുടെയെല്ലാം പരിപൂർണ്ണമായ പൂർത്തീകരണമായ മിശിഹായുടെ നിഴലുകളും സൂചനകളും ഇതുനിമിത്തം ഉണ്ടായി. ഇതുമൂലമാണ് നിയമവും പ്രവാചകന്മാരും: "നിയമവും പ്രവാചകന്മാരും യോഹന്നാൻ വരെയായിരുന്നു; അപ്പോൾ മുതൽ ദൈവരാജ്യം പ്രഘോഷിക്കപ്പെടുന്നു" (ലൂക്കാ 16:16).

പഴയനിയമത്തിൽ പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമം നിഗൂഢമായി മുൻകൂട്ടി പ്രഖ്യാപിക്കപ്പെട്ടിരുന്നു; എന്നാൽ നമ്മുടെ രക്ഷയ്ക്കുവേണ്ടി നിത്യമായ *ക്നോമാകൾ* വെളിപ്പെടുത്തപ്പെട്ടതുപോലെ കൃത്യമായിട്ടായിരുന്നില്ല; അതായത്, സത്തയിൽ സമനും തൻേറതിനു തുല്യമായ *ക്നോമാ* ഉള്ളവനും എന്നേക്കും ഏകജാതനും ആയ പുത്രൻ ഉള്ള പിതാവ്: ദിവ്യസ്വഭാവത്തെ പിതാവ് എന്നു വിളിച്ചിരുന്നത് ദൈവത്തിന് അതുല്യമാംവിധം അവരോടുള്ള പരിപാലനയും പരിരക്ഷയും താല്പര്യവും നിമിത്തവും അവർ ജനതകളിൽ നിന്നു വേർതിരിക്കപ്പെട്ടിരുന്നതിനാലുമത്രേ. ഉദാ: "ഏലോഹിമിൻെറ മക്കൾ" (ഉല്പ. 6:2); "ഇസ്രായേൽ എൻെറ മകനും എൻെറ ആദ്യജാതനുമാണ്" (പുറ.4:22). എൻെറ മകനെ വിട്ടയയ്ക്കുക; അവൻ എന്നെ സേവിക്കട്ടെ" (4:24). "നീ എൻെറ പുത്രനെ വിട്ടയയ്ക്കുന്നില്ലെങ്കിൽ" (23). "നിന്നെ സ്വന്തമാക്കിയിരിക്കുന്നത് നിൻെറ പിതാവല്ലേ?" (ആവ. 32:6). "കർത്താവേ, നീ ഞങ്ങളുടെ പിതാവാകുന്നു" (ഏശ. 64:8). ഈ ദിവ്യവ്യാപാരത്തെക്കുറിച്ച് നിഗൂഢമായി വാഗ്ദാനം ചെയ്യപ്പെട്ടതുപോലെ ദാവീദിൻെറ വംശത്തിൽ നിന്നായിരിക്കും സംഭവിക്കുക എന്ന പ്രവചനവും ഉണ്ടായി. "നീ എൻെറ പിതാവാണ് എന്ന് അവൻ എന്നോടു നിലവിളിക്കും"; "അവനെ ഞാൻ എൻെറ ആദ്യജാതനാക്കും" (സങ്കീ.89:26-27). "അവൻ എനിക്കു പുത്രനായിരിക്കും; ഞാൻ അവനു പിതാവുമായിരിക്കും" (2 സാമു. 7:14).

ജീവൻെറ ഉറവിടമായ പരിശുദ്ധാത്മാവിനെക്കുറിച്ച്, നമ്മുടെ രക്ഷയ്ക്കായി നാം ഗ്രഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നതുപോലെയല്ല പഴയനിയമത്തിലുള്ളവർ മനസ്സിലാക്കിയത്. അതായത്, തൻേറതായതിൽ, പിതാവിനെപ്പോലെ അവനും ഒരു *ക്നോമാ* ആണെന്നോ, നിത്യമായി പിതാവിൽനിന്ന് പുറപ്പെടുന്നു എന്നോ, പിതാവിനോടും പുത്രനോടുംകൂടി ദൈവത്വത്തിൻെറ ഏകസ്വഭാവത്തിൽ അവൻ ദൈവമായ കർത്താവ് ആണെന്നോ അവിടെ മനസ്സിലാക്കിയില്ല. പിന്നെയോ, ദൈവത്തിന് അവരോടുള്ള താല്പര്യവും പരിരക്ഷയും നിമിത്തമോ അവിടുത്തെ നന്മയും ദയയും നിമിത്തമോ ആണ് അവർ പറഞ്ഞിരുന്നത്: "അങ്ങയുടെ നല്ല ആത്മാവ് എന്നെ ജീവൻെറ

www.malankaralibrary.com



വഴിയിലൂടെ നയിക്കട്ടെ" (സങ്കീ. 142: 10). നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുത്തുകളയരുതേ (51:11). ഒരാൾക്ക് സന്മനസ്സും, കരുണയുള്ള ആത്മാവും പ്രശാന്തി നിറഞ്ഞ അരൂപിയും ഉണ്ടെന്നു പറയുന്നതുപോലെ മാത്രമാണിവ. മനുഷ്യനല്ലാതെ, ഇവയൊന്നും *ക്നോമാകൾ* അല്ലെന്നുള്ളത് സുവ്യക്തമാണല്ലോ.

സൃഷ്ടി മുഴുവനുമുള്ള ജീവനെ ബലപ്പെടുത്തുന്ന പ്രകാശം അറിയപ്പെട്ടിരുന്നു. എങ്കിലും, 'ദൈവം പിതാവാണ്; ഒരു *ക്നോമായിൽ* നിത്യമായി അവിടുത്തേക്ക് ഒരു പുത്രനുണ്ട്; *ക്നോമായിൽ* പരിശുദ്ധാത്മാവുണ്ട്; നിത്യവും ദിവ്യവുമായ ഏക സത്ത' എന്ന് അജ്ഞരും അഭക്തരുമായ മനുഷ്യരുടെ മുമ്പാകെ പറഞ്ഞാൽ അവരത് പൊട്ടക്കഥയായി മാത്രമല്ല, ദൈവദൂഷണമായിക്കൂടി കരുതും. പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും ദുഷിച്ചുകൊണ്ട് കളകളെപ്പോലെ എത്രയെത്ര പാഷണ്ഡതകളാണ് സഭയിൽ ഉടലെടുത്തിട്ടുള്ളത്? അതുപോലെ "ഞങ്ങൾക്ക് ഒരു പിതാവേയുള്ളു; ഞങ്ങൾക്ക് ഒരു ദൈവമേയുള്ളു" എന്നു പറഞ്ഞുകൊണ്ട് അവരും നമ്മുടെ കർത്താവിനെ നിഷേധിക്കുന്നു. യഥാർത്ഥത്തിൽ പിതാവ്, പരിശുദ്ധാത്മാവ് എന്നീ നാമങ്ങൾ മുകളിൽ നിന്ന് വെളിപ്പെട്ടതാണ്. അവ അവരുടെ ഇടയിൽ നിലനിന്നു എന്നതാണു വാസ്തവം: "ദൈവമായ കർത്താവ് എന്നെയും അവിടുത്തെ ആത്മാവിനെയും അയച്ചിരിക്കുന്നു" (ഏശ.48:16). "നിന്റെ ആത്മാവിൽനിന്ന് ഞാൻ എവിടേക്കു പോകും?"; "നിന്റെ സന്നിധിയിൽനിന്നു ഞാൻ എവിടെ ഓടിയൊളിക്കും?" നമ്മുടെ കർത്താവേശുമിശിഹായുടെ ജഡത്തിലെ വെളിപാടിനും പരിശുദ്ധാത്മാവിന്റെ ആവാസത്തിനും മുമ്പ് *ക്നോമാകളുടെ പർസോപ്പാകളെ* സംബന്ധിച്ച്, അവരേറ്റു പറഞ്ഞ നാമങ്ങളിലുള്ള വിശ്വാസത്തിന് കൃത്യത ഇല്ലായിരുന്നു.

അവിടുത്തേക്കുറിച്ചുള്ള ദിവ്യരഹസ്യങ്ങളും സൂചനകളും ഉപമകളും വെളിപ്പെടുത്തലുകളും അനുസരിച്ച് പുത്രൻ എന്നുള്ള നാമം നമ്മുടെ രക്ഷയ്ക്കുവേണ്ടി താഴെനിന്ന് പ്രത്യക്ഷപ്പെട്ടതാണ്; ഇത് കടന്നുപോകാത്ത വിജ്ഞാനത്തിന് അനുസൃതവുമാണ്. മിശിഹായുടെ വെളിപാടിന്റെ ആരംഭത്തിൽ ശിശുത്വം സന്തോഷിക്കുന്നതിനും പൂർണതയിലേക്കു വരുന്നതിനുള്ള താല്പര്യം ഉണ്ടാകുന്നതിനുംവേണ്ടി ആയിരുന്നിത്. ഇക്കാരണത്താലും ഇതിനുവേണ്ടിയും ഇത് ആരാധ്യമായ ദിവ്യവ്യാപാരത്തിനു മുമ്പു സംഭവിച്ചു. എന്തുകൊണ്ടെന്നാൽ കൃപയാൽ സാധാരണയിൽനിന്നു വ്യത്യസ്തമായ ബഹുമാനവും അടുപ്പവും നിമിത്തം ദൈവത്തിന്റെ പ്രത്യേക പരിപാലനയും ബഹുമാനവും ഉണ്ടായിരുന്നവരൊക്കെ "ദൈവപുത്രൻ" എന്ന നാമം എടുത്തു. "എന്റെ പുത്രൻ, എന്റെ ആദ്യജാതൻ" എന്ന് ഇസ്രായേലിനേപ്പറ്റി പറയുന്നത്

www.malankaralibrary.com



(പുറ. 44:22); അതുപോലെ സോളമനെപ്പറ്റിയും മറ്റുള്ളവരെപ്പറ്റിയും; പ്രത്യേകിച്ച് പുത്രത്വം എന്ന സംജ്ഞ; ഭാഗ്യവാനായ ദാവീദിനു നല്കിയ വാഗ്ദാനം പോലെ, അതുനിമിത്തം നമ്മുടെ ജീവൻെറ ഉറവിടം അവൻെറ കുടുംബത്തിൽ നിന്നുണ്ടായി. സുവിശേഷത്തിൻെറ ആരംഭത്തിൻെറ അവസരം ഈ മഹനീയമായ ഐക്യത്തിൻെറ ഔന്നത്യം മനുഷ്യർക്ക് സുപരിചിതമായിരുന്നില്ലെങ്കിലും, അക്കാര്യം ഭാഗ്യവാനായ പൗലോസ് വ്യക്തമായി സ്പഷ്ടമാക്കുന്നു.

ഇതുപോലെയാണ് "അഭിഷിക്തൻ" അഥവാ മിശിഹാ എന്ന സംജ്ഞയും. രാജാവായോ, ഭരണാധിപനായോ മറ്റെന്തെങ്കിലുമായോ അഭിഷേകം ചെയ്യപ്പെട്ടവർ "ദൈവത്തിൻെറ അഭിഷിക്തർ" എന്നു വിളിക്കപ്പെട്ടിരുന്നു. മിശിഹായെപ്പറ്റിയുള്ള ഈ മഹനീയ സംഗതികളിൽ അവർ സുപരിചിതർ ആയിരുന്നില്ലെങ്കിലും മിശിഹാ വരുമെന്ന് തിരുലിഖിതങ്ങളിൽനിന്ന് അവർക്കൊരു പ്രതീക്ഷ ഉണ്ടായിരുന്നു. സാധാരണ അഭിഷിക്തരെപ്പോലെ, ഒരുപക്ഷേ അവരെക്കാൾ കൂടിയ രീതിയിൽ, ആയിരിക്കും അവൻ എന്ന് അവർ കരുതി; എന്നാൽ അവിടുത്തെ ദൈവത്വം സംബന്ധിച്ച് അവർ അജ്ഞരായിരുന്നു. സുവിശേഷാരംഭത്തിൽ അവിടുത്തെപ്പറ്റിയുള്ള സത്യം വെളിവാക്കപ്പെട്ടപ്പോൾ ഇത് അവരുടെ ശ്രവണത്തിന് അപരിചിതമായ നാമമോ വസ്തുവോ ആയിരുന്നില്ല. എന്തുകൊണ്ടെന്നാൽ പരിശുദ്ധാത്മാവിൻെറ മഹനീയ ദാനങ്ങളിലൂടെയും പ്രബോധനങ്ങളിലൂടെയും ആശ്ചര്യകരമായ അത്ഭുതങ്ങളിലുടെയും കുറേശ്ശെ കുറേശ്ശെ ഈ അറിവ് വെളിപ്പെടുകയും പൂർണമാകുകയും ചെയ്തു.

ഇക്കാരണത്താലും ഇതിനുവേണ്ടിയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഏകസത്തയും, അധികാരവും ശക്തിയും കർതൃത്വവും ഇച്ഛയും ആണെങ്കിലും പിതാവോ, പരിശുദ്ധാത്മാവോ അല്ല, പുത്രൻ. തൻെറ *ക്നോമായിൽ*, അതായത് വചനമായ ദൈവം, ജഡത്തിലുള്ള വെളിപാടിൽ, പിതാവിൻെറയും പരിശുദ്ധാത്മാവിൻെറയും ഇച്ഛയോടുകൂടി ഈ ദിവ്യവ്യാപാരം തൻെറ ആളത്വത്തിൽ പൂർത്തീകരിക്കുക എന്നത് ശരിയും ഉചിതവും ന്യായവും ആകുന്നു. കാരണം, ഈ വ്യാപരത്തിൽ വസിക്കുക പിതാവിന് അസാധ്യമായിരുന്നു; "അവൻ ദൈവത്തിൻെറ പിതാവ് എന്നു വിളിക്കപ്പെടും" എന്ന് ഈ ഐക്യത്തിലേക്ക് എടുക്കപ്പെട്ട മനുഷ്യനെപ്പറ്റി പറയാനോ, "പുത്രൻ എന്നെ അയച്ചു" എന്നും, "ഞാൻ സംപ്രീതിനായിരിക്കുന്ന എൻെറ പിതാവ് ഇവനാകുന്നു" എന്നും, പറയാനോ സാധ്യമല്ല. കാര്യം കാരണത്തെ അയയ്ക്കുക, അവനെ പുത്രൻ അംഗീകരിക്കുക എന്നത് ക്രമീകരണത്തിന് എതിരാണെന്നുള്ളത് സുവ്യക്തമാണ്. ഇത് അനുചിതമാണെന്നു മാത്രമല്ല, ഞാൻ പറഞ്ഞതുപോലെ, വെളിപ്പെടുത്തലുകളും ദിവ്യരഹസ്യങ്ങളും അല്ലെഗൊറികളും പുത്രൻെറ ജഡത്തിലെ വെളിപാടിനെയാണ് സൂചിപ്പിച്ചുകൊണ്ടിരുന്നത്. അത്

www.malankaralibrary.com



അനുചിതവും അല്ലായിരുന്നു; മറിച്ച് മോശയെപ്പോലെയും മറ്റുള്ളവരെപ്പോലെയും ജനങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഇടയ്ക്കിടെ ദൈവം അയച്ചവർ "പുത്രൻ", "അഭിഷിക്തൻ", "രക്ഷകൻ" എന്നു തുടങ്ങി കൃപയാൽ വിളിക്കപ്പെട്ടത് ശ്രോതാക്കൾക്ക് സ്വീകാര്യമായിരുന്നു. മുൻവാഗ്ദാനങ്ങളനുസരിച്ചും എല്ലാ തലമുറകളുടെയും പ്രതീക്ഷ അനുസരിച്ചും ദാവീദിന്റെ പട്ടണത്തിൽ മിശിഹാകർത്താവ് എന്ന രക്ഷകൻ നിങ്ങൾക്കായി ഇന്നു ജനിച്ചിരിക്കുന്നു" എന്ന ദൂതന്റെ വചനം ഇടയന്മാർക്കു സ്വീകാര്യമായിരുന്നു (ലൂക്കാ 2:11).

പിതാവ് മനുഷ്യത്വവുമായിചേർന്ന് പിതാവിന്റെ ഐക്യപ്പെട്ട ഏക പർസോപ്പാ ആയിത്തീർന്നാൽ, എല്ലാറ്റിലും തന്നോട് സമസത്തയും ഐക്യപ്പെടാത്തവനുമായ ഒരു പുത്രൻ തനിക്കുണ്ടാകും; അവന്റെ സാദൃശ്യമാണ് അവൻ; തന്നോട് ഐക്യപ്പെട്ടിരിക്കുന്നവനാണ് അവൻ; ഐക്യപ്പെട്ട പിതാവിൽനിന്ന് അവൻ ജനിക്കുക എന്നത് ശ്രോതാക്കൾക്ക് സ്വീകാര്യമോ കേൾവിക്ക് അഭികാമ്യമോ ആയിരിക്കുകയില്ല. കാരണം, അങ്ങനെ വന്നാൽ ഐക്യപ്പെട്ട പിതാവിന് തന്നോടു സമസ്വഭാവമുള്ള ഐക്യപ്പെടാത്ത പുത്രനുണ്ടായിരിക്കും; അവൻ എല്ലാറ്റിലും തന്നെപ്പോലെയുള്ളവനാണെങ്കിലും ഒരു സാധാരണ വ്യക്തിയായിരിക്കും. തന്റെതന്നെ *ക്നോമായുടെ* ഛായയും കിരണവും തെറ്റായി ചിത്രീകരിക്കപ്പെടും. എന്നാൽ ഐക്യപ്പെടാത്ത പിതാവിൽനിന്ന് ഐക്യപ്പെട്ട പുത്രൻ ഉണ്ടാകുക സാധ്യമാണ്; ശ്രോതാക്കൾക്കു സ്വീകാര്യവുമാണ്. കാരണം, ഒന്നാമതായി, അവിടുത്തെ നിത്യസ്വഭാവം അനുസരിച്ച് അവൻ കിരണം എന്നും വചനം എന്നും വിളിക്കപ്പെടുന്നു. കാലാതീതമായി, മുൻപിൻ പരിഗണന കൂടാതെ, മറ്റൊരു *ക്നോമാ* ആയി പിതാവിൽനിന്ന് അവിടുന്നു ജനിച്ചു. ആ സ്വഭാവത്തിൽ അവിടുന്ന് ഉന്നതനാണ്. രണ്ടാമതായി, അതു തന്റെ ഐക്യപ്പെട്ട മനുഷ്യത്വമനുസരിച്ചാണ്. അത് തന്നോട് ഐക്യപ്പെട്ടു പുത്രത്വത്തിന്റെ ഏക പർസോപ്പായാണ്. ആരംഭംമുതൽ, പരിപൂർണരാക്കപ്പെടുന്നതുവരെ ഇതു ശ്രോതാക്കൾക്കു സ്വീകാര്യവുമായിരുന്നു. ഞാൻ പറഞ്ഞതുപോലെ, നിയമത്തിന്റെ ബോധവൽക്കരണ ശിക്ഷണത്തിലൂടെയും പ്രവാചകരുടെ പ്രവചനത്തിലൂടെയും വെളിപ്പെടുത്തലുകളും ദിവ്യരഹസ്യങ്ങളും അല്ലെഗൊറികളും ജനങ്ങളോട് ഇപ്രകാരം മുൻകൂട്ടി വിളംബരം ചെയ്തിരുന്നു: "എന്റെ വലത്തുഭാഗത്ത് ഇരിക്കുക" എന്ന് കർത്താവ് എന്റെ കർത്താവിനോട് അരുൾചെയ്തു" (സങ്കീ. 110:1). "അവൻ എനിക്കു പുത്രൻ ആയിരിക്കും" (2 സാമു. 7:14). "രാജ്യം ആരുടേതാകുന്നുവോ അവൻ വരുന്നതുവരെ, ജനതകൾ അവനെ കാത്തിരിക്കും" (ഉല്പ.49:10) എന്നിത്യാദി. "എന്റെ പ്രിയ പുത്രൻ" എന്നതിനുപകരം", അന്നുവരെ അജ്ഞാതമായിരുന്ന "ഞാൻ പ്രസാദിച്ചിരിക്കുന്ന എന്റെ പിതാവ് ഇവനാകുന്നു" എന്ന് ഉന്നതത്തിൽനിന്ന് കേട്ടിരു

www.malankaralibrary.com



ന്നെങ്കിൽ ശ്രോതാക്കൾ എങ്ങനെ സ്വീകരിക്കുമായിരുന്നു? - പിതാവിനെപ്പോലെ *ക്നോമായിൽ* നിത്യനായ പുത്രനുണ്ട്. "നിങ്ങൾ എന്നെയോ എൻെറ പിതാവിനെയോ അറിഞ്ഞിട്ടില്ല" എന്നു നമ്മുടെ കർത്താവ് പറഞ്ഞതുപോലെ (യോഹ. 8:19). പ്രവചനാനുസൃതം ഈ വചനം പുത്രനാണ് ചേരുന്നത്; അതു സ്വീകാര്യമാണ്; ശ്രോതാക്കൾക്ക് അപരിചിതവുമല്ല.

പിതാവിൽനിന്ന് പുറപ്പെടുന്ന പരിശുദ്ധാത്മാവ് ഉണ്ടെന്ന് മനുഷ്യർ വിശ്വസിക്കാതിരുന്ന പശ്ചാത്തലത്തിൽ, പരിശുദ്ധാത്മാവിനെ അംഗീകരിക്കുക എന്നതും പ്രയാസമായിരുന്നു. "ഞാൻ പിതാവിൽനിന്നു പുറപ്പെട്ടു; ദൈവത്വത്തിൻെറ ആഴങ്ങൾ പരിശോധിക്കുന്നതു ഞാനാണ് " എന്ന് ഏക *പർസോപ്പായിൽ* മനുഷ്യത്വവുമായി യോജിക്കുമ്പോൾ തൻെറ തന്നെ ക്നോമായെപ്പറ്റി പരിശുദ്ധാത്മാവിന് എങ്ങനെ പറയാൻ കഴിയും? പിതാവിൽനിന്ന് വ്യത്യസ്ത *ക്നോമാ* ആയിട്ടുള്ള അവൻെറ പുറപ്പാടിനെപ്പറ്റി തിരുലിഖിതത്തിൽ യാതൊന്നും സൂചിപ്പിച്ചിട്ടില്ല. "ഞാൻ പ്രസാദിച്ചിരിക്കുന്ന എൻെറ പരിശുദ്ധാത്മാവ് ഇവനാകുന്നു" എന്ന് എങ്ങനെ പിതാവിന് പ്രഘോഷിക്കാനാകും? അഥവാ, "പിതാവിൽ നിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവ് ഇവനാകുന്നു" എന്ന പുത്രൻെറ സാക്ഷ്യം എങ്ങനെ ഉണ്ടാകും? എന്നാൽ ആരംഭത്തിൽ ശിശുസഹജമായ രീതിയിലും പിന്നീട് അറിവിൻെറ വളർച്ചയിലും പുത്രനെപ്പറ്റി അക്കാലത്ത് ഇവയൊക്കെ ഉചിതമായിരുന്നു. കാരണം അവിടുത്തേക്കുവേണ്ടി വഴിയൊരുക്കപ്പെടുകയും വാതിൽ മലർക്കെ തുറക്കപ്പെടുകയും വാതിലുകൾ കാക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയുംചെയ്തിരുന്നു. തെളിഞ്ഞ, മിനുസമായ പാതയിലൂടെ മിശിഹാരാജാവ് വരാൻ സൃഷ്ടികൾ കാത്തിരിക്കുക ആയിരുന്നു. വാതിൽ കാവൽക്കാരനായ നിയമം "ഞങ്ങൾ മിശിഹായെ കണ്ടു" (യോഹ. 1: 41) എന്നു പറഞ്ഞുകൊണ്ട് സന്തുഷ്ട ഹൃദയത്തോടുകൂടെ നൈയാമിക വാതിൽ പെട്ടെന്നു തുറന്നു. 'ഇത് അവൻ തന്നെ' എന്ന് അടുത്തുനിന്നുകൊണ്ട് മുന്നോടിയും പ്രവാചകനുമായവൻ ശ്രോതാക്കളെ വിളിച്ചുപറഞ്ഞ് വിളംബരം ചെയ്തു. തൻെറ മനുഷ്യത്വത്തിൽ ഐക്യപ്പെട്ടിരുന്ന ദൈവത്വത്തെപ്പറ്റിയും തൻെറ നിത്യമായ ജനനത്തെപ്പറ്റിയും അപ്പോൾ അവർക്കറിയാൻ പാടില്ലായിരുന്നെങ്കിലും "മിശിഹാ" എന്ന നാമവും "പുത്രത്വവും" പ്രവചിക്കപ്പെട്ടിരുന്നു; ശ്രോതാക്കൾക്ക് സുപരിചിതവുമായിരുന്നു: ഈ അവാച്യവും ആരാധ്യവുമായ ഐക്യത്താൽ നമ്മുടെ കർത്താവ് ജനങ്ങളോടു പറഞ്ഞു"നിങ്ങൾ ശാരീരികമായി വിധിക്കുന്നു"; "നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തുമ്പോൾ, ഞാനാകുന്നു എന്ന് ആ ദിവസം നിങ്ങളറിയും" (യോഹ. 8:15. 28).

പിന്നെന്താണ്? മഹാരാജാവ് വെളിപ്പെടാൻ തുടങ്ങിയപ്പോഴേ, ഒന്നിനു പിറകേ ഒന്നായി ദൂതന്മാർ ഇസ്രായേൽക്കാരുടെ പക്കലേക്ക് ഓടിയെത്തി.

www.malankaralibrary.com



കാത്തുനിന്നവർ, അവനു മുമ്പേ വന്ന ദൂതനെ ചോദ്യം ചെയ്യാൻ തുടങ്ങി. കാരണം, തനിക്കു മുമ്പു വന്ന എല്ലാവരുടേതിനേക്കാളും മഹനീയമായ അവൻെറ പ്രവൃത്തികൾ അവർ കണ്ടു: "നീ ആരാകുന്നു?" (1:19) നീ മഹനീയൻ തന്നെയാണ്; അനുതാപത്തിലൂടെയുള്ള പാപമോചനം പ്രവൃത്തികളിൽ നീ പ്രഖ്യാപിക്കുന്നു". ഏറ്റവും വലിയ എളിമയോടുകൂടി അവൻ അവരെ പ്രബോധിപ്പിച്ചു: "ഞാൻ മിശിഹായല്ല; പിന്നെയോ, അവനു മുമ്പേ അയയ്ക്കപ്പെട്ട ദൂതനാകുന്നു. മരുഭൂമിയിൽ വിളിച്ചു പറയുന്നവൻെറ ശബ്ദമാകുന്നു ഞാൻ" (1:20-23). ഞാൻ, ആരോട് വിളിച്ചുപറയുന്നുവോ അവരെപ്പറ്റിയുള്ള ഒരു അല്ലെഗൊറിയാണിത്; എന്തുകൊണ്ടെന്നാൽ അവർ ആ സമയം വരെയും തിരിച്ചറിവില്ലാത്തവരും യഥാർത്ഥ ജ്ഞാനവും ഹൃദയസ്പൃക്കായ സുകൃതത്തിൻെറ ശുശ്രൂഷയും ഇല്ലാത്തവരും ആയിരുന്നു. "ഞാൻ കർത്താവിനു വഴി ഒരുക്കുമെന്നും താഴ്‌വരയിൽ നമ്മുടെ ദൈവത്തിൻെറ ഊടുവഴികൾ നേരെയാക്കുമെന്നും പ്രവചനത്തിൽ എന്നെപ്പറ്റി പ്രവചിച്ചിരിക്കുന്നു" (ഏശാ. 40:3).

അതുപോലെ രാജാവിൻെറ വരവിനുവേണ്ടി നേരത്തേതന്നെ സമുചിതവും വിപുലവുമായ ഒരുക്കങ്ങൾ നടന്നു: "രാജ്യാവകാശി വരുന്നതുവരെ യൂദായിൽനിന്നു ചെങ്കോലോ അവൻെറ പാദങ്ങൾക്കിടയിൽനിന്ന് നിയമദാതാവോ ഇല്ലാതാകില്ല; ജനതകൾ അവനെ കാത്തിരിക്കുന്നു" (ഉല്പ. 49:10). ഇതാ, കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും; അവൻ അമ്മാനുവേൽ എന്നു വിളിക്കപ്പെടും (ഏശാ. 7:14). വേറൊരാൾ വേറൊരു രീതിയിൽ, "നീയും, ബേത്‌ലഹേം എഫ്രാതാ, നീ യൂദായിലെ രാജാക്കന്മാരിൽ ചെറുതല്ല, എന്തുകൊണ്ടെന്നാൽ എൻെറ ജനമായ ഇസ്രായേലിനെ നയിക്കാനുള്ളവൻ നിന്നിൽ നിന്നു പുറപ്പെടും" (മീക്കാ 5:2). മറ്റൊരാൾ സന്തുഷ്ടനായി ഇങ്ങനെ ഉദ്ഘോഷിക്കുന്നു: "ഇതാ, അവൻ വിനീതനായി, കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്തു കയറിവരുന്നു" (സക്ക. 9:9). അവൻെറ വരവിൻെറ ഔന്നത്യത്തെപ്പറ്റി വേറൊരാൾ പറയുന്നു: "ശിശുക്കളും കുഞ്ഞുങ്ങളും അവനെ മഹത്ത്വപ്പെടുത്തും" (സങ്കീ.148:12). മറ്റൊരാൾ, "ആധിപത്യം അവൻെറ ചുമലിൽ ആയിരിക്കും" (ഏശാ. 9:6) എന്ന് തൻെറ വിജയപ്രദമായ സ്ലീബായെക്കുറിച്ചു പറയുന്നു. "അവൻ കൊല്ലപ്പെടുകയും നഗരം തകർക്കപ്പെടുകയും ചെയ്യും" എന്ന് വേറൊരാൾ (ദാനി. 9:26). അവൻ അഴിവിനതീതനായി കല്ലറയിൽനിന്ന് ഉയിർക്കുന്നുവെന്നും അവൻ പാതാളത്തിൽ ഉപേക്ഷിക്കപ്പെട്ടില്ലെന്നും അവൻെറ നാമത്തിൽ ഇതാ മറ്റൊരു പ്രവചനം: "നീ എൻെറ ആത്മാവിനെ പാതാളത്തിൽ ഉപേക്ഷിച്ചില്ല; നിൻെറ പരിശുദ്ധൻ അഴിവു കാണുവാൻ നീ അനുവദിച്ചില്ല" (സങ്കീ. 16:10). "നീ എൻെറ പുത്രനാകുന്നു; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന് നമ്മുടെ ശരീരങ്ങളുടെ രക്ഷയ്ക്കുവേണ്ടി പുത്രസ്വീകാര്യത്തി

www.malankaralibrary.com



നായി അവൻ അനേക സഹോദരങ്ങളിൽ ആദ്യജാതനായിരിക്കും എന്ന് അവനെപ്പറ്റി പറഞ്ഞിരിക്കുന്നു (2:7). ഭാഗ്യവാനായ പൗലോസ് അത് ഇപ്രകാരം വ്യാഖ്യാനിക്കുന്നു: "ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചതിനാൽ അവൻ ഇനിയും ഒരിക്കലും അഴിവു കാണുകയില്ല" (നട. 13:34). അവനിൽ പ്രവർത്തിച്ച ഔന്നത്യത്തിലൂടെ എല്ലാറ്റിനെയും അവനു കീഴ്പ്പെടുത്തിയതിനെപ്പറ്റിയും ഉത്ഥാനത്തിനുശേഷമുള്ള അവൻെറ മഹത്ത്വത്തെപ്പറ്റിയും ഭാഗ്യവാനായ ദാവീദ് ഉദ്ഘോഷിക്കുന്നു: "മനുഷ്യനെ ഓർക്കുവാൻ അവൻ ആരാകുന്നു? നീ സന്ദർശിക്കാൻ മനുഷ്യപുത്രൻ ആരാകുന്നു? നീ അവനെ മാലാഖമാരെക്കാൾ അല്പം താഴ്ത്തി; മഹത്ത്വവും ബഹുമാനവുംകൊണ്ട് അവനെ നീ അലങ്കരിച്ചു" (8:5-6). അതേ ഐക്യംവഴി ബഹുമാനത്തിൽ അവൻ എടുക്കപ്പെടുകയും ഉയർത്തപ്പെടുകയും ചെയ്തു. കർതൃത്വത്തിലൂടെ ദൈവത്വത്തിൻെറ ക്രമത്തിൽ അവൻ എന്നേക്കും നിലനില്ക്കുന്നു. ആ ആൾതന്നെ അവൻെറ പ്രാഥമ്യത്തെപ്പറ്റിയും പ്രവചിച്ചു: "കർത്താവ് എൻെറ കർത്താവിനോട് അരുൾചെയ്തു: ഞാൻ നിൻെറ ശത്രുക്കളെ നിൻെറ പാദപീഠമാക്കുവോളം നീ എൻെറ വലത്തുഭാഗത്തിരിക്കുക" (110:1).

ഈ കാര്യങ്ങളെല്ലാം നേരത്തെതന്നെ പ്രവചിക്കപ്പെട്ടിരുന്നു. അവ ഒന്നിനു പിറകെ ഒന്നായി, ക്രമാനുസൃതം യഥാസമയം പൂർത്തീകരിക്കപ്പെട്ടു. തദനുസാരം, ജനനത്തിനും സ്നാനത്തിനും ശേഷം നമ്മുടെ കർത്താവും തൻെറ ശ്ലീഹന്മാരും അടയാളങ്ങളും അത്ഭുതങ്ങളും മറ്റ് ആശ്ചര്യകർമ്മങ്ങളും കാണിച്ചു. "അവിടുന്ന് ക്രൂശിതനായി; അത്യാശ്ചര്യകരമായി ഉത്ഥാനം ചെയ്തു. അവൻെറ ശിഷ്യർ അവനെ ദർശിക്കുകയും അവൻെറ ഉത്ഥാനത്തിൽ ഉറപ്പായി വിശ്വസിക്കുകയും ചെയ്തു. തൻെറ പ്രഘോഷണപൂർത്തീകരണത്തിനാവശ്യമായവയെല്ലാം അവർക്കു നൽകുന്നതിനും, അവരെ ബലപ്പെടുത്തുന്നതിനും പ്രകാശിപ്പിക്കുന്നതിനും പരിശുദ്ധാത്മാവിനെ അവിടുന്നു വാഗ്ദാനം ചെയ്തു. പിന്നീട്, അവിടുന്ന് മുൻകൂട്ടി അവരോട് പറഞ്ഞിരുന്നതുപോലെ അവൻ സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നതായി അവർ ദർശിച്ചു. അവൻെറ വാഗ്ദാനം അനുസരിച്ച് പരിശുദ്ധാത്മാവ് ഇറങ്ങി അവർക്കു വിജ്ഞാനം നല്കി, പ്രബോധിപ്പിച്ചു; എല്ലാവിധ അത്ഭുതസംഗതികളും കൊണ്ട് അവരെ സുസജ്ജരാക്കി.

അവിടുന്ന് അവരെ പഠിപ്പിച്ച അനേക കാര്യങ്ങളിൽ നേരത്തെ അവരോട് സൂചിപ്പിച്ചവ വിശ്വസനീയമാണെന്ന് അപ്പോൾ മുതൽ അവർക്കു ബോധ്യമായി: അതായത്, അവിടുന്നു ദൈവമാണ്; അവിടുന്നു നിത്യമായി പിതാവിൽനിന്നു ജനിച്ചവനാണ്; ഈ ആരാധ്യമായ ദിവ്യവ്യാപാരത്തിൻെറ പൂർത്തീകരണത്തിനും എല്ലാവരുടെയും നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി ഏറ്റവും

www.malankaralibrary.com



വലിയ എളിമയാൽ അവിടുന്നു നമ്മുടെ മനുഷ്യത്വം ധരിക്കുകയും നമ്മുടെ മനുഷ്യത്വമാകുന്ന ഈ ആലയത്തിൽ ഐക്യപ്പെട്ട് വസിക്കുകയും ചെയ്തു. ഉത്ഥാനം യാഥാർത്ഥ്യമാക്കാനും നീതിയിൽ ഭൂമിയെ വിധിക്കാനും അതേ ഐക്യത്തിൽ തന്റെ വലിയ മഹത്ത്വത്തിൽ അവിടുന്നു വരാനിരിക്കുന്നു. അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ മുടന്തനായിരുന്ന മനുഷ്യനോട് പത്രോസും യോഹന്നാനും അവരുടെ കൂടെയുള്ളവരും എന്തു പറഞ്ഞു? "നസ്രായനായ നമ്മുടെ കർത്താവേശുമിശിഹായുടെ നാമത്തിൽ നിന്റെ കാലുകളിൽ നീ എഴുന്നേറ്റ് നില്ക്കുക" (നട. 3:6). അവൻ പറഞ്ഞതുപോലെ സംഭവിച്ചു. ആകാശത്തിൻ കീഴിൽ ഇടിമുഴക്കിയ ഭാഗ്യവാനായ യോഹന്നാൻ സുവിശേഷകന്റെ പ്രബോധനവും വിശ്വസനീയമാണെന്ന് തെളിഞ്ഞു: "ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടിയായിരുന്നു. ദൈവമായിരുന്നു ആ വചനം" ; "എല്ലാം അവനിലൂടെ ഉണ്ടായി" "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" (യോഹ. 1:1.3.14).

വീണ്ടും, അവിടുത്തെ മനുഷ്യത്വം സംബന്ധിച്ച് ഭാഗ്യവാനായ പത്രോസ് ഇപ്രകാരം പറയുന്നു: "അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെട്ടു"; "അവൻ ചുറ്റിനടന്ന് രോഗശാന്തി നൽകി; എന്തുകൊണ്ടെന്നാൽ ദൈവം അവനോടുകൂടെ ഉണ്ടായിരുന്നു" (നട.2:33; 10:38). വീണ്ടും, "നമ്മുടെ കർത്താവേശുമിശിഹായുടെ നാമത്തിൽ നിന്റെ കാലുകളിൽ എഴുന്നേറ്റ് നില്ക്കുക" എന്ന് ലിസ്ത്രാ നഗരത്തിൽ വച്ച് ഉദരത്തിൽ വച്ചുതന്നെ മുടന്തനായ മനുഷ്യനോട് ഉച്ചസ്വരത്തിൽ പരിശുദ്ധാത്മശക്തിയാൽ ഭാഗ്യവാനായ പൗലോസ് വിളിച്ചുപറഞ്ഞപ്പോൾ, അപ്രകാരംതന്നെ സംഭവിച്ചു (14:9). "അവിടുന്ന് ജഡത്തിൽ വെളിപ്പെട്ടു"എന്നും, "ദൈവത്തിന്റെ രൂപം ദാസന്റെ രൂപം എടുത്തു" എന്നും, "അവൻ തന്റെ മഹത്ത്വത്തിന്റെ കിരണവും സത്തയുടെ പ്രതിച്ഛായയുമാകുന്നു" എന്നും "തന്റെ വചനത്തിന്റെ ശക്തിയാൽ അവൻ എല്ലാം പിടിച്ചിരിക്കുന്നു" എന്നും ആകാശത്തിനുകീഴിൽ മുഴുവൻ പ്രഘോഷിക്കപ്പെട്ട സുവിശേഷത്തിന്റെ ദിവ്യരഹസ്യം വിശ്വസനീയമായിത്തീർന്നു (1 തിമോ. 3: 16; ഫിലി. 2:7; എബ്രാ. 1:3).

ഈ കാര്യങ്ങൾക്കുവേണ്ടിയും ഈ കാലപൂർത്തിയിൽ സംഭവിച്ച ഈ സാക്ഷ്യങ്ങളെപ്രതിയും വചനമായ ദൈവം തന്റെ *പർസോപ്പായിലേക്ക്* നമ്മുടെ മനുഷ്യത്വമെടുത്ത് യോജിപ്പിക്കുകയും തന്നോടുകൂടി ഏകപുത്രനും കർത്താവും ആക്കിത്തീർക്കുകയും ചെയ്തു. ഇന്നലെയും ഇന്നും എന്നേക്കും ഒരുപോലെ, ഒരേ ഇച്ഛയിലും ശക്തിയിലും അധികാരത്തിലും കർതൃത്വത്തിലും ഉള്ള യേശുമിശിഹാ ഇവനാകുന്നു. ഐക്യപ്പെടാത്ത പിതാവിനും,

www.malankaralibrary.com



ഐക്യപ്പെട്ട പുത്രനും, ഐക്യപ്പെടാത്ത പരിശുദ്ധാത്മാവിനും ഏക സ്വഭാവവും ശക്തിയും അധികാരവും ഇച്ഛയും ആണെങ്കിലും പിതാവോ പരിശുദ്ധാത്മാവോ അല്ല ഈ ദിവ്യവ്യാപാരത്തിന് എഴുന്നെള്ളിയത്. അവിടുത്തേക്ക് എന്നുമെന്നേക്കും മഹത്ത്വവും ആരാധനയും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## അധ്യായം 7

# മനുഷ്യനായത് പുത്രൻ മാത്രം

*സാധാരണക്കാരുടെ അറിവിനായി ഇക്കാര്യം സംബന്ധിച്ച് പ്രകൃതിയിൽനിന്നുള്ള ഒരു വിശദീകരണം*

സാധാരണക്കാരെയും വിഭക്തമാനസരെയും ഓർത്ത് പ്രകൃതിയിൽ നിന്നുള്ള ഒരുദാഹരണം എടുത്ത്, എപ്രകാരമാണ് വചനമായ ദൈവംമാത്രം നമ്മുടെ മനുഷ്യത്വവുമായി ഐക്യപ്പെട്ടതെന്ന് വിശദീകരിക്കാൻ ശ്രമിക്കാം. അനന്തസ്വഭാവം ഒന്നാണ്; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും തുല്യത ഏകമാണ്. ത്രിത്വത്തിന്റെ സ്വഭാവവും ഇച്ഛയും ഏകമാണെങ്കിലും നമ്മുടെ രക്ഷയ്ക്കായി പുത്രന്റെ *പർസോപ്പാ* മാത്രമാണ് ദിവ്യവ്യാപാരം മുഴുവൻ നടത്തിയത്. ഇത് ഈ മഹനീയസംഗതികൾ വഴിയും തിരുലിഖിത സത്യമനുസരിച്ചും നാം വ്യക്തമായി കാണിച്ചിട്ടുള്ളതാണ്. എന്നാൽ അഗ്രാഹ്യതയുടെ സാദൃശ്യത്തിനുവേണ്ടി പ്രകൃതിവസ്തുക്കളിൽ നിന്ന് നമുക്കൊരു ചെറിയ വിശദീകരണം തേടാം. വിശദീകരണം, എങ്ങനെയായിരുന്നാലും അദൃശ്യകാര്യങ്ങളെപ്പറ്റിയാകുമ്പോൾ നൂറുശതമാനം ശരിയായിരിക്കയില്ല എന്നു സത്യാന്വേഷകർ മനസിലാക്കിയിരിക്കണം; അങ്ങനെയല്ലെങ്കിൽ, അതൊരു വിശദീകരണമേയല്ല! എന്നാൽ, ബാഹ്യമായി ദൃശ്യവും നോക്കിക്കാണാവുന്നതുമായ *ക്നോമാ*, മറ്റൊരു സ്വഭാവത്തിൽനിന്നുള്ള സാദൃശ്യത്തിന്റെ വിശദീകരണമല്ല. ഉദാ: ആദത്തിന്റെ സ്വഭാവവും *ക്നോമായും* എന്താണെന്ന് അറിയാനാഗ്രഹിക്കുന്നയാൾ, മനുഷ്യരുടെ ഓരോ *ക്നോമായിലും* അവനെ അറിയുന്നു. ഇതൊരു വിശദീകരണമല്ല; സത്യാവസ്ഥയാണ്. എന്നാൽ വിശദീ

www.malankaralibrary.com



കരണമാവശ്യമുള്ള ഒന്നിന്റെ സ്വഭാവവും *ക്നോമായും* കാണിക്കാൻ സാദൃശ്യത്തിന് കഴിയില്ല. അതുപോലെ ഒരു വിവരണത്തിനും കഴിയില്ല. ആരാധ്യമായ ഈ *ക്നോമാകൾ* ഒന്നിനു പിറകെ ഒന്നായി വരുന്നില്ല എന്ന് ഒരുദാഹരണം വഴി കാണിക്കാൻ ആഗ്രഹിക്കുന്നു. അവ കാരണവും കാര്യവുമാണ് - ജനിപ്പിച്ച പിതാവ്, ജനിച്ച പുത്രൻ, പുറപ്പെടുന്ന പരിശുദ്ധാത്മാവ്. പുത്രനും പരിശുദ്ധാത്മാവും മുമ്പോ പിമ്പോ കൂടാതെയും വേർതിരിവു കൂടാതെയും ഇടവേളകൂടാതെയും പിതാവിൽനിന്നാണ്. പിതാവ് കിരണത്തെയും വചനത്തെയും പുറപ്പെടുത്തുന്നു. കിരണവും വചനവും സ്വയംസ്ഥിത *ക്നോമാകളല്ല,* പിന്നെയോ ശക്തികളും കർമ്മങ്ങളുമാണ്. എന്നാൽ ഇതൊരുദാഹരണമാണ്; ഇതൊരു സാദൃശ്യമായി സ്വീകാര്യവുമാണ്. തന്റെ *ക്നോമായുടെ* സാദൃശ്യത്തിന് ഏതാണ്ട് അടുത്തുവരുന്നതുമാണെന്നു വ്യക്തവുമാണ്. എന്നാൽ അവൻ ശക്തി മാത്രമോ, പ്രവർത്തനം മാത്രമോ അല്ല, പിന്നെയോ വചനം ദൈവമാണ്.

ഒരുദാഹരണം എടുക്കാം. ഇവിടെയും എല്ലാക്കാര്യങ്ങളിലും സാമ്യം തേടരുത്. ഒന്ന് മറ്റൊന്നിൽനിന്ന് എങ്ങനെ വ്യത്യസ്തമായിരിക്കുന്നു എന്നു തിരക്കാനല്ല നാം ഉദാഹരണം തേടുന്നത്. താർക്കിക മാനസനായ ആരിയൂസ് വ്യത്യസ്ത സ്വഭാവങ്ങളെപ്പറ്റി അങ്ങനെയാണ് ചെയ്തത്. നാമാകട്ടെ വിശദീകരണം എന്ന നിലയിൽ പുരാതന പിതാക്കന്മാർ ഉപയോഗിച്ചതുപോലെ താർക്കികരുടെ ഗ്രഹണത്തിനായി ചർച്ചചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും ഏക അനന്തസ്വഭാവവും മൂന്ന് *അനന്തക്നോമാകളുമാണ്.* എന്നാൽ അവ പരസ്പരം കൂട്ടിക്കുഴച്ചിൽ കൂടാതെ വസിക്കുന്നു. കൂട്ടിക്കുഴച്ചിൽ കൂടാതെ ഓരോരുത്തരുടെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നു. സ്വഭാവവും, അധികാരവും, ഇച്ഛയും അനന്തതയും മൂവർക്കും ഏകമാണെങ്കിലും വചനമായ ദൈവം മാത്രമാണ് ദാസന്റെ രൂപമെടുത്ത് ഐക്യപ്പെട്ടത്.

അനന്തതയുടെയോ അനന്തമായ ബഹിരാകാശത്തിന്റെയോ സാദൃശ്യത്തിൽ ഈ അന്തരീക്ഷവും അതിനു താഴെയുള്ളവയും ദൃഷ്ടാന്തമായെടുക്കാം. നിന്റെ മനസ് ഈ അന്തരീക്ഷത്തിലുടനീളം പായിക്കുക. ഈ അന്തരീക്ഷം മുഴുവൻ വായു നിറഞ്ഞിരിക്കുന്നതു കാണുക; വായുവില്ലാത്ത ഒരിടവും ഈ അന്തരീക്ഷത്തിൽ നീ കാണുകയില്ല. അന്തരീക്ഷം മുഴുവൻ മേൽത്തട്ട് മുതൽ താഴെവരെ പൂർണമായി വായു നിറഞ്ഞിരിക്കുന്നതു കാണുക. ഈ വായുവിനെ നീക്കിക്കളയാതെയും അതിന് ഭാരം കൂട്ടാതെയും സൂര്യൻ തന്റെ പ്രകാശ രശ്മികളാലും ചൂടാലും ഈ അന്തരീക്ഷം മുഴുവൻ മേലാകാശത്തുനിന്ന് താഴേക്ക് നിറയ്ക്കുന്നു. കൂട്ടിക്കുഴച്ചിൽ കൂടാതെയും അനന്തമായും വായുവും സൂര്യനും വ്യത്യസ്തമാണ്. സൂര്യനും അതിന്റെ ചൂടും കൂട്ടിക്കുഴച്ചിൽ

www.malankaralibrary.com



കൂടാത്തതും കൂട്ടിച്ചേർക്കൽ കൂടാത്തതുമാണ്. ചൂട് പ്രകാശമല്ലെന്നും പ്രകാശം ചൂടല്ലെന്നും വിവേചനാശക്തിയുള്ള മനസ് വിവേചിച്ചറിയുന്നു. എന്തുകൊണ്ടെന്നാൽ, ആദ്യം നാല് മൂലഭൂതങ്ങൾ സൃഷ്ടിക്കപ്പെട്ടപ്പോൾ, -അവയിലൊന്ന് ചൂടോടുകൂടിയ അഗ്നി-പ്രകാശം സൃഷ്ടിക്കപ്പെട്ടില്ല. കാരണം, അഗ്നി കല്ലുകളിലും പദാർത്ഥപ്രകൃതിയോട് ചേർന്ന് മറ്റെല്ലാറ്റിലും സ്ഥിതിചെയ്യുന്നു. ഇതാ, അഗ്നി കല്ലുകളിൽനിന്നും കടലിലെ തിരമാലകളിൽനിന്നും പുറപ്പെടുന്നു; പദാർത്ഥപ്രകൃതിയുള്ള എല്ലാ മറ്റുവസ്തുക്കളിലും അഗ്നിയുണ്ട്. പ്രകാശത്താൽ പ്രശോഭിതമാകാത്തപ്പോഴും അതു കത്തുകയും അതിന്റെ പ്രവർത്തനം വെളിപ്പെടുത്തുകയും ചെയ്യുന്നു. ഉദാ. കടുക്, വെളുത്തുള്ളി, മുള്ളങ്കി, ഗന്ധകം, കുമ്മായം, ഇതുപോലെയുള്ള വസ്തുക്കൾ, കത്തുന്നെങ്കിലും പ്രകാശിക്കുന്നില്ല; ചൂട് പുറപ്പെടുവിക്കാതെപ്രകാശിക്കുകമാത്രം ചെയ്യുന്ന അനേകം വസ്തുക്കളുണ്ട്. ഉദാ. രാത്രിയിൽപ്രകാശിച്ച് വെളിച്ചം നൽകുന്ന ചില്ല കല്ലുകൾ, വയലിൽ പ്രകാശിക്കുന്ന ചില സസ്യങ്ങൾ, വിളക്കുപോലെ പ്രകാശിക്കുന്ന മിന്നാമിനുങ്ങ്. അവയുടെ പ്രകാശം അഗ്നിയുടെ പ്രകാശം പോലെയോ മറ്റുള്ള വസ്തുക്കളുടെ പ്രകാശം പോലെയോ അല്ല. വന്യമൃഗങ്ങളുടെ കണ്ണുകൾ രാത്രിയിൽ വിളക്കുപോലെ പ്രകാശിക്കുമെന്നു പറയപ്പെടുന്നു. അതുകൊണ്ട് സൂര്യന്റെ ചൂടിനെ അതിന്റെ പ്രകാശത്തിൽനിന്നു വേർതിരിച്ചു കാണാൻ മനസിനു സാധിക്കുന്നു എന്നു വ്യക്തമായല്ലോ.

വായുവിനെ സംബന്ധിച്ചും നാം ഇതുതന്നെ കാണുന്നു. സൂര്യൻ മറയുമ്പോൾ പ്രകാശവും ചൂടും ഇല്ലാതാകുന്നു; രാത്രിയായി അന്ധകാരം എങ്ങും വ്യാപിക്കുന്നു എന്നാൽ മുകൾമുതൽ താഴെവരെ നിറഞ്ഞു നിൽക്കുന്ന വായുവിന് മാറ്റമില്ലാതെ നിലനില്ക്കുന്നു; പ്രകാശം പോയതുകൊണ്ട് വായുവിനൊട്ടും കുറുവ് വരുന്നില്ല. ചൂട് ലഭിക്കുമ്പോൾ വലുതാകുകയോ ചൂടില്ലാതാകുമ്പോൾ കുറഞ്ഞുപോകുകയോ ചെയ്യുന്നില്ല. അവ രണ്ടും ഒരേ ആകാശത്തിൽ തന്നെയാണ് - പ്രകാശദാതാവായ സൂര്യനും അതിന്റെ ചൂടും, വായുവും. കൂട്ടിക്കുഴച്ചിൽ കൂടാതെ, കൂട്ടിച്ചേർക്കൽ കൂടാതെ, സമ്മിശ്രം കൂടാതെ കഴിയുന്നു. "സമ്മിശ്രം" വ്യതിയാനം സംഭവിപ്പിക്കുന്നു. മിശ്രിതത്തിനുശേഷം ഭാഗങ്ങൾ വേർതിരിക്കാനാവില്ല. കൂട്ടിച്ചേർത്തവ പരസ്പരം അളവ് വർധിപ്പിക്കുകയും ചെയ്യുന്നു. അതുപോലെ കൂട്ടിച്ചേർക്കൽ "സംയുക്തമിശ്രിതം" ആണ്. കൂട്ടിച്ചേർക്കലിനുശേഷം ഭാഗങ്ങൾ വേർതിരിച്ചെടുക്കാൻ സാധ്യമല്ല. ഉദാ: ഗോതമ്പിന്റെയോ, ബാർളിയുടെയോ പയറിന്റെയോ പൊടി, ചുണ്ണാമ്പുപൊടിയോ, മണ്ണോ, അതുപോലെയുള്ള മറ്റു വസ്തുക്കളോ ചേർത്ത് ഒന്നിച്ചാൽ അവ വേർതിരിച്ചെടുക്കാൻ സാധ്യമല്ല. അതുപോലെയാണ് കൂട്ടിക്കുഴച്ചിലും. - അവ കൂടിച്ചേരുന്നില്ലെങ്കിലും. - ഉദാ: പയറും ഗോതമ്പും ബാർളിയും കൂട്ടിച്ചേർത്താൽ

www.malankaralibrary.com



വേർതിരിക്കാനാവും എങ്കിലും അവ കൂടിച്ചേരുമ്പോൾ അളവു വർധിക്കുകയും അവയ്ക്കു കൂടുതൽ സ്ഥലം ആവശ്യമായി വരികയും ചെയ്യുന്നു.

അതുകൊണ്ട് ഈ ചെറിയ വിശദീകരണത്തിൽ വിവരണാതീതമായ നിഗൂഢതയുടെ ഒരു പ്രതീകം വിവരിക്കപ്പെട്ടു; വായു മിശ്രിതമാകുന്നില്ല; സൂര്യനുമായും അതിൻെറ ചൂടുമായും ചേർന്ന് സംയുക്തമോ, സമ്മിശ്രമോ സംജാതമാകുന്നില്ല. മുകളിൽ വിശദീകരിച്ചതുപോലെ സൂര്യനും അതിൻെറ പ്രകാശവും വായുവിലെ ചൂടുമായും സൂര്യപ്രകാശത്തിലുള്ള വായുവുമായും ചേർന്ന് ഏതെങ്കിലും തരത്തിലുള്ള സമ്മിശ്രമോ സംയുക്തമോ മിശ്രിതമോ ആയിത്തീരുന്നില്ല. ഇതാ, അവയുടെ സ്വഭാവത്താൽ ഒന്നിനെ മറ്റൊന്നിൽനിന്നു വേർതിരിക്കാൻ മനസ് സുശക്തമാണ്. ഒരു സൂക്ഷ്മ ദൃഷ്ടാന്തമായി ഒരു ജലകണിക യെടുത്ത് വായുവുമായി കൂട്ടിച്ചേർക്കുക. ആകാശത്തിൻ കീഴിലുള്ള സർവതും നിറഞ്ഞിരിക്കുന്നതും വ്യാപിച്ചുകിടക്കുന്നതുമായ വായുവുമായി ജലം ചേരുമ്പോൾ, അളവിൽ കൂടുതൽ സ്ഥലം കൂട്ടിച്ചേർക്കപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ ആകാശംമുതൽ താഴോട്ടുള്ള പൊള്ള മുഴുവൻ വായു നിറഞ്ഞു നില്ക്കുന്നു. ബാഷ്പീകരണംവഴി വായുവിൽ ലയിച്ചുചേർന്ന ജലാംശം വായുവുമായി ചേർന്ന് പ്രകാശമേഘമായി തീരുമ്പോൾ അതേ അളവുതന്നെയാണ്. ചൂടോടുകൂടി സൂര്യനെയും വായുവിൽ കലർന്നതും കട്ടി കുറഞ്ഞ് വെൺമേഘമായിത്തീർന്ന ജലാംശത്തെയും ഭാവനയിൽ കൊണ്ടുവരിക. ജലവുമായി താരതമ്യപ്പെടുത്തുമ്പോൾ വായുവിൻെറ പൂർണതയുടെ അനന്തതയിലെ മിശ്രിതരാഹിത്യത്തെ നിനക്കു കാണാനാകും; എന്തുകൊണ്ടെന്നാൽ വായു ജലവുമായി ചേർന്നിരിക്കുന്നത് തൂവെൺമേഘമായാണ്. പ്രകാശം വർഷിക്കുന്ന സൂര്യൻ തൻെറ ചൂടോടുകൂടിയും മേഘത്തിൽ ഉള്ള ബാഷ്പീകരണത്താൽ ചേർന്നിരിക്കുന്ന വെള്ളത്തോടുകൂടിയും നിറഞ്ഞിരിക്കുന്നു. വായുവിൽ കലരുന്ന ബാഷ്പീകരണജലത്താൽ മേഘം ഉണ്ടാകുന്നു. ജലം പ്രകാശത്തോടോ ചൂടോടോ ചേർന്നാൽ മേഘം ഉണ്ടാകുന്നില്ല; കാരണം, ചൂട് ബാഷ്പീകൃത ജലത്തെ ഇല്ലാതാക്കുന്നതാണ്. ജലം ശരിയായി വായുവുമായി ചേർന്ന് ബാഷ്പീകൃതവും സുതാര്യവുമായ മേഘമായി തീരുന്നു; സൂര്യപ്രകാശം അതിലൂടെ കടന്ന് ചൂടു പകരുന്നതിനും ആകാശത്തിൻ കീഴുള്ള എല്ലാറ്റിനും പ്രകാശം ചൊരിയുന്നതിനും അതു തടസ്സമാകുന്നില്ല; ബാഷ്പീകരിക്കപ്പെട്ട ജലവുമായി ചേർന്ന വായുവിൽ അത് എല്ലാറ്റിലും എല്ലാമാണ്.

ഈ അപൂർണവിവരണം ഒരു ദൃഷ്ടാന്തമായെടുക്കാം. പിതാവുമായും പരിശുദ്ധാത്മാവുമായും സമസത്തയായ വചനമായ ദൈവം പിതാവിനെപ്പോലെയും പരിശുദ്ധാത്മാവിനെപ്പോലെയും അനന്തനായിരിക്കെ, മനുഷ്യനെ എടുത്ത് ഏകപുത്രത്വത്തിൽ വ്യക്തിപരമായി തന്നോട് ഐക്യപ്പെടുത്തി. നേര

www.malankaralibrary.com



ത്തെയുള്ള ഒരുക്കം നിമിത്തം ഈ ക്രമീകൃത ദിവ്യപരിപാലനയിൽ പിതാവിൻെറയോ പരിശുദ്ധാത്മാവിൻെറയോ *പർസോപ്പായിലൂടെ* ആരാധ്യമായ ഈ ദിവ്യവ്യാപാരം പൂർത്തീകരിക്കപ്പെടുക അസാധ്യമായിരുന്നു എന്ന് നാം മുകളിൽ പറഞ്ഞല്ലോ. മറിച്ച് പുത്രൻെറ വ്യക്തിത്വത്തിൽ മാത്രമാണ് അതു നടന്നത്. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഏകസത്തയും ഏക അനന്തതയുമാണെങ്കിലും വചനമായ ദൈവമാണ് നമ്മുടെ മനുഷ്യത്വം എടുത്ത് ഏകപുത്രത്വത്തിൽ അതിനെ തന്നോടു ചേർത്തത്. എന്നാലതുവഴി ത്രിത്വത്തിൻെറ അനന്തപ്രകൃതിയുമായി ഒന്നുംതന്നെ കൂട്ടിച്ചേർക്കപ്പെട്ടില്ല. പിതാവും പരിശുദ്ധാത്മാവും അനന്തനായ പുത്രനിൽ അനന്തമായി വസിച്ചു. പുത്രൻ തൻെറ *പർസോപ്പായിൽ* ഒരു പരിമിതമനുഷ്യനെ എടുത്ത് ഐക്യപ്പെട്ടും അനന്തമായും അവനിൽ വസിച്ചു. ജലത്തിൻെറയും വായുവിൻെറയും ദൃഷ്ടാന്തംപോലെ, തൻെറ സ്വന്തം സ്വഭാവം ഒഴിച്ചുള്ളതെല്ലാം അവനു നൽകി. എന്നേക്കും ഒരേ മഹത്ത്വത്തിലും ഔന്നത്യത്തിലും ഉള്ള ഐക്യപ്പെടാത്ത പിതാവും ഐക്യപ്പെട്ട പുത്രനും, ഐക്യപ്പെടാത്ത പരിശുദ്ധാത്മാവും; *അനന്ത ക്നോമാകളിൽ* ഉള്ള ഒരേ ഒരു അനന്തസത്ത.

വീണ്ടും മറ്റൊരു വിവരണം: തിരുലിഖിതങ്ങളിലുള്ളവ പ്രകൃതിയിൽനിന്നു കൂടി ഉദാഹരിക്കണമെന്ന് നിങ്ങളുടെ സ്നേഹം എന്നോടാവശ്യപ്പെട്ടല്ലോ. പിതാക്കന്മാരും അപ്രകാരം തന്നെ ചെയ്തിട്ടുണ്ടല്ലോ. താർക്കികർക്കുവേണ്ടിയാണ് അവർ അപ്രകാരം ചെയ്തത്. പ്രകാശപൂരിതവും അഭൗമികവും കുറഞ്ഞുപോകാത്ത പ്രകാശപൂരത്താൽ എല്ലാത്തരത്തിലും പരിപൂർണവുമായ മൂന്നു വിളക്കുകളെ മനസിൽ കൊണ്ടുവന്ന് അവയെ ഒരു ഭവനത്തിൽ എത്തിക്കുക. വിളക്കുകളുടെ പ്രകാശത്താൽ ഭവനം എല്ലാറ്റിലും എല്ലാമായി നിറഞ്ഞിരിക്കുന്നു. എന്നിട്ട് ഭാവനയിൽ ഒരു വിളക്കുമെടുത്ത് പുറത്തേക്കു പോകുക; അപ്പോഴും ആ ഭവനം ഒരു കുറവും ഇല്ലാതെ രണ്ടുവിളക്കുകളാൽ ശോഭിക്കുന്നു. മറ്റൊരു വിളക്കും പുറത്തേക്ക് എടുത്താലും ഭവനം മുഴുവൻ അതേ പ്രകാശത്താൽ നിറഞ്ഞിരിക്കുന്നു. ആ വിളക്കുകളുമായി ഭവനത്തിൽ തിരിച്ചുകയറുക, പ്രകാശത്തിൻെറ അളവു വർധിക്കാതെ അതേ പ്രകാശം പ്രശോഭിക്കുന്നു. വിളക്കുകൾ എടുത്തു മാറ്റുന്നതു വഴിയോ തിരികെ കൊണ്ടുവരുന്നതുവഴിയോ അന്തരീക്ഷത്തിന് കൂടുതൽ കുറവു വരുന്നില്ല. പകൽസമയം സൂര്യപ്രകാശമുള്ളപ്പോൾ ചന്ദ്രൻെറ പ്രകാശമോ മറ്റെന്തെങ്കിലുമോ വലിയ അഗ്നിയോ കൂടുതൽ പ്രകാശം ചൊരിയാത്തതുപോലെയാണിത്. വീണ്ടും, ഈ വിളക്കുകളിൽ ഒന്നെടുത്ത് പുറത്തേക്കു പോകുന്നതായി സങ്കല്പിക്കുക. ദേവദാരുവിലോ, മറ്റൊരു കമ്പിലോ അതുകൊണ്ട് തീകൊളുത്തിയിട്ട് വിളക്ക് പൂർവസ്ഥാനത്ത് തിരിച്ചുവയ്ക്കുക. അതുവഴി പ്രകാശത്തിൻെറ അളവിന് ഒട്ടും കുറവു വന്നില്ല എന്നു കാണാൻ

www.malankaralibrary.com



കഴിയും. പദാർത്ഥപരമായ കൂട്ടിച്ചേർക്കൽ അവഗണനാർഹമാണ്; അതു ഗണ്യമായൊന്നും കൂട്ടിച്ചേർക്കുന്നില്ല. ദൃശ്യസൂര്യനെപ്പോലെ ഈ മൂന്നുവിളക്കുകളും തങ്ങളുടെ പരിപൂർണപ്രകാശത്തിൽ എല്ലാം തികഞ്ഞവയാണ്. അവയുടെ പ്രകാശത്തോട് ഒന്നും കൂട്ടിച്ചേർക്കപ്പെടുന്നില്ല; വിളക്കുകളുടെ പ്രകാശംപോലെയാണവ. അവ കൂട്ടിക്കുഴച്ചിൽ കൂടാതെ പര സ്പരം വസിക്കുന്നു; ഒരു പദാർത്ഥം മിശ്രിതമല്ലാത്ത പ്രകാശവുമായി ഐക്യപ്പെടാത്ത മറ്റു രണ്ടുപ്രകാശങ്ങളോടൊപ്പം കൂട്ടിക്കുഴച്ചിൽ കൂടാതെ കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു - ഐക്യപ്പെടാത്ത പ്രകാശം, ഐക്യപ്പെട്ട പ്രകാശം, ഐക്യപ്പെടാത്ത പ്രകാശം - ഏക പ്രകാശം.

വചനമായ ദൈവവും ഇതുപോലെയാണ്. അതായത്. ദൈവത്തിന്റെ സാദൃശ്യം, പിതാവിനോടും പരിശുദ്ധാത്മാവിനോടും സത്തയിൽ സമനായവൻ, പ്രകാശത്തിൽനിന്നുള്ള പ്രകാശം, സത്യദൈവത്തിൽനിന്നുള്ള സത്യദൈവം, പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടി ഏകസ്വഭാവമായവൻ, തന്റെ ആളത്വത്തിലേക്ക് ദാസന്റെ രൂപം എടുത്ത് യോജിപ്പിക്കുകയും. കൂട്ടിച്ചേർക്കലോ, കൂട്ടിക്കുഴച്ചിലോ, സമ്മിശ്രമോ, സങ്കലനമോ കൂടാതെ ഏക ഐക്യത്തിൽ ഐക്യപ്പെട്ട് അതിൽ വസിക്കുകയും തന്നോടുകൂടി എന്നേക്കും അതിനെ ഏകപുത്രനാക്കി തീർക്കുകയും ചെയ്തു. ഐക്യപ്പെട്ട പുത്രൻ, ഐക്യപ്പെടാത്ത പിതാവിൽ വസിക്കുന്നു; ഐക്യപ്പെടാത്ത പരിശുദ്ധാത്മാവ്, ഐക്യപ്പെടാത്ത പിതാവിലും ഐക്യപ്പെട്ട പുത്രനിലും വസിക്കുന്നു. ഐക്യപ്പെടാത്ത പിതാവ്, ഐക്യപ്പെട്ട പുത്രനിലും ഐക്യപ്പെടാത്ത പരിശുദ്ധാത്മാവിലും കൂട്ടിക്കുഴച്ചിൽ കൂടാതെ തിരുഹിതാനുസൃതം ഏക അനന്തതയിൽ വസിക്കുന്നു. എടുക്കൽ വഴി ത്രിത്വത്തോടൊന്നും കൂട്ടിച്ചേർക്കപ്പെടുന്നില്ല; സ്ഥാനവുമില്ല, പരിമിതിയുമില്ല. ഒരേ ത്രിത്വം സത്തയിൽ നിത്യത മുതൽ എന്നേക്കും അനന്തമാണ്; എന്നാൽ ഏകസ്വഭാവത്തിൽ ഉള്ള അനന്തസത്തയിൽ കൂട്ടിക്കുഴച്ചിൽ കൂടാതെ *ക്നോമാകൾ* സംരക്ഷിക്കപ്പെടുന്നു. മിശ്രിതമോ സമ്മിശ്രിതമോ കൂടാതെ, തിരുഹിതപ്രകാരം ക്നോമാകൾ പരസ്പരം വസിക്കുന്നു. അതുപോലെയാണ് ആരാധ്യമായ ഈ ഐക്യത്തിൽ വചനമായ ദൈവവും. അവിടുന്നു പിതാവിനെയും പരിശുദ്ധാത്മാവിനെയുംപോലെ അനന്തമായ *ക്നോമായാണ്.* അവിടുന്ന് തന്റെ മനുഷ്യത്വത്തിന്റെ *പരിമിത ക്നോമായുമായി* ഐക്യപ്പെട്ടു. അതിനെ കുറ്റിച്ചെടിയിൽ അഗ്നിപോലെ അവിടുന്നുയർത്തി പുത്രത്വത്തിന്റെ ഏക *പർസോപ്പായിൽ* കൂട്ടിക്കുഴച്ചിലോ, കൂട്ടിച്ചേർക്കലോ കൂടാതെയും സമ്മിശ്രമായി തീരാതെയും തന്റെ *പർസോപ്പായോടു* ചേർത്തു. എന്നാൽ സ്വഭാവങ്ങളുടെ സവിശേഷതകൾ അവയുടെ *ക്നോമാകളിൽ,* ദൈവപുത്രനായ ഏക കർത്താവേശുമിശിഹായുടെ ഏക ഐക്യത്തിൽ സംരക്ഷിക്കപ്പെടുന്നു.

www.malankaralibrary.com



അവനും അവൻെറ പിതാവിനും പരിശുദ്ധാത്മാവിനും എന്നുമെന്നേക്കും മഹത്ത്വവും ബഹുമാനവും ഉന്നതിയും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## അധ്യായം 8

# മനുഷ്യാവതാര രഹസ്യം

*നിത്യപുത്രനും ത്രിത്വത്തിലെ ക്നോമാകളിൽ ഒരുവനും ആയ വചനമായ ദൈവത്തിന് നമ്മിൽനിന്നുള്ള മനുഷ്യനുമായുള്ള ഐക്യത്തെപ്പറ്റി: അവനെ അവിടുന്ന് ഉയർത്തി, തൻെറ വ്യക്തിത്വത്തിലേക്ക് എടുത്തു; നിത്യമായ ഏക ഐക്യത്തിൽ അവനെ തന്നോടുകൂടി ഏകപുത്രനാക്കിത്തീർത്തു. ഇതിനെപ്പറ്റി.*

നമ്മുടെ പ്രത്യാശയും നമ്മുടെ ജീവൻെറ ഉറവിടവും നമ്മുടെ ദൈവവുമായ മിശിഹായുടെ ശക്തിയാൽ നമുക്കിപ്പോൾ ചർച്ചചെയ്യാം. അവിടുന്ന് നമ്മുടെ ബലഹീനതയിലും നമ്മുടെ അരിഷ്ടതയിലും നമുക്കു തന്നിലുള്ള ആത്മവിശ്വാസംവഴി ആരാധ്യമായ ദിവ്യവ്യാപാരം സംബന്ധിച്ചും അവൻെറ മറ്റെല്ലാ കാര്യങ്ങൾ സംബന്ധിച്ചും ശിശുസഹജമായ അറിവിൻെറ പരിമിതിയിലും നമ്മെ അനുധാവനം ചെയ്യുന്നു. ഈ ദിവ്യവ്യാപാരം നമ്മുടെ രക്ഷയ്ക്കും എല്ലാവരുടെയും നവീകരണത്തിനുംവേണ്ടി നമ്മുടെ കർത്താവേശുമിശിഹായിലൂടെ സംഭവിച്ചതാണ്. അവിടുന്ന് തൻെറ അനുഗ്രഹിക്കപ്പെട്ട ശ്രീഭണ്ഡാരത്തിൽനിന്ന് തൻെറ കരുണാസമൃദ്ധിയിലൂടെ നമുക്കു തന്നവയാണവ. ആ ശ്രീഭണ്ഡാരത്തിന് ഒരിക്കലും കുറവുവന്നിട്ടില്ല, ഇനി വരികയുമില്ല. തിരുലിഖിതസാക്ഷ്യവും വിശ്വസനീയരായ പിതാക്കന്മാരുടെ പാരമ്പര്യവും അനുസരിച്ച്. ഈ പിതാക്കന്മാർ പരിശുദ്ധാത്മാവിനാൽ സംസാരിച്ചവരും മിശിഹായുടെ വിശുദ്ധസഭയിൽ ഉറച്ച സ്തംഭങ്ങളും പ്രകാശിക്കുന്ന സ്വർഗീയ താരങ്ങളും ആയിരുന്നു. മിശിഹാതന്നെയാണ് സഭയുടെ മഹനീയ ശിരസ്സ്. തൻെറ ജീവദായകമായ സുവിശേഷത്തിൻെറ ആരംഭം മുതൽ ഇപ്രകാരമാണ് മിശിഹായുടെ സഭ വിശ്വസിച്ചതും മുറുകെപ്പിടിച്ചതും. നമ്മുടെ കർത്താവിൽ നിന്നും തൻെറ ഭാഗ്യവാന്മാരായ ശ്ലീഹന്മാരിൽനിന്നും സ്വീകരിച്ചതുപോലെ, എല്ലാ തലമുറക

www.malankaralibrary.com



ളിലും എന്നേക്കും സഭ അതു തുടരുന്നു. അവിടുന്ന് അവരെ ലോകത്തിന്റെ പ്രകാശമാക്കി.

ആരാധ്യമായ ത്രിത്വത്തിലെ *ക്നോമാകൾക്കെല്ലാം* ഏകസ്വഭാവമാണ്. അതായത്, ഏകജാതനായ പുത്രൻ, വചനമായ ദൈവം, പിതാവിനെപ്പോലെയും പരിശുദ്ധാത്മാവിനെപ്പോലെയും സമ-നിത്യനാണ്. യുഗങ്ങൾക്കും ലോകങ്ങൾക്കും മുമ്പ് അവൻ നിത്യമായി പിതാവിൽനിന്നു ജനിച്ചു. സത്യദൈവത്തിൽനിന്നുള്ള സത്യദൈവം, പ്രകാശത്തിൽനിന്നുള്ള പ്രകാശം, ജനിച്ചവനെങ്കിലും സൃഷ്ടിയല്ലാത്തവൻ, പിതാവിനോടും പരിശുദ്ധാത്മാവിനോടും ഒപ്പം ഒരേസത്തയാണ്. എല്ലാ അവനിലൂടെ ഉണ്ടാകുകയും ചെയ്തു. അസ്തിത്വം, ശക്തി, അധികാരം, ഇച്ഛ എന്നു തുടങ്ങി അവരുടെ *ക്നോമിക് പർസോപ്പാകൾ* അതായത്, പിതൃത്വം, പുത്രത്വം, പുറപ്പാട് എന്നിവയൊഴിച്ച് അവർക്കുള്ളവയിൽ എല്ലാം അവർ തുല്യരാണ്.

അതുകൊണ്ട്, പുത്രൻ, വചനമാം ദൈവം, പിതാവിനോടും പരിശുദ്ധാത്മാവിനോടും സമസത്തയായവൻ, തന്റെ സ്വഭാവത്തിന്റെ അനന്തതയിൽ ആകാശവും ഭൂമിയും തന്നെക്കൊണ്ടു നിറഞ്ഞിരിക്കുന്നവൻ, മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുവേണ്ടി, മാറ്റം കൂടാതെ താഴേക്കിറങ്ങി. പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും തിരുവിഷ്ടത്താൽ, അതുല്യവും അതിശയകരവും അത്ഭുതാവഹവുമായ താഴ്മയിൽ പരിശുദ്ധാത്മാവിനാൽ കന്യക മറിയത്തിൽനിന്ന് അവതരിച്ച് മനുഷ്യനായി. അതായത്, പരിശുദ്ധാത്മാവിനാൽ, ഐക്യപ്പെട്ട പരിപൂർണമനുഷ്യനെ അവൻ അവളിൽനിന്ന് എടുത്തു; പുരുഷസംസർഗംകൂടാതെ അവൾ ഗർഭിണിയായി; തന്റെ മനുഷ്യപ്രകൃതിയുടെ ക്രമത്തിൽ അവിടുന്നു രൂപീകൃതനായി. ഐക്യത്തിലുള്ള നാല്പതുദിവസങ്ങൾക്കുശേഷം ബൗദ്ധികാത്മാവിനാൽ അവൻ അലംകൃതനായി; ഒമ്പതു മാസം തികഞ്ഞപ്പോൾ മറ്റു ശിശുക്കളെപ്പോലെ കന്യകമറിയത്തിൽനിന്നു അവിടുന്നു പിറന്നു; അതായത്, അവളുടെ കന്യാത്വമുദ്രയ്ക്കു ഭംഗംവരാതെയും അവളുടെ ബഹുമാന്യമായ കന്യാത്വം സംരക്ഷിക്കപ്പെട്ടും അവളുടെ പ്രകൃതിയിൽനിന്ന്, പ്രകൃത്യാതീതമാംവിധം പിറന്നു. അതേ ഐക്യത്തിൽ വചനമായ ദൈവം, അവളിൽ ഉരുവായതിനെക്കൊണ്ട് സ്വയം വസ്ത്രം ധരിച്ചു. നിത്യമായ ഏക ഐക്യത്തിൽ, അത് അവിടുത്തെ ആലയവും വാസസ്ഥലവും വാസഗേഹവും ആയിത്തീർന്നു. ഭാഗ്യവതിയായ കന്യക, ദാവീദിന്റെയും അബ്രഹാമിന്റെയും വംശത്തിലും പ്രകൃതിയിലും ഉൾപ്പെട്ടവളാണ്. അവരോട് ദൈവം മുൻകൂട്ടി ചെയ്ത വാഗ്ദാനങ്ങൾ അനുസരിച്ചാണിത്. അതുപോലെ, എല്ലാ തലമുറകളിലും അവനെപ്പറ്റി പ്രവാചകന്മാർ പ്രവചിച്ചതനുസരിച്ചുമാണിത്. ഭാഗ്യവാനായ പൗലോസ് വ്യക്തമായി പറയുന്നു: "അവൻ മാലാഖമാരിൽ നിന്നല്ല,

www.malankaralibrary.com



ളിലും എന്നേക്കും സഭ അതു തുടരുന്നു. അവിടുന്ന് അവരെ ലോകത്തിന്റെ പ്രകാശമാക്കി.

ആരാധ്യമായ ത്രിത്വത്തിലെ *ക്നോമാകൾക്കെല്ലാം* ഏകസ്വഭാവമാണ്. അതായത്, ഏകജാതനായ പുത്രൻ, വചനമായ ദൈവം, പിതാവിനെപ്പോലെയും പരിശുദ്ധാത്മാവിനെപ്പോലെയും സമ-നിത്യനാണ്. യുഗങ്ങൾക്കും ലോകങ്ങൾക്കും മുമ്പ് അവൻ നിത്യമായി പിതാവിൽനിന്നു ജനിച്ചു. സത്യദൈവത്തിൽനിന്നുള്ള സത്യദൈവം, പ്രകാശത്തിൽനിന്നുള്ള പ്രകാശം, ജനിച്ചവനെങ്കിലും സൃഷ്ടിയല്ലാത്തവൻ, പിതാവിനോടും പരിശുദ്ധാത്മാവിനോടും ഒപ്പം ഒരേസത്തയാണ്. എല്ലാം അവനിലൂടെ ഉണ്ടാകുകയും ചെയ്തു. അസ്തിത്വം, ശക്തി, അധികാരം, ഇച്ഛ എന്നു തുടങ്ങി അവരുടെ *ക്നോമിക് പർസോപ്പാകൾ* അതായത്, പിതൃത്വം, പുത്രത്വം, പുറപ്പാട് എന്നിവയൊഴിച്ച് അവർക്കുള്ളവയിൽ എല്ലാം അവർ തുല്യരാണ്.

അതുകൊണ്ട്, പുത്രൻ, വചനമാം ദൈവം, പിതാവിനോടും പരിശുദ്ധാത്മാവിനോടും സമസത്തയായവൻ, തന്റെ സ്വഭാവത്തിന്റെ അനന്തതയിൽ ആകാശവും ഭൂമിയും തന്നെക്കൊണ്ടു നിറഞ്ഞിരിക്കുന്നവൻ, മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുവേണ്ടി, മാറ്റം കൂടാതെ താഴേക്കിറങ്ങി. പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും തിരുവിഷ്ടത്താൽ, അതുല്യവും അതിശയകരവും അത്ഭുതാവഹവുമായ താഴ്മയിൽ പരിശുദ്ധാത്മാവിനാൽ കന്യകമറിയത്തിൽനിന്ന് അവതരിച്ച് മനുഷ്യനായി. അതായത്, പരിശുദ്ധാത്മാവിനാൽ, ഐക്യപ്പെട്ട പരിപൂർണമനുഷ്യനെ അവൻ അവളിൽനിന്ന് എടുത്തു; പുരുഷസംസർഗംകൂടാതെ അവൾ ഗർഭിണിയായി; തന്റെ മനുഷ്യപ്രകൃതിയുടെ ക്രമത്തിൽ അവിടുന്നു രൂപീകൃതനായി. ഐക്യത്തിലുള്ള നാല്പതുദിവസങ്ങൾക്കുശേഷം ബൗദ്ധികാത്മാവിനാൽ അവൻ അലംകൃതനായി; ഒമ്പതു മാസം തികഞ്ഞപ്പോൾ മറ്റു ശിശുക്കളെപ്പോലെ കന്യകമറിയത്തിൽനിന്നു അവിടുന്നു പിറന്നു; അതായത്, അവളുടെ കന്യാത്വമുദ്രയ്ക്കു ഭംഗംവരാതെയും അവളുടെ ബഹുമാന്യമായ കന്യാത്വം സംരക്ഷിക്കപ്പെട്ടും അവളുടെ പ്രകൃതിയിൽനിന്ന്, പ്രകൃത്യാതീതമാംവിധം പിറന്നു. അതേ ഐക്യത്തിൽ വചനമായ ദൈവം, അവളിൽ ഉരുവായതിനെക്കൊണ്ട് സ്വയം വസ്ത്രം ധരിച്ചു. നിത്യമായ ഏക ഐക്യത്തിൽ, അത് അവിടുത്തെ ആലയവും വാസസ്ഥലവും വാസഗേഹവും ആയിത്തീർന്നു. ഭാഗ്യവതിയായ കന്യക, ദാവീദിന്റെയും അബ്രഹാമിന്റെയും വംശത്തിലും പ്രകൃതിയിലും ഉൾപ്പെട്ടവളാണ്. അവരോട് ദൈവം മുൻകൂട്ടി ചെയ്ത വാഗ്ദാനങ്ങൾ അനുസരിച്ചാണിത്. അതുപോലെ, എല്ലാ തലമുറകളിലും അവനെപ്പറ്റി പ്രവാചകന്മാർ പ്രവചിച്ചതനുസരിച്ചുമാണിത്. ഭാഗ്യവാനായ പൗലോസ് വ്യക്തമായി പറയുന്നു: "അവൻ മാലാഖമാരിൽ നിന്നല്ല,

www.malankaralibrary.com



അബ്രഹാമിൻെറ ബീജത്തിൽനിന്നാണ് സ്വീകരിച്ചിട്ടുള്ളത്"(എബ്രാ.2:16); "അവൻ അവർക്കായി ദാവീദ്‌രാജാവിനെ എഴുന്നേല്പിച്ചു. അവിടുന്നു വാഗ്ദാനം ചെയ്തതുപോലെ ഈ മനുഷ്യൻെറ ബീജത്തിൽനിന്ന് ദൈവം ഇസ്രായേലിന് യേശു എന്ന രക്ഷകനെ എഴുന്നേൽപിച്ചു"(നട. 13:22-23).

അവനെ എഴുന്നേൽപ്പിക്കുകയും എടുക്കുകയും ഐക്യപ്പെടുത്തുകയുമല്ല ചെയ്തത്; പിന്നെയോ, അവൻെറ രൂപീകരണത്തിൻെറ ആരംഭത്തിൽ തന്നെ വചനമായ ദൈവം അവനെ എടുത്ത്, ആലയത്തിലെന്നവണ്ണം അവനിൽ വസിച്ചു. നിത്യമായി ദൈവപുത്രനായ മിശിഹായുടെ ഏക *പർസോപ്പായുടെ* അവാച്യമായ ഏക ഐക്യത്തിലും ഏക ബഹുമാനത്തിലും ഏക ആരാധനയിലും തന്നോടുകൂടി ഐക്യപ്പെടുത്തി അവനെ ഏക പുത്രനാക്കിത്തീർക്കുകയും ചെയ്തു. ഐക്യംവഴി സ്വഭാവങ്ങൾ അവയുടെ പ്രത്യേകതകളോടുകൂടി അവയുടെ വ്യതിരിക്ത *ക്നോമാകളിൽ* സമ്മിശ്രപ്പെടുകയോ, കൂട്ടിക്കുഴയ്ക്കപ്പെടുകയോ കൂട്ടിച്ചേർക്കപ്പെടുകയോ ചെയ്തില്ല; അവയുടെ സ്വാഭാവിക പ്രകൃതികൾക്കു മാറ്റം സംഭവിച്ചുമില്ല; മറിച്ച്, ഐക്യപ്പെട്ടിരുന്നപ്പോൾ അവ വ്യതിരിക്തമായിരുന്നു; വ്യതിരിക്തമായിരുന്നപ്പോൾ, നിത്യമായ ഏക *പർസോപ്പായിൽ* അവ ഐക്യപ്പെട്ടിരുന്നു. പിതാവിൻെറയും പരിശുദ്ധാത്മാവിൻെറയും പോലെ വചനമായ ദൈവത്തിൻെറ സ്വഭാവം അതിൻെറ *ക്നോമായിൽ* മാറ്റം കൂടാതെ സംരക്ഷിക്കപ്പെട്ടു. അതുപോലെ തൻെറ പർസോപ്പായിലേക്ക് ഐക്യതയോടുകൂടി എടുത്ത മനുഷ്യൻേറതും. അവൻ രൂപീകൃതനായി, അവന് അവയവങ്ങളുണ്ടായി, ആത്മാവുണ്ടായി, അവൻെറ സ്വഭാവമനുസരിച്ച് ഐക്യത്തിൽ തന്നെ അവൻ ജനിച്ചു. തൻെറ രുപീകരണത്തിൻെറ ആരംഭം മുതൽ വചനമായ ദൈവം ഐക്യത്തിൽ തന്നിൽ വസിച്ചതിനാൽ വിദ്വാന്മാർ അവനെ ആരാധിച്ചു. ദൈവം തൻെറ ആലയത്തിൽ ആരാധിക്കപ്പെടുകയും പൂജിക്കപ്പെടുകയും ചെയ്തു. ഏക ആരാധനയിലും നിത്യമായ ഏക ബഹുമാനത്തിലും ഒന്നിച്ചു തന്നിലുള്ള ദൈവത്വം നിമിത്തം തൻെറ ആലയവും ആരാധിക്കപ്പെടുകയും പൂജിക്കപ്പെടുകയും ചെയ്തു. എന്നാൽ തൻെറ ജനത്തിൻെറ നിയമം അനുസരിച്ച് അവൻ പരിച്ഛേദനം ചെയ്യപ്പെട്ടു; ലൂക്കോസ് സുവിശേഷകൻ പറയുന്നതുപോലെ അവിടുന്നു പ്രായത്തിലും ജ്ഞാനത്തിലും കൃപയിലും വളർന്നുവന്നു.

എന്നാൽ അവിടുത്തേക്ക് വിശന്നപ്പോൾ, വിവശനായപ്പോൾ, മരണംവരെ അനുസരണയുള്ളവനായി എല്ലാം പൂർത്തിയാക്കിയപ്പോൾ, മരിച്ചപ്പോൾ, തന്നിലുള്ള ദൈവത്വം മനുഷ്യത്വത്തെ ഉയിർപ്പിച്ചപ്പോൾ, തന്നിലുള്ള ദൈവത്വം പീഡ സഹിച്ചില്ല; പിന്നെയോ അതിൻെറ സഹനങ്ങളിലൂടെ അതിനെ പൂർണമാക്കുകയായിരുന്നു; അത് ശ്രേഷ്ഠമായ രീതിയിൽ ഉയർത്തപ്പെട്ടപ്പോൾ,

www.malankaralibrary.com



തന്നിലുള്ള വചനമായ ദൈവത്തോടുകൂടി ഏക ശക്തിയിലും ഏക അധികാരത്തിലും തൻെറ വലിയ മഹത്ത്വത്തിൽ ജീവനുള്ളവരെയും മരിച്ചവരെയും വധിക്കാൻ ഐക്യത്തിൽ വരാനിരിക്കുമ്പോൾ - ഈ മാറ്റങ്ങളൊക്കെ, ഞാൻ പറഞ്ഞതുപോലെ തൻെറ മനുഷ്യത്വം അതിൻെറ പ്രകൃതി അനുസരിച്ച് സഹിച്ചവയാണ്; തന്നിലുള്ള ദൈവത്വം ഒരുതരത്തിലും ഇവയൊന്നും സഹിച്ചില്ല. എന്തുകൊണ്ടെന്നാൽ ദൈവത്വം സഹനാതീതമാണ്. അതിൻെറ സത്തയിൽ നിന്ന് അതു മാറുന്നില്ല, മാറ്റപ്പെടുന്നില്ല. അതേസമയം ഈ ആരാധ്യമായ ഐക്യം തകർക്കപ്പെട്ടില്ല; തൻെറ ദൈവത്വം, അതായത്, ദൈവം തൻെറ ഐക്യപ്പെട്ട നിത്യആലയത്തെ വിട്ടുപിരിഞ്ഞുപോയില്ല. പിന്നെയോ എല്ലാ മഹനീയ സംഗതികളിലും ഘട്ടംഘട്ടമായി തൻെറ ഐക്യപ്പെട്ട മനുഷ്യത്വത്തെ, തന്നിലുള്ള ദൈവത്വം പരിപൂർണമാക്കിക്കൊണ്ടിരുന്നു. അങ്ങനെ മിശിഹായുടെ മനുഷ്യത്വത്തിൻെറയും ദൈവത്വത്തിൻെറയും ഏക സംയോജനത്തിൽ, ഇരു സ്വഭാവങ്ങളുടെയും സവിശേഷതകൾ തങ്ങളുടെ *ക്നോമാകളിൽ* സംയോജിതമായി സംരക്ഷിക്കപ്പെടുന്നു.

പുത്രത്വത്തിൻെറ ഐക്യപ്പെട്ട ഏക *പർസോപ്പായിൽ* ആരാധ്യമായ ഈ ദിവ്യവ്യാപാരം പൂർത്തീകരിക്കപ്പെട്ടു. തൻെറ മനുഷ്യസ്വഭാവത്തിൽ അതിൻെറ പ്രകൃതമനുസരിച്ച് മിശിഹാ പീഡയനുഭവിച്ചു; എന്നാൽ തൻെറ ദൈവസ്വഭാവത്തിൽ, അതിൻെറ സ്വഭാവമനുസരിച്ച് മിശിഹാ പീഡയനുഭവിച്ചില്ല; എന്തുകൊണ്ടെന്നാൽ അത് സഹനാതീത പ്രകൃതമാണ്. എന്നാൽ നമ്മുടെ കർത്താവിൻെറ മനുഷ്യൻ, തന്നിലുള്ള ദൈവം ഒഴികെ, മറ്റെല്ലാവർക്കുംവേണ്ടി മരണം ആസ്വദിക്കുകയും (എബ്രാ. 2:9) അവൻെറ ആലയം തകർക്കപ്പെടുകയും ചെയ്തു. അവനിലുള്ള ദൈവം പറഞ്ഞു: ഐക്യമോടെ ഞാൻ വസിക്കുന്ന ഈ ആലയം തകർക്കുവിൻ; മൂന്നാംദിവസം ഞാൻ അതിനെ എഴുന്നേൽപ്പിക്കും" (യോഹ.2:19). മിശിഹായുടെ മനുഷ്യത്വത്തിൻെറ മൂന്നു ദിവസത്തെ മരണത്തിൽ, ആത്മാവ് ശരീരത്തിൽനിന്ന് വേർപെടുന്ന, മനുഷ്യൻെറ *ക്നോമിക്* ചട്ടക്കൂടിൻെറ അഴിവിനെ അതു കുറിക്കുന്നു. എന്നാൽ മരിച്ചവരിൽനിന്ന് തൻെറ സ്വന്ത ആലയത്തെ ഉയർത്തുകയും, അഴിവിനതീതമായി അതിനെ കാത്തുസൂക്ഷിക്കുകയും, അമർത്യതയ്ക്കും വ്യതിയാനരാഹിത്യത്തിനുമായി അതിനെ സഹനങ്ങളിൽ പരിപൂർണമാക്കുകയും ചെയ്ത ശക്തി മിശിഹായുടെ ദൈവത്വത്തിൻേറതാണ്. "അവിടുത്തെ ആത്മാവ് പാതാളത്തിൽ ഉപേക്ഷിക്കപ്പെട്ടില്ല, അവിടുത്തെ ശരീരം ജീർണ്ണിച്ചുപോയുമില്ല" (നട. 2:31) എന്നത് 'എല്ലാം ആർക്കുവേണ്ടിയാണോ എല്ലാം ആരിലൂടെയാണോ" (എബ്രാ. 2:10) ആ ആളിന് ചേരുന്നതാണ്. അവനാണ് മനുഷ്യജീവൻെറ ഉറവിടമായ വചനമായ ദൈവം; ദാസൻെറ രൂപമായ യേശു അവൻെറ ബൗദ്ധികാലയമാണ്.

www.malankaralibrary.com



അതിനെ അവൻ ശ്രേഷ്ഠതപ്പെടുത്തി തൻെറ *പർസോപ്പായിലേക്ക്* എടുത്തു; ഐക്യതയാൽ അതിൽ താൻ വെളിപ്പെടുന്നതിനും, പീഡകളാൽ അതിനെ പരിപൂർണമാക്കുന്നതിനും എല്ലാ മഹനീയസംഗതികളും അത് സ്വന്തമാക്കുന്നതിനും വേണ്ടിയായിരുന്നിത്.

നിത്യമായ ബഹുമാനത്തിൽ, നമ്മുടെ കർത്താവിൻെറ മനുഷ്യനെ എടുത്ത വചനമായ ദൈവത്തോടുകൂടിയുള്ള പുത്രത്വത്തിൻെറ ഏക ഐക്യത്തിൽ ഉത്ഭവനിമിഷംമുതലേ ആ മനുഷ്യൻ പുത്രൻ ആയിരുന്നു; എങ്കിലും അവൻ സഹിച്ച പീഡകളും ഭയവും നിമിത്തം (എബ്രാ. 5:8). അവൻ അനുസരണം അഭ്യസിച്ചു. അതിൽ പരിശീലനം ലഭിക്കുന്നവർക്ക് അതു വളരെ പ്രയോജനപ്രദമാണ്. ഇപ്രകാരം മരണംവരെയുള്ള അവൻെറ അനുസരണത്താൽ അമർത്യത, വ്യതിയാനരാഹിത്യം, സഹനാതീതാവസ്ഥ തുടങ്ങിയ മഹനീയ സംഗതികളിലും അവൻ പരിപൂർണനാക്കപ്പെട്ടു. അമ്മുടെ ഉദരത്തിൽ വച്ചുതന്നെ അവനുണ്ടായിരുന്ന പുത്രത്വത്തിൻെറ ഐക്യത്തിൽ അവൻ അത്ഭുതകരമായി ദൈവത്വത്തിൻെറ ക്രമത്തിലായിരുന്നു. എന്നാൽ എന്നേക്കുമായി ദൈവവചനം ഐക്യപ്പെട്ടു വസിച്ചതുവഴി എന്തുതരമുള്ള മഹത്ത്വത്തിൻെറ ബഹുമാനമാണെന്ന് അറിയപ്പെട്ടിരുന്നില്ല: "നമ്മുടെ കർത്താവേശുമിശിഹാ ശക്തിയാലും പരിശുദ്ധാത്മാവിനാലും ദൈവപുത്രനെന്ന് പ്രഖ്യാപിക്കപ്പെട്ടു; അവൻ മരിച്ചവരിൽനിന്ന് ഉയിർത്തു(റോമാ 1:4). ഐക്യംമുതൽ എന്നേക്കുമായി ഏകകർത്താവേശുമിശിഹായുടെ ഏക *പർസോപ്പായിൽ* പുത്രൻ ഏകനാണെന്ന് നമുക്കു വെളിപ്പെടുത്തി തരുവാനായിരുന്നു അത്. തൻെറ മർത്യപ്രകൃതിയനുസരിച്ച് തൻെറ മനുഷ്യത്വത്തിൽ അവിടുന്നു മരിച്ചു. തന്നിലുള്ള അമർത്യമായ ദൈവത്വത്തിൻെറ ശക്തിയാൽ അവിടുന്ന് ഉത്ഥാനം ചെയ്തു - അതായത്, "ഈ ആലയം തകർക്കുവിൻ; മൂന്നാം ദിവസം ഞാൻ അതിനെ ഉയർത്തും" എന്ന് അവിടുന്നു പറഞ്ഞതുപോലെ(യോഹ. 2:19) തൻെറ ആലയമായ ഐക്യപ്പെട്ട തൻെറ മനുഷ്യത്വത്തെ അവിടുന്ന് ഉയിർപ്പിച്ചു.

പുത്രത്വത്തിൻെറ ഏക*പർസോപ്പായിൽ* മിശിഹാ ഏകനാകുന്നു. "യേശുമിശിഹാ ഇന്നലെയും ഇന്നും എന്നേക്കും ഒരാൾതന്നെ" (എബ്രാ. 13:8). "ഇന്നലെയും ഇന്നും" എന്നത് മിശിഹായുടെ മനുഷ്യത്വത്തിൻേറതാണ്. "എന്നേക്കും" എന്നത്, എന്നേക്കും ഏക *പർസോപ്പായിൽ* പുത്രത്വത്തിൻെറ ഏക സംയോജനത്തിൽ മിശിഹായുടെ ദൈവത്വത്തിൻേറതാണ്. "അവരിൽനിന്ന് മിശിഹാ പ്രത്യക്ഷപ്പെട്ടു"(റോമാ 9:5). ഇതാ ഉദരത്തിൽവച്ചുതന്നെ സംഭവിച്ച ഐക്യത്തിൻെറ പർസോപ്പാ -"ജഡപ്രകാരം" എന്നത് മിശിഹായുടെ മനുഷ്യസ്വഭാവത്തിൻേറതാണ്. "അവൻ എല്ലാറ്റിന്മേലും ദൈവമാണ്" എന്നത് മിശിഹായുടെ ദൈവത്വത്തിൻേറതാണ്. രണ്ടിലും മിശിഹാ ഏകനാണ്; രണ്ടിലും പുത്രൻ

www.malankaralibrary.com



ഏകനാണ്. എന്നാൽ ഒരുപോലെയല്ല. എന്നാൽ ഐക്യത്തിൻെറ പർസോപ്പാ മുതൽ, ഗബ്രിയേൽ ദൂതൻെറ മംഗലവാർത്ത മുതൽ, വേർപാടുകൂടാതെ എന്നേക്കും ഏകനാണ്.

ഐക്യം മുതൽ പിന്നീടൊരിക്കലും അവൻെറ ദൈവത്വം അവൻെറ മനുഷ്യത്വം കൂടാതെ ആയിരുന്നിട്ടില്ല ; അവൻെറ മനുഷ്യത്വം അവൻെറ ദൈവത്വം കൂടാതെ ആയിരുന്നിട്ടുമില്ല. ദൈവപുത്രനായ മിശിഹായുടെ ഏക പർസോപ്പായിൽ രണ്ടും ഏകമായി ഐക്യപ്പെട്ടിരിക്കുന്നു. നിത്യമായ ഏക സംയോജനത്തിൽ, കൂട്ടിക്കുഴച്ചിൽകൂടാതെ, അവയുടെ സ്വഭാവങ്ങൾ അവയുടെ ക്നോമാകളിൽ സംരക്ഷിക്കപ്പെടുന്നു; ഒന്ന് മറ്റൊന്നിന് തൻെറ മഹനീയകാര്യങ്ങൾ നൽകുന്നു; എന്നാൽ അതിൻെറ ബലഹീനകാര്യങ്ങൾ സ്വീകരിക്കുന്നില്ലതാനും. അഗ്നി ഇരുമ്പിനോടു ചേരുമ്പോൾ അതിൻെറ ചൂടും ശോഭയും അതിനു പകരുന്നു. എന്നാൽ ഇരുമ്പിൻെറ കറുത്തനിറം അഗ്നി സ്വീകരിക്കുന്നില്ല. പിന്നെയോ, അതിനെ ശുദ്ധീകരിക്കുകയും വെടിപ്പാക്കുകയും ചെയ്യുന്നു. അതുപോലെ തൻെറ മനുഷ്യത്വവുമായി ചേർന്നതിനാൽ വചനമായ ദൈവത്തിൻെറ സ്വന്തമായ സ്വഭാവത്തിൻെറ പ്രത്യേകതകൾക്കു മാറ്റം സംഭവിക്കുന്നില്ല; മനുഷ്യത്വത്തിൻെറ പീഡനങ്ങളോടുകൂടി പീഡ സഹിക്കുന്നില്ല; പീഡനങ്ങളിൽ ഭാഗഭാക്കാകുന്നുമില്ല. പിന്നെയോ, സഹനങ്ങളിലൂടെ തൻെറ മനുഷ്യത്വത്തെ പൂർണമാക്കുന്നു; എന്നാൽ താൻതന്നെ സഹിക്കുന്നുമില്ല. തൻെറ മനുഷ്യത്വത്തിൻെറ സ്വഭാവം ഇല്ലാതാകുന്നുമില്ല. തൻെറ സ്വഭാവമൊഴികെ തൻേറതായതെല്ലാം യോജിപ്പിൽ അതിന് അവിടുന്നു നൽകി. അതായത്, മഹത്ത്വം ശക്തി, കർതൃത്വം, അധികാരം, ബഹുമാനം, പുത്രത്വം എന്ന നാമം ആദിയായവയൊക്കെ. എന്തുകൊണ്ടെന്നാൽ അവൻ അതിനെ തൻെറ സ്വന്തം പർസോപ്പായിലേക്ക് എടുത്തു; താൻ അതിൽ വെളിപ്പെടുന്നതിനും, അത്ഭുതങ്ങളിലൂടെ ഈ ദിവ്യവ്യാപാരത്തിൻെറ എല്ലാ കാര്യങ്ങളും അതിൽ പ്രവർത്തിക്കുന്നതിനും വേണ്ടിയായിരുന്നിത്. എന്നാൽ മനുഷ്യത്വത്തിൻെറ പീഡനങ്ങളിൽ അവിടുന്ന് പീഡ സഹിക്കുന്നതിനു വേണ്ടിയല്ല; ദൈവം തടയട്ടെ! കാരണം, അവൻ "ദൈവമൊഴികെ മറ്റെല്ലാവർക്കും വേണ്ടി മരണം ആസ്വദിച്ചു".

അഗ്നി കൂടാതെ ഇരുമ്പ് ചുട്ടുപഴുക്കുകയോ പ്രകാശിക്കുകയോ ശുദ്ധീകരിക്കപ്പെടുകയോ ചെയ്യുന്നില്ല. ഇരുമ്പോ, അതുപോലെയുള്ള മറ്റു വസ്തുക്കളോ കൂടാതെ അഗ്നിയുടെ പ്രവർത്തനമോ അതിൻെറ ജ്വലനശക്തിയോ ദൃശ്യമല്ല. ഇരുമ്പും അഗ്നിയുമായി കൂടിച്ചേരുമ്പോൾ ഇരുമ്പ് അഗ്നികൊണ്ടു നിറയുന്നു. അഗ്നി കാണണമെങ്കിൽ, അഥവാ അതിൻെറ ശക്തിയും പ്രവർത്തനവും അറിയണമെങ്കിൽ, ഏകപ്രവർത്തനത്തിൽ അഗ്നിയോടു ചേർന്ന ഏക പർസോപ്പായിൽ ഇരുമ്പിൽ മാത്രമേ അതു കാണാൻ സാധിക്കൂ.

www.malankaralibrary.com



വചനമായ ദൈവത്തെപ്പറ്റി പറയപ്പെട്ടിട്ടുള്ള നികൃഷ്ടാവസ്ഥ ഇതാണ്. അവിടുന്നു സ്വയം താഴ്ത്തിയെങ്കിലും തൻേറതായവയിലെല്ലാം മഹനീയമായി നിലനിന്നു; അവിടുന്ന് നമ്മുടെ ബലഹീനപ്രകൃതി ധരിച്ച്, അതിനെ ഏക ബഹുമാനത്തിൽ തന്നോടുകൂടി ഏക പുത്രനാക്കിത്തീർത്തു. അവിടുന്ന് അതിൻെറ വേദനകളിൽ ഭാഗഭാക്കായി എന്ന രീതിയിലല്ല; ദൈവം ക്ഷമിക്കട്ടെ! താഴ്മയും മരണത്തോളമുള്ള അനുസരണവും നമ്മുടെ കർത്താവിൻെറ ഐക്യപ്പെട്ട മനുഷ്യത്വത്തിൻേറതാണ്. ഈ അനുസരണം നിമിത്തം തന്നിലുള്ള ദൈവം അവനെ വളരെയധികം ഉയർത്തി, ആ ഉയർത്തൽ തൻെറ സ്വഭാവത്തിനനുസൃതമല്ല, ഉദരത്തിൽ വച്ചുതന്നെ അവിടുത്തേക്ക് ഈ ഔന്നത്യം ഉണ്ടായിരുന്നു.

ഇത് പ്രവൃത്തികളാൽ സ്പഷ്ടമായി. അതായത്, നമ്മുടെ കർത്താവേശു മിശിഹായുടെ മനുഷ്യൻ മരണംവരെ അനുസരണം ഉള്ളവനായിരുന്നു. വചനമായ ദൈവത്തെ ശ്രേഷ്ഠനാക്കേണ്ട കാര്യമില്ല, കാരണം എല്ലാ മഹനീയതകളും അവിടുത്തേക്കു സ്വാഭാവികമായി ഉണ്ടായിരുന്നു. പിതാവിനെപ്പോലെയും പരിശുദ്ധാത്മാവിനെപ്പോലെയും തൻെറ അസ്തിത്വത്തിൽ തന്നെ അവ നിത്യമായി അവൻേറതാകുന്നു. അതുകൊണ്ട് അവിടുന്നു മരിച്ചില്ല; അനുസരണംവഴി അവിടുന്ന് അനുസരണക്കേടിന് പരിഹാരം അനുഷ്ഠിക്കണം എന്നത് തൻെറ സ്വന്തം സ്വഭാവത്തിൽ പെടുന്നതല്ല; മറിച്ച് ഐക്യപ്പെട്ട തൻെറ മനുഷ്യത്വത്തിൻേറതാണ്. ആ മനുഷ്യത്വം തൻെറ വർഗത്തിൻെറ കടംവീട്ടി. ഉദരത്തിൽ വച്ചുതന്നെ അതിനെ തന്നോടുചേർത്ത് ഏകപുത്രനാക്കിത്തീർത്തു. എല്ലാറ്റിനെയും അവിടുന്ന് അതിനു കീഴ്പ്പെടുത്തി. ഈ മഹനീയതയും പൂർത്തീകരിക്കപ്പെട്ട പ്രവചനവും കണ്ട് ഭാഗ്യവാനായ പൗലോസ് അത്ഭുതസ്തബ്ധനായി പറഞ്ഞു: "മനുഷ്യനെപ്പറ്റി നീ ഓർക്കാൻ അവൻ ആരാണ്? നീ സന്ദർശിക്കാൻ മനുഷ്യപുത്രൻ ആരാണ്? നീ അവനെ മാലാഖമാരെക്കാൾ അല്പം താഴ്ത്തി; മഹത്ത്വവും ബഹുമാനവും അവൻെറ ശിരസ്സിൽ വച്ചു. നിൻെറ കൈവേലകളുടെമേൽ അവന് നീ അധികാരം നൽകി. എല്ലാം നീ അവൻെറ പാദത്തിൻെറ കീഴിലാക്കി." 'എല്ലാംഅവൻെറ പാദത്തിൻെറ കീഴിൽ അവൻ ആക്കി' എന്നതിൽനിന്ന്, അവനു കീഴ്പ്പെടുത്താത്തതായി അവിടുന്ന് ഒന്നും അവശേഷിപ്പിച്ചിട്ടില്ല എന്ന് അർത്ഥമാകുന്നു. എന്നാൽ എല്ലാം അവനു കീഴ്പ്പെട്ടതായി നാം കാണുന്നില്ല. എന്നാൽ തൻെറ മരണവേദനകളാൽ മാലാഖമാരെക്കാൾ അല്പം താഴ്ന്നവൻ യേശുവാണ് എന്നു നാം കാണുന്നു. മഹത്ത്വവും ബഹുമാനവും അവൻെറ ശിരസ്സിൽ വയ്ക്കപ്പെട്ടിരിക്കുന്നു. അവൻ ദൈവം ഒഴികെ മറ്റെല്ലാവർക്കും വേണ്ടി മരണം ആസ്വദിച്ചു" (എബ്രാ. 2:6-9).

ഈ കാര്യങ്ങളെക്കുറിച്ച് പാഷണ്ഡികൾ[1] ഇപ്പോൾ നമ്മോടു പറയട്ടെ. ഐക്യത്തിൽ വ്യത്യസ്ത സ്വഭാവങ്ങളെയും അവയുടെ സവിശേഷതകളെയും

www.malankaralibrary.com



ചൂണ്ടിക്കാട്ടുന്നതിലുള്ള അന്തർദർശനം എന്താണാവോ? ഓർത്തവനും ഓർക്കപ്പെട്ടവനും; സന്ദർശിച്ചവനും സന്ദർശിക്കപ്പെട്ടവനും; താഴ്ത്തിയവനും താഴ്ന്നവനും; തന്റെ മരണപീഢകളാൽ മാലാഖമാരെക്കാൾ അല്പം താഴ്ത്തപ്പെടുകയും മരണംവരെയുള്ള തന്റെ അനുസരണത്താൽ മഹത്ത്വം സ്വീകരിക്കുകയും ചെയ്തവനും അവന്റെമേൽ മഹത്ത്വവും ബഹുമാനവും വച്ചവനും. ആർക്ക് എല്ലാം കീഴ്പ്പെട്ടിരിക്കുന്നുവോ, അവനും തന്റെ സ്വഭാവത്തിൽ ആര് കീഴ്പ്പെടുത്തി കൊടുക്കുന്നുവോ അവനും. ഇതാ, ഇതു സുവ്യക്തമാണല്ലോ. 'ദൈവം ഒഴികെ മറ്റെല്ലാവർക്കുമായി മരണം ആസ്വദിച്ചത്' തന്റെ ഐക്യപ്പെട്ട ആലയമായ നമ്മുടെ കർത്താവേശുമിശിഹായുടെ മനുഷ്യനല്ലാതെ മറ്റാരാണ്? അവനെ അവിടുന്നു മൂന്നാംനാൾ ഉയിർത്തെഴുന്നേൽപ്പിച്ചു. ഭാഗ്യവാനായ പൗലോസിനെ നമുക്കു ശ്രവിക്കാം: "ഒരു മനുഷ്യൻവഴി മരണവും ഒരു മനുഷ്യൻവഴി ഉത്ഥാനവും ഉണ്ടായി" (1 കൊറി. 15:21). ഈ ഉൾക്കാഴ്ചയിൽ നിന്നുള്ള സത്യം എന്താണ്? പിതാക്കന്മാരുടെ ഉദാഹരണമായ 'മുൾപ്പടർപ്പിലെ തീയും തീപിടിച്ച മുൾപ്പടർപ്പും'പോലെ ദൈവപുത്രനായ മിശിഹായുടെ ഈ ഏക പർസോപ്പായിൽ കൂട്ടിക്കുഴച്ചിൽ കൂടാതെ, ഐക്യത്തിൽ സ്വഭാവങ്ങൾ തങ്ങളുടെ ക്നോമാകളിൽ തങ്ങളുടെ സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നു.

സ്വഭാവങ്ങൾ അവയുടെ ക്നോമാകളിൽ ഏക പർസോപ്പായിൽ ഐക്യപ്പെട്ടിരിക്കുന്നതുപോലെ, അതേ ഏക പർസോപ്പായിൽ ഉൾപ്പെട്ട ഏക സംജ്ഞയിൽ നാമങ്ങളും ഐക്യപ്പെട്ടിരിക്കുന്നു. 'പുത്രൻ' എന്നുള്ളത് ശരിയായി മിശിഹായുടെ ദൈവത്വത്തിന്റേതാണ് - "പാപകരമായ ജഡത്തിന്റെ സാദൃശ്യത്തിൽ ദൈവം തന്റെ പുത്രനെ അയച്ചു" (റോമാ 8:3). "പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ" (യോഹ. 1:18). ഐക്യത്തിൽ ഇത് മിശിഹായുടെ മനുഷ്യത്വത്തിന്റേതുമാണ്. അവനെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു: "ഞാൻ അവനു പിതാവായിരിക്കും. അവൻ എനിക്കു പുത്രൻ ആയിരിക്കും" (2 സാമു. 7:14). "നീയെന്റെ പുത്രനാകുന്നു ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" (സങ്കീ. 2:7). "അവൻ അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കാ 1:32), "ഞാൻ പ്രസാദിച്ചിരിക്കുന്ന എന്റെ പ്രിയപുത്രൻ ഇവനാകുന്നു" (മത്താ. 3:17). "അവൻ തന്റെ പ്രിയപുത്രനെ അയച്ചു; അവർ അവനെ മുന്തിരിത്തോട്ടത്തിനു പുറത്തു കൊണ്ടുപോയി കൊന്നുകളഞ്ഞു" (21:37-39). "അവൻ തന്റെ പുത്രനെപ്പോലും പരിഗണിക്കാതെ, നമുക്കെല്ലാംവേണ്ടി അവനെ കയ്യാളിച്ചു" (റോമാ 8:32). നമ്മുടെ കർത്താവിന്റെ മനുഷ്യനുള്ള "പുത്രത്വം" എന്ന നാമവും ഇപ്രകാരം തന്നെ. വ്യത്യസ്തമായിട്ടല്ല, നിത്യപുത്രനുമായുള്ള ഐക്യത്തിൽമാത്രം, അത്യുന്നതന്റെ പുത്രൻ, അത്യുന്നതന്റെ ഏകപുത്രൻ - "അവൻ അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; തന്റെ

www.malankaralibrary.com



പിതാവായ ദാവീദിൻെറ സിംഹാസനം അവൻെറ ദൈവമായ കർത്താവ് അവനു കൊടുക്കും" എന്ന് അവൻെറ അമ്മയോട് പറയപ്പെട്ടതുപോലെ (ലൂക്കാ 1:32). അവൻെറ മനുഷ്യസ്വഭാവത്തിൽ അവൻ ദാവീദിൻെറ പുത്രനാണ്; അനുഗ്രഹം കൈമാറിയതിൽ അവൻ അവൻെറ ബീജത്തിൽനിന്നാണ്. എന്നാൽ അത്യുന്ന തൻെറ പുത്രനുമായുള്ള ഐക്യത്തിൽ അവൻ എന്നേക്കും അത്യുന്നതൻെറ ഏകപുത്രനാണ്. അവനിൽ താൻ വെളിപ്പെടാനായി, അവനെ തൻെറ പർസോപ്പായിലേക്ക് ഐക്യപ്പെടുത്തി അവൻ എടുത്തു. അവൻ ജഡത്തിൽ കാണപ്പെട്ടു; അവൻ അദൃശ്യദൈവത്തിൻെറ പ്രതിച്ഛായ ആയിരുന്നു - അകലത്തിലല്ല; പിന്നെയോ ഏക ഐക്യത്തിൽ ഐക്യപ്പെട്ട് അവൻ അവനിൽ വസിച്ചു. അനന്തത പരിമിതിയിൽ; ദൈവം തൻെറ സ്വന്തം മനുഷ്യനിൽ. എന്നേക്കും ഒരേ സംയോജനത്തിലും അധികാരത്തിലും ശക്തിയിലും കർതൃത്വത്തിലും ബഹുമാനത്തിലും ആരാധനയിലും എല്ലാ ദിവ്യവ്യാപരങ്ങളിലും അവനെ പൂർണനാക്കി.

മർത്യർക്ക് അവിടുത്തെ പക്കലേക്ക് അടുത്തുവരുവാനായി തൻെറ ദൈവത്വത്തിൻെറ അവാച്യപ്രകാശവും അദൃശ്യരഹസ്യവും തൻെറ ജഡമായ വിരികൊണ്ട് മറച്ചിരുന്നു. തൻെറ ശിഷ്യരുടെ മുമ്പാകെ മലയിൽവച്ച് മഹനീയ രൂപാന്തരീകരണത്തിൻെറ രഹസ്യം കാണിച്ചപ്പോൾ സൂര്യനെപ്പോലെ തൻെറ മനുഷ്യത്വത്തിൻെറ പർസോപ്പാ അതിൽ പ്രകാശിച്ചു, അതുപോലെ തൻെറ വലുതും മഹനീയവുമായ അന്ത്യപ്രത്യക്ഷീകരണത്തിൽ, അവിടുന്ന് തൻെറ അവാച്യമഹത്ത്വത്തിൽ ഈ ഐക്യത്തിൽ തന്നെ കാണപ്പെടും. "സൂര്യൻ ഇരുണ്ടുപോകും ചന്ദ്രൻ പ്രകാശം തരികയില്ല. അപ്പോൾ മനുഷ്യപുത്രൻ തൻെറ വലിയ മഹത്ത്വത്തിലും ശക്തിയിലും വാനമേഘങ്ങളിൽ വരുന്നത് അവർ കാണും" (മത്താ. 24:29-30). തൻെറ അന്ത്യവരവിൽ എന്താണ്? "പൊടിയിൽ കിടക്കുന്നവരെല്ലാം അവൻെറ സ്വരം കേൾക്കുകയും എഴുന്നേൽക്കുകയും ചെയ്യും" (ദാനി. 12:2). ആ ഐക്യത്തിൽതന്നെ, മനുഷ്യവാസമുള്ള എല്ലാലോകങ്ങളെയും അവൻ നീതിയിൽ ന്യായംവിധിക്കും. ഭാഗ്യവാനായ പൗലോസ് നടപടികളിൽ പറയുന്നു: "അവൻ നിശ്ചയിച്ച മനുഷ്യനിലൂടെ ഭൂമിയെ മുഴുവൻ ന്യായം വിധിക്കാനും എല്ലാവരെയും വിശ്വാസത്തിലേക്ക് തിരിക്കാനുമായി അവൻ ഒരു ദിവസം നിശ്ചയിക്കുകയും അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കുകയും ചെയ്തിരിക്കുന്നു (നട. 17:31). കാരണം, ദൈവപുത്രനായ മിശിഹായുടെ ഏക പർസോപ്പായിൽ ദൈവത്വത്തിൻെറയും മനുഷ്യത്വത്തിൻെറയും അധികാരവും ശക്തിയും കർതൃത്വവും നീതിപീഠവും ഒന്നാണെന്ന് അവൻ കാണിക്കും. "ഓരോരുത്തരും നന്മയായിട്ടോ തിന്മയായിട്ടോ ചെയ്തിട്ടുള്ളവയ്ക്കെല്ലാം പ്രതിഫലം ലഭിക്കാൻ നാമെല്ലാവരും മിശിഹായുടെ ന്യായാസനത്തിൻ മുമ്പാകെ നിൽക്കേണ്ടിവരും" (2 കൊറി. 5:10).

www.malankaralibrary.com



അതുകൊണ്ട്, സ്വഭാവങ്ങളുടെ വേർതിരിവിലല്ല ഐക്യം. വേർതിരിവിൽ മിശിഹായുടെ പർസോപ്പാ പൗലോസ് എടുക്കുന്നതുപോലെയുമല്ലിവിടെ. മിശിഹായുടെ പർസോപ്പാ ആയി പൗലോസ് എടുക്കപ്പെടുക; അഥവാ പൗലോസിന്റെ പർസോപ്പാ ആയി മിശിഹാ എടുക്കപ്പെടുക. പൊതുവായൊരു നാമം ഉണ്ടാകുക, അങ്ങനെ പൗലോസ് മിശിഹായാണ്, മിശിഹാ പൗലോസാണ് എന്ന് പറയുന്ന ഈ രീതിയിലല്ല ഇവിടെ. ഇവിടെ ഏക സംയോജനത്തിലും ഏക യോജിപ്പിലും ഒരു പൊതുപേരിലും സ്വഭാവങ്ങൾ പരസ്പരം പർസോപ്പാകൾ വഹിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഐക്യത്തിൽ അവ പരസ്പരം കൊടുക്കുകയും എടുക്കുകയും ചെയ്യുന്നു: "സ്വർഗത്തിലുള്ള മനുഷ്യപുത്രൻ" (യോഹ.3: 13).'മനുഷ്യപുത്രൻ' എന്നത് മനുഷ്യത്വത്തിന്റെ പേരാണ്; എന്നാൽ ഐക്യത്തിൽ ഇത് വചനമായ ദൈവത്തിന്റെയുമാണ്. അതുപോലെയാണ് 'യേശു' എന്നും 'മിശിഹാ' എന്നുമുള്ള നാമങ്ങൾ. അതുപോലെയാണ് 'പുത്രൻ' 'മഹത്ത്വത്തിന്റെ കർത്താവ്' എന്നീ നാമങ്ങളും. അവ ശരിയായി മിശിഹായുടെ ദൈവത്വത്തിന്റേതാണ്. എന്നാൽ പർസോപ്പായുടെ ഐക്യത്തിൽ അവ മനുഷ്യത്വത്തിന്റേതുമാണ്. "അവർ അവനെ അറിഞ്ഞിരുന്നെങ്കിൽ, മഹത്ത്വത്തിന്റെ കർത്താവിനെ ക്രൂശിൽ തറയ്ക്കുക ഇല്ലായിരുന്നു" (1 കൊറി. 2:8). "അവൻ തന്റെ പുത്രനോട് ക്ഷമിക്കാതെ, നമുക്കെല്ലാവർക്കും വേണ്ടി അവനെ കയ്യാളിച്ചു" (റോമാ 8:32). ഇതാ അവന്റെ മനുഷ്യത്വത്തിലാണ് അവൻ ക്രൂശിതനായതും മരിച്ചതും. തന്റെ ദൈവത്വത്തിലല്ല; വചനമായ ദൈവവുമായി, അതായത് മഹത്ത്വത്തിന്റെ കർത്താവും നിത്യപുത്രനുമായി അവനുള്ള ഐക്യവും സംയോജനവും നിമിത്തം അവൻ ദൈവപുത്രനും മഹത്ത്വത്തിന്റെ കർത്താവുമാണ്. ഇവയൊക്കെ വചനമായ ദൈവത്തിനാണ് ശരിയാംവിധം ചേരുന്നത്. എന്നാലത് ഐക്യത്തിലൂടെ മനുഷ്യത്വത്തിന്റേതായി തീരുന്നു. "നിങ്ങൾ ക്രൂശിൽ തറച്ച ഈ യേശുവിനെ ദൈവം കർത്താവും മിശിഹായും ആക്കിയിരിക്കുന്നു"(നട. 2:36) ദൈവവചനം കർത്താവാക്കപ്പെട്ടില്ല; പുത്രനോടു കൂടി പുത്രത്വത്തിന്റെ ബഹുമാനത്തിൽ മിശിഹായാകുവാൻ അഭിഷിക്തനായതും അവിടുന്നല്ല, പിന്നെയോ ഏക പർസോപ്പായിൽ അവനോടുകൂടി പുത്രനായിത്തീരാൻ അഭിഷിക്തനായത് അവിടുത്തെ മനുഷ്യത്വമാണ്.

നമുക്കൊരുദാഹരണത്താൽ ഇതു വ്യക്തമാക്കാം. നമ്മുടെ തലത്തിലുള്ളതും നമ്മോടു ബന്ധപ്പെട്ടതും ഈ കാര്യങ്ങളെക്കാൾ വളരെ താണപടിയിലുള്ളതുമാണിത്. മനുഷ്യൻ അവനുള്ള ഐക്യത്തിൽ "ദൈവചരായ" എന്നു വിളിക്കപ്പെടുന്നു. ഈ ഐക്യം *ക്നോമിക്കലും* സ്വാഭാവികവും അഴിവിന് വിധേയവും താല്ക്കാലികവും അവശ്യാവശ്യവുമാണ്. എന്നാൽ അതാകട്ടെ വ്യക്തിപരവും സ്വതന്ത്രേച്ഛയാൽ സംഭവിച്ചതുമാണ്. കാരണം, ശരീരത്തിൽ

www.malankaralibrary.com



ആത്മാവ് സൃഷ്ടിക്കപ്പെടുന്നതുപോലെയും അതു മനുഷ്യൻെറ ഭാഗമായിരിക്കുന്നതുപോലെയും ദൈവത്വം ആരംഭിച്ചതല്ല. ഇത് വെറുമൊരുദാഹരണമായി പറഞ്ഞെന്നേയുള്ളു. ഈ ഉദാഹരണത്തിൽ ഏക മാനുഷിക ക്നോമായുടെ ഐക്യത്തിൻെറ പർസോപ്പായിൽനിന്ന് അവൻ പണ്ഡിതനാണ്, അറിവുണ്ട്, ബൗദ്ധികനാണ് എന്നൊക്കെ പറയാറുണ്ടല്ലോ. അതുപോലെ 'അവൻ ഭക്ഷിക്കുന്നു, കുടിക്കുന്നു, മരിക്കുന്നു' എന്നും പറയും. ഇവയിൽ ജീവൻ ബുദ്ധിശക്തി തുടങ്ങിയ ആത്മാവിൻേറതും, വിശപ്പ്, ദാഹം, മരണം ആദിയായവ ശരീരത്തിൻേറതുമാണെങ്കിലും ഏക മനുഷ്യ ക്നോമായിലാണ് ഇവയെല്ലാം സംഭവിക്കുക. ഈ ആരാധ്യവും അവാച്യവുമായ ഐക്യത്തിലും ഇപ്രകാരമാണു സംഭവിക്കുക.

ഏക പർസോപ്പായിൽ മിശിഹാ ഏകനാകുന്നു, പുത്രൻ ഏകനാകുന്നു, മിശിഹാ ദൃശ്യനും അദൃശ്യനുമാണ്; തൻെറ മനുഷ്യത്വത്തിൽ പുത്രൻ പീഡ സഹിക്കുകയും ക്രൂശിതനാകുകയും ചെയ്തു. എന്നാൽ തൻെറ ദൈവത്വത്തിൽ പീഡ സഹിക്കുകയോ മരിക്കുകയോ ചെയ്തില്ല: "ഞാൻ ഉത്ഥാനവും ജിവനുമാകുന്നു" (യോഹ.11:25). പുത്രൻ പ്രത്യക്ഷപ്പെടുകയും അറിയപ്പെടുകയും ചെയ്തുവെങ്കിലും പുത്രനെ അവർ അറിഞ്ഞുമില്ല, പുത്രനെ അവർ ദർശിച്ചുമില്ല: "നിങ്ങൾ എന്നെ അറിയുന്നു, ഞാൻ എവിടെ നിന്നാണെന്നും നിങ്ങൾ അറിയുന്നു" (7:28); "നിങ്ങൾ എൻെറ പിതാവിനെയാകട്ടെ എന്നെയാകട്ടെ അറിയുന്നില്ല"(8:19); "ഞാൻ പോകുന്നു, ഞാൻ വരുന്നു" (14:28), "ഞാനോ എപ്പോഴും നിങ്ങളോടുകൂടെയുണ്ട്"(മത്താ. 28:20). പുത്രൻ തൻെറ ദൈവസ്വഭാവത്തിൽ അമർത്യനും സഹനാതീതനുമാണ്; എന്നാൽ തൻെറ മർത്യസ്വഭാവത്തിൽ അവിടുന്ന് മർത്യനും സഹനവിധേയനുമായിരുന്നു എന്നു നാം അറിയുന്നു. അവിടുന്നു മരിച്ചവരിൽനിന്ന് ഉയിർത്തു. അവനെ ഉയിർപ്പിച്ച ദൈവത്വമല്ല: "ദൈവം ഉയിർപ്പിച്ച ഈ യേശു" (നട. 2:32).

'പുത്രൻ' എന്ന സർവനാമം മിശിഹായുടെ ദൈവത്വത്തിന് ചേരുന്നതുപോലെ "മിശിഹാ" എന്ന നാമം പുത്രൻെറ മനുഷ്യത്വത്തിൻേറതാണ്. കാരണം, അതിൻെറ ഉത്ഭവത്തിൻെറ ആരംഭത്തിൽ ഉദരത്തിൽ വച്ചുതന്നെ അതു പരിശുദ്ധാത്മാവിനാൽ അഭിഷിക്തമായി. അത് എന്നെന്നേക്കുമായി വചനമായ ദൈവവുമായി ഏക ഐക്യത്തിലും ആരാധനയിലും കർതൃത്വത്തിലും ഏക പുത്രൻ ആയിരിക്കുന്നതിനാണിത്. ശ്ലൈഹികവചനമനുസരിച്ച് മുകളിൽ കാണിച്ചിരിക്കുന്നതുപോലെ എല്ലാം അപ്പോഴും അവനു കീഴ്പ്പെട്ടിട്ടില്ല എന്നു മാത്രം. ഐക്യവിനാഴിക മുതൽ എന്നേക്കും ഏക പർസോപ്പായിൽ മിശിഹാ, പുത്രനാണ്; പുത്രൻ മിശിഹായാണ്. അതുപോലെതന്നെ രണ്ടു സ്വഭാവങ്ങളും രണ്ട് ക്നോമാകളും അവയുടെ സവിശേഷതകളിൽ അറിയപ്പെടുന്നു. ഐക്യം

www.malankaralibrary.com



മുതൽ എന്നേക്കും വചനമായ ദൈവം തന്റെ മനുഷ്യത്വം കൂടാതെ പുത്രനായോ, അവന്റെ മനുഷ്യനായ നസ്രായനേശു, ദൈവത്വം കൂടാതെ മിശിഹായോ ആയിരുന്നില്ല. ഭാഗ്യവാനായ പൗലോസ് ഇതു പഠിപ്പിക്കുകയും പ്രബോധിപ്പിക്കുകയും വ്യക്തമായി കാണിക്കുകയും ചെയ്തിട്ടുള്ളതാണ്. പുത്രൻ എന്ന പേര് ഐക്യത്തിന്റെ പർസോപ്പായിൽനിന്നാണെന്ന് എബ്രായലേഖനത്തിൽ അവൻ കാണിച്ചിട്ടുണ്ട്: "അവസാനനാളുകളിൽ തന്റെ പുത്രൻവഴി അവിടുന്നു സംസാരിച്ചിരിക്കുന്നു"; അതിനുശേഷം പുത്രത്വത്തിന്റെ പർസോപ്പായെപ്പറ്റി അവൻ സംസാരിക്കുന്നു. പർസോപ്പായുടെ ഐക്യത്തിൽ മനുഷ്യത്വത്തെപ്പറ്റി ഈ കാര്യങ്ങൾ പറയുന്നു: "അവൻ അവനെ എല്ലാറ്റിന്റെയും അവകാശിയായി നിയമിച്ചു". അതേ പർസോപ്പായുടെ ദൈവത്വത്തെപ്പറ്റി വേർപെടുത്താതെ ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: "അവൻവഴി അവൻ ലോകങ്ങളെ ഉണ്ടാക്കി; അവൻ അവന്റെ സത്തയുടെ പ്രതിരൂപവും മഹത്ത്വത്തിന്റെ കിരണവും ആകുന്നു. തന്റെ വചനത്തിന്റെ ശക്തിയാൽ അവൻ എല്ലാറ്റിനെയും ഭരിക്കുന്നു" (എബ്രാ. 1:2-3).

ഇതുപോലെ ഈ ലേഖനത്തിൽ ഉടനീളം ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും സംഗതികൾ വേർതിരിക്കുമ്പോൾ ഐക്യപ്പെടുത്തുകയും ഐക്യത്തോടുകൂടി വേർതിരിക്കുകയും ചെയ്യുന്നു. കൂട്ടിക്കുഴച്ചിൽ കൂടാതെ രണ്ടുസ്വഭാവങ്ങളുടെയും സവിശേഷതകൾ വ്യക്തമായി കാണിക്കുകയും ചെയ്യുന്നു. അതേ ഐക്യത്തിൽ ഇതിൽനിന്ന് അതിലേക്കും അതിൽനിന്ന് ഇതിലേക്കും മാറിമാറി ലേഖനാന്ത്യംവരെ ഒന്നിനെപ്പറ്റിയെന്നവണ്ണം ചർച്ചചെയ്തുകൊണ്ട് ഇപ്രകാരം ഉപസംഹരിക്കുന്നു: "യേശുമിശിഹാ ഇന്നലെയും ഇന്നും എന്നേക്കും ഒരാൾതന്നെ" (13:8). ഐക്യത്തിന്റെ പർസോപ്പായിൽനിന്ന് പുത്രൻ എന്ന നാമം തന്റെ ലേഖനാരംഭത്തിൽ അവൻ വച്ചു. അതേ ഐക്യത്തിന്റെ പർസോപ്പായിൽനിന്ന് യേശുമിശിഹാ എന്ന നാമംകൊണ്ട് ലേഖനം ഉപസംഹരിച്ചു. അങ്ങനെ രണ്ടുസ്വഭാവങ്ങളും വ്യക്തമായി കാണിച്ചുകൊണ്ട് കൂട്ടിക്കുഴച്ചിൽ കൂടാതെ ഏക പുത്രനായ മിശിഹായുടെ ഏക പർസോപ്പായിൽ എന്നേക്കുമുള്ള ഈ ആരാധ്യമായ ഐക്യം പഠിപ്പിക്കുകയും ഉറപ്പിക്കുകയുംചെയ്യുന്നു.

ഇതുതന്നെ ഫിലിപ്യലേഖനത്തിലും അവൻ പഠിപ്പിക്കുകയും വ്യക്തമായി പ്രസ്പഷ്ടമാക്കുകയും ചെയ്യുന്നു. താഴ്മയെപ്പറ്റി പഠിപ്പിച്ചുകൊണ്ട് ഐക്യത്തിന്റെ പർസോപ്പായെ വ്യക്തമാക്കുന്നു. അവൻ പറയുന്നു: "യേശുമിശിഹായുടെ അതേ മനോഭാവം നിങ്ങൾക്കുണ്ടായിരിക്കട്ടെ". പിന്നീട് ഐക്യത്തിന്റെ പർസോപ്പായിൽ തന്റെ ദൈവത്വത്തെക്കുറിച്ചുള്ളവ അവൻ കൂട്ടി

www.malankaralibrary.com



ച്ചേർക്കുന്നു: "ദൈവത്തിൻെറ സാദൃശ്യത്തിലായിരുന്നവൻ, ദൈവതുല്യനാണെന്നുള്ളത് പരിഗണിക്കാതെ, സ്വയംശൂന്യനാക്കി ദാസൻെറ രൂപമെടുത്തു, മനുഷ്യരൂപത്തിലായിത്തീർന്നു, മനുഷ്യനായി കാണപ്പെട്ടു". പിന്നീട് അതേ പർസോപ്പായിൽ വിഭജനം കൂടാതെ ഏകയാളെപ്പറ്റി എന്നവണ്ണം വേർപിരിയൽ കൂടാതെ, മിശിഹായുടെ മനുഷ്യത്വത്തെപ്പറ്റിയുള്ള കാര്യങ്ങൾ അവൻ കൂട്ടിച്ചേർക്കുന്നു. "അവൻ മരണംവരെ, കുരിശുമരണംവരെ സ്വയംതാഴ്ത്തി" എന്നിത്യാദി. പിന്നീട് അതേ ഐക്യം കൊണ്ട് ഉപസംഹരിക്കുന്നു. "യേശുമിശിഹാ കർത്താവാണ് എന്ന് തൻെറ പിതാവായ ദൈവത്തിൻെറ മഹത്ത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുന്നതിനു വേണ്ടിയാണിത് (ഫിലി. 2:11).

എബ്രായലേഖനത്തിൽ ഐക്യത്തിൻെറ പർസോപ്പായിൽനിന്ന് പുത്രൻ എന്ന നാമം ആദ്യമായി ഉപയോഗിക്കുന്നു. അതു ശരിയായി മിശിഹായുടെ പുത്രത്വത്തിൻേറതാണ്. എന്നാൽ ഐക്യംവഴി അതു തൻെറ മനുഷ്യത്വത്തിൻേറതുമാണ്. "അവനെ അവൻ എല്ലാറ്റിൻെറയും അവകാശിയാക്കി" എന്ന് മനുഷ്യത്വത്തിൻേറതായ കാര്യങ്ങൾ കൂട്ടിച്ചേർക്കുന്നു. വീണ്ടും, ഫിലിപ്യലേഖനത്തിൽ, അവൻ ആദ്യം ഐക്യത്തിൻെറ പർസോപ്പായിൽനിന്ന് യേശുമിശിഹാ എന്ന പേര് ചേർത്തു. അതു ശരിയായി അവൻെറ മനുഷ്യത്വത്തിൻെറ പേരാണ്. വചനമായ ദൈവവുമായി ഐക്യപ്പെട്ട് അത്യുന്നതൻെറ ഏക പുത്രനായിരിക്കുവാൻ പരിശുദ്ധാത്മാവിനാൽ അത് അഭിഷേകം ചെയ്യപ്പെട്ടു. തുടർന്ന് ഐക്യത്തിൽ, ദൈവത്വത്തിൻെറ കാര്യങ്ങൾ കൂട്ടിച്ചേർക്കുന്നു: "അവൻ ദൈവത്തിൻെറ രുപത്തിലായിരിക്കെ, ദൈവത്തിനു സമനായിരിക്കുന്നതു കാര്യമായി പരിഗണിക്കാതെ, സ്വയം ശൂന്യനാക്കി ദാസൻെറ രൂപം എടുത്തു". "എടുക്കുന്നവനും" "എടുക്കപ്പെട്ടതും", ദൈവത്തിൻെറ രൂപവും ദാസൻെറ രുപവും, ഐക്യം മുതൽ എന്നേക്കും ഏകപുത്രനും ഏക കർത്താവുമായ യേശുമിശിഹായാണ്.

ഏക കർത്താവേശുമിശിഹായുടെ ദൈവത്വത്തിൻെറയും മനുഷ്യത്വത്തിൻെറയും ഒരേ ഒരു പർസോപ്പായിൽ അവിടുത്തെ ദൈവത്വത്തിൻെറയും അവിടുത്തെ മനുഷ്യത്വത്തിൻേറതുമായ കാര്യങ്ങൾ തിരുലിഖിതങ്ങൾ സംസാരിക്കുന്നു: ഐക്യത്തിൻെറ പർസോപ്പായിൽ ദൈവത്വത്തിൻേറതായ കാര്യങ്ങൾ തൻെറ ദൈവിക ക്നോമായുടെ സവിശേഷതകൾ വ്യക്തമായി കാണിക്കുന്നു. ഉദാ: "കർത്താവായ യേശുമിശിഹാ ഏകൻ; അവനിലൂടെയാണ് എല്ലാം" (1കൊറി.8:6) - അവിടുത്തെ മനുഷ്യസ്വഭാവത്തിലൂടെയല്ല എല്ലാം സൃഷ്ടിക്കപ്പെട്ടതും സ്ഥാപിക്കപ്പെട്ടതും. കാരണം, ഇത് അന്ത്യനാളുകളിലാണ് സംഭവിച്ചതും 'എടുക്കപ്പെട്ടതും'. മനുഷ്യരിൽനിന്നല്ല, മനുഷ്യരിലൂടെയുമല്ല, പിന്നെയോ

www.malankaralibrary.com



യേശുമിശിഹായിലൂടെ (ഗലാ. 1:1). പിന്നീട് തന്റെ മനുഷ്യത്വത്തിന്റേതായവയും കൂട്ടിച്ചേർക്കുന്നു. ഇപ്രകാരം, ഐക്യത്തിന്റെ പർസോപ്പായിൽ മാനുഷിക ക്നോമായുടെ സവിശേഷതകൾ അതേ ഐക്യത്തിൽ വ്യക്തമായി വെളിപ്പെടുത്തപ്പെടുന്നു. ഉദാ: "ദൈവം ഏകൻ, ദൈവത്തിനും മനുഷ്യർക്കും ഇടയ്ക്കുള്ള മധ്യസ്ഥനും ഏകൻ, മനുഷ്യനായ യേശുമിശിഹാ"(1 തിമോ. 2:5). "ദാവീദിന്റെ പട്ടണത്തിൽ മിശിഹാകർത്താവ് എന്ന രക്ഷിതാവ് നിങ്ങൾക്കായി ഇന്നു ജനിച്ചിരിക്കുന്നു"(ലൂക്കാ. 2:11). മറ്റൊരിടത്ത്, "ഇപ്രകാരം യേശുമിശിഹാ എന്ന ഒരു മനുഷ്യന്റെ അനുസരണംമൂലം അനേകർ നീതീകരിക്കപ്പെട്ടു" (റോമാ 5:19); 'പുത്രനെ' സംബന്ധിച്ചുള്ളവയും അപ്രകാരംതന്നെ: "ഞാൻ എന്റെ പിതാവിലും എന്റെ പിതാവ് എന്നിലുമാകുന്നു" (യോഹ. 14:11). ഇത് അവിടുത്തെ ദൈവിക ക്നോമായുടെ സൂചനയാണ്; അത് അതിന്റെ സ്വഭാവത്തിൽ പിതാവിനു തുല്യമാണ്; അതുപോലെ തന്നെയാണ്, "എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു" എന്നതും(5:17).

വീണ്ടും, താഴെപ്പറയുന്നവ അവിടുത്തെ മനുഷ്യത്വത്തിന്റേതാണ്: "പിതാവ് പുത്രനെ സ്നേഹിക്കുകയും എല്ലാം അവന്റെ കൈകളിൽ ഏല്പിച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു" (3:35). "അവന് എല്ലാറ്റിന്റെയും മേൽ അവിടുന്ന് അധികാരം നൽകിയിരിക്കുന്നു" (17:2). "ഞാൻ പ്രസാദിച്ചിരിക്കുന്ന എന്റെ പ്രിയപുത്രൻ ഇവനാകുന്നു" (മത്താ.3:17). "തന്റെ പുത്രനോടു സഹതാപം കാണിക്കാതെ നമുക്കെല്ലാവർക്കും വേണ്ടി അവനെ ഏല്പിച്ചുകൊടുത്തു"(റോമാ 8:32), അതുപോലെയുള്ള മറ്റു ഭാഗങ്ങളും. പുത്രത്വത്തിന്റെ ഈ ഏക പർസോപ്പായിൽ പുത്രന്റെ ദൈവത്വത്തിന്റേതും പുത്രന്റെ മനുഷ്യത്വത്തിന്റേതുമായ കാര്യങ്ങൾ അവ വ്യക്തമാക്കുന്നു. അതേസമയം, ദൈവപുത്രനായ മിശിഹായുടെ ഏക പർസോപ്പായിൽ രണ്ടു സ്വഭാവങ്ങളും രണ്ടു ക്നോമാകളും കൂട്ടിക്കുഴച്ചിൽ കൂടാതെ നിലനില്ക്കുന്നു.

നിത്യത്രിത്വത്തിൽ ക്നോമാകൾ അവയുടെ സവിശേഷതകളിൽ നിലനില്ക്കുന്നു. കൂട്ടിക്കുഴച്ചിൽ കൂടാതെയും അനന്തമായും അഭേദ്യമായും ഏക സ്വഭാവത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും ഏകശക്തിയിലും ഇച്ഛയിലും കർതൃത്വത്തിലും അധികാരത്തിലും ഐക്യപ്പെട്ടിരിക്കുകയും ചെയ്യുന്നു. ഓരോ ക്നോമായിലും ദൈവത്വത്തിന്റെ സ്വഭാവം മുഴുവൻ സന്നിഹിതമായിരിക്കുന്നു. അതുപോലെ, മിശിഹായുടെ രണ്ടു സ്വഭാവങ്ങളും ദൈവപുത്രൻ എന്ന ഏകപർസോപ്പായിൽ നിലനില്ക്കുന്നു. ഏക പർസോപ്പായിൽ അവന്റെ മനുഷ്യത്വത്തിന്റെയും ദൈവത്വത്തിന്റെയും ക്നോമാകളുടെ സവിശേഷതകളിൽ - അഭേദ്യമായി പുത്രത്വത്തിന്റെ പർസോപ്പായിൽ ക്നോമാകളിൽ

www.malankaralibrary.com



ഓരോന്നും ഒരുപോലെ അറിയപ്പെടുന്നു. എന്നാൽ ദൈവത്വത്തിൽ ഉചിതമായും മനുഷ്യത്വത്തിൽ ഐക്യപ്പെട്ടും പർസോപ്പിക്കലായും. മനുഷ്യപുത്രൻ എന്ന നാമം ഉചിതമായും സ്വാഭാവികമായും അവിടുത്തെ മനുഷ്യത്വത്തിന്റേതാണ്. എന്നാൽ പർസോപ്പിക്കലായും ഐക്യപ്പെട്ടും തന്റെ ദൈവത്വത്തിന്റേതുമാണ്.

യേശുമിശിഹാ എന്ന ഏകകർത്താവിന്റെ അതേ ഏക പർസോപ്പായിൽ അവിടുത്തെ മനുഷ്യത്വത്തിന്റെയും ദൈവത്വത്തിന്റെയും രണ്ടു സ്വഭാവങ്ങളുടെയും രണ്ട് ക്നോമാകളുടെയും സവിശേഷതകൾ അറിയപ്പെടുന്നു. ദൈവത്തിന്റെ സ്വഭാവം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നു മൂന്നു ക്നോമാകളുടെ സവിശേ ഷതകളിലൂടെ വ്യക്തമാകുന്നു. അതുപോലെ ഏകകർത്താവേശുമിശിഹായുടെ ഏകപർസോപ്പായിൽ ദൈവവും മനുഷ്യനും എന്ന രണ്ടു ക്നോമാകളും അറിയപ്പെടുന്നു - ദൈവത്തിന്റെ രൂപവും ദാസന്റെ രൂപവും. ഐക്യപ്പെടാത്ത പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടി ഏക ഐക്യത്തിലും ഏക അധികാരത്തിലും ആരാധനയിലും കർതൃത്വത്തിലും ഏക പുത്രൻ. അവനും അവന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നുമെന്നേക്കും മഹത്ത്വവും കൃതജ്ഞതയും ആരാധനയും ഉന്നതിയും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## അധ്യായം 9

# ആരാധ്യമായ ഐക്യത്തിന്റെ സ്വഭാവം

*തിരുലിഖിത പ്രബോധനമനുസരിച്ചും ശ്ലീഹന്മാരുടെ കാലടികൾ പിന്തുടർന്നും വിശുദ്ധരും സത്യവിശ്വാസികളുമായ പിതാക്കന്മാരുടെ പാരമ്പര്യമനുസരിച്ചും ആരാധ്യമായ ഈ ഐക്യം നാം എപ്രകാരം മനസ്സിലാക്കണം.*

സ്വേച്ഛയാ സാത്താന്റെ ഉപകരണങ്ങളായിത്തീർന്ന ദുഷ്ടമനുഷ്യർ ദൈവത്തിന്റെ സഭയിൽ മുൾച്ചെടികൾ കണക്കെ വളരെയധികം പാഷണ്ഡതകൾ മുളപ്പിച്ചിട്ടുണ്ട്. അവർ തന്നെ വഴിതെറ്റിപ്പോയി;മറ്റനേകരെ ദുഷിപ്പിക്കു

www.malankaralibrary.com



കയും അവർക്ക് വീഴ്ചയ്ക്കിടവരുത്തുകയും വിശ്വസനീയ സാക്ഷ്യത്തിൻെറ സത്യത്തിൽനിന്ന് അവരെ അകറ്റുകയും ചെയ്തു. ദൈവത്വസംബന്ധമായവയെ ഇവർ ദുഷിച്ചു എന്നുമാത്രമല്ല, നമ്മുടെ കർത്താവേശുമിശിഹായിലുടെ എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി സംഭവിച്ച ആരാധ്യമായ വ്യാപാരത്തെ, തങ്ങളുടെ നാശത്തിനുവേണ്ടി അവരിൽ വളരെപ്പേർ ദൂഷണം പറയുകയും ചെയ്തിരിക്കുന്നു. ആത്മാവും ശരീരവുംചേർന്ന് മനുഷ്യൻ എന്ന ഏക ക്നോമാ ഉണ്ടാകുന്നതുപോലെ അവശ്യാവശ്യമായും നിർബന്ധമായും, സ്വാഭാവികവും ക്നോമികവുമായ ഐക്യമാണെന്ന് പറഞ്ഞുകൊണ്ട് ചിലർ തങ്ങളുടെ വിഭ്രാന്തിയിൽ ഭക്തിരഹിതമായി സംസാരിക്കുന്നു: "ശരീരമെടുത്തു; ആത്മാവിനെ എടുത്തില്ല. ദൈവം ശരീരവുമായി ക്നോമികമായി ഐക്യപ്പെടുകയാണുണ്ടായത്; ദൈവം ആത്മാവിൻെറ സ്ഥാനത്താണ്. പിതാവിൻെറ ഇച്ഛാനുസരണം ദിവ്യവ്യാപാര കർമ്മങ്ങളെല്ലാം അതിൽ നിർവഹിക്കുന്നു" എന്നൊക്കെ അവർ തട്ടിവിട്ടു.

ക്രുദ്ധനായ ഈജിപ്തുകാരൻ ആരിയൂസിലൂടെ സാത്താൻ ഈ വിഭ്രാന്തി തുടങ്ങിവച്ചതാണ്. എവുണോമിയുസ് എന്ന ഘോരസർപ്പം അവനോടു യോജിച്ചു. ഇവർ പുത്രൻെറ ദൈവത്വത്തെ പിതാവിൽനിന്ന് വേർതിരിക്കുക കൂടിചെയ്തു: "അവൻ സൃഷ്ടിക്കപ്പെട്ടവനാണ്; നിർമ്മിക്കപ്പെട്ടതാണ്; തുല്യനല്ല; ഏകസ്വഭാവവും ഏക ക്നോമായും ആയിത്തീരാനായി ആത്മാവില്ലാത്ത ശരീരവുമായി ദൈവം അവനെ ബന്ധിച്ച് യോജിപ്പിച്ചു. ഒരുപകരണം കൊണ്ടെന്നപോലെ അവൻ ജഡം ധരിക്കുന്നതിനുമുമ്പ് ദൈവം അവനിലൂടെ എല്ലാറ്റിനെയും സൃഷ്ടിച്ചു. അതുപോലെ അവൻെറ ജഡധാരണത്തിലൂടെ അവിടുന്ന് എല്ലാറ്റിനെയും അവനിലൂടെ നവീകരിച്ചു. ക്രിസ്തു ഏക ക്നോമായാണ്; അവൻ പീഡയനുഭവിക്കുകയും മരിക്കുകയും ചെയ്തു. ദൈവമാകട്ടെ അവനെ ഉയിർപ്പിച്ചു. ഇല്ലായ്മയിൽനിന്ന് ദൈവം അവൻെറ ദൈവത്വത്തെ സൃഷ്ടിച്ചു; അതുപോലെ ക്നോമിക്കലായി അവൻെറ മനുഷ്യത്വത്തിൽ അവനെ രൂപീകരിച്ചു. അങ്ങനെ ക്രിസ്തുവിൻെറ സ്വഭാവവും ക്നോമായും ഏകമാണ്; ഒരു സ്വഭാവവും മറ്റൊരു സ്വഭാവവും എന്നോ, ഒരു ക്നോമായും മറ്റൊരു ക്നോമായും എന്നോ പറയുന്നില്ല" എന്നൊക്കെ ഇക്കൂട്ടർ പുലമ്പി.

എന്നാൽ ഇവരെ 318 പേർ തങ്ങളുടെ മൂർച്ചയുള്ള വാളാൽ ആത്മീയമായി നിശ്ശേഷം നശിപ്പിച്ചു; അവരുടെ അസ്ഥികൾ പാതാളവാതിൽക്കൽ ചിതറിക്കപ്പെട്ടു. 'പുത്രൻ ഒരു സൃഷ്ടിയല്ല' പിന്നെയോ, സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ സമസത്തയുമാണെന്ന് വിശുദ്ധ പിതാക്കന്മാർ വെളിവാക്കുകയും വ്യക്തമായി കാണിക്കുകയും ചെയ്തു.'വചനമായ ദൈവം ബൗദ്ധികവും ഗ്രഹണശക്തിയുള്ളതുമായ

www.malankaralibrary.com



ആത്മാവുള്ള ഒരു പരിപൂർണമനുഷ്യനെ എടുത്തെന്നും ഏക കർത്താവേശു മിശിഹായുടെ ഐക്യത്തിൽ തന്നോടുകൂടെ അവനെ ഏകപുത്രനാക്കിയെന്നും തിരുലിഖിതങ്ങളിൽ നിന്ന് അവർ തെളിയിച്ചു: "അവൻെറ ആത്മാവിനെ പാതാളത്തിൽ ഉപേക്ഷിച്ചില്ല" (നട. 2:31). "എൻെറ ആത്മാവ് ദുഃഖിതമായിരിക്കുന്നു" (മത്താ. 26:38); "എൻെറ ആത്മാവിനെ നിൻെറ കൈകളിൽ സമർപ്പിക്കുന്നു" (ലൂക്കാ 23:46). ഇവ ഒരാത്മാവിൻെറ സവിശേഷതകളാണ്, ദൈവസ്വഭാവത്തിൻേറതല്ല.

വീണ്ടും അതേ കൈയ്പുള്ള വേരിൽനിന്ന് ലവദീക്യക്കാരൻ അപ്പൊള്ളിനാരിസ് മുളച്ചുവന്നു. അയാൾ പഞ്ചസാരയിൽ പൊതിഞ്ഞ തൻെറ പാഷണ്ഡതയിൽ തനിക്കു മുൻപു ജീവിച്ചവരെക്കാൾ കൂടുതലായി വഴിതെറ്റിപ്പോയി. ആരിയൻ കലഹത്തിനുശേഷം സത്യവിശ്വാസത്തിൻെറ പേരിൽ പതിനായിരക്കണക്കിന് അഭക്തികളും തെറ്റുകളും നിറഞ്ഞ ദുഷിച്ച പ്രബോധനം വിതച്ചു. ആരിയൻ പാഷണ്ഡികളേപ്പോലെ അതേ ദുഷ്ടത പ്രചരിപ്പിച്ചു. അയാൾ തൻെറ വാദഗതി മാറ്റിയെന്നേയുള്ളൂ; അയാളുടെ മനസാകട്ടെ ദുഷിച്ചതായിരുന്നു: "അവൻ ആത്മാവുള്ള ശരീരമെടുത്തു. എന്നാൽ മനസ് എടുത്തില്ല. അതിനു പകരം സ്വാഭാവികവും ക്നോമികവുമായ ഐക്യത്തിൽ വചനം മനസിൻെറ സ്ഥാനത്തായിരുന്നു. വചനം ശരീരത്തിൻെറ വേദനകൾ എല്ലാം അനുഭവിച്ചു" എന്ന് അയാൾ പഠിപ്പിച്ചു.

ശരീരത്തിൻെറ സവിശേഷതകൾ മറച്ചുകൊണ്ട്, ഈ വ്യാപാരത്തിൽ സംഭവിച്ചവയെല്ലാം അവൻ ക്നോമിക്കലായി വചനമായ ദൈവത്തിൽ ആരോപിച്ചു. ചിലപ്പോൾ അവൻ കൂട്ടിക്കുഴയ്ക്കുന്നതും കൂടിക്കലരുന്നതുമായ ഐക്യത്തെപ്പറ്റി സംസാരിച്ചിരുന്നു; "അവൻ തൻെറ ശരീരം സ്വർഗ്ഗത്തിൽനിന്ന് ഇറക്കി കൊണ്ടുവന്നു" എന്നും അയാൾ ചിലപ്പോഴൊക്കെ പറഞ്ഞിരുന്നു. വീണ്ടും, "ഉത്ഥാനാനന്തരം മനുഷ്യർ തിന്നുകയും കുടിക്കുകയും വിവാഹിതരാകുകയും ചെയ്യും" എന്നു തുടങ്ങി പല അഭക്തകാര്യങ്ങളും അയാൾ പറഞ്ഞിരുന്നു. എന്നാൽ അയാൾ വിഴുങ്ങുന്ന ചെന്നായാണെന്നും കുഞ്ഞാടിൻെറ വേഷം ധരിച്ചിരിക്കയാണെന്നും അയാളെയും മറനീക്കി തുറന്നു കാണിച്ച അയാളുടെ കാലത്തുണ്ടായിരുന്ന ഉണർവുള്ള ഇടയന്മാർ അയാളെ സഭയ്ക്കു പുറത്താക്കി: "വചനമായ ദൈവം നമ്മെപ്പോലെ ആത്മാവും ശരീരവും ഉള്ള സമ്പൂർണ മനുഷ്യനെ എടുത്തു; പാപം ഒഴികെ എല്ലാറ്റിലും അവിടുന്ന് നമുക്കു തുല്യനായി; പരിപൂർണമനുഷ്യനായ ആദ്യ ആദത്തിലൂടെ മരണം പ്രവേശിച്ചതുപോലെ പരിപൂർണമനുഷ്യനായ ഐക്യപ്പെട്ട പുതിയ ആദത്തിലൂടെ മരിച്ചവരുടെ ഉത്ഥാനവും ഉണ്ടായി" എന്നു പിതാക്കന്മാർ സ്പഷ്ടമാക്കി.

www.malankaralibrary.com



നമ്മുടെ കർത്താവ് പറഞ്ഞു: "എൻെറ ആത്മാവ് ദുഃഖിതമായിരിക്കുന്നു (യോഹ. 12:27); "എൻെറ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു"(മത്താ. 26:38). സുവിശേഷകൻ പറയുന്നു: "അവിടുന്ന് പ്രായത്തിൽ വളർന്നു; ജ്ഞാനത്തിൽ പരിപൂർണനായി"(ലൂക്കാ. 2:40). ബൗദ്ധിക മനസ്സില്ലാത്ത ആത്മാവിനെങ്ങനെ വിജ്ഞാനം സ്വീകരിക്കാനാവും. ക്ഷീണിക്കാനാവും? അസ്വസ്തനായി ദുഃഖിക്കാനാവും?-കൂട്ടിക്കുഴയ്ക്കുന്നതും കൂടിക്കലരുന്നതുമായ ഐക്യം ക്രമരാഹിത്യം ഉണ്ടാക്കുന്നു എന്നത് സുവ്യക്തമാണ്. കൂട്ടിക്കുഴയ്ക്കപ്പെടുന്നവയുടെ മുൻസവിശേഷതകൾ കൂടിക്കലർന്നു പോകുന്നു. അതിന് മറ്റൊരു വീര്യവും രുചിയും കൈവരുന്നു. ജലവും വീഞ്ഞും കൂടിക്കലരുമ്പോൾ സംഭവിക്കുന്നതു പോലെ ഒരു കൂട്ടിക്കുഴച്ചിൽ നടക്കുന്നു. അത് അനന്തനായ ദൈവത്തിന് ചേരുന്നതല്ല. അവിടുന്ന് അനന്ത പ്രകാശത്തിൽനിന്നുള്ള അനന്ത പ്രകാശമാണ്. സഹനാതീതനും വ്യതിയാനാതീതനുമാണ്. താനായിരിക്കുന്ന അവസ്ഥയിൽ അവിടുന്ന് സ്ഥിതിചെയ്യുന്നു. വീണ്ടും, "മരിച്ചവരിൽ നിന്നുള്ള ഉത്ഥാനത്തിൽ അവർ തിന്നുകയോ കുടിക്കുകയോ വിവാഹിതരാകുകയോ ചെയ്യുന്നില്ല" (മത്താ. 22:30)എന്ന തിരുവചനം ഈ മനുഷ്യൻെറ അഭക്തി വ്യക്തമാക്കുകയും വെളിപ്പെടുത്തുകയും ചെയ്തു. ഇത് എല്ലാറ്റിലും വിശ്വസനീയമാണ്. അവിടുത്തെ ശരീരം മറിയത്തിൽനിന്ന് എടുത്തിട്ടുള്ളതാണ്. അവിടുത്തെ കുടുംബം ദാവീദിൻെറ വംശാവലിയിൽനിന്നാണ്. പരിശുദ്ധാത്മാവ് അവിടുത്തെ രൂപീകരിച്ചു. ഇതിന് പ്രവാചകസാക്ഷ്യം തെളിവാണ്; ഇവയുടെ നിജസ്ഥിതി അനിഷേധ്യമാം വിധം തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ജാഗരൂകരും ധീരന്മാരുമായ ഇടയന്മാർ തങ്ങ ളുടെ ആത്മീയകവിണകളും ഉന്നംതെറ്റാത്ത കല്ലുകളും കൊണ്ട് ഇവരെയും പുറത്താക്കി. അവർ എല്ലാ തെറ്റുകളെയും കീഴടക്കി; ദുഷ്ടതകളെല്ലാം അവസാനിപ്പിച്ചു. എന്നാൽ അപ്പൊള്ളിനാരീസിൽനിന്ന് മറ്റു പല പാഷണ്ഡതകളും ഉടലെടുത്തു.[2]

വഴിതെറ്റിയ എവുത്തീക്കസ് പറഞ്ഞു:"ഐക്യത്തിനുമുമ്പ് ഇരു സ്വഭാവങ്ങളെ ഞാൻ അറിയുന്നു; ഐക്യത്തിനുശേഷം ഒരു സ്വഭാവവും ഒരു ക്നോമായും". 'നമ്മുടെ വംശത്തിൻെറ തലവനെ എടുത്ത കാര്യം' അവൻ ചിലപ്പോൾ പൂർണമായി നിഷേധിച്ചിരുന്നു:"വചനമായ ദൈവം ക്നോമിക്കലായി ജഡം ധരിച്ചു; കഷ്ടപ്പെട്ടു മരിച്ചു. ദൈവത്തിൻെറ മരണത്താൽ നാം രക്ഷിക്കപ്പെട്ടു" എന്ന് അഭക്തമായി പറഞ്ഞിരുന്നു.[2] *മഹാനായ പത്രോസിൻെറ സിംഹാസനാധിപനും ശ്രേഷ്ഠനുമായ ലെയോയിലൂടെ* ഇത്തരക്കാർ വളരെ ദാരുണമായ അന്ത്യത്തിലെത്തി. സത്യത്തിനായി നിരന്തരം ദാഹിക്കുന്നവരും ജാഗരൂകരും തീക്ഷ്ണമതികളുമായ അന്നാട്ടിലെ ഇടയന്മാർ ഇവരെ നാട്ടിൽ നിന്ന് ആട്ടിയോടിച്ചു.[2]

www.malankaralibrary.com



പിന്നീട് ജൂലിയൻ രംഗത്തുവന്നു.[3] അയാൾ പറയുന്നു: "ആദാമ്യകുലത്തിൻെറ സഹനവിധേയവും മർത്ത്യവുമായ ശരീരമല്ല നമ്മുടെ കർത്താവ് എടുത്തത്; പിന്നെയോ, ആദാം പാപം ചെയ്യുന്നതിനു മുമ്പുള്ള അമർത്ത്യവും സഹനാതീതവുമായ ശരീരമാണ്".

ശരീരം എവിടെനിന്നുവന്നു, അല്ലെങ്കിൽ ആദാം അമർത്ത്യനായി നിർമ്മിക്കപ്പെട്ടെങ്കിൽ, അത് എവിടെ വയ്ക്കപ്പെടുകയും പിന്നീട് എടുക്കപ്പെടുകയും ചെയ്തു എന്നു കാണിക്കാൻ അയാൾക്കു കഴിഞ്ഞില്ല. ആദാം മരിച്ചു എന്ന് അവൻെറ ശരീരം സാക്ഷിക്കുന്നു. കാരണം അത് മർത്ത്യമായി നിർമ്മിതമായിരുന്നു. എന്നാൽ അവൻെറ ആത്മാവാകട്ടെ, സ്വഭാവത്താലേ അമർത്ത്യമായിരുന്നതിനാൽ മരിച്ചില്ല. നമ്മുടെ കർത്താവിൻെറ വംശാവലി അബ്രഹാമിൽനിന്നും ദാവീദിൽ നിന്നുമാണെന്ന് ഇതാ, തിരുലിഖിതങ്ങൾ തെളിയിക്കുന്നു. അവരുടെ വംശാവലിയിൽ നിന്നുള്ള മറിയത്തിൻെറ സ്വഭാവത്തിൽ നിന്നാണ് അവിടുന്ന് എടുക്കപ്പെട്ടത്. സുവിശേഷകർ, പ്രത്യേകിച്ച് ഭാഗ്യവാനായ ലൂക്കോസ് വിവരിക്കുന്നതുപോലെ, അവരുടെ വംശാവലി ആദാമിലാണ് തുടങ്ങുക. കാരണം യൗസേപ്പിൻെറ വംശാവലിയെ അവൻ ആദാമുമായി ബന്ധിക്കുന്നു; യൗസേപ്പാകട്ടെ, ഭാഗ്യവതിയായ മറിയത്തിൻെറ ഭർത്താവുമായിരുന്നു. അവരിരുവരും ദാവീദിൻെറ വംശത്തിൽ നിന്നായിരുന്നു; കാരണം, അവളിൽനിന്നുള്ള ശിശുവിനെപ്പറ്റി അവളോട് ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു:"അവൻെറ പിതാവായ ദാവീദിൻെറ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും" (ലൂക്കാ 1:32). പുരുഷസംസർഗം കൂടാതെയാണ് യേശു ഉരുവായത്. യൗസേപ്പ് ദാവീദിൻെറ വംശത്തിൽ പെട്ടവനായിരുന്നു. നൈയാമിക പ്രബോധനമനുസ രിച്ച് ഗോത്രങ്ങൾ തമ്മിൽ കൂടിക്കലരുക പതിവില്ലായിരുന്നു. ദർശനത്തിൽയൗസേപ്പിനോട് ദൂതൻ പറഞ്ഞതനുസരിച്ചും അവൻ ദാവീദിൻെറ പുത്രനായിരുന്നു: "ദാവീദിൻെറ പുത്രനായ യൗസേപ്പേ" (മത്താ. 1:20). യോഹന്നാൻെറ മാതാപിതാക്കളായ സക്കറിയായും എലിസബത്തും അതേ പൗരോഹിത്യ ഗോത്രത്തിൽ പെട്ടവരായിരുന്നു.

ജൂലിയൻ പറയുന്നു: "നമ്മുടെ കർത്താവിൻെറ ശാരീരികവരവ് പാപിയും മർത്ത്യനുമായ ആദ്യ ആദത്തിൽ നിന്നായിരുന്നില്ല". - എന്നാൽ തൻെറ സ്വന്തവംശത്തെ ഗ്രസിച്ചിരുന്ന ശാപം നീക്കിക്കളഞ്ഞവൻ ഇവൻ തന്നെയാകുന്നു. ശ്ലീഹാ അതിനു സാക്ഷ്യം വഹിക്കുന്നു:"തൻെറ ജഡത്തിൽ പാപത്തെ കുറ്റം വിധിക്കാൻ പാപമയമായ ജഡത്തിൻെറ സാദൃശ്യത്തിൽ ദൈവം തൻെറ പുത്രനെ അയച്ചു"(റോമ. 8:3). നമ്മോടു സഹതപിക്കാൻ കഴിയാത്ത ഒരു മഹാപുരോഹിതനല്ല നമുക്കുള്ളത്. പിന്നെയോ, പാപം ഒഴികെ മറ്റെല്ലാറ്റിലും നമ്മേപ്പോലെ അവൻ പരീക്ഷണവിധേയനായി"(എബ്രാ. 4:15). പാപം സ്വഭാവികമല്ല,

www.malankaralibrary.com



സ്വേച്ഛയാ ഉള്ളതാണ്. ഇക്കാരണത്താൽ അനേകർ നീതീകരിക്കപ്പെട്ടവരും അനേകർ പാപികളുമാണ്.[2] "ആദാമ്യകുലത്തിൽനിന്നുള്ള ഈ ആൾ ഒഴിച്ച് പുതിയൊരു രീതിയിൽ ദൈവത്തിന് പുത്രനായി മറ്റാരുമില്ല; ശ്ലൈഹികസാക്ഷ്യമനുസരിച്ച് ആദത്തിൻെറ ബീജത്തിൽനിന്നും ആദത്തിൻെറ പിൻതുടർച്ചയിലുമാണ് ജഡപ്രകാരമുള്ള മിശിഹാ".[4] വളരെക്കാലങ്ങൾക്കുമുമ്പ് സൗഭാഗ്യത്തിലും ശ്ലൈഹികസത്യവിശ്വാസത്തിലും കടന്നുപോയ സഭാംഗങ്ങൾക്കെതിരായി ദുഷ്ടവൈദികരിലൂടെ ജസ്റ്റീനിയൻ സത്യസഭാംഗങ്ങളെ ശപിച്ചു. അവരുടെ ശാപങ്ങളുടെ നിഴലിൽ തൻെറ വിഭ്രാന്തിയിൽ അവൻ നമ്മുടെ കർത്താവിനെയും തൻെറ ശ്ലീഹന്മാരെയും, അവരുടെ കാലടികൾ പിന്തുടർന്നവരും ശ്ലൈഹികപ്രബോധനത്തിൽ വിഖ്യാതരും, തങ്ങളുടെ കാലത്ത് ഉടലെടുത്ത പാഷണ്ഡതകൾക്കെതിരെ ധീരധീരം പോരാട്ടം നടത്തിയവരുമായ എല്ലാ സത്യവിശ്വാസികളായ മല്പാന്മാരെയും ശപിച്ചു. ഈ മനുഷ്യൻ തൻെറ അപസ്മാരത്താൽ എല്ലാ പാഷണ്ഡതകളും കൂട്ടിക്കുഴയ്ക്കുകയും അവയോടൊക്കെ ഒന്നിച്ചുചേർക്കുകയും ചെയ്തു. അവയോട് യോജിക്കാത്തവരെയെല്ലാം അവൻ ശപിച്ചു. തൻെറ അഭക്ത സാമ്രാജ്യത്തിൻെറ ശക്തിയിലും ഉരുക്കുമുഷ്ടിയിലും എല്ലാവരെക്കാളും ഉപരിയായി അവൻ ദൈവദൂഷണം നടത്തി.

നമ്മുടെ ബലഹീനതയിൽ നമ്മെ താങ്ങുന്ന മിശിഹായുടെ ശക്തിയാൽ അവൻെറ അഭക്തിയും ദൈവദൂഷണവുമെല്ലാം എട്ടുവർഷംകൊണ്ട് നാം ഒരു ഖണ്ഡനകൃതിയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. തിരുലിഖിതങ്ങളിൽ നിന്നും, അഭക്തർ ദുഷിച്ച വിശുദ്ധരും നിർമ്മലരും സാർവത്രിക മല്പാന്മാരുമായ സകലരുടെയും സാക്ഷ്യങ്ങളിൽനിന്നും നാം എടുത്തുകാട്ടിയിട്ടുള്ളതാണ്. സത്യവിശ്വാസികളായ പിതാക്കന്മാർ സത്യവാന്മാരും തങ്ങളുടെ പ്രബോധനത്തിൽ കുറ്റമോ കുറവോ പോരായ്കയോ ഇല്ലാത്തവരും തങ്ങളുടെ വഴികളിൽ ചതിയോ വഞ്ചനയോ ലവലേശമില്ലാത്തവരും അത്രേ! അപ്രകാരം സംഭവിക്കാതിരിക്കട്ടെ. പരിശുദ്ധാത്മാവിൻെറ കവചം ധരിച്ച് തങ്ങളുടെ ശക്തിമത്തും അപ്രതിരോധ്യവുമായ പ്രബോധനങ്ങൾവഴി തെറ്റിൻെറ എല്ലാ കോട്ടകളേയും അവർ തകർത്തു. വരാനിരിക്കുന്നവയും ഇപ്പോഴുള്ളവയുമായ പാഷണ്ഡതകൾക്കെതിരായി, പരിശുദ്ധാത്മാവാകുന്ന അഗ്നിയിൽ കാച്ചിയെടുത്ത അവരുടെ കൃതികൾ കീഴടക്കാനാവാത്ത യുദ്ധോപകരണങ്ങളാണ്; അവ പാഷണ്ഡതകളുടെ നിർമ്മൂലനത്തിനുള്ളവയാണ്.

നമ്മുടെ കാലത്ത് അദിയബേനെക്കാരൻ ഹെനാനായിലൂടെയും ലക്ഷണം പറയുന്ന മെസ്സാലിയരിലൂടെയും ഈ പാഷണ്ഡതകൾ എല്ലാം ഇപ്പോഴും സജീവമാണ്. സത്യവിശ്വാസികൾക്കെതിരായി ജസ്റ്റീനിയൻ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയ അവൻെറ ദൈവദൂഷണങ്ങളെ നാം ഒരിക്കൽ

www.malankaralibrary.com



പൂർണമായി ഖണ്ഡിച്ചിട്ടുള്ളതാണ്. എങ്കിലും അവന്റെ ശാപങ്ങളിൽ ചിലത് ഉദ്ധരിച്ച് അവയെ ഖണ്ഡിക്കുക നമ്മുടെ കടമയായി നാം കരുതുന്നു. കാരണം, നമ്മുടെ രക്ഷയ്ക്കായി സംഭവിച്ച ആരാധ്യമായ ഐക്യം സംബന്ധിച്ചുള്ള അജയ്യസത്യം അയാളുടെ ദൈവദൂഷണങ്ങളെ ഖണ്ഡിക്കുന്നതുവഴി വെളിവാക്കപ്പെടും. അയാളുടെ ശാപങ്ങളുടെ ഖണ്ഡനം താഴെക്കൊടുക്കുന്നു. ഈ വാക്കുകളാൽ അയാൾ മുട്ടുമടക്കും. തന്റെ ശൂന്യമായ ശാപങ്ങളിൽ രണ്ടാമത്തെ അധ്യായത്തിൽ ജസ്റ്റീനിയൻ ഇപ്രകാരം പറയുന്നു:

*ജസ്റ്റീനിയൻ:* ഒരേ വചനമായ ദൈവത്തിന് രണ്ടു ജനനങ്ങളുണ്ടെന്ന് ആരെങ്കിലും അംഗീകരിക്കാതിരുന്നാൽ: ഒന്ന് കാലാതീതമായും ജഡരഹിതമായും യുഗങ്ങൾക്കുമുമ്പ് പിതാവിൽ നിന്നാണ്. മറ്റത് അവസാനനാളുകളിൽ അവിടുന്ന് സ്വർഗത്തിൽ നിന്നിറങ്ങിയപ്പോൾ വിശുദ്ധയും മഹനീയയും നിത്യകന്യകയുമായ ദൈവമാതാവിൽ നിന്നാണ് - ഇതംഗീകരിക്കാത്തവർ ശപിക്കപ്പെടട്ടെ.

*ഖണ്ഡനം:* തിരുലിഖിതങ്ങളുടെ അർത്ഥവും കാതോലികവും ശ്ലൈഹികവുമായ സഭ മുഴുവന്റെയും പാരമ്പര്യവും ഇപ്രകാരമാണ് എന്നു നാം പറയുന്നു: നമ്മുടെ ഒരേ കർത്താവേശുമിശിഹായ്ക്ക് രണ്ടു ജനനങ്ങൾ ഉണ്ടെന്ന് ആരെങ്കിലും അംഗീകരിക്കാതിരുന്നാൽ: തന്റെ ദൈവത്വത്തിൽ യുഗങ്ങൾക്കുമുമ്പ് അവിടുന്ന് പിതാവായ ദൈവത്തിൽനിന്നു ജനിച്ചു. തന്റെ മനുഷ്യത്വത്തിൽ പുരുഷസംസർഗം കൂടാതെ വിശുദ്ധ കന്യകയും ഭാഗ്യവതിയുമായ മറിയത്തിൽനിന്നു ജനിച്ചു. അവിടുന്ന് പരിശുദ്ധാത്മാവിനാൽ രൂപീകൃതനായി. അവന്റെ ഉത്ഭവത്തിന്റെ ആദ്യനിമിഷത്തിൽതന്നെ വചനമായ ദൈവം ഐക്യപ്പെട്ടു വസിച്ചു; അവനെ തന്നോടു കൂടെ ഏകപുത്രനാക്കിത്തീർത്തു. അവിടുന്ന് ഇരുസ്വഭാവങ്ങളിൽ ഏകദൈവപുത്രനാണ്. തന്റെ ദൈവത്വത്തിൽ കാലാതീതനായി അമ്മയെകൂടാതെ പിതാവിൽനിന്ന്; തന്റെ മനുഷ്യത്വത്തിൽ പിതാവിനെകൂടാതെ കാലത്തിലും ഐക്യപ്പെട്ടും അമ്മയിൽ നിന്ന്; മൽക്കീസദേക്കിന്റെ രഹസ്യം സംബന്ധിച്ച് തിരുലിഖിതങ്ങൾ വ്യക്തമായി കാണിക്കുന്നതു പോലെയാണിത്. ഇവ അംഗീകരിക്കാത്തവർ സത്യം പരിത്യജിക്കുന്നു.[2]

വീണ്ടും മറ്റൊരു രീതിയിൽ: വചനമാം ദൈവം സ്വാഭാവികമായും ക്നോമികമായും പിതാവിൽനിന്നു ജനിച്ചു; അതുപോലെ സ്വാഭാവികമായും ക്നോമികമായും മറിയത്തിൽനിന്നു ജനിച്ചെങ്കിൽ, ഇക്കാരണത്താൽ അവൾ ദൈവത്തെ പ്രസവിച്ചവൾ ആണെങ്കിൽ, ദൈവവും മറിയവും ഒരു സ്വഭാവമാണ്. അപ്പോൾ വചനമാം ദൈവവും മനുഷ്യത്വവും ഏകസ്വഭാവവും ഏക ക്നോമായുമാണ്. അതായത്, ഹാബേൽ ആദത്തിൽനിന്നും ഹവ്വായിൽനിന്നും ജനിച്ചതുപോലെ അവർ ഒരേ സ്വഭാവത്തിൽ ഭാഗഭാക്കുകളാണ്. അവർ തങ്ങളുടെ സ്വന്തം

www.malankaralibrary.com



ഛായയിലും സാദൃശ്യത്തിലും ക്നോമായിൽ നിന്നുള്ള ക്നോമായായി മനുഷ്യരുടെ സമസ്വഭാവമായി ജനിപ്പിച്ചു. ഇതാ, ദൈവദൂഷണം. ഇതിനു മാപ്പില്ല. ദുഷ്ടരായ ദൈവഘാതകരേ, ഇപ്രകാരമല്ല തിരുലിഖിതം പഠിപ്പിക്കുന്നതും ആത്മാവിൽ സംസാരിച്ച പിതാക്കന്മാർ ചൂണ്ടിക്കാട്ടുന്നതും. മറിച്ച് മിശിഹാ ഭാഗ്യവതിയായ മറിയത്തിൽ നിന്നു ജനിച്ചു എന്നാണ് അവർ പഠിപ്പിക്കുന്നതും പ്രബോധിപ്പിക്കുന്നതും: "യേശുമിശിഹായുടെ ജനനം ഇപ്രകാരം ആയിരുന്നു" (മത്താ. 1:18). മുകളിൽ കാണിച്ചതുപോലെ മിശിഹാ എന്ന നാമം ഏക പർസോപ്പായിൽ പുത്രൻെറ ദൈവത്വവും മനുഷ്യത്വവും സൂചിപ്പിക്കുന്നു. തൻെറ മനുഷ്യത്വത്തിൽ അവിടുന്ന് മറിയത്തിൽനിന്ന് ഐക്യപ്പെട്ട് ജനിച്ചു. എന്നാൽ അവിടുത്തെ ദൈവത്വത്തിലല്ല, അതു നിത്യത്വത്തിൽ പിതാവിൽ നിന്നാണ് ജനിച്ചത്. 'വചനം', 'കിരണം' എന്നീ ദൃഷ്ടാന്തങ്ങൾപോലെ ക്നോമിക്കലായി മുൻ പിൻ വ്യത്യാസം കൂടാതെയും മാറ്റം ഒന്നും കൂടാതെയുമാണത്. എന്നാൽ ഞാൻ പറഞ്ഞതുപോലെ തൻെറ മനുഷ്യസ്വഭാവത്തിൽ കന്യകാമറിയത്തിൽ നിന്നാണ്. തൻെറ ഉത്ഭവത്തിൻെറ ആരംഭം മുതൽ ദൈവവചനം അതിനെ എടുത്ത് ആലയത്തിലെന്നവണ്ണം ഐക്യപ്പെട്ടും, വേർപാടുകൂടാതെയും എന്നേക്കും അതിൽ വസിച്ചു. ഉദരത്തിൽ വച്ചുണ്ടായ ഈ അവാച്യമായ ഐക്യം നിമിത്തം ഭാഗ്യവതിയായ മറിയം മിശിഹായുടെ മാതാവ് എന്നു വിളിക്കപ്പെടുന്നു; എന്തുകൊണ്ടെന്നാൽ മിശിഹാ ദൈവവും മനുഷ്യനുമാണ്. അവളുടെ സ്വന്തപ്രകൃതിയിൽനിന്ന് അവൾ മനുഷ്യനെ പ്രസവിച്ചു. അവൻ തൻെറ രൂപീകരണത്തിൻെറ ആരംഭംമുതൽ വചനമാം ദൈവത്തോട് ഐക്യപ്പെട്ടിരുന്നു. *അവൾ ദൈവമാതാവാണ്.*[5] കാരണം, തൻെറ രൂപീകരണത്തിൻെറ ആരംഭംമുതൽ ഏക പർസോപ്പിക ഐക്യത്തിൽ വചനമാം ദൈവം അതിനെ എടുക്കുകയും ആലയത്തിലെന്നവണ്ണം അതിൽ വസിക്കുകയും ചെയ്തു. വചനമായ ദൈവത്തിൻെറ ഉത്ഭവം അവിടെയല്ല, കാരണം, ഇതാ, അവൻ താഴേക്കിറങ്ങിയെന്നും, മാംസമെടുത്തെന്നും മനുഷ്യനായെന്നും പറയപ്പെട്ടിരിക്കുന്നു. ജഡവും മനുഷ്യനും സ്വഭാവത്തിൽ ഒന്നാണ്; അവനിൽ അവതരിച്ച് മനുഷ്യനായവൻ മറ്റൊന്നാണ്. വസ്ത്രം ധരിക്കുന്നവനിൽനിന്ന് വസ്ത്രം വ്യത്യസ്തമാണല്ലോ. പടച്ചട്ട പട്ടാള ക്കാരനിൽനിന്നു വ്യത്യസ്തമാണല്ലോ. മറിയം കേവലം ഒരു മനുഷ്യനെ മാത്രം പ്രസവിച്ചു എന്നു പറഞ്ഞാൽ, സാമസോട്ടക്കാരൻ പൗലോസ് അഭക്തമായി പറഞ്ഞതുപോലെ അവൻ ഒരു സാധാരണ മനുഷ്യനാണെന്നു വരും. "സ്ത്രീകളിൽ അനുഗൃഹീത" എന്നു ഭാഗ്യവതിയായ മറിയം വിളിക്കപ്പെട്ടതും ബഹുമാനിക്കപ്പെട്ടതും ഇല്ലാതാകുകയാകും ഫലം! മറിച്ച് 'ദൈവത്തെ പ്രസവിച്ചവൾ' എന്നു മാത്രം അവൾ വിളിക്കപ്പെട്ടാൽ നമ്മുടെ രക്ഷ ഒരു മായാദർശനമോ, സ്വപ്നമോ ആയി മാറും. അഭക്തനായ മാനി ഇപ്രകാരമാണ് പറഞ്ഞത്. കനാലിലൂടെ വെള്ളം ഒഴുകുന്നതുപോലെ മാത്രമേ അവൾക്കു

www.malankaralibrary.com



സ്ഥാനമുള്ളു എന്നു ചിലർ അഭക്തമായി പറഞ്ഞതു പോലെയിരിക്കും. അവൻ അവളിലൂടെ കടന്നുപോയി എന്നതു മാത്രമാണ് അത്തരക്കാർക്കു മനുഷ്യാവതാരം. അവൻ അവളിൽനിന്ന് ഒന്നും എടുത്തില്ല. ഈ രണ്ട് കൂട്ടം പാഷണ്ഡികൾ നിമിത്തം ഭാഗ്യവതിയായ മറിയം *ദൈവമാതാവ്* എന്നും മനുഷ്യനെ പ്രസവിച്ചവൾ എന്നും വിളിക്കപ്പെടുന്നു. അവളുടെ സ്വഭാവത്തിൽ നിന്നായതിനാൽ മനുഷ്യനെ പ്രസവിച്ചവൾ; ഉദരത്തിൽ വച്ചുതന്നെയുള്ള ഐക്യത്താൽ, ദൈവമാതാവ്. എന്നാൽ വചനമാം ദൈവം അവളിൽ നിന്നല്ല ഉത്ഭവം സ്വീകരിച്ചത്. പിന്നെയോ, വചനമാം ദൈവം പർസോപ്പായുടെ ഐക്യത്തിൽ. അതായത്, എടുത്തവൻ എടുത്തതിനോടുകൂടി, ദൈവത്തിന്റെ രൂപം ദാസന്റെ രൂപത്തോടുകൂടി. ഫിലിപ്പിയലേഖനത്തിലെ സാക്ഷ്യത്തിൽ മുകളിൽ കാണിച്ചിരിക്കുന്നതു പോലെ അതേ മിശിഹാ. മിശിഹാഎന്ന പേര് ഏക പർസോപ്പായിൽപുത്രന്റെ ദൈവത്വവും മനുഷ്യത്വവും സൂചിപ്പിക്കുന്നു. "അവരിൽ നിന്ന് മിശിഹാ ജഡത്തിൽ കാണപ്പെട്ടു. അവൻ എല്ലാറ്റിന്മേലും ദൈവമാകുന്നു" (റോമാ. 9:5).

മറ്റൊരുദാഹരണംകൊണ്ട് ഇതു വിശദീകരിക്കാം; അത് ഒരു സ്വാഭാവികമായ ഐക്യമാണ്; മിശിഹായുടേതാകട്ടെ പർസോപ്പിക ഐക്യവും. സ്ത്രീ പ്രസവിക്കുമ്പോൾ ഒരു മനുഷ്യനെ പ്രസവിക്കുന്നു എന്നു നാം പറയുന്നു; മനുഷ്യാത്മാവിന്റെ ഉത്ഭവം സ്ത്രീയിൽ നിന്നല്ലെങ്കിലും ഉദരത്തിൽ ആത്മാവ് സൃഷ്ടിക്കപ്പെടുകയും ക്നോമിക രീതിയിൽ ജനിക്കുകയും ചെയ്യുന്നു. എന്നാൽ സ്ത്രീ, ശരീരത്തെയോ ആത്മാവിനെയോ മാത്രം പ്രസവിക്കുന്നു എന്നു പറയാറില്ല. പിന്നെയോ, മനുഷ്യനെ എന്നാണു പറയുക. അതുപോലെയാണ് ഇവിടെയും. കാരണം, നമ്മുടെ കർത്താവേശുമിശിഹായുടെ മനുഷ്യത്വത്തിന്റെ രൂപീകരണത്തിന്റെ ആരംഭത്തിൽ തന്നെയായിരുന്നു ഐക്യം. ഉദരത്തിൽവച്ചു തന്നെ അവൻ ദൈവത്തിന് ഐക്യപ്പെട്ട ആലയമായിരുന്നു. അതുകൊണ്ട് ഭാഗ്യവതിയായ കന്യക മിശിഹായുടെ മാതാവ് എന്നു വിളിക്കപ്പെടുന്നു. ആ നാമം ഏക പുത്രത്വത്തിൽ എന്നേക്കും ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും ഐക്യത്തിന്റെ പർസോപ്പായെ സൂചിപ്പിക്കുന്നു.[6] വചനമാം ദൈവം സ്വാഭാവികമായി നിത്യപിതാവിന്റെ നിത്യപുത്രനാണ്; കൃപയാലല്ല. പിതൃത്വവും പുറപ്പാടും ഒഴിച്ച്, പിതാവിനെപ്പോലെയും പരിശുദ്ധാത്മാവിനെപ്പോലെയും തനിക്കുള്ളവയെല്ലാം സ്വഭാവത്താലെയാണ്.

അവർക്ക് ഏകനിത്യതയും അനന്തതയും അദൃശ്യതയും പൂർണമായ ഹേതുത്വവുമാണ്. എല്ലാറ്റിലും പൂർണമായ ത്രിത്വത്തിന്റെ ഏകനിത്യസ്വഭാവത്തിന്റെ ഏക സമത്വത്തിൽ ഏക അധികാരവും ഏകശക്തിയും ഏക കർതൃത്വവും ഏകബഹുമാനവും ആണ്. അതുപോലെയുള്ള മറ്റു സംഗതികളും ഏകമാണ്. മാറ്റംകൂടാതെ അവിടുത്തെ സ്വന്തമാണവ. അവ സ്വാഭാവികമായും

www.malankaralibrary.com



നിത്യമായും അവിടുത്തേതാണ്. കൃപയാൽ സൃഷ്ടിക്കപ്പെട്ടവയും നിർമ്മിക്കപ്പെട്ടവയുമായ വസ്തുക്കൾക്ക് തന്റെ മനോഗുണത്താൽ അവയിൽ ചിലത് നൽകപ്പെട്ടിരിക്കുന്നു. എന്നാൽ നിത്യത്വം, അനന്തത, അപ്രാപ്യത തുടങ്ങിയവ സൃഷ്ടവസ്തുക്കൾക്ക് നൽകാനാവില്ല. ഇവ നൽകപ്പെടാവുന്നവയല്ല; അവ സ്വീകരിക്കാൻ നിർമ്മിക്കപ്പെട്ടവയ്ക്കു സാധിക്കുകയുമില്ല, ദൈവസ്വഭാവത്തിനു ചേരുന്ന പദാർത്ഥരഹിത കാര്യങ്ങളാണവ. ആ ദിവ്യസ്വഭാവമാകട്ടെ നിത്യവും അതിന്റെ സ്വഭാവത്തിൽ ഉന്നതവും അതുല്യവും സൃഷ്ടികൾക്കെല്ലാം ഉപരിസ്ഥവും ആണ്. നിത്യമായി തന്റെ സത്തയിൽ സ്ഥിതിചെയ്യുന്ന ദൈവികമായ ഐക്യത്തെപ്പറ്റി ഇവ നമുക്ക് വെളിപ്പെടുത്തിത്തരുന്നു. അത് എന്നേക്കും നിലനില്ക്കുന്നു. സൃഷ്ടവസ്തുക്കളാകട്ടെ സൃഷ്ടവസ്തുക്കൾക്കു ചേരുന്ന പരിമിതിയെയും, കാലികതയെയും ഗ്രാഹ്യതയെയും താല്ക്കാലികതയെയും ആവശ്യകതയെയും കൃത്യമായും വ്യക്തമാക്കിത്തരുന്നു. അവ കൃപയാലാണ് അസ്തിത്വത്തിലെത്തിയത്; തങ്ങളുടെ സ്രഷ്ടാവിൽനിന്ന് എല്ലാറ്റിന്റെയും ഹേതു എന്ന നിലയിൽ തങ്ങൾക്കുള്ളതെല്ലാം കൃപയാൽ അവയ്ക്കു ലഭിച്ചതാണ്.

എന്നാൽ വചനമാംദൈവം പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും തിരുവിഷ്ടത്താൽ തന്റെ വെളിപാടിനായി കന്യകമറിയത്തിൽനിന്നും ദാവീദിന്റെ വംശത്തിൽനിന്നും സമ്പൂർണ മനുഷ്യനെ എടുത്തു. ഇക്കാര്യം മുകളിൽ വിവരിച്ചിട്ടുണ്ടല്ലോ. തന്റെ വ്യാപാരത്തിന്റെ പർസോപ്പായ്ക്കുവേണ്ടി രൂപീകരണത്തിന്റെ ആരംഭത്തിൽതന്നെ ഐക്യവും സംഭവിച്ചു. ഏക സംയോജനത്തിലും അവാച്യമായ ഐക്യത്തിലും ഒരാലയത്തിലെന്നവണ്ണം അവിടുന്ന് അവനിൽ വസിച്ചു. പങ്കിടുവാൻ കഴിയുന്നതെല്ലാം അതുമായി പങ്കിടുകയും അതിനു നൽകുകയും ചെയ്തു. പുത്രത്വത്തിന്റെ ബഹുമാനത്തിലും കർതൃത്വത്തിലും ശക്തിയിലും അധികാരത്തിലും അവ ദാതാവിനോടൊത്ത് നിലനിന്നു. അവിടുന്ന് അതിന് അമർത്യതയും വ്യതിയാനരാഹിത്യവും പരിപൂർണ ജ്ഞാനവും നൽകി: “എല്ലാ വിജ്ഞാനത്തിന്റെയും അറിവിന്റെയും നിക്ഷേപം അവനിൽ മറഞ്ഞിരിക്കുന്നു. എല്ലാം അവന് കീഴ്പ്പെടുത്തിയുമിരിക്കുന്നു”(കൊളോ. 2:3; എബ്രാ. 2:8). ഇവ ദൈവത്വത്തിന് ചേരുന്നവയാണ്. എന്നാൽ അവയൊക്കെ പരസ്പരം കൈമാറിയിരിക്കുന്നു. എന്നാൽ എടുക്കപ്പെട്ട ദാസന്റെ രൂപത്തിന് അതായത് ഐക്യപ്പെട്ട മനുഷ്യന് സ്വാഭാവികമായിട്ടുള്ളവയല്ല, നമ്മുടെ കർത്താവിന് പർസോപ്പിക്കലാണ് എന്നു നാം പറയുന്നു; രണ്ടാമതായി ദാനംവഴി, ഭാഗഭാഗിത്വംവഴി, ഐക്യപ്പെട്ട് അവന്റേതാണ്. അവന്റെ ജനനിയോട് പറയപ്പെട്ടിരിക്കുന്നതുപോലെ ബഹുമാനത്തിലും നാമത്തിലും അവൻ അവനോടുകൂടി ഒന്നായിത്തീരാനാണിത്: “അവൻ അത്യുന്നതന്റെ പുത്രൻ എന്നു വിളി

www.malankaralibrary.com



ക്കപ്പെടും"(ലൂക്കാ 1:35). "എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം അവിടുന്ന് അവനു നൽകി"(ഫിലി. 2:9). തന്റെ ഉത്ഥാനത്തിനുശേഷം തന്റെ മനുഷ്യത്വത്തിന്റെ പേരിൽ അവിടുന്നു പറഞ്ഞതുപോലെ, "ആകാശത്തിലും ഭൂമിയിലും എല്ലാ അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു"(മത്താ. 28:18). അതുപോലെ ഭാഗ്യവാനായ പത്രോസ് പറഞ്ഞു:"നിങ്ങൾ ക്രൂശിൽ തറച്ചയേശുവിനെ ദൈവം കർത്താവും മിശിഹായും ആക്കി"(നട. 2:36). ഭാഗ്യവാനായ പൗലോസ് എഫേസ്യരോട് പറഞ്ഞു: 'ക്രിസ്തുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗത്തിൽ അവിടുത്തെ വലത്തുഭാഗത്ത് ഇരുത്തുകയും ചെയ്തപ്പോൾ അവനിൽ പ്രവർത്തിച്ചത് ഈ ശക്തിയാണ്. അങ്ങനെ ഈ യുഗത്തിലും വരാനിരിക്കുന്ന യുഗത്തിലും എല്ലാ ആധിപത്യങ്ങൾക്കും അധികാരങ്ങൾക്കും ശക്തികൾക്കും പ്രഭുത്വങ്ങൾക്കും അറിയപ്പെടുന്ന എല്ലാ നാമങ്ങൾക്കും ഉപരി അവനെ ഉപവിഷ്ടനാക്കി. അവിടുന്ന് എല്ലാറ്റിനെയും അവിടുത്തെ പാദങ്ങൾക്കു കീഴിലാക്കുകയും എല്ലാറ്റിനും മുകളിൽ അവനെ സഭയ്ക്കു തലവനായി നിയമിക്കുകയും ചെയ്തു. എല്ലാ വസ്തുക്കളിലും സകലവും പൂർത്തിയാക്കുന്ന അവന്റെ പൂർണതയുമാണ്' (1:20-23).

അതുകൊണ്ട് ഈ ഉന്നതവും മഹനീയവും അത്ഭുതാവഹവുമായ കാര്യങ്ങൾ നമ്മുടെ കർത്താവേശുമിശിഹായുടെ മനുഷ്യന് ഞാൻ പറഞ്ഞതുപോലെ സ്വാഭാവികമായിട്ടുള്ളവയല്ല. ക്രിസ്ത്യാനികളുടെ ഇടയിൽ ജീവന്റെ പുളിപ്പും ആത്മീയ വിവേചനവും ഉണ്ടായിരിക്കയും ചെറുതായിട്ടാണെങ്കിലും മുട്ടുകയും തുറന്നുകിട്ടുകയും ചെയ്യുകയും തിരുലിഖിതങ്ങൾ പഠിക്കുകയും ചെയ്തവർ ഈ പറഞ്ഞവ സത്യമാണ് എന്ന് അംഗീകരിക്കാതിരിക്കുമോ? ഹൃദയാന്ധത ഉള്ളവർ മാത്രമായിരിക്കും അവ അംഗീകരിക്കാതിരിക്കുക. അവർ തെറ്റിന്റെ ദുരാത്മാക്കളുടെ ഉപകരണവുമായിരിക്കും. ഇത്തരം കാര്യങ്ങൾ നമ്മുടെ കർത്താവായ മിശിഹാ സ്വീകരിച്ചത് തന്റെ ദൈവത്വത്തിലല്ല; തന്റെ ദൈവത്വത്തിന്റെ ക്നോമായെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്,"എന്റെ പിതാവിനുള്ളതെല്ലാം എനിക്കുള്ളതാകുന്നു"(യോഹ. 16:15). "ഞാൻ എന്റെ പിതാവിലും എന്റെ പിതാവ് എന്നിലുമാകുന്നു"(14:11). മുന്നോടി വിളിച്ചു പറഞ്ഞു: "എല്ലാം അവനിലൂടെ ഉണ്ടായി; അവനെ കൂടാതെ ഒന്നും ഉണ്ടായിട്ടില്ല". അവൻ പ്രകാശത്തിൽനിന്നുള്ള പ്രകാശവും, നിത്യനിൽനിന്നുള്ള നിത്യനും, സർവജ്ഞനിൽ നിന്നുള്ള സർവജ്ഞനും എല്ലാ സൃഷ്ടികളുടെയും ഹേതുവും ആകുന്നു. എന്നാൽ ഈ ഉന്നതദാനങ്ങൾ-അധികാരം, ബഹുമാനം, ആരാധന എന്നിവ - നമ്മുടെ കർത്താവിന്റെ മനുഷ്യനു വചനമായ ദൈവത്തോടുള്ള ഐക്യത്തിലും ഭാഗഭാഗിത്വത്തിലും ആണ് ലഭിക്കുക. അവിടുന്ന് അതിനെ ഉയർത്തി തന്റെ പർസോപ്പായിലേക്ക് എടുത്തു. അവൻ ക്നോമികമായി മനുഷ്യനല്ലാ

www.malankaralibrary.com



തിരുന്നപ്പോൾ അതിനെ രൂപീകരിച്ച് നിർമ്മിച്ചതുപോലെ അതിൻേറതല്ലാത്ത ഈ ഉന്നതസംഗതികൾ അവിടുന്ന് അതിനു നൽകി. തൻെറ സ്വഭാവമൊഴിച്ച് എല്ലാറ്റിലും അവിടുന്ന് ഐക്യപ്പെടുന്നതിനു ഭാഗഭാഗിത്വം നൽകി. എഴുതപ്പെട്ടി രിക്കുന്നതുപോലെ, "പിതാവ് പുത്രനെ സ്നേഹിക്കുകയും എല്ലാം അവൻെറ കൈകളിൽ ഭരമേല്പിക്കുകയും ചെയ്തിരിക്കുന്നു" (യോഹ. 3:35). അവിടുന്ന് തൻെറ സ്വന്തം സ്വഭാവത്തിനു നൽകുന്ന കാര്യമല്ല വിവക്ഷ. തൻെറ മനുഷ്യത്വത്തിൻെറ നാമത്തിലാണ് അവിടുന്ന് നൽകുക; ദൈവത്വത്തിൻെറ നാമത്തിലല്ല. കാരണം പിതാവിനുള്ളവയെല്ലാം തൻേറതാണെന്നും തൻേറ തെല്ലാം പിതാവിൻേറതാണെന്നും അവിടുന്നു പറയുന്നു. അങ്ങനെ തുല്യത ഏറ്റുപറയുന്നു. ഇവയെല്ലാം പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ നിത്യമായി തൻെറ ദൈവത്വത്തിനുള്ളതാകുന്നു.

നമ്മുടെ കർത്താവിൻെറ മനുഷ്യൻ കൃപയാലോ മറ്റു മനുഷ്യരെപ്പോലെ ദത്തെടുക്കലാലോ, മറ്റെന്തെങ്കിലും സാധാരണ ബന്ധത്താലോ ആണ് പുത്രൻ എന്ന് സത്യവിശ്വാസികളായ ആളുകൾ പറയുകയില്ല. എന്നാൽ, എഴുതപ്പെട്ടി രിക്കുന്നതുപോലെ, അമർത്യത നിമിത്തം അവൻ അനേകം സഹോദരന്മാരിൽ ആദ്യജാതനായിത്തീർന്നു. മിശിഹായുടെ ശക്തിയാൽ ഇതു തെളിയിക്കാൻ നാം തയ്യാറാണ്. എന്തുകൊണ്ടെന്നാൽ നമ്മുടെ കർത്താവിൻെറ മനുഷ്യത്വം കൃപയാലാണ് പുത്രൻ എന്നു വിളിക്കപ്പെട്ടതെങ്കിൽ സ്വാഭാവികപുത്രൻ, കൃപ യാൽ ഉള്ള പുത്രൻ എന്നിങ്ങനെ രണ്ടു പുത്രന്മാർ ഉണ്ടായിരുന്നല്ലോ. എന്നാൽ അവിടുത്തെ മനുഷ്യൻ പുത്രനുമായുള്ള ഐക്യത്താൽ ഏകപുത്രനാണ്; അതു കൊണ്ടാണ് മനുഷ്യത്വത്തിൻെറ പേരിൽ ഇപ്രകാരം പറയപ്പെട്ടത്: "തൻെറ ഏകജാതനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേ ഹിച്ചു"(യോഹ. 3:16). കൃപയാലും പർസോപ്പിക്കലായും ഭാഗഭാഗിത്വംവഴിയും ഐക്യപ്പെട്ടും അത് വചനമാം ദൈവത്തോടു കൂടെയായിരുന്നു. അവിടുന്ന് അതിനെ ഉയർത്തി തൻെറ പർസോപ്പായിലേക്ക് എടുത്തു. തന്നോടുകൂടി അത്യുന്നതൻെറ ഏകപുത്രനാക്കിത്തീർത്തു. അത് സ്വഭാവത്താലേ പുത്രനല്ല, അത്യുന്നതൻെറ ഏകജാതനുമല്ല. അതുകൊണ്ടാണ് അവൻ അതിനെ തൻെറ പർസോപ്പായിലേക്ക് എടുത്തു എന്ന് പറഞ്ഞത്. തൻെറ നിഗൂഢതയുടെ ഐക്യ പ്പെട്ട പ്രതിച്ഛായ ആണ് അത്. രണ്ടു സ്വഭാവങ്ങളിൽ പുത്രൻ ഏകനാണ്; ഒന്നു സ്വഭാവത്താലെയും മറ്റത് ഐക്യപ്പെട്ടും. സ്വഭാവത്താലെയും കൃപയാ ലെയും എന്നു രണ്ടു വ്യത്യസ്ത വസ്തുക്കളോ രണ്ടു സഹോദരന്മാരോ, ഉണ്ടാ കാതിരിക്കാൻ ആണിത്. ബലിപീഠത്തിലെ ശരീരം നിഗൂഢമായി സ്വർഗത്തി ലുള്ളതുമായി രണ്ടു ശരീരമല്ലാതെ ശക്തിയാലും വിശുദ്ധിയാലും പേരുകളാലും ഏകശരീരമായിരിക്കുന്നതു പോലെയാണിത്. അവ ഒരുതരത്തിൽ അകലെ

www.malankaralibrary.com



യാണെന്ന് വേണമെങ്കിൽ പറയാം; എന്നാൽ ഇവിടെയാകട്ടെ വാസത്താലും ഐക്യത്താലും എന്നേക്കും ഏകപുത്രൻ.[2]

വചനമാംദൈവം തൻെറ സ്വന്തം ഇഷ്ടത്താൽ എല്ലാവരുടെയും നവീകരണത്തിനായി തൻെറ വ്യാപാരത്തിൻെറ പർസോപ്പായിലേക്ക് ഉദരത്തിൽ വച്ചുതന്നെ മനുഷ്യത്വത്തെ എടുത്തു; പിന്നീട് നമ്മുടെ കർത്താവിൻെറ മനുഷ്യൻ പൂർണവളർച്ച എത്തിയപ്പോൾ പ്രകൃത്യനുസൃതമായ വളർച്ച പൂർത്തിയായപ്പോൾ, ദൈവേഷ്ടമായി അതിനെ കൂട്ടിചേർത്തു. അതു വിവേകപൂർവം ബൗദ്ധികവുമായിരുന്നു. നിർബന്ധത്താലെയോ ശക്തിപ്രയോഗിച്ചോ, സ്വാഭാവികമായോ, ലക്ഷ്യബോധമില്ലാതെയോ അല്ല. ഉദരത്തിൽ വച്ചുതന്നെ ഐക്യം സംഭവിച്ചു എങ്കിലും "ശിശു നന്മയും തിന്മയും തിരിച്ചറിഞ്ഞിരുന്നില്ല". അവൻ തിന്മ തള്ളിക്കളയാനും നന്മ തെരഞ്ഞെടുക്കാനും അറിഞ്ഞിരുന്നു(ഏശാ. 7:16). മരണംവരെ അവൻ എല്ലാ അനുസരണയും പൂർത്തിയാക്കി. കാരണം തന്നിലുള്ള ദൈവവുമായി അവൻെറ ഇച്ഛ യോജിച്ചിരുന്നു. ഉദരത്തിൽവച്ചുതന്നെ ദൈവവുമായി അവൻ വ്യക്തിപരമായി ഐക്യപ്പെട്ടിരുന്നു. അതുകൊണ്ട് അവനിലുള്ള ദൈവം ഉദരത്തിൽ വച്ചുതന്നെ സംഭവിച്ച നിഗൂഢമായ ഐക്യത്താലും പ്രവർത്തനത്താലും അവനെ വളരെയധികം ഉയർത്തി. ദൈവത്വത്തിൻെറ ഏക ആരാധനയ്ക്കായി എല്ലാ മുട്ടുകളും മടങ്ങുവാനായിരുന്നു അത്. അത് ബാഹ്യമായ കാഴ്ചപ്പാടിനെ ആശ്രയിച്ചല്ല, സ്വാഭാവികമായി ഈ ബഹുമാനത്താൽ അവൻ ബഹുമാനിക്കപ്പെടുകയോ ഐക്യപ്പെട്ട് ആരാധിക്കപ്പെടുകയോ, ദൈവത്വത്തിൻെറ ക്രമത്തിലായിരിക്കുകയോ ദൈവം തൻെറ ആലയത്തിൽ വർഷിക്കപ്പെടുകയോ തന്നിൽ വസിച്ചവൻ നിമിത്തം എന്നേക്കും ആലയം ആരാധിക്കപ്പെടുകയോ ചെയ്യേണ്ടതില്ല.[2]

സ്വഭാവങ്ങൾ ഏക പർസോപ്പായിൽ ഐക്യപ്പെട്ടിരിക്കുന്നതുപോലെ ഏക പർസോപ്പിക നാമത്തിൽ പേരുകളും ഐക്യപ്പെട്ടിരിക്കുന്നു. ഏക പർസോപ്പായിൽ അവ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. ഇതിൽ ജസ്റ്റീനിയൻ നമ്മുടെ കർത്താവിനെയും ശ്ലീഹന്മാരെയും അവരുടെ കാലടികൾ പിന്തുടർന്ന പിതാക്കന്മാരെയും ശപിക്കുന്നു. നാമിത് മുകളിൽ തെളിയിച്ചിട്ടുള്ളതാണ്. "സ്വർഗത്തിലുള്ള മനുഷ്യപുത്രൻ"; "മനുഷ്യപുത്രൻ മുമ്പ് ഇരുന്നിടത്തേക്ക് കയറുന്നതു നിങ്ങൾ കാണുമ്പോൾ"(യോഹ. 3:13; 4:63). ഇതാ, അവൻ ഇതു പറഞ്ഞപ്പോൾ മനുഷ്യപുത്രൻ സ്വർഗത്തിൽ അല്ലായിരുന്നു; അവൻ അവിടെ നിന്ന് ഇറങ്ങിയുമില്ല. കാരണം അവൻ കന്യകയിൽ നിന്ന് എടുക്കപ്പെട്ടവനാണല്ലോ. എന്നാൽ ഇത് ഐക്യത്തെക്കുറിക്കുന്ന നാമമാണ്. അതുപോലെ, "ഞാൻ സ്വർഗത്തിൽ നിന്നിറങ്ങിയ അപ്പമാകുന്നു"; ഞാൻ നൽകുന്ന അപ്പം

www.malankaralibrary.com



ലോകത്തിൻെറ ജീവനുവേണ്ടി മുറിക്കപ്പെടുന്ന തൻെറ ശരീരമാകുന്നു" (6: 51-52). ഇതാ, ശരീരം സ്വർഗത്തിൽ നിന്ന് ഇറങ്ങിയില്ലല്ലോ. തൻെറ ദൈവത്വത്തിൻെറ നാമങ്ങൾ ഐക്യംവഴിയും എടുക്കൽവഴിയും മനുഷ്യത്വത്തിൻേറതുമാണ്: "അവർ ഇതറിഞ്ഞിരുന്നെങ്കിൽ മഹത്ത്വത്തിൻെറ കർത്താവിനെ ക്രൂശിക്കയില്ലായിരുന്നു"(1കൊറി. 2:8). "തൻെറ ഏകജാതനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു"(യോഹ. 3:16).

ഇതാ, തൻെറ ദൈവത്വത്തിൻെറ പ്രകൃതിയിലല്ല അവിടുന്ന് മരണം ആസ്വദിച്ചത്; പിന്നെയോ, തൻെറ ആലയത്തിലാണ്, അത് തകർക്കപ്പെട്ടു. എന്നാൽ അവിടുന്ന് അതിനെ ഉയിർപ്പിച്ചു. അതുപോലെ മറ്റ് പല സംഗതികളും.[2] സ്വാഭാവികവും *ക്നോമികവുമായ പർസോപ്പാ* എന്ന് പിതാക്കന്മാർ പറഞ്ഞത് പർസോപ്പായെ ഏക ക്നോമാ എന്നു വിളിച്ചതിനാലല്ല, പിന്നെയോ നമ്മുടെ കർത്താവേശുമിശിഹായുടെ ഈ ഏക പർസോപ്പായിൽ ദൈവത്വ ത്തിൻെറയും മനുഷ്യത്വത്തിൻെറയുമായ രണ്ടു ക്നോമാകൾ അംഗീകരിച്ചതിനാലത്രേ. എന്നാൽ അകന്നല്ല. പിന്നെയോ, ഏക ഐക്യത്തിൽ അനന്തമായ ക്നോമാ. ആത്മാവ് വസിക്കുന്നതിനാൽ ശരീരത്തെ ജീവനുള്ളതെന്നും പരിശുദ്ധാത്മാവിൻെറ വാസസ്ഥലമാകയാൽ "ആത്മീയമെന്നും" വിളിക്കുന്നതുപോലെയാണ് മിശിഹായുടെ ഈ ഏകപർസോപ്പായിലും. രണ്ടു സ്വഭാവങ്ങളും അവയുടെ അനന്തസ്വഭാവവും പരിമിത സ്വഭാവവും തമ്മിൽ സംയുക്തവും ക്നോമികവുമായ ഐക്യം അസാധ്യമാണ്; എന്നാൽ ഈ ഐക്യം സ്വേച്ഛ യായും പർസോപ്പിക്കലുമാണ്. സ്വഭാവങ്ങൾ ഒരു സ്വഭാവത്തിലും ഒരു ക്നോമായിലും അല്ല. പിന്നെയോ സ്വഭാവങ്ങളുടെയും ക്നോമാകളുടെയും കൂട്ടിക്കുഴച്ചിലോ, വേർപെടലോ കൂടാതെയും അകലത്തിലല്ലാതെയും ഏക പർസോപ്പായിൽ സ്വഭാവങ്ങളുടെയും ക്നോമാകളുടെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നു; അനന്തത, പരിമിതിയിൽ; ദൈവത്തിൻെറ രൂപം ദാസൻെറ രൂപത്തിൽ; വസിക്കുന്നവൻ തൻെറ ആലയത്തിൽ; ദൈവപുത്രനായ ഏക കർത്താവേശുമിശിഹാ. ക്നോമാകളിൽ കൂട്ടിക്കുഴച്ചിൽ കൂടാതെ സ്ഥിതിചെയ്യുന്നു; അതംഗീകരിക്കപ്പെടുകയും ചെയ്യുന്നു. - ദൈവം തൻെറ ആലയത്തിൽ: അതിൽ താൻ വെളിപ്പെടാനായി അതിനെ തൻെറ സ്വന്തം പർസോപ്പായിലേക്ക് എടുത്തു. അതുപോലെ വചനമായ ദൈവം ഐക്യപ്പെട്ട് മനുഷ്യനിൽ വസിക്കുന്നു. എന്നേക്കും ഏക അധികാരത്തിലും ശക്തിയിലും കർതൃത്വത്തിലും ബഹുമാനത്തിലും ദൈവത്വത്തിൻെറ കാര്യങ്ങൾ അതിൽ വെളിപ്പെടുത്തുന്നു.

"മുൾപ്പടർപ്പിലെ അഗ്നി, അഗ്നിയിലെ മുൾപ്പടർപ്പ്" എന്ന ഉദാഹരണം പിതാക്കന്മാർ നൽകിയതുപോലെ സാധാരണക്കാരുടെ ബോധ്യത്തിനായി പ്രകൃ

www.malankaralibrary.com



തിയിൽനിന്നുള്ള ഒരു തെളിവ് അവതരിപ്പിക്കട്ടെ. സൂര്യനെ കണ്ണാടിക്കകത്ത് കാണാമല്ലോ. ഏകപ്രകാശത്തിലൂടെയും ചൂടിലൂടെയും അതിൻെറ പ്രവർത്തനങ്ങളെല്ലാം അതിൽ ദർശിക്കാം. എന്നാൽ കണ്ണാടിക്കകത്ത് സൂര്യൻ പരിമിതനാകുന്നില്ല. എന്നാൽ സൂര്യനെപ്പോലെ കണ്ണാടിക്കകത്ത് സൂര്യബിംബം വ്യാപിക്കുന്നുമില്ല. സൂര്യൻെറയും കണ്ണാടിയുടെയും സവിശേഷതകൾ ഐക്യപ്പെട്ട ഏക പർസോപ്പായിൽ സംരക്ഷിക്കപ്പെടുന്നു. ദൈവത്തിൻെറ സ്വതന്ത്രവും അവാച്യവും പർസോപ്പിക്കലുമായ ഐക്യത്തിൻെറ വ്യാപാരത്തെ സംബന്ധിച്ച് നാം ഇപ്രകാരമാണ് ചിന്തിക്കേണ്ടത്. -അനന്തനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും പിതാവിൻെറ ക്നോമായുടെ ബഹിർസ്പുരണവും ഛായയും പരിശുദ്ധാത്മാവുമായി സമസത്തയുമായ പുത്രൻ-ഏക ഐക്യത്തിലും ഏകവാസത്തിലും ഏക അധികാരത്തിലും ഏക കർതൃത്വത്തിലും തൻെറ സ്വന്തം മനുഷ്യത്വത്തിൽ ഐക്യപ്പെട്ട് വസിക്കുകയും വാസമുറപ്പിക്കുകയും ചെയ്യുന്നു. എന്നേക്കും ദൈവപുത്രനായ മിശിഹായുടെ ഐക്യപ്പെട്ട ഏക പർസോപ്പായുടെ ഏക ഐക്യത്തിലാണിത്.[2]

വചനമായ ദൈവം തൻെറ മനുഷ്യത്വത്തിൽ ഐക്യപ്പെട്ട് വസിക്കുന്നു എന്നത് താഴെപ്പറയുന്നവയിൽനിന്നു വ്യക്തമാണ്. അവൻ കുഷ്ഠരോഗികളെ ശുദ്ധരാക്കി, പിശാചുക്കളെ ബഹിഷ്കരിച്ചു, രോഗികളെ സൗഖ്യമാക്കി, അന്ധർക്കു കാഴ്ച നൽകി, കണ്ണില്ലാത്തവന് കാഴ്ച കൊടുത്തു, വെള്ളത്തെ വീഞ്ഞാക്കി, അപ്പവും വീഞ്ഞും വർദ്ധിപ്പിച്ചു, അപ്പവും മീനും ഉണ്ടാക്കി, മരിച്ചവരെ ഉയിർപ്പിച്ചു, ഇതുപോലെയുള്ള മറ്റു സംഗതികളും ചെയ്തു. അവിടുത്തെ തന്നെ വാക്കുകളിൽനിന്ന് പുത്രൻ സത്തയിൽ പിതാവിന് സമനാണെന്ന് വ്യക്തമാകുന്നു. അവ കള്ളമല്ല, പരമാർത്ഥമാണ്. അവിടുന്നു പറഞ്ഞു: "ഞാനും എൻെറ പിതാവും ഒന്നാകുന്നു"(യോഹ. 10:30). "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു"(14:9). "എൻെറ പിതാവ് എന്നിലും ഞാൻ എൻെറ പിതാവിലും ആകുന്നു"(10:8). "എൻെറ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു, ഞാനും പ്രവർത്തിക്കുന്നു"(5:17). ലോകസ്ഥാപനത്തിനുമുമ്പ് നിങ്ങളെ എനിക്കായി ഞാൻ തെരഞ്ഞെടുത്തിരിക്കുന്നു"(എഫേ. 1:4). അബ്രഹാമിനു മുമ്പ് ഞാനുണ്ട്"(യോഹ. 8:58). "അവൻ ലോകത്തിലായിരുന്നു, ലോകം അവൻ വഴി ഉണ്ടാക്കപ്പെട്ടു"(1:10). അവൻ അവൻെറ സത്തയുടെ പ്രതിരൂപവും മഹത്വത്തിൻെറ ശോഭയും ആകുന്നു, അവൻ വഴി അവൻ ലോകങ്ങളെ നിർമ്മിച്ചു (എബ്രാ. 1:3). "ആദിയിൽ വചനം ഉണ്ടായിരുന്നു"(യോഹ. 1:1). ഞാനോ, ഇതാ ലോകാവസാനംവരെ എല്ലാനാളുകളും നിങ്ങളോടുകൂടെയുണ്ട്"(മത്താ. 28:20).

ഐക്യപ്പെട്ട മനുഷ്യത്വത്തെപ്പറ്റി: അവൻ അബ്രഹാമിൻെറയും ദാവീദിൻെറയും വംശാവലിയിൽ നിന്നാകുന്നു; കന്യകയിൽനിന്ന് എടുക്കപ്പെട്ടു; പരി

www.malankaralibrary.com



ശുദ്ധാത്മാവിനാൽ രൂപീകൃതനായി; അവൻ പടിപടിയായി പരിപൂർണനാക്കപ്പെട്ടു; അവൻ ജനിച്ചവനാണ്; വചനമാം ദൈവം അവനെ ധരിച്ചുകൊണ്ട് കന്യാത്വവാതിലിലൂടെ പുറത്തുവന്നു. അവൻ കൃപയിലും ജ്ഞാനത്തിലും പ്രായത്തിലും വളർന്നുവന്നു. ത്രിത്വത്തിൻെറ ശക്തി ഏകമാണെന്ന് കാണിക്കാൻ പരിശുദ്ധാത്മാവിനാൽ ബലപ്പെടുത്തപ്പെട്ടു; അവൻ ആത്മാവിൽ നീതീകരിക്കപ്പെട്ടു; അവനു വിശന്നു, ദാഹിച്ചു, അവൻ ക്ഷീണിതനായി, അവൻ ഉറങ്ങി; അവനെ എതിരാളി പരീക്ഷിച്ചു, എന്നാൽ തന്നിലുള്ള ദൈവത്വത്തിൻെറ ശക്തിയാൽ അവനെ പരാജിതനാക്കി; അവൻ പീഡയനുഭവിച്ചു, അവൻെറ കന്നത്ത് അടികൊണ്ടു, അവനെ പ്രഹരിച്ചു. അവർ അവനെ കുരിശിന്മേൽ ഉയർത്തി, അവൻെറ ശരീരം ആണികളിൽ തൂങ്ങിനിന്നു. അവൻ മരിച്ചു; അവൻ തൻെറ ആത്മാവിനെ വിട്ടു. അവൻെറ പാർശ്വം കുന്തത്താൽ തുളയ്ക്കപ്പെട്ടു, അതിൽ നിന്ന് മഹാരഹസ്യാത്മകമായി രക്തവും വെള്ളവും ഒഴുക്കി. അവർ അവനെ കുരിശിൽ നിന്നിറക്കി, തുണിയിൽ പൊതിഞ്ഞ് കല്ലറയിൽ വച്ചു; അവൻ അതിൽ മൂന്നുദിവസം ആയിരുന്നു; തന്നിലുള്ള ദൈവത്വം അവനെ ഉയിർപ്പിച്ചു.

അവിടുത്തേക്ക് ആത്മാവ് ഉണ്ടായിരുന്നെന്നും സ്വേച്ഛയാ തനിക്കിഷ്ടമുള്ള രീതിയിൽ അത് പ്രവർത്തിച്ചിരുന്നെന്നും അവിടുന്ന് ഒരു പൂർണമനുഷ്യൻ ആയിരുന്നെന്നും ഇവയിൽനിന്നെല്ലാം സുവ്യക്തമാണ്: "അവൻ നന്മതിന്മകൾ തിരിച്ചറിയുന്നതിനുമുമ്പ് അവൻ തിന്മയെ ദ്വേഷിക്കുകയും നന്മ തിരഞ്ഞെടുക്കുകയും ചെയ്തു"(ഏശ. 7:15-16). അവൻ പ്രായത്തിൽ വളർന്നു, ജ്ഞാനത്തിൽ പരിപൂർണനായി"(ലൂക്കാ 2:52). അവൻ നീതീകരിക്കപ്പെട്ടു, (1തിമോ. 3:16). കാരണം, അവനെ ബലപ്പെടുത്തിയ ശക്തിയോടുകൂടെ ആയിരുന്നു അവൻെറ ഇച്ഛ. അവൻ ആകുലനായി, ദുഃഖിതനായി, ക്രൂശാരോഹണാവസരം ഭയവിഹ്വലനായി, കാരണം, ബൗദ്ധികാത്മാവ് ശരീരവേദന തിരിച്ചറിഞ്ഞു; എന്നാൽ പ്രത്യാശയാൽ അതിൻെറ ചിന്തയിൽ അത് ബലപ്പെടുത്തപ്പെട്ടു. പറയപ്പെട്ടിരിക്കുന്നതുപോലെ, "ആത്മാവ് ഒരുക്കമുള്ളത്, ജഡമോ, ബലഹീനം"(മത്താ. 14:38). അവൻ മരണംവരെ അനുസരണം ഉള്ളവനായിരുന്നു (ഫിലി. 2:8). ഇവയും ഇതുപോലുള്ളവയും സുപ്രസിദ്ധമാണല്ലോ. ആത്മാവിൻെറയും ശരീരത്തിൻെറയും സവിശേഷതകൾ കൂട്ടിക്കുഴച്ചിൽ കൂടാതെ ഐക്യത്തിൽ സംരക്ഷിക്കപ്പെട്ടിരുന്നു.

എഴുതപ്പെട്ടിരിക്കുന്നതുപോലെ ഉത്ഥാനാനന്തരം, "അവൻെറ ആത്മാവിനെ പാതാളത്തിൽ ഉപേക്ഷിച്ചില്ല, അവൻെറ ശരീരം ജീർണത ദർശിച്ചില്ല" (നട. 2:31). തൻെറ ഉത്ഥാനത്തിൽ തൻെറ ശിഷ്യരെ അവൻ ഉറപ്പിച്ചു. അവൻ അവരെ സ്പർശിച്ചു, അവൻ അവരോടൊപ്പം ഭക്ഷിച്ചു, തൻെറ ബൗദ്ധികാത്മാവുകൊണ്ട് അവരുമായി സംഭാഷണം നടത്തി, അവർ നോക്കിനിൽക്കെ അവ

www.malankaralibrary.com



രുടെ സാന്നിധ്യത്തിൽ ആരോഹണം ചെയ്തു. അവൻ അവരുടെ കണ്ണുകളിൽ നിന്നു മറഞ്ഞുപോയി. അവൻ പോയതായി കണ്ടതുപോലെ തൻെറ ശരീരത്തിൽ അവൻ വരാനിരിക്കുന്നു. തൻെറ ശിഷ്യർക്ക് മലമുകളിൽ നിഗൂഢമായി കാണിച്ചതുപോലെയും മുകളിൽ തെളിയിച്ചതുപോലെയും. അവൻ വലിയ മഹത്ത്വത്തിലാണ് വരുന്നതെങ്കിലും തൻെറ മനുഷ്യത്വം ഉരിഞ്ഞുകളയുന്നില്ല.

'എടുത്തു' എന്നത് ഇവയിൽ നിന്നെല്ലാം വ്യക്തമാണല്ലോ. ഗബ്രിയേൽ ദൈവദൂതൻ മംഗലവാർത്ത അറിയിച്ച നിമിഷംമുതൽ മിശിഹായുടെ ദൈവത്വം അവൻെറ മനുഷ്യത്വവുമായി ഐക്യപ്പെട്ടിരുന്നു. അതിനെ തൻെറ പർസോപ്പായിലേക്ക് എടുത്ത് ഉയർത്തി; ആലയത്തിലെന്നവണ്ണം അതിൽ വസിച്ചു, ഏക ഐക്യത്തിലും സംയോജനത്തിലും തന്നോടുകൂടി അതിനെ പുത്രനാക്കി, ഐക്യത്തിൽ എല്ലാ ശ്രേഷ്ഠതകൾകൊണ്ടും അതിനെ പരിപൂർണമാക്കി. ഐക്യത്തിനുശേഷം ആരാധ്യമായ ഈ ഐക്യം ഒരിക്കലും അഴിഞ്ഞുപോകുകയോ, കൂട്ടി ക്കുഴയ്ക്കപ്പെടുകയോ ചെയ്തിട്ടില്ല. എന്നാൽ കൂട്ടിക്കുഴയ്ക്കലോ കൂട്ടിച്ചേർക്കലോ വേർതിരിക്കലോ കൂടാതെ സ്വഭാവങ്ങൾ ക്നോമാകളുടെ സവിശേഷ തകളിൽ സംരക്ഷിക്കപ്പെടുന്നു. ദൈവപുത്രനായ ഏക കർത്താവേശുമിശിഹായുടെ ഐക്യത്തിൻെറ ഏകപർസോപ്പായിൽ ദൈവത്വവും മനുഷ്യത്വവും സ്ഥിതിചെയ്യുന്നു. അവനും അവൻെറ പിതാവിനും പരിശുദ്ധാത്മാവിനും എന്നുമെന്നേക്കും മഹത്ത്വവും ബഹുമാനവും ഉന്നതിയും ആരാധനയും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## അധ്യായം 10

# ഏക ആളിൽ ദൈവത്വവും മനുഷ്യത്വവും

*ദിവ്യവ്യാപാരത്തിൻെറ ഏകപർസോപ്പായിൽ മിശിഹായുടെ ദൈവത്വത്തിൻെറയും മനുഷ്യത്വത്തിൻെറയും ആരാധ്യമായ ഈ ഐക്യം നടന്നത് എപ്പോഴാണ് എന്ന് വ്യക്തമായ തെളിവുകളോടെ കാണിക്കുന്നതുചിതമാണ്.*

പുത്രത്വത്തിൻെറ ഏകസംയോജനത്തിൽ നമ്മുടെ കർത്താവേശുമിശിഹായുടെ ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള ഐക്യം എപ്പോൾ സംഭവിച്ചു? ഐക്യത്തിൻെറ രീതി സംബന്ധിച്ച് വിവിധാഭിപ്രായങ്ങൾ ഉള്ളതുപോലെ

www.malankaralibrary.com



രുടെ സാന്നിധ്യത്തിൽ ആരോഹണം ചെയ്തു. അവൻ അവരുടെ കണ്ണുകളിൽ നിന്നു മറഞ്ഞുപോയി. അവൻ പോയതായി കണ്ടതുപോലെ തൻെറ ശരീരത്തിൽ അവൻ വരാനിരിക്കുന്നു. തൻെറ ശിഷ്യർക്ക് മലമുകളിൽ നിഗൂഢമായി കാണിച്ചതുപോലെയും മുകളിൽ തെളിയിച്ചതുപോലെയും. അവൻ വലിയ മഹത്ത്വത്തിലാണ് വരുന്നതെങ്കിലും തൻെറ മനുഷ്യത്വം ഉരിഞ്ഞുകളയുന്നില്ല.

'എടുത്തു' എന്നത് ഇവയിൽ നിന്നെല്ലാം വ്യക്തമാണല്ലോ. ഗബ്രിയേൽ ദൈവദൂതൻ മംഗലവാർത്ത അറിയിച്ച നിമിഷംമുതൽ മിശിഹായുടെ ദൈവത്വം അവൻെറ മനുഷ്യത്വവുമായി ഐക്യപ്പെട്ടിരുന്നു. അതിനെ തൻെറ പർസോപ്പായിലേക്ക് എടുത്ത് ഉയർത്തി; ആലയത്തിലെന്നവണ്ണം അതിൽ വസിച്ചു, ഏക ഐക്യത്തിലും സംയോജനത്തിലും തന്നോടുകൂടി അതിനെ പുത്രനാക്കി, ഐക്യത്തിൽ എല്ലാ ശ്രേഷ്ഠതകൾകൊണ്ടും അതിനെ പരിപൂർണമാക്കി. ഐക്യത്തിനുശേഷം ആരാധ്യമായ ഈ ഐക്യം ഒരിക്കലും അഴിഞ്ഞുപോകുകയോ, കൂട്ടി ക്കുഴയ്ക്കപ്പെടുകയോ ചെയ്തിട്ടില്ല. എന്നാൽ കൂട്ടിക്കുഴയ്ക്കലോ കൂട്ടിച്ചേർക്കലോ വേർതിരിക്കലോ കൂടാതെ സ്വഭാവങ്ങൾ ക്നോമാകളുടെ സവിശേഷ തകളിൽ സംരക്ഷിക്കപ്പെടുന്നു. ദൈവപുത്രനായ ഏക കർത്താവേശുമിശിഹായുടെ ഐക്യത്തിൻെറ ഏകപർസോപ്പായിൽ ദൈവത്വവും മനുഷ്യത്വവും സ്ഥിതിചെയ്യുന്നു. അവനും അവൻെറ പിതാവിനും പരിശുദ്ധാത്മാവിനും എന്നുമെന്നേക്കും മഹത്ത്വവും ബഹുമാനവും ഉന്നതിയും ആരാധനയും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## അധ്യായം 10

# ഏക ആളിൽ ദൈവത്വവും മനുഷ്യത്വവും

*ദിവ്യവ്യാപാരത്തിൻെറ ഏകപർസോപ്പായിൽ മിശിഹായുടെ ദൈവത്വത്തിൻെറയും മനുഷ്യത്വത്തിൻെറയും ആരാധ്യമായ ഈ ഐക്യം നടന്നത് എപ്പോഴാണ് എന്ന് വ്യക്തമായ തെളിവുകളോടെ കാണിക്കുന്നതുചിതമാണ്.*

പുത്രത്വത്തിൻെറ ഏകസംയോജനത്തിൽ നമ്മുടെ കർത്താവേശുമിശിഹായുടെ ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള ഐക്യം എപ്പോൾ സംഭവിച്ചു? ഐക്യത്തിൻെറ രീതി സംബന്ധിച്ച് വിവിധാഭിപ്രായങ്ങൾ ഉള്ളതുപോലെ

www.malankaralibrary.com



ഐക്യം ഉണ്ടായതെപ്പോൾ എന്നത് സംബന്ധിച്ചും ഉണ്ടായിരുന്നു-ഏകപർസോപ്പായിൽ രണ്ടു സ്വഭാവങ്ങളുടെ പരിപൂർണമായ ഐക്യം ഉണ്ടായത് ആത്മാവിനെ അതിൽ ഊതിയപ്പോൾ നാല്പതാം ദിവസമാണ് എന്ന് ചിലർ പറയുന്നു. സ്നാനാവസരം സ്വതന്ത്രമായ ഐക്യം സംഭവിച്ചു എന്ന് ചിലർ അഭക്തമായി പറയുന്നു: ദൈവം അവനിൽ പ്രസാദിച്ചു. അവൻെറ നീതി നിമിത്തം അവൻെറ ഇച്ഛ അവനിൽ വസിച്ചു. ഏക സംയോജനത്തിൽ രണ്ടു സ്വഭാവങ്ങളുടെ പർസോപ്പിക ഐക്യമേ സംഭവിച്ചില്ല എന്നൊക്കെ തെറ്റായി പറഞ്ഞത് സാമസോട്ടക്കാരൻ പൗലോസാണ്. നമ്മുടെ കർത്താവ് ഒരു സാധാരണ മനുഷ്യനാണെന്ന് അയാൾ പറഞ്ഞു. അവൻ പ്രവാചകരിൽ ഒരുവൻ പോലെയാണ്. ദൈവം പ്രസാദിച്ച നീതിമാന്മാരിൽ ഒരുവൻ പോലെയാണ്. അവൻ മറിയത്തിൽനിന്ന് ആരംഭമെടുത്തു. "പിതാവുമായി സമസത്തയുള്ള നിത്യനായ പുത്രൻ ഇല്ല, പിന്നെയോ ദൈവസ്വഭാവത്തിൻെറ ക്നോമാ ഒന്നാണ്; മറ്റ് അഭിഷിക്തന്മാരിൽ ഒരുവനെപ്പോലെ അഭിഷേകം ചെയ്യപ്പെട്ട മനുഷ്യനെ സൂചിപ്പിക്കുന്നതാണ് മിശിഹാ എന്ന നാമം; സോളമനെപ്പോലെ 'പുത്രൻ' എന്ന് ബഹുമാനപൂർവം അവനെ വിളിക്കുന്നു എന്നേയുള്ളൂ". "പുത്രത്വത്തിൻെറ ഏകഐക്യത്തിൽ രണ്ടു സ്വഭാവങ്ങളുടെയും രണ്ടു ക്നോമാകളുടെയും ഐക്യത്തിൻെറ പർസോപ്പായില്ല; ഇവൻ എൻെറ പ്രിയപുത്രനാകുന്നു, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ. 3:17) എന്ന് യോർദ്ദാനിൽ കേട്ട വചനമനുസരിച്ച് "ദൈവം അവനിൽ തൻെറ വ്യാപാരം പൂർത്തിയാക്കാൻ അവൻ പരിശുദ്ധാത്മാവിൻെറ കൃപ പ്രാപിച്ചു". "ദൈവത്തിന് ഒരു സ്വാഭാവിക പുത്രനില്ല, കാരണം ദൈവത്തിൻെറ ക്നോമാ ഏകമാണ്. "കർത്താവിൻെറ ആത്മാവ് എൻെറ മേലുണ്ട്, അതിനാൽ അവിടുന്ന് എന്നെ അഭിഷേകം ചെയ്തു"എന്നിത്യാദി എന്ന് സ്നാനാനന്തരം തിരുലിഖിതമെടുത്ത് അവിടുന്നു വായിച്ചതിൽ നിന്ന് ഇതു വ്യക്തമാണ്. വായന കഴിഞ്ഞ് അവിടുന്നു പറഞ്ഞു: ഇന്ന് ഈ തിരുവചനം നിങ്ങളുടെ മുമ്പാകെ നിറവേറിയിരിക്കുന്നു(ലൂക്കാ 4:18-21). കാരണം, "അവരുടെ മുമ്പാകെ അവൻ വായിച്ചവ അവനു സാക്ഷ്യം വഹിക്കുന്നു; അവ അവൻെറ വാക്കുകൾക്കു സാക്ഷികളാണ്" എന്നൊക്കെ അവർ വാദിക്കുന്നു.

മുമ്പുള്ളവരെക്കാൾ മോശമായി സംസാരിച്ച ചില പാഷണ്ഡികൾ ഉണ്ടായിട്ടുണ്ട്:"ഉത്ഥാനം മുതലാണ് പുത്രത്വം പരിപൂർണമാക്കപ്പെട്ടത്, അതുവഴി അവൻ അനേകം സഹോദരന്മാരിൽ ആദ്യജാതനായിത്തീർന്നു. ഭാഗ്യവാനായ പൗലോസ്, ദാവീദിൻെറ സാക്ഷ്യം ഉദ്ധരിക്കുന്നതുപോലെ."നീയെൻെറ പുത്രനാകുന്നു; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു". "ഇങ്ങനെ, അവൻ ഇനി ഒരിക്കലും അഴിവു കാണാതിരിക്കാൻ ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു"(നട. 13:33-34)[2] എന്നു തുടങ്ങിയ ഭാഗങ്ങൾ അവർ ഉദ്ധരിക്കുന്നു.

www.malankaralibrary.com



വഴിപിഴച്ച മനസ്സുകൾ വളരെ അഭക്തമായും ശ്ലൈഹികസഭയുമായി ഒത്തുപോകാത്ത രീതിയിലും തങ്ങളുടെ നാശത്തിനായി സംസാരിക്കുന്നു. എന്നാൽ *പത്രോസാകുന്ന പാറമേൽ അടിസ്ഥാനം ഉറപ്പിച്ചിരിക്കുന്ന മിശിഹായുടെ സഭ ഇപ്രകാരം ഏറ്റുപറയുന്നു:* ഭാഗ്യവതിയായ മറിയത്തോട് ഗബ്രിയേൽ ദൈവദൂതൻ മംഗലവാർത്ത അറിയിച്ചപ്പോൾ സംഭവിച്ച ഐക്യം സ്വാഭാവികമോ, ക്നോമികമോ അല്ല, ഐക്യവും വാസവുംവഴി സ്വമനസ്സായുള്ളതും പർസോപ്പിക്കലുമായിരുന്നു. അതു വചനമാം ദൈവം അതിലൂടെ വെളിപ്പെടുവാനും അതിലൂടെ ദിവ്യവ്യാപാരം മുഴുവൻ പൂർത്തീകരിക്കാനും, ഒരു പുതുയുഗപ്പിറവി അവനിൽ ഉദ്ഘാടനം ചെയ്യാനും എന്നേക്കും അതിൽ ആരാധിക്കപ്പെടാനും വേണ്ടിയായിരുന്നു. അതിനെ തന്നോടുകൂടി സമസത്തയാക്കുന്നതിനായിരുന്നില്ല; തന്നോടുകൂടി ഒരു സ്വഭാവവും നിത്യവും അനന്തവുമായ ഒരു ക്നോമായും ആക്കുന്നതിനും ആയിരുന്നില്ല. അത് തികച്ചും അസാധ്യമാണ്. അധികാരത്തിലൂടെയും ബഹുമാനത്തിലൂടെയും ആരാധനയിലൂടെയും തന്റെ മഹത്ത്വത്തിന്റെ വെളിപ്പെടുത്തലിന് അത് ഐക്യപ്പെട്ട ആലയവും വാസസ്ഥലവും ആയിത്തീരുന്നതിനുവേണ്ടി ആയിരുന്നു: "അവൻ ജഡത്തിൽ വെളിപ്പെട്ടു" എന്നിത്യാദി. അതുപോലെ അവൻ ആദാമ്യകുലത്തിന്റെ കടം വീട്ടുന്നതിനും വേണ്ടിയായിരുന്നു.

എടുക്കലിനോടുകൂടെയായിരുന്നു ഐക്യം; എടുക്കലിനോടും ഐക്യത്തോടുംകൂടെ അഭിഷേകം പൂർത്തീകരിക്കപ്പെട്ടു. കാരണം പരിശുദ്ധാത്മാവിനാൽ, അവൻ ഐക്യതയിൽ രൂപീകരിക്കപ്പെട്ടു; പരിശുദ്ധാത്മാവ് അഭിഷേകതൈലത്തിന്റെ സ്ഥാനത്തുനിന്ന് അവനെ അഭിഷേചിച്ചു. മനുഷ്യത്വം വചനമാം ദൈവത്തോട് ഐക്യപ്പെടുന്നതിനും ഐക്യപ്പെട്ട് എന്നേക്കുമായി അവനോടൊപ്പം പുത്രനായി തീരുന്നതിനും ആയിരുന്നു അത്. ഇതാണ് ശരിയായ സഭാപ്രബോധനം. തന്റെ ഉത്ഭവത്തിന്റെ ആദ്യനിമിഷംമുതൽ എന്നേക്കുമായി വചനമായ ദൈവത്തോട് മനുഷ്യത്വം ഐക്യപ്പെട്ടിരുന്നു. എന്നാൽ തന്റെ മനുഷ്യത്വം എല്ലാ കാര്യങ്ങളിലും അതിന്റെ ക്രമം പാലിച്ചു. ഏകപുത്രത്വത്തിൽ ഐക്യത്തിനായുള്ള അഭിഷേകത്തിലും പരിപൂർണമായ ഐക്യത്തിലും രണ്ടിന്റെയും സവിശേഷതകൾ കൂട്ടിക്കുഴച്ചിൽ കൂടാതെ സംരക്ഷിക്കപ്പെട്ടിരുന്നു. ഐക്യത്തിനായുള്ള അഭിഷേകവും എടുക്കലും ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതലായിരുന്നു. അത് അദൃശ്യന്റെ ഛായ സ്വീകരിക്കയും വചനമാം ദൈവം എന്നേക്കും അതിൽ വന്നു വസിക്കുകയും ചെയ്തു - "ഉത്ഭവിച്ചതിനുശേഷമാണ് അഭിഷേകം" എന്ന് ചിലർ ഭക്തിരഹിതമായി പറഞ്ഞതുപോലെയല്ല. അത് സ്നാനാവസരം ആണ് എന്ന് സാമസോട്ടക്കാരന്റെ കൂട്ടർ പറഞ്ഞതുപോലെയുമല്ല. ഉത്ഥാനാനന്തരം പുത്രത്വം എന്ന ബഹുമാനം അവിടുത്തേക്കു കിട്ടി

www.malankaralibrary.com



എന്ന് ചിലർ പറഞ്ഞതുപോലെയുമല്ല. ആരാധ്യമായ ഏകവ്യാപാരത്തിന്റെ ഐക്യപ്പെട്ട പർസോപ്പായിലാണ് ഐക്യം നടന്നത്. ജീവദായക സുവിശേഷ ഗ്രന്ഥത്തിൽനിന്ന് വളരെ ഉറപ്പായി ഇത് അറിയപ്പെട്ടതാണ്. അതുകൊണ്ട്, "പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ നിന്നിൽ നിന്നു ജനിക്കാൻപോകുന്ന ശിശു പരിശുദ്ധൻ ആണ്; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകുകയില്ല. ഇതാ, നിന്റെ ചാർച്ചക്കാരി എലിസബത്തും തന്റെ വാർധക്യത്തിൽ ഗർഭം ധരിച്ചിരിക്കുന്നു. ദൈവത്തിന് ഒന്നും അസാധ്യമല്ല" എന്ന് ഭാഗ്യവതിയും കുലീനയുമായ മറിയത്തോട് ഗബ്രിയേൽ ദൂതൻ മംഗലവാർത്ത അറിയിച്ചശേഷം എന്താണ് സംഭവിച്ചത്? (ലൂക്കാ 1:30-38). ദൂതൻ അവളെ വിട്ടുപോയപ്പോൾ ദൈവികപ്രവർത്തനത്താൽ ഭാഗ്യവതിയായ മറിയത്തിന്റെ മനസിന്റെ അടിത്തട്ടുവരെ ഇളകി. അവളും ഒരു മനുഷ്യസ്ത്രീയായിരുന്നു. ഒരിക്കലും സംഭവിച്ചിട്ടില്ലാത്തവയാണ് അവൾ ശ്രവിച്ചത്. കാര്യങ്ങൾ അത്ഭുതാവഹമായി പൂർത്തീകരിക്കപ്പെടുന്നതിന്റെ ആരംഭമായി എന്ന് അവൾ അറിയുകയും മനസിലാക്കുകയും ചെയ്തു. അവളുടെ പ്രകൃതിയിൽനിന്ന് ഒരു ശിശു രൂപീകൃതമായിത്തുടങ്ങി. അതിന്റെ രൂപീകരണത്തിന്റെ ആരംഭത്തിൽ അതായത്, അതിന്റെ എടുക്കലിൽ, ഐക്യം സംഭവിച്ചു; അവളുടെ ഉദരഫലവുമായി ദൈവവചനം ഐക്യപ്പെടുകയും അതിൽ വസിക്കുകയും ചെയ്തു. വൈവാഹികബന്ധം കൂടാതെയുള്ള അസാധാരണമായ ഗർഭധാരണം ആയിരുന്നു അത്. എന്നാൽ ദൂതന്റെ വാക്ക് അനുസരിച്ച്, ഐക്യംവഴി ദൈവപുത്രൻ. പിന്നെന്തു സംഭവിച്ചു?

ലൂക്കോസിന്റെ വിവരണമനുസരിച്ച് "മറിയം ആ ദിവസങ്ങളിൽ എഴുന്നേറ്റ് യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്ക് ശ്രദ്ധാപൂർവം യാത്രപുറപ്പെട്ടു. അവൾ സക്കറിയായുടെ ഭവനത്തിൽ പ്രവേശിച്ച് എലിസബത്തിനെ അഭിവാദനം ചെയ്തു. മറിയത്തിന്റെ അഭിവാദനം എലിസബത്ത് കേട്ടപ്പോൾ ശിശു അവളുടെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചുചാടി. എലിസബത്ത് പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞു. അവൾ മറിയത്തോട് ഉച്ചത്തിൽ ഉദ്ഘോഷിച്ചു: നീ സ്ത്രീകളിൽ അനുഗൃഹീതയാണ്; നിന്റെ ഉദരഫലവും അനുഗൃഹീതമാണ്. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തുവരാനുള്ള ഭാഗ്യം എനിക്ക് എവിടെ നിന്ന്? ഇതാ, നിന്റെ അഭിവാദനസ്വരം എന്റെ ചെവികളിൽ പതിച്ചപ്പോൾ ശിശു എന്റെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചുചാടി. കർത്താവ് അരുൾചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി"(ലൂക്കാ. 1:39-45). ദൂതന്റെ അറിയിപ്പോടുകൂടി ഐക്യവും വാസ

www.malankaralibrary.com



വുമാണെന്ന് സംശയലേശമെന്യേ വ്യക്തമായി അപ്പോൾ മുതൽ അവൾക്കു ബോധ്യമായി. നമ്മുടെ കർത്താവിൻെറ മനുഷ്യത്വം[7] തൻെറ സ്വാഭാവിക ക്നോമിക് അവസ്ഥയിൽ അപ്പോഴും പരിപൂർണമായിരുന്നില്ല. എങ്കിലും ഞാൻ പറഞ്ഞതുപോലെയും എല്ലാ സത്യവിശ്വാസികളായ പിതാക്കന്മാരുടെ പ്രബോധനം പോലെയും വൈവാഹികസംസർഗം കൂടാതെയായിരുന്നു അത്. എന്നാൽ ശേഷം കാര്യങ്ങളിൽ പ്രകൃത്യനുസൃതമായി മറ്റു ഭ്രൂണങ്ങളെപ്പോലെ ക്രമാനുഗതമായിട്ടത്രേ വളർന്നത്. എന്തുകൊണ്ടെന്നാൽ അവിടുന്ന് വളരുകയും ആത്മാവിനെ സ്വീകരിക്കുകയും പാപമൊഴികെ മറ്റെല്ലാറ്റിലും നമ്മെപ്പോലെ ആകുകയും ചെയ്തു(എബ്രാ. 4:15).

എലിസബത്ത് മറിയത്തോട് എന്താണ് പറഞ്ഞത്? "നിൻെറ ഉദരഫലം അനുഗൃഹീതമാകുന്നു. ഇതാ അവളുടെ സ്വഭാവത്തിൽനിന്നുള്ള ഫലമാണിത്. അതായത്, എടുക്കുന്നവൻ ഐക്യപ്പെട്ട് മനുഷ്യനായ ശരീരം; എന്നാൽ അപ്പോഴും അവനിൽ ആത്മാവ് സൃഷ്ടിക്കപ്പെട്ടിരുന്നില്ല."എൻെറ കർത്താവിൻെറ അമ്മ എൻെറ അടുത്തു വരാനുള്ള ഭാഗ്യം എനിക്ക് എവിടെനിന്ന്?" ഇതാ, വചനമായ ദൈവത്തിൻെറ മനുഷ്യാവതാരത്തിലെ ഐക്യത്തെപ്പറ്റിയുള്ള പരിപൂർണമായ ധാരണ! കാരണം അപ്പോൾതന്നെ അവൻ കർത്താവ് എന്ന് പരിഗണിക്കപ്പെട്ടിരുന്നു. ഐക്യപ്പെട്ട് എന്നേക്കുമായി, ദൈവത്തിനും തൻെറ ആലയത്തിനും ഏക കർതൃത്വവും ഏക ആരാധനയുമാണ്. എഴുതപ്പെട്ടിരിക്കുന്നതുപോലെ, "നിങ്ങൾ ക്രൂശിൽ തറച്ച ഈ യേശുവിനെ ദൈവം കർത്താവും മിശിഹായും ആക്കിത്തീർത്തു"(നട. 2:36). "കർത്താവ് എൻെറ കർത്താവിനോട് അരുൾചെയ്തു: ഞാൻ നിൻെറ ശത്രുക്കളെ നിൻെറ പാദപീഠമാക്കുവോളം നീ എൻെറ വലത്തുഭാഗത്തിരിക്കുക"(സങ്കീ. 110:1). എന്തുകൊണ്ടെന്നാൽ സ്വഭാവത്താലേ അവിടുന്ന് ദാവീദിൻെറ പുത്രനാണ്; ഉദരത്തിൽവച്ച് ദൈവവചനവുമായുള്ള ഐക്യത്താൽ അവിടുന്ന് കർത്താവും ദാവീദിൻെറ നാഥനുമാണ്. അത്ഭുതാവഹവും ആരാധ്യവും അവാച്യവുമായ ചെയ്തികളാൽ ഇവ വ്യക്തമാണ്. ഈ ആരാധ്യമായ വ്യാപാരത്തിൽ തദനുസരണം അവ സംഭവിക്കാൻ തുടങ്ങി.

പരിശുദ്ധാത്മാവിൻെറ കൃപയുടെ കവിഞ്ഞൊഴുകലാലും കന്യകയുടെ ഉദരഫലത്തിൽ ഐക്യപ്പെട്ട് വസിക്കുകയും ഐക്യത്താലും വാസത്താലും തന്നോടുകൂടി അതിനെ ഏക കർത്താവാക്കി തീർക്കുകയും ചെയ്ത പ്രകൃതിയുടെ നാഥനാലും തൻെറ അമ്മയുടെ കന്യാത്വ ശബ്ദത്തിലൂടെ ശക്തി ഒഴുകി വന്ധ്യയുടെ ഉള്ളിൽ ആശ്ചര്യകരമാംവിധം പ്രവേശിച്ചു. അത് ഉദരത്തിലെ ശിശുവിൻെറ ഉള്ളിലേക്കു കടന്നു. ആ ശബ്ദശ്രവണത്തിൽ ശിശു പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ലോകത്തിനു മുഴുവൻ ലഭിക്കാനിരിക്കുന്ന പരിപൂർണ

www.malankaralibrary.com



സന്തോഷത്താൽ അവൻ കുതിച്ചുചാടി. മറിയത്തിൻെറ ശിശുവിൽനിന്ന് എലിസബത്തിൻെറ ശിശുവിലേക്ക്; മറിയത്തിൻെറ കർതൃകൃപയുടെ സമൃദ്ധിയിൽ നിന്ന്, നമ്മുടെ കർത്താവിൽനിന്ന്, തൻെറ അമ്മയിലേക്കും അവളുടെ ശബ്ദത്തിലൂടെ എലിസബത്തിലേക്കും ശിശുവിലേക്കും. എന്തൊരതിശയം! മറിയത്തിൻെറ ഉദരത്തിൽ ഉള്ള ഐക്യപ്പെട്ട ആരാധ്യനും മഹനീയനും അത്ഭുതാവഹനുമായ ശിശുവിനെപ്പറ്റി എലിസബത്ത് അത്ഭുതകരങ്ങളും ആശ്ചര്യകരങ്ങളുമായ കാര്യങ്ങൾ പ്രവചിക്കാൻ തുടങ്ങി. അവളുടെ പ്രകൃതിയിൽ നിന്നെടുക്കപ്പെട്ട ശിശുവിൽ ഐക്യപ്പെട്ടു വസിച്ചവനെപ്പറ്റിയും എന്നേക്കും ഏക ബഹുമാനത്തിലും ഏക കർതൃത്വത്തിലും പ്രവചിക്കാൻ തുടങ്ങി. നമ്മുടെ കർത്താവിൻെറ മനുഷ്യത്വത്തിൻെറ[13] രൂപീകരണം മുതലാണ് എടുക്കലും ഐക്യവും അഭിഷേകവും വാസവും വചനമായ ദൈവവുമായുള്ള സംയോജനവും എന്ന് അവൾക്കു വ്യക്തമായി. എന്തുകൊണ്ടെന്നാൽ വചനമായ ദൈവം അതിനെ തൻെറ സ്വന്തം പർസോപ്പായിലേക്കും ഈ ആരാധ്യമായ വ്യാപാരത്തിൽ തൻെറ അദൃശ്യതയുടെ ഐക്യപ്പെട്ട ഛായയിലേക്കും എടുത്തുയർത്തി. ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ, "അവൻ അദൃശ്യദൈവത്തിൻെറ പ്രതിച്ഛായയാണ്; "തൻെറ പുത്രൻെറ പ്രതിച്ഛായയുടെ സാദൃശ്യത്തിൽ അവൻ നമ്മെ മുദ്രവച്ചിരിക്കുന്നു"(കൊളോ. 1:15; റോമ. 8:20).

ദൂതൻെറ മംഗലവാർത്തയുടെ അവസരമായിരുന്നു എടുക്കൽ; എടുക്കലോടുകൂടി എന്നേക്കുമുള്ള ഐക്യവും സംഭവിച്ചു. എന്നാൽ ജഢപ്രകാരം ശരീരം ആദ്യം രൂപീകൃതമായി, പിന്നെ ആത്മാവ്, എന്നത് ഇതിൽനിന്ന് വ്യക്തമാണല്ലോ. ഇക്കാരണത്താലാണ് 'അവൻ ശരീരിയായി' എന്നു പറഞ്ഞിട്ട് 'ബൗദ്ധികാത്മാവോടുകൂടി മനുഷ്യനായി' എന്നു പിതാക്കന്മാർ കൂട്ടിച്ചേർത്തത്. നമ്മുടെ രക്ഷയുടെ ദിവ്യരഹസ്യങ്ങളിൽ പുരോഹിതന്മാർ റൂഹാക്ഷണ പ്രാർത്ഥന നടത്തുമ്പോൾ സംഭവിക്കുന്നതുപോലെയാണിത്. "പരിശുദ്ധാത്മാവിൻെറ കൃപ ഇറങ്ങി ഈ അപ്പത്തിന്മേലും കാസായിന്മേലും ആവസിച്ച് അവയെ നമ്മുടെ കർത്താവേശുമിശിഹായുടെ തിരുശരീരവും തിരുരക്തവുമാക്കിത്തീർക്കട്ടെ" എന്ന് വൈദികർ പറയുമ്പോൾ ഞൊടിയിടയിൽ, അവ അപ്രകാരം സംഭവിക്കുന്നു എന്ന് നാം വിശ്വസിക്കുന്നു. ഏക ആവാസത്താലും ശക്തിയാലും ഏകശരീരം; അത് മോചനം നൽകുകയും പവിത്രീകരിക്കുകയും ചെയ്യുന്നു. മിശിഹായുടെ ശരീരം ഏകമാണ്, രണ്ടു ശരീരമില്ല. എന്നാൽ അപ്പത്തിനും ശരീരത്തിനും രണ്ടു സ്വഭാവങ്ങളാണുതാനും. രണ്ടു പ്രകൃതങ്ങളും പരസ്പരം വ്യത്യസ്തങ്ങളാണ്. എന്നാൽ കൂദാശയുടെ ശക്തിയിലും പ്രവർത്തനത്തിലും ഏകശരീരവും ഏക അപ്പവും. ഇവിടെയും അതുപോലെ നാം മനസിലാക്കണം. "പരിശുദ്ധാത്മാവ് നിൻെറ മേൽ വരും; അത്യുന്നതൻെറ ശക്തി നിൻെറ മേൽ ആവ

www.malankaralibrary.com



സിക്കും" എന്നുള്ള ദൂതൻെറ ശബ്ദത്തിൽ തന്നെ എടുക്കലും അതോടൊപ്പം ഐക്യവും സംഭവിച്ചു. വചനമാം ദൈവവും-ബലഹീനവും വലുപ്പത്തിൽ തീരെ ചെറിയതുമായിരുന്നെങ്കിലും-തൻെറ മാംസവുമായുള്ള ഐക്യവും യോജിപ്പും സംഭവിച്ചു. ആ മാംസം തൻെറ ആലയവും, തൻെറ ഐക്യപ്പെട്ട നിഗൂഢതയുടെ പ്രതിച്ഛായയും ആയിരുന്നു. എന്നേക്കും ഏക കർതൃത്വത്തിൽ ഏകപുത്രൻ. എന്നാൽ തൻെറ മനുഷ്യത്വത്തിൻെറ പ്രകൃതം ഞാൻ പറഞ്ഞതുപോലെ, പരിശുദ്ധാത്മാവിനാൽ അതിൻെറ രൂപീകരണത്തിൽ, അതിൻെറ ക്രമം പാലിച്ചു. അതായത്, രൂപീകൃതമായി വളർന്നുവന്ന് പടിപടിയായി മനുഷ്യരൂപം പ്രാപിച്ചു.

എന്നാൽ സ്വാഭാവികവും ക്നോമികവുമായ ഐക്യത്തിൽ ദൈവത്തിന് സഹനം ആരോപിക്കുന്ന പാഷണ്ഡികളുടെ അജ്ഞതയെ നാം കുറ്റപ്പെടുത്തേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ ഈ മനുഷ്യർ തെറ്റായി സംസാരിക്കുകയും ദൈവദൂഷണം നടത്തുകയും ചെയ്യുന്നു. അവർ ഇപ്രകാരം പറയുന്നു: "ഗർഭധാരണത്തിൻെറ ആരംഭത്തിൽ ആത്മാവും ശരീരവും ഒന്നിച്ച് ഐക്യത്തിൽ ഏക ക്നോമാ ആയിരിക്കാൻ കഴിയുകയില്ല." ഭാഗങ്ങൾ ഒന്നിനുമുമ്പായി പോകുന്നില്ല. എന്നാൽ അവർ ഇത് ഗോപ്യമായിട്ടാണ് പറയുന്നത്. അങ്ങനെ : 'ആത്മാക്കൾ പ്രസ്ഥിതങ്ങളാണ്, തെറ്റുനിമിത്തം നിർബന്ധപൂർവം അവ ശരീരങ്ങളോട് ചേർക്കപ്പെടുന്നു' എന്ന് ഒരിജൻ പഠിപ്പിച്ചു. ഇക്കാരണത്താൽ, അവർ നിഷ്കളങ്കരെ വഴി തെറ്റിക്കുന്നു. അതുകൊണ്ട് ഞങ്ങൾ ഇപ്രകാരം പറയുന്നു: ഐക്യം രണ്ടുപ്രാവശ്യം നടന്നില്ല. ദൈവത്തിൻെറ സ്വയം സ്ഥിതിചെയ്യുന്ന ഏക ക്നോമായും അപൂർണനായ മനുഷ്യനും ആയിരിക്കുമ്പോൾ, അവിടെ സ്വഭാവവും സ്വഭാവവുമില്ല, ഒരു ക്നോമായും മറ്റൊരു ക്നോമായും ഇല്ല. ദൈവവും മനുഷ്യനും കൂടി ഏകസ്വഭാവവും ഏക ക്നോമായുമാകുന്നു. - അങ്ങനെ രണ്ടു പുത്രന്മാർ ഉണ്ടാകുന്നില്ല. പിന്നെയോ അവതരിച്ച ദൈവസ്വഭാവം ഏകമാണ്. അതുവഴി ത്രിത്വത്തിൽ ചതുർത്വം ആരോപിക്കുന്നത് ഒഴിവാക്കാം. ഇതുവഴി ഈ ദുഷ്ടമനുഷ്യരുടെ കെണി അവരുടെതന്നെ നാശത്തിനായി തീർന്നിരിക്കുന്നു. ശരീരം ഒന്ന്, ശരീരത്തിൽ അവതരിച്ചയാളുടെ അവതാരം മറ്റൊന്ന് എന്നത് സുബുദ്ധിയുള്ള സകലർക്കും സുവ്യക്തമാണ്. ധരിക്കുന്നവനിൽനിന്ന് വസ്ത്രവും, പടച്ചട്ടയിൽനിന്നു പട്ടാളക്കാരനും, ദൈവത്തിൻെറ രൂപത്തിൽ നിന്നു ദാസൻെറ രൂപവും, വസിക്കുന്ന ആലയത്തിൽനിന്ന് വസിക്കുന്നവനും വ്യത്യസ്താണല്ലോ. സ്വഭാവത്തിലും ക്നോമായിലും ദൈവം ഒന്ന്, മനുഷ്യൻ മറ്റൊന്ന്. കാരണം, അവിടുന്ന് മാംസത്തിൽ വെളിപ്പെട്ടു എന്ന് എഴുതപ്പെട്ടിരിക്കുന്നു. അവൻ മനുഷ്യൻെറ സാദൃശ്യത്തിലായിതീർന്നു എന്ന് തിരുലിഖിതങ്ങൾ പഠിപ്പിക്കുന്നു. അവൻ സ്വഭാവത്തിൽ മനുഷ്യനായി സ്വാഭാവികമായി സഹിച്ചു എന്നല്ല ഇതിനർത്ഥം. വചനമാം ദൈവവും തൻെറ ജഡവുമായി ഏക

www.malankaralibrary.com



സ്വഭാവവും ഏക ക്നോമായുമാണെങ്കിൽ, ത്രിത്വവും ജഡവുമായി ഏക സ്വ ഭാവമാകുന്നു. എന്നാൽ അപ്രകാരമല്ല, ഒരിക്കലുമല്ല. പിന്നെയോ, ത്രിത്വത്തിലെ ക്നോമാകളിൽ ഒരുവനായ ദൈവത്തിന്റെ സാദൃശ്യവും മനുഷ്യരുടെ ക്നോമാകളിൽ ഒന്നായ ദാസന്റെ സാദൃശ്യവും ആണിത്. എങ്കിലും ഐക്യ ത്തിൽ, ദൈവ പുത്രനായ നമ്മുടെ കർത്താവേശുമിശിഹാ എന്ന ഏകൻ. ഐക്യം പർസോപ്പായിലാണ്. സ്വഭാവത്തിലും ക്നോമായിലും അല്ല. കാരണം, സ്വഭാവത്തിലാണെങ്കിൽ ദൈവത്വവും മനുഷ്യത്വവും കൂടി ഏകസ്വഭാവമാ കുന്നു. ത്രിത്വവും സർവമനുഷ്യനും ഏക സ്വഭാവമാകും.

ഐക്യം സ്വാഭാവികമല്ല, പർസോപ്പിക്കാണ്; സ്വഭാവങ്ങളുടെ സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നു. ഈ സ്വാഭാവികക്രമത്തിൽ നമ്മുടെ കർത്താവിന്റെ മനുഷ്യത്വം[7] രൂപീകൃതമായി രൂപം സ്വീകരിച്ചു. എന്നാൽ അതിന്റെ രൂപീകരണത്തിന്റെ ആരംഭത്തിൽതന്നെ ഐക്യപ്പെട്ടു. ഇതിന് തിരുലിഖിതങ്ങളും സത്യവിശ്വാസികളായ എല്ലാ പിതാക്കന്മാരും സാക്ഷികളാണ്. ശരീരത്തിന് രൂപം വന്ന് അവയവങ്ങൾ വളർന്ന് ആത്മാവ് നിവേശിക്കപ്പെട്ടശേഷമാണ് അതു മനുഷ്യൻ എന്നു വിളിക്കപ്പെടുക. കാരണം ശരീരവും ആത്മാവും ചേർന്നു മനുഷ്യൻ ഉണ്ടാകുന്നു. അതിനെ മാംസമെന്നും ആത്മാവെന്നും വിളിക്കാറില്ല. മാംസം ശരീരത്തിന്റെ ഭാഗമാണ്. അവയവങ്ങൾക്കു ശേഷമല്ല ശരീരം. ആത്മാവിന്റെ ഭവനമായ ശരീരം പണിത് പൂർത്തിയാക്കാതെ ആത്മാവ് അതിൽ എങ്ങനെ ക്നോമിക്കലായി വസിക്കും? ഹൃദയവും തലച്ചോറും എന്ന അതിന്റെ രണ്ട് അവയവങ്ങൾ നശിക്കുമ്പോൾ ആത്മാവ് വേർപെട്ടെന്നു നാം കാണുന്നു. ഉദരത്തിലായാലും ജനിച്ചശേഷമായാലും ശാരീരികാവയവങ്ങളുടെ രൂപീകരണം കൂടാതെ ആത്മാവിന് ശരീരത്തിൽ പാർക്കാൻ ആവില്ല. കാരണം, ഇപ്രകാരമാണ് അതിന്റെ സ്രഷ്ടാവ് അതിനെ സൃഷ്ടിച്ചിരിക്കുന്നത്. ഹൃദയവും തലച്ചോറും അതിനെ സഹായിക്കുന്ന ബാക്കിയുള്ള അവയവങ്ങളും രൂപപ്പെട്ടു കഴിയുമ്പോൾ ആത്മാവ് ശരീരത്തിൽ ഐക്യപ്പെട്ട് ഒന്നിച്ചിരിക്കും. അവ നശിക്കുമ്പോൾ ആത്മാവ് അതിൽനിന്നു വേർപെടുന്നു.

നമ്മുടെ വംശത്തലവനായ ആദവുമായി ബന്ധപ്പെട്ട ഒരു കാര്യം ഒരുജ്ജ്വലോദാഹരണമായി അവതരിപ്പിക്കട്ടെ. ദൈവം പറഞ്ഞു: "നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ നിർമ്മിക്കാം"; "ദൈവമായ കർത്താവ് മനുഷ്യനെ ഭൂമിയിലെ പൊടിയിൽനിന്നു നിർമ്മിക്കുകയും അവന്റെ നാസാരന്ധ്രങ്ങളിൽ ജീവശ്വാസം ഊതുകയും ചെയ്തു" (ഉല്പ. 1:26; 2:7). അവയവങ്ങളോടുകൂടി സമ്പൂർണശരീരം ആദ്യം രൂപീകൃതമായി, പിന്നീടാണ് അതിൽ ആത്മാവിനെ നിവേശിപ്പിച്ചത് എന്നു തിരുലിഖിതം പഠിപ്പിക്കുന്നു. 'നാസാരന്ധ്രങ്ങളിൽ' എന്ന് ഒരു ഭാഗത്തെപ്പറ്റി പറഞ്ഞിരിക്കുന്നത് ശരീരം മുഴുവനെയും

www.malankaralibrary.com



സൂചിപ്പിക്കുന്നു. കാരണം, ശരീരം ഇല്ലെങ്കിൽ മുഖം ഇല്ല. ഇന്ദ്രിയങ്ങളുടെ എല്ലാ കഴിവുകളുടെയും പർസോപ്പാ അതിലാണ്. ആദത്തിന്റെ കാര്യത്തിലും അപ്രകാരം തന്നെ. മണ്ണെടുത്ത് മെനഞ്ഞുണ്ടാക്കി. അപ്പോഴും ആത്മാവിനെ നിവേശിപ്പിച്ചിരുന്നില്ല; എങ്കിലും ആ മണ്ണ് സാധാരണ പൊടിയായിരുന്നില്ല. ദൈവഛായ എന്ന ബഹുമാനം രൂപീകരണത്തോടുകൂടി അതിനുണ്ടായി. മാലാഖമാരുടെ അറിവിനും പ്രബോധത്തിനുമാണ് ഇപ്രകാരം പരിപൂർണമാക്കപ്പെട്ടത്. അവയവങ്ങൾ ഉള്ള ശരീരം രൂപീകൃതമായി ജീവനില്ലാതെയും ആത്മാവില്ലാതെയും അവിടെ കിടക്കുന്നത് അവർ കണ്ടു. അതിന് ജീവനോ പ്രതികരണശേഷിയോ ഇല്ലായിരുന്നു. ആത്മാവിനെ നിവേശിപ്പിച്ചു കഴിഞ്ഞപ്പോൾ അതിന് ആത്മാവിനെ ലഭിച്ചു; അതു ജീവൻ പ്രാപിച്ചു എന്ന് അവർ കണ്ടു. ആശ്ചര്യകരവും അവാച്യവുമായ അത്ഭുതത്തിൽ അവൻ പെട്ടെന്ന് എഴുന്നേറ്റുനിന്ന് നിഷ്കളങ്ക ശിശുക്കളെപ്പോലെ തന്റെ സ്രഷ്ടാവിന്റെ സ്തുതിപ്പുകൾ പാടാൻ തുടങ്ങി. അതും ആശ്ചര്യകരവും അവാച്യവുമായ അത്ഭുതം തന്നെ.

മറ്റാരും പഠിപ്പിക്കാതെതന്നെ അവരെപ്പോലെ അവൻ സംസാരിക്കാൻ തുടങ്ങി. ആത്മാവിനെ ആദത്തിൽ ഊതിക്കയറ്റി സൃഷ്ടിച്ചവൻ ആരാണെന്ന് മാലാഖമാർ അപ്പോൾ മനസിലാക്കി. ശരീരമൊഴിച്ച് തങ്ങൾക്കുള്ളതെല്ലാം അവന്റെ ബുദ്ധിയിൽ അവനുണ്ടെന്ന് അവർ മനസിലാക്കി. ദൈവം ഇല്ലായ്മയിൽനിന്ന് അവരെ ജീവനുള്ളവരും ബുദ്ധിയുള്ളവരുമായി സൃഷ്ടിച്ചു എന്ന് അവർ നന്നായി മനസിലാക്കി. ഇപ്രകാരം ഏക ക്നോമായായി രണ്ടു ഭാഗങ്ങളിലും മനുഷ്യൻ തന്റെ സ്രഷ്ടാവിന്റെ ഛായയിൽ പരിപൂർണനാക്കപ്പെട്ടു. അവൻ ദൃശ്യാദൃശ്യവസ്തുക്കളായ സമസ്ത സൃഷ്ടികളെയും കൂട്ടിച്ചേർക്കുന്ന കണ്ണിയായിത്തീർന്നു. അവയിലൊന്ന് മറ്റൊന്നുമായി കൂടിച്ചേരാതിരുന്നപ്പോഴും 'ദൈവഛായ അല്ല' എന്നുപറയാൻ ആവില്ല. രൂപീകരിക്കപ്പെട്ട പൂഴി തുടർന്ന് അതിനുമുമ്പുള്ള അവസ്ഥയിലല്ല. പിന്നെയോ ദൈവഛായയുടെ ആരംഭമാണ്. അതു പരിപൂർണമായിത്തീർന്നപ്പോൾ ദൈവഛായ ആയി. ആത്മാവിനെ നിവേശിപ്പിച്ചെങ്കിലും ഛായയ്ക്ക് ബഹുമാനം ഇല്ലെന്നു നാം പറയുന്നില്ല.

തന്റെ സ്രഷ്ടാവിന്റെ ഛായയായ ഈ സത്യഛായയെപ്പറ്റി, ഈ കർതൃഛായയെപ്പറ്റി, അവൻ ഐക്യപ്പെട്ടു വസിക്കുന്ന സത്യപ്രതിരൂപമാണ് എന്ന് നാം മനസിലാക്കുകയും പരിഗണിക്കുകയും വേണം. ദൃശ്യാദൃശ്യങ്ങളുടെയെല്ലാം സ്രഷ്ടാവായ ദൈവം ആദത്തിലൂടെ അറിയപ്പെടാൻ ദൈവം തന്റെ ഛായയെ ബഹുമാനത്തിൽ ആദത്തിനു നൽകി. നമ്മുടെ കർത്താവിന്റെ ഐക്യപ്പെട്ട മനുഷ്യത്വത്തിനു സംഭവിച്ചതുപോലെ ദൈവം ആദത്തിന്റെ ക്നോമാ തന്റെ പർസോപ്പായിൽ എടുത്ത് ഐക്യപ്പെട്ട് അതിൽ വസിച്ചില്ല. എല്ലാറ്റിൽനിന്നുമുള്ള ഈ ആരാധനയിൽ തന്നോടുകൂടി അവനെ ഏക പർസോപ്പാ ആക്കി

www.malankaralibrary.com



യുമില്ല. അതുകൊണ്ട് ആദാമിന്റേതിനെക്കാൾ ശ്രേഷ്ഠവും ഉന്നതവും ആണ് നമ്മുടെ കർത്താവിന്റെ മനുഷ്യത്വം എടുക്കലും രൂപീകരിക്കലും. ആദം സ്പർശനശക്തിയില്ലാത്തതും ജീവനില്ലാത്തതുമായ ധരയിൽ നിന്നാണ് എടുക്കപ്പെട്ടത്. ഇവിടെ മഹത്ത്വം അത്ഭുതാവഹവും ആരാധ്യവുമായ സംഗതിയാണ്. നാം മുകളിൽ പറഞ്ഞതുപോലെ വചനമാം ദൈവം തന്റെ പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും തിരുവിഷ്ടത്താൽ, തന്റെ വെളിപാടിനും ഐക്യപ്പെട്ട വാസസ്ഥലത്തിനുമായി, സജീവധരയായ, കളങ്കരഹിതയായ, വിശുദ്ധ കന്യകയിൽനിന്ന് തന്റെ രൂപീകരണത്തിന്റെ ആരംഭത്തിൽ, പരിശുദ്ധാത്മാവ് രൂപീകരിച്ച ഈ സത്യഛായയെ തന്റെ സ്വന്തം പർസോപ്പായിലേക്ക് എടുത്തു. സ്വാഭാവികരീതിയിൽ സ്വാഭാവിക ലൈംഗികബന്ധത്തിലൂടെ ഉഴുതുമറിച്ച് വിത്തിടാത്ത ഭൂമിയായിരുന്നു മറിയം. ആദാം എടുക്കപ്പെട്ട ധരയും അപ്രകാരം ആയിരുന്നു, തന്റെ രൂപീകരണത്തിന്റെ ആരംഭംമുതൽ ആദാം ദൈവഛായയായി ബഹുമാനിക്കപ്പെട്ടിരുന്നു. അതുപോലെ നമ്മുടെ കർത്താവിന്റെ മനുഷ്യത്വം.[7] പുത്രത്വത്തിന്റെ ഏകപർസോപ്പായിൽ, തന്റെ നിഗൂഢതയുടെ ഛായയായി ഐക്യപ്പെട്ട് വചനമാം ദൈവത്തോടുകൂടി ബഹുമാനിക്കപ്പെട്ടിരുന്നു. അവനിൽ അവിടുന്ന് എന്നേക്കും അതിർത്തിയില്ലാതെ വസിച്ചു.

നമുക്ക് ഈ ചർച്ച തുടരാം: തന്റെ രൂപീകരണാരംഭത്തിൽ ദൈവഛായ ആയി ആദാം ബഹുമാനിക്കപ്പെട്ടു; ഭൂമിയിലെ ബാക്കി മണ്ണിൽനിന്ന് അവൻ വ്യത്യസ്തനായിരുന്നു. അതുപോലെ നമ്മുടെ കർത്താവിന്റെ മനുഷ്യത്വം[7] എടുക്കലിന്റെ ആരംഭത്തിൽ അവിടുത്തെ ഗർഭധാരണം മറ്റ് ഭ്രൂണങ്ങളെപ്പോലെ സ്വാഭാവികമായിരുന്നില്ല. എന്നാൽ ആരാധ്യമായ ബഹുമാനത്തിൽ അതും ഉന്നതമായിരുന്നു. കന്യകയേക്കാളും അതു ശ്രേഷ്ഠമായിരുന്നു . അത് അവളിൽ നിന്നാണല്ലോ എടുക്കപ്പെട്ടത്. അവൻ അപ്പോഴും ശരീരിയായി രൂപീകരിക്കപ്പെ ടുകയും ബൗദ്ധികവും ഐന്ദ്രികപരവുമായ ആത്മാവിനെ പ്രാപിക്കുകയും ചെയ്തിരുന്നില്ലെങ്കിലും, തന്റെ സ്വന്തം പർസോപ്പായിലേക്ക് അവനെ എടുത്ത് തന്റെ ദൈവത്വത്തിന് ആലയവും വാസസ്ഥലവും ആക്കിത്തീർത്തു. ഐക്യത്തിൽ തന്നിൽ വസിച്ചവനോടുകൂടി പുത്രത്വം എന്ന രൂപത്തിൽ അവൻ ഐക്യപ്പെട്ട് ബഹുമാനിക്കപ്പെട്ടു. അവിടുന്ന് ഐക്യപ്പെട്ട് വസിക്കുമ്പോൾതന്നെ, അവൻ രൂപീകരിക്കപ്പെടുകയും വളരുകയും മാംസവുമായി നേരത്തെ യോജിച്ചവൻ അവനിൽ ആത്മാവിനെ സൃഷ്ടിക്കുകയും ചെയ്തു. അവൻ ആദ്യം രൂപീകൃതമാവുകയും പിന്നെ വചനമാം ദൈവം വന്നു വസിക്കുകയും അല്ല ചെയ്തത്. പിന്നെയോ രൂപീകരണത്തിന്റെ ആരംഭം തന്നെയായിരുന്നു വാസവും. പരിശുദ്ധാത്മാവാണ് അവനെ രൂപീകരിച്ചത്. അവനുമായി ഐക്യപ്പെട്ട വചനമാം ദൈവം അകന്നു കഴിയുകയായിരുന്നില്ല. ഏകപർസോപ്പായിൽ തന്റെ

www.malankaralibrary.com



സ്വാഭാവിക പുത്രത്വത്തോടു കൂടി പ്രിയപ്പെട്ടവനാക്കാൻ പിതാവ് അവനെ തെരഞ്ഞെടുത്തപ്പോൾ അവനും അകലത്തല്ലായിരുന്നു. കാരണം, പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും അനന്തസ്വഭാവം ഏകമാണ്; ശക്തിയും ഇച്ഛയും ഏകമാണ്. ആത്മാവ് അവനെ രൂപീകരിച്ചു. പുത്രൻ ഐക്യപ്പെട്ട് അവനിൽ വസിച്ചു; പിതാവ് അവനിൽ സംപ്രീതനായി; എങ്കിലും ദൈവവചനം അവനിൽ ഐക്യപ്പെട്ടിരുന്നപ്പോൾ തന്നെ കൃപയിലും ജ്ഞാനത്തിലും പ്രായത്തിലും അവൻ വളർന്നു വന്നു. അവൻ സ്നാനപ്പെട്ടു, അമർത്യതയുടെ അച്ചാരം പ്രാപിച്ചു. അവൻ പീഡയനുഭവിച്ച് മരിച്ചു; സംസ്കരിക്കപ്പെട്ടു; ഉത്ഥാനം ചെയ്തു. തൻെറ ഉത്ഥാനത്താൽ അവന് അമർത്യവും വ്യതിയാന രഹിതവുമായ ജീവൻ ലഭിച്ചു. തൻെറ രൂപീകരണത്തിൻെറ ആരംഭം മുതൽ തൻെറ പീഡകളിൽകൂടി അവൻ അമർത്യതയിലേക്കു പരിപൂർണനാകുന്നതു വരെ അവനതു ലഭിച്ചിരുന്നില്ല, "ആദ്യം ശാരീരികൻ പിന്നെ ആത്മീയൻ" എന്ന് എഴുതപ്പെട്ടിരിക്കുന്നു (1 കൊറി. 15:46).

ഞാൻ പറഞ്ഞതുപോലെ, തൻെറ മാനുഷിക ക്നോമായിൽ അവസാനം അവൻ ഇവയെല്ലാം സ്വീകരിച്ചു. തൻെറ രൂപീകരണത്തിൻെറ ആരംഭംമുതൽ തൻെറ ദൈവത്വം അവനോടുകൂടെ ഉണ്ടായിരുന്നു. ആദ്യം തൻെറ ശരീരം അമർത്യമല്ലായിരുന്നു; ആത്മാവ് വ്യതിയാനാതീതാവസ്ഥ പ്രാപിച്ചുമില്ല. ശരീരത്തോടൊപ്പം സഹനാതീതാവസ്ഥ സമ്പാദിച്ചുമില്ല. എന്നാൽ ഉത്ഥാനാനന്തരം അവന് ഇവയെല്ലാം ലഭിച്ചു. അവൻ വ്യതിയാനരാഹിത്യവും അമർത്യതയും മാറ്റമില്ലായ്മയും ധരിച്ചു. അതായത് ഒരിക്കൽ മർത്യശരീരവും വ്യതിയാനവിധേയമായ ആത്മാവുമായി പിന്നെ അമർത്യശരീരവും വ്യതിയാനാതീതമായ ആത്മാവുമായി വചനമാം ദൈവത്തോട് രണ്ടു പ്രാവശ്യം ഐക്യപ്പെട്ടു എന്നു നാം പറയുന്നില്ല. പിന്നെയോ അവനിലായിരിക്കുകയും അവനുമായി ഐക്യപ്പെട്ടിരിക്കുകയും ചെയ്തുകൊണ്ട് അവൻ മാറ്റമില്ലാത്തവനായി എന്നേക്കും അവനിൽ വസിച്ചു. അതുപോലെ കർതൃശരീരം നാല്പതുദിവസം ആത്മാവില്ലാതെ കഴിഞ്ഞപ്പോഴും അതിൻെറ രൂപീകരണത്തിൻെറ ആരംഭം മുതൽ വചനമാം ദൈവം ഐക്യപ്പെട്ട് അതിൽ വസിച്ചു. തന്നിൽ വസിക്കുന്ന ദൈവം അതിൽ ആത്മാവിനെ നിവേശിപ്പിച്ചപ്പോൾ ശരീരം ജീവനുള്ളതായി, അത് ജീവിക്കുന്ന ആത്മാവായിത്തീർന്നു. ആത്മാവിനെ നിവേശിപ്പിച്ച ശരീരത്തിൽ വചനമാം ദൈവം രണ്ടാമതും പ്രവേശിച്ചു എന്നു നാം പറയുന്നില്ല. ശരീരവുമായി ഐക്യപ്പെട്ടിരുന്ന ദൈവത്വം ശരീരത്തിൽ ആത്മാവിനെ സൃഷ്ടിച്ചു. ആത്മാവ് പുറത്തുനിന്ന് പ്രവേശിച്ച് ശരീരത്തിൽ വസിച്ചതല്ല; കാരണം, മറ്റെല്ലാ മനുഷ്യരെപ്പോലെ അതും അതിനുള്ളിൽ സൃഷ്ടിക്കപ്പെട്ടതാണ്. വചനമാം ദൈവവും പുറത്തുനിന്ന് അകത്തുകടന്ന് ആത്മാവിൽ വസിച്ചതല്ല; കാരണം, അവിടുന്ന്

www.malankaralibrary.com



അനന്തപ്രകൃതിയാണ്. ആകാശവും ഭൂമിയും അവനെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. ഏക യോജിപ്പിൽ തൻെറ സ്വഭാവത്തിൻെറ അനന്തതയിൽ ഐക്യപ്പെട്ട് അവിടുന്ന് തൻെറ ശരീരത്തിൽ വസിച്ചു. അവൻെറ ആത്മാവ് സൃഷ്ടിക്കപ്പെട്ടശേഷം ഊതിക്കേറ്റി, പിന്നെ ഐക്യപ്പെട്ടെന്നോ, ശരീരം രൂപീകരിക്കപ്പെട്ടശേഷം ഐക്യപ്പെട്ടെന്നോ നാം പറയുന്നില്ല. പിന്നെയോ രൂപീകരണത്തിൻെറ ആരംഭത്തിൽ തന്നെയായിരുന്നു ഐക്യം. അപ്പോൾ, ആത്മാവിനെ സൃഷ്ടിച്ചപ്പോഴും അതേ ഐക്യം തന്നെയായിരുന്നു. ശരീരവുമായുള്ള ഐക്യം ഏകമാണ്; അതേ ഐക്യംതന്നെയാണ് ശരീരത്തിലുള്ള ആത്മാവോടുകൂടിയ ഐക്യവും. ആദ്യം ശരീരവുമായി ഐക്യപ്പെട്ടു, അതിലേക്ക് ആത്മാവിനെ നിവേശിപ്പിച്ചു.

വീണ്ടും മറ്റൊരുരീതിയിൽ: ഉത്ഥാനത്തിനുമുമ്പ് അവിടുത്തേക്ക് സ്വാഭാവികമായി അമർത്യവും വ്യതിയാനരഹിതവുമായ ജീവൻ ഉണ്ടായിരുന്നില്ല. എന്നാൽ വചനമാം ദൈവം അവൻെറ മർത്യതയും വ്യതിയാനതയുമായി ഐക്യപ്പെട്ടിരുന്നു. അതേ ഐക്യത്തിൽ അവൻ തൻെറ മർത്യതയുമായി നേരത്തെ ഐക്യപ്പെട്ടിരുന്നതിനാൽ അവൻെറ മനുഷ്യനും അമർത്യതയും വ്യതിയാനരാഹിത്യവും ലഭിച്ചു. എഴുതപ്പെട്ടിരിക്കുന്നതുപോലെ അവനും ജീവിപ്പിക്കുന്ന ആത്മാവായിത്തീർന്നു. ആദ്യം സ്വാഭാവികൻ പിന്നെ ആത്മീയൻ (1 കൊറി. 15:46). അതുപോലെ ശരീരരൂപീകരണത്തിൻെറ ആരംഭത്തിൽ തന്നെയായിരുന്നു ഐക്യം. നാല്പതു ദിവസങ്ങൾക്കുശേഷം ആത്മാവിനെ ഈ ഐക്യത്തിലേക്ക് നിവേശിപ്പിച്ചു. എങ്കിലും ഏകപുത്രത്വത്തിലും എന്നേക്കും ആദൃശ്യതയുടെ ഛായയിലും ഐക്യത്തിൻെറ പർസോപ്പാ ഏകമാണ്.

വീണ്ടും മറ്റൊരു രീതിയിൽ മറ്റൊരു വിശകലനം: മരണത്തിൽ ആത്മാവും ശരീരവും വേർപെട്ട് ശരീരം കല്ലറയിൽ വയ്ക്കപ്പെട്ടു. എന്നാൽ അതിൽ ആത്മാവില്ലായിരുന്നു. ആത്മാവ് പറുദീസായിലേക്ക് പോയപ്പോൾ ശരീരം അതിൻെറ കൂടെ ഇല്ലായിരുന്നു. എന്നാൽ വചനമാം ദൈവത്തിന് തൻെറ മനുഷ്യത്വവുമായുള്ള ഐക്യം വിച്ഛേദിക്കപ്പെട്ടില്ല. ആത്മാവില്ലാതിരുന്നെങ്കിലും അത് കല്ലറയിൽ ശരീരവുമായി ഐക്യപ്പെട്ടിരുന്നു. ശരീരത്തിൽനിന്ന് അകലെയായിരുന്നെങ്കിലും ആത്മാവുമായി ഐക്യപ്പെട്ടിരുന്നു. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "നീ അവൻെറ ആത്മാവിനെ പാതാളത്തിൽ ഉപേക്ഷിച്ചില്ല; അവൻെറ ശരീരം ജീർണത ദർശിച്ചുമില്ല" (നട.2:27). പിന്നീട് ആത്മാവ് തിരികെവന്ന് ഉത്ഥാനത്തോടുകൂടി ശരീരത്തിൽ പ്രവേശിച്ചു. അപ്പോഴും ഐക്യം നിലനിന്നിരുന്നു. കാരണം, ദൈവം അനന്തനാണ്. ഉത്ഥാനാവസരം ആത്മാവ് ശരീരത്തിൽ പ്രവേശിച്ചതിനാൽ ദൈവം രണ്ടാമതും ഐക്യപ്പെട്ടു എന്നു നാം പറയുന്നില്ല. എന്നാൽ ഇതു മാറ്റം കൂടാതെയും വ്യതിയാനം കൂടാതെയും മാറിപ്പോകാതെയും നേരത്തെ

www.malankaralibrary.com



ഉണ്ടായിരുന്ന ഐക്യം തന്നെയായിരുന്നു. ആത്മാവിനെ സൃഷ്ടിക്കുന്നതിനു മുമ്പ് അമ്മയുടെ ഉദരത്തിൽ വചനമാം ദൈവം ശരീരവുമായി മാത്രം നാല്പതു ദിവസം ഐക്യപ്പെട്ടിരുന്നതുപോലെയാണിത്. പിന്നീട് ശരീരത്തിനുള്ളിൽ ദൈവം ആത്മാവിനെ സൃഷ്ടിച്ചു കഴിഞ്ഞപ്പോഴും നേരത്തെയുണ്ടായിരുന്ന ഐക്യം തന്നെയാണ് തുടർന്നുപോയത്. രണ്ടു പ്രാവശ്യം ഐക്യമുണ്ടായില്ല, ആത്മാവിനു മുമ്പ് ശരീരവുമായി ഉണ്ടായ ഐക്യവും ആത്മാവ് സൃഷ്ടിക്കപ്പെട്ടശേഷം ഉള്ള ഐക്യവും ഏകമാണ്.

വീണ്ടും മറ്റൊരു രീതിയിൽ: പ്രകൃതിയിൽ നിന്നുള്ള തെളിവ്: ഒരു ചെറിയ പദാർത്ഥത്തെ തീ പിടിപ്പിക്കുന്നു എന്നു കരുതുക. കുറേശ്ശെ കുറേശ്ശെ ഭിന്നങ്ങളായ വിവിധ വസ്തുക്കൾ തീയിൽ ഇടുന്നു എന്നു സങ്കല്പിക്കുക. അവിടെ ഓരോന്നിനും തീ പിടിപ്പിക്കേണ്ട കാര്യമില്ല. ആദ്യംതന്നെ തീ പിടിപ്പിച്ചതാണല്ലോ. അതുപോലെ വൈവാഹികബന്ധംകൂടാതെ ഭാഗ്യവതിയായ മറിയത്തിൽ നിന്നുള്ള മാംസം എടുത്തപ്പോഴും ഇപ്രകാരമാണ്. പരിശുദ്ധാത്മാവിനാൽ ഉരുവായി രൂപീകൃതമായതാണ് അവിടുത്തെ മനുഷ്യസ്വഭാവം. രൂപീകരണത്തിൻെറ ആരംഭത്തിൽ തന്നെയായിരുന്നു എടുക്കലും ഐക്യവും വചനമായ ദൈവത്തോടുള്ള ഐക്യത്തിൽ അത്യുന്നതൻെറ ഏകപുത്രൻ എന്ന നിലയും പുത്രത്വത്തിൻെറ ബഹുമാനവും നാമവും. വചനമാം ദൈവം തൻെറ ആലയവുമായി ഐക്യപ്പെട്ടിരുന്നപ്പോൾ ആത്മാവ് അവനെ രൂപീകരിക്കാൻ തുടങ്ങി. എടുക്കപ്പെടുന്ന അണ്ഡവും ജനിപ്പിക്കുന്ന ബീജവുംപോലെ അവൻ ഭാഗ്യവതിയായ മറിയത്തിന് സ്വാഭാവികപദാർത്ഥം സ്വാഭാവികരീതിയിൽ അതിൻെറ രൂപീകരണാവസരം കൊടുക്കാൻ തുടങ്ങി. അതു കന്യകയുടെ പ്രകൃതത്തിൽ നിന്നായിരുന്നു. എന്നാൽ അവൻെറ വംശാവലി അവരോടുള്ള വാഗ്ദാനമനുസരിച്ച് അബ്രഹാമിൻെറയും ദാവീദിൻെറയും കുടുംബത്തിൽ നിന്നാണ്. "നിൻെറ സന്തതിയിൽ എല്ലാ ജനതകളും അനുഗ്രഹിക്കപ്പെടും" (ഉല്പ. 22:18). ദാവീദിനോട് അവിടുന്നു പറഞ്ഞു: "നിൻെറ ഉദരഫലത്തിൽ ഒരുവനെ നിൻെറ സിംഹാസനത്തിൽ ഞാൻ ഉപവിഷ്ടനാക്കും"(സങ്കീ. 132:11). ഈ അനുഗ്രഹം ജഡത്തിലുള്ള മിശിഹായിൽ പൂർത്തീകരിക്കപ്പെട്ടു. ആ ജഡം ഭാഗ്യവതിയായ മറിയത്തിൽ നിന്നുള്ളതാണ്. അത് അവളിൽ നിന്നെടുക്കപ്പെടുകയും അവളുടെ ഉദരത്തിൽ ഉരുവാകുകയും ചെയ്തു. ഭാഗ്യവാനായ പൗലോസ് വ്യക്തമാക്കുന്നതുപോലെ "അനേകർക്കെന്നപോലെ നിൻെറ സന്തതികൾക്കെന്നല്ല, പിന്നെയോ ഒരാൾക്കെന്നപോലെ നിൻെറ സന്തതി എന്നാണ് പറയപ്പെട്ടിരിക്കുന്നത്. അത് മിശിഹായാണ്" (ഗലാ.3:16). എടുക്കപ്പെടുകയും ഐക്യപ്പെടുകയും ചെയ്ത ചെറിയ എടുക്കലിനോടുകൂടെ പദാർത്ഥം കൂട്ടിച്ചേർക്കപ്പെട്ടു. എന്നാൽ ആ പദാർത്ഥത്തോടുകൂടി മറ്റൊരൈക്യം ഉണ്ടായില്ല. അതു വളർന്ന് അവയവങ്ങളു

www.malankaralibrary.com



ണ്ടായി, അത് രൂപീകൃതമായി രൂപം പ്രാപിച്ചു. എന്നാൽ ഐക്യം നടന്നത് ആദ്യം തന്നെ, എടുക്കലിന്റെ ആരംഭത്തിൽ തന്നെയാണ്. ശരീരം സ്വാഭാവിക രീതിയിൽ രൂപീകരിക്കപ്പെട്ടപ്പോൾ നാല്പതു ദിവസം തികഞ്ഞപ്പോൾ അതിൽ ഒരു ആത്മാവ് സൃഷ്ടിക്കപ്പെട്ടു. എന്നാൽ ദൈവത്വം ശരീരവുമായി സംയോജിക്കപ്പെട്ടിരുന്നു. മുകളിൽ കാണിച്ചതുപോലെ അതേ ഐക്യമാണ് രണ്ടാമതൊന്നല്ല.

നാല്പതുദിവസങ്ങൾക്കുശേഷമാണ് ആത്മാവിനെ നിശ്വസിക്കുന്നതും ശരീരത്തിൽ സൃഷ്ടിക്കുന്നതും എന്ന് വ്യക്തവും കൃത്യവും അനുഷേധ്യവുമായ തെളിവ്, മോശയുടെ നിയമത്തിൽ എഴുതിയിരിക്കുന്നതുപോലെ, സ്വാഭാവികശുദ്ധീകരണത്തിന്റെ ദിവസങ്ങൾ സാക്ഷിക്കുന്നു. സ്രഷ്ടാവ് പ്രകൃതിയിൽ സ്ഥാപിച്ചിരിക്കുന്ന പ്രകൃതിരഹസ്യങ്ങൾ സംബന്ധിച്ചവ നമുക്ക് ആദ്യം പരിശോധിക്കാം. ശരീരം മാതൃഗർഭത്തിൽ നാല്പതുദിവസങ്ങൾ ആത്മാവിനെ കൂടാതെ കഴിയുന്നു. സസ്യങ്ങളെപ്പോലെ വളരുന്നു. അമ്മയിൽനിന്ന് സ്വാഭാവികപദാർത്ഥം വലിച്ചെടുത്ത് വളരുന്നു. ഗർഭപാത്രത്തിൽ ഉരുവായ പദാർത്ഥത്തിന്റെ ബലഹീനത നിമിത്തവും അതിനെ ജീവിപ്പിക്കുകയും ചലിപ്പിക്കുകയും ചെയ്യുന്ന ആത്മാവിന്റെ അഭാവത്താൽ അതിനുള്ള ചലനരഹിതാവസ്ഥ നിമിത്തവും ഗർഭകാലത്ത് പുറത്തേക്കുള്ള ദ്വാരം അടഞ്ഞുകിടന്നതു നിമിത്തവും അത് അവിടെത്തന്നെ കിടക്കുന്നു.

എന്നാൽ അതിൽ ആത്മാവിനെ നിവേശിപ്പിച്ചുകഴിഞ്ഞാൽ, ആ പരിമാണത്തിന് അതിന്റെ ക്രമത്തിൽ പൂർണത കൈവരുന്നു. അത് ആരോഗ്യമുള്ളതും ബലഹീനതയില്ലാത്തതും ആണെങ്കിൽ അത് ഭ്രൂണത്തിന്റെ സ്വഭാവത്തെ പരിപോഷിപ്പിക്കുന്നു. അതു രൂപീകൃതമായി ആത്മാവിനെ നിവേശിപ്പിച്ചു കഴിഞ്ഞാൽ പ്രസവം അടുക്കുമ്പോൾ നാല്പതുദിവസംകൊണ്ട് അവിടെ അടിഞ്ഞുകൂടിയ പദാർത്ഥം ശിശു ജനിച്ചശേഷം പുറന്തള്ളപ്പെടുന്നു. ആ പദാർത്ഥത്തിനും ഉപയോഗം ഉണ്ടായിരുന്നു. ഭ്രൂണത്തിനുള്ള മിനുസമായ കിടക്കയായി അതു വർത്തിച്ചു. ആത്മാവ് നിവേശിക്കപ്പെടുന്നതിനുമുമ്പ് സമാഹരിച്ച അധികരക്തം ശിശു ജനിച്ചശേഷം പുറന്തള്ളപ്പെടുന്നു. നാല്പതുദിവസത്തേക്ക് അതു പുറത്തേക്കൊഴുകി അവൾ ശുദ്ധീകൃതയാകുന്നു. ഇതേക്കുറിച്ച് പല അഭിപ്രായങ്ങളുമുണ്ട്. അമ്മമാർ മാത്രമാണ് ഇതിൽ പ്രവീണർ. അവർ അനുഭവത്തിൽ നിന്ന് പഠിക്കുന്നു. പെൺകുഞ്ഞുങ്ങളെയും ആൺകുഞ്ഞുങ്ങളെയും സംബന്ധിച്ച് അവർക്കാണറിയാവുന്നത്. ചില ഡോക്ടർമാർ ഈ കാര്യങ്ങൾ സംബന്ധിച്ച് എഴുതിയിട്ടുമുണ്ട്. കൂടാതെ ശുദ്ധീകരണം സംബന്ധിച്ച് ഭാഗ്യവാനായ മോശയിലൂടെ നൽകപ്പെട്ട രേഖകളും നൈയാമികപ്രബോധനങ്ങളും ഈ കാര്യം നന്നായി വ്യക്തമാക്കുന്നുണ്ട്. കാരണം, ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "ഗർഭം ധരിച്ച് ആൺകുഞ്ഞിനെ പ്രസവിക്കുന്ന സ്ത്രീ ഋതുകാലത്ത്

www.malankaralibrary.com



എന്നപോലെ ഏഴുദിവസത്തേക്ക് അശുദ്ധയായിരിക്കും. എട്ടാം ദിവസം കുട്ടിയെ പരിച്ഛേദനം ചെയ്യണം. പിന്നെ രക്തത്തിൽനിന്നുള്ള ശുദ്ധീകരണത്തിനായി അവൾ മുപ്പത്തിമൂന്ന് ദിവസം കാത്തിരിക്കണം എന്നിത്യാദി. ശുദ്ധീകരണത്തിൻെറ ദിനങ്ങൾ പൂർത്തിയാകുമ്പോൾ അവൾ കുഞ്ഞിനുവേണ്ടി ഒരു വയസ്സുള്ള ഒരു ആട്ടിൻകുട്ടിയെ ദഹനബലിക്കായും ഒരു ചെങ്ങാലിയെയോ പ്രാവിൻ കുഞ്ഞിനെയോ പാപപരിഹാരബലിക്കായും സമാഗമകൂടാരത്തിൻെറ വാതില്ക്കൽ പുരോഹിതൻെറ മുമ്പിൽ കൊണ്ടുവരണം. അവൻ അവയെ കർത്താവിൻെറ സന്നിധിയിൽ അർപ്പിച്ച് അവൾക്കുവേണ്ടി പാപപരിഹാരം ചെയ്യണം. അപ്പോൾ രക്തസ്രാവത്തിൻെറ അശുദ്ധിയിൽനിന്ന് അവൾ ശുദ്ധയാകും. ആൺകുട്ടിയെ പ്രസവിക്കുന്ന സ്ത്രീക്കുള്ള നിയമമാണിത്. ആട്ടിൻകുട്ടിയെ സമർപ്പിക്കാൻ അവൾക്കു കഴിവില്ലെങ്കിൽ രണ്ട് ചെങ്ങാലികളെയോ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ അവൾ കൊണ്ടുവരട്ടെ. ഒന്നു ദഹനബലിക്കും മറ്റത് പാപപരിഹാര ബലിക്കും. പുരോഹിതൻ അവൾക്കുവേണ്ടി പാപപരിഹാരം ചെയ്യണം. അപ്പോൾ അവൾ ശുദ്ധയാകും" (ലേവ്യ. 12:1-8).

ജഡപ്രകാരമുള്ള നമ്മുടെ കർത്താവേശുമിശിഹായുടെ ജനനത്തിലും എല്ലാ ശിശുക്കൾക്കും മാതാക്കൾക്കും സ്വാഭാവികക്രമത്തിൽ സംഭവിക്കുന്നതുപോലെ സംഭവിച്ചു. ലൂക്കോസ് സുവിശേഷകൻ മറ്റുള്ള സുവിശേഷകരെക്കാൾ നമ്മുടെ കർത്താവിൻെറ മാനുഷിക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിച്ചതിനാൽ ഈ കാര്യങ്ങൾ രേഖപ്പെടുത്തി. യോഹന്നാൻ ആകട്ടെ ദൈവത്വം സംബന്ധിച്ച കാര്യങ്ങളിലാണ് കൂടുതൽ ശ്രദ്ധിച്ചത്. ഇരുവരെയും നയിച്ചത് പരിശുദ്ധാത്മാവാണ്. ഒരാൾ തൻെറ മനുഷ്യത്വത്തെപ്പറ്റി കൂടുതലായി എഴുതി; മറ്റെയാൾ ദൈവത്വത്തെപ്പറ്റിയും. തൻെറ ദൈവത്വം നിഷേധിച്ചവർക്കിടയിൽ സംഭവിച്ചതുപോലെയും തൻെറ ഐക്യപ്പെട്ട മനുഷ്യത്വം നിഷേധിച്ചവർക്കിടയിൽ സംഭവിച്ചതുപോലെയും ഉള്ള രണ്ടു ദുഷ്ടദിശയിലെ തെറ്റ് ഒഴിവാക്കാൻ ആയിരുന്നത്. ഇവയെപ്പറ്റി എഴുതിയപ്പോൾ ഭാഗ്യവാനായ ലൂക്കോസ് പറഞ്ഞു: "അവിടെ ആയിരിക്കുമ്പോൾ അവൾക്ക് പ്രസവസമയം അടുത്തു. അവൾ തൻെറ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു". നമ്മുടെ കർത്താവിൻെറ മനുഷ്യനുണ്ടായിരുന്ന സ്വാഭാവികക്രമത്തിന് സ്വാഭാവികമായിരുന്നതുപോലെ മറ്റ് പലതിനുശേഷം അവൻ കൂട്ടിച്ചേർക്കുന്നു: "ശിശുവിൻെറ പരിച്ഛേദനത്തിനുള്ള എട്ടാംദിവസം ആയപ്പോൾ അവൻ ഉദരത്തിൽ ഉരുവാകുന്നതിനുമുമ്പ് ദൂതൻ നല്കിയിരുന്ന യേശു എന്ന പേര് അവനു നൽകി. മോശയുടെ നിയമം അനുസരിച്ച്, ശുദ്ധീകരണത്തിനുള്ള ദിവസങ്ങൾ പൂർത്തിയായപ്പോൾ അവർ അവനെ കർത്താവിനു സമർപ്പിക്കാൻ ജറുസലേമിലേക്കു കൊണ്ടുവന്നു. കടിഞ്ഞൂൽ പുത്രന്മാരൊക്കെയും കർത്താവിനു പരിശുദ്ധൻ എന്നു വിളിക്കപ്പെടണം

www.malankaralibrary.com



എന്നപോലെ ഏഴുദിവസത്തേക്ക് അശുദ്ധയായിരിക്കും. എട്ടാം ദിവസം കുട്ടിയെ പരിച്ഛേദനം ചെയ്യണം. പിന്നെ രക്തത്തിൽനിന്നുള്ള ശുദ്ധീകരണത്തിനായി അവൾ മുപ്പത്തിമൂന്ന് ദിവസം കാത്തിരിക്കണം എന്നിത്യാദി. ശുദ്ധീകരണത്തിൻെറ ദിനങ്ങൾ പൂർത്തിയാകുമ്പോൾ അവൾ കുഞ്ഞിനുവേണ്ടി ഒരു വയസ്സുള്ള ഒരു ആട്ടിൻകുട്ടിയെ ദഹനബലിക്കായും ഒരു ചെങ്ങാലിയെയോ പ്രാവിൻ കുഞ്ഞിനെയോ പാപപരിഹാരബലിക്കായും സമാഗമകൂടാരത്തിൻെറ വാതില്ക്കൽ പുരോഹിതൻെറ മുമ്പിൽ കൊണ്ടുവരണം. അവൻ അവയെ കർത്താവിൻെറ സന്നിധിയിൽ അർപ്പിച്ച് അവൾക്കുവേണ്ടി പാപപരിഹാരം ചെയ്യണം. അപ്പോൾ രക്തസ്രാവത്തിൻെറ അശുദ്ധിയിൽനിന്ന് അവൾ ശുദ്ധയാകും. ആൺകുട്ടിയെ പ്രസവിക്കുന്ന സ്ത്രീക്കുള്ള നിയമമാണിത്. ആട്ടിൻകുട്ടിയെ സമർപ്പിക്കാൻ അവൾക്കു കഴിവില്ലെങ്കിൽ രണ്ട് ചെങ്ങാലികളെയോ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ അവൾ കൊണ്ടുവരട്ടെ. ഒന്നു ദഹനബലിക്കും മറ്റത് പാപപരിഹാരബലിക്കും. പുരോഹിതൻ അവൾക്കുവേണ്ടി പാപപരിഹാരം ചെയ്യണം. അപ്പോൾ അവൾ ശുദ്ധയാകും" (ലേവ്യ. 12:1-8).

ജഡപ്രകാരമുള്ള നമ്മുടെ കർത്താവേശുമിശിഹായുടെ ജനനത്തിലും എല്ലാ ശിശുക്കൾക്കും മാതാക്കൾക്കും സ്വാഭാവികക്രമത്തിൽ സംഭവിക്കുന്നതുപോലെ സംഭവിച്ചു. ലൂക്കോസ് സുവിശേഷകൻ മറ്റുള്ള സുവിശേഷകരെക്കാൾ നമ്മുടെ കർത്താവിൻെറ മാനുഷിക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിച്ചതിനാൽ ഈ കാര്യങ്ങൾ രേഖപ്പെടുത്തി. യോഹന്നാൻ ആകട്ടെ ദൈവത്വം സംബന്ധിച്ച കാര്യങ്ങളിലാണ് കൂടുതൽ ശ്രദ്ധിച്ചത്. ഇരുവരെയും നയിച്ചത് പരിശുദ്ധാത്മാവാണ്. ഒരാൾ തൻെറ മനുഷ്യത്വത്തെപ്പറ്റി കൂടുതലായി എഴുതി; മറ്റെയാൾ ദൈവത്വത്തെപ്പറ്റിയും. തൻെറ ദൈവത്വം നിഷേധിച്ചവർക്കിടയിൽ സംഭവിച്ചതുപോലെയും തൻെറ ഐക്യപ്പെട്ട മനുഷ്യത്വം നിഷേധിച്ചവർക്കിടയിൽ സംഭവിച്ചതുപോലെയും ഉള്ള രണ്ടു ദുഷ്ടദിശയിലെ തെറ്റ് ഒഴിവാക്കാൻ ആയിരുന്നത്. ഇവയെപ്പറ്റി എഴുതിയപ്പോൾ ഭാഗ്യവാനായ ലൂക്കോസ് പറഞ്ഞു: "അവിടെ ആയിരിക്കുമ്പോൾ അവൾക്ക് പ്രസവസമയം അടുത്തു. അവൾ തൻെറ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു". നമ്മുടെ കർത്താവിൻെറ മനുഷ്യനുണ്ടായിരുന്ന സ്വാഭാവികക്രമത്തിന് സ്വാഭാവികമായിരുന്നതുപോലെ മറ്റ് പലതിനുശേഷം അവൻ കൂട്ടിച്ചേർക്കുന്നു: "ശിശുവിൻെറ പരിച്ഛേദനത്തിനുള്ള എട്ടാംദിവസം ആയപ്പോൾ അവൻ ഉദരത്തിൽ ഉരുവാകുന്നതിനുമുമ്പ് ദൂതൻ നല്കിയിരുന്ന യേശു എന്ന പേര് അവനു നൽകി. മോശയുടെ നിയമം അനുസരിച്ച്, ശുദ്ധീകരണത്തിനുള്ള ദിവസങ്ങൾ പൂർത്തിയായപ്പോൾ അവർ അവനെ കർത്താവിനു സമർപ്പിക്കാൻ ജറുസലേമിലേക്കു കൊണ്ടുവന്നു. കടിഞ്ഞൂൽ പുത്രന്മാരൊക്കെയും കർത്താവിനു പരിശുദ്ധൻ എന്നു വിളിക്കപ്പെടണം

www.malankaralibrary.com



എന്നും, ഒരു ജോഡി ചെങ്ങാലികളെയോ രണ്ടു പ്രാവിൻ കുഞ്ഞുങ്ങളെയോ ബലിയർപ്പിക്കണം എന്നും കർത്താവിന്റെ നിയമത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ചാണ് അവർ അങ്ങനെ ചെയ്ത്.

വൈവാഹികബന്ധം കൂടാതെ നമ്മുടെ കർത്താവിന്റെ മനുഷ്യൻ ഉരുവായതൊഴിച്ചാൽ മറ്റെല്ലാറ്റിലും മനുഷ്യത്വത്തിന്റെ സ്വാഭാവികക്രമം പാലിച്ചു എന്ന് ഭാഗ്യവാനായ ലൂക്കോസ് നമ്മെ കാണിക്കുന്നു: ഗർഭത്തിൽ, ജനനത്തിൽ, മൗതികശുദ്ധീകരണത്തിൽ, അതുമായി ബന്ധപ്പെട്ട എല്ലാറ്റിലും പ്രകൃതിയിൽ സ്വാഭാവികനിയമം നിശ്ചയിച്ചിരിക്കുന്നതനുസരിച്ചും തിരുലിഖിതങ്ങൾ പിതാക്കന്മാർക്കു നൽകിയതനുസരിച്ചും പുരാതനകാര്യങ്ങളുടെ പൂർത്തീകരണമായിട്ടും അവിടുന്ന് തന്റെ ക്നോമായിലും അനുസരണത്തിലും എല്ലാം പൂർത്തിയാക്കി. പിന്നീട് അവിടുന്ന് തന്റെ ശാരീരികാവസ്ഥയിൽ രഹസ്യങ്ങളുടെയും ഉപമകളുടെയും നിഴലുകളുടെയും പൂർത്തീകരണവും പൂർണതയും തികവും ആണെന്ന് പുതിയനിയമത്തിന്റെ പുതിയ കാര്യങ്ങളെപ്പറ്റി കാണിക്കുന്നു. എഴുതപ്പെട്ടിരിക്കുന്നതുപോലെ, അവനിൽ ദൈവത്വത്തിന്റെ പൂർണത, എല്ലാറ്റിനെയും എല്ലാംകൊണ്ടും നിറയ്ക്കുന്നവന്റെ പൂർണത, ശാരീരികമായി വസിക്കുന്നു.

സ്വർണം അതിന്റെ കാന്തിയാൽ കൂടുതൽ ശുദ്ധീകരിക്കപ്പെടുവാൻ ഉലയിൽ സാവധാനം വീണ്ടും ഊതുന്നത് യുക്തമാണെന്നു തോന്നുന്നു. അതുപോലെ ദൈവദൂഷണപരമായ അഭക്തികൾ പ്രചരിപ്പിക്കുന്ന പാഷണ്ഡികളുടെ കൊടിയ ചതിയും വഞ്ചനയും വെളിപ്പെടുത്തുന്നതിന് ഇതു സഹായിക്കും. രാജാവിനെപ്പറ്റി, രാജാധിരാജനെപ്പറ്റി മുന്നോടി പറഞ്ഞവ, തന്നെ അയച്ച തന്റെ യജമാനനെപ്പറ്റി പ്രവാചകൻ പറഞ്ഞവ അറിയപ്പെടുന്നതിനും ഇതു സഹായിക്കും. എന്തുകൊണ്ടെന്നാൽ, തന്റെ സമീപ്യത്തെപ്പറ്റി അവൻ പ്രവചിച്ചു. നിഴലായും പാതയൊരുക്കലായും തന്റെ യജമാനന്റെ കാര്യങ്ങളെല്ലാം അവൻ മുൻകൂട്ടി സൂചിപ്പിക്കുകയും അടയാളപ്പെടുത്തുകയും ചെയ്തു. അവൻ അപ്രകാരം വഴിയൊരുക്കുകയും ആഗ്രഹമുള്ളവരുടെയെല്ലാം മുമ്പിൽനിന്ന് ഇടർച്ചക്കല്ലുകൾ നീക്കിക്കളയുകയും ചെയ്തു. ഭാഗ്യവാനായ യോഹന്നാൻ സ്നാപകൻ തന്റെ അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ പ്രവചനത്തിലും പ്രതിപുരുഷസ്ഥാനത്തിലും പരിശുദ്ധാത്മാവിന്റെ കൃപ പ്രാപിച്ചു. അവൻ അവന്റെ മനുഷ്യസ്വഭാവം അനുസരിച്ച് ഗർഭധാരണ ദിവസങ്ങൾ പൂർത്തിയാക്കി, ജനിച്ചു, വളർന്നു. എല്ലാശിശുക്കളെയുംപോലെ പടിപടിയായി വളർന്നു. തന്റെ ഉള്ളിലുള്ള ആത്മാവിനാൽ ശക്തീകരിക്കപ്പെട്ടു. "ശിശു വളർന്നു, ആത്മാവിൽ ബലപ്പെട്ടു" എന്നു തുടങ്ങി എഴുതപ്പെട്ടിരിക്കുന്നു (ലൂക്കാ 1:80). പരിശുദ്ധാത്മാ

www.malankaralibrary.com



വിൻെറ കൃപ, പ്രവചനം, സന്ദേശം എന്നിവ സംബന്ധിച്ച് കൂടുതലായി യാതൊന്നും കൂട്ടിച്ചേർക്കാൻ ഇല്ലായിരുന്നു. കാരണം, തൻെറ അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ തൻെറ ആലയത്തിൽ ഐക്യപ്പെട്ടു വസിച്ചവനിൽനിന്ന് ദൗത്യവാഹകനായി പ്രവചനത്തിനുള്ള വരവും ശക്തിയും അവനു ലഭിച്ചു.

അതുപോലെ ഇവിടെയും. സൂര്യനെയും വിളക്കിനെയും താരതമ്യപ്പെടുത്തുന്നതുപോലെ മനസിലാക്കാം. വിശകലനാതീതം, അത്ഭുതാവഹം, തൻെറ മഹോന്നത മഹത്ത്വത്തിൽ മഹനീയം. നമ്മുടെ കർത്താവിൻെറ മനുഷ്യൻെറ രൂപീകരണത്തിൻെറ ആരംഭത്തിൽതന്നെ അവൻെറ എടുക്കലും ഐക്യവും ഒരിക്കലും അഴിഞ്ഞുപോകാത്ത യഥാർത്ഥയോജിപ്പും, സ്വഭാവങ്ങളുടെ കൂട്ടിക്കുഴയ്ക്കൽ കൂടാതെ, ദൈവപുത്രനായ മിശിഹായുടെ ഏകപർസോപ്പായിൽ പുത്രത്വം എന്ന ബഹുമാനവും ഉണ്ടായിരുന്നു. അതിനുശേഷം നമ്മുടെ കർത്താവിൻെറ മനുഷ്യൻ മറ്റു ശിശുക്കളെപ്പോലെ രൂപീകൃതമായി വളർച്ച പൂർത്തിയാക്കി, ഒമ്പതു മാസങ്ങൾക്കുശേഷം ജനിച്ചു. അവൻ പരിച്ഛേദിതനായി, ആകാരത്തിൽ വളർന്നു. യോഹന്നാനെപ്പറ്റി പറഞ്ഞതുപോലെ തന്നിലുള്ള ആത്മാവിനാൽ ബലപ്പെടുത്തപ്പെട്ടു. രണ്ടു ശിശുക്കളെപ്പറ്റിയും ഒരുപോലെയുള്ള ക്രമത്തിലാണ് ഭാഗ്യവാനായ ലൂക്കോസ് രേഖപ്പെടുത്തുന്നത്. - ദൂതനും നാഥനും - ഒരാൾ മറ്റെയാളെക്കാൾ എല്ലാറ്റിനും മുമ്പേപോയി എന്നു മാത്രം. യോഹന്നാൻെറ ജനനം ഗബ്രിയേൽ ദൂതനാണ് അറിയിച്ചത്. നമ്മുടെ കർത്താവിൻേറതും ഗബ്രിയേൽ ദൂതൻ അറിയിച്ചു. യോഹന്നാൻ വന്ധ്യയിൽ നിന്നും നമ്മുടെ കർത്താവ് കന്യകയിൽനിന്നും ജനിച്ചു. തൻെറ ഉത്ഭവത്തിനു മുമ്പേ യോഹന്നാനു ദൂതൻ പേരു നൽകി. അതുപോലെതന്നെ നമ്മുടെ കർത്താവിനും ദൂതൻ പേരുനൽകി. യോഹന്നാൻ എട്ടാം ദിവസം പരിച്ഛേദിതനായി; ദൂതൻ നൽകിയ നാമം അവനു നൽകപ്പെട്ടു. നമ്മുടെ കർത്താവും അതുപോലെതന്നെ. "ശിശുവിൻെറ പരിച്ഛേദനത്തിനുള്ള എട്ടാം ദിവസം ആയപ്പോൾ അവൻ ഗർഭത്തിൽ ഉരുവാകുന്നതിനുമുമ്പ് ദൂതൻ നിർദ്ദേശിച്ചിരുന്ന യേശു എന്ന പേര് അവനു നൽകി" (ലൂക്കാ 2:21). യോഹന്നാനെപ്പറ്റി അവൻ പറയുന്നു: "ശിശു വളർന്നു; ആത്മാവിൽ ശക്തിപ്പെട്ടു" (1:80). നമ്മുടെ കർത്താവിനെ സംബന്ധിച്ചും അതുപോലെ തന്നെ: "ജ്ഞാനം നിറഞ്ഞ് ശക്തനായി; ദൈവത്തിൻെറ കൃപ അവൻെറ മേൽ ഉണ്ടായിരുന്നു"(2:40). യോഹന്നാനെപ്പറ്റി ഇപ്രകാരം പറയുന്നു: "അവൻ നീതിപാതയിൽ വന്നു" (മത്താ. 21:32). തന്നെപ്പറ്റി നമ്മുടെ കർത്താവ് പറയുന്നു: "ഇപ്രകാരം എല്ലാ നീതിയും പൂർത്തിയാക്കുക യുക്തമായിരുന്നു" (3:15). സ്നാപകയോഹന്നാൻ പൂർത്തീകരിച്ച സ്വാഭാവിക കാര്യങ്ങളൊക്കെ നമ്മുടെ കർത്താവും പൂർത്തിയാക്കിയതായി അവൻ വിവരിക്കുന്നു.

www.malankaralibrary.com



ബഹുമാനത്തിൽ നമ്മുടെ കർത്താവിൻെറ മനുഷ്യൻ ദൈവത്വത്തിൻെറ ക്രമത്തിലായിരുന്നു. ഏകപുത്രത്വത്തിൽ വചനവുമായുള്ള ഐക്യം വഴിയാണിത്. അതുപോലെ വൈവാഹികബന്ധം കൂടാതെയാണ് അവിടുന്നു ജനിച്ചത്. എന്നാൽ, മറ്റെല്ലാ കാര്യങ്ങളും സ്വാഭാവികമായി സംഭവിച്ച് പൂർത്തീകരിക്കപ്പെടുകയും അവിടുന്ന് പരിപൂർണനാക്കപ്പെടുകയും ചെയ്തു. എങ്കിലും ആ ഐക്യത്തോട് ഒന്നും കൂട്ടിച്ചേർത്തില്ല. ഒരുനാളും ഒന്നും നീക്കിക്കളഞ്ഞുമില്ല. അവൻെറ എല്ലാ ഭൗമികകാര്യങ്ങളും അവയുടെ ക്രമത്തിൽ പരിരക്ഷിക്കപ്പെട്ടു, സ്വഭാവങ്ങൾ കൂട്ടിക്കുഴയ്ക്കപ്പെട്ടില്ല. എന്നാൽ തൻേറതെന്നെന്ന് ദൈവത്വം വ്യക്തമാക്കി. അതു തൻെറ മനുഷ്യത്വത്തെ പരിപൂർണമാക്കി. തൻെറ മനുഷ്യത്വം അതിൻെറ സ്വാഭാവിക സഹനത്തിലൂടെ ഐക്യത്തിൽ, പരിപൂർണമായിത്തീർന്നു. നാം മുകളിൽ കാണിച്ചതുപോലെ, നിത്യവും ആരാധ്യവുമായ ഏകപുത്രത്വത്തിൽ, ഏക ഐക്യത്തിൽ, അതിൻെറ പ്രകൃതിക്ക് ഉപരിസ്ഥമായ വിധമുള്ള ഔന്നത്യത്തിലേക്ക് അത് ഉയർത്തപ്പെട്ടു.

വീണ്ടും, സാധാരണക്കാരുടെ ബോധ്യത്തിനായും തർക്കിക്കുന്നവരുടെ ഖണ്ഡനത്തിനായും ഒരു ചർച്ച: ഉദരത്തിൽവച്ച് ആത്മാവും ശരീരവും ഏക ഐക്യത്തിൽ ഐക്യപ്പെടുന്നു. ഈ ഐക്യം സ്വാഭാവികവും നിർബന്ധിതവും അഴിവിനു വിധേയവും പരിധിയുള്ളതുമത്രേ. എന്നാൽ ഇതൊരു ദൃഷ്ടാന്തമായിട്ടു മാത്രം ഗണിച്ചാൽ മതി. ഐക്യത്തിൽ ശരീരം പടിപടിയായി വളരുന്നു; ഐക്യത്തിൽ ആത്മാവ് അറിവിലും വിജ്ഞാനത്തിലും വളരുന്നു. എന്നാൽ ഐക്യത്തോട് ഒന്നും കൂട്ടിച്ചേർക്കപ്പെടുന്നില്ല. അതുപോലെ ഇവിടെയും. ഐക്യം സംബന്ധിച്ച് ഈ ആരാധ്യമായ ഐക്യത്തോട് യാതൊന്നും കൂട്ടിച്ചേർക്കപ്പെടുന്നില്ല. എന്നാൽ അവിടുത്തെ മനുഷ്യത്വം പ്രായത്തിലും ജ്ഞാനത്തിലും അറിവിലും വളർന്നു. എന്നാൽ തന്നിലെ ദൈവത്വം അവനെ പരിപൂർണതയിലേക്കു നയിച്ചു. എല്ലാ മഹനീയ രീതികളിലും ഉത്ഥാനാനന്തരമാണ് അവന് അതു ലഭിച്ചത്. എന്നാൽ തൻെറ ഉത്ഭവത്തിൻെറ ആരംഭം മുതൽ ഒരിക്കലും ഐക്യത്തോട് യാതൊന്നും കൂട്ടിച്ചേർക്കപ്പെട്ടില്ല.

വീണ്ടും മറ്റൊരു രീതിയിൽ : പുത്രസ്വീകാര്യത്തിനായി നമ്മുടെ ശൈശവത്തിൽതന്നെ ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം നിഗൂഢമായി പരിശുദ്ധാത്മാവിൻെറ കൃപ പ്രാപിക്കുന്നു. നാം അറിവിലും ആത്മീയജ്ഞാനത്തിലും വിശ്വാസത്താൽ ശക്തിപ്പെടുകയും വളരുകയും ചെയ്യുന്നു. ദത്തുപുത്രസ്ഥാനവുമായി ബന്ധപ്പെടുത്തി പിന്നൊന്നും ഈ ജീവിതത്തിൽ നിഗൂഢമായി കൂട്ടിച്ചേർക്കപ്പെടുന്നില്ല. അതുപോലെയാണ് ഇവിടെയും. ഐക്യവും പുത്രത്വത്തിൻെറ ബഹുമാനവും ഉത്ഭവത്തിൻെറ ആരംഭം മുതൽ ഉണ്ടായിരുന്നു. അത് എന്നേക്കുമായി നിലനില്ക്കുന്നു. എന്നാൽ വളർച്ചയും പൂർണതയും പടിപടി

www.malankaralibrary.com



യായിട്ടാണ് സംഭവിച്ചത്. അതു സമ്പൂർണതയിലെത്തുന്നത് ഉത്ഥാനത്തോടു കൂടിയാണ്. ഉത്ഥാനാനന്തരം ഏകസൗഭാഗ്യം മാത്രം! കൂടാതെ കൊടുക്കുന്ന ഒരുവനും സ്വീകരിക്കുന്ന മറ്റൊരുവനും എന്ന വ്യത്യാസം ഇല്ല. പിന്നെയോ, ഏക അറിവും ഏക ശക്തിയും ഏക അധികാരവും പുത്രത്വത്തിൻെറ ഏക പർസോപ്പായിൽ മിശിഹായുടെ ദൈവത്വത്തിൻെറയും മനുഷ്യത്വത്തിൻെറയും ഏക ആരാധനയും ആകുന്നു. നമ്മുടെ മനുഷ്യത്വവുമായി ഐക്യപ്പെടാത്ത പിതാവുമായും ഐക്യപ്പെടാത്ത പരിശുദ്ധാത്മാവുമായും എന്നേക്കും അവിടുന്ന് ഐക്യപ്പെട്ടിരിക്കുന്നു. ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ, "അവൻ പുത്രനായിരുന്നിട്ടും" - അതായത്, പുത്രനുമായുള്ള ഐക്യത്തിൽ അവൻ ബഹുമാനത്തിലും ആരാധനയിലും ഏകപുത്രനായിരുന്നു. "അവൻ സഹിച്ച സഹനത്തിലൂടെയും ഭയത്തിലൂടെയും അവൻ അനുസരണം അഭ്യസിച്ചു. അങ്ങനെ അവൻ പരിപൂർണനാക്കപ്പെടുകയും തന്നെ അനുസരിക്കുന്നവർക്കെല്ലാം നിത്യജീവൻെറ കാരണമായി തീരുകയും ചെയ്തു. ദൈവം അവനെ മൽക്കീസദെക്കിൻെറ ക്രമപ്രകാരം പുരോഹിതനാക്കി" (എബ്രാ. 5:7-10). ഈ കാര്യങ്ങൾ ദൈവത്വത്തെപ്പറ്റിയല്ല, തൻെറ ഐക്യപ്പെട്ട മനുഷ്യത്വത്തെപ്പറ്റിയാണ് എന്ന് ബുദ്ധിമാന്മാർക്ക് സുവ്യക്തമാണല്ലോ. വചനമാം ദൈവം പിതാവായ ദൈവത്തിന് ബലികൾ അർപ്പിക്കുകയല്ല, കാരണം ഇതാ അവൻ പറയുന്നു: "പിതാവിനുള്ളതെല്ലാം എൻേറതാകുന്നു; ഞാനും എൻെറ പിതാവും ഒന്നാകുന്നു" (യോഹ. 15:15; 10:30). മനുഷ്യത്വത്തെപ്പറ്റി പറയുന്നു: "ഇപ്പോൾ മിശിഹാ കൂടുതൽ ശ്രേഷ്ഠമായ ഉടമ്പടിയുടെ മധ്യസ്ഥനായിരിക്കുന്നതുപോലെ കൂടുതൽ ശ്രേഷ്ഠമായ ശുശ്രൂഷകസ്ഥാനവും അവനു ലഭിച്ചിരിക്കുന്നു"(എബ്രാ. 8:6).

"നിത്യമായ ആത്മാവാൽ കളങ്കരഹിതമായി അവൻ സ്വയം ദൈവത്തിനു സമർപ്പിച്ചു"; "മനുഷ്യർ ഒരിക്കൽ മരിക്കണം, അതിനുശേഷം വിധി എന്നു നിശ്ചയിച്ചിരിക്കുന്നതനുസരിച്ച്, മിശിഹാ ഒരിക്കലായി അർപ്പിക്കപ്പെടുകയും അനേകരുടെ പാപങ്ങളെ തൻെറ ക്നോമായിൽ കൊല്ലുകയും ചെയ്തു" (9:14. 27-28). അതുകൊണ്ട് നമ്മുടെ കർത്താവിൻെറ പൗരോഹിത്യം തൻെറ ദൈവത്വത്തിലല്ല, തൻെറ മനുഷ്യനിലാണ് എന്ന് ഭാഗ്യവാനായ പൗലോസ് വെളിപ്പെടുത്തുകയും വ്യക്തമാക്കുകയും ചെയ്യുന്നു: "അവൻ കളങ്കരഹിതമായി ദൈവത്തിനു സ്വയം സമർപ്പിച്ചു". "അവൻ ഒരിക്കലായി അർപ്പിക്കപ്പെട്ടു. പാപങ്ങളെ തൻെറ ക്നോമായിൽ കൊല്ലുകയും ചെയ്തു". അങ്ങനെ ഇരുസ്വഭാവങ്ങളുടെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നു; തകർക്കപ്പെട്ട ആലയവും അതിനെ ഉയിർപ്പിച്ചവനും; കളങ്കരഹിതമായി തന്നെത്തന്നെ സ്വയം അർപ്പിച്ചവനും ആ അർപ്പണം സ്വീകരിച്ചവനും; ദൈവത്തിൻെറ രൂപവും ദാസൻെറ രൂപവും. തൻെറ മനുഷ്യത്വത്തിൻെറ സംഗതികൾ തൻെറ ദൈവത്വമായി മാറി

www.malankaralibrary.com



യില്ല; ദൈവത്വത്തിൻെറ സംഗതികൾ മനുഷ്യത്വവുമായി മാറിയതുമില്ല. രണ്ടു സ്വഭാവങ്ങളും അവയുടെ ക്നോമാകളിൽ സംരക്ഷിക്കപ്പെടുന്നു. ദൈവപുത്രനായ മിശിഹായുടെ ഏകപർസോപ്പായിൽ കൂട്ടിക്കുഴച്ചിൽ കൂടാതെ ഏക ഐക്യത്തിൽ അനന്ത സ്വഭാവവും പരിമിത സ്വഭാവവും ഒന്നിച്ചിരിക്കുന്നു. അവനും അവൻെറ പിതാവിനും പരിശുദ്ധാത്മാവിനും എന്നുമെന്നേക്കും മഹത്ത്വവും ബഹുമാനവും ആരാധനയും ഉന്നതിയും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## അധ്യായം 11

# ദൈവം മനുഷ്യനിൽ

*ദൈവം അനന്തമായി എല്ലായിടത്തുമുള്ളപ്പോൾ തൻെറ മനുഷ്യനിൽ അവിടുന്ന് ഐക്യപ്പെട്ടും പ്രത്യേകമായ രീതിയിലും എങ്ങനെ വസിച്ചു?*

ആരാധ്യമായ ത്രിത്വത്തിൻെറ നിത്യസ്വഭാവം - ഏക അനന്തത, ഏക ഇച്ഛ, ഏക ശക്തി, ഏക അധികാരം, ഏക കർതൃത്വം - ഏകമാണെങ്കിലും ഐക്യം സംഭവിച്ചത് ത്രിത്വത്തിലെ ക്നോമാകളിൽ ഒരുവനായ വചനമാംദൈവവുമായിട്ടാണ്. ശ്ലൈഹികപാതയെ പിൻചെന്ന വിശുദ്ധ പിതാക്കന്മാരിൽ നിന്നു നാം പഠിച്ചതനുസരിച്ച് നാം അതു വ്യക്തമാക്കുകയും ചെയ്തു. നമ്മുടെ ബലഹീനതയെ അനുധാവനം ചെയ്യുന്ന മിശിഹായുടെ ശക്തിയാലാണ് നാമിതു ചെയ്തത്. തിരുലിഖിത സാക്ഷ്യങ്ങളിൽനിന്നും പ്രകൃതിയിൽനിന്നുള്ള തെളിവുകളിൽനിന്നും അത് അപ്രകാരമാണ് എന്നു കണ്ടു. മിശിഹായുടെ ശക്തിയാൽ, തിരുലിഖിതമനുസരിച്ചും വിശ്വസനീയരായ പിതാക്കന്മാരുടെ പാരമ്പര്യം അനുസരിച്ചും നമുക്കു ചർച്ചചെയ്യാം. മിശിഹായിലാണ് നമ്മുടെ പ്രത്യാശയും ആത്മവിശ്വാസവും. സർവകാര്യങ്ങളിലും നമ്മെ പ്രകാശിപ്പിക്കുന്നത് അവിടുന്നാണ്.

വചനമാം ദൈവം തൻെറ അനന്തതയിൽ പിതാവിനെപ്പോലെയും പരിശുദ്ധാത്മാവിനെപ്പോലെയും എല്ലായിടത്തും ആയിരിക്കവെ, പുത്രത്വത്തിൻെറ ഏകപർസോപ്പായിൽ തൻെറ മനുഷ്യത്വത്തിൽ എന്നേക്കും തൻെറ വാസസ്ഥലവും ഐക്യവും ഉണ്ടാക്കിയിരിക്കുന്നത് എങ്ങനെയാണ്? 'ആകാശവും

www.malankaralibrary.com



ഭൂമിയും തന്നാൽ നിറഞ്ഞിരിക്കുന്നു' അവിടുത്തേക്ക് അതിരു കുറിക്കുന്നുമില്ല (ഏശാ. 6:3) എന്ന് ദൈവസ്വഭാവത്തെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്. ആരേ നോക്കി ഞാൻ അധിവസിക്കും? എങ്കിലും തങ്ങളുടെ സ്നേഹവും അവിടുത്തോടുള്ള വ്യക്തമായ ബന്ധവും നിമിത്തം തനിക്ക് പ്രിയപ്പെട്ടരായ മനുഷ്യരോട് തനിക്കുള്ള സ്നേഹവും പരിപാലനയും നിമിത്തം തന്റെ ശ്രേഷ്ഠദാനങ്ങളിലൂടെ അവൻ അവരിൽ വസിക്കുന്നെന്നും വാസമുറപ്പിച്ചിരിക്കുന്നെന്നും പറയാം. സൂര്യന്റെ രശ്മി എല്ലായിടത്തും വ്യാപിച്ചിരിക്കുന്നെങ്കിലും നല്ല കാഴ്ചയുള്ളവർക്ക് സൂര്യപ്രകാശം കൂടുതൽ സന്തോഷം പകരും. നല്ലവണ്ണം പോളീഷ് ചെയ്തതും മിനുസമുള്ളതുമായ ലോഹത്തിൽ അതു കൂടുതൽ പ്രകാശം പരത്തും. എന്നാൽ അത് ഒന്നിൽനിന്നും അകന്നുപോകുന്നില്ല, അടുത്തുവരുന്നുമില്ല. അതുപോലെ ദൈവവും തന്റെ അനന്തതയിൽ എല്ലാറ്റിലുമാണ്; എന്നാൽ സത്യത്തിൽ തന്നെ വിളിക്കുന്നവരുടെ സന്തുഷ്ടിക്കായി അവിടുന്ന് സന്നിഹിതനാണ്. തന്റെ അറിവിന്റെ നിഗൂഢവെളിപാടുകളാൽ സന്തോഷിക്കാൻ ഹൃദയശുദ്ധിയുള്ളവർക്കേ കഴിയൂ. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും" (മത്താ. 5:8). "താഴ്മയും വിനയവും ഉണ്ടായിരിക്കുകയും എന്റെ വചനത്തിൽ വിറയ്ക്കുകയും ചെയ്യുന്നവനെയല്ലാതെ ആരെയാണ് ഞാൻ പരിഗണിക്കുകയും ആരിലാണ് വസിക്കുകയും ചെയ്യുന്നത്?" (ഏശാ.66:2). ഇതിനെതിരായിട്ടുള്ളവരെപ്പറ്റി ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: "കർത്താവ് ദുഷ്ടരിൽനിന്ന് അകലെയാണ്; അവരുടെ ഹൃദയം ഇരുണ്ടിരിക്കുന്നു. സുവിശേഷവെളിച്ചം അവരുടെമേൽ പ്രകാശിക്കുകയില്ല" (2 കൊറി. 4:4). തന്റെ സ്വഭാവത്തിൽ അവിടുന്ന് അടുത്തുവരികയോ ദൂരെപ്പോവുകയോ ചെയ്യുന്നില്ല. സൂര്യനെപ്പോലെ തന്റെ അറിവിന്റെ പ്രകാശം എല്ലാവരുടെയും മുമ്പിൽ പ്രകാശിക്കുന്നു. ഈ കാര്യങ്ങളൊക്കെ ഇപ്രകാരമാണ്. എന്നാൽ തന്റെ ഹൃദയം അടച്ചുകളയുകയും ധാരണാശക്തി ഇരുട്ടാക്കുകയും വികാരങ്ങളാലും ദുഷ്ടന്റെ ചതിയാലും തിരിച്ചറിവിൽ മന്ദത ബാധിക്കുകയും ചെയ്യുന്നവർക്ക് ആത്മാവിന്റെ വചനങ്ങൾ തടങ്കൽ പാറയും ഇടർച്ചക്കല്ലും ആകുന്നു. അവർ തിരിച്ചറിവില്ലാതെ കുടിയന്മാരെപ്പോലെ അവിടെയും ഇവിടെയും തട്ടി വീഴുന്നു.

അവർക്കിഷ്ടമാണെങ്കിൽ, നാം നമ്മുടെ കഴിവനുസരിച്ച് അവരുടെ മുമ്പിൽനിന്ന് ഇടർച്ചക്കല്ല് നീക്കാം; ജീവന്റെവഴി അവർക്കു കാണിച്ചുകൊടുക്കാം. കല്ലുകൊണ്ടുള്ള ഭവനം ദേവാലയം എന്ന് വിളിക്കപ്പെടുന്നുവല്ലോ. മനുഷ്യർ ദൈവത്തിന്റെ ആലയമാണല്ലോ. "നിങ്ങൾ ദൈവത്തിന്റെ ആലയമാകുന്നു" (2 കൊറി. 6:16). മനുഷ്യർ കല്ലുകളെക്കാൾ ശ്രേഷ്ഠരാണ്. അതുപോലെ, ദൈവം എല്ലായിടത്തും ഉണ്ടെങ്കിലും അവിടുന്ന് സ്വർഗത്തിലും ജറു

www.malankaralibrary.com



സലേമിലും കല്ലുകൊണ്ടുള്ള ആലയത്തിലും മനുഷ്യരിലുമായി വിവിധരീതികളിൽ വസിക്കുന്നു. പരിമിതമായോ ധാരാളമായോ അല്ല. ഭാഗ്യകരമായ രഹസ്യങ്ങളുടെ വാസസ്ഥലവും പ്രത്യേകദാനങ്ങളും നിമിത്തമാണിത്. ഈ കാര്യത്തിലും ഇതുപോലെയാണ്. പിതാവിനെയും പരിശുദ്ധാത്മാവിനെയുംപോലെ വചനമായ ദൈവം തൻെറ ധാരാളതയിൽ അനന്തമായി എല്ലായിടത്തും ഉണ്ട്. "അവൻ ലോകത്തിൽ ആയിരുന്നു; ലോകം അവനിലൂടെ ഉണ്ടായി". മറ്റു പല കാര്യങ്ങൾക്കുശേഷം സുവിശേഷകൻ പറയുന്നു: "അവൻ തൻെറ സ്വന്തത്തിലേക്കു വന്നു; അവൻെറ സ്വന്തക്കാർ അവനെ സ്വീകരിച്ചില്ല" (യോഹ.1:14.17).

അവൻ ലോകത്തിൽ ആയിരുന്നെങ്കിലും അവൻ പറഞ്ഞതുപോലെ അവർ പ്രകാശത്തിൽനിന്ന് അകന്നുമാറി. "അന്ധകാരത്തിൽ പ്രകാശം ഉദിച്ചു; എന്നാൽ ഇരുട്ട് അതിനെ ഗ്രഹിച്ചില്ല". "തന്നെ സ്വീകരിച്ചവർക്ക്" - എന്തു ബന്ധത്തിലേക്കാണ് അവൻ അവരെ അർഹരായി പരിഗണിച്ചത്? "അവർക്ക് ദൈവമക്കളാകുവാൻ അവൻ ശക്തി നൽകി. അവർ രക്തത്തിൽനിന്നോ, ജഡത്തിൽനിന്നോ അല്ല ദൈവത്തിൽ നിന്നാണ് ജനിച്ചത്". തൻെറ മനുഷ്യത്വവുമായുള്ള അവാച്യമായ ഐക്യവും ഔന്നത്യവും, വ്യതിരിക്തവും ഉന്നതവുമായ വാസസ്ഥലവും തൻെറ അവാച്യമായ വെളിപാടും, എല്ലാവരുടെയും നവീകരണത്തിനും രക്ഷയ്ക്കുമായി ആരാധ്യമായ വ്യാപാരത്തിൽ വചനമാംദൈവം എത്രമാത്രം സ്വയംതാഴ്ത്തിയെന്ന കാര്യവും കാണിച്ചുകൊണ്ട് അവൻ തുടരുന്നു. അജ്ഞരായ മനുഷ്യർ അവനെ മാംസവും മനുഷ്യനുമായി പരിഗണിച്ചേക്കാം. തൻെറ സ്വന്തം ക്നോമായിൽ ഐക്യപ്പെട്ട്, തൻെറ മനുഷ്യത്വത്തിൻെറ പേര് അവനുണ്ടായിരിക്കാം. അവൻ പറയുന്നു: "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" - അതായത്, അവൻ മാംസം എടുത്തു; അതിനെ ഒരു വാസസ്ഥലമാക്കി. അതായത് നമ്മുടെ മനുഷ്യത്വത്തിൻെറ ഒരു ക്നോമായിൽ. അവിടുന്നു വെളിപ്പെട്ട തൻെറ ഐക്യപ്പെട്ട മനുഷ്യത്വത്തിൽ അവിടുന്നു ചെയ്തതും പറഞ്ഞതും ഈ അത്ഭുതാവഹമായ കാര്യങ്ങളിലെല്ലാം നിത്യമായി അതിനുണ്ടായിരുന്ന നിത്യമഹത്ത്വവും ഞങ്ങൾ മിസ്റ്റിക്കലായി ദർശിച്ചു. അവിടുന്ന് പിതാവിൻെറ ഏകജാതനും കൃപയും സത്യവും നിറഞ്ഞവനും ആണെന്ന് ഇവ വെളിപ്പെടുത്തുന്നു. ഈ ഐക്യത്തിൽ അവിടുന്ന് സമൃദ്ധമായി സകലർക്കും കൃപ നൽകുന്നു. ഐക്യത്തിൻെറ അതേ പർസോപ്പായെപ്പറ്റി പിന്നീട് അവൻ കൂട്ടിച്ചേർക്കുന്നു: "കൃപയും സത്യവും യേശുമിശിഹാവഴിയാണ്". അങ്ങനെ "വചനം മാംസമായി" എന്ന അവൻെറ വാക്യംവഴി അവൻ മാംസം എടുത്ത് നമ്മിൽ വസിച്ചുഎന്ന് നാം ഗ്രഹിക്കണം. ഭാഗ്യവാനായ പൗലോസ് ഇതു വ്യക്തമാക്കിത്തരുന്നു: "ദൈവത്തിൻെറ രൂപം ദാസൻെറ രൂപമെടുത്തു"; "അവൻ രൂപത്തിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു" എന്നിത്യാദി (ഫിലി. 2:7).

www.malankaralibrary.com



എടുക്കലിലും അതിനുശേഷവുമല്ലാതെ യോഹന്നാൻ സുവിശേഷകൻ “മിശിഹാ” എന്ന പേര് എഴുതിയിട്ടേയില്ല. അത് ഐക്യത്തെക്കുറിക്കുന്നതാണ്. ആ സമയംമുതൽ എടുത്തവൻെറയും എടുക്കപ്പെട്ടതിൻെറയും പർസോപ്പാ ഏകമാണ് എന്നു കാണിക്കാനാണിത്. ഒരു സൃഷ്ടിക്കും ഇപ്രകാരം സംഭവിച്ചിട്ടില്ല; ഇപ്പോൾ സംഭവിക്കുന്നുമില്ല. പിന്നെയോ, ദാവീദിൻെറ വംശത്തിൽ നിന്നുള്ള നമ്മുടെ കർത്താവിൻെറ മനുഷ്യനു മാത്രം സംഭവിച്ചു. ഇതാ, ദൈവം അനന്തമായി എല്ലായിടത്തും ഉണ്ട്. എന്നാൽ ഐക്യം നടന്നത് ഒരു മാനുഷിക ക്നോമായുമായിട്ടത്രേ. അതാണ് അവിടുത്തെ മനുഷ്യത്വം - അതായത് മനുഷ്യനായ യേശു. അവനിൽ താൻ വെളിപ്പെടാനായി തൻെറ പർസോപ്പായിലേക്ക് അവനെ എടുത്തു. എന്നാൽ അവിടുന്ന് എല്ലാ മനുഷ്യരുമായി ഐക്യപ്പെട്ടില്ല.

നമുക്കു വീണ്ടും ഭാഗ്യവാനായ പൗലോസിൻെറ വാക്കുകൾ പരിശോധിക്കാം: “ദൈവത്തിൻെറ രൂപം ദാസൻെറ രൂപം എടുത്തു”. ഇതു കുറേക്കൂടി വിശദീകരിക്കേണ്ടതുണ്ട്. അതായത്, ദൈവത്തിൻെറ രൂപം ത്രിത്വത്തിൽ ഒരു ക്നോമാ ആണോ? ദാസൻെറ രൂപം മനുഷ്യരുടെ ഒരു ക്നോമാ, അതായത് യേശു എന്ന ഐക്യപ്പെട്ട മനുഷ്യൻ ആണോ? “അനേകർക്ക് എന്ന നിലയിൽ ‘നിൻെറ സന്തതികൾക്ക്’ എന്നല്ല, ഒരാൾക്ക് എന്ന നിലയിൽ ‘നിൻെറ സന്തതിക്ക്’ എന്നാണ് അവൻ പറഞ്ഞത്. അതു മിശിഹാ ആണ് (ഗലാ.3:16). അവൻെറ അഭിഷേകം തന്നെയായിരുന്നു അവൻെറ ഐക്യവും. നാമിതു പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. അവനിൽ ദൈവം ലോകത്തിനു വെളിപ്പെട്ടു. അവൻ ജഡത്തിൽ വെളിപ്പെട്ടു. അത് അവൻെറ ഐക്യപ്പെട്ട ആലയം ആയിരുന്നു. എന്നാൽ തൻെറ ദൈവത്വത്തിൽ അനന്തമായി അവിടുന്ന് എല്ലായിടത്തുമായിരുന്നു. അതുകൊണ്ട് അവിടുന്ന് ഐക്യപ്പെട്ട് തൻെറ ആലയത്തിൽ വസിച്ചപ്പോൾ അവൻ പറഞ്ഞു: “നിങ്ങൾ ഈ ആലയം തകർക്കുവിൻ; മൂന്നു ദിവസങ്ങൾക്കു ശേഷം ഞാനതിനെ എഴുന്നേൽപിക്കും”. സുവിശേഷകൻ അതു വ്യാഖ്യാനിക്കുന്നു: “എന്നാൽ അവൻ തൻെറ ശരീരമായ ആലയത്തെപ്പറ്റിയാണ് സംസാരിച്ചത്” (യോഹ.2:19-21). “ദൈവത്വത്തിൻെറ പൂർണതയെല്ലാം ശാരീരികമായി അവനിൽ വസിക്കുന്നു” (കൊളോ. 2:9). “അറിവിൻെറയും വിജ്ഞാനത്തിൻെറയും എല്ലാ നിഗൂഢ നിക്ഷേപങ്ങളും അവനിലാണ്” (2:3). “അവൻ അദൃശ്യദൈവത്തിൻെറ പ്രതിരൂപമാണ്” എന്ന് പ്രത്യേകമാംവിധം അവനെപ്പറ്റി പറഞ്ഞിരിക്കുന്നു(1:15). ഏകകർതൃത്വത്തിലും ആരാധനയിലും ഉള്ള അവൻെറ ഉന്നതിയുടെയും ബഹുമാനത്തിൻെറയുംശ്രേഷ്ഠത കാണിക്കാനാണിത്. ഇക്കാരണത്താൽ ഐക്യം എന്ന് ഏക പർസോപ്പായെപ്പറ്റി പ്രത്യേകമാംവിധം പറഞ്ഞിരിക്കുന്നു: “ അവരിൽനിന്ന് അവൻ ജഡത്തിൽ വെളിപ്പെട്ടു. അവൻ എല്ലാറ്റിന്മേലും ദൈവമാണ്” (റോമാ 9:5). “യേശുമിശിഹാ ഇന്നലെയും ഇന്നും എന്നേക്കും

www.malankaralibrary.com



ഒരുവൻ തന്നെ"(എബ്രാ.13:8). ഇതു വെറുമൊരു വാസമല്ല. ഒരു താല്ക്കാലികാധികാരവുമല്ല. കൃപയാൽ ദത്തുപുത്രരാക്കുന്നതുമല്ലിത്. പിന്നെയോ, നിത്യപുത്രനുമായി എന്നേക്കും ഏകപുത്രനായി തീരുന്ന ഐക്യവും യോജിപ്പുമാണ് എന്ന് കാണിക്കാനാണ്. രൂപീകരണത്തിന്റെ ആരംഭത്തിൽ പ്രത്യേകമാംവിധം ഐക്യപ്പെട്ട വാസം ദൈവപുത്രനായ മിശിഹായുടെ ഏകപർസോപ്പായുടെ ഏക യോജിപ്പിൽ ഉണ്ടായി. അങ്ങനെ ഏക അധികാരവും ഏക ആധിപത്യവും എന്നേക്കും ഏക ആരാധനയുമാണ്. "അവൻ എല്ലാറ്റിനെയും തന്റെ പാദങ്ങൾക്കു കീഴിലാക്കി" (എബ്രാ. 2:8). "അവൻ തന്റെ ഏകജാതനെ ലോകത്തിൽ അവതരിപ്പിച്ചപ്പോൾ ഏക ഐക്യത്തിൽ ദൈവത്തിന്റെ മാലാഖമാരെല്ലാം അവനെ ആരാധിക്കട്ടെ എന്ന് അവൻ പറഞ്ഞു" (1:6). "അവന്റെ മുമ്പിൽ എല്ലാ മുട്ടുകളും മടങ്ങും; തന്റെ പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി യേശുമിശിഹാ കർത്താവാണ് എന്ന് എല്ലാ നാവുകളും ഏറ്റുപറയും"(ഫിലി. 2:10-11). അതുകൊണ്ട് ഇവിടെ മറ്റുള്ളവരിൽ എന്ന പോലെ കേവലം ഒരു വാസമല്ല എന്നത് സ്പഷ്ടമാണ്. പിന്നെയോ ഐക്യപ്പെട്ടും വ്യതിരിക്തമായും. ഐക്യത്തിലൂടെ തന്റെ ദൈവത്വത്തിന്റെ സംഗതികളെല്ലാം, ആത്മാവ് ശരീരത്തിലെന്നപോലെയും, കുറ്റിക്കാട്ടിൽ അഗ്നി എന്നപോലെയും ഏക പർസോപ്പായിൽ അപ്പോൾമുതൽ എന്നേക്കും അറിയപ്പെടുന്നു. ഇവിടെ ആ ഐക്യം സ്വാഭാവികവും പരിമിതവുമാണ്. അവിടെ വ്യക്തിപരമാണ്. സാധാരണക്കാരുടെ അറിവിനായി പ്രകൃതിയിൽ നിന്നുള്ള ദൃഷ്ടാന്തങ്ങളാൽ നാം മുകളിൽ ഇവ വിവരിച്ചിട്ടുണ്ടല്ലോ.

"നാം കണ്ണാടിയിൽക്കൂടി ഉപമാമയമായി കാണുന്നു" എന്ന് എഴുതപ്പെട്ടിരിക്കുന്നു. നമുക്ക് കണ്ണാടിയുടെ ദൃഷ്ടാന്തം എടുക്കാം. നാം സംസാരിക്കുന്ന വിഷയത്തിന് അനുയോജ്യമാണത്. സ്വഭാവത്തിൽ അത് ഇരുമ്പുകഷണം പോലെയാണ്. അത് "ഇരുമ്പിന്റെ സത്തയിൽ" ഒരു തരത്തിലും വ്യത്യസ്തവുമല്ല. ഇരുമ്പിന്റെ സ്വഭാവം അനുസരിച്ച് അത് കറുത്തതാണ്. പ്രാകൃതവും നിരപ്പില്ലാത്തതും മിനുസമില്ലാത്തതുമാണ്. എന്നാൽ വിദഗ്ധനായ പണിക്കാരൻ ഒരു കഷണം ഇരുമ്പെടുത്ത് അതിൽനിന്ന് ഒരു ലോഹക്കണ്ണാടി നിർമ്മിക്കുന്നു. തന്റെ വൈഭവം അതിൽ പ്രകടിപ്പിക്കുന്നു. അവൻ അതിനെ വൃത്തിയാക്കുന്നു, വേണ്ട നീളത്തിലും വീതിയിലും മുറിക്കുന്നു, പോളീഷ് ചെയ്ത് മിനുസപ്പെടുത്തുന്നു. അതിനെ മറ്റ് ഇരുമ്പുകഷണങ്ങളുടെ ഇടയ്ക്ക് വയ്ക്കുന്നു. അതിൽ സൂര്യപ്രകാശം അടിക്കുമ്പോൾ സൂര്യബിംബം കൃത്യമായി അതിൽ പ്രതിഫലിക്കുന്നു. എന്നാൽ അത് ലോഹക്കണ്ണാടിയുടെ പ്രതലത്തിന് കോട്ടം ഒന്നും വരുത്തുന്നില്ല. സൂര്യൻ എല്ലാ ഇരുമ്പുകഷണങ്ങളിലും കണ്ണാടിയിലും എല്ലാത്തിലും ഒരുപോലെയാണ് പതിക്കുന്നത്. നമുക്കു പറ്റിയ ആശ്ചര്യകരമായ ഒരുദാഹരണമാണിത്.

www.malankaralibrary.com



ഇതു പരിഗണിച്ച് ഇതിൽ അത്ഭുതപ്പെടുക. സൂര്യന്റെയും ലോഹക്കണ്ണാടിയുടെയും ഉദാഹരണം വ്യക്തമായ സാദൃശ്യം വെളിപ്പെടുത്തുന്നു. ഇതു നമ്മുടെ ചർച്ചയ്ക്കു വളരെ ചേരുന്നതാണ്. കാരണം, സൂര്യന്റെ സ്വഭാവം ഒന്നാണ്, മാറ്റംകൂടാതെ ഉജ്ജ്വലിച്ചുകൊണ്ട് അതിന്റെ പ്രകൃതിയിൽനിന്ന് അത് എല്ലാ വസ്തുക്കളെയും പ്രകാശിപ്പിക്കുന്നു. അതിന്റെ വികസനത്തിൽ അത് എല്ലാറ്റിനും, ലോകംമുഴുവനും, സമീപസ്ഥമാണ്. അതു കണ്ണാടിയിലും മറ്റെല്ലായിടത്തും മറ്റ് ഇരുമ്പുതുണ്ടുകളിലും ഒരുപോലെ പ്രകാശിക്കുന്നു. എന്നാൽ സാധാരണ ഇരുമ്പുതുണ്ടുകൾ തുരുമ്പിച്ചതും പൊട്ടിപ്പൊളിഞ്ഞതും പരുപരുത്തതും ശുദ്ധിചെയ്യാത്തതും മിനുസപ്പെടുത്താതും ആയതിനാൽ സൂര്യന്റെ ശോഭയേറിയ പ്രകാശത്തെ പ്രതിബിംബിപ്പിക്കാൻ അവയ്ക്ക് കഴിവില്ലാതെ വരുന്നു. എന്നാൽ ഈ ഇരുമ്പുതുണ്ടുകളിൽ നിന്നെടുത്ത് ചെത്തി മിനുസപ്പെടുത്തിയ ലോഹക്കണ്ണാടിയിൽ സൂര്യപ്രകാശം തട്ടുമ്പോൾ അതുശോഭയോടെ പ്രകാശിക്കുന്നു. അതിനടുത്ത് കത്തുന്ന പദാർത്ഥം വച്ചാൽ തീയുണ്ടാകുകയും ചെയ്യുന്നു. സൂര്യന്റെ പ്രകാശത്തെ ഭാഗങ്ങളായി മുറിക്കാൻ സാധ്യമല്ല; ഒരു കണ്ണാടിയുടെ ഭാഗത്ത് മുഴുവനിൽനിന്ന് പ്രകാശത്തെ വെട്ടിമാറ്റാനും സാധ്യമല്ല. കണ്ണാടിയിൽ സൂര്യൻ പൂർണമായി പ്രതിഫലിക്കുന്നു. എന്നാൽ കണ്ണാടിക്കുള്ളിൽ സൂര്യനെ ഒതുക്കി നിർത്താനും സാധിക്കുകയില്ല. അതു മുഴുവനായി കണ്ണാടിയിൽ പ്രതിഫലിക്കുന്നു. കണ്ണാടിയുടെ പദാർത്ഥ പ്രകൃതവുമായി തട്ടിച്ചു നോക്കുമ്പോൾ സൂര്യകിരണം അനന്തമാണെന്ന് പറയാം. സൂര്യപ്രകാശം ലോകം മുഴുവൻ പ്രസരിക്കുന്നു. കരയിലും കടലുക ളിലും എല്ലാ സ്ഥലങ്ങളിലുമായി പതിനായിരക്കണക്കിന് തെളിവുള്ള കണ്ണാടികൾകൊണ്ട് ലോകം നിറഞ്ഞിരുന്നാലും ഓരോന്നിലും ഒരുപോലെ സൂര്യൻ പൂർണമായി പ്രതിബിംബിപ്പിക്കും. എന്നാൽ ഒന്നുകൊണ്ടും സൂര്യന് പരിമിതി ഉണ്ടാകുന്നില്ല, സൂര്യന് ഒന്നും കുറവു വരുന്നുമില്ല. പ്രകാശത്തിന്റെയും ഇരുമ്പിന്റെയും സവിശേഷതകൾ കൂടിക്കലരുന്നില്ല. അവ സമ്മിശ്രമല്ല, കണ്ണാടിക്ക് അതിൽ തട്ടുന്ന പ്രകാശകിരണത്തെ മലിനമാക്കാൻ സാധിക്കുകയില്ല. സൂര്യനും അതിന്റെ പ്രതിബിംബവും തമ്മിലും കൂടിക്കലരലോ സമ്മിശ്രമോ ഇല്ല. സൂര്യനെയും പ്രതിബിംബത്തെയും മുഴുവനിൽ നിന്ന് ഭാഗങ്ങളായി മാറ്റാനോ വിഭജിക്കാനോ സാധ്യമല്ല. മറിച്ച്, സൂര്യൻ ഇരുമ്പിന്റെ "കറുത്ത" നിറത്തിലേക്ക് മാറുന്നില്ല, അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിൽ വ്യത്യസ്തമായി തീരുന്നില്ല, ഇരുമ്പ് സൂര്യന്റെ സ്വഭാവത്തിന്റെ സവിശേഷതകൾ സ്വീകരിക്കുന്നുമില്ല. എന്നാൽ കണ്ണാടി സൂര്യനുള്ളതൊക്കെ സ്വീകരിക്കുന്നു, എന്നാൽ അതിന്റെ സ്വഭാവത്തിൽ അല്ലെന്നുമാത്രം. സൂര്യനുമായുള്ള ഐക്യം മൂലം സൂര്യന്റെയും കണ്ണാടിയുടെയും ഏക പർസോപ്പായിൽ വീഴുന്ന ഏക കിരണം നിമിത്തമാണത്.

www.malankaralibrary.com



അതുപോലെ ദൈവപുത്രനും നീതിസൂര്യനുമായ മിശിഹായുടെ മനുഷ്യത്വത്തിൻെറയും ദൈവത്വത്തിൻെറയും അത്ഭുതാവഹവും ആശ്ചര്യകരവും ആരാധ്യവും അവാച്യവുമായ ഐക്യത്തിലും സംഭവിച്ചു. ദൈവികപരിപാലനയാലും വിശകലനാതീതമായ ഒരുക്കത്താലും തികഞ്ഞ മുൻനിർണയത്താലും മാനുഷികപരിഗണനയില്ലാത്ത നീതിയാലും സ്വതന്ത്രേച്ഛയാലും എല്ലാ നീതിയിലും പരിപൂർണ അനുസരണത്തിലും നമ്മുടെ കർത്താവിൻെറ മനുഷ്യത്വം സജ്ജമാക്കപ്പെട്ടു. തൻേറതായതിൽ അതു പൂർണമായി എല്ലാറ്റിനെയും ഉല്ലംഘിച്ചു. അവിടുന്ന് മരണത്തോളം അതേ, കുരിശുമരണത്തോളം അനുസരണമുള്ളവനായിരുന്നു. ഇക്കാരണത്താൽ അവനിലുള്ള ദൈവം തൻെറ അതുല്യമായ എളിമയും നീതിയും അനുസര ണയും നിമിത്തം അവനെ വളരെ ഉയർത്തി (ഫിലി. 2:8-9). "നിങ്ങളിലാർക്ക് എന്നിൽ പാപം ആരോപിക്കാൻ കഴിയും?" (യോഹ.8:46). "അവനിൽ പാപം ഉണ്ടായിരുന്നില്ല; അവൻെറ അധരങ്ങളിൽ ദുഷ്ടത ഇല്ലായിരുന്നു" (1 പത്രോ.2:22); "എന്നെ അയച്ചവൻെറ ഇഷ്ടം ചെയ്യുന്നതും അവൻെറ പ്രവൃത്തികൾ ചെയ്യുന്നതുമാണ് എൻെറ ഭക്ഷണം"(യോഹ.4:34). തെറ്റിൻെറ "ഇരുൾ അവനെ ഗ്രസിച്ചില്ല"(1:5); "ഈ ലോകത്തിൻെറ അധിപതി വരുന്നു, എന്നാൽ എന്നിൽ അവനു കാര്യമില്ല" (14:30). ഈ കാര്യങ്ങൾക്കുവേണ്ടിയും ഈ കാര്യങ്ങളാലും ഈ കാര്യങ്ങൾ നിമിത്തവും തൻെറ രൂപീകരണത്തിൻെറ ആരംഭം മുതൽ എന്നേക്കും അതു സദാ പിതാവിനോടുകൂടിയായിരുന്നു. പ്രകാശത്തിൽനിന്നുള്ള പ്രകാശമായ ഏക നീതിസൂര്യനായി ആരാധ്യമായ ഏക മഹത്ത്വത്തിലും ഏക പുത്രത്വത്തിലും ഏക കർതൃത്വത്തിലും ഏക അധികാരത്തിലും ഏക ശക്തിയിലും ഏക ആരാധനയിലും ഐക്യപ്പെട്ടിരിക്കുന്നു. എല്ലാ പൂർണതയും എന്നേക്കും പൂർണമായി അവനിൽ വസിച്ചു.

സൂര്യൻെറയും കണ്ണാടിയുടെയും രണ്ടു സ്വഭാവങ്ങൾ അവയുടെ സവിശേഷതകളിൽ വ്യതിരിക്തമാണ്; കൂടിക്കുഴഞ്ഞിരിക്കുന്നില്ല, എന്നാൽ പ്രകാശവും ശക്തിയും ചൂടും ഏകമാണ്. അതുപോലെ ഈ ആരാധ്യമായ ഐക്യത്തിലും ദൈവത്വം, മനുഷ്യത്വം എന്നു രണ്ടു സ്വഭാവങ്ങൾ ഉണ്ടെങ്കിലും ഏക ശക്തിയും, ആധിപത്യത്തിലും കർതൃത്വത്തിലും ഏകപുത്രനും ഏകമിശിഹായുമാണ്. സ്വഭാവങ്ങളാകട്ടെ, തങ്ങൾക്കുള്ളവയിൽ കൂടിക്കലരുന്നില്ല, ക്നോമാകളുടെ സവിശേഷതകൾ ദൈവപുത്രനായ മിശിഹായുടെ എന്നേക്കുമുള്ള ഏകപർസോപ്പായിൽ ഇല്ലാതാകുന്നുമില്ല. കണ്ണാടിയുടെ ഉദാഹരണത്തിൽ: സൂര്യൻേറതായ എല്ലാ കാര്യങ്ങളിലും അതിൻെറ ചൂടിലും അതിൻെറ പ്രകാശത്തിലും സൂര്യനെ കാണാൻ നീ ആഗ്രഹിക്കുന്നെങ്കിൽ - ഈ പ്രകാശത്താലാണല്ലോ അത് എല്ലാ വസ്തുക്കളിലും മറ്റ് ഇരുമ്പുകഷണങ്ങളിലും പ്രകാശിക്കുന്നത് - കണ്ണാടിയിൽ കൂടിയല്ലാതെ അത് ഐക്യപ്പെട്ടതായോ, അതിൻെറ

www.malankaralibrary.com



സവിശേഷതകൾ കാണിക്കുന്നതായോ, കാണാൻ കഴിയുകയില്ല. അതുപോലെ പിതാവിനെപ്പോലെയും പരിശുദ്ധാത്മാവിനെപ്പോലെയും തൻെറ ദൈവത്വത്തിൽ അനന്തനും എല്ലാറ്റിനും സന്നിഹിതനുമായ പുത്രൻെറ ദൈവത്വത്തിൻെറ എല്ലാ സംഗതികളും ബുദ്ധിപൂർവം ഗ്രഹിക്കാൻ ശ്രമിച്ചാലും. എന്നാൽ തൻെറ മനുഷ്യത്വത്തിലൂടെയല്ലാതെ തൻെറ ശക്തിയും അധികാരവും കർതൃത്വവും ഗ്രഹിക്കാനാവില്ല. ഈ മനുഷ്യത്വത്തെ അവിടുന്ന് യോജിപ്പോടെ തൻെറ വ്യക്തിത്വത്തിലേക്ക് എടുത്തു. തൻെറ മനുഷ്യത്വത്തിൻെറ നാമത്തിൽ അവിടുന്നു പറയുന്നതുപോലെ, "ആകാശത്തിലും ഭൂമിയിലും ഉള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു" (മത്താ.28:18).

പവിഴത്തിൻെറ ദൃഷ്ടാന്തം ഇതുതന്നെ പ്രസ്പഷ്ടമാക്കുന്നു. മറ്റിടങ്ങളിൽ നാം പറഞ്ഞതുപോലെ സൂര്യൻ എല്ലായിടത്തും പ്രകാശിക്കുന്നെങ്കിലും പവിഴത്തിൽ അതിൻെറ പ്രകാശത്തിലെ ഏകത്വം നാം ദർശിക്കുന്നു; അതിൽ നിഴലൊന്നും വീഴുന്നില്ല. വീണ്ടും, ആത്മാവ് ആന്തരികമായിട്ടാണല്ലോ ഐക്യപ്പെട്ടിരിക്കുന്നത്; അതിൻെറ ശക്തിയും പ്രവർത്തനവും ശരീരം മുഴുവനുമാണ്. അഗ്നി എല്ലാറ്റിലും ഉണ്ടെങ്കിലും അത് ഐക്യപ്പെടുന്നില്ല; അതിന് അനുയോജ്യമായ പദാർത്ഥത്തിലേ അതിൻെറ പ്രവർത്തനം കാണപ്പെടുന്നുള്ളു. സാധാരണക്കാരുടെ ഗ്രാഹ്യത്തിനായി പ്രകൃതിയിൽ നിന്നുള്ള ചില അപൂർവസാദൃശ്യങ്ങൾ എടുത്തു കാണിച്ചെന്നു മാത്രം. മറ്റു ചർച്ചകളിൽ ആരാധ്യവും അവാച്യവുമായ ഈ ഐക്യത്തെപ്പറ്റി പ്രകൃതിയിൽനിന്നുള്ള ദൃഷ്ടാന്തങ്ങളാൽ നാം വളരെ വിശദമായി ചർച്ചചെയ്തിട്ടുള്ളതിനാലാണ് ഇവിടെ ചുരുക്കി ചർച്ച ചെയ്തിരിക്കുന്നത്. ദൈവം സർവവ്യാപിയാണെങ്കിലും നമ്മുടെ കർത്താവേശു മിശിഹായുടെ ഈ ഏക വ്യക്തിത്വത്തിൻെറ ഏക ഐക്യത്തിൽ, ദൈവത്വത്തിൻേറതായവയെല്ലാം ഐക്യപ്പെട്ട ഏക വ്യക്തിത്വത്തിൽ തൻെറ മനുഷ്യത്വത്തിൽ മാത്രമാണ് വെളിപ്പെട്ടിരിക്കുന്നത്. അവനും തൻെറ പിതാവിനും പരിശുദ്ധാത്മാവിനും എന്നുമെന്നേക്കും മഹത്ത്വവും ഏറ്റുപറച്ചിലും ആരാധനയും ഉന്നതിയും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

## അധ്യായം 12

# അഭിഷിക്തൻ

*നമ്മുടെ കർത്താവിൻെറ മനുഷ്യത്വത്തെപ്പറ്റി രണ്ടുപ്രാവശ്യം 'അഭിഷേകം' എന്നു പറയുന്നതിനെ സംബന്ധിച്ച്:*

നമ്മുടെ നാഥനായ മിശിഹാ പരിശുദ്ധാത്മാവിനാൽ രണ്ടു രീതികളിൽ അഭിഷേകം പ്രാപിച്ചു എന്ന് തിരുലിഖിതം സാക്ഷിക്കുന്നു. ഒന്ന്, തൻെറ രൂപീ കരണത്തിൻെറ ആരംഭത്തിൽ. വചനമായ ദൈവവുമായി ഏക കർത്താവുംഏക പുത്രനും ആയിത്തീരുവാൻ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായി. അവി ടുന്ന് അതിനെ ഉയർത്തി എന്നേക്കും ഏക യോജിപ്പിലും ഐക്യത്തിലും തൻെറ സ്വന്തം പർസോപ്പായിലേക്ക് എടുത്തു. അവൻെറ രൂപീകരണത്തിൽ തന്നെയാ യിരുന്നു അവൻെറ എടുക്കലും അഭിഷേകവും ഉന്നതവും ആരാധ്യവുമായ മഹത്ത്വവും. തൻെറ മാതാവിൻെറ ഉദരത്തിൽവച്ചുതന്നെ ഐക്യപ്പെട്ട് അവൻ അഭിഷിക്തനായി. ഐക്യപ്പെട്ട് അഭിഷിക്തനായ ശേഷമാണ് അവിടുന്നു ജനി ച്ചത് എന്ന് അവൻെറ ജനനാവസരം വ്യക്തമായി. വിശുദ്ധ ദൂതന്മാർ തങ്ങളുടെ വെളിപ്പെടുത്തലിൽ ഇടയന്മാരോട് വ്യക്തമായി പറഞ്ഞു: "ദാവീദിൻെറ പട്ടണ ത്തിൽ മിശിഹാ കർത്താവെന്ന രക്ഷകൻ നിങ്ങൾക്കായി ഇന്ന് ജനിച്ചിരിക്കുന്നു" (ലൂക്കാ 2:11). അവൻെറ രൂപീകരണത്തിൻെറയും എടുക്കലിൻെറയും ആരം ഭത്തിൽതന്നെ, അവൻ ഐക്യപ്പെട്ട് പുത്രനാണ്, ആരാധ്യമായ ബഹുമാനത്തി ലുള്ള പുത്രത്വം എന്ന് നമ്മെ പ്രബോധിപ്പിച്ചുകൊണ്ട് വിശുദ്ധ ദൂതൻ പഠിപ്പി ക്കുന്നു. അവിടുത്തേക്ക് മഹോന്നതമായ അഭിഷേകവും ഉണ്ടായിരുന്നു. അതു വഴി അവൻ ദൈവത്തോടുകൂടി ഏക പുത്രനായി. അവൻെറ ജനനിയോട് പറയ പ്പെട്ടതുപോലെ, "ഇതാ നിന്നിൽ നിന്നു ജനിക്കുന്നവൻ പരിശുദ്ധനാകുന്നു; അത്യുന്നതൻെറ പുത്രൻ എന്ന് അവൻ വിളിക്കപ്പെടും." (ലൂക്കാ 1:35).

എണ്ണകൊണ്ടെന്നവണ്ണം പരിശുദ്ധാത്മാവിനാൽ അവനു ലഭിച്ച സവിശേ ഷവും മഹോന്നതവുമായ അഭിഷേകം അവൻെറ വിശുദ്ധി ആയിരുന്നു എന്ന് അവൾക്ക് വ്യക്തമാക്കി കൊടുത്തു. അവൻ വചനമാം ദൈവത്തോടുകൂടി ഏക സംയോജനത്തിൽ എന്നേക്കും ആരാധ്യനായ ഏക പുത്രനായി തീരുവാൻ

www.malankaralibrary.com



വേണ്ടിയായിരുന്നു. ഏതു രീതിയിൽ ആയാലും എല്ലാവർക്കുമുള്ള അഭിഷേകത്തിൻെറ ആവശ്യവും ക്രമവും ഇതാണ്: തൻെറ സ്വന്തം സ്വഭാവത്തെക്കാൾ കൂടുതൽശ്രേഷ്ഠവും ഉന്നതവുമായ മഹനീയ ബഹുമാനം അവൻ സ്വന്തമാക്കുക. ഇക്കാരണത്താൽ അവനെപ്പറ്റി പ്രവചനമായി ഇങ്ങനെ പറയപ്പെട്ടിരിക്കുന്നു: "നിൻെറ ദൈവമായ ദൈവം നിൻെറ സ്നേഹിതരെക്കാൾ കൂടുതലായി ആനന്ദതൈലം കൊണ്ട് നിന്നെ അഭിഷേകം ചെയ്തിരിക്കുന്നു" (സങ്കി. 45;7). പൗരോഹിത്യത്തിനോ രാജത്വത്തിനോ പ്രവചനത്തിനോ മറ്റെന്തെങ്കിലും നേതൃത്വത്തിനോ പണ്ട് തെരഞ്ഞെടുക്കപ്പെട്ടവർ, വിശുദ്ധീകരിക്കപ്പെട്ട തൈലത്താൽ അഭിഷേകം ചെയ്യപ്പെട്ടിരുന്നു; സാധാരണക്കാരിൽനിന്ന് മഹോന്നത ബഹുമാനത്തിനായി അവർ വേർതിരിക്കപ്പെട്ടുമിരുന്നു. ദൈവവചനവുമായി ഐക്യപ്പെടാനും അവനുമായി ഏക പുത്രനായി തീരുവാനും നമ്മുടെ കർത്താവിൻെറ മനുഷ്യൻ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായി; അവൻെറ അഭിഷേകം അവനെ പുത്രനും കർത്താവും ആക്കി:"നിങ്ങൾ ക്രൂശിൽ തറച്ച ഈ യേശുവിനെ ദൈവം കർത്താവും മിശിഹായുമാക്കി" (നട.2:36). "പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം അവനെ അഭിഷേകം ചെയ്തു" (10:38). ഉദരത്തിൽ വച്ചു തന്നെ, തൻെറ രൂപീകരണത്തിൻെറ ആരംഭം മുതൽ തന്നെ അവൻ അഭിഷിക്തനായിരുന്നു. അതിനുശേഷം അവിടുന്നു പിറന്നു. ഇക്കാരണത്താൽ സുവിശേഷകൻ പറയുന്നു: "അബ്രഹാമിൻെറ പുത്രനായ ദാവീദിൻെറ പുത്രനായ യേശു മിശിഹായുടെ വംശാവലിപുസ്തകം" (മത്താ.1:1). "യേശുമിശിഹായുടെ ജനനം ഇപ്രകാരം ആയിരുന്നു"(1:18). ഇതുനിമിത്തം രാജാവും കർത്താവുമായി തൻെറ ജനനത്തിൽതന്നെ അവൻ വിദ്വാന്മാരിൽനിന്ന് മഹോന്നത ബഹുമാനത്തിൽ ആരാധന സ്വീകരിച്ചു. കാരണം, ഐക്യത്തിൽ അവിടുന്ന് കർത്താവും നാഥനും, ദൈവത്വത്തിൻെറ ആലയവും വാസസ്ഥലവും ആയിരുന്നു. തങ്ങൾ ആരാധിക്കുകയും ബഹുമാനിക്കുകയും ചെയ്തയാൾ ആരാണ് എന്നതിൻെറ സൂചനയായി, പ്രകാശിതരായ അവർ ഉചിതമായ നിരവധി കാഴ്ചകൾ അർപ്പിച്ചു. രാജാവിനെന്നവണ്ണം സ്വർണം. കാരണം അവനായിരുന്നു പ്രതീക്ഷിച്ചിരുന്ന അഭിഷിക്തരാജാവ്. തന്നെപ്പറ്റിയുള്ള പ്രവചനങ്ങൾക്കനുസൃതം അവിടുന്നു ബേത്‌ലഹേമിൽ വരികയും അവിടെ ജനിക്കുകയും ചെയ്തു. തൻെറ പീഡാനുഭവത്തിൻെറയും മരണത്തിൻെറയും പ്രവചനമായി മൂര്. തൻെറ മരണംവഴി അവിടുന്നു സാത്താനെയും പാപത്തെയും മരണത്തെയും കീഴടക്കി. ദൈവം ഐക്യപ്പെട്ട് എന്നേക്കുമായി ഏക യോജിപ്പിൽ വസിച്ച ആരാധ്യനായ ആലയത്തിൻെറ സൂചനയായി കുന്തിരിക്കം.

എന്നാൽ സ്നാപകയോഹന്നാനിൽനിന്ന് യോർദ്ദാനിൽവച്ച് അവിടുത്തേക്ക് മറ്റൊരു അഭിഷേകം കൂടി ഉണ്ടായിരുന്നു. അവിടുന്ന് എല്ലാവരിലും

www.malankaralibrary.com



ഒന്നാമൻ ആകുവാൻ വേണ്ടിയും നമ്മുടെ ശരീരങ്ങളുടെ രക്ഷയ്ക്കുവേണ്ടി മരിച്ചവരിൽനിന്നുള്ള ഉത്ഥാനത്തിൽ പുത്രസ്വീകാര്യത്തിൽ അനേകം സഹോദരന്മാരിൽ ആദ്യഫലമാകുവാൻ വേണ്ടിയും അവിടുന്ന് അമർത്യതയുടെയും അഴിവില്ലായ്മയുടെയും ആദ്യഫലങ്ങൾ അതിൽ സ്വീകരിച്ചു. "അവിടുന്നു നമ്മുടെ ബലഹീന ശരീരത്തെ തൻെറ മഹത്ത്വമുള്ള ശരീരത്തിൻെറ സാദൃശ്യത്തിലാക്കും"(ഫിലി. 3:21). "പരിശുദ്ധാത്മാവ് പ്രാവിൻെറ രൂപത്തിൽ ഇറങ്ങി അവൻെറ മേൽ ആവസിച്ചു" (മത്താ. 3:16). ഉത്ഥാനാനന്തരമുള്ള നവജീവിതത്തിൻെറ രീതികൾ നിഗൂഢമായി തൻെറ സ്വന്തം ക്നോമായിൽ അവിടുന്ന് നമുക്ക് അർത്ഥവത്താക്കിത്തന്നു. എന്തുകൊണ്ടെന്നാൽ അവിടുന്ന് ആ നാഴിക മുതൽ മഹനീയമായ രീതിയിലും പരിപൂർണമായ പ്രബോധനത്താലും സുവിശേഷം പ്രഘോഷിക്കുവാനും സ്വർഗരാജ്യത്തെ സംബന്ധിച്ചു പഠിപ്പിക്കാനും തുടങ്ങി. സ്നാനംവഴി താൻ അനേകം സഹോദരന്മാരിൽ ആദ്യജാതനായി തീർന്ന മിസ്റ്റിക്കൽ അഭിഷേകത്തെപ്പറ്റിയും അവിടുന്ന് വ്യക്തമാക്കി. "ഏശായാ പ്രവാചകൻെറ ഗ്രന്ഥം അവനു നൽകപ്പെട്ടു. അവൻ പുസ്തകം തുറന്നപ്പോൾ ഇപ്രകാരം കണ്ടു: 'കർത്താവിൻെറ ആത്മാവ് എൻെറ മേലുണ്ട്. അതിനാൽ ദരിദ്രരോട് സുവിശേഷം അറിയിക്കാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു; ഹൃദയം തകർന്നവരെ സുഖപ്പെടുത്തുവാനും തടവുകാർക്കു മോചനം പ്രഖ്യാപിക്കുവാനും അവൻ എന്നെ അയച്ചിരിക്കുന്നു' എന്നിത്യാദി. വായന കഴിഞ്ഞപ്പോൾ ശ്രോതാക്കളോട് അവൻ പറഞ്ഞു: 'ഇന്നു നിങ്ങളുടെ കാതുകളിൽ ഈ തിരുവെഴുത്ത് പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു'. അവരെല്ലാവരും അവനു സാക്ഷ്യം വഹിക്കുകയും ചെയ്തു" (ലൂക്കാ 4:17-22). എന്നാൽ ഉദരത്തിൽ വച്ചു തന്നെ ഐക്യത്തിൻെറ അവസരം പൂർത്തീകരിക്കപ്പെട്ട അതേ അഭിഷേകം ആയിരുന്നില്ല ഇത്. ഇതു സ്നാനത്തിൽ പൂർത്തീകരിക്കപ്പെട്ട അഭിഷേകമത്രേ. ആ അഭിഷേകം മിശിഹാ ജനിച്ചപ്പോൾ മഹോന്നതങ്ങളിൽ കാട്ടിയതാണ്.

എന്നാൽ സ്നാനത്തിലെ ഈ അഭിഷേകം അമർത്യതയുടെ രഹസ്യത്തിൻെറ അച്ചാരമായിരുന്നു; എഴുതപ്പെട്ടിരിക്കുന്നതുപോലെ അവൻ പുരുഷപ്രാപ്തിയിൽ എത്തിയപ്പോൾ അവന് അതു ലഭിച്ചു: "ശക്തിയിലും പരിശുദ്ധാത്മാവിലും ദൈവം അഭിഷേകം ചെയ്ത നസ്രായനേശു"(നട.10:38). ഇതിനാൽ അവൻെറ ആരാധകരായ എല്ലാ വിശ്വാസികളും സ്നാനത്താൽ ക്രിസ്ത്യാനികൾ (അഭിഷിക്തർ) എന്നു വിളിക്കപ്പെടുന്നു. ഇതിനാൽ അവൻ സഭയുടെ ശിരസ്സാണ്; വിശ്വാസികൾ അവിടുത്തെ അവയവങ്ങളാണ്. "വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും ഒരുവനിൽ നിന്നുതന്നെ. അതിനാൽ അവരെ സഹോദരർ എന്നു വിളിക്കുവാൻ അവൻ ലജ്ജിച്ചില്ല" (എബ്രാ. 2:11). അതേസമയം അവിടുന്ന് അവരുടെയെല്ലാം കർത്താവുമാണ്. അവർ മനുഷ്യസ്വഭാവത്തിലും തങ്ങളുടെ ശരീരങ്ങളുടെ രക്ഷയ്ക്കുവേണ്ടി ആത്മീയപുത്ര

www.malankaralibrary.com



സ്വീകാര്യത്തിൻെറ രഹസ്യത്തിലൂടെയുമാണ് അവൻെറ സഹോദരന്മാരായിരിക്കുന്നത്. എന്നാൽ ഏക യോജിപ്പിലും ഏക നാമത്തിലും ഏക ആരാധനയിലും ഉദരത്തിൽ വച്ചുണ്ടായ മഹനീയമായ അഭിഷേകത്താലും വചനമാം ദൈവവുമായുള്ള അവൻെറ ഉന്നതമായ ഐക്യം നിമിത്തവും അവൻ കർത്താവാണ്. എന്നേക്കും ഏകബഹുമാനത്തിൽ കർത്താവായ മിശിഹാ ആയിരിക്കുവാൻ അവൻ അഭിഷിക്തനായി. "നിങ്ങൾ ക്രൂശിൽ തറച്ച ഈ യേശുവിനെ ദൈവം കർത്താവും മിശിഹായും ആക്കി" (നട. 2:36).

ഈ അഭിഷേകം വഴി അവൻ നമുക്കു ശിരസ്സും നാം ആത്മീയമായി അവൻെറ അവയവങ്ങളുമായി തീർന്നതിനാൽ, നാമും ക്രിസ്ത്യാനികൾ (അഭിഷിക്തർ) എന്നു വിളിക്കപ്പെടുന്നു. നമ്മെ വിശുദ്ധീകരിക്കുന്ന സ്നാനത്തിലെ ഈ അഭിഷേകം അവിടുത്തെപോലെ നമ്മെ ദൈവമക്കൾ ആക്കുന്നില്ല, വചനമാം ദൈവവുമായുള്ള ഐക്യത്തിൽ ആരാധ്യരുമാക്കുന്നില്ല. ദൈവം തടയട്ടെ. അത് അഭക്തിയും ദൈവദൂഷണവുമാണ്. അവനാണ് വചനമാം ദൈവവുമായി ഐക്യപ്പെട്ട ഏകജാതനായ പുത്രൻ. വിശകലനാതീതമായ വ്യത്യസ്ത രീതിയിലും എന്നേക്കുമുള്ള ഏക ആരാധനയിലും തന്നോടുകൂടി പിതാവായ ദൈവത്തിൻെറ ഏകജാതനാകുവാൻ വചനമാം ദൈവം അതിനെ ഉയർത്തി തൻെറ സ്വന്തം ആളത്വത്തിലേക്ക് എടുത്തു. തൻെറ സ്നാനത്തിൽ നിന്നുണ്ടായ ഇതുനിമിത്തം അവൻ ശിരസ്സും നാം അവൻെറ അവയവയങ്ങളുമായി; അവൻ നമുക്കു മരിച്ചവരിൽ നിന്നുള്ള ആദ്യജാതനായിതീർന്നു.

തെറ്റുകൾ നിമിത്തവും ശ്രോതാക്കളുടെ പ്രകാശനത്തിനുമായി നമുക്കിത് അല്പംകൂടി വിശദീകരിക്കാം. ഇക്കാരണത്താലാണ് അവൻെറ സഭ മിശിഹായുടെപേരിൽ അറിയപ്പെടുന്നത്. "ശരീരം ഒന്നായിരിക്കുകയും അതിൽ അനേകം അവയവങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യുന്നതുപോലെയാണ് മിശിഹായും" (1 കൊറി.12:12). ഈ രീതിയിൽ, പുതിയ ജനനത്തിലൂടെ, അച്ചാരമായും നിഗൂഢാത്മകമായും സഭാമക്കളെല്ലാം അഭിഷിക്തർ എന്നു വിളിക്കപ്പെടുന്നു. "അവിടുന്ന് നമ്മെ അഭിഷേകം ചെയ്യുകയും മുദ്രകുത്തുകയും ചെയ്തു" (2 കൊറി. 1: 21-22). "നമ്മുടെ അവകാശത്തിൻെറ അച്ചാരമായ പരിശുദ്ധാത്മാവു വഴി അവനിൽ നിങ്ങൾ മുദ്രകുത്തപ്പെട്ടിരിക്കുന്നു"(എഫേ.1:13-14); "നിങ്ങൾക്ക് ദൈവത്തിൽനിന്നുള്ള അഭിഷേകം ഉണ്ട്"(1 യോഹ.2:20). ഞാൻ പറഞ്ഞതുപോലെ, വിശുദ്ധ സ്നാനത്തിൽ നിന്നുള്ള ഈ അഭിഷേകത്താൽ ജഡത്തിലുള്ള മിശിഹാ അനേകം സഹോദരന്മാരിൽ ആദ്യജാതനും വരാനിരിക്കുന്ന ലോകത്തിൻെറ പിതാവും ആണ്. ആദ്യപിതാവ് മരണത്തിൻെറ പിതാവായിരുന്നു; മനുഷ്യർ അവൻെറ നാമം പേറിയിരുന്നു; എന്നാൽ ജഡത്തിലുള്ള മിശിഹാ നമ്മുടെ ആദ്യഫലവും മരിച്ചവരിൽ നിന്നുള്ള ആദ്യജാതനുമാണ്. ഈ ആത്മീയ

www.malankaralibrary.com



ബന്ധത്താൽ നാം ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെടുന്നു. "നമ്മുടെ കർത്താവുമായി ഐക്യപ്പെടുന്നവൻ അവനുമായി ഏക ആത്മാവാകുന്നു"(1 കൊറി. 6:17). തന്റെ രൂപീകരണത്തിന്റെ ആരംഭത്തിൽ ഉണ്ടായ മഹനീയമായ അഭിഷേകം വഴി അവനോടുകൂടി ഐക്യപ്പെട്ട് അത്യുന്നതന്റെ ഏകജാതനായ പുത്രനായിത്തീരുവാൻ ദൈവവചനവുമായി അവൻ ഐക്യപ്പെട്ടു. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇതിനാൽ അവൻ നമുക്കു ദൈവത്വത്തിന്റെ നിരയിൽ കർത്താവായിത്തീർന്നു. അവൻ എല്ലാ സൃഷ്ടികളാലും ആരാധിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ രണ്ടിലും മിശിഹാ ഏകനാകുന്നു; രണ്ടിലും പുത്രൻ ഏകനാണ്; എന്നാൽ ഒരേ രീതിയിൽ അല്ലെന്നുമാത്രം.

പാഷണ്ഡികൾ നിമിത്തം നാം ഈ കാര്യം ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. അവർ രണ്ട് കൊടിയ ദുഷ്ടതകളിലൂടെ അഭക്തമായി സംസാരിച്ചിരിക്കുന്നു; അവർ സത്യത്തിൽനിന്ന് വളരെ അകലെയാണ്; പരസ്പരവിരുദ്ധവുമാണ്. "സ്നാനത്തിൽവച്ച് പരിശുദ്ധാത്മാവിന്റെ ആവാസം മുതൽ പൗരാണികരായ അഭിഷിക്തരെപ്പോലെ അവനും അഭിഷേകവും പുത്രത്വവും കിട്ടി. അല്ലാതെ ഉദരത്തിൽ വച്ചുതന്നെ സംഭവിച്ച ഐക്യത്തിൽ നിന്ന് അവന് അഭിഷേകം ലഭിച്ചില്ല; വചനമായ ദൈവത്തോടുകൂടി അവനെ അവിടെവച്ച് പുത്രനും കർത്താവും ആക്കിയുമില്ല" എന്നു പൗളീനിയരും ഫൊത്തീനിയരും അഭക്തമായി പറയുന്നു. ഇതു പുത്രന്റെ ദൈവത്വത്തെ നിഷേധിക്കലാണ്. വചനമാം ദൈവത്തിന് സഹനം ആരോപിക്കുന്നവരും ഇതുപോലെ ഭക്തിരഹിതമായി സംസാരിക്കുന്നു. രണ്ട് കൊടിയ അണലികളിലൂടെ അവരും നാശം വിതറുന്നു. ഈ ഐക്യത്തിൽ ഉയർത്തപ്പെട്ട നമ്മുടെ വംശത്തിന്റെ ശിരസ്സിന്റെ എടുക്കലിനെ നിഷേധിക്കാനായി ഭക്തിരഹിതമായി ദൈവദൂഷണം പറഞ്ഞുകൊണ്ട് തുറന്ന നിരസിക്കലിൽ തങ്ങളുടെ നാശകരമായ അഭക്തി അവർ പ്രചരിപ്പിക്കുന്നു.[2] "അവിടുന്ന് മാനുഷികപരിമിതകൾക്കുള്ളിൽ വന്നതിനാൽ 'അഭിഷിക്തൻ' എന്ന് പറയപ്പെടുന്നു"; 'പരിമിതി അനന്തതയിൽ നിന്നാണ്'; 'പരിമാണാവസ്ഥയ്ക്ക് അവൻ സ്വയം വിധേയനാക്കി'. ഇവർ മറ്റവരുടെ പിതാക്കന്മാരാണ്; രണ്ടും വ്യക്തമായി ഒരേതരത്തിലുള്ള നിഷേധിക്കൽ തന്നെ. "അഭിഷിക്തൻ ദൈവമാണ്; ദൈവം അഭിഷിക്തനാണ്". "ഈ പേരുകൾ വ്യക്തമായി ഒന്നും സൂചിപ്പിക്കുന്നില്ല". "ഏകജാതനും ആദ്യജാതനും തമ്മിൽ വ്യത്യാസം ഒന്നും ഇല്ലാത്തതിനാൽ, രണ്ടും ഒരു കാര്യംതന്നെ സൂചിപ്പിക്കുന്നു". - ഈ അഭക്തരെല്ലാം തിരുലിഖിതങ്ങൾക്ക് എതിരായി എഴുന്നേൽക്കുകയും തമ്മിലടിച്ച് നശിക്കുകയും ചെയ്യുന്നു.[8]

എന്നാൽ വിശുദ്ധസഭയിൽ സത്യം സംരക്ഷിക്കപ്പെടുന്നു; മിശിഹാ എന്ന നാമം ഐക്യത്തിന്റെ പർസോപ്പായെ സൂചിപ്പിക്കുന്നു. "അവരിൽ നിന്നാണ്

www.malankaralibrary.com



ജഡത്തിലുള്ള മിശിഹാ; അവൻ എല്ലാറ്റിന്മേലും ദൈവമാണ്" (റോമാ 9:5). എന്നാൽ ഇത് മറ്റൊന്നുകൂടി സൂചിപ്പിക്കുന്നു. അഭിഷേകത്താൽ സ്നാനത്തിലൂടെ അവൻ സഭയുടെ ശിരസ്സും മരിച്ചവരിൽനിന്നുള്ള ആദ്യജാതനുമാണ്. അവനിലൂടെ ക്രിസ്തീയനാമം അഥവാ, അഭിഷിക്തനാമം സഭയ്ക്കു കിട്ടി. അതുപോലെയാണ് ഏകജാതനും ആദ്യജാതനും. രണ്ടു പേരുകൾക്കും വ്യത്യസ്തമായ അർത്ഥമാണുള്ളത്. മിശിഹായുടെ ശക്തിയാൽ നാം നേരത്തെ ഇവയുടെ അർത്ഥം വ്യക്തമാക്കിയിട്ടുള്ളതാണല്ലോ. അവനും അവൻെറ പിതാവിനും പരിശുദ്ധാത്മാവിനും എന്നുമെന്നേക്കും മഹത്ത്വവും ബഹുമാനവും ആരാധനയും ഉന്നതിയും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## അധ്യായം 13

# പുത്രൻ

*പുത്രത്വം എന്ന പേര് രണ്ടർത്ഥത്തിൽ അവിടുത്തെപ്പറ്റി പറഞ്ഞിരിക്കുന്നു*

പുത്രത്വം എന്ന നാമവും അതേ രീതിയിൽ മിശിഹായുടെ മനുഷ്യത്വത്തിന് രണ്ടു രീതിയിൽ പറഞ്ഞിരിക്കുന്നു: ഒന്നുവഴി ദൈവത്വത്തിൻെറ ക്രമത്തിൽ അവിടുത്തേക്ക് ബഹുമാനം ഉണ്ട്; കാരണം അവൻ വചനമായ ദൈവത്തോടുകൂടി ഏകജാതനായ പുത്രനാണ്. ഏകബഹുമാനത്തിലും ആരാധനയിലും നാമത്തിലും എന്നേക്കും അത്യുന്നതൻെറ ഏക പുത്രനായി വചനമാം ദൈവം അതിനെ തന്നോടുകൂടി എടുത്തുയർത്തി. അവൻെറ ജനനിയോട് പറയപ്പെട്ടതുപോലെ "അവൻ അത്യുന്നതൻെറ പുത്രൻ എന്നു വിളിക്കപ്പെടും"(ലൂക്കാ 1:35). "അവനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് തൻെറ ഏകജാതനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. അവനിൽ വിശ്വസിക്കുന്നവൻ ന്യായവിധിയിലേക്കു വരുന്നില്ല; വിശ്വസിക്കാത്തവൻ ഇപ്പോഴേ വിധിക്കപ്പെട്ടിരിക്കുന്നു. കാരണം, അവൻ ദൈവത്തിൻെറ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്നില്ല" (യോഹ. 3:16-18).

www.malankaralibrary.com



അവിടുന്ന് മരണത്തിനേൽപ്പിക്കപ്പെട്ടത് തൻെറ ദൈവത്വത്തിലല്ല എന്നത് തിരിച്ചറിവുള്ളവർക്കെല്ലാം സുവ്യക്തമാണല്ലോ. "അവിടുന്ന് തൻെറ പുത്രനെ ഒഴിവാക്കാതെ നമുക്കെല്ലാവർക്കുംവേണ്ടി അവനെ ഏല്പിച്ചു കൊടുത്തു" എന്ന് എഴുതപ്പെട്ടിരിക്കുന്നുണ്ടല്ലോ(റോമാ 8:32). ഇത് അവിടുത്തെ മനുഷ്യത്വത്തെപ്പറ്റിയാണ് പറയപ്പെട്ടിരിക്കുന്നത്. തന്നിലുള്ള ദൈവത്വത്തിൻെറ ശക്തിയാൽ സാത്താനെ കീഴ്മറിച്ചിട്ടു. തൻെറ ക്രൂശാരോഹണത്താൽ പാപത്തെ അവിടുന്ന് കുരിശിൽ തറച്ചു. തൻെറ മരണത്താൽ അവിടുന്ന് ശത്രുത നീക്കിക്കളഞ്ഞു. മരണത്തിൽ തൻെറ ആലയം തകർക്കപ്പെട്ടു; ഞാൻ മുകളിൽ കാണിച്ചതുപോലെ, അവനിലുള്ള ദൈവത്വം അതിനെ മൂന്നാം നാൾ ഉയിർപ്പിച്ചു. "ഒരു മനുഷ്യൻവഴി മരണം കടന്നുവന്നു; ഒരു മനുഷ്യൻ വഴി മരിച്ചവരുടെ ഉത്ഥാനവും" (1 കൊറി. 15:21).

ഐക്യത്തിനുശേഷം എന്നേക്കും ഒരേ ഒരു യോജിപ്പിൽ ഏകജാതനായ പുത്രൻെറ പേര് ഏകമാണ്; ഒന്നാമതായി തൻെറ ദൈവത്വത്തിൻേറത്; രണ്ടാമതായി, പൊതുവിൽ തൻെറ മനുഷ്യത്വത്തിൻേറതും: "പിതാവിൻെറ മടിയിൽ വസിക്കുന്ന ഏകജാതനായ പുത്രൻ തന്നെയാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (യോഹ. 1:18). അതായത്, പരിപൂർണജ്ഞാനത്തിൽ, സത്യജീവൻെറ പ്രബോധനത്തിലൂടെ ഭാഗ്യകരമായ എല്ലാ രഹസ്യങ്ങളെയും മഹനീയവും മഹോന്നതവുമായ വഴികളെയും പറ്റി തൻെറ മനുഷ്യത്വത്തിൽ അവിടുന്നു വെളിപ്പെടുത്തുകയും വിളംബരം ചെയ്യുകയും നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു. മുകളിൽ തെളിയിച്ചതുപോലെ അവൻ അനേകം സഹോദരങ്ങളിൽ ആദ്യജാതനാണ്; അവൻ നിദ്രപ്രാപിച്ചവരുടെ ആദ്യഫലമാണ്. "അവൻ സഭയാകുന്ന തൻെറ ശരീരത്തിൻെറ ശിരസ്സാണ്; അവൻ എല്ലാറ്റിലും ഒന്നാമനാകുവാൻ ആരംഭവും മരിച്ചവരിൽനിന്നുള്ള ആദ്യജാതനുമാകുന്നു; അവനിൽ ദൈവത്വത്തിൻെറ പൂർണത വസിക്കുന്നു; അവൻ ആകാശത്തിലും, ഭൂമിയിലും തൻെറ കുരിശിലെ രക്തത്താൽ അവനിലൂടെ സമാധാനം സംസ്ഥാപിച്ചു" (കൊളോ. 1:18). അവൻെറ പുത്രത്വത്തിലൂടെ നമുക്ക് അവനുമായി പങ്കാളിത്തം ഉണ്ടായി. നമ്മുടെ ശരീരങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള പുത്രസ്വീകാര്യമായ ആത്മീയ ജനനത്താലും ഉത്ഥാനത്താലും സ്നാനംവഴി അവൻ സഭയുടെ ശിരസ്സും അനേകം സഹോദരന്മാരിൽ ആദ്യജാതനുമാണ്.

"നമ്മളെല്ലാവരും ഏക ആത്മാവിൽ ഏകശരീരത്തിലേക്ക് സ്നാനപ്പെട്ടു" (1 കൊറി. 12:13). എന്നാൽ ദൈവവചനവുമായി ഐക്യപ്പെട്ട പുത്രത്വത്തിൽ അവൻ നമുക്ക് നാഥനും നാം തൻെറ ദാസരുമാണ് - അവനെ വചനം ഉയർത്തി തൻെറ സ്വന്തം പർസോപ്പായോട് ചേർത്തു - അവൻ ആരാധിക്കപ്പെടുന്നു, നാം

www.malankaralibrary.com



ഏക ആരാധനയിലും സ്തുതിപ്പിലും തന്നിലുള്ള ദൈവത്വം നിമിത്തം സമസ്ത സൃഷ്ടികളോടുംകൂടെ അവനെ ആരാധിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു. തന്റെ അനുസരണവും ആശ്ചര്യകരമായ താഴ്മയും നിമിത്തം അവൻ നമ്മുടെ രക്ഷയുടെ ഹേതുവും ജീവനുമാണ്. "അവൻ മരണത്തോളം, അതേ കുരിശുമരണത്തോളം സ്വയം താഴ്ത്തി". ഇക്കാരണത്താൽ അവനിലുള്ള ദൈവം അവനെ വളരെ ഉയർത്തുകയും എല്ലാ നാമങ്ങൾക്കും ഉപരിസ്ഥമായ ഒരു നാമം അവനു കൊടുക്കുകയും ചെയ്തു. യഥാർത്ഥത്തിൽ, എല്ലാം ഇപ്പോഴും അവന് കീഴ്പ്പെട്ടിട്ടില്ല. അത് വരാനിരിക്കുന്നതേയുള്ളു. "യേശുവിന്റെ നാമ ശ്രവണത്തിൽ ആകാശത്തിൽ ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാ മുട്ടുകളും മടങ്ങുകയും യേശു കർത്താവാണ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുകയും ചെയ്യും" (ഫിലി. 2:8-11).

## അധ്യായം 14

# ആദ്യജാതൻ

*ആദ്യജാതൻ എന്ന് നമ്മുടെ കർത്താവിന്റെ മനുഷ്യനെപ്പറ്റി മൂന്നു രീതിയിൽ പറഞ്ഞിരിക്കുന്നു.*

ആദ്യജാതൻ എന്ന സംജ്ഞയും മൂന്നു രീതികളിൽ അവിടുത്തേക്ക് ഉണ്ടായിരുന്നു. ഒന്ന്, സ്വാഭാവികമായി; രണ്ട്, സ്വർഗത്തിലും ഭൂമിയിലും ഉള്ളവയെല്ലാം അവനിൽ നവീകരിക്കപ്പെട്ടിരിക്കുന്നതുവഴി; മൂന്ന്, ഉത്ഥാനംവഴി.

സ്വാഭാവികം: അവൻ തന്റെ അമ്മയുടെ കന്യാത്വ ഉദരം തുറന്നു: "അവിടെ ആയിരിക്കുമ്പോൾ അവൾക്ക് പ്രസവസമയമടുത്തു; അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു പഴന്തുണികൾകൊണ്ട് പൊതിഞ്ഞു പുൽത്തൊട്ടിയിൽ കിടത്തി". വീണ്ടും, ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "മോശയുടെ നിയമം അനുസരിച്ച് അവളുടെ ശുദ്ധീകരണത്തിന്റെ ദിവസങ്ങൾ പൂർത്തിയായപ്പോൾ ഗർഭപാത്രം തുറക്കുന്ന കടിഞ്ഞൂൽപുത്രന്മാർ ഒക്കെയും കർത്താവിനു പരിശുദ്ധൻ ആയിരിക്കണം എന്നും ബലി അർപ്പിക്കണമെന്നും കർത്താവിന്റെ നിയ

www.malankaralibrary.com



മത്തിൽ എഴുതിയിരിക്കുന്നതനുസരിച്ച് അവനെ കർത്താവിനു സമർപ്പിക്കാൻ അവർ ജറുസലേമിലേക്ക് കൊണ്ടുപോയി (ലൂക്കാ 2:6-7; 22-24).

അവൻ മറ്റൊരു രീതിയിലും ആദ്യജാതനായിരുന്നു: എല്ലാം നവീകരിക്കപ്പെട്ടത് അതു വഴിയാണ്. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "പ്രകാശത്തിൽ വിശുദ്ധർക്കുള്ള അവകാശത്തിൻെറ പങ്കിന് നമ്മെ അർഹരാക്കുകയും അന്ധകാരത്തിൻെറ ആധിപത്യത്തിൽ നിന്നു നമ്മെ രക്ഷിക്കുകയും തൻെറ പ്രിയ പുത്രൻെറ രാജ്യത്തിലേക്കു നമ്മെ കൊണ്ടുവരികയും ചെയ്ത പിതാവായ ദൈവത്തിന് സന്തോഷപൂർവം ഞങ്ങൾ കൃത ജ്ഞത അർപ്പിക്കുന്നു. അവനിൽ നമുക്കു രക്ഷയും പാപമോചനവും ലഭിച്ചിരിക്കുന്നു. അവൻ അദൃശ്യദൈവത്തിൻെറ പ്രതിരൂപവും സർവസൃഷ്ടികളുടെയും ആദ്യജാതനുമാകുന്നു" (കൊളോ. 1:12-15).

ഉത്ഥാനംവഴി പ്രത്യേകമായി അവൻ മനുഷ്യരായ നമുക്ക് ആദ്യജാതനാണ്; നമ്മുടെ ശരീരങ്ങളുടെ രക്ഷയ്ക്കുവേണ്ടി ദത്തുപുത്രസ്ഥാനത്തിൻെറ ഭാഗഭാഗിത്വത്തിലൂടെ നാം അവൻെറ സഹോദരരാണ്. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു:"അവൻ സഭയാകുന്ന ശരീരത്തിൻെറ ശിരസ്സാകുന്നു; അവൻ എല്ലാറ്റിലും ഒന്നാമനാകുവാൻ ശിരസ്സും മരിച്ചവരിൽ നിന്നുള്ള ആദ്യജാതനുമാകുന്നു" (കൊളോ. 1:18).

നടപടിയിൽ ഭാഗ്യവാനായ പൗലോസ് വ്യക്തമാക്കുന്നു: "ദൈവം നമ്മുടെ പിതാക്കന്മാരോടു ചെയ്ത വാഗ്ദാനം അവരുടെ മക്കളായ നമുക്കുവേണ്ടി പൂർത്തീകരിച്ചിരിക്കുന്നു. 'നീ എൻെറ പുത്രനാകുന്നു; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു' എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ അവൻ യേശുവിനെ ഉയിർപ്പിച്ചു. ദാവീദിൻെറ നില നില്ക്കുന്ന രാജ്യം നിനക്കു ഞാൻ നൽകും എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ, അവൻ വീണ്ടും അഴിവു കാണാതിരിക്കാൻ ദൈവം അവനെ മരിച്ചവ രിൽനിന്ന് ഉയിർപ്പിച്ചു" (നട. 13:32-34).

www.malankaralibrary.com

## അധ്യായം 15

# മിശിഹായുടെ സ്നാനം

*സ്നാനത്തെപ്പറ്റി: നമ്മുടെ കർത്താവ് സ്നാനപ്പെട്ടത് ഏതു തരത്തിലുള്ള സ്നാനത്തിലാണ്*

നമ്മുടെ കർത്താവ് തൻെറ മനുഷ്യത്വത്തിൽ സ്വീകരിച്ച സ്നാനം, ക്രിസ്ത്യാനികളായ നാം സ്നാനപ്പെടുന്ന അതേ സ്നാനം തന്നെയാണ്. അതിലൂടെ അവിടുന്ന് ആദ്യജാതനായിത്തീർന്ന് നമുക്കു മുമ്പേ പോകുകയും എല്ലാറ്റിലും ഒന്നാമനാകുകയും ചെയ്തു. യോഹന്നാനിൽനിന്നു സ്നാനമേറ്റെങ്കിലും അതു യോഹന്നാൻെറ സ്നാനമായിരുന്നു എന്നത് അനേകം സംഗതികളിൽ നിന്നു വ്യക്തമാണ്. കാരണം, യോഹന്നാൻെറ സ്നാനം പാപമോചനത്തിനുള്ള അനുതാപത്തിൻെറ സ്നാനമായിരുന്നു. എന്നാൽ നമ്മുടെ കർത്താവിന് അതിൻെറ ആവശ്യമില്ലായിരുന്നു; കാരണം, അവൻ ഒരു തിന്മയും പ്രവർത്തിച്ചില്ല; അവൻെറ അധരങ്ങളിൽ പാപം കാണപ്പെട്ടുമില്ല(ഏശാ. 53:9; മലാക്കി 2:6). എന്നാൽ അവൻ സ്നാനപ്പെടുകയും ഒന്നാമനായിത്തീരുകയും ചെയ്ത സ്നാനം നാം സ്നാനപ്പെടുകയും പരിശുദ്ധാത്മാവിൻെറ കൃപയാൽ നിഗൂഢമായി നമ്മുടെ ശരീരങ്ങളുടെ രക്ഷയ്ക്കുവേണ്ടി നാം സ്വീകരിക്കുന്ന ജീവൻെറ നിക്ഷേപത്തിൻെറ അച്ചാരമായിരിക്കുകയും അമർത്യതയ്ക്കും അഴിവില്ലായ്മയ്ക്കും വേണ്ടി ആദ്യഫലങ്ങളിലെന്നപോലെ ആയിരിക്കുകയും ചെയ്യുന്ന സ്നാനമാണ്. ഇക്കാരണത്താൽ സ്നാപകൻ പറഞ്ഞു: "ഞാൻ നിന്നിൽ നിന്നു സ്നാനമേല്ക്കേണ്ടത് ആവശ്യമാണ്"(മത്താ.3:14). അതിൻെറ അർത്ഥം, അമർത്യതയുടെയും അഴിവില്ലായ്മയുടെയും അച്ചാരം നിന്നിൽനിന്ന് എനിക്കും നിഗൂഢമായി ലഭിക്കേണ്ടിയിരിക്കുന്നു. നിന്നിലുള്ള വചനമാംദൈവത്തോട് നിനക്കുള്ള ഐക്യത്താൽ എല്ലാവർക്കും നൽകുവാൻ നീ തയാറായിരിക്കുന്നതാണല്ലോ അത്.

"ദൈവം ആത്മാവിനെ അളന്നല്ല നൽകുന്നുത്; പിതാവ് പുത്രനെ സ്നേഹിക്കുകയും എല്ലാം അവൻെറ കൈകളിൽ ഏല്പിക്കുകയും ചെയ്തിരിക്കുന്നു"

www.malankaralibrary.com



എന്ന് അവൻ പറഞ്ഞിരിക്കുന്നതിൽനിന്ന് (യോഹ.3:34-35) അത് പുത്രൻെറ മനുഷ്യത്വത്തിനാണ് അനുയോജ്യമായിരിക്കുന്നത്, ദൈവത്വത്തിനല്ല എന്നത് വ്യക്തമാണല്ലോ. പിതാവിനും പരിശുദ്ധാത്മാവിനും നിത്യമായി ഉള്ളതെല്ലാം തൻെറ ദൈവത്വത്തിൽ അവിടുത്തേക്കും നിത്യമായി ഉണ്ട്. എന്നാൽ ഈ മഹനീയ സംഗതികളെല്ലാം സ്വീകരിക്കുന്നവൻ സ്വഭാവേന അവയൊന്നും ഇല്ലാത്തവനാണ്. തൻെറ സ്വന്തം ആളത്വത്തിലേക്ക് അതിനെ എടുത്തവനുമായുള്ള ഐക്യം നിമിത്തമാണ് അതിന് ഇവയെല്ലാം ഉള്ളത്. വചനം അതിലൂടെ വെളിപ്പെടുകയും ചെയ്തു. ആദ്യഫലങ്ങളെന്നവണ്ണം പരിശുദ്ധാത്മാവിൻെറ ദാനങ്ങളാൽ അവയിലെല്ലാം ഒന്നാമനായി അവൻ പരിപൂർണനാക്കപ്പെട്ടു. അവിടുന്ന് ദൈവത്വത്തിൻെറ ക്രമത്തിലാണെന്ന് ഉത്ഥാനത്തിൽ വ്യക്തമായി. അതിന് തിരുലിഖിതവും സാക്ഷ്യം വഹിക്കുന്നു. എന്നാൽ സുവിശേഷകൻ ഇതുകൂടി കൂട്ടിച്ചേർത്തു പറയുന്നു: "യേശു സ്നാനമേറ്റ് വെള്ളത്തിൽനിന്ന് കരേറിയപ്പോൾ സ്വർഗം തുറക്കപ്പെട്ടു; പരിശുദ്ധാത്മാവ് പ്രാവിൻെറ രൂപത്തിൽ ഇറങ്ങി അവൻെറ മേൽ ആവസിക്കുന്നതായി അവൻ കണ്ടു. 'ഇവൻ എൻെറ പ്രിയ പുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന സ്വരം സ്വർഗത്തിൽ നിന്നുണ്ടായി" (മത്താ. 3:16-17).

ഈ കാര്യങ്ങളെപ്പറ്റി നിരവധി പാഷണ്ഡികൾ വിവിധരീതികളിൽ കൂടെക്കൂടെ അഭക്തമായി പറഞ്ഞവയെപ്പറ്റി സംസാരിക്കാനുള്ള സമയമല്ലിത്: "വചനമായ ദൈവം ക്നോമികമായി സ്നാനപ്പെട്ടു. ക്നോമികമായി മരിച്ചുയർത്തു" എന്നു പറഞ്ഞവർ ഉണ്ട്. ഐക്യത്തിൽ ഉയർത്തപ്പെട്ട നമ്മുടെ വംശത്തിൻെറ ആദ്യഫലങ്ങളെ നിഷേധിക്കുകയും ദൈവത്വത്തിൽ സഹനം ആരോപിക്കുകയും ചെയ്യുന്നവരാണവർ. തങ്ങളുടെ അജ്ഞതയിൽ തിരുലിഖിതങ്ങളെ കോട്ടിമാട്ടി ദുഷിപ്പിക്കാൻ പരിശ്രമിക്കുന്നവരുണ്ട്: "നമ്മുടെ കർത്താവിൻെറ മനുഷ്യത്വം സ്നാനത്തിൽനിന്ന് അമർത്യതയ്ക്കുവേണ്ടിയുള്ള നിഗൂഢമായ ഒരച്ചാരം സ്വീകരിച്ചില്ല". "ഐക്യത്തിൻെറ അവസരം സംഭവിച്ചതിൽ കൂടുതലായിട്ടൊന്നും അവിടുത്തോട് കൂട്ടിച്ചേർക്കപ്പെട്ടിട്ടില്ല". എന്നാൽ പ്രത്യേക മായി, അവർ ഈ തെറ്റ് മുറുകെപ്പിടിക്കുന്നു - രണ്ടു സ്വഭാവങ്ങളുടെയും സവിശേഷതകൾ ഇല്ലാതാക്കിക്കൊണ്ട്, അഭക്തമായി സ്വാഭാവികവും ക്നോമികവും അവശ്യാവശ്യവുമായ ഐക്യം അവകാശപ്പെടുന്നവർ - നമ്മുടെ കർത്താവിൻെറ ആത്മാവ് അതിൻെറ വിനീതമായ അനുസരണത്താൽ അതിൻെറ സ്വതന്ത്രേച്ഛ വെളിപ്പെടുത്തിയില്ല; അതിനാൽ അത് ആശ്ചര്യകരവും ആരാധ്യവുമായ മഹനീയാവസ്ഥയിൽ ആയിരുന്നു. - നീതി സംബന്ധമായി തിരുലിഖിതം സാക്ഷിക്കുന്നതുപോലെ ഇതു മാനുഷികപരിഗണന വച്ചുകൊണ്ടായിരിക്കരുത്" - മുകളിൽ കാണിച്ചതുപോലെ ഐക്യം ഉദരത്തിൽ വച്ചുതന്നെയാണെങ്കിലും

www.malankaralibrary.com



പാഷണ്ഡികൾ സാധാരണക്കാരെ വഴി തെറ്റിക്കുന്നു. - "നമ്മുടെ കർത്താവിന് സ്നാനത്തിൻെറും പരിശുദ്ധാത്മസ്വീകരണത്തിൻെറയും ആവശ്യം എന്തായിരുന്നു?. എന്തുകൊണ്ടെന്നാൽ അത് അവനിൽ ഉണ്ടായിരുന്നു; അവിടുന്ന് ഒരു ദുഷ്ടതയും പ്രവർത്തിച്ചുമില്ല". പാപമോചനം മാത്രമാണ് സ്നാനരഹസ്യം എന്ന് മൂഢന്മാർ അജ്ഞതയിൽ പറയുന്നു.[8]

മഹനീയമായത് എന്താണെന്ന് അവർ ഗ്രഹിക്കാഞ്ഞതിനാലാണ് ഇത്. അമർത്യതയുടെയും വ്യതിയാനരാഹിത്യത്തിൻെറയും അച്ചാരമാണത്. യോഹന്നാൻെറ സ്നാനംപോലെ ക്രിസ്ത്യാനികളുടെ സ്നാനവും പ്രായമുള്ളവരുടെ പാപം മോചിക്കുന്നു. എങ്കിലും ആത്മീയ ദത്തുപുത്രസ്ഥാനത്തിൻെറ കൃപ സ്നാനം സ്വീകരിക്കുന്നവർക്ക് അമർത്യതയും പ്രദാനം ചെയ്യുന്നു. "ആത്മാവിൻെറ ആദ്യഫലങ്ങൾ ഉള്ളവരായ നാം തന്നെയും നമ്മുടെ ശരീരങ്ങളുടെ രക്ഷയ്ക്ക് പുത്രസ്വീകാര്യത്തെ നോക്കിപ്പാർത്തുകൊണ്ടിരിക്കുന്നു" (റോമാ. 8:23). നമ്മുടെ കർത്താവിൻെറ സ്നാനം യോഹന്നാൻ നൽകിയതു നൽകുന്നുവെങ്കിലും നമ്മുടെ കർത്താവ് നൽകുന്നത് യോഹന്നാൻ നൽകിയില്ല. ഇക്കാരണത്താൽ യോഹന്നാൻ പറഞ്ഞു: "അവൻ നിങ്ങളെ പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനപ്പെടുത്തും" (മത്താ. 3:11). ഇതാ കുഞ്ഞുങ്ങളും തങ്ങളുടെ ശൈശവത്തിൽതന്നെ സ്നാനപ്പെടുന്നു, അത് പാപമോചനത്തിനല്ല - അവർ എപ്രകാരമാണ് പാപം ചെയ്തത്? എന്നാൽ ദത്തുപുത്രന്മാരാകാൻ, ആത്മാവിൻെറ ആദ്യഫലങ്ങൾ സ്വീകരിക്കാൻ, ഉത്ഥാനത്തിൻെറ രഹസ്യത്തിന് തങ്ങളുടെ ശരീരങ്ങളുടെ രക്ഷയ്ക്കുവേണ്ടി: "കാരണം സ്നാനത്തിൽ നാം അവനോടുകൂടി മരണത്തിന് സംസ്കരിക്കപ്പെട്ടിരിക്കുന്നു" (റോമാ 6:4). ഇക്കാരണത്താൽ, ഞാൻ പറഞ്ഞതുപോലെ അവനെപ്പറ്റി സ്നാപകൻ പ്രഘോഷിച്ചു: "അവൻ നിങ്ങളെ അഗ്നിയാലും പരിശുദ്ധാത്മാവിനാലും സ്നാനപ്പെടുത്തും" (മത്താ. 3:11).

അമർത്യതയുടെ രഹസ്യത്തിൽ ആത്മീയജനനത്തിലൂടെ അവിടുന്ന് ഒന്നാമനായി തീർന്നതാണ് നമ്മുടെ കർത്താവിൻെറ സ്നാനം. ഉദരത്തിൽ വച്ചു തന്നെ വചനമാം ദൈവവുമായി ഐക്യപ്പെടുകയും വചനമാം ദൈവവുമായി ഐക്യപ്പെടാനായി തൈലത്തിനു പകരം പരിശുദ്ധാത്മാവിനാൽ നിറയപ്പെടുകയും ചെയ്തിരുന്നെങ്കിലും പ്രകൃതി അതിൻെറ സ്വാഭാവികാവസ്ഥയിൽ അതുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളിലും അതിൻെറ ക്രമം പാലിച്ചു. അവനിലുള്ള ദൈവത്വം അതിൻെറ വളർച്ചയുടെ ഘട്ടങ്ങളിൽ അതുമായി സമവിസ്തൃതം ആയിരുന്നു. ദൈവത്വം അവനെ പൂർണ വളർച്ചയിലേക്ക് നയിച്ചുകൊണ്ടിരുന്നു. "യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിൻെറയും മനുഷ്യരുടെയും മുമ്പാകെ കൃപയിലും വളർന്നുവന്നു" (ലൂക്കാ 2:52). ശാരീരികാവസ്ഥയിലും

www.malankaralibrary.com



ആത്മാവിന്റെ വിജ്ഞാനത്തിലും കൃപയാൽ താങ്ങുന്നതിലും ശക്തിപ്പെടുത്തുന്നതിലും വളർച്ച ഉണ്ടായിരുന്നു എന്നുപറയുന്നത് മനുഷ്യർക്ക് തെറ്റാണെന്ന് തോന്നാമെങ്കിലും ദൈവത്തോടുകൂടി വ്യാജമല്ല, സത്യമാണ് എന്ന് വെളിപ്പെടുത്താൻ ആയിരുന്നത്. "അവൻ വളർന്നു; ആത്മാവിൽ ബലപ്പെട്ടു". അവൻ പ്രായത്തിൽ വളർന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 'അവൻ ജ്ഞാനത്തിലും കൃപയിലും വളർന്നു' എന്നത് നിഷേധിച്ചിട്ടുമില്ല. ഐക്യത്തിനുശേഷം നമ്മുടെ കർത്താവിന്റെ മനുഷ്യത്വം തന്നിലുള്ള ദൈവത്വത്തിൽനിന്ന് ഒന്നും സ്വീകരിച്ചില്ല, മറിച്ച്, എല്ലാക്കാര്യങ്ങളിലും പൂർണമായിരുന്നു എന്ന് ഈ ബുദ്ധിയില്ലാത്ത മനുഷ്യർ പറയുന്നതുപോലെയാണെങ്കിൽ സംഭവിക്കാത്ത ഒന്നിനെപ്പറ്റി എന്തിനാണ് കള്ളം പറഞ്ഞ് തെറ്റിദ്ധരിപ്പിക്കാൻ സുവിശേഷകൻ നിർബന്ധിതനായിരിക്കുന്നത്? അപ്പോൾ സ്നാനത്തിന്റെ ആദ്യഫലങ്ങളായ അമർത്യതയും വ്യതിയാനരാഹിത്യവും ഉത്ഥാനത്തിൽ അവിടുത്തേക്ക് ലഭിച്ചില്ല; അതുകൊണ്ട് അവിടുന്ന് ആദത്തിന്റെ മർത്യശരീരവും വ്യതിയാനവിധേയമായ ആത്മാവും എടുത്തില്ല. പിന്നെയോ ഭക്തിരഹിതരായ പാഷണ്ഡികൾ പറയുന്നതുപോലെ മറ്റേതോ പ്രകൃതമാണെടുത്തത്. അഥവാ, വിഡ്ഢിയായ മാനി ഭക്തിരഹിതമായി പറയുന്നതുപോലെ തോന്നലോ, ഭാവനാസൃഷ്ടിയോ ആയിരുന്നു. "പാപം ഒഴികെ മറ്റെല്ലാറ്റിലും അവിടുന്ന് നമ്മെപ്പോലെ ആയിരുന്നു" (എബ്രാ.4:15) എന്നതും "ആദ്യം മൃഗീയൻ, പിന്നെ ആത്മീയൻ" (1 കൊറി. 15: 46) എന്നതും തെറ്റായി തീരും.

ഇത് അവന്റെ സ്നാനം നിമിത്തമാണ്. ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ അവനെപ്പോലെ ഉയിർക്കാൻവേണ്ടിയാണ് ക്രിസ്ത്യാനികളായ നാം സ്നാനപ്പെടുന്നത്. "സ്നാനത്തിൽ അവനോടൊപ്പം മരണത്തിനായി നാം സംസ്കരിക്കപ്പെട്ടിരിക്കുന്നു; യേശുമിശിഹാ തന്റെ പിതാവിന്റെ മഹത്ത്വത്തിൽ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതത്തിൽ വ്യാപരിക്കണം"; "നമ്മുടെ കർത്താവായ യേശുമിശിഹായെ മരിച്ചവരിൽനിന്ന് ഉയർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നെങ്കിൽ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവൻ, നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവു നിമിത്തം നിങ്ങളുടെ നശ്വരശരീരങ്ങൾക്കും ജീവൻ നൽകും"(റോമാ. 6:4; 8:11).

അതുകൊണ്ട് ഇതാ, ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "സ്നാനാന്തരം പരീക്ഷകനാൽ പരീക്ഷിക്കപ്പെടുവാൻ പരിശുദ്ധാത്മാവ് അവനെ മരുഭൂമിയിലേക്ക് നയിച്ചു"(മത്താ. 4:1). "അവൻ ആത്മാവിൽ നീതീകരിക്കപ്പെട്ടു"(1 തിമോ. 3:16). "അവൻ ബലഹീനതയിൽ മരിച്ചെങ്കിലും ദൈവത്തിന്റെ ശക്തിയാൽ ഉയിർത്തെഴുന്നേറ്റു"(2 കൊറി.13:4) - അവൻ ഉദരത്തിൽവച്ചുതന്നെ എല്ലാ കാര്യ

www.malankaralibrary.com



ങ്ങളിലും തന്റെ മനുഷ്യത്വത്തിൽ പരിപൂർണനായിരിക്കുകയും അവന് ഒന്നിനും ആവശ്യം ഇല്ലാതിരിക്കുകയും ചെയ്തെങ്കിൽ, അവൻ എങ്ങനെയാണ് ബലഹീനതയിൽ ക്രൂശിക്കപ്പെട്ടത്? കൂടുതലായി, വചനമാം ദൈവം അവനിൽ ഐക്യപ്പെട്ട് വസിക്കുകയും അഭിഷേകതൈലത്തിന്റെ സ്ഥാനത്ത് വേർപാടു കൂടാതെ പരിശുദ്ധാത്മാവ് അവനിൽ ഉണ്ടായിരിക്കുകയും ചെയ്തിട്ടും എന്തു കൊണ്ടാണ് പോരാട്ടത്തിൽ അവൻ ഭയക്കുകയും വിയർക്കുകയും അവന്റെ വിയർപ്പ് രക്തത്തുള്ളികളെപ്പോലെയാകുകയും ചെയ്തത്? അവന്റെ ശരീരം അപ്പത്താൽ ബലപ്പെട്ടതായിരുന്നെങ്കിൽ മാലാഖ ഇറങ്ങിവന്ന് അവനെ ബല പ്പെടുത്തേണ്ടതിന്റെ ആവശ്യം എന്തായിരുന്നു? വചനമാം ദൈവം സ്വഭാവ ത്താലേ ബലഹീനമായ ആദാമ്യസ്വഭാവം എടുത്തു എന്ന് തിരുലിഖിതം നമ്മെ കാണിക്കാനായിരുന്നത്. അതിന്റെ ക്രമം ലംഘിക്കാതെ അതിന്റെ സവിശേ ഷതകൾ നിലനിർത്തി. അവിടുന്ന് സത്യമായും സഹനവിധേയവും മർത്യവു മായ മനുഷ്യനെ എടുത്തു എന്ന് നാം അറിയാനായിരുന്നത്. അവൻ അബ്രഹാ മിന്റെയും ദാവീദിന്റെയും വംശത്തിൽ നിന്നായിരുന്നു. വാഗ്ദാനങ്ങൾ കളവാ യിരുന്നില്ല. അവന്റെ അനുസരണം നിമിത്തം അവൻ നീതീകരിക്കപ്പെടുകയും എല്ലാ നീതിയും പൂർത്തീകരിക്കപ്പെടുകയും ചെയ്തു. അവൻ അമർത്യനും വ്യതിയാനാതീതനും മരിച്ചവരിൽ നിന്നുള്ള ആദ്യജാതനും ആകുവാൻ പീഡ നങ്ങളാൽ പരിപൂർണനാക്കപ്പെട്ടു.

"എല്ലാം ആരിൽ കൂടിയാണോ, എല്ലാം ആർക്കുവേണ്ടിയാണോ, ആര് അനേകം മക്കളെ മഹത്ത്വത്തിലേക്കു നയിക്കുന്നുവോ അവൻ നമ്മുടെ വംശത്തലവനെ സഹനങ്ങളിൽകൂടി പരിപൂർണനാക്കുക ഉചിതമായിരുന്നു" (എബ്രാ.2:10). ഉദരത്തിൽവച്ചുതന്നെ ഏകപുത്രത്വത്തിൽ വചനമാം ദൈവവു മായുള്ള ഐക്യംമൂലം അവൻ യഥാർത്ഥത്തിൽ പുത്രനായിരുന്നിട്ടും താൻ സഹിച്ച പീഡകൾവഴി അവൻ അനുസരണം അഭ്യസിക്കുകയും പരിപൂർണനാ യിത്തീരുകയും ചെയ്തു. അതായത് അനുസരണത്തിലൂടെ അതോടൊപ്പം വന്ന വയെല്ലാം അവൻ അഭ്യസിച്ചു - തന്റെ മാനുഷിക ക്നോമായിൽ യഥാർത്ഥ ത്തിൽ അവനു ലഭിച്ചതുവരെ അവൻ അമർത്യതയും വ്യതിയാനരാഹിത്യവും അറിഞ്ഞിരുന്നില്ല. വേദനാജനകമായ സംഗതികളാൽ അവൻ പരിശോധനാവി ധേയനാകുന്നതുവരെ അവൻ അറിഞ്ഞിരുന്നില്ല. കാരണം അവയൊന്നും സ്ഥി രമായും സ്വാഭാവികമായും അവന്റേതായിരുന്നില്ല; എന്നാൽ തന്റെ സ്വന്തം ക്നോമായിൽ ആ പരിശോധനയിൽ അവൻ അവയൊക്കെ സ്വീകരിച്ചു. "നമ്മുടെ ബലഹീനതയിൽ സഹതപിക്കാൻ കഴിയാത്ത മഹാപുരോഹിതനല്ല നമുക്കുള്ളത്; പാപമൊഴികെ എല്ലാറ്റിലും അവൻ നമ്മെപ്പോലെ പരീക്ഷിക്ക പ്പെട്ടു" (എബ്രാ. 4:15). അപ്പോൾ, അവൻ പരീക്ഷിക്കപ്പെടുകയും പ്രകാശിതനാ

www.malankaralibrary.com



കുകയും ചെയ്ത അറിയപ്പെടാതിരുന്നവയും പിന്നീടവൻ ഗ്രഹിക്കുകയും ചെയ്തവ പരീക്ഷണം ഇല്ലാതിരുന്നെങ്കിൽ, 'അവൻ ജ്ഞാനത്തിലും പ്രായത്തിലും കൃപയിലും വളർന്നു' എന്നത് തെറ്റാകുമായിരുന്നില്ലേ? എന്നാൽ തന്റെ മാനുഷിക ക്നോമായിൽ അവിടുന്നു സഹിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നവയൊക്കെയും സത്യമാണ്, കള്ളമല്ല. ദൈവം തടയട്ടെ! തിരുലിഖിതങ്ങൾ നുണ പറഞ്ഞെന്ന് പറയുന്നതും തന്റെ സത്യപ്രബോധകരെ ചതിയന്മാരായി മുദ്രയടിക്കുന്നതും തികഞ്ഞ അഭക്തിയാണ്. എന്നാൽ അറിവില്ലാത്തവർ ഇപ്രകാരമൊക്കെ പറഞ്ഞുനടക്കുന്നുണ്ട്. തെറ്റു സ്വീകരിക്കാൻ അവർ മഹാതല്പരരുമാണ്. "അവന് ആത്മാവില്ലായിരുന്നു എന്നരീതിയിൽ എങ്ങനെയാണ് ആത്മാവ് ഇറങ്ങി അവന്റെമേൽ ആവസിച്ചത്"? "ദൂതൻ തന്റെ അമ്മയോടു പറഞ്ഞതു പോലെ പരിശുദ്ധാത്മാവിനാൽ ആണല്ലോ അവൻ രൂപീകൃതനായത്". - ആത്മാവ് ഇറങ്ങി അവന്റെമേൽ ആവസിച്ചു എന്ന് തിരുലിഖിതങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. "അവൻ പ്രായത്തിൽ വളർന്നു" എന്നതിൽനിന്ന് അവൻ വളർന്നെന്നും ആത്മാവിനാൽ ബലപ്പെടുത്തപ്പെട്ടു എന്നു സ്പഷ്ടമാകുന്നു. "അവൻ ജ്ഞാനത്തിലും കൃപയിലും വളർന്നു" എന്നതും ശരിയായിട്ടുള്ളതാണ്, നുണയല്ല. അവ നുണയാണെങ്കിൽ തിരുലിഖിതങ്ങൾ അവയെ തിരുത്തിയതാകാം. കാരണം, അവിടുന്ന് വളർന്നെന്നും സ്നാനത്തിൽ ആത്മാവിനെ പ്രാപിച്ചെന്നും തന്റെ മാനുഷികസ്വഭാവത്തിൽ അവിടുന്നു മരണവിധേയനായിരുന്നെന്നും തിരുലിഖിതങ്ങൾ പറയുന്നു. അതുപോലെ അവൻ ഐക്യപ്പെട്ടിരുന്നെങ്കിലും അവനിൽ വസിച്ച ദൈവം സഹനങ്ങളിലൂടെ അവനെ പരിപൂർണനാക്കുകയും കല്ലറയിൽ കഴിഞ്ഞ മൂന്നുദിവസങ്ങൾക്കുശേഷം അമർത്യതയിലേക്ക് അവനെ എഴുന്നേൽപ്പിക്കുകയും ചെയ്തു. അങ്ങനെ അവൻ നിദ്രപ്രാപിച്ചവരുടെ ആദ്യഫലമായിത്തീർന്നു. 'മിശിഹാ ഉത്ഥാനം ചെയ്തിട്ടില്ലെങ്കിൽ നാമും ഉയിർത്തെഴുന്നേൽക്കുകയില്ല' എന്ന് തിരുലിഖിതം പഠിപ്പിക്കുന്നു (1 കൊറി. 15). ഇതാ, ദൈവത്വത്തിന്റെ രഹസ്യത്തിലുള്ള പങ്കുകാരൻ; ഭാഗ്യവാനായ പൗലോസ് ഇതിനു സാക്ഷ്യംവഹിക്കുന്നു.

ആത്മാവ് അവനിൽ ഉണ്ടായിരിക്കെ 'ആത്മാവിറങ്ങി' എന്ന് സുവിശേഷകർ സാക്ഷ്യപ്പെടുത്തുന്നുവല്ലോ. നമ്മുടെ നിസ്സാരതയെ പ്രകാശിപ്പിക്കുന്ന മിശിഹായുടെ ശക്തിയാൽ ഇതു വ്യക്തമാക്കാൻ ശ്രമിക്കാം. ഉദരത്തിൽ വച്ചുതന്നെ അവൻ ഐക്യപ്പെട്ടിരുന്നു. നമ്മുടെ കർത്താവിന്റെ മനുഷ്യനും നമ്മുടെ രക്ഷയുടെ ആദ്യഫലവുമായ പുതിയ ആദത്തെ പരിശുദ്ധാത്മാവാണ് രൂപീകരിച്ചത്. വചനമാം ദൈവവുമായി ഐക്യപ്പെട്ടിരുന്നെങ്കിലും ഉത്ഭവത്തിന്റെ ആരംഭം മുതൽ വിജ്ഞാനത്തിലും അമർത്യതയിലും അവിടുന്ന് പരിപൂർണനാക്കപ്പെട്ടിരുന്നില്ല. വചനം അവനെ ഉയർത്തി തന്റെ സ്വന്തം വ്യക്തിത്വത്തി

www.malankaralibrary.com



ലേക്ക് എടുത്തു; അങ്ങനെ അവൻ ദൈവത്വത്തിൻെറ ആലയമായിത്തീർന്നു. നമ്മുടെ കർത്താവിൻെറ മനുഷ്യൻ തൻെറ രൂപീകരണത്തിൻെറ ആരംഭംമുതൽ തികച്ചും പൂർണനാക്കപ്പെട്ടിരുന്നു. ഉത്ഥാനാനന്തരാവസ്ഥപോലെ ആവശ്യങ്ങളൊന്നും അവനില്ലായിരുന്നു എന്നു നാം പറയുകയില്ല. കാരണം അവൻ എങ്ങനെ വിശന്നു, ദാഹിച്ചു, ക്ഷീണിതനായി, ഉറങ്ങി, അസ്വസ്ഥനായി, ഭയപ്പെട്ടു, ബലപ്പെടുത്തപ്പെട്ടു, തൻെറ ആത്മാവിലും ശരീരത്തിലും ഭയവിഹ്വലനായി. മുകളിൽ കാണിച്ചതുപോലെ അവൻ ദുഃഖിച്ചു, പീഢ സഹിച്ചു, മരിച്ചു, അടക്കപ്പെട്ടു, ഉത്ഥാനംചെയ്തു, അവൻ ഇതിൽകൂടെയെല്ലാം കടന്നുപോയി പരിപൂർണനാക്കപ്പെട്ടു എന്ന് അവൻ പറയുന്നു. അതുപോലെയാണ് വസിച്ച ഇവനെപ്പറ്റിയും: "പരിശുദ്ധാത്മാവ് അവനിൽനിന്ന് വളരെ അകലെയായിരുന്നു. വചനമാം ദൈവം അവനുമായി ഐക്യപ്പെട്ടിരുന്നില്ല. പിതാവായ ദൈവം അവനിൽനിന്ന് അകന്നിരുന്നു" എന്നൊന്നും നാം പറയുന്നില്ല. കാരണം, അവനിൽ പൂർണത വസിച്ചു എന്ന് എഴുതപ്പെട്ടിരിക്കുന്നു (കൊളോ. 1:19). വചനമാം ദൈവം ഐക്യപ്പെട്ട് അവനിൽ വസിച്ചു. അനന്തസ്വഭാവം ഏകമായതിനാൽ സ്വഭാവം നിമിത്തം പിതാവും പരിശുദ്ധാത്മാവും. ഐക്യപ്പെട്ട പുത്രനിൽ ഐക്യപ്പെടാത്ത പിതാവ്. കാരണം, അവൻ 'മാംസമായി' എന്ന് പുത്രനെപ്പറ്റി എഴുതപ്പെട്ടിരിക്കുന്നു. അതായത്, അവൻ 'ജഡമെടുത്തു' എന്നർത്ഥം. ഐക്യപ്പെട്ട പുത്രൻ ഐക്യപ്പെടാത്ത പിതാവിലും ഐക്യപ്പെടാത്ത പരിശുദ്ധാത്മാവിലും; ഐക്യപ്പെടാത്ത പരിശുദ്ധാത്മാവ് ഐക്യപ്പെടാത്ത പിതാവിലും ഐക്യപ്പെട്ട പുത്രനിലും. അഭിഷേകതൈലത്തിൻെറ സ്ഥാനത്ത് ഉദരത്തിൽ വച്ച് അവനും അവനെ ശുശ്രൂഷിച്ചു. അവനാണ് അവനെ രൂപീകരിച്ചത്. മുകളിലത്തെ വിവരണമനുസരിച്ച് പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ശക്തിയും ആധിപത്യവും പ്രവർത്തനവും ഏകമാകുന്നു.

നമ്മുടെ അറിവിൻെറ ശൈശവാവസ്ഥനിമിത്തം ഈ ജീവദായകമായ സുവിശേഷത്തിൻെറ ആരംഭത്തിൽ ആദ്യം നടന്നവയൊക്കെ ബാഹ്യമായി ഇന്ദ്രിയഗോചരരീതിയിലത്രേ സംഭവിച്ചത്. മനുഷ്യർ ദൈവത്വം സംബന്ധിച്ച് കൂടുതൽ ഉറപ്പുള്ളവരായിതീരുന്നതിനും വരാനിരിക്കുന്നവ വിശ്വസിക്കുന്നതിനുമായിരുന്നത്. അവയുടെ രഹസ്യങ്ങൾ നാം അംഗീകരിച്ചിരിക്കുന്നവതന്നെയാണ്. അതേ കാരണത്താൽ പരിശുദ്ധാത്മാവ് പ്രാവിൻെറ രൂപത്തിൽ ഇറങ്ങി അവൻെറമേൽ ആവസിക്കുന്നത് കാണപ്പെട്ടു. എന്നാൽ അപ്പോഴും അവിടുന്ന് പരിശുദ്ധാത്മാവിനെ കൂടാതെയുള്ള അവസ്ഥയിൽ അല്ലായിരുന്നു. പരിശുദ്ധാത്മാവ് അനന്തനാകയാൽ വാച്യാർത്ഥത്തിൽ ഇറങ്ങി എന്നു ധരിക്കേണ്ടതില്ല; തൻെറ ദിവ്യസ്വഭാവത്തിൻെറ മഹോന്നതാവസ്ഥ വെളിപ്പെടുത്താനാണ് അവിടുന്ന് 'മുകളിൽ നിന്നിറങ്ങി' എന്നു പറയുന്നത്. അതുപോലെ തന്നെ

www.malankaralibrary.com



യാണ് 'ഇവനെന്റെ പ്രിയ പുത്രൻ' എന്ന് പിതാവ് സ്വർഗത്തിൽ നിന്ന് ഉച്ചരിച്ച സ്വരവും; കാരണം, ദൈവം സ്വർഗത്തിൽ ബന്ധിതനല്ല. വീണ്ടും, പുത്രൻ തന്റെ മനഷ്യത്വവുമായി യോജിച്ച് അതിൽ വസിച്ചു. എന്നാൽ അവൻ അതിനാൽ പരിമിതനല്ല; കാരണം പിതാവിനെപ്പോലെയും പരിശുദ്ധാത്മാവിനെപ്പോലെയും അവൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നു. എങ്കിലും, ഈ കാണപ്പെടലുകൾ ദിവ്യപരിപാലനയാലത്രേ. സ്നാനത്തിൽ നമ്മുടെ കർത്താവിന്റെ മനുഷ്യനു സംഭവിച്ചവയാണവ. സ്നാനംവഴി ആദ്യഫലങ്ങൾ ആയി അമർത്യതയുടെയും വ്യതിയാനരാഹിത്യത്തിന്റെയും അച്ചാരം എന്ന നിലയിൽ ആത്മാവിന്റെ കൃപ അവിടുത്തേക്ക് ലഭിച്ചു എന്നത് വ്യക്തമാക്കാനായിരുന്നു ഇത്. പരിശുദ്ധാത്മാവ് അപ്പോൾ പുറത്തുനിന്ന് പ്രവേശിച്ചില്ല; പിന്നെയോ, തന്റെ സ്വഭാവത്തിന്റെ അനന്തതയിൽ അവനിൽ ഉണ്ടായിരുന്നു. അവൻ വചനമാം ദൈവവുമായി ഐക്യപ്പെടാൻ അവന് ഉദരത്തിൽ അഭിഷേകതൈലംപോലെ ആയിരുന്നു; ഉത്ഥാനത്തിൽ എല്ലാ പരിപൂർണതകളിലും അവനെ സജ്ജമാക്കി. അവന്റെ പൂർണതയിൽനിന്ന് നാമെല്ലാം സ്വീകരിച്ചിരിക്കുന്നു.

അവിടുന്ന് മരിച്ചവരിൽനിന്ന് ഉത്ഥാനംചെയ്ത് ആരാധ്യമായ ത്രിത്വത്തിന്റെ ഐക്യത്തിൽ എല്ലാക്കാര്യങ്ങളിലും പരിപൂർണമാക്കപ്പെട്ടപ്പോൾ പുറത്തുനിന്നുള്ള ശക്തി അവന്റെ ഉള്ളിൽ പ്രവേശിച്ച് അമർത്യതയിൽ അവനെ പരിപൂർണനാക്കി എന്നു നാം പറയുകയില്ല. മറിച്ച്, തന്നിലുള്ള ദൈവത്വത്തിന്റെ ശക്തി അവനെ എഴുന്നേൽപ്പിക്കുകയും പരിപൂർണനാക്കുകയും ചെയ്തു. അതുപോലെ സ്നാനത്തിൽ അമർത്യതയുടെയും വ്യതിയാനരാഹിത്യത്തിന്റെയും അഴിവില്ലായ്മയുടെയും ആദ്യഫലങ്ങൾ അവൻ സ്വീകരിച്ചപ്പോൾ, അവൻ ഇവ പുറത്തുനിന്ന് സ്വീകരിച്ചു എന്നു നാം പറയുന്നില്ല; മറിച്ച് തന്നിൽ വസിച്ച ദൈവത്വത്തിൽ നിന്നാണ്; അത് അവനോടുകൂടി എന്നേക്കും വസിക്കുന്നു. അതുകൊണ്ട് അവിടുന്ന് അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചപ്പോൾ അതു സാധാരണമായോ യാദൃച്ഛികമായോ പരിഗണിക്കപ്പെട്ടില്ല, പിന്നെയോ, സ്നാനത്തിൽ ലഭിച്ച ശക്തിയാലാണ് അവൻ ഇവ പ്രവർത്തിച്ചത് എന്നു കരുതപ്പെട്ടു. “ദൈവാത്മാവിനാൽ ഞാൻ പിശാചുക്കളെ പുറത്താക്കുന്നെങ്കിൽ” എന്നിത്യാദി അവിടുന്നു പറഞ്ഞതുപോലെ (മത്താ. 12:28). “ആത്മാവ് ഇറങ്ങി ആരുടെമേൽ ആവസിക്കുന്നതായി കാണുന്നുവോ, അവനാണ് ആത്മാവിൽ സ്നാനപ്പെടുത്തുന്നത്; ഞാൻ അതു കാണുകയും ഇവൻ ദൈവപുത്രനാണ് എന്നു സാക്ഷിക്കുകയും ചെയ്തിരിക്കുന്നു” എന്ന് സ്നാനത്തിലെ സാക്ഷ്യവും ഇത് ഉറപ്പിക്കുന്നു (യോഹ. 1:33-34).

അതുകൊണ്ട് നമ്മുടെ കർത്താവ് സ്നാനപ്പെട്ട അതേ സ്നാനത്തിലാണ് വിശ്വാസികളായ നാമും സ്നാനപ്പെടുന്നത്. “ഇവൻ എന്റെ പ്രിയപു

www.malankaralibrary.com



ത്രൻ" എന്നു വിളിച്ചുപറഞ്ഞ പിതാവിൻെറ നാമത്തിലും പ്രാവിൻെറ രൂപത്തിൽ അവൻെറമേൽ ഇറങ്ങി ആവസിച്ച പരിശുദ്ധാത്മാവിൻെറ നാമത്തിലും സ്നാനപ്പെട്ട തൻെറ ആലയത്തിൽ അമർത്യതയുടെ രഹസ്യത്തിൽ പുത്രത്വത്തെ ശക്തിപ്പെടുത്തിക്കൊണ്ട് ഐക്യപ്പെട്ട് വസിച്ച പുത്രൻെറ നാമത്തിലും ആണ് നാം സ്നാനപ്പെടുന്നത്. അവൻെറ പൂർണതയിൽനിന്ന് നാമെല്ലാവരും സ്വീകരിച്ചിരിക്കുന്നു. നവവിശ്വാസികളുടെ ഉറപ്പിനുവേണ്ടി അഗ്നിനാവുകളുടെ സാദൃശ്യത്തിൽ ശ്ലീഹന്മാർ ആത്മാവിനെ സ്വീകരിച്ചു. എന്നാൽ ഇന്ന് നാം നിഗൂഢമായി സ്വീകരിക്കുന്നു. വിശ്വാസത്തിലും അറിവിലും പക്വത ആർജ്ജിച്ച മനുഷ്യർക്ക് അടയാളങ്ങൾ ആവശ്യമില്ലല്ലോ. അതുപോലെ നമ്മുടെ കർത്താവിൻെറ സ്നാനത്തിലും സംഭവിച്ചു. ദൈവം അനന്തനും എല്ലാറ്റിലും സ്ഥിതി ചെയ്യുന്നവനും ആണെങ്കിലും തൻെറ മഹനീയാവസ്ഥയും, ഏക ശക്തിയിലും ഏക അസ്തിത്വത്തിലും ഉള്ള ആരാധ്യമായ ക്നോമാകളുടെ വ്യതിരിക്തതയും വ്യക്തമാക്കാനായി, തൻെറ സ്വന്തം പുത്രനുമായി നിത്യമായി ഏകപുത്രനായി ഐക്യപ്പെട്ട പുത്രനായിരിക്കാൻ അവിടുന്നു പ്രസാദിച്ചുവെന്ന് ഐക്യപ്പെട്ടു വസിച്ച പുത്രനെപ്പറ്റി പിതാവ് വിളിച്ചുപറയുകയും വിളംബരം ചെയ്യുകയും ചെയ്തു. പരിശുദ്ധാത്മാവാകട്ടെ അവനിൽ ഇറങ്ങി ആവസിച്ചു; ത്രിത്വത്തിൻെറ ശക്തിയിലൂടെ തുല്യമായി അവൻ എല്ലാക്കാര്യങ്ങളിലും അവനെ പരിപൂർണനാക്കി.

അതുപോലെ നാമും ഈ സ്നാനത്തിലാണ് സ്നാനപ്പെട്ടിരിക്കുന്നത്. നാമും അവനോടൊപ്പം സ്നാനത്തിൽ മരണത്തിലേക്ക് സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നിത്യാദി (റോമാ 6:4). വചനമാം ദൈവത്തെപ്പറ്റി ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "അവൻ ലോകത്തിലായിരുന്നു, ലോകം അവൻവഴി ഉണ്ടായി"; "അവൻ തൻെറ സ്വന്തത്തിലേക്കു വന്നു". അതായത്, ശരീരത്തിലുള്ള വ്യാപാരത്തിലെ വെളിപാടിനായി അവൻ വന്നു. "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" (യോഹ. 1:10-14). "അവൻ ജഡത്തിൽ വെളിപ്പെട്ടു" (1 തിമോ. 3:16). പരിശുദ്ധാത്മാവിൻേറതും ഇതുപോലെയാണ്. അവിടുന്ന് എല്ലായിടത്തും നമ്മുടെ കർത്താവിൻെറ മനുഷ്യത്വത്തിൽ അവൻേറതായ എല്ലാറ്റിലും സന്നിഹിതനാണ്. എങ്കിലും പ്രാവിൻെറ രൂപത്തിൽ, ഒരു സമ്പൂർണപക്ഷിയുടെ ശാരീരിക ദർശനത്തിലൂടെ അവൻ ഇറങ്ങിവന്ന് അവൻെറമേൽ ആവസിച്ചു. ആരാധ്യമായ ഈ വ്യാപാരത്തിൻെറ മഹോന്നതസ്വഭാവം മുഴുവൻ അവനിൽ പൂർത്തീകരിക്കപ്പെട്ടുവെന്ന് എല്ലാവരും ഗ്രഹിക്കാനായിരുന്നു അത്. "ദൈവത്വത്തിൻെറ പൂർണതയെല്ലാം ശാരീരികമായി അവനിൽ വസിക്കുന്നു"(കൊളോ.2:9). "അവൻെറ പൂർണതയിൽനിന്ന് നാമേവരും സ്വീകരിച്ചിരിക്കുന്നു" (യോഹ.1:16). ഇതിനാൽ ശിഷ്യരുടെമേൽ അഗ്നിനാവുകളുടെ സാദൃശ്യത്തിൽ ഭാഗി

www.malankaralibrary.com



കമായി ആത്മാവിറങ്ങി അവരുടെ ഇടയിൽ പങ്കിടപ്പെട്ടു. അവൻെറമേൽ പ്രാവിൻെറ രൂപത്തിൽ പക്ഷിയുടെ എല്ലാ പൂർണതയിലും. ഉദരത്തിൽ വച്ചു തന്നെ അവൻ ദൈവത്വത്തിൻെറ ആലയമായിരുന്നു. നിത്യപുത്രനുമായി ഐക്യപ്പെട്ട് പുത്രനായിത്തീരാൻ രൂപീകരണത്തിൻെറ ആരംഭത്തിൽതന്നെ അവൻ അഭിഷിക്തനായി. സ്നാനത്തിലൂടെയാണ് നമുക്ക് അമർത്യവും വ്യതിയാനരഹിതവുമായ ജീവിതത്തിൻെറ അച്ചാരം ലഭിക്കുന്നതെന്നു മനസിലാക്കാൻ സ്നാനത്തിൽ അമർത്യതയുടെ രഹസ്യം ലഭിക്കുന്നതുവരെ അവിടുന്ന് അടയാളങ്ങളും അത്ഭുതങ്ങളും ഒന്നും പ്രവർത്തിച്ചില്ല. "എല്ലാ ഭരണകർത്താക്കളെയും അധികാരങ്ങളെയും അവസാന ശത്രുവായ മരണത്തെയും അവസാനിപ്പിച്ചു" (1 കൊറി. 15:24-26). ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "യേശുക്രിസ്തു തൻെറ പിതാവിൻെറ മഹത്ത്വത്തിൽ മരിച്ചവരിൽനിന്ന് ഉയിർത്തതുപോലെ നാമും പുതിയ ജീവനിൽ വ്യാപരിക്കാൻ നാം അവനോടുകൂടി സ്നാനത്തിൽ സംസ്കരിക്കപ്പെട്ടിരിക്കുന്നു" (റോമാ 6:4).

അതുകൊണ്ട് സ്നാനാന്തരം അവൻ ഒരു പുതിയതരം ജീവിതം ആരംഭിച്ചു. അവൻ പിശാചിനെ ഓടിച്ചു പുറത്താക്കി, കുഷ്ഠരോഗികളെ ശുദ്ധരാക്കി, അന്ധരുടെ കണ്ണു തുറന്നു, രോഗികൾക്ക് ആരോഗ്യം നൽകി, മരിച്ചവരെ ഉയിർപ്പിച്ചു. വരാനിരിക്കുന്ന ലോകത്തെ സംബന്ധിച്ച് വരാനിരിക്കുന്ന കാര്യങ്ങൾ പഠിപ്പിച്ചു. "മാനസാന്തരപ്പെടുവിൻ, സ്വർഗരാജ്യം സമീപസ്ഥമായിരിക്കുന്നു" (മത്താ. 3:2). ദൈവത്വത്തെപ്പറ്റിയുള്ള പരിപൂർണ ജ്ഞാനത്താൽ അവരെ പ്രകാശിതരാക്കി. ഉദരത്തിൽ വച്ചുതന്നെ സംഭവിച്ച ഐക്യത്തിൽ ഈ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ശക്തിയില്ലാഞ്ഞിട്ടല്ല പിന്നെയോ, സ്നാനപ്പെടുകയും അമർത്യതയുടെയും അഴിവില്ലായ്മയുടെയും രഹസ്യം സ്വീകരിക്കുകയും ചെയ്യുന്നതുവരെ അവിടുന്നു പ്രവർത്തിച്ചില്ല. ഇപ്പോൾതന്നെ മരിച്ചവരെ ഉയിർപ്പിക്കാനും നവീകരണം നടപ്പാക്കാനും അവിടുത്തേക്ക് ശക്തിയുണ്ട്. വചനമാം ദൈവവുമായുള്ള തൻെറ ഐക്യത്താൽ എല്ലാം അവനു കീഴ്പ്പെടുകയും ചെയ്യുമായിരുന്നു എങ്കിലും സ്വർഗത്തിൽനിന്ന് വെളിപ്പെടുത്തുന്നതുവരെ അമർത്യതയിലേക്കുള്ള ഉത്ഥാനം അവിടുന്ന് നടപ്പിലാക്കിയില്ല. "അവൻ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് യോർദ്ദാനിൽനിന്ന് തിരികെ പോന്നു" എന്ന് എഴുതപ്പെട്ടിരിക്കുന്നെങ്കിലും (ലൂക്കാ 4:1) അതിനുമുമ്പ് അവനിൽ പരിശുദ്ധാത്മാവ് ഇല്ലായിരുന്നു എന്നല്ല അർത്ഥം. തന്നിലുണ്ടായിരുന്ന ആത്മാവിൻെറ കൃപയാൽ നിറഞ്ഞ് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ യഥാർത്ഥത്തിൽ അവന് അപ്പോൾ തന്നെ കഴിയുമായിരുന്നു.

വീണ്ടും, ഭാഗ്യവാനായ പത്രോസ് നേരത്തെതന്നെ മറ്റു ശ്ലീഹന്മാരോടൊപ്പം പരിശുദ്ധാത്മാവിനെ പ്രാപിച്ചിരുന്നെങ്കിലും "അപ്പോൾ ശെമഗാൻ കേപ്പാ

www.malankaralibrary.com



പരിശുദ്ധാത്മാവിനാൽ നിറഞ്ഞു" (നട. 4:8) എന്ന് അവനെപ്പറ്റി പറഞ്ഞിരിക്കുന്നു. തന്നിൽ ഉണ്ടായിരുന്ന ആത്മാവ് സംസാരിക്കാൻ അവനെ ശക്തിപ്പെടുത്തി. ലോകനേതാക്കന്മാരുടെയും മൂപ്പന്മാരുടെയും മുമ്പാകെ ന്യായീകരണം നടത്താൻ അവനെ പ്രാപ്തനാക്കി. ഭാഗ്യവാനായ പൗലോസിനെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു: "പൗലോസ് എന്നു വിളിക്കപ്പെടുന്ന ശൗൽ, പരിശുദ്ധാത്മാവിനാൽ നിറഞ്ഞു" (13:9). പൗലോസിൽ പരിശുദ്ധാത്മാവ് ഇല്ലായിരുന്നു എന്നു നാം പറയുന്നില്ല. ക്ഷുദ്രക്കാരനായ എലീമാസിനെ അന്ധനാക്കാൻ അവനിലുണ്ടായിരുന്ന പരിശുദ്ധാത്മാവിൻെറ ശക്തിയാൽ അവൻ നയിക്കപ്പെട്ടു. നമ്മുടെ കർത്താവിനെപ്പറ്റി പറഞ്ഞിരിക്കുന്നതും അപ്രകാരം തന്നെയാണ്: "അവൻ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് യോർദ്ദാനിൽ നിന്നു മടങ്ങി". അതായത് തന്നിലുള്ള പരിശുദ്ധാത്മാവിൻെറ ശക്തിയാൽ അതിനുശേഷം അത്ഭുതങ്ങൾ പ്രവർത്തിക്കാനും അച്ചാരമായും നിഗൂഢമാംവിധം ആദ്യഫലങ്ങളായി വരാൻ പോകുന്ന അമർത്യതയും വ്യതിയാനരാഹിത്യവും കാണിക്കാനും തുടങ്ങി. താൻ എല്ലാവരെയും നവീകരിക്കാനും പുനരുദ്ധരിക്കാനും തയാറാണ് എന്നതിൻെറ തെളിവായിട്ടാണ് അവിടുന്ന് അടയാളങ്ങളും അത്ഭുതങ്ങളും കാണിച്ചത്. കാരണം, ഇതാ, ഇക്കാര്യം അവിടുന്നുതന്നെ വ്യക്തമാക്കിയിട്ടുണ്ട്. മുകളിൽ കാണിച്ചതുപോലെ പ്രവചനത്തിൽ അവനെപ്പറ്റി മുൻകൂട്ടി പറഞ്ഞിരിക്കുന്നു: "കർത്താവിൻെറ ആത്മാവ് എൻെറ മേലുണ്ട്. അതിനാൽ ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ സുഖപ്പെടുത്താനും തടവുകാർക്ക് മോചനം പ്രസംഗിക്കാനും അന്ധർക്കു കാഴ്ച നൽകുവാനും അടിച്ചമർത്തപ്പെട്ടവർക്കു മോചനം നൽകി ബലപ്പെടുത്താനും അവൻ എന്നെ അയച്ചിരിക്കുന്നു"(ലൂക്കാ 4:18-19). അല്പം കഴിഞ്ഞ് അവൻ പറയുന്നു: "നിങ്ങൾ കേട്ടിരിക്കെത്തന്നെ ഇന്ന് ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു" എല്ലാവരും അവനു സാക്ഷ്യം നൽകി (21-22). എന്നാൽ അടിത്തയിടയല്ല അവന് ആത്മാവ് ലഭിച്ചത്; നാം നേരത്തെ തെളിയിച്ചതുപോലെ അഭിഷേക തൈലത്തിൻെറ സ്ഥാനത്ത് ഉദരത്തിൽ വച്ചുതന്നെ അവന് ആത്മാവിനെ ലഭിച്ചു. അത് അവനെ ബലപ്പെടുത്തുകയും അവനെ കൃപയാൽ നിറയ്ക്കുകയും ചെയ്തു. സ്നാനത്തിലൂടെ തന്നിലുള്ള ആത്മാവ് അവനു നൽകിയ അഭിഷേകം ഇതായിരുന്നു: അമർത്യതയുടെ അച്ചാരം നിഗൂഢമായി അവനു ലഭിച്ചു; അതുവഴി അവൻ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചു; പരിപൂർണജ്ഞാനം സംബന്ധിച്ച് പഠിപ്പിക്കുകയും അവരെ ബോധവൽക്കരിക്കുകയും ചെയ്തു; തൻെറ ക്നോമായിൽ സ്വർഗരാജ്യം പ്രഘോഷിച്ചു. ആദ്യഫലങ്ങളായി അവന് അമർത്യത ലഭിച്ചതുപോലെ ആദ്യഫലങ്ങളിൽ അവൻ മനുഷ്യസ്വഭാവത്തെ വീണ്ടെടുത്തു.

www.malankaralibrary.com



കാരണം, ഉത്ഥാനത്തിൽ അതിനെ പരിപൂർണമാക്കാൻ അവിടുന്ന് ഒരുക്കമായിരുന്നു.

നമ്മുടെ വംശത്തലവനെ എടുത്തത് നിഷേധിക്കുകയും തന്റെ സ്വഭാവത്തിന്റെ സവിശേഷതകൾ നശിപ്പിക്കുകയും അവൻ അനുസരണ പൂർത്തിയാക്കുകയോ എഴുതപ്പെട്ടിരിക്കുന്നതുപോലെ ആത്മാവിൽ നീതീകരിക്കപ്പെടുകയോ ചെയ്തില്ല എന്നു പറയുകയും ചെയ്യുന്ന ദൈവഘാതകർ നിമിത്തമാണ് നാം ഇത്രയുമൊക്കെ പറയാൻ ഇടയായത്.

## അധ്യായം 16

# ഒരേ ഒരു പുത്രൻ

*പുത്രന്റെ മനുഷ്യത്വം വചനമാം ദൈവവുമായുള്ള ഐക്യത്തിലാണ് പുത്രൻ എന്നു നാം പറയുന്നെങ്കിലും രണ്ടു പുത്രന്മാർ എന്നു നാം പറയുന്നില്ല; വചനമാം ദൈവത്തിന് തന്റെ മനുഷ്യത്വത്തിന്റെ ആലയവുമായുള്ള ഐക്യം കൊണ്ട് ത്രിത്വത്തിൽ കൂടിച്ചേർക്കൽ ഉണ്ടായതുമില്ല.*

സ്വാഭാവികവും ക്നോമികവുമായ ഐക്യം എന്ന് അഭക്തമായി പറയുകയും മഹനീയമായ ഐക്യത്തിലേക്ക് നമ്മുടെ വംശത്തലവനെ എടുത്ത കാര്യം നിഷേധിക്കുകയും ചെയ്യുന്ന ദൈവഘാതകരാണ് രണ്ടു പുത്രന്മാർ ഉണ്ട് എന്ന് നാം പറഞ്ഞതായി ആരോപിക്കുന്നത്. നാം സ്വഭാവങ്ങളുടെ സവിശേഷതകൾ അംഗീകരിക്കുന്നതിനാലും ഐക്യംവഴി ക്നോമാകൾ കൂട്ടിക്കുഴഞ്ഞില്ല എന്നു പറയുന്നതിനാലുമാകാം അവർ അങ്ങനെ പറയുന്നത്. അഭിഷേകം ഇതായിരുന്നു: അമർത്യതയുടെ അച്ചാരം നിഗൂഢമായി അവനു ലഭിച്ചു; അതുവഴി അവൻ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചു; പരിപൂർണജ്ഞാനം സംബന്ധിച്ച് പഠിപ്പിക്കുകയും അവരെ ബോധവൽക്കരിക്കുകയും ചെയ്തു; തന്റെ ക്നോമായിൽ സ്വർഗരാജ്യം പ്രഘോഷിച്ചു. ആദ്യഫലങ്ങളായി അവന് അമർത്യത ലഭിച്ചതുപോലെ ആദ്യഫലങ്ങളിൽ അവൻ മനുഷ്യസ്വഭാവത്തെ വീണ്ടെടുത്തു; കാരണം, ഉത്ഥാനത്തിൽ അതിനെ പരിപൂർണമാക്കാൻ അവിടുന്ന് ഒരുക്കമായിരുന്നു.

www.malankaralibrary.com



നമ്മുടെ വംശത്തലവനെ എടുത്തത് നിഷേധിക്കുകയും തന്റെ സ്വഭാവത്തിന്റെ സവിശേഷതകൾ നശിപ്പിക്കുകയും അവൻ അനുസരണ പൂർത്തിയാക്കുകയോ എഴുതപ്പെട്ടിരിക്കുന്നതുപോലെ ആത്മാവിൽ നീതീകരിക്കപ്പെടുകയോ ചെയ്തില്ല എന്നു പറയുകയും ചെയ്യുന്ന ദൈവഘാതകർ നിമിത്തമാണ് നാം ഇത്രയുമൊക്കെ പറയാൻ ഇടയായത്. എന്നാൽ ദൈവത്വത്തോടുകൂടി ഐക്യപ്പെട്ടതിനാൽ മനുഷ്യത്വത്തിന് ബഹുമാനവും പുത്രത്വം എന്ന നാമവും ആരാധനയും ലഭിക്കുന്നു എന്നു നാം പറഞ്ഞാൽ രണ്ടു പുത്രന്മാർ എന്ന് നാം പറയുന്നതായി അവർക്ക് എങ്ങനെ ആരോപിക്കാനാവും?

ഒരേ സ്വഭാവത്തിൽ രണ്ടു പുത്രന്മാരുണ്ടെന്നും അവയുടെ ക്നോമാകളിൽ രണ്ട് വ്യത്യസ്ത പർസോപ്പാകളുണ്ടെന്നും അവ ഒരേ ഒരു സ്വഭാവത്തിൽ നിന്നാണെന്നും ഞങ്ങൾ പറഞ്ഞിരുന്നെങ്കിൽ, അങ്ങനെ ഞങ്ങൾ ഏറ്റുപറഞ്ഞിരുന്നെങ്കിൽ, പിതാവിന്റെ സ്വഭാവത്തിൽനിന്ന് "രണ്ടു സഹോദരന്മാർ" എന്നു ഞങ്ങൾ പറഞ്ഞതായി കരുതാമായിരുന്നു. അഥവാ, അവർ ഇരട്ടകളാകാം, ഒന്ന് മറ്റതിന് മുമ്പിലായാലും. കാരണം അതാണ് സ്വാഭാവിക ഭ്രാതൃത്വം. വീണ്ടും, നമ്മുടെ കർത്താവിന്റെ മനുഷ്യത്വം ദത്തുപുത്രൻ എന്നു വിളിക്കപ്പെടുകയും അങ്ങനെ വേർതിരിച്ച് സ്വാഭാവികപുത്രൻ, ദത്തുപുത്രൻ എന്നിങ്ങനെ രണ്ട് പുത്രന്മാർ എന്നു പറയപ്പെടുകയും കൃപയിൽ 'പുത്രന്മാർ' എന്നു വിളിക്കപ്പെടുന്നവരെപ്പോലെ വെറും ബന്ധം അഥവാ ബഹുമാനംകൊണ്ട് മഹനീയപുത്രത്വത്തിന് അവൻ അർഹനായിത്തീരുകയും, 'ഇസ്രായേൽ എന്റെ പുത്രനാണ്, എന്റെ ആദ്യജാതനാണ്' എന്നു പറയുന്നതുപോലെയാണ് (പുറ. 4:22) എന്നു കരുതുകയും "ഞാൻ മക്കളെ പോറ്റിവളർത്തി"(ഏശ. 1:2) എന്ന് പറയുന്നതുപോലെയാണെന്ന് കരുതുകയും ചെയ്യുന്നെങ്കിൽ, ദൈവം ക്ഷമിക്കട്ടെ. എന്നാൽ അപ്രകാരമല്ല. അത്യുന്നതന്റെ നിത്യപുത്രനായ വചനമാം ദൈവത്തോടുള്ള ഐക്യത്തിൽ, തന്റെ മനുഷ്യത്വം അവനോടുകൂടി അത്യുന്നതന്റെ ഏകപുത്രനാണ്; കാരണം അവൻ അതിനെ ഉയർത്തി, തന്റെ സ്വന്തം പർസോപ്പായിലേക്ക് എടുത്തു; തന്നോടുകൂടി അത് എന്നേക്കും ഏക നാമത്തിലും ബഹുമാനത്തിലും ഉന്നതിയിലും ആയിരിക്കുന്നതിന് അതിനെ അവൻ തന്നോടുകൂടി ചേർത്തു...[9]

.... ഞാൻ പറഞ്ഞതുപോലെ കൂട്ടിച്ചേർക്കലോ നീക്കിക്കളയലോ ഇല്ല. സ്വർഗത്തിൽ ഐക്യപ്പെട്ടിരിക്കുന്ന ശരീരം സ്വാഭാവികമായി മാനുഷികമാണ്; എന്നാൽ എടുക്കൽ നിമിത്തം പരിശുദ്ധാത്മാവിന്റെ ആവാസത്താൽ കൂദാശ ചെയ്യപ്പെട്ട അപ്പവും ഏകശരീരമാണ്. ശരീരവും ശക്തിയും പാപമോചനവും ഏകമാണ്. രണ്ടു ശരീരങ്ങളില്ല. സ്വർഗത്തിലുള്ള കർതൃശരീരത്തിൽ കൂട്ടിച്ചേർ

www.malankaralibrary.com



ക്കൽ സംഭവിക്കുന്നില്ല. എന്നാൽ ഐക്യംവഴി ഇതും അതും ഏകശരീരമാണ്. ഇവിടെയും അതുപോലെതന്നെ :പുത്രത്വം, കർതൃത്വം, ശക്തി, ആധിപത്യം എന്നിവ ശരിയായ രീതിയിൽ നിത്യമായും, സ്വാഭാവികമായും വചനമാം ദൈവത്തിൻേറതാണ്; എന്നാൽ ഐക്യപ്പെടാത്ത പിതാവുമായും ഐക്യപ്പെടാത്ത പരിശുദ്ധാത്മാവുമായും എന്നേക്കും ഏക ശക്തിയിലും ഏക ആധിപത്യത്തിലും ഏക കർതൃത്വത്തിലും ഏക ആരാധനയിലും ഏക പുത്രത്വത്തിലും ഏക യോജിപ്പിൽ ഐക്യപ്പെട്ട മനുഷ്യത്വത്തിൻേറതുമാണ് ഇവയെല്ലാം.

കലഹപ്രിയരെപ്രതി ഒരു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ: സ്വർഗത്തിൽ ഐക്യപ്പെട്ടിരിക്കുന്ന കർതൃശരീരത്തോട്, അനുദിനം ബലിപീഠത്തിൽ മുറിക്കപ്പെടുന്ന ശരീരം യാതൊന്നും കൂട്ടിച്ചേർക്കുന്നില്ല; രണ്ടും രണ്ടു സ്വഭാവങ്ങളിൽ ഏകശരീരമാണ്. മനുഷ്യത്വം ദൈവത്വവുമായി ഐക്യപ്പെട്ടതിനാൽ ത്രിത്വത്തിൽ കൂട്ടിച്ചേർക്കലുമില്ല; രണ്ടു പുത്രന്മാരുമില്ല, പിന്നെയോ, എന്നേക്കും ഏകപുത്രൻ. അതിൽ സ്വയം വെളിപ്പെടാനായി പുത്രൻ അതിനെ തൻെറ സ്വന്തം പർസോപ്പായിലേക്ക് എടുത്തു. പുത്രത്വത്തിൻെറ പർസോപ്പാ ഏകമാണ്, രണ്ടല്ല. മിശിഹായുടെ ശരീരത്തിൻെറയും ശുദ്ധീകരിക്കപ്പെട്ട അപ്പത്തിൻെറയും പർസോപ്പാ ഏകമാണ്. രണ്ട് അപ്പങ്ങളോ രണ്ട് ശരീരങ്ങളോ ഇല്ല. ശരീരം അപ്പമാണ്, അപ്പം ശരീരമാണ്. ഏക ശരീരവും ഏക അപ്പവും - അപ്പവും ശരീരവും സംരക്ഷിക്കപ്പെടുന്നു; അവ പരസ്പരം കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു: "ഞാൻ സ്വർഗത്തിൽ നിന്നിറങ്ങിയ അപ്പമാകുന്നു"(യോഹ. 6:41). ഇതാ, അവൻ അപ്പമെടുത്ത് മുറിച്ചു; അത് സ്വർഗത്തിൽ നിന്നിറങ്ങിയില്ല. അവൻ പറഞ്ഞു: "ലോകത്തിൻെറ ജീവനുവേണ്ടി മുറിക്കപ്പെടുന്ന, ഞാൻ നൽകുന്ന അപ്പം എൻെറ ശരീരമാകുന്നു"(6:52). ഇവിടെ തൻെറ ശരീരം ഭാഗ്യവതിയായ കന്യകയുടെ പ്രകൃതത്തിൽനിന്നാണ്, പരിശുദ്ധാത്മാവാണ് അതു രൂപീകരിച്ചത്. ഇവയൊക്കെ ഐക്യത്തിൻെറ പേരിലാണ്; അതുപോലെയാണ് തൻെറ ദൈവത്വത്തെയും തൻെറ മനുഷ്യത്വത്തെയുംകുറിച്ചുള്ള കാര്യങ്ങളും -"മനുഷ്യപുത്രൻ മുമ്പിരുന്ന സ്ഥലത്തേക്ക് അവൻ കയറുന്നതു നിങ്ങൾ കണ്ടാലോ?"(6:63). എന്നാൽ ഇതാ, മനുഷ്യപുത്രൻ സ്വർഗത്തിൽനിന്ന് ഇറങ്ങിയില്ല; പിന്നെയോ ദാവീദിൻെറ വംശത്തിൽ നിന്നാണ്. എന്നാൽ ഐക്യത്തിൻെറ പർസോപ്പായിൽ അവർ പരസ്പരം കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരം,"അവർ ഇത് അറിഞ്ഞിരുന്നെങ്കിൽ, മഹത്ത്വത്തിൻെറ കർത്താവിനെ കുരിശിൽ തറയ്ക്കുക ഇല്ലായിരുന്നു(1കൊറി. 2:8). "തൻെറ ഏകജാതനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്ര മാത്രം സ്നേഹിച്ചു (യോഹ. 3:16). ഇത് തൻെറ ദൈവത്വം നിമിത്തമല്ല, പിന്നെയോ ഐക്യപ്പെട്ട മനുഷ്യത്വം നിമിത്തമത്രേ. കാരണം ഐക്യത്തിൻെറ പർസോപ്പാ

www.malankaralibrary.com



നിമിത്തം രണ്ടിലും ഏക പുത്രനാണ്. മനുഷ്യപുത്രൻ അതേ പുത്ര നാണ്; സ്വഭാവത്താലേയല്ല, ഐക്യത്തിൽ. സ്വഭാവത്താലെയുള്ള പുത്രൻ വചനമാം ദൈവമാണ്; എന്നാൽ ഐക്യത്തിൽ അവനോടുകൂടി തന്റെ മനുഷ്യത്വം ഏക നാമത്തിലും ഏക ബഹുമാനത്തിലും ഏക പുത്രനാണ്. തന്റെ മനുഷ്യത്വത്തിന്റെ സ്വഭാവത്തിൽ അവൻ മനുഷ്യപുത്രനാണ്. അവൻ പറഞ്ഞു: "അവർ മനുഷ്യപുത്രനെ പാപികളുടെ കൈകളിൽ ഏല്പിച്ചുകൊടുക്കും; അവർ അവനെ കൊല്ലും; എന്നാൽ മൂന്നാംനാൾ അവൻ ഉയിർത്തെഴുന്നേല്ക്കും" (മത്താ. 17: 21-22). "നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു നിങ്ങളിൽ തന്നെ ജീവൻ ഉണ്ടായിരിക്കുകയില്ല" (യോഹ. 6:54).

ദൈവപുത്രന്റെ പർസോപ്പാ സ്വീകരിക്കുന്നതിനാലും ഐക്യപ്പെട്ട ദൈവത്വം നിമിത്തവും 'സ്വർഗത്തിൽനിന്നിറങ്ങിയ മനുഷ്യപുത്രൻ' എന്ന് അവൻ വിളിക്കപ്പെടുന്നു. എന്നാൽ സ്വഭാവത്താലേ അവിടുന്നു മനുഷ്യപുത്രനല്ല; കാരണം, സ്വർഗത്തിൽനിന്ന് മനുഷ്യനിൽ എങ്ങനെയാണു വരുക? അവന്റെ പുത്രനാണ് ഇവനെങ്കിൽ സ്വർഗത്തിലുള്ള മനുഷ്യൻ ആരാണ്? എന്നാൽ പേരിന്റെ തുല്യത കൊണ്ടുമാത്രം അവൻ ഇതായും ഇത് അവനായും വിളിക്കപ്പെടുന്നു. ദൈവപുത്രനായ മിശിഹായുടെ ഏക പർസോപ്പായിൽ ഇതും അതും അവയ്ക്കുള്ളവയിൽ നിലനില്ക്കുന്നു. അവിടുന്ന് അരുൾചെയ്യുന്നു: "നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യാതിരുന്നാൽ നിങ്ങൾക്ക് നിങ്ങളിൽ തന്നെ ജീവൻ ഉണ്ടായിരിക്കുകയില്ല"(യോഹ. 6:54). സ്വർഗത്തിലുള്ള സ്വാഭാവികശരീരമല്ല നാം ഭക്ഷിക്കുന്നത്. പിന്നെയോ, പരിശുദ്ധാത്മാവിന്റെ ശക്തിയാലും ആവാസത്താലും ഏക അപ്പമായിത്തീർന്ന അപ്പമാണ് നാം ഭക്ഷിക്കുക. അപ്പത്തോടുകൂടി വിശുദ്ധീകരിക്കപ്പെട്ട അർപ്പണത്തിന്റെ വീഞ്ഞാണ് നാം കുടിക്കുക. എന്നാൽ ശക്തിയാലും അർപ്പണത്താലും പാപമോചനത്താലും അതു മിശിഹായുടെ ശരീരവും രക്തവുമാണ്. എന്നാൽ അത് അവിടുത്തെ സ്വാഭാവിക രക്തമല്ല; അത് സ്വഭാവത്താലേ രക്തമല്ല. ശരീരത്തിന്റെയും ആത്മാവിന്റെയും സ്വാഭാവിക ഐക്യത്തിലെന്നപോലെ അവ സ്വാഭാവിക നാമങ്ങൾ പരസ്പരം കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു.

'അവന്റെ ആത്മാവ് ചങ്ങലകളിൽ ബന്ധിതമായി'എന്നു പറഞ്ഞാൽ അവന്റെ ആത്മാവ് ബന്ധിതമായി എന്നല്ല അർത്ഥം. "ശരീരത്തിനും രക്തത്തിനും വെളിപ്പെട്ടില്ല"(ഗലാ. 1:16). ശരീരവും രക്തവും വെളിപാട് സ്വീകരിക്കുന്നു എന്നർത്ഥത്തിലല്ല. അവ രണ്ടിന്റെയും പർസോപ്പായിൽ സംസാരിക്കുമ്പോഴാണത്: "ഇത് എനിക്ക് തണുപ്പാണ്"; "ഇത് എനിക്ക് ചൂടാണ്". "ഞാൻ

www.malankaralibrary.com



ബുദ്ധിമാനാണ്"; "എനിക്കറിയാം". ഇന്നാരുടെ മകനായ ഇന്നാര് മരിച്ചു". ചിലത് ശരീരത്തിന്റെയും ചിലത് ആത്മാവിന്റെയുമാണ് എന്ന് നമുക്കറിയാം. അതുപോലെ ഈ കാര്യങ്ങളും ഐക്യത്തിൽ നാം സംസാരിക്കുന്നു: "മിശിഹാ മരിച്ചു"; "പുത്രൻ മരിച്ചു"; മിശിഹായിലൂടെ എന്നത് തന്റെ മനുഷ്യത്വത്തെ ക്കുറിച്ചാണെന്ന് നാം മനസ്സിലാക്കുന്നു. അതായത് മരിച്ച തന്റെ ആലയത്തെ പ്പറ്റി. പുത്രനിലൂടെ എല്ലാം നിർമ്മിക്കപ്പെടുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തു എന്നത് തന്റെ ദൈവത്വത്തെക്കുറിച്ചാണ്. തന്റെ കരങ്ങളാൽ ആണ് എല്ലാം സൃഷ്ടിക്കപ്പെടുകയും നിർമ്മിക്കപ്പെടുകയും ചെയ്തത്. എന്നാൽ ഐക്യംവഴി സ്വഭാവങ്ങൾക്ക് അവയുടെ സവിശേഷതകൾ നഷ്ടപ്പെടുന്നില്ലതാനും.

വചനമായ ദൈവം പരിമിതനായില്ല; തന്റെ ആത്മീയാവസ്ഥ വിട്ട് സ്വഭാവത്താലേ മനുഷ്യനായിത്തീർന്നില്ല. അവന്റെ മനുഷ്യൻ തന്റെ സ്വഭാവത്തിൽ നിത്യതയും അനന്തതയും സ്വന്തമാക്കിയില്ല, അദൃശ്യാത്മാവായി തീർന്നുമില്ല. അതുപോലെ പിതാവിന്റെ സമസ്വഭാവപുത്രനും ആയിത്തീർന്നില്ല. എന്നാൽ വചനമാം ദൈവത്തോടുള്ള ഐക്യത്തിൽ ഏകനാമത്തിലും കർതൃത്വത്തിലും ആരാധനയിലും ബഹുമാനത്തിലും അവൻ പുത്രനാണ്; സ്വഭാവത്താലേയല്ല; രണ്ടു പുത്രന്മാർ ഉണ്ടാകുന്നില്ല; അത്യുന്നതന്റെ രണ്ട് പുത്രന്മാരുമില്ല. എന്നാൽ ഞാൻ പറഞ്ഞതുപോലെ, നാമങ്ങൾ പരസ്പരം കൊടുക്കുകയും എടുക്കുകയും ചെയ്യുന്നു.

പ്രകൃതിയിൽ നിന്നുള്ള ചെറിയൊരു ദൃഷ്ടാന്തം കൊണ്ട് ഇത് വിശദീകരിക്കാം. വിറകിനു തീ പിടിക്കുമ്പോൾ 'തീ' എന്നു നാം പറയുന്നു. "എനിക്കല്പം തീ കൊണ്ടുവാ" എന്നൊരാൾ പറയുമ്പോൾ വിറക് കൂടാതെ തീയില്ല എന്നതു സ്പഷ്ടം. നാം തീയെന്നു പറയുമ്പോൾ നാം വിറക് അതിൽ അർത്ഥമാക്കുന്നു. കാരണം അത് മൂലാഗ്നിയല്ല. സോദോമ്യരെയും നാദാബിന്റെ ഭവനത്തെയും നശിപ്പിച്ചത് മൂലാഗ്നിയാണ്. അതുപോലെ ഏതുതരം പദാർത്ഥത്തിലാണോ തീ, ആ പദാർത്ഥത്താൽ തീ അറിയപ്പെടുകയും ചെയ്യുന്നു. ഓക്കിന്റെ തീ. തീ ഓക്കിന്റെ പ്രകൃതിയിലുള്ളതല്ല; അഗ്നിക്ക് സ്വാഭാവികമായി മറ്റ് പേരുമില്ല. അതുപോലെ ഇവിടെയും. സ്വാഭാവികമല്ലെങ്കിലും സ്വഭാവങ്ങൾ പരസ്പരം കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു.

വീണ്ടും, മറ്റൊരു രീതിയിൽ: ഇരുമ്പ് അഗ്നിയിൽവച്ച് ചുട്ടുപഴുക്കുമ്പോൾ രണ്ടിന്റെയും സ്വഭാവങ്ങൾ സംരക്ഷിക്കപ്പെടുന്നു; അവയുടെ സവിശേഷതകൾ ഐക്യത്തിൽ ഇല്ലാതാകുന്നില്ല. ഇരുമ്പിന്റെ ഭാരം ഇല്ലാതാകുന്നില്ല, അഗ്നിയുടെ ഭാരരഹിതാവസ്ഥ ഇല്ലാതാകുന്നുമില്ല. ചുട്ടുപഴുക്കുന്നതുവഴി ഇരുമ്പിന്റെ പരിമാണം കൂടുന്നില്ല, അഗ്നി ഉള്ളപ്പോൾ ഇരുമ്പിനെ അടിച്ചുപര

www.malankaralibrary.com



ത്താൻ സാധിക്കുന്നു. അഗ്നിയെ അടിച്ചുപരത്തുന്നു എന്നു നാം പറയാറില്ല. ചുട്ടുപഴുക്കുമ്പോൾ ഇരുമ്പിന് കത്താനുള്ള കഴിവുണ്ടെന്നും നാം പറയുന്നില്ല. സ്വഭാവത്താലേ ഇരുമ്പ് കത്തുന്ന വസ്തുവാണെന്നും നാം പറയാറില്ല. എന്നാൽ അഗ്നിയിൽനിന്ന് ഇരുമ്പിനു കിട്ടുന്ന ശക്തി ഒന്നാണ്. അത് അടിച്ച് ഏതു രീതിയിൽ വേണമെങ്കിലും വളച്ചെടുക്കാം. അത് ചുട്ടുപഴുത്തിരിക്കണം എന്നുമാത്രം. അഗ്നിയെ അടിച്ചുപരത്തുന്നു എന്നൊന്നും ആരും പറയാറില്ലല്ലോ.

അതുപോലെ, ഉദരത്തിൽവച്ചുതന്നെ വചനമാം ദൈവം തൻെറ മനുഷ്യത്വവുമായി ഐക്യപ്പെട്ടിരുന്നു. തൻെറ മനുഷ്യത്വത്തിനു സ്വാഭാവികമായ ചില കാര്യങ്ങൾ അത് ചെയ്തു. അതിൻെറ സ്വഭാവത്തിൽ അതു സഹിച്ചു. എന്നാൽ അതോടൊപ്പം ദൈവത്വം സഹിച്ചു എന്നു നാം പറയാറില്ല. മനുഷ്യത്വം രൂപീകരിക്കപ്പെട്ടപ്പോൾതന്നെ അതിന് എല്ലാ മഹനീയകാര്യങ്ങളും ഉണ്ടായിരുന്നെന്നും നാം പറയുകയില്ല. ദൈവത്വം തൻെറ പ്രകാശത്തിലും ബഹുമാനത്തിലും മഹത്ത്വത്തിലും അമർത്യതയിലും മനുഷ്യത്വത്തിനു ഭാഗഭാഗിത്വം നൽകി; അതിനെ എല്ലാ കാര്യങ്ങളിലും ബലപ്പെടുത്തി; ശക്തിയിലും അധികാരത്തിലും തന്നോടൊപ്പം അതിനെ ഏകപുത്രനാക്കിത്തീർത്തു. എന്നാൽ അഗ്നിയെ ഇരുമ്പിൻെറ കറുത്ത നിറമോ തണുപ്പോ സ്പർശിക്കാത്തതുപോലെ അതിൻെറ പീഡനങ്ങളിൽ ഭാഗഭാക്കായില്ല. ഇപ്രകാരം ചുട്ടുപഴുത്ത ഇരുമ്പുദണ്ഡിൽ ഒരഗ്നിയേയുള്ളു, അഗ്നി ആ ദണ്ഡിൽ ഐക്യപ്പെട്ടിരിക്കുന്നു, ശക്തിയിലും പ്രവർത്തനത്തിലും ചുട്ടുപഴുത്ത ഇരുമ്പുദണ്ഡിൻെറ പർസോപ്പാ ഒന്നു തന്നെ. അതുപോലെ, നമ്മുടെ കർത്താവിൻെറ മനുഷ്യത്വത്തിൻെറയും ദൈവത്വത്തിൻെറയും ബലഹീനമായ ഏക വെളിപ്പെടലിൽ ഏകയോജിപ്പിലും ഐക്യതയിലും പുത്രത്വത്തിൻെറ പർസോപ്പാ ഒന്നുമാത്രമേ യുള്ളു. കാരണം, എന്നേക്കും മിശിഹാ ഏകനാകുന്നു.

വീണ്ടും മറ്റൊരു രീതിയിൽ: മനുഷ്യശരീരം അതിനുള്ളിലെ ആത്മാവു മൂലം ജീവിക്കുന്നു; എന്നാൽ മനുഷ്യൻ ജീവനുള്ള രണ്ടു വസ്തുക്കളാണെന്ന് നാം പറയാറില്ല; മനുഷ്യൻ ഒരു ജീവിയാണെന്നേ നാം പറയൂ. അതുപോലെ രണ്ടു പുത്രന്മാർ എന്നു നാം പറയാറില്ല, അധികാരത്തിലും ആരാധനയിലും കർതൃത്വത്തിലും പുത്രൻ ആയിരിക്കുന്നയാളിൻേറതെല്ലാം അവനോടുള്ള ഐക്യത്തിൽ പുത്രൻെറ മനുഷ്യത്വത്തിൻേറതുമാണ്. മുകളിൽ പറഞ്ഞതുപോലെ പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ സമസ്വഭാവമുള്ള രണ്ടു പുത്രന്മാർ ഇല്ലെങ്കിൽ മനുഷ്യത്വം വ്യത്യസ്തമായി സ്വഭാവേന പുത്രനല്ല. എന്നാൽ ആത്മാവും ശരീരവും ചേർന്ന് ജീവനുണ്ടാകുന്നു. അവിടെ രണ്ടു ജീവനില്ല, ഒറ്റ ജീവനുള്ളു എന്നതുപോലെ വചനമാം ദൈവവുമായുള്ള ഐക്യത്തിൽ ഏകപുത്രനേയുള്ളു.

www.malankaralibrary.com



വീണ്ടും മറ്റൊരു രീതിയിൽ: ഉത്ഥാനത്തിൽ ആത്മാവിനും ശരീരത്തിനും കൂടി ഒറ്റ അമർത്യതയാണ് ലഭിക്കുന്നത്; ഉത്ഥാനത്തിനു മുമ്പ് ആത്മാവിനു തനിച്ച് അമർത്യത ഉണ്ടായിരുന്നെങ്കിലും മനുഷ്യൻ രണ്ട് അമർത്യവസ്തുക്കളാണെന്ന് നാം പറയാറില്ല; മറിച്ച് ഒറ്റ ഒരു അമർത്യ മനുഷ്യൻ എന്നേ പറയൂ. അതുപോലെ ഐക്യത്തിന് മുമ്പ് ഒന്ന്, ഐക്യത്തിനുശേഷം ഒന്ന് എന്നിങ്ങനെ രണ്ടു പുത്രന്മാർ എന്നു നാം പറയാറില്ല. പിന്നെയോ, പുത്രൻ ഏകനാണ്. അവന്റെ മനുഷ്യൻ വേർതിരിച്ചല്ലാതെ, ഏകഭാഗഭാഗിത്വത്തിൽ അവനോടൊപ്പം പുത്രത്വം നേടി. ശരീരത്തിന് സ്വഭാവേന ഇല്ലാത്തത് അതിന് ഉത്ഥാനത്തിൽ ലഭിക്കുമെങ്കിലും രണ്ട് അമർത്യമനുഷ്യർ എന്ന് ആത്മശരീരങ്ങളെപ്പറ്റി നാം പറയാറില്ലാത്തതുപോലെ, രണ്ടു പുത്രന്മാർ എന്നു നാം പറയാറില്ല. നമ്മുടെ കർത്താവിന്റെ മനുഷ്യത്വത്തിന് സ്വഭാവേന ഇല്ലാതിരുന്ന പുത്രത്വം വചനമാം ദൈവവുമായുള്ള യോജിപ്പുവഴി അതിനു ലഭിക്കുന്നു. സ്വഭാവേന രണ്ടും വ്യത്യസ്തങ്ങളാണെങ്കിലും അതുണ്ടാക്കുന്ന പാത്രവും അതിനുള്ളിലെ വസ്തുവും ഒറ്റ നാമത്താൽ ചിലപ്പോൾ പറയപ്പെടുന്നു. അതുപോലെയാണ് ഇവിടെയും.

വീണ്ടും മറ്റൊരുരീതിയിൽ: വീടും അതിൽ വസിക്കുന്നവരെയും അഥവാ പട്ടണത്തെയും നിവാസികളെയും ഒറ്റപേരിൽ വിളിക്കാറുണ്ടല്ലോ: "അവൻ ദാവീദിനെ തനിക്കായി പണിതു"(2 സാമു. 7:13). അവൻ ഒരു മനുഷ്യനെ പണിതില്ലല്ലോ. "ദാവീദ് ഭവനമേ, ശ്രവിക്കുക"(ഏശ. 7:13). കല്ലിനോടും തടിയോടുമല്ല കേൾക്കാൻ ഉപദേശിക്കുന്നത്. 'അവൻ നഗരം പണിതു'(ഉല്പ. 4:17). "നഗരം കത്തി" (ഏശ. 1:7); "നഗരം മുഴുവൻ പുറപ്പെട്ടു"(മത്താ. 8:34). "ആകാശത്തോളം ഉയർന്നു, കഫർണാമേ, നീ പാതാളത്തോളം താഴ്ത്തപ്പെടും"(ലൂക്കാ. 10:15). ഭവനത്തിന്റെ പർസോപ്പായിൽ ഭവനവാസികൾ സൂചിപ്പിക്കപ്പെടുന്നു; ഷിക്കേമും ഷമീറും മറ്റുള്ളവയും വിളിക്കപ്പെട്ടതുപോലെ നഗരവാസികളുടെ പർസോപ്പായിൽ നഗരം വിളിക്കപ്പെടുന്നു. അതുപോലെ നമ്മുടെ കർത്താവിന്റെ മനുഷ്യൻ അതായത്, തന്റെ ഐക്യപ്പെട്ട ആലയം, പുത്രൻ എന്നും കർത്താവെന്നും വിളിക്കപ്പെടുന്നു. തന്റെ ദൈവത്വം ഏകനാമത്തിലും അധികാരത്തിലും ശക്തിയിലും കർതൃത്വത്തിലും എന്നേക്കും മിശിഹാ എന്നും മനുഷ്യപുത്രനെന്നും വിളിക്കപ്പെടുന്നു. അവനും തന്റെ പിതാവിനും പരിശുദ്ധാത്മാവിനും എന്നുമെന്നേക്കും മഹത്ത്വവും ബഹുമാനവും ആരാധനയും ഉന്നതിയും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

## അധ്യായം 17

# ക്നോമായും പർസോപ്പായും

*ക്നോമായും പർസോപ്പായും തമ്മിലുള്ള വ്യത്യാസം എന്താണ്? പർസോപ്പാ എടുക്കപ്പെടുകയും നിലനില്ക്കുകയും ചെയ്യുന്നെങ്കിലും ക്നോമാ എടുക്കപ്പെടാത്തത് എന്തുകൊണ്ട്?*

ഒരു ഒറ്റയായ സത്ത ക്നോമാ എന്നു വിളിക്കപ്പെടുന്നു. അത് അതിനാൽ തന്നെ നില്ക്കുന്നു. എണ്ണത്തിൽ ഒറ്റയാണ്, ഒന്നായിരിക്കുന്നതും ബഹുത്വത്തിൽനിന്ന് വ്യതിരിക്തവുമാണ് ക്നോമാ. അതുകൊണ്ട്, ശ്രേഷ്ഠതയുടെയോ, തിന്മയുടേയോ, അറിവിൻെറയോ, അജ്ഞതയുടെയോ ആയ വിവിധ ആഗന്തുകങ്ങൾ അതു സ്വീകരിക്കുമ്പോഴും ബൗദ്ധികവും സ്വതന്ത്രവുമായ സൃഷ്ടവസ്തുക്കളോടല്ലാതെ മറ്റൊന്നിനോടും അത് ഐക്യപ്പെടുന്നില്ല. ഞാൻ പറഞ്ഞതുപോലെ വിപരീതങ്ങളുടെ ഒന്നിപ്പിലോ, മറ്റെന്തെങ്കിലും രീതിയിലോ, സൃഷ്ടിക്കപ്പെട്ടവയോ, നിർമ്മിക്കപ്പെട്ടവയോ മാത്രമല്ല ബുദ്ധിയില്ലാത്തവയുടെകൂടെയും വിവിധ ആഗന്തുകങ്ങൾ ഉണ്ട്. എന്നാൽ ക്നോമാ അതിൻെറ സ്വാഭാവികാവസ്ഥയിൽ സ്ഥിരമാണ്. അത് ഒരു വംശവുമായും പ്രകൃതിയുമായും ബന്ധിതമാണ്. അത് അതിൽത്തന്നെ മറ്റു ധാരാളം സഹക്നോമാകളോടൊപ്പം ഒരു ക്നോമായാണ്. അതിൻെറ പർസോപ്പായിൽ അതിനുള്ള അതുല്യ സവിശേഷതയിൽ അതിൻെറ സഹക്നോമാകളിൽനിന്ന് അത് വ്യത്യസ്തമാണ്. ഗബ്രിയേൽ മിഖായേൽ അല്ല; പൗലോസ് പത്രോസ് അല്ല. എങ്കിലും ഓരോ ക്നോമായിലും പൊതുസ്വഭാവം അംഗീകരിക്കപ്പെടുന്നു. മനുഷ്യരുടേതായാലും മറ്റുള്ളവയുടേതായാലും ക്നോമാകളെ പൊതുവായി ഉൾക്കൊള്ളുന്ന ഏകസ്വഭാവം എന്താണെന്ന് മനസിനറിയാം. എന്നാൽ ഒരു ക്നോമാ, പൊതുസ്വഭാവത്തെ മുഴുവൻ ഉൾക്കൊള്ളുന്നില്ല. ക്നോമായുടെ സവിശേഷതയാണ് പർസോപ്പാ. അത് ക്നോമായെ അതുപോലെയുള്ള മറ്റു ക്നോമാകളിൽനിന്ന് വ്യത്യസ്തമാക്കുന്നു. സ്വഭാവം, ക്നോമാ എന്നിവ ഒന്നുതന്നെയാണെങ്കിലും പൗലോസിൻെറ ക്നോമായല്ല പത്രോസിൻെറ ക്നോമാ. ഓരോരുത്തർക്കും

www.malankaralibrary.com



ആത്മാവും ശരീരവും ഉണ്ട്. ജീവനുണ്ട്, ബുദ്ധിയുണ്ട്, ശാരീരികനാണ്. എങ്കിലും പർസോപ്പായിൽ അവർ പരസ്പരം വേർതിരിക്കപ്പെടുന്നു. അത് ഓരോരുത്തർക്കും മാത്രമുള്ള അതുല്യതകൊണ്ടാണ്. അത് ആകാരത്തിലാകാം, രൂപത്തിലാകാം, സ്വഭാവത്തിലാകാം, അറിവിലാകാം, അധികാരത്തിലാകാം, പിതൃത്വത്തിലാകാം, പുത്രത്വത്തിലാകാം, പുരുഷത്വത്തിലാകാം, സ്ത്രീത്വത്തിലാകാം, മറ്റെന്തെങ്കിലും വിധത്തിലാകാം. ഒരേ സ്വഭാവത്തിലുള്ളവ ആയിരുന്നാലും, ഇത് അതല്ല, അത് ഇതല്ല എന്ന് വേർതിരിക്കുന്നതും വിളിച്ചറിയിക്കുന്നതും അനുപമവും കേവലവും ആയ സവിശേഷതകൾ ആണ്. ഒരു ക്നോമായ്ക്കുള്ള അതുല്യ സവിശേഷത നിമിത്തം അതു മറ്റൊന്ന് അല്ലാതായി തീരുന്നു. അങ്ങനെ ഇതിനെ മറ്റൊന്നിൽനിന്ന് വേർതിരിക്കുന്നതാണ് പർസോപ്പാ.

മഹനീയ കാര്യങ്ങൾ ചർച്ചചെയ്യാൻ നമ്മുടെ മനസ്സ് എങ്ങനെ ഉയർത്തപ്പെടും? നമ്മുടെ ജീവന്റെ ഉറവിടവും നമ്മുടെ ദൈവവും നമ്മെ പ്രകാശിപ്പിക്കുന്നവനുമായ മിശിഹായുടെ ശക്തിയാൽ മാത്രമേ നമുക്കിതു സാധിക്കൂ. ഏക മഹനീയസത്തയായും എല്ലാറ്റിലും തുല്യമായും എല്ലാ സൃഷ്ടികളുടെയും കാരണമായും നിത്യത്രിത്വത്തിൽ ആരാധ്യമായ മൂന്നു ക്നോമാകൾ ഉണ്ട്. ചിന്താതലത്തിൽ അവയെ പരസ്പരം വേർതിരിക്കാൻ നീ ശ്രമിച്ചാൽ അവയുടെ പർസോപ്പായുടെ സവിശേഷത ഒഴിച്ചാൽ മറ്റൊന്നുകൊണ്ടും നിനക്കു സാധിക്കുകയില്ല. പിതാവിന്റെ ക്നോമായുടെ പർസോപ്പായുടെ പേര് "ജനിച്ചവനല്ലാത്തവൻ" എന്നാണ്; അവനിൽനിന്ന് നിത്യത്വത്തിലെ "ജനിച്ചവൻ" ആണ് പുത്രൻ. തന്റെ ക്നോമായിൽ അവൻ വ്യതിരിക്തനാണ്; അവൻ പിതാവോ പരിശുദ്ധാത്മാവോ അല്ല. പിന്നെയോ കാലത്തിന് ഉപരിയായി പിതാവിൽനിന്നു ജനിച്ചവനാണ്. അതുപോലെ പരിശുദ്ധാത്മാവിന്റെ ക്നോമായേയും അവനുള്ള സവിശേഷതകൊണ്ടും അതുല്യ പർസോപ്പാകൊണ്ടും നാം വേർതിരിക്കുന്നു. അവൻ നിത്യമായി പിതാവിൽ നിന്നാണ്; അതായത്, അവന്റെ സ്വഭാവത്തിൽ നിന്ന് പുറപ്പെടുന്നു. അവൻ പിതാവും പുത്രനും അല്ല. അതുകൊണ്ട് ഇവ, വ്യതിരിക്തമായ പർസോപ്പാകളിൽ ഉള്ളവയാണ്; തങ്ങളുടെ സ്വന്ത സവിശേഷതകളിൽ അവ അവരുടെ സ്വന്തമാണ്. ഈ ആരാധ്യമായ പർസോപ്പാകൾ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ ഒരു ക്നോമായോടു കൂടി മറ്റൊരു ക്നോമാ ആയിത്തീരാൻ ഒരു ക്നോമായും എടുക്കപ്പെടുന്നില്ല എന്നതിൽ ക്നോമാകൾ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നില്ല.

ഓരോ ക്നോമായ്ക്കും പ്രത്യേകമായിട്ടുള്ളവ സ്ഥിരമാണ്; അതാണ് മറ്റു ക്നോമാകളിൽനിന്ന് അതിനെ വേർതിരിച്ചു കാണാൻ സഹായിക്കുക. ആ പ്രത്യേകതകളെ പർസോപ്പാകൾ എന്നു വിളിക്കുന്നു. അതായത് പിതാവ് പുത്രനല്ല, പുത്രൻ പരിശുദ്ധാത്മാവല്ല. ക്നോമാകൾ കൊടുക്കുകയും എടുക്കുകയും

www.malankaralibrary.com



ചെയ്യുന്നില്ല, എന്നാൽ ഇത് അതല്ല എന്ന് ക്നോമാകളെ വെളിപ്പെടുത്തുന്നു. രണ്ടു മനുഷ്യർ അടുത്തുവരുമ്പോൾ രണ്ടു ക്നോമാകൾ സുചിതമാണ്. എന്നാൽ ആരൊക്കെയാണെന്ന് സൂചിതമല്ല. കാരണം ക്നോമാകളുടെ സവിശേഷതകൾ പർസോപ്പായായി വെളിപ്പെട്ടില്ല.

പിതൃത്വം ശരിയായി നിത്യപിതാവിൻേറതാണ്; വ്യാപകാർത്ഥത്തിൽ മറ്റുള്ളവർക്കും ഈ പേര് കൊടുത്തിരിക്കുന്നു; എന്നാൽ തുടർച്ചയായി അത് അവരിൽ നിലനിൽക്കുന്നില്ല. സൃഷ്ടികളിൽ പിതൃത്വം രണ്ടു രീതികളിൽ നിലനില്ക്കുന്നു എന്നു പറയാം. ഒന്ന് സ്വാഭാവികം: സ്വാഭാവികമായി ജനിപ്പിക്കൽ വഴി. രണ്ട് ഉപദേശത്താലും കൃപയാൽ പ്രബോധനത്തിലൂടെയും: പൗലോസ് പറയുന്നു: "യേശുമിശിഹായിലൂടെ സുവിശേഷത്തിൽ ഞാൻ നിങ്ങളെ ജനിപ്പിച്ചിരിക്കുന്നു"(1 കൊറി.4:15). എന്നാൽ ഈ കാര്യങ്ങൾ മാറിക്കൊണ്ടിരിക്കും; സ്വഭാവത്താലേ അവയ്ക്കന്ത്യം ഉണ്ടാകുന്നു. എന്നാൽ പിതാവിൻെറ പിതൃത്വം മാറുന്നില്ല, അവസാനിക്കുന്നുമില്ല. അതുപോലെ മാറ്റമില്ലാത്ത പുത്രൻെറ സ്വാഭാവിക പുത്രത്വവും നിത്യമായി മാറ്റമില്ലാത്തതാണ്. പിതാവിൻെറ പിതൃത്വത്തിന് ആദ്യം പുത്രൻ വേണം, പിന്നെ പിതാവ് എന്ന രീതിയിലല്ല. പിതാവ് നിത്യമായി സ്ഥിതി ചെയ്യുന്നു; അതുപോലെ പുത്രൻെറ പുത്രത്വവും. ആദ്യം പിതാവ് വേണമെന്നല്ല; നിത്യമായി എന്നേക്കും പിതാവും പരിശുദ്ധാത്മാവും സ്ഥിതിചെയ്യുന്നതുപോലെ പുത്രനും നിത്യമായി സ്ഥിതി ചെയ്യുന്നു. പരിശുദ്ധാത്മാവിൻെറ കാര്യത്തിലും ഇതുപോലെതന്നെയാണ്. "ആത്മാവ്" എന്ന് പലതിനെയും വിളിക്കുന്നുണ്ട്. അവിടുത്തെ സംജ്ഞകളും പേരുകളും കൃപയാൽ മറ്റുള്ളവർക്കും നൽകപ്പെടുന്നു. ഭാഗ്യവാനായ പൗലോസ് പറഞ്ഞതുപോലെ: "ഞാൻ എൻെറ ആത്മാവിൽ പ്രാർത്ഥിക്കുന്നു" (1 കൊറി. 14:15). "ആത്മാവിൽ ഞാൻ നിങ്ങളോടു കുടെയാണ്" (കൊളോ. 2:5). "ശുശ്രൂഷയുടെ ആത്മാക്കളുണ്ട്"(എബ്രാ.1:14). "നിങ്ങൾ സ്വീകരിച്ച..."[9]

....പർസോപ്പായുടെ എടുക്കലിലും ഭാഗഭാഗിത്വത്തിലും നാമത്തിലും. മിശിഹായുടെ ദൈവത്വം തൻെറ മനുഷ്യത്വത്തിൻെറ പേര് എടുത്തു: "താൻ മുമ്പ് ഇരുന്ന സ്ഥലത്തേക്ക് മനുഷ്യപുത്രൻ കയറുന്നതായി നിങ്ങൾ കണ്ടാലോ" (യോഹ.6:63). ഐക്യത്തിൻെറ പർസോപ്പായാൽ അവ പരസ്പരം കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. പ്രകൃത്യാ ദൈവത്വത്തിൻേറതായവ ഐക്യപ്പെട്ടും വ്യാപകമായും മനുഷ്യത്വത്തിൻേറതുമാണ്; പ്രകൃത്യാ മനുഷ്യത്വത്തിൻേറതായവ ഐക്യപ്പെട്ടും വ്യാപകമായും ദൈവത്വത്തിൻേറതുമാണ്. നിഗൂഢമായിരിക്കുന്നതിൻെറയും വെളിപ്പെട്ടതിൻെറയും പൊതുപർസോപ്പാ ഒന്നാണ്; "അവർ അവൻെറ മുഖത്തു തുപ്പി"(മത്താ. 26:67). "മനുഷ്യൻ എൻെറ മുഖം ദർശിച്ചിട്ട് ജീവിക്കയില്ല" (പുറ. 33:20).

www.malankaralibrary.com



മുകളിൽ വിവരിച്ചതുപോലെ, സ്വാഭാവികവും ക്നോമികവുമായ ഐക്യത്തിന്റെ ദൃഷ്ടാന്തം എടുക്കാം. ഐക്യത്തിൽ അതുല്യ സവിശേഷതകളുടെ പർസോപ്പായിൽ മനുഷ്യന്റെ രണ്ടു ഭാഗങ്ങൾ പരസ്പരം കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു; പൊതുപർസോപ്പായിൽ രണ്ടും സൂചിതവുമാണ്. "അവന്റെ ആത്മാവ് ചങ്ങലകളിലേക്ക് പോയി" എന്ന് ഭാഗ്യവാനായ ജോസഫിനെപ്പറ്റി പറയപ്പെട്ടിരിക്കുന്നു(സങ്കീ.105:18). എന്നാൽ അവന്റെ ആത്മാവ് ബന്ധിതമായില്ലല്ലോ. "ജഡത്തിനും രക്തത്തിനും വെളിപ്പെട്ടില്ല" (ഗലാ.1:16). ജഡവും രക്തവും തങ്ങളുടെ സ്വന്തമായി വെളിപാടുകളൊന്നും മാനസികമായി സ്വീകരിക്കുന്നില്ല എന്നുള്ളതു സ്പഷ്ടം. "ഞാൻ ദുഃഖിതനാണ്; ഞാൻ ക്ഷീണിതനാണ്"; "ഞാൻ ചിന്തിക്കുന്നു"; "എനിക്കു മനസിലാകുന്നു"; "ഞാൻ അറിയുന്നു"; "എനിക്കു തണുക്കുന്നു"; "ഞാൻ സന്തുഷ്ടനാണ്"; "ഞാൻ മുറിക്കുന്നു"; "ഞാൻ എന്റെ ദേഹം കഴുകി"; "ഞാൻ സുന്ദരനാണ്"; "ഇന്നയാൾ മരിച്ചു"; "ഇന്നയാൾ കൊല്ലപ്പെട്ടു"; "ഇന്നയാൾ സുഖമായി" എന്നു തുടങ്ങുന്ന മറ്റു കാര്യങ്ങളും ക്നോമായുടെ പൊതുപർസോപ്പായിൽനിന്ന് പറയുന്നതത്രേ. ചില സംഗതികൾ വ്യാപകമായി ആത്മാവിന്റേതാണ്, ചിലത് സ്വാഭാവികമായും. അതുപോലെ ചില കാര്യങ്ങൾ വ്യാപകമായി ശരീരത്തിന്റേതാണ്; എന്നാൽ ചിലത് സ്വാഭാവികമായും.

ഇവിടെ ഈ ഐക്യം സ്വാഭാവികവും ക്നോമികവും നിർബന്ധിതവും അഴിവിന് വിധേയവും ആണെങ്കിലും അവ വേർപെട്ടല്ല. പിന്നെയോ ഒരു മനുഷ്യന്റെ ഐക്യത്തിൽ. അതുപോലെ ഈ പർസോപികം, സ്വേച്ഛരായായുള്ള, നിർബന്ധിതമല്ലാത്ത, അഴിവിനതീതമായ ഐക്യത്തിൽ മനുഷ്യന്റെ ദൈവവും ദൈവത്തിന്റെ മനുഷ്യനും ഒരേ പർസോപ്പായിൽ പരസ്പരം കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. മിശിഹായുടെ ഏക പർസോപ്പായിൽ, മനുഷ്യത്വത്തിന്റെയും ദൈവത്വത്തിന്റെയും ഏക സംയോജനത്തിൽ, സ്വഭാവങ്ങൾ ഐക്യപ്പെട്ടിരിക്കുന്നതുപോലെ, അതേ ഒരു പർസോപ്പായുടെ പേരുകളും ഐക്യപ്പെട്ടിരിക്കുന്നു. അവ തമ്മിൽ സ്വഭാവത്തിലോ, ശക്തിയിലോ, അധികാരത്തിലോ ബഹുമാനത്തിലോ, കർത്തൃത്വത്തിലോ, ആരാധനയിലോ വേർതിരിവ് ഇല്ല. എന്നാൽ കൂട്ടിക്കുഴച്ചിൽ കൂടാതെ എന്നേക്കും സ്വഭാവങ്ങൾ ഐക്യപ്പെട്ടു സംരക്ഷിക്കപ്പെടുന്നു. ഈ പൊതുപർസോപ്പാ ഐക്യപ്പെട്ട രണ്ടു ക്നോമാകളുടേതാണ്; അതായത്, വചനമാം ദൈവത്തിന്റെയും തന്റെ ആലയത്തിന്റെയും. എന്നാൽ സ്വഭാവം, ഇച്ഛ, ശക്തി, അധികാരം, കർത്തൃത്വം എന്നിവയിൽ ഏകമാണെങ്കിലും ത്രിത്വം മുഴുവന്റേയുമല്ല. വചനമാം ദൈവം മാംസമായി എന്നും ദൈവം തന്റെ പുത്രനെ ജഡത്തിന്റെ സാദൃശ്യത്തിൽ അയച്ചു എന്നും എഴുതപ്പെട്ടിരിക്കുന്നു. 'ദൈവത്തിന്റെ രൂപം' അതായത്, ത്രിത്വ

www.malankaralibrary.com



ത്തിലെ ക്നോമാകളിൽ ഒരുവനായ വചനമാം ദൈവം, 'ദാസൻെറ രൂപം' അതായത് മനുഷ്യരുടെ ക്നോമാകളിൽ ഒരുവനായി യേശുമിശിഹാ എന്ന മനുഷ്യനെ എടുത്തു. അവിടുന്ന് തൻെറ പർസോപ്പായിലേക്ക് ഓരോ മനുഷ്യരുടെയും സ്വഭാവം എടുത്തില്ല. അതുപോലെ എല്ലാ മാനുഷിക ക്നോമാകളും എടുത്തില്ല. പൊതുവായ സ്വഭാവത്തിൻെറ കീഴിൽ ക്നോമാ കൂടാതെ സ്വഭാവത്തിന് തനിയെ സ്ഥിതിചെയ്യുക അസാധ്യമാണ് . എങ്കിലും ദൈവത്വത്തിൻെറ ഐക്യപ്പെടുകയും നീതീകരിക്കപ്പെടുകയും ഉയർത്തപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്ത ആലയമായ ഏക സ്വയംസ്ഥിത ക്നോമയിലല്ല സ്വഭാവത്തിലാണ് നമ്മുടെ കർത്താവിൻെറ മനുഷ്യൻ ഐക്യപ്പെട്ടത് എന്നു പറയുന്നത് ശരിയല്ല. അവിടുന്നു തൻെറ ദൈവത്വത്തിൽ ഏക ആരാധനയിൽ ആരാധിക്കപ്പെടുന്നു; ദൈവം തൻെറ ആലയത്തിൽ വസിക്കുന്നു. കാരണം വചനമാം ദൈവം ഐക്യപ്പെട്ട് അതിൽ വസിക്കുന്നു. ഇത് ഇപ്രകാരമല്ലെങ്കിൽ എന്തിനാണ് ഭാഗ്യവാനായ പൗലോസ് പറയുന്നത്: "അനേകർക്ക് എന്ന നിലയിൽ 'നിൻെറ സന്തതികൾക്ക്' എന്നല്ല, ഒരാൾക്ക് എന്ന നിലയിൽ 'നിൻെറ സന്തതിക്ക്' എന്നാണ് അവൻ പറയുന്നത്. അതു മിശിഹായാകുന്നു.

അതുകൊണ്ട് 'മിശിഹായിൽ രണ്ടു സ്വഭാവങ്ങൾ' എന്നു പറയുകയും അതോടുകൂടി ഏക പർസോപ്പായിൽ രണ്ടു ക്നോമാകൾ എന്ന് കൂട്ടിച്ചേർക്കാതിരിക്കുകയും ചെയ്യുന്നവർ ആരാധ്യമായ ഈ വ്യാപാരത്തിൻെറ ശരിയായ ഏറ്റുപറച്ചിൽ നടത്തുന്നില്ല. ആ പർസോപ്പാ വചനമാം ദൈവത്തിനും മനുഷ്യരുടെ ക്നോമാകളിൽ ഒരുവനായ തൻെറ ആലയത്തിനും പൊതുവാണ്. അതുപോലെ ഐക്യപ്പെട്ടത് ഏകപുത്രത്വത്തിൽ ഇരു ക്നോമാകളിൽ ഇരു സ്വഭാവങ്ങളുടെയും ഐക്യപ്പെട്ട ഏക സംയോജനത്തിൽ ത്രിത്വത്തിലെ ക്നോമാകളിൽ ഒരുവനായ വചനമാം ദൈവമാണ്.

മനുഷ്യരുടെ ക്നോമാകളെല്ലാം വചനമാം ദൈവത്തോടുകൂടി ഒരു ഏകജാതനാം പുത്രനായില്ല. അതുപോലെ പിതാവും പരിശുദ്ധാത്മാവും 'മനുഷ്യൻ' എന്നും 'മനുഷ്യപുത്രൻ' എന്നും നമ്മുടെ മനുഷ്യത്വത്തോടു ചേർത്ത് വിളിക്കപ്പെടുന്നില്ല. പിന്നെയോ, വചനമാം ദൈവം തൻെറ ഏക ഐക്യത്തിൽ, ഏക പൊതുപർസോപ്പായിൽ. അവ പേരുകൾ പരസ്പരം കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. അക്കാരണത്താൽ പിതാക്കന്മാർ സ്വാഭാവികം, ക്നോമിക് എന്നിങ്ങനെ ഈ പർസോപ്പായുടെ ഐക്യത്തെ വിളിച്ചു. മിശിഹായുടെ ഈ ഒരു പർസോപ്പായിൽ സ്വഭാവങ്ങൾ അവയുടെ ക്നോമാകളിൽ അറിയപ്പെടുന്നു എന്നു നാം പറയുന്നതിനാണിത്. സ്വഭാവങ്ങൾ ക്നോമാകൾ കൂടാതെയല്ല. ഐക്യം മുതൽ മിശിഹാ, 'പുത്രൻ' എന്നീ നാമങ്ങൾ ഏക പർസോപ്പായിൽ രണ്ടു സ്വഭാവങ്ങളും രണ്ടു ക്നോമാകളും സൂചിപ്പിക്കുന്നു. നാം

www.malankaralibrary.com



മുകളിൽ പറഞ്ഞതുപോലെ സ്വഭാവവും ക്നോമാകളിലാണ് അറിയപ്പെടുന്നത്. ക്നോമാകൾ സ്വഭാവങ്ങൾക്കു വിധേയവുമാണ്.

പ്രകൃതിയിൽനിന്നുള്ള ഒരു ചെറിയ വിശദീകരണത്തിലേക്കു കടക്കാം. നിങ്ങൾ അതിനെന്നെ അനുവദിക്കുമെന്നു കരുതുന്നു. ക്നോമാ എടുക്കുന്നുമില്ല, കൊടുക്കുന്നുമില്ല. എന്നാൽ ആദ്യത്തെ മാതൃകയിൽ സഹജമായിരുന്നുകൊണ്ട് പർസോപ്പാ എടുക്കുകയും കൊടുക്കുകയും ചെയ്യുന്നു. അതെങ്ങനെ? ഒരു കഷണം സ്വർണമെടുത്ത് രാജാവിൻെറ ഒരു രൂപം കൃത്യമായി ഉണ്ടാക്കുന്നു എന്നു കരുതുക. ഇതു പുത്രൻെറ ദൈവത്വത്തിൻെറ സ്ഥാനത്തിരിക്കട്ടെ. അതായത്, വചനമാം ദൈവത്തിൻെറ ക്നോമാ. അല്പം മെഴുകോ കളിമണ്ണോ എടുത്ത് സ്വർണനാണയത്തിന്മേലുള്ള രാജാവിൻെറ ഛായ അതിൽ പതിപ്പിക്കുക. സ്വർണത്തിൻെറ സ്വഭാവം ഒഴിച്ച് ബാക്കിയെല്ലാം കളിമണ്ണിൽ പതിയും. കളിമണ്ണിന് സ്വർണത്തിൻെറ സ്വഭാവം എടുക്കാനാവില്ല. സ്വർണത്തിലുള്ള ഛായയ്ക്ക് അതുകൊണ്ട് ഒരു കുറവും വന്നില്ല. ആ ഛായകൊണ്ട് കളിമണ്ണിൻെറ പരിമാണം ഒട്ടും കൂടുന്നുമില്ല. എന്നാൽ അതിനില്ലാതിരുന്ന ഒന്ന് പർസോപ്പിക്കലായി കളിമണ്ണിന് കിട്ടുന്നു. അതായത്, രാജാവിൻെറ മഹനീയ ഛായയും അവൻെറ ശോഭയും ബഹുമാനവും അവനുള്ളതൊക്കെയും. ഈ ഛായയിലൂടെ രാജാവ് അറിയപ്പെടുന്നു. രാജാവിൻെറ ഏക പർസോപ്പാ എങ്ങനെയാണ് സ്വർണം, കളിമണ്ണ് എന്നീ രണ്ടു ക്നോമാകളിൽ ആയിരിക്കുന്നത്? ശരിയായും സഹജമായും പൂർണമായ മനോഹാരിതയിൽ സ്വർണനാണയത്തിൻെറ ക്നോമായുടേതാണ് ഛായയും പർസോപ്പായും. വ്യാപകമായും പർസോപ്പിക്കലായും കളിമണ്ണിൻെറ ക്നോമായും ഉണ്ട്. അതുകൊണ്ട് രാജാവിൻെറ ഛായ സ്വാഭാവികമായും സഹജമായും ഉചിതമായും സ്വർണത്തിൽ കാണാം; എന്നാൽ പർസോപ്പിക്കലായും വ്യാപകമായും കളിമണ്ണിൻെറ ക്നോമായിലും കാണാം.[10]

ആരാധ്യവും അത്ഭുതാവഹവും അവാച്യവുമായ ഐക്യത്തെപ്പറ്റിയും പർസോപ്പാ എടുക്കുന്നതിനെപ്പറ്റിയും ഗ്രഹിക്കാൻ ഈ ദൃഷ്ടാന്തം സഹായിക്കും. വചനമാം ദൈവത്തിന് തൻെറ സ്വഭാവവും ക്നോമായും മറ്റാർക്കും നൽകാനാവില്ല. എന്നാൽ തൻെറ സ്വന്തം സ്വഭാവത്തിൽ തനിക്കുള്ള തൻെറ കർത്തൃത്വം, നാമം, ബഹുമാനം, അധികാരം, ആരാധന, എന്നു തുടങ്ങി ഉന്നതവും അവാച്യവു മായ എല്ലാ സംഗതികളും വചനമാം ദൈവം ഏക സംയോജനത്തിൽ ഭാഗഭാഗിത്വം വഴി തൻെറ മനുഷ്യത്വത്തിനും നൽകുന്നു.

അതുകൊണ്ട് പുത്രത്വത്തിൻെറയും കർത്തൃത്വത്തിൻെറയും അതുപോലുള്ള മറ്റുള്ളവയുടെയും പർസോപ്പാ ഏകമാണ്. ഉചിതമായും പ്രകൃത്യായും

www.malankaralibrary.com



സ്വാഭാവികമായും അത് വചനമാം ദൈവത്തിന്റേതാണ്; വ്യാപകമായും ഐക്യപ്പെട്ടും ഭാഗഭാഗിത്വംവഴിയും അവന്റെ മനുഷ്യത്വത്തിന്റേതുമാണ്. തന്റെ ദൈവത്വത്തിലെ എല്ലാകാര്യങ്ങളും ഏകഐക്യത്തിൽ ഉള്ള പ്രവർത്തനങ്ങളിലൂടെ മനുഷ്യത്വത്തിലും കാണപ്പെടുന്നു. എന്നാൽ വേർതിരിച്ചല്ല. മുൾച്ചെടിയിലെ അഗ്നിയെപ്പറ്റിയും ഇരുമ്പുദണ്ഡിലെ അഗ്നിയെപ്പറ്റിയും ശരീരത്തിലെ ആത്മാവിനെപ്പറ്റിയും നാം പറഞ്ഞത് ഓർക്കുക. എന്നാൽ ദിവ്യമായ ഐക്യം പരിമിതമല്ല, നിർബന്ധിതമല്ല, സ്വാഭാവികമല്ല, ക്നോമിക്കലുമല്ല, പിന്നെയോ, തന്റെ സ്വന്ത ഇഷ്ടത്താലെയും തന്റെ വ്യക്തിത്വത്തിലുമാണ്. ഇതൊരു ദൃഷ്ടാന്തം എന്നേയുള്ളു. ഈ ആരാധ്യമായ ഐക്യത്തിന്റെ രീതി വരച്ചുകാട്ടാൻ നമുക്കു കൃത്യമായ ഒരു ദൃഷ്ടാന്തവുമില്ല. സാദൃശ്യമുണ്ടായിരുന്നെങ്കിൽ വിശദീകരണത്തിന്റെ ആവശ്യം ഉണ്ടാകുമായിരുന്നില്ല. ഒരാൾ തന്റെ ഭനത്തിൽ വസിക്കുന്നതും ഒരാൾ വസ്ത്രം ധരിക്കുന്നതും നമുക്ക് സുഗ്രാഹ്യമാണ്; തെളിവ് ആവശ്യമുള്ള കാര്യങ്ങളല്ലല്ലോ.

പുത്രത്വത്തിന്റെ ഏകവ്യക്തിത്വത്തിൽ ഏക സംയോജനത്തിലും ഏക നാമത്തിലും ഏക ശക്തിയിലും ഏക ആരാധനയിലും രണ്ടു സ്വഭാവങ്ങളുടെയും രണ്ട് ക്നോമാകളുടെയും ഐക്യം നടക്കുന്നു; അതായത്, ദൈവത്തിന്റെ രൂപത്തിന്റെയും ദാസന്റെ രൂപത്തിന്റെയും, ആലയത്തിന്റെയും അതിൽ വസിക്കുന്നവന്റെയും, മിശിഹായുടെ ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും ഐക്യം; ക്നോമാകളുടെ സവിശേഷതകൾ കൂട്ടിക്കുഴച്ചിൽ കൂടാതെ സംരക്ഷിക്കപ്പെടുന്ന ഐക്യം ആണ്. ഇതാണ് നാം പഠിപ്പിച്ചിരിക്കുന്നത്. ഇതാണ് നാം വിശ്വസിക്കുന്നത്; ഇതാണ് നാം മുറുകെ പിടിക്കുന്നത്. കർതൃകല്പനകൾ ശരിയായ ഏറ്റുപറച്ചിലോടുകൂടി സംരക്ഷിക്കപ്പെടുന്നെങ്കിൽ, ഇതാണ് നമ്മുടെ സത്യജീവൻ. എന്നാൽ അതിന്റെ രീതി വിശകലനാതീതവും അവാച്യവുമാണ്. പരിമിതിയിൽ അനന്തത, കാലികമായതോടുകൂടി നിത്യമായത് എപ്രകാരമാണ് എന്നത് വിശകലനാതീതമാണ്.

ആരും ഒരിക്കലും കണ്ടിട്ടില്ലാത്തവൻ, അഥവാ കാണാൻ കഴിയാത്തവൻ, ആർക്കും സമീപിക്കാൻ കഴിയാത്ത ഉജ്ജ്വലപ്രകാശത്തിൽ വസിക്കുന്നവൻ, ഈ മഹനീയ 'താഴ്മയിലേക്ക്' ഇറങ്ങിവന്നു. തന്റെ മനുഷ്യത്വവുമായി ഏക ഐക്യത്തിലും സംയോജനത്തിലും അതുല്യമാംവിധം ഏക പുത്രനായിരിക്കാനായിരുന്നു അത്. സഹനവിധേയവും സൃഷ്ടിക്കപ്പെട്ടതും നിർമ്മിക്കപ്പെട്ടതുമായ ആ മനുഷ്യത്വത്തെ അവിടുന്ന് ഉയർത്തി തന്റെ സ്വന്തം വ്യക്തിത്വത്തിലേക്ക് എടുത്തു. അതു തന്നോടൊപ്പം ബഹുമാനിക്കപ്പെടുകയും ആരാധിക്കപ്പെടുകയും മഹത്ത്വീകരിക്കപ്പെടുകയും ചെയ്യുന്നു. തന്റെ സ്വന്തം സ്വഭാവമൊഴിച്ച് ദൈവത്വത്തിനുള്ളവയെല്ലാം അതിനു ലഭിച്ചു. അത് ആയിരിക്കുന്ന

www.malankaralibrary.com



അവസ്ഥ നാം എന്തിനാണ് അറിയുന്നത്? അത് ആയിരിക്കുന്ന അവസ്ഥ എങ്ങനെ വിവരിക്കാനാവും? അത് അവാച്യമായ അത്ഭുതമാണ്. ഒരു മനുഷ്യൻ വചനമാം ദൈവത്തോടുകൂടി ദൈവത്തിൻെറ ഏകജാതനായ പുത്രനായിരിക്കുക എന്നത് വിശകലനാതീതമായ അത്ഭുതം തന്നെയാണ്. ഈ ദിവ്യരഹസ്യം അഗ്രാഹ്യവും അവാച്യവുമാണ്.

ഇക്കാരണത്താൽ ഭാഗ്യവാനായ പൗലോസ് അത്ഭുതപരതന്ത്രനായി പറഞ്ഞു: "സത്യമായും നമ്മുടെ വിശ്വാസത്തിൻെറ രഹസ്യം വലുതാകുന്നു". "വിശകലനാതീതമായ, മിശിഹായുടെ സമ്പൽസമൃദ്ധി (എഫേ. 3:8). ഈ ഐക്യത്തിൽ പുത്രൻെറ മനുഷ്യത്വത്തിനുണ്ടായിരുന്ന സമ്പൽസമൃദ്ധി തികച്ചും വിശകലനാതീതമാണ്. അതായത് എന്നേക്കും ഏക ബഹുമാനത്തിലും ആരാധനയിലും വചനമാം ദൈവത്തോടുകൂടെ ഏകപുത്രൻ ആയിരിക്കുക എന്ന സമ്പൽസമൃദ്ധി. ദൈവത്വത്തിൻെറ പൂർണതയെല്ലാം ശാരീരികമായി അവനിൽ വസിച്ചു. ജ്ഞാനത്തിൻെറയും അറിവിൻേറയും നിക്ഷേപങ്ങളെല്ലാം അവനിൽ നിഗൂഢമായിരുന്നു. ഈ ഐക്യത്തിന് ആലയം, വസ്ത്രധാരണം, സംയോജനം, വാസം, ഐക്യം എന്നിത്യാദി പല പേരുകൾ നൽകിക്കൊണ്ട് തിരുലിഖിതം സംസാരിക്കുകയും പിതാക്കന്മാർ വിശദീകരിക്കുകയും ചെയ്യുന്നു. മിശിഹായുടെ ശക്തിയാൽ അവരുടെ കാല്പാടുകളിലൂടെ സഞ്ചരിച്ച് ഇതു വിശദീകരിക്കാൻ നമുക്കും കഴിയട്ടെ. അങ്ങനെ എടുക്കപ്പെട്ടതും എടുത്തവനും; സാദൃശ്യം സാദൃശ്യത്തിൽ; വചനമാം ദൈവം തൻെറ ആലയത്തിൽ; വസ്ത്രവും ധരിക്കലും; വെളിപ്പെട്ടവനും ആരിലൂടെ വെളിപ്പെട്ടോ അതും; വസിച്ചവനും, എന്തിൽ വസിച്ചുവോ അതും; പരിപൂർണനാക്കപ്പെട്ടതും വസിച്ച് അതിനെ പരിപൂർണനാക്കിയവനും; ഉയർത്തപ്പെട്ടതും വലത്തുഭാഗത്തേക്ക് ഉയർത്തിയവനും; താഴേക്കിറക്കി മാലാഖമാരെക്കാൾ അല്പം താഴ്ത്തപ്പെട്ടവനും തൻെറ നീതിക്കുപ്രതിഫലമായി ഈ മഹത്ത്വം തൻെറ ശിരസിൽ വയ്ക്കപ്പെട്ടവനും; എന്നേക്കും ദൈവപുത്രനായ മിശിഹായുടെ ഏക പർസോപ്പായുടെ ഐക്യത്തിൽ രണ്ടു സ്വഭാവങ്ങൾ അവയുടെ ക്നോമാകളിൽ സംരക്ഷിക്കപ്പെടുന്നു എന്ന് ഒന്നിച്ചു കാണിക്കാനാണിത്.

വീണ്ടും നമ്മുടെ നിസാരതയെ പ്രകാശിപ്പിക്കുന്ന മിശിഹായുടെ ശക്തിയാൽ പ്രകൃതിയിൽ നിന്നുള്ള ഒരു ദൃഷ്ടാന്തത്താൽ ഇക്കാര്യം കുറേക്കൂടി വിശദീകരിക്കാം. നമ്മുടെ കർത്താവിൻെറ മനുഷ്യൻ ദൈവത്വത്തിൻെറ സ്വഭാവം ഒഴിച്ച് പുത്രത്വം എന്ന സ്ഥാനം, ബഹുമാനം, ആരാധന എന്നു തുടങ്ങി ദൈവത്വത്തിൻെറ എല്ലാ സംഗതികളും "പർസോപ്പിക്കലായി" സ്വീകരിച്ചു. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "അവൻ അദൃശ്യദൈവത്വത്തിൻെറ സാദൃശ്യമാണ്"

www.malankaralibrary.com



(കൊളോ.1:15). അതുപോലെ, ഐക്യത്തിൽ തൻെറ മനുഷ്യത്വത്തിൻെറ പേരുകളാൽ വിളിക്കത്തക്കവിധം അവനിലുള്ള വചനമാം ദൈവം ഐക്യപ്പെട്ട് "എടുത്തു". തൻെറ ഐക്യപ്പെട്ട ആലയത്തിലെ വാസവും ഐക്യവും നിമിത്തം വചനമാം ദൈവം മനുഷ്യൻ എന്നു കരുതപ്പെട്ടു. എന്നാൽ തൻെറ അവാച്യമായ മഹത്ത്വം വെളിപ്പെടുത്താതിരുന്നതിനാൽ മനുഷ്യൻ എന്നും മനുഷ്യപുത്രൻ എന്നും യേശു വിളിക്കപ്പെട്ടു. ഇവയെല്ലാം സ്വഭാവേന തൻെറ മനുഷ്യത്വത്തിൻേറതാണ്. എന്നാൽ തൻെറ ദൈവത്വത്തിൻെറ വ്യക്തിത്വം ഐക്യപ്പെട്ട് എടുത്തതുവഴി തന്നിലുള്ള ദൈവത്വം മനുഷ്യത്വത്തിൻെറ പർസോപ്പാ എടുത്തു. എന്നാൽ ക്നോമാ എടുത്തില്ല എന്നതു കാണിക്കാൻ നാം ബാധ്യസ്ഥരാണ്. ഭാഗ്യവാനായ പൗലോസ് പറഞ്ഞു: "ദൈവത്തിൻെറ രൂപം ദാസൻെറ രൂപം എടുത്തു"(ഫിലി.2:6-7).

ദൈവത്തിൻെറ സ്ഥാനത്ത് ഒരുദാഹരണമായി, തിളങ്ങുന്ന മനോഹരമായ പോളിഷ് ചെയ്ത ഒരുകണ്ണാടി സങ്കല്പിക്കുക. സൃഷ്ടവസ്തുക്കളിലുള്ള ദൃഷ്ടാന്തങ്ങളോ സാമ്യങ്ങളോ ഒന്നും അവാച്യവും മഹനീയവുമായ ദൈവത്തിൻെറ ശ്രേഷ്ഠതയെ വിവരിക്കാൻ പര്യാപ്തമല്ല. "ദൈവമേ, നിനക്കു തുല്യനായി ആരുണ്ട്"(സങ്കീ.71:19). പ്രകാശത്തിൽനിന്നുള്ള പ്രകാശം, പ്രകാശത്തിൽ വിവരിക്കാവുന്ന സാദൃശ്യമോ രൂപമോ ഒന്നും പ്രകാശം എന്ന നിലയിൽ ഇല്ല. അതുപോലെയാണ് ജീവൻ എന്നതും. അവിടുന്നു ശരീരരഹിതനാണ്; എന്നാൽ ഈ ദൃഷ്ടാന്തങ്ങളെല്ലാം ഭൗതികസാദൃശ്യങ്ങളാണ്. വചനമായ ദൈവം എന്ന ദിവ്യ ക്നോമായുടെ സ്ഥാനത്ത് മനോഹരമായ ഒരു കണ്ണാടി സങ്കല്പിക്കുക. അതിൻെറ അടുത്തേക്കു മാനുഷിക ക്നോമാ കൊണ്ടുവരിക. അപ്പോൾ അതു പ്രതിബിംബിക്കുന്നു. ആ ക്നോമാ ആയിരിക്കുന്ന രീതിയിൽ പർസോപ്പിക്കലായി കണ്ണാടി അതിനെ സ്വീകരിക്കുന്നു. അതായത് ക്നോമായുടെ പർസോപ്പാ. ക്നോമാ പർസോപ്പായോടുകൂടി എടുക്കപ്പെടുന്നില്ല. മനുഷ്യൻ വേർപെട്ടു നിൽക്കെതന്നെ അയാളുടെ രൂപം കണ്ണാടിയിൽ പ്രതിബിംബിക്കുന്നു. അവൻെറ ക്നോമാ അതിൻെറ സ്വഭാവത്തിലും അതിലുള്ള അതിൻെറ വ്യതിരിക്തവും സവിശേഷവുമായ പർസോപ്പായിലും സ്ഥിരമായി സംരക്ഷിക്കപ്പെടുന്നു; അതുപോലെയുള്ള മറ്റു ക്നോമാകളിൽനിന്ന് അതിൻെറ അനന്യതയിൽ അതു വ്യത്യസ്തമാണ്. പൗലോസിൻെറ ക്നോമാ പത്രോസിൻെറ ക്നോമായല്ല. സ്വഭാവം എന്ന നിലയ്ക്ക് തങ്ങളുടെ ക്നോമാകളിൽ അവർ ഒന്നുതന്നെയായിരിക്കാം. മനുഷ്യൻെറ ഈ പർസോപ്പാ അവനിൽ സ്ഥിരമായിട്ടാണ്; എന്നാൽ കണ്ണാടിയിൽ വ്യാപകമായിട്ടാണ്. ഇവിടെ നല്ല മനോഹരമായ ഒരു ദൃഷ്ടാന്തം. തിള ങ്ങുന്ന കണ്ണാടിയിൽ മനുഷ്യൻെറ പർസോപ്പായുടെ ഛായ. അതു സ്വീകരിച്ച പർസോപ്പാകൊണ്ട് കണ്ണാടിയുടെ സ്വഭാവത്തിന് കൂട്ടിച്ചേർ

www.malankaralibrary.com



ക്കൽ ഉണ്ടായില്ല. അതുപോലെ മനുഷ്യൻെറ ക്നോമായിൽ സ്ഥിരമായുള്ള പർസോപ്പായ്ക്കും കുറവൊന്നും സംഭവിച്ചില്ല. എന്നാൽ അതിൻെറ പർസോപ്പാ കണ്ണാടിയിൽ പതിച്ച് രണ്ടിൻേറതും കൂടി ഏകപർസോപ്പാ ആയിത്തീരുന്നു.

ഇതിൽ ദൈവത്വം മനുഷ്യത്വത്തിൻെറ ഛായ ഐക്യപ്പെട്ട് എടുത്തതിൻെറ ദൃഷ്ടാന്തം കണ്ണാടിയിൽ കാണാം. മനുഷ്യൻെറ ക്നോമായും പർസോപ്പായും സ്വാഭാവികമായി സ്ഥിരമായി അവനിൽതന്നെ കാണാം; എന്നാൽ പർസോപ്പിക്കലായും വ്യാപകമായും കണ്ണാടിയിലും കാണാം. നാം മുകളിൽ പറഞ്ഞതുപോലെ സ്വർണത്തിലും കളിമണ്ണിലും ഉള്ള രാജകീയ പ്രതിഛായയുടെ പർസോപ്പാ ഒന്നായിരിക്കുന്നതുപോലെ കണ്ണാടിയുടെയും മനുഷ്യൻെറയും സ്വഭാവങ്ങളിൽ പർസോപ്പാ ഒന്നാണ്. സ്വർണത്തിൽ ഉറപ്പായി; കളിമണ്ണിൽ പർസോപ്പിക്കലായും വ്യാപകമായും. വചനമാം ദൈവത്തിന് കർത്തൃത്വവും പുത്രത്വവും സ്വാഭാവികവും മനുഷ്യത്വത്തിന് ഐക്യത്തിലുമാണ്; അത് അങ്ങനെ എല്ലാ നാമങ്ങൾക്കും ഉപരിസ്ഥമായ നാമം സ്വീകരിച്ചു; അതായത്, ദൈവപുത്രനായ മിശിഹായുടെ ഏക പർസോപ്പായുടെ ഐക്യത്തിൽ ദൈവത്വത്തിൻെറ നിരയിൽ മനുഷ്യത്വത്തിന് എന്നേക്കും പുത്രത്വവും കർതൃത്വവും ലഭിച്ചു.

വീണ്ടും മറ്റൊരു രീതിയിൽ പ്രകൃതിയിൽ നിന്നുള്ള മറ്റൊരു ദൃഷ്ടാന്തം: ശരീരവുമായുള്ള ഐക്യം കൂടാതെ ശാരീരികജീവികൾക്ക് ആത്മാവിൻെറ സ്വഭാവത്തിൻെറ സവിശേഷതകൾ ഗ്രഹിക്കാനാവില്ല. അതിലൂടെയാണ് ആത്മാവിൻെറ വിവിധതരം പ്രവർത്തനങ്ങൾ പ്രസ്പഷ്ടമാകുക. അതിൻെറ സ്വഭാവം അനുസരിച്ച് അതിനുള്ളിൽ അതു ഗ്രഹിക്കുന്നു. അങ്ങനെയാണ് അതു സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, അവയവങ്ങൾ പരസ്പരം ഉപകരണങ്ങളായി വർത്തിക്കുന്നു. ഒന്ന് മറ്റതിൽ പ്രവർത്തിക്കുന്നു, സഹിക്കുന്നു, ഉറപ്പിച്ചിരിക്കുന്നു. ഈ ഐക്യം സ്വാഭാവികവും നിർബന്ധിതവും അവശ്യാവശ്യവുമാണ്. നാമിത് മുകളിൽ കാണിച്ചിട്ടുണ്ടല്ലോ. എന്നാൽ ആരാധ്യമായ മറ്റേ ഐക്യമാകട്ടെ സ്വേച്ഛയാ ഉള്ളതും പർസോപ്പിക്കലുമാണ്; അനന്തത പരിമിതിയിൽ. ഇതൊരു ദൃഷ്ടാന്തമായി ചൂണ്ടിക്കാണിച്ചെന്നുമാത്രം. പിതാക്കന്മാരും ഇതുപയോഗിച്ചിട്ടുണ്ട്. ശരീരത്തിലുള്ള ആത്മാവ് അതിൻെറ പ്രവർത്തനങ്ങൾ വെളിപ്പെടുത്തുന്നു. അതിനെക്കൂടാതെ അതിൻെറ സവിശേഷതകൾ വെളിപ്പെടുന്നില്ല. ജീവൻ ആത്മാവിലാണെങ്കിലും മനുഷ്യൻ ജീവനുള്ള ഒരു സൃഷ്ടി എന്നു വിളിക്കപ്പെടുന്നു.

അതുപോലെ ഉദരത്തിൽവച്ചു നടന്ന ഐക്യം മുതൽ ഒരിക്കലും ഈ ആരാധ്യമായ വ്യാപാരത്തിൽ വചനമാം ദൈവം വേർതിരിച്ച് പുത്രൻ എന്നു വിളിക്കപ്പെടുന്നില്ല. പിന്നെയോ, തൻെറ ഐക്യപ്പെട്ട മനുഷ്യത്വത്തോടുകൂടി മാത്രമേ വിളിക്കപ്പെടുന്നുള്ളു. മിശിഹായുടെ ദൈവത്വം ക്നോമിക്കലായി

www.malankaralibrary.com



സൃഷ്ടികൾക്ക് അറിയപ്പെട്ടില്ല; പുത്രൻ തന്റെ ദൈവത്വത്തിൽ നിത്യനാണ്. നിത്യമായി പിതാവിൽനിന്നു പിറന്നു; തന്റെയും പിതാവിന്റെയും ക്നോമ പോലെ ക്നോമായിൽ പരിശുദ്ധാത്മാവുമായി സമസത്തയാണ്. അവരുടെ സ്വഭാവം ഏകമാണ്; അധികാരവും ആരാധനയും കർത്തൃത്വവും ഇച്ഛയും ശക്തിയും ഏകമാണ്. ദൈവപുത്രനായ മിശിഹായുടെ ഏക പർസോപ്പായിലുള്ള ഐക്യം എന്ന ഈ ആരാധ്യമായ വ്യാപാരത്തിൽ മാത്രമേ വ്യത്യാസമുള്ളു. ഇപ്രകാരം എഴുതപ്പെ ട്ടിരിക്കുന്നു: "അവനിൽ എല്ലാ പൂർണതയും വസിക്കുന്നു; അറിവിന്റെയും വിജ്ഞാനത്തിന്റെയും എല്ലാ നിക്ഷേപവും അവനിൽ നിഗൂഢമായിരിക്കുന്നു. എല്ലാറ്റിനെയും എല്ലാറ്റിലും നിറയ്ക്കുന്ന പൂർണതയും അവനാകുന്നു (കൊളോ. 2:3.9; എഫേ.1:23). എടുത്തവന്റെയും എടുക്കപ്പെട്ടതിന്റെയും ഏക സംയോജനത്തിൽ മിശിഹായുടെ ദൈവത്വത്തിന്റെ നാമവും കർത്തൃത്വവും അധികാരവും ഏകമാകുന്നു.

മനുഷ്യൻ രണ്ടു ജീവനുള്ള വസ്തുക്കൾ എന്നു വിളിക്കപ്പെടാത്തതു പോലെ വചനമാം ദൈവത്തിന് സ്വാഭാവികമായി രണ്ടു സ്വാഭാവിക പർസോപ്പാകൾ ഇല്ല; അങ്ങനെ വന്നാൽ രണ്ടു പുത്രന്മാരായിരിക്കും; അഭക്തരുടെ ജല്പനംപോലെ ഒരു ക്നോമായ്ക്ക് സ്വഭാവത്തിൽ രണ്ട് പർസോപ്പാകൾ ഉണ്ടാകുക സാധ്യമല്ല. എന്നാൽ രണ്ടു ക്നോമാകൾക്ക് ഒരു പർസോപ്പാ ഉണ്ടാകാം എന്നത് ഇതാ, തെളിയിച്ചിരിക്കുന്നു; എന്നാൽ ഒരു സ്വാഭാവിക ക്നോമായ്ക്ക് രണ്ട് സ്വാഭാവികവും ക്നോമികവുമായ പർസോപ്പാകൾ ഉണ്ടാകുക അസാധ്യമാണ്. വചനമാം ദൈവത്തിന്റെ ക്നോമാ അതിന്റെ പർസോപ്പായോടുകൂടി, മനുഷ്യന്റെ ക്നോമായും അതിന്റെ പർസോപ്പായോടും കൂടി ഏക ക്നോമാ ആയിരിക്കുക സാധ്യമല്ല. എന്നാൽ ഏകസ്വഭാവത്തിൽ മൂന്നു ക്നോമാകൾ - അതാണ് ദൈവത്വം. അതുപോലെ അനേകം മനുഷ്യർക്ക് ഏകസ്വഭാവമാണ്.

വീണ്ടും, മുകളിൽ കാണിച്ചതുപോലെ വ്യാപാരത്തിന്റെ ഏക പർസോപ്പായിൽ ക്രിസ്തു രണ്ടു സ്വഭാവങ്ങളും രണ്ടു ക്നോമാകളുമാണ്. ഇതാണ് സത്യം. കാരണം, എടുത്തവനും എടുക്കപ്പെട്ടതും വേർതിരിച്ചല്ല പുത്രത്വം; അങ്ങനെയായിരുന്നെങ്കിൽ രണ്ടു പുത്രന്മാർ ആകുമായിരുന്നു. എന്നാൽ പുത്രന്റെ മനുഷ്യത്വത്തിന് വചനമാം ദൈവത്തോടുകൂടി പുത്രത്വത്തിന്റെ ഏകനാമ ത്തിലും, ഏക ആരാധനയിലും അധികാരത്തിലും, ഐക്യപ്പെടാത്ത പിതാവിനോടും ഐക്യപ്പെടാത്ത പരിശുദ്ധാത്മാവിനോടുംകൂടി എന്നേക്കും സംയോജനവും ഭാഗഭാഗിത്വവുമുണ്ട്. വചനമാം ദൈവമാണ് നിത്യപുത്രൻ. അവൻ മനുഷ്യത്വത്തെ ഉയർത്തി തന്റെ സ്വന്തം പർസോപ്പയിലേക്ക് എടുത്തു. രണ്ടു പുത്രന്മാരില്ല; 'മനുഷ്യപുത്രൻ' രണ്ടു പർസോപ്പാകളിൽ രണ്ടില്ല - ഒന്ന് ഐക്യംവഴിയും തന്റെ സ്വഭാവത്തിന്റെ അനന്തതയിലും വിളിക്കപ്പെടുന്നു; അവൻ സ്വർഗത്തി

www.malankaralibrary.com



ലായിരുന്നു; മറ്റത് അബ്രഹാമിന്റെയും ദാവീദിന്റെയും വംശത്തിൽ നിന്നാണ്. അവൻ ജാതികൾക്കു കയ്യാളിക്കപ്പെട്ടു; അവനാൽ അവർ ലജ്ജിതരാക്കപ്പെട്ടു. അവനെ അവർ ക്രൂശിച്ചു. അവൻ ബലഹീനതയിൽ മരിക്കുകയും തന്നിലുള്ള ദൈവത്തിന്റെ ശക്തിയാൽ ഉയിർക്കുകയും ചെയ്തു. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "അവർ മനുഷ്യപുത്രനെ ഒറ്റിക്കൊടുക്കും"; "നിങ്ങൾ ഈ ആലയം തകർക്കുവിൻ; ഞാൻ മൂന്നു ദിവസം കൊണ്ട് അതിനെ പുനരുദ്ധരിക്കും" (മത്താ. 20:19; യോഹ.2:19).

എന്നാൽ തന്റെ ദൈവത്വത്തിലും തന്റെ മനുഷ്യത്വത്തിലും ദൈവപുത്രനായ മിശിഹായുടെ പർസോപ്പാ ഏകമാകുന്നു. ഈ ഏക പർസോപ്പായാണ് അത്യുന്നതന്റെ പുത്രൻ. കർത്താവ്, യേശു, ഏകജാതൻ, ആദ്യജാതൻ, മനുഷ്യപുത്രൻ, മിശിഹാ. ദൈവപുത്രനായ ഏക മിശിഹാ എന്ന ഒരേ പർസോപ്പായിൽ രണ്ടു സ്വഭാവങ്ങളും അവയുടെ നാമങ്ങളും അവയുടെ ക്നോമാകളിലും അവയുടെ സവിശേഷതകളിലും അറിയപ്പെടുന്നു. അവ വ്യതിരിക്തമാണെങ്കിലും കൂട്ടിക്കുഴച്ചിൽ കൂടാതെ ഐക്യപ്പെട്ടിരിക്കുന്നു. കൂട്ടിക്കുഴച്ചിൽ കൂടാതെ ഐക്യപ്പെട്ടിരിക്കുമ്പോഴും ദൈവപുത്രനായ മിശിഹായുടെ ഏക പർസോപ്പായുടെ ഏക ഐക്യത്തിൽ തങ്ങളുടെ സവിശേഷതകളിൽ അവ വ്യതിരിക്തമായിരിക്കുന്നു. തർക്കിക്കാൻ തിടുക്കം കൂട്ടുന്നവർ മൂലം ഞാൻ ഒന്നു കൂടി ആവർത്തിക്കാം: ഐക്യത്തിന്റെ നിമിഷം മുതൽ എന്നേക്കും മനുഷ്യത്വം കൂടാതെ ദൈവത്വമില്ല; ദൈവത്വം കൂടാതെ വേർതിരിഞ്ഞ് സാധാരണ മനുഷ്യനായി, ഐക്യപ്പെടാതെ, മിശിഹാ എന്നു പേരു മാത്രമായി മനുഷ്യത്വമില്ല. എന്നാൽ ഈ ഒരേ ഒരു പർസോപ്പായിൽ അവ പരസ്പരം കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. പർസോപ്പിക്കലായി ഇത് അതും, അത് ഇതുമായി തീരുന്നു. എന്നാൽ ദൈവപുത്രനായ മിശിഹായുടെ ഏക പർസോപ്പായുടെ ആരാധ്യമായ ഐക്യത്തിൽ അതും ഇതും അതാതിന്റെ ക്നോമാകളിൽ നിലനില്ക്കുന്നു.

അതുകൊണ്ട് ഈ ഒരേ ഒരു പർസോപ്പായെ പുത്രനെന്നോ, മനുഷ്യനെന്നോ വിളിച്ചാൽ ഒന്നുതന്നെ. ആദ്യജാതൻ എന്നു വിളിച്ചാലും ഒന്നുതന്നെ. ഏകജാതൻ എന്നു വിളിച്ചാലും ഒന്നുതന്നെ; മഹത്ത്വത്തിന്റെ കർത്താവ് എന്നു വിളിച്ചാലും ഒന്നുതന്നെ; അബ്രഹാമിന്റെയും ദാവീദിന്റെയും പുത്രൻ എന്നു വിളിച്ചാലും ഒന്നുതന്നെ; അത്യുന്നതന്റെ പുത്രൻ എന്നു വിളിച്ചാലും അതുതന്നെ. എന്നാൽ ഒരേ രീതിയിൽ അല്ലെന്നുമാത്രം. എന്നാൽ ഒന്നിച്ച് ദൈവപുത്രനായ യേശുമിശിഹാ ഇന്നലെയും ഇന്നും എന്നേക്കും ഒരുവൻതന്നെ (എബ്രാ. 13:8). അവനും അവന്റെ പിതാവിനും പരിശുദ്ധാത്മാവിനും എന്നുമെന്നേക്കും മഹത്ത്വവും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ആമ്മീൻ.

www.malankaralibrary.com

## അധ്യായം 18

# മിശിഹായുടെ കുരിശുമരണം

*മിശിഹായുടെ ക്രൂശാരോഹണത്തെപ്പറ്റി: തന്റെ മനുഷ്യത്വത്തിൽ നിന്ന് തന്റെ ദൈവത്വം വേർപെട്ടല്ല ഇത് നടന്നത്; ഉദരത്തിൽ വച്ചുതന്നെ മനുഷ്യത്വം താനുമായി ഐക്യപ്പെട്ടിരുന്നു; മനുഷ്യൻ എന്ന നിലയിൽ അവിടുന്നു ക്രൂശിക്കപ്പെടുകയും മരിക്കുകയും ചെയ്തു; മനുഷ്യത്വവുമായി ഐക്യപ്പെട്ട് മനുഷ്യത്വത്തിൽ വസിച്ച തന്റെ ദൈവത്വമാകട്ടെ പീഡ സഹിച്ചില്ല എന്നു നാം പറയുന്നു.*

'നമ്മുടെ കർത്താവിന്റെ ഐക്യപ്പെട്ട മനുഷ്യനാണ് ക്രുശിക്കപ്പെട്ടത്, ദൈവത്വമല്ല; അവിടുത്തെ ആലയമാണ് തകർക്കപ്പെട്ടത്. അവിടുന്ന് അതിനെ അമർത്യജീവിതത്തിലേക്ക് ഉയിർപ്പിച്ചു' എന്നു നാം പറയുന്നെങ്കിലും പാതാള ബന്ധനങ്ങളിൽ നിന്ന് അവനെ വിടുവിച്ച് മൂന്നാംദിവസം ഉയിർപ്പിച്ച, ഐക്യപ്പെട്ട് വസിച്ചവൻ, അതിൽനിന്നു വേർപിരിഞ്ഞിരുന്നു എന്നു നാം പറയുകയില്ല. "അവന്റെ ആത്മാവിനെ പാതാളത്തിൽ വിട്ടുകളഞ്ഞില്ല; അവിടുത്തെ ശരീരം ജീർണ്ണതയ്ക്കു വിധേയമായില്ല"(നട. 2:31). "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് എന്നെ നീ കൈവിട്ടു?" എന്നു കുരിശിൽ കിടന്നുകൊണ്ട് തന്റെ വേദനയുടെ മൂർദ്ധന്യത്തിൽ നമ്മുടെ കർത്താവിന്റെ മനുഷ്യൻ നിലവിളിച്ചെങ്കിലും (മത്താ. 27:46) അവനിൽ വസിച്ചവൻ വേർപെട്ടുപോയി 'എന്നോ' ആരാധ്യമായ ഈ ഐക്യം അഴിഞ്ഞുപോയി എന്നോ നാം പറയുന്നില്ല. ദൈവം തടയട്ടെ! പിന്നെയോ, തലമുറകളുടെ പിതാവായ ആദത്തിന്റെ ലംഘനംവഴിയുള്ള അനുസരണക്കേടിനാൽ ഉണ്ടായ കടം വീട്ടാനായി, ദിവ്യവ്യാപാരം നിമിത്തം സഹിക്കാൻ അവിടുന്ന് അതിനെ അനുവദിച്ചു. ആദാമും മക്കളും കെണിയിലകപ്പെട്ടതിനാൽ, എല്ലാവരും പാപം ചെയ്തതിനാൽ, അവനിൽ പാപം ഉണ്ട് എന്ന നിലയിൽ നമ്മുടെ കർത്താവിന്റെ മനുഷ്യൻ മരണാർഹനായിരുന്നില്ല. എന്നാൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ, 'തന്റെ നീതീകരണത്തിലൂടെ നാം ജീവിക്കേണ്ടതിനായി, പാപം അറിയാത്തവനെ നമുക്കുവേണ്ടി അവൻ പാപമാക്കി"(2 കൊറി. 5:21). "ഈ ലോകത്തിന്റെ അധികാരി

www.malankaralibrary.com



വരുന്നു; എന്നാൽ അവന് എന്നിൽ യാതൊരു കാര്യവുമില്ല"; "ഈ ലോകത്തിൻെറ അധിപതി ഇപ്പോൾതന്നെ ന്യായം വിധിക്കപ്പെട്ടിരിക്കുന്നു". "ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ", കുരിശിലെ വിജയത്തിലൂടെ "എല്ലാവരെയും എന്നിലേക്ക് ആകർഷിക്കും."(യോഹ. 16:30, 11; 17:32). ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ, "ഒരാളുടെ അനുസരണക്കേടിനാൽ അനേകർ പാപികളായി തീർന്നതുപോലെ, ഒരാളുടെ അനുസരണംവഴി അനേകർ നീതീകരിക്കപ്പെട്ടു"; "അവൻ മരണത്തോളം, അതേ, കുരിശുമരണത്തോളം, അനുസരണം ഉള്ളവനായിരുന്നു" (റോമാ. 5:19; ഫിലി. 2:8).

അവിടുത്തെ ദൈവത്വം തന്നിൽനിന്ന് വേർപിരിഞ്ഞിരുന്നല്ല ഇവ സംഭവിച്ചത്; മറിച്ച്, മുകളിൽ കാണിച്ചതുപോലെ, ദൈവപുത്രനായ മിശിഹായുടെ ഏക പർസോപ്പായുമായി ഐക്യപ്പെട്ടുകൊണ്ടാണ്; എന്തുകൊണ്ടെന്നാൽ ഐക്യത്തിനുശേഷം 'പുത്രൻ', 'മിശിഹാ' എന്നിവ ഐക്യത്തിൻെറ പർസോപ്പായാണ്. മുകളിൽ ചൂണ്ടിക്കാണിച്ചതുപോലെ 'മിശിഹാ' എന്ന നാമം തൻെറ മനുഷ്യത്വത്തിൻേറതും 'പുത്രൻ' എന്നത് തൻെറ ദൈവത്വത്തിൻേറതുമാണ്. "നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ മിശിഹായാകുന്നു" എന്ന പത്രോസിൻെറ വിശ്വാസപ്രഖ്യാപനാനുസൃതം (മത്താ. 16:16), 'മിശിഹാ', 'പുത്രൻ' എന്നിവ ഏക പർസോപ്പായാണ്. ഇക്കാരണത്താൽ, മിശിഹാ പിറന്നു, മിശിഹാ ക്രൂശിക്കപ്പെട്ടു, മിശിഹാ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും കബറടക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു" എന്നെല്ലാം തിരുലിഖിതം സാക്ഷിക്കുന്നു. ഇതാ, ഇവയൊക്കെ മനുഷ്യത്വത്തെ സംബന്ധിക്കുന്നവയത്രേ. "തൻെറ പുത്രനോട് ക്ഷമിക്കാതെ നമുക്കെല്ലാവർക്കുംവേണ്ടി അവനെ കയ്യാളിച്ചുവെങ്കിൽ..."; "ദാവീദിൻെറ വംശത്തിൽനിന്നു ജനിച്ച തൻെറ പുത്രനെക്കുറിച്ച്..." (റോമാ. 8:32; 1:3). തൻെറ ദൈവസ്വഭാവത്തിൽ മഹനീയ ജനനത്താൽ അവൻ ജനിച്ചു എന്നും അത് ദാവീദിൻെറ വംശത്തിൽനിന്നല്ല എന്നും ഭാഗ്യവാനായ പൗലോസിന് അറിയാമായിരുന്നു. "അവരിൽനിന്ന് മിശിഹാ ജഡത്തിൽ കാണപ്പെട്ടു; അവിടുന്ന് എല്ലാറ്റിന്മേലും ദൈവമാണ്" എന്നു പറയുന്നതുപോലെയാണിത് (റോമാ. 9:5); കാരണം, തിരുലിഖിതങ്ങൾ ഐക്യത്തിൻെറ പർസോപ്പായിലാണ് സംസാരിക്കുന്നത്. ചിലപ്പോൾ ആ ഐക്യത്തിൽ തൻെറ മനുഷ്യത്വത്തെപ്പറ്റി സംസാരിക്കുന്നു: "കർത്താവേശുമിശിഹാ ഏകനാകുന്നു; എല്ലാം അവനിലൂടെയാകുന്നു"(1കൊറി. 8:6). തൻെറ മനുഷ്യത്വത്തിലൂടെയല്ല എല്ലാം സൃഷ്ടിക്കപ്പെട്ടത്, പിന്നെയോ ഐക്യത്തിൻെറ പർസോപ്പായിലാണ്. "ദൈവം ഏകൻ; എല്ലാവർക്കും വീണ്ടെടുപ്പുവിലയായി തന്നെത്തന്നെ കയ്യാളിച്ചവനും ദൈവത്തിൻെറയും മനുഷ്യരുടെയും ഇടയിലെ മധ്യസ്ഥനുമായ യേശുമിശിഹാ എന്ന മനുഷ്യനും ഏകൻ" എന്ന വചനവും (1 തിമോ. 2:5-6) അതു

www.malankaralibrary.com



പോലെയാണ്. ഇതാ, ഇവ ദൈവത്വത്തെപ്പറ്റിയല്ല, കാരണം, മരണത്തിന് കയ്യാളിക്കപ്പെട്ടത് അവിടുത്തെ ആലയമാണ്: "എൻെറ സുവിശേഷമനുസരിച്ച്, ദാവീദിൻെറ വംശത്തിൽനിന്നുള്ളവനും മരിച്ചവരിൽ നിന്ന് ഉയിർത്തവനുമായ യേശുമിശിഹായെ ഓർക്കുവിൻ" (2 തിമോ. 2:8). ഇവ അവിടുത്തെ മനുഷ്യത്വത്തെപ്പറ്റിയാണ്: "ക്രൂശിക്കപ്പെട്ട മിശിഹായെ ഞങ്ങൾ പ്രഘോഷിക്കുന്നു"(1 കൊറി. 1:23). ഐക്യപ്പെട്ടിരുന്നെങ്കിലും, ക്രൂശിക്കപ്പെട്ടത് ദൈവത്വമല്ല; കാരണം, അവിടുന്ന് ആത്മാവാകുന്നു. തൻെറ ജഡത്തിൽ പാപത്തെ ജയിക്കാൻ; തൻെറ ദൈവത്വ ത്തിലല്ല, തൻെറ മനുഷ്യത്വത്തിലാണ് അവിടുന്നു ക്രൂശിക്കപ്പെട്ടത്. "അവിടുന്ന് ബലഹീനതയിൽ ക്രൂശിക്കപ്പെട്ടു എങ്കിലും ദൈവികശക്തിയാൽ ഉയിർത്തെഴുന്നേറ്റു;" "അവിടുന്നു സ്വയം താഴ്ത്തി; മരണത്തോളം, കുരിശുമരണത്തോളം, അനുസരണയുള്ളവനായിരുന്നു; ഇക്കാരണത്താൽ ദൈവം അവനെ വളരെ യധികം ഉയർത്തി; എല്ലാ നാമങ്ങൾക്കും ഉപരിയായ ശ്രേഷ്ഠനാമം അവനു നൽകി" എന്നിത്യാദി... "തൻെറ ശരീരത്തിലൂടെയും തൻെറ മരണത്തിലൂടെയും അവിടുന്ന് ഇപ്പോൾ നിങ്ങളെ അനുരഞ്ജനപ്പെടുത്തുന്നു". "സ്വർഗത്തിലും ഭൂമിയിലും ഉള്ളവയെയെല്ലാം തൻെറ കുരിശിലെ രക്തത്താൽ തന്നിലൂടെ അവിടുന്ന് അനുരഞ്ജനപ്പെടുത്തുന്നു". "മരണത്തിൽനിന്ന് അവനെ ഉയിർപ്പിച്ച ദൈവശക്തിയിലാണ് നിങ്ങൾ വിശ്വസിച്ചിരിക്കുന്നത്".[11] ഇതുപോലെ ധാരാളം ഉദാഹരണങ്ങൾ നിരത്തിവയ്ക്കാനാവും. കുരിശിൽ പീഡസഹിച്ചു മരിച്ചത് തൻെറ ദൈവത്വമല്ല പിന്നെയോ ഐക്യപ്പെട്ട തൻെറ മനുഷ്യത്വമാണ് എന്ന് ഇവയെല്ലാം വ്യക്തമായി പ്രസ്പഷ്ടമാക്കുകയും പ്രഘോഷിക്കുകയുംചെയ്യുന്നു.

ഒരാൾ ക്രൂശിക്കപ്പെട്ടു മരിക്കുമ്പോൾ ഒരു മനുഷ്യൻ ക്രൂശിക്കപ്പെട്ട് മരിച്ചു എന്നാണ് നാം പറയുന്നത്; അവൻെറ ആത്മാവ് ക്രൂശിക്കപ്പെട്ട് മരിച്ചു എന്നു നാം പറയാറില്ല; കാരണം, അത് അമർത്യമാണ്. സ്വാഭാവികമായ ഐക്യത്താലും പൊതുനാമത്താലും മനുഷ്യൻ ക്രൂശിക്കപ്പെട്ടു എന്നു നാം പറയുന്നു. അതുപോലെ ഇവിടെയും 'മിശിഹാ ക്രൂശിക്കപ്പെട്ടു, മിശിഹാ മരിച്ചു, മിശിഹാ ഉത്ഥാനം ചെയ്തു' എന്നു നാം പറയുന്നു. 'ദൈവം ക്രൂശിക്കപ്പെട്ടു മരിച്ചു' എന്നു നാം പറയാറില്ല. 'ദൈവത്തിൻെറ പുത്രൻ നമുക്കുവേണ്ടി കയ്യാളിക്കപ്പെട്ടു' എന്നു നാം പറയുന്നു; ഐക്യത്തിൻെറ പർസോപ്പായിലാണ് നാം അതു പറയുക; അവിടുന്നു തൻെറ ദൈവത്വത്തിൽ പീഡ സഹിച്ചു മരിച്ചില്ല; മറിച്ച് തൻെറ ഐക്യപ്പെട്ട ആലയത്തെ ദൈവത്വം ഉയിർപ്പിച്ച് പരിപൂർണമാക്കി. എന്നാൽ വെറുമൊരു മനുഷ്യനാണ് ക്രൂശിക്കപ്പെട്ടത് എന്നു നാം പറയുകയില്ല. തൻെറ ദൈവത്വം നിഷേധിക്കുന്ന പൗളീനിയരാണ് അപ്രകാരം പറയുന്നത്. 'ദൈവം ക്രൂശിക്കപ്പെട്ടു' എന്നു നാം പറയുന്നില്ല; നമ്മുടെ വംശത്തലവൻെറ മനുഷ്യത്വം നിഷേധി

www.malankaralibrary.com



ക്കുകയും ഉത്ഭവവും വ്യതിയാനവും അവതരിപ്പിക്കുകയും ചെയ്യുന്ന മനിക്കേയരാണ് ഇപ്രകാരം പറയുന്നത്. 'മിശിഹാ ക്രൂശിക്കപ്പെട്ടു' എന്നാണ് നാം പറയുക; 'തൻെറ മനുഷ്യത്വത്തിൽ അവിടുന്ന് ക്രൂശിക്കപ്പെട്ടു മരിച്ചു' എന്നു നാം അതുവഴി മനസ്സിലാക്കുന്നു; തന്നിൽനിന്ന് വേർപിരിഞ്ഞില്ലെങ്കിലും, ദൈവത്വത്തിലല്ല, അവിടുന്നു പീഡ സഹിച്ചത്. മനുഷ്യത്വവുമായി ഐക്യപ്പെട്ട് അതിനനുസൃതമായവയെല്ലാം അവിടുന്നു സഹിച്ചു. കാരണം, ഉത്ഭവത്തിൻെറ ആദ്യനിമിഷം മുതൽ രൂപീകരണഘട്ടങ്ങളിലൊന്നും - രൂപീകരിക്കപ്പെട്ടപ്പോഴോ, അതിൽ ആത്മാവിനെ സൃഷ്ടിച്ചപ്പോഴോ, ജനിച്ചപ്പോഴോ, പഴന്തുണികളിൽ പൊതിയപ്പെട്ടപ്പോഴോ, പുൽത്തൊട്ടിയിൽ കിടത്തപ്പെട്ടപ്പോഴോ ഒന്നും - വചനമായ ദൈവം തൻെറ ഐക്യപ്പെട്ട ആലയത്തെ ഉപേക്ഷിച്ചില്ല. ഐക്യപ്പെട്ടവനായി വിദ്വാന്മാർ അവനെ ആരാധിച്ചു; അവരോടു പറയപ്പെട്ടതുപോലെ അവർ അവനു കാഴ്ചകൾ അർപ്പിച്ചു. ചിലത് തൻെറ ഐക്യപ്പെട്ട സഹനാതീത ദൈവത്വത്തെ സൂചിപ്പിക്കുന്നു; ചിലതാകട്ടെ, ഏക ഐക്യത്തിൽ ഉള്ള ഐക്യപ്പെട്ട പൊതുബഹുമാനത്തെ സൂചിപ്പിക്കുന്നു.

ദൈവിക സത്യത്തെപ്രതി അവിടുന്നു പരിച്ഛേദനം ചെയ്യപ്പെടുകയും പരിച്ഛേദനം സ്വീകരിക്കുകയും ചെയ്തു. മാനുഷിക ക്രമമനുസരിച്ച് അവിടുന്നു വളർന്നു; വിജ്ഞാനത്തിൽ വളരുകയും പുരോഗമിക്കുകയും തന്നിൽ ഉള്ള ദൈവത്വത്താൽ, പരിശുദ്ധാത്മാവിൻെറ കൃപകൊണ്ട് നിറയുകയും ചെയ്തു. അപ്പോഴൊന്നും തന്നിലുള്ള ദൈവത്വം വേർപിരിഞ്ഞുപോയില്ല. ആ കൃപ അവൻെറ പ്രായവും വളർച്ചയുമനുസരിച്ച് വർദ്ധിക്കുകയും തൻെറ പ്രകൃതിക്കുപരിയായ നിലയിൽ തന്നെ ശക്തിപ്പെടുത്തുകയും ചെയ്തു. "ശിശു നന്മതിന്മകൾ തിരിച്ചറിയുന്നതിനു മുമ്പ് തിന്മ ഉപേക്ഷിക്കുകയും നന്മ തെരഞ്ഞെടുക്കുകയും ചെയ്യും" (ഏശാ. 7:16). "ശിശു വളർന്നു, ആത്മാവിൽ ബലപ്പെട്ടു" (ലൂക്കാ 2:40). ശരീരം ആത്മാവിനോട് ഐക്യപ്പെട്ടിരിക്കുകയും അതിൻെറ പ്രവർത്തനങ്ങളെ ആത്മാവ് നിയന്ത്രിക്കുകയും ചെയ്യുന്നു. അതിൻെറ നിയന്ത്രണങ്ങളും ബൗദ്ധികവിവേകവും മറ്റും പുറത്തുനിന്ന് അതിൽ പ്രവേശിക്കുന്നതല്ല. രുചി, നിറം, കാഴ്ചകൾ ആദിയായവ തിരിച്ചറിയുന്നത് ആത്മാവ് നിമിത്തമാണ്. ഉദരത്തിൽ വച്ചുതന്നെ ശരീരത്തിൽ വസിക്കുന്ന ആത്മാവുമൂലം ശരീരത്തിന് ഇവയെല്ലാം സാധിക്കുന്നു. ഈ ഐക്യം സ്വാഭാവികവും ക്നോമികവുമാണ്. അതുപോലെ, നമ്മുടെ കർത്താവിൻെറ ദൈവത്വം തൻെറ മനുഷ്യത്വവുമായി ഐക്യപ്പെട്ടിരിക്കുന്നു. ഉത്ഭവത്തിൻെറ ആദ്യനിമിഷംമുതൽ മനുഷ്യത്വം തൻെറ ആലയമാണ്. എല്ലാ ദിവ്യസംഗതികളിലും തൻെറ വളർച്ചയ്ക്കനുസൃതമായി അവിടുന്നു പുരോഗമിച്ചു.

www.malankaralibrary.com



തന്റെ മനുഷ്യപ്രകൃതിയനുസരിച്ച് നമ്മുടെ കർത്താവിന്റെ മനുഷ്യൻ ക്ഷീണിച്ചുറങ്ങിയപ്പോഴും അവിടുത്തെ ദൈവത്വം ഐക്യപ്പെട്ട് തന്നിലായിരുന്നു. എന്നാൽ ഐക്യപ്പെട്ടിരുന്നപ്പോഴും ദൈവത്വം ഉറങ്ങിയുമില്ല, ക്ഷീണിച്ചുമില്ല. കാരണം, "ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല ഉറങ്ങുന്നുമില്ല" (സങ്കീ. 121:4). അതുപോലെ, തന്റെ സഹനവിധേയ പ്രകൃതമനുസരിച്ച് അവിടുന്നു പീഡ സഹിക്കുകയും ക്രൂശിക്കപ്പെടുകയും ചെയ്തപ്പോഴും തന്നിലുള്ള ദൈവത്താൽ പരിധികൂടാതെ അവിടുന്ന് നിറയപ്പെട്ടിരുന്നു. അവർ അവനെ കുരിശിൽ നിന്നിറക്കി ശീലകൾ ചുറ്റി കല്ലറയിൽ വച്ചപ്പോഴും തന്റെ ദൈവത്വം അനന്തമായും ഐക്യപ്പെട്ടും തന്നിലായിരുന്നു. അവൻ തന്റെ ജീവൻ വെടിയുകയും അതു പറുദീസായിലേക്ക് സംവഹിക്കപ്പെടുകയും ചെയ്തപ്പോൾ തന്റെ ഐക്യപ്പെട്ട ദൈവത്വം തന്നെ വിട്ടുപേക്ഷിച്ചില്ല. അവിടുന്നു മുൻകൂട്ടി അരുൾചെയ്തപ്രകാരം തന്നിലുള്ള ദൈവത്വത്തിന്റെ ശക്തിയാൽ തന്റെ ആത്മാവ് തന്റെ ശരീരത്തോട് ചേർന്നപ്പോൾ അവിടുന്നു കല്ലറയിൽ നിന്ന് ഉത്ഥാനം ചെയ്തു. "ഞാൻ പോകുകയും ഞാൻ വരികയും ചെയ്യും" (യോഹ. 14:28); "ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കുകയില്ല" എന്ന് അവിടുന്നു പറഞ്ഞപ്രകാരം (മർക്കോ. 14:7). തന്റെ പ്രകൃതി അനുസരിച്ച് അവിടുന്ന് സ്വർഗത്തിലേക്ക് എടുക്കപ്പെട്ടപ്പോൾ അവിടുത്തെ ദൈവത്വം അനന്തമായി തന്നിലായിരുന്നു. പിതാവിനെപ്പോലെയും പരിശുദ്ധാത്മാവിനെപ്പോലെയും സ്വർഗവും ഭൂമിയും അവനെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. "ഞാൻ നിങ്ങളോടുകൂടെയുണ്ട്" (മത്താ. 28:20). അതു തന്റെ ദൈവത്വത്തിലത്രേ. എന്നാൽ അവിടുന്ന് അവാച്യമായ മഹത്ത്വത്തിൽ, സ്വർഗത്തിൽ നിന്നുള്ള തന്റെ മഹനീയവും ഭീതികരവുമായ പ്രത്യക്ഷതയിൽ, സ്വർഗത്തിൽ നിന്നു വരാനിരിക്കുമ്പോൾ, തന്റെ ദൈവത്വം ഐക്യപ്പെട്ടും അനന്തമായും തന്നിലായിരിക്കും; അവിടുന്ന് സകലരെയും വിധിക്കാൻ സിംഹാസനത്തിൽ ആരൂഢനാകുമ്പോൾ, അതായത്, ഏക ശക്തിയിലും ഐക്യപ്പെട്ട ഏക അധികാരത്തിലും എന്നേക്കും ഏക കർതൃത്വത്തിലും എല്ലാറ്റിനെയും ഏക ആധിപത്യത്തിൻ കീഴിൽ തന്റെ പാദങ്ങൾക്ക് കീഴിലാക്കുമ്പോൾ (1 കൊറി. 15:26), ദൈവപുത്രനായ മിശിഹായുടെ ഏക വ്യക്തിത്വത്തിന്റെ ഏക ഐക്യത്തിൽ ഏക ആരാധനയിൽ എല്ലാ മുഴങ്കാലും തന്റെ മുമ്പിൽ മടങ്ങുമ്പോൾ, "യേശുമിശിഹാ കർത്താവാണ് എന്ന് ദൈവ മഹത്ത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയും" (ഫിലി. 2:10-11). നമ്മുടെ കർത്താവേശുമിശിഹായുടെ മനുഷ്യത്വം അതിന്റെ പ്രകൃതിയനുസരിച്ച് ഈ ബലഹീനതകൾക്ക് വിധേയമാകുകയും പാപമൊഴികെ എല്ലാ മാനുഷിക കാര്യങ്ങളിലും പരീക്ഷിക്കപ്പെടുകയും ചെയ്തെങ്കിലും തന്റെ ദൈവത്വം പരീക്ഷണ വിധേയമായില്ല; ദൈവം തടയട്ടെ!

www.malankaralibrary.com



കാരണം, അനന്തമായ അരൂപി രൂപീകരിക്കപ്പെട്ടതല്ല. അവിടുന്നു വളരുന്നില്ല; ആകാശവും ഭൂമിയും അവനെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. പ്രകാശം പരിച്ഛേദനം ചെയ്യപ്പെടുന്നില്ല. അതിന് അടിയേൽക്കുന്നില്ല, കുന്തംകൊണ്ട് കുത്തുകൊണ്ടു മുറിവുണ്ടാകുവാനും ജീർണിക്കാനും ആത്മാവിനു പാർശ്വം ഇല്ല; എന്തുകൊണ്ടെന്നാൽ, അവിടുന്നു സ്വഭാവത്താലേ അദൃശ്യനും ജീർണതയ്ക്ക് അതീതനുമാണ്. മനുഷ്യരിൽ ആരും അവിടുത്തെ കണ്ടിട്ടില്ല; കാണാൻ സാധിക്കുകയുമില്ല. അവൻ അവാച്യമായ പ്രകാശത്തിൽ വസിക്കുന്നു. ആർക്കും അവിടുത്തെ സമീപിക്കാൻ സാധിക്കുകയില്ല. മാനുഷികമായതൊന്നും ദൈവത്തെ പ്രലോഭിപ്പിക്കുന്നില്ല. ദൈവം ക്ഷമിക്കട്ടെ! കാരണം, അവിടുത്തേക്കു മരണത്തെ ഭയപ്പെടേണ്ട കാര്യമില്ല. അവിടുന്ന് അമർത്യനാണ്. വചനമായ ദൈവത്തെ മാലാഖ ശക്തിപ്പെടുത്തിയില്ല. കാരണം, പിതാവിനെപ്പോലെയും പരിശുദ്ധാത്മാവിനെപ്പോലെയും അവിടുന്ന് തന്റെ സ്വഭാവത്തിൽ സർവശക്തനാണ്. അവിടുന്നു ഭൂമിയെ നോക്കുന്നു, അതു വിറകൊള്ളുന്നു" (സങ്കീ.104:32). തന്നെക്കാൾ വലിയവനായ മറ്റൊരു ദൈവത്തിനു വചനമായ ദൈവം പ്രാർത്ഥനകൾ അർപ്പിക്കുകയോ സഹായം അപേക്ഷിക്കുകയോ ചെയ്യുന്നില്ല. പിതൃത്വവും പുറപ്പാടും ഒഴികെ, സ്വഭാവത്താലേ പിതാവിനും പരിശുദ്ധാത്മാവിനും ഉള്ളതെല്ലാം അവിടുത്തേതാണ്. വചനമായ ദൈവം വിയർക്കുന്നില്ല; കാരണം അവിടുന്ന് ആത്മാവാണ്. മുൾക്കിരീടം കൊണ്ടു മുറിഞ്ഞ ശിരസ്സും വചനത്തിനില്ല; തന്റെ ആത്മാവിനെ വിട്ട് തല ചായിച്ച ശരീരവും വചനമായ ദൈവത്തിനില്ല. സ്വഭാവത്താലേ, അവിടുത്തേക്ക് ആത്മാവുമില്ല. ആത്മാവും ശരീരവും ചേർന്ന് മനുഷ്യൻ എന്ന സ്വാഭാവിക ക്നോമാ എന്ന സംയുക്തം ആയിത്തീരുന്നതുപോലെ, വചനവും തന്റെ ആത്മാവും ചേർന്ന് ഒരു സംയുക്തമായി തീരുന്നില്ല. അതുപോലെ ദൈവം ക്രൂശിക്കപ്പെട്ടില്ല. വചനം ആണി തറയ്ക്കപ്പെട്ടില്ല; ആകാശത്തിനും ഭൂമിക്കും മധ്യേ തൂക്കപ്പെട്ടില്ല. അവിടുന്ന് അനന്തനും അദൃശ്യനും സ്പർശനാതീതമായ ആത്മാവുമാണ്. വചനമായ ദൈവത്തിൽനിന്നു രക്തവും വെള്ളവും ഒഴുകിയില്ല; കുത്തിത്തുളയ്ക്കപ്പെട്ടതും മുറിവേറ്റതുമായ അവയവങ്ങളുള്ള ഒരു ശരീരമല്ല അവിടുന്ന്. അവിടുന്ന് പ്രകാശവും ജീവനും ആത്മാവുമാണ്. അവിടുന്നു സ്വയം കേവലമാണ്; അദൃശ്യനും വ്യതിയാനാതീതനുമാണ്. ആർക്കും തന്നെ സമീപിക്കാൻ കഴിയുകയുമില്ല.

അതുകൊണ്ട് വചനമായ ദൈവം ഇവയെല്ലാം സഹിച്ചെങ്കിൽ അവിടുന്നു സ്വഭാവത്താലേയല്ല, പിന്നെയോ പേരിലോ ബഹുമാനത്തിലോ മാത്രമാണ് ദൈവം. പുറജാതികളും അഗ്നിക്കവകാശികളും പറയുംപോലെ അവൻ സ്വഭാവത്താലേ തന്നെത്തന്നെ ഒരു ശരീരമായി നിർമ്മിച്ച് അതിൽ പീഡയനുഭവിച്ച് മരിച്ചെങ്കിൽ, അവൻ തന്നെത്തന്നെ യാഥാർത്ഥ്യത്തിലെത്തിച്ചു എന്നും തന്റെ സ്വഭാവത്തിൽ തന്നെ ദൈവം അല്ലെന്നും വരും.

www.malankaralibrary.com



നമ്മുടെ കർത്താവിൻെറ മനുഷ്യത്വം അതിൻെറ പ്രകൃതിയനുസരിച്ച് സഹിച്ച ഈ മാനുഷികസവിശേഷതകളെല്ലാം ദൈവികപ്രകൃതിയിൽനിന്ന് അന്യമായിട്ടുള്ളവയത്രേ. വ്യതിയാനാതീതം, അമർത്യത, അഴിവിനതീതം, സ്പർ ശനാതീതം, അദൃശ്യം, അനന്തമായ ആത്മാവ് - മാറ്റമില്ലാത്തവൻ. "ഞാനാകുന്നു; എനിക്കു മാറ്റമില്ല". "നീ ആയിരിക്കുന്നതുപോലെ നീയാകുന്നു, നിൻെറ സംവത്സരങ്ങൾ അവസാനിക്കുന്നില്ല" (മലാ. 3:6; സങ്കീ. 102:28). അവിടുന്നു മൂന്നുദിവത്തേക്ക് മരിച്ചെങ്കിൽ, അവിടുത്തേക്ക് തൻെറ ജീവൻ നഷ്ടപ്പെട്ടെന്നു വരുന്നു. അതുകൊണ്ട് ആരാധ്യമായ ഈ വ്യാപാരത്തെപ്പറ്റി പറഞ്ഞിരിക്കുന്ന ഈ എളിയ കാര്യങ്ങൾ തൻെറ മനുഷ്യത്വം സഹിച്ചവയാണ് എന്നു വ്യക്തമാണ്. തൻെറ ദൈവത്വമല്ല. അത് എല്ലാറ്റിന്മേലും ഉന്നതമാണ്. ദൈവത്വം തൻെറ ബൗദ്ധികവും ഐക്യപ്പെട്ടതുമായ ആലയത്തെ പരിപൂർണമാക്കി. ആ ആലയമാകട്ടെ, നമ്മുടെ ജീവൻെറ ഉറവിടമാകുന്നു. അതിൽ അവിടുന്ന് എന്നേക്കും ഐക്യപ്പെട്ടു വസിക്കുന്നു. "എല്ലാം ആരിലൂടെയാണോ, എല്ലാം ആർക്കുവേണ്ടിയാണോ അവിടുത്തേക്ക് ഇവ അനുയോജ്യമാണ്". എഴുതപ്പെട്ടിരിക്കുന്നതുപോലെ അവിടുന്നു വചനമായ ദൈവമാണ്. "അവൻവഴി അവിടുന്ന് ലോകങ്ങളെ നിർമ്മിച്ചു". "അവൻ അനേകം മക്കളെ തൻെറ മഹത്ത്വത്തിലെത്തിക്കുന്നു". മനുഷ്യരുടെ ജീവൻെറ ഉറവിടമായ യേശു എന്ന മനുഷ്യനെ സഹനത്തിലൂടെ പരിപൂർണനാക്കാനായിരുന്നിത് (എബ്രാ. 1:2; 2:10). അവനാണ് ക്രൂശിക്കപ്പെട്ടത്. മരണത്തിലൂടെ അവൻെറ ആത്മാവാണ് ശരീരത്തിൽ നിന്ന് വേർപെട്ടത്. അവനെപ്പറ്റിയാണ് വിശുദ്ധ പൗലോസ് പ്രസ്താവിച്ചത്, "അവൻ ദൈവം ഒഴികെ എല്ലാവർക്കുംവേണ്ടി മരണം ആസ്വദിച്ചു" (എബ്രാ. 2:9). അവനിൽ എല്ലാ പരിപൂർണതയും വസിക്കാൻ ദൈവം തിരുമനസായി. അവനിലൂടെ എല്ലാറ്റിനെയും ഐക്യപ്പെടുത്താനും തൻെറ കുരിശിലെ രക്തത്താൽ ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനെയും രമ്യപ്പെടുത്താനും തിരുവുള്ളമായി (കൊളോ. 1:19-20).

വചനമായ ദൈവത്തിനു ജഡരക്തങ്ങളോ, ജഡത്തിൻെറ പോഷണമോ, ആശാപാശങ്ങളോ ഉണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, അവിടുന്ന് ആത്മാവും ജീവനും എല്ലാ നാമങ്ങളിലും ഉപരിസ്ഥനും ആണ്; സൃഷ്ടവസ്തുക്കളിൽ ഒന്നും തനിക്കു തുല്യമായില്ല. "ദൈവമേ, നിനക്കു തുല്യനാരുള്ളു?" (സങ്കീ.71:19). അവിടുന്നു സൃഷ്ടവസ്തുക്കൾക്ക് അഗോചരനായതിനാൽ തൻെറ വെളിപാടിനായി സമസ്തസൃഷ്ടികളുടെയും കണ്ണിയായ നമ്മുടെ വർഗത്തിൽനിന്ന് ഒരു മനുഷ്യനെ, എടുത്തു. അവനിലൂടെ എല്ലാറ്റിനെയും നവീകരിക്കാനും പുതിയ ലോകത്തിൻെറ പിതാവായിരിക്കാനുമായിട്ടായിരുന്നത്. ദൈവത്വത്തിൻെറ പൂർണതകളെല്ലാം ശാരീരികമായി അവനിൽ വസിച്ചു (കൊളോ. 2:9). അവനിലൂടെ വെളിപ്പെടുന്നതിനും നമ്മോടു സംസാരിക്കുന്നതി

www.malankaralibrary.com



നുമായി, അവനെ ഒരു ബൗദ്ധികാലയം ആക്കിക്കൊണ്ട് തൻെറ വ്യാപാരമെല്ലാം അവനിൽ പൂർത്തീകരിക്കാനായിരുന്നിത്. - "അവൻ ജഡത്തിൽ വെളിപ്പെട്ടു" (1 തിമോ. 3:16). - തൻെറ ഐക്യപ്പെട്ട ആലയത്തിൽ പിതാവിനോടും പരിശുദ്ധാത്മാവിനോടും ഒപ്പം അവൻ ആരാധിക്കപ്പെടുന്നതിനായിരുന്നിത്. അവനോടൊപ്പം അവൻെറ ആലയത്തെയും നാം ആരാധിക്കുന്നു. കാരണം, അവൻ ഐക്യപ്പെട്ട് അതിൽ വസിച്ചു. "അവനിൽ ദൈവത്വത്തിൻെറ പൂർണതയെല്ലാം വസിച്ചു".

നാം അവൻെറ കുരിശിൻെറ അടയാളത്തെ ആരാധിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. കാരണം, അതുവഴി നാം പാപത്തിൽനിന്നും മരണത്തിൽ നിന്നും സാത്താനിൽ നിന്നും രക്ഷിക്കപ്പെട്ടു. "അവൻ നമ്മുടെ പാപമെല്ലാം ക്ഷമിച്ചു; തൻെറ കല്പനകളാൽ നമുക്കെതിരെ നിന്ന കടച്ചീട്ട് കീറിക്കളഞ്ഞു; അവയെ നമ്മുടെ മധ്യേ നിന്നെടുത്ത് കുരിശിൽ തറച്ചു" എന്നിത്യാദി (കൊളോ. 2:13-14). കുരിശിൽ തറയ്ക്കപ്പെട്ടവൻ നിമിത്തം നാം കുരിശിനെ ആരാധിക്കുന്നു; വചനമാം ദൈവംനിമിത്തം ക്രൂശിക്കപ്പെട്ടവനെ നാം ആരാധിക്കുന്നു. അവിടുന്ന് ഐക്യപ്പെട്ടും അനന്തമായും അവനിൽ വസിച്ചു. തൻെറ സ്വഭാവമൊഴികെ, മറ്റെല്ലാം അവനു നൽകി. അതായത് ഏക ആരാധനയിലും ബഹുമാനത്തിലും ദൈവപുത്രനായ മിശിഹായുടെ ഏക പർസോപ്പായുടെ ഏക സംയോജനത്തിലും പുത്രത്വം, അധികാരം, കർതൃത്വം, ബഹുമാനം, ശക്തി, ഔന്നത്യം. അവന് ഐക്യപ്പെടാത്ത പിതാവിനോടും ഐക്യപ്പെടാത്ത പരിശുദ്ധാത്മാവിനോടും ഒപ്പം ആരാധനയും മഹനീയമായ സ്ഥാനവും എന്നുമെന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## അധ്യായം 19

# മിശിഹായുടെ ഉത്ഥാനം

*നമ്മുടെ കർത്താവായ മിശിഹായുടെ ഉത്ഥാനം സംബന്ധിച്ച്: അവിടുന്ന് എപ്രകാരം കാണപ്പെട്ടു എന്നും തൻെറ ഉത്ഥാനം സംബന്ധിച്ചും:*

നമ്മുടെ കർത്താവിൻെറ ഉത്ഥാനം സംബന്ധിച്ചും പൊതുവായ പുനരുത്ഥാനം സംബന്ധിച്ചും അനേകർ അനേക രീതികളിൽ ഭക്തിരഹിതമായി

www.malankaralibrary.com



സംസാരിക്കുകയും അവ നിഷേധിക്കുകയും ദൈവദൂഷണം പറയുകയും ചെയ്തിട്ടുണ്ട്. അവരുടെ തെറ്റായ അഭിപ്രായങ്ങളും അജ്ഞത നിറഞ്ഞ ചിന്തകളും നിരത്തിവയ്ക്കാൻ സമയമില്ല. ചിലർ നമ്മുടെ കർത്താവിന്റെ യഥാർത്ഥശരീരത്തിന്റെ ഉത്ഥാനം നിഷേധിച്ചു വ്യാജം പ്രചരിപ്പിച്ചു. അവിടുന്നു ശാരീരികമായി ഉത്ഥാനംചെയ്തു എന്ന തോന്നൽ പരത്തിയതേയുള്ളു എന്നും ബാഹ്യമായി മാത്രം മനുഷ്യനായി കാണപ്പെട്ടതേയുള്ള എന്നും പറഞ്ഞു പരത്തി. അവിടുന്ന് ഗോളാകൃതിയിൽ ഉത്ഥാനം ചെയ്തു എന്നു ചിലർ നുണ പറഞ്ഞ് ദൈവദൂഷണം പരത്തുന്നു; അവന്റെ അസ്ഥികളേ ഉയിർത്തുള്ളു, മറ്റ് അവയവങ്ങളൊന്നും ഉയിർത്തില്ല എന്നു മറ്റുചിലർ ചതിവായി പറയുന്നു; അവിടുന്ന് ഉത്ഥാനം ചെയ്തപ്പോൾ വസ്ത്രമില്ലായിരുന്നു, അതു കല്ലറയിൽ ഉപേക്ഷിക്കപ്പെട്ടിരുന്നു എന്നു പറയാനും മാത്രം ചിലർ പമ്പരവിഡ്ഢികളായി. ഇതുപോലെ മറ്റു പലതും. നുണയുടെ പിതാവായ സാത്താന്റെ കുതന്ത്രങ്ങളാൽ ഇതുപോലെ മറ്റു പല ഭക്തിരാഹിത്യങ്ങളും നുണകളും പറഞ്ഞു പരത്തുന്നു.

എന്നാൽ നമ്മുടെ കർത്താവായ മിശിഹായുടെ സഭ ഇപ്രകാരം ഏറ്റുപറയുകയും പ്രഖ്യാപിക്കുകയും തറപ്പിച്ചു പറയുകയും സംശയരഹിതമായി മുറുകെപിടിക്കുകയും ചെയ്യുന്നു. കുരിശിൽ തറയ്ക്കപ്പെട്ട അതേ ശരീരം, എല്ലാ അവയവങ്ങളോടുംകൂടി അവർ ഇറക്കി കല്ലറയിൽ വച്ച അതേ ശരീരം, ആത്മാവ് വേർപെട്ട ശരീരം, ആത്മാവ് അതുമായി വീണ്ടും കൂടിചേർന്നപ്പോൾ എല്ലാ അവയവങ്ങളോടുംകൂടി ഉത്ഥാനം ചെയ്തു. "അവന്റെ ആത്മാവിനെ പാതാളത്തിൽ ഉപേക്ഷിച്ചില്ല, അവന്റെ ശരീരം അഴിവു കണ്ടില്ല" എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ തന്നെ (നട.2:31). അതുകൊണ്ട്, അവയവങ്ങളുള്ള ശരീരം അഴിഞ്ഞെങ്കിലേ ഗോളാകൃതിയാകൂ എന്നതു തിരിച്ചറിവുള്ളവർക്കു സുവ്യക്തമാണല്ലോ. ശരീരത്തിൽ അവയവങ്ങൾ പരസ്പരബന്ധിതങ്ങളായി ക്രമീകരിച്ചിരിക്കുന്നു എന്നു ഭാഗ്യവാനായ പൗലോസ് സാക്ഷിക്കുകയും ചെയ്യുന്നു. "അതുപോലെ ശരീരം ഏകമാകുന്നു, അതിൽ അനേകം അവയവങ്ങൾ ഉണ്ട്; അവ പലതാണെങ്കിലും ശരീരം ഒന്നാകുന്നു" എന്ന് അവൻ പറയുന്നു. വീണ്ടും "ശരീരം ഒറ്റ അവയവമല്ല, നിരവധിയാണ്"എന്നും "എല്ലാം ഒറ്റ അവയവമാണെങ്കിൽ അതെങ്ങനെ ശരീരമാകും" എന്നും അവൻ ചോദിക്കുന്നു(1 കൊറി. 12:14. 19-20). അവയവങ്ങളുടെ ക്രമീകരണവും പരസ്പരബന്ധവും കൂടാതെ ശരീരം എന്നു വിളിക്കപ്പെടാൻ സാധ്യമല്ല എന്ന് അവൻ വ്യക്തമായി കാണിക്കുന്നു. കാരണം, ശരീരമുള്ളതിനെല്ലാം രൂപമുണ്ട്; എന്നാൽ രൂപമുള്ളതെല്ലാം ശരീരമെന്നു വിളിക്കപ്പെടുന്നില്ല. അവയവങ്ങളില്ലാത്തത് ശരീരമല്ല. കാരണം, കല്ലുകളും മരങ്ങളും പുല്ലും പൊടിയും ഒന്നും ഒരിക്കലും ശരീരം എന്നു വിളിക്കപ്പെടുന്നില്ല.

www.malankaralibrary.com



അതുകൊണ്ട് ജഡത്തിൽ ഉള്ള മിശിഹാ അവയവങ്ങളോടുകൂടി ശാരീരികമായി ഉത്ഥാനം ചെയ്തില്ലെങ്കിൽ "നമ്മെ തന്റെ മഹത്ത്വമുള്ള ശരീരത്തിനു സദൃശ്യരാക്കും"(ഫിലി. 3:21) എന്നും, "ഇതാ, ഞാൻ നിങ്ങളോട് ഒരു രഹസ്യം പറയുന്നു: നാമെല്ലാവരും നിദ്ര പാപിക്കുകയില്ല, പിന്നെയോ കണ്ണിമയ്ക്കുന്ന നേരത്തിൽ നാമെല്ലാം പെട്ടെന്നു രൂപാന്തരപ്പെടും; കാഹളധ്വനി കേൾക്കുമ്പോൾ മരിച്ചവർ അഴിവില്ലാത്തവരായി ഉയിർത്തെഴുന്നേല്ക്കും; നാം രൂപാന്തരപ്പെടുകയും ചെയ്യും" (1 കൊറി. 15:51-52) എന്നും ഭാഗ്യവാനായ പൗലോസ് പറയുന്നത് എങ്ങനെ? ഇതാ, നീതീകരിക്കപ്പെട്ട്, ഭാഗ്യമോടെ ആത്മാവും ശരീരവും ഒപ്പം രുപാന്തരീകരിക്കപ്പെടും. അവൻ തന്റെ കൈകൊണ്ട് ശരീരത്തിൽ പിടിച്ച് വഴിതെറ്റുന്ന അവിശ്വാസികളെ കാണിച്ചുകൊണ്ട് പറഞ്ഞു: "അഴിവിന് വിധേയമായ ഇതു മാറ്റമില്ലായ്മ ധരിക്കും; മരണവിധേയമായ ഇത് അമർത്യത ധരിക്കും"; "നശ്വരതയിൽ വിതയ്ക്കപ്പെടുന്നു, അനശ്വരതയിൽ ഉയിർക്കുന്നു; നിന്ദനത്തിൽ വിതയ്ക്കപ്പെടുന്നു. മഹത്ത്വത്തിൽ ഉയിർക്കുന്നു; ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു; ശക്തിയിൽ ഉയിർക്കുന്നു; സ്വാഭാവികശരീരം വിതയ്ക്കപ്പെടുന്നു; ആത്മീയശരീരം ഉയിർക്കുന്നു" (1 കൊറി. 15:42-44; 53).

ഇതാ കാലികവും സഹനവിധേയവുമായ ഈ ജീവിതത്തിൽ മനുഷ്യനായി വ്യാപരിച്ച അതേശരീരം പരിശുദ്ധാത്മശക്തിയാൽ അമർത്യമായി ജീവിക്കുന്നു. സ്നാനത്തിലൂടെ രഹസ്യാത്മകമായി സ്വീകരിച്ചത് ഇതിന്റെ മുൻകുറിയാണ്: "കാരണം സ്നാനത്തിൽ അവനോടൊത്തു നാം സംസ്കരിക്കപ്പെട്ടു; യേശുമിശിഹാ തന്റെ പിതാവിന്റെ മഹത്ത്വത്തിൽ മരിച്ചവരിൽനിന്ന് ഉയിർത്തതുപോലെ നാമും പുതിയ ജീവിതത്തിൽ വ്യാപരിക്കും. തന്റെ മരണത്തിന്റെ സാദൃശ്യത്തിൽ അവനോടൊത്തു നാം സ്ഥാപിക്കപ്പെട്ടെങ്കിൽ തന്റെ ഉത്ഥാനത്തിലും നാം ജീവിക്കും"(റോമാ 6:4-5). "യേശുമിശിഹായെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നെങ്കിൽ നമ്മുടെ കർത്താവേശുമിശിഹായെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ, നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവ് മൂലം നിങ്ങളുടെ മർത്യശരീരങ്ങളെയും ഉയിർപ്പിക്കും" (8:11). ഗോളമല്ല, ശരീരമാണ് ജീവിക്കുന്നത് എന്ന് അവൻ പറയുന്നു.[2] വിത്തിന്റെ ഉപമയിലൂടെ അവിശ്വാസികളെ കുറ്റപ്പെടുത്തിക്കൊണ്ട് അവൻ പിന്നീടു കൂട്ടിച്ചേർക്കുന്നു: "ദൈവം തനിക്കിഷ്ടമുള്ളതുപോലെയുള്ള ശരീരം നൽകുന്നു; ഓരോ സസ്യത്തിനും അതാതിന്റെ സ്വാഭാവികശരീരം നൽകുന്നു" (1കൊറി. 15:38). ഇതാ, മറ്റൊരു ശരീരം നൽകുന്നു എന്നോ, അനേകർ പറയുന്നതുപോലെ ഗോളാകൃതിയിൽ ഉത്ഥാനം ചെയ്യുമെന്നോ അവൻ പറയുന്നില്ല; പിന്നെയോ, ശരീരം അതിന്റെതന്നെ പ്രകൃതത്തിൽ അമർത്യതയിലേക്കു നവീകരിക്കപ്പെടുന്നു. കാരണം, ഈ ആലയം അഴിയുമ്പോൾ അതായത് ആത്മാവ്

www.malankaralibrary.com



ശരീരത്തിൽനിന്നു വേർപെടുമ്പോൾ, ഉത്ഥാനത്തിൽ അതുതന്നെ ഉയിർക്കു കയും നവീകരിക്കപ്പെടുകയും ചെയ്യുന്നു. നശ്വരമായ വീഞ്ഞിൽ കഴുകപ്പെട്ട അതേ ശരീരം തന്നെ ഉത്ഥാനം ചെയ്യുന്നു. അതുതന്നെ കഴുകപ്പെടുകയും മറ്റാരുടേതുമല്ല, അതിൻെറ തന്നെ വസ്ത്രത്താൽ, വസ്ത്രം ധരിപ്പിക്കപ്പെടുകയും ചെയ്യുന്നു.

ഈ ഭൂമിയിൽ ജീവിച്ച ശരീരം കൈകാലുകളോടും പാർശ്വങ്ങളോടും മുൻ പിൻ ഭാഗങ്ങളോടുംകൂടി അതിൻെറ പൂർണരൂപത്തിൽ എല്ലാ അവയവങ്ങളോടുംകൂടെ ഉത്ഥാനംചെയ്തു എന്നതിന്, തൻെറ കൈകളും പാദങ്ങളും സ്പർശിക്കാൻ ശിഷ്യരെ അനുവദിച്ചതുവഴി സത്യവാൻ സാക്ഷ്യം വഹിക്കുന്നു. അവൻ തൻെറ ശരീരത്തിൻെറ പൂർണരൂപം സത്യമായി അവരെ കാണിക്കുകയും അവർ വിശ്വസിക്കുകയും അവർക്കു ബോധ്യംവരുകയും ചെയ്തു. അവർ അവൻെറ ശരീരത്തെ സ്പർശിച്ചപ്പോൾ ശരീരത്തെ തിരിച്ചറിയാതെ അവർ ഒരു മായാദർശനത്തെയോ, ഗോളത്തെയോ സ്പർശിപ്പിച്ച് അവൻ അവരെ വഴി തെറ്റിച്ചില്ല. വസ്ത്രങ്ങളൊഴികെ ഉത്ഥാനാവസരം മറ്റൊന്നും കല്ലറയിൽ ഇല്ലായിരുന്നു; യഥാർത്ഥ ശരീരം അതിനുണ്ടായിരുന്ന എല്ലാ അവയവങ്ങളോടുംകൂടി ഉത്ഥാനംചെയ്തു. കാരണം, ഇതാ, വിശ്വാസികൾ മരണത്തിന് ഏല്പിക്കപ്പെടുമെന്നും മരണശേഷം തലമുടിനാരിഴപോലും നശിച്ചുപോകില്ലെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു (ലൂക്കാ 21:16-18). ഇതു വ്യാജമല്ല: "ഓരോരുത്തനും തൻെറ ശരീരത്തിൽ ചെയ്തിട്ടുള്ള നന്മയ്ക്കോ തിന്മയ്ക്കോ പ്രതിഫലം പ്രാപിക്കാൻ നാമേവരും മിശിഹായുടെ ന്യായാസനത്തിൻ മുമ്പാകെ നിൽക്കേണ്ടിവരും."(2 കൊറി. 5:10).

അങ്ങനെയെങ്കിൽ നമ്മുടെ കർത്താവിൻെറ ശരീരം ഉത്ഥാനം ചെയ്യുകയും സ്ത്രീകൾക്കു കാണപ്പെടുകയും ശിഷ്യർ സ്പർശിക്കുകയും ചെയ്തോ ഇല്ലയോ എന്ന് എതിരാളികൾ നമ്മോടു പറയട്ടെ. അവൻ സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നതായി അവർ ദർശിച്ചു. എങ്ങോട്ടാണ് അവൻ പോയത്? "അവൻ ഉയിർത്തെഴുന്നേറ്റു" എന്നു സ്ത്രീകളോടും "അവൻ സ്വർഗത്തിലേക്ക് കരേറുന്നതായി നിങ്ങൾ കണ്ടതുപോലെ അവൻ വരും."(നട. 1:11) എന്ന് ശ്ലീഹന്മാരോടും ദൂതന്മാർ പറഞ്ഞതു കളവായിരുന്നു! സ്ത്രീകൾ പറഞ്ഞത് നമുക്കു കേൾക്കാം:"അവർ നമ്മുടെ കർത്താവിൻെറ ശരീരം എടുത്തുകൊണ്ടുപോയി; അവർ അവനെ എവിടെവച്ചു എന്നു ഞങ്ങൾക്ക് അറിഞ്ഞുകൂടാ"(യോഹ. 20: 2). അപ്പോൾ ദൂതൻ അവരെ അറിയിച്ചു: "നിങ്ങൾ അന്വേഷിക്കുന്ന ക്രൂശിക്കപ്പെട്ട നസ്രായനായ യേശു ഉത്ഥാനം ചെയ്തു. അവൻ ഇവിടെ ഇല്ല; അവൻ ഉത്ഥാനം ചെയ്തു. കർത്താവിനെ വച്ച സ്ഥലം വന്നുകാണുവിൻ; അവൻ മരിച്ചവരിൽ നിന്ന് ഉത്ഥാനംചെയ്ത് നിങ്ങൾക്കു മുമ്പേ ഗലീലയിലേക്കു പോകുന്നു;

www.malankaralibrary.com



അവിടെ നിങ്ങൾ അവനെ കാണും" എന്ന് അവൻെറ ശിഷ്യരോട് ഉടനെ പോയി പറയുവിൻ. കുറേക്കഴിഞ്ഞ് നാം വായിക്കുന്നു:"യേശു അവരെ സമീപിച്ച് അവരോട് പറഞ്ഞു: നിങ്ങൾക്കു സമാധാനം. അവർ അവനെ സമീപിച്ച് പാദത്തിൽ പിടിച്ച് അവനെ ആരാധിച്ചു"(മത്താ. 28:5-9). ഒന്നുകിൽ നമ്മുടെ കർത്താവ് അവരെ വലുതായി വഞ്ചിച്ചു; തൻെറ പാദങ്ങൾ മായാദർശനമായിരുന്നു. അല്ലെങ്കിൽ അവർ ഗോളാകൃതിയിലുള്ളവ കാണുകയും അവയെ സ്പർശിക്കുകയും ചെയ്തു. എന്നാൽ അഭക്തർ താർക്കിക രീതിയിൽ സാധാരണക്കാരോടു പറയുന്നു: "തൻെറ ശരീരത്തിൽ ആണിപ്പഴുതുകൾ ഇല്ലാതിരിക്കെ, അവരെ ആണിപ്പഴുതുകൾ കാണിച്ചതുപോലെ അവൻ തൻെറ ശരീരം ശിഷ്യരെ കാണിച്ചു; അവന് വസ്ത്രമില്ലാതിരുന്നെങ്കിലും വസ്ത്രമുള്ളതായി അവരെ കാണിച്ചു; അവൻ നഗ്നനായിട്ടല്ല കാണപ്പെട്ടത്. അവൻ സത്യമായി ഭക്ഷിച്ചില്ലെങ്കിലും അവരുടെ മുമ്പിൽ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തു. അതുപോലെ, അവന് യഥാർത്ഥ ശരീരമില്ലായിരുന്നു, മായാദർശനമായിരുന്നു, എങ്കിലും അവൻ ശരീരത്തിൻെറ രൂപം അവരെ കാണിച്ചു".

ഈ ഇരട്ട അഭക്ത തെറ്റിന് ഹാ കഷ്ടം! നമ്മുടെ പാപം നിമിത്തവും നികൃഷ്ടരായ ഇടയന്മാർ നിമിത്തവും മിശിഹായുടെ സ്നേഹത്തെയും സത്യത്തെയുംകാൾ സ്വാർത്ഥതയെ സ്നേഹിക്കുന്നവർ നിമിത്തവും ഇന്ന് ക്യാൻസർ പോലെ വ്യാപിക്കുന്ന ഈ വിശ്വാസധ്വംസനത്തിനു ഹാ, കഷ്ടം! അതുകൊണ്ട് ശ്ലീഹന്മാർ നമ്മുടെ കർത്താവിൻെറ ശരീരവും ആണിപ്പഴുതുകളും സ്പർശിച്ചപ്പോൾ അവർ കണ്ടതും സ്പർശിച്ചതും ശരീരത്തിൻെറ ദർശനവും മായാജാലമായിരുന്നു എന്ന ഈ ദുഷിച്ച ശാപഗ്രസ്ഥരുടെ വാക്കുകൾ അനുസരിച്ച് നമ്മുടെ കർത്താവ് അവരെ വളരെ ചതിച്ചുകളഞ്ഞു. യഹൂദർ പണംകൊടുത്തു ചിലരെ വഴിതെറ്റിച്ചതുപോലെ, നമ്മുടെ കർത്താവ് ഉയിർക്കാതിരിക്കെ ഉയിർത്തു എന്ന് ലോകം മുഴുവൻ തെറ്റായി പ്രഖ്യാപിച്ചുകൊണ്ട് അവർ അനേകരെ വഴിതെറ്റിക്കുകയും സ്വയം വഴിതെറ്റുകയും ചെയ്യുന്നു.

ദുഷ്ടസന്തതികളായ യാന്നെസും യാംബ്രെസും ഈജിപ്തിൽ കാണിച്ചതിൽനിന്ന് (പുറ. 7:11) ഈ തെറ്റ് എങ്ങനെയാണ് വ്യത്യസ്തമായിരിക്കുന്നത്? ദുഷ്ടതയുടെ മൂർത്തീഭാവമായ സാത്താൻ ലോകത്തിലുള്ള സാമ്രാജ്യങ്ങളും അവയുടെ മഹത്ത്വവും മായാജാലമായി നമ്മുടെ കർത്താവിൻെറ മുമ്പിൽ അവതരിപ്പിച്ചത് ഇതിൽനിന്ന് എങ്ങനെയാണ് വ്യത്യസ്തമായിരിക്കുന്നത്? അഭക്തരേ, ഇതപ്രകാരമല്ല, ഇതപ്രകാരമല്ല. സാക്ഷ്യങ്ങളെ നമുക്കു തെറ്റായി ചിത്രീകരിക്കാതിരിക്കാം. കാരണം, ലോകംമുഴുവൻ ഉദിക്കുന്ന സൂര്യനെപ്പോലെയാണ് നമ്മുടെ രക്ഷയുടെ സുവിശേഷം. മരിച്ചവരിൽനിന്നുള്ള ഉത്ഥാനം പ്രഘോഷി

www.malankaralibrary.com



ക്കുകയും തറപ്പിച്ചു പറയുകയും ചെയ്ത ശ്ലീഹന്മാർ എന്തിനാണ് പീഡിപ്പിക്കപ്പെട്ടത്? "മരിച്ചവരുടെ ഉത്ഥാനത്തെ പ്രതിയാണ് ഞാൻ ഇന്ന് വിധിക്കപ്പെടുന്നത്"(നട. 23:6). മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ മിശിഹായും ഉയിർത്തിട്ടില്ല. മിശിഹാ ഉയിർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രഘോഷണം വ്യർത്ഥമാണ്; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. ഞങ്ങൾ ദൈവത്തിൻെറ കള്ളസാക്ഷികളായും കാണപ്പെടുന്നു; മിശിഹാ ഉയിർത്തിട്ടില്ലാതിരിക്കെ ദൈവം അവനെ ഉയിർപ്പിച്ചു എന്ന് ദൈവത്തെപ്പറ്റി ഞങ്ങൾ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ മിശിഹായും ഉയിർത്തിട്ടില്ല. മിശിഹാ ഉയിർത്തിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം നിഷ്പ്രയോജനമാണ്. നിങ്ങൾ ഇപ്പോഴും നിങ്ങളുടെ പാപങ്ങളിൽ തന്നെ കഴിയുന്നു. മിശിഹായിൽ നിദ്ര പ്രാപിക്കുന്നവർ നശിച്ചു പോകുകയും ചെയ്യുന്നു (1 കൊറി.15:13-18). ഇതാ മരണനിദ്ര ശരീരത്തിൻേറതാണ് ആത്മാവിൻേറതല്ല. 'ഇതാ മിശിഹാ മരിച്ചവരിൽനിന്ന് ഉയിർത്ത് നിദ്ര പ്രാപിച്ചവരുടെ ആദ്യഫലമായി തീർന്നിരിക്കുന്നു. ഒരു മനുഷ്യനിലൂടെ മരണം വന്നതുപോലെ ഒരു മനുഷ്യനിലൂടെ മരിച്ചവരുടെ ഉത്ഥാനവും" (15:20-21). ആത്മാവും ശരീരവുമുള്ള ആദ്യമനുഷ്യൻ സത്യമായും ഒരു മനുഷ്യനാണെങ്കിൽ പുതിയ ആദാമായ രണ്ടാമത്തെ മനുഷ്യനും, ആത്മാവും ശരീരവുമുള്ള യഥാർത്ഥമനുഷ്യനാണ്. അവൻ ഉത്ഥാനം ചെയ്ത് നിദ്രപ്രാപിച്ചവരുടെ ആദ്യഫലവും ഭാവിലോകത്തിൻെറ പിതാവും ആയിത്തീർന്നു. "മിശിഹാ ആദ്യഫലവും പിന്നെ മിശിഹായുടെ വരവിൽ മിശിഹായ്ക്കുള്ളവരും" (23). "ഞാൻ നിങ്ങളോട് ഒരു രഹസ്യം പറയുന്നു: നാമെല്ലാവരും നിദ്ര പ്രാപിക്കുകയില്ല, അവസാനകാഹളം ഊതുമ്പോൾ കണ്ണിമയ്ക്കുന്ന നേരത്തിൽ നാമെല്ലാവരും രൂപാന്തരപ്പെടും. മരിച്ചവർ അനശ്വരരായി ഉയിർത്തെഴുന്നേൽക്കും; നാം രൂപാന്തരപ്പെടുകയും ചെയ്യും"(51-52). "മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ, അവർക്കു വേണ്ടി നിങ്ങൾ സ്നാനം ഏൽക്കുന്നത് എന്തിന്?" (29). "യേശു മരിച്ച് ഉയിർത്തെന്നു നാം വിശ്വസിക്കുന്നെങ്കിൽ,യേശുവിൽ നിദ്രപ്രാപിച്ചവരെ അവനോടൊപ്പം ദൈവം ഉയിർപ്പിക്കും. എന്നാൽ നമ്മുടെ കർത്താവിൻെറ വചനം അനുസരിച്ച് ഇതു ഞാൻ നിങ്ങളോടു പറയുന്നു: നമ്മുടെ കർത്താവിൻെറ വരവിൽ അവശേഷിക്കുന്ന ജീവിക്കുന്നവരായ നാം, നിദ്രപ്രാപിച്ചവർക്കു മുമ്പേ കടക്കുകയില്ല. എന്തുകൊണ്ടെന്നാൽ, പ്രധാന മാലാഖയുടെ ശബ്ദത്തോടും ദൈവത്തിൻെറ കാഹളധ്വനിയോടും കൂടെ, നമ്മുടെ കർത്താവ് സ്വർഗത്തിൽനിന്ന് ഇറങ്ങിവരും. അപ്പോൾ മരിച്ചവർ ആദ്യം ഉയിർത്തെഴുന്നേൽക്കും. നമ്മുടെ കർത്താവിനെ ആകാശത്തിൽ എതിരേല്ക്കാനായി അവശേഷിക്കുന്ന നാം മേഘങ്ങളിൽ എടുക്കപ്പെടും; നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കുകയും ചെയ്യും" (1 തെസ. 4:13-16).

www.malankaralibrary.com



തന്റെ ശരീരം ഉയിർത്തെന്ന് വെളിപ്പെടുത്തുകയും ഉറപ്പിക്കുകയും ചെയ്ത കർതൃവചനം അപ്പോൾ തെറ്റാകുമല്ലോ! അഥവാ ശ്ലീഹന്മാരുടെ പ്രഘോഷണവും തെറ്റായിരിക്കുമല്ലോ. അവൻ അവരിൽ സംസാരിച്ചത് ശുഷ്കമായിരിക്കുമല്ലോ. അഥവാ, നമ്മുടെ കർത്താവ് തന്റെ ശ്ലീഹന്മാരോട് ഒരുപക്ഷേ ഇപ്രകാരം പറഞ്ഞിരിക്കാം: "അവയവങ്ങളോടുകൂടി ശരീരമായ എന്നെ നിങ്ങൾ സ്പർശിച്ചു. എന്നാൽ അസ്ഥിയും മാംസവുമില്ലാത്ത ഒരു അരൂപിയെയും ഗോളത്തെയുമാണ് സ്പർശിച്ചത് എന്നു നിങ്ങൾ മനസിലാക്കണം. - ശരീരം പോലെ തോന്നിക്കുന്ന ഒരു മായാദർശനം". എന്നാൽ ഇതല്ല കർത്താവ് പറഞ്ഞ് അവരെ ഉറപ്പിച്ചത്. "എനിക്കുള്ളതായി നിങ്ങൾ കാണുന്നതുപോലെ ഭൂതത്തിന് അസ്ഥികളും മാംസവും ഇല്ലെന്ന് എന്നെ സ്പർശിച്ച് മനസിലാക്കുവിൻ" (ലൂക്കാ 24:39). തന്റെ മനുഷ്യപ്രകൃത്യനുസൃതമായ ഉത്ഥാനത്തിനുശേഷം തനിക്കു മാംസവും അസ്ഥികളും കൈകളും പാദങ്ങളും ഉണ്ടെന്ന് അവിടുന്നു കാണിക്കുകയും വ്യക്തമാക്കുകയും അവരെ ഉറപ്പിക്കുകയും ചെയ്തു. അവർ അവ സ്പർശിച്ചപ്പോൾ അവയിൽ ആണിപ്പഴുതുകൾ ഉണ്ടായിരുന്നു. പാർശ്വഭാഗത്ത് നേരത്തെ ഉണ്ടായിരുന്നതുപോലെ അസ്ഥികൾ നിരനിരയായി ഉണ്ടായിരുന്നു. അതു കുന്തത്താൽ തുളയ്ക്കപ്പെട്ടിരുന്നു. മരണം വാരിയെല്ലിലൂടെ പ്രവേശിച്ചതുപോലെ, വാരിയെല്ല് തുറന്നതുവഴി ജലത്താലും രക്തത്താലും ജീവൻ ഉണ്ടായി. അവർ അവന് അത്തിമരത്തിന്റെ മധുരമുള്ള പഴത്തിനു പകരം വിനാഗിരിയും കൈയ്പും നൽകിയ വായ് കൊണ്ടുതന്നെ അവൻ അവരോട് സംസാരിച്ചു. തുപ്പലേറ്റ അതേ മുഖം തന്നെ ഉത്ഥാനശേഷം അവർ ദർശിച്ചു. ഇതാ അവർ അവനെ എല്ലാ അവയവങ്ങളും ഉള്ളവനായി ദർശിച്ചു; അവനുമായി മുഖാഭിമുഖം സംസാരിച്ചു. അവന്റെ എല്ലാ പൗരുഷഭാവങ്ങളോടുംകൂടെ അവർ അവനെ ഒന്നിച്ചു കണ്ടു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ വചനമായ ദൈവത്തോട് ഏകഐക്യത്തിൽ ഐക്യപ്പെട്ട് അവൻ വരാനിരിക്കുന്നു. നാം മുകളിൽ പറഞ്ഞതുപോലെ, "ആകാശത്തിലേക്ക് എടുക്കപ്പെട്ടതായി നിങ്ങൾ കണ്ട ഈ യേശു അതുപോലെതന്നെ സ്വർഗത്തിൽ നിന്നുവരും" എന്ന് ദൂതന്മാർ ശ്ലീഹന്മാരെ അറിയിച്ചു(നട. 1:11). അവൻ ഗോളാകൃതി ആയിത്തീർന്നില്ല. അഭക്തർ പറയുന്നതുപോലെ ഗോളാകൃതിയിലല്ല അവിടുന്നു സ്വർഗത്തിൽനിന്നു വരാനിരിക്കുന്നത്. പിന്നെയോ എല്ലാ അവയവങ്ങളും ഉള്ള ശരീരത്തോടുകൂടി ആയിരിക്കും. അവൻ കയറിപ്പോയ അതേ ശരീരത്തിൽ, മഹനീയവും അവാച്യവുമായ മഹത്ത്വത്തിൽ, അവൻ ഇറങ്ങി വരും.

നമ്മുടെ കർത്താവ് തന്റെ ശരീരത്തിൽ ഉയിർത്തില്ലെന്നു പറയുകയും അതേസമയം കല്ലറയിൽ നിന്ന് ഉയിർത്തു എന്നു പറയുകയും ചെയ്യുമ്പോൾ

www.malankaralibrary.com



യഥാർത്ഥത്തിൽ, വഴിതെറ്റിക്കുന്ന ഇക്കൂട്ടർ പറഞ്ഞതൊക്ക തെറ്റാണ്; അവർ ദൈവദൂഷണം പറയുകയും ചെയ്യുന്നു. പാഷണ്ഡികൾ പറയുന്നതു ശരിയാണെങ്കിൽ, പ്രകാശവും സത്യവുമായ കർത്താവ് ശ്ലീഹന്മാരെ വഴിതെറ്റിച്ചു; ദൂതന്മാരും ശ്ലീഹന്മാരെ വഴിതെറ്റിച്ചു; ശ്ലീഹന്മാർ ലോകം മുഴുവനെയും വഴിതെറ്റിച്ചു. പാഷണ്ഡികൾ പറയുന്നതനുസരിച്ച്, നമ്മുടെ സത്യത്തിന്റെ അടിസ്ഥാനം ഒരു ദർശനത്തിലോ മായാജാലയിലോ ആണ് ഉറപ്പിച്ചിരിക്കുന്നത്. എന്നാൽ ഇത് അപ്രകാരം അല്ല; ഒരിക്കലും അല്ല. പിന്നെങ്ങനെയാണ്? "നമ്മുടെ കർത്താവായ യേശുവിനെ വായ്കൊണ്ട് ഏറ്റുപറയുകയും, ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്നു നിന്റെ ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും" (റോമാ 10:9). ആത്മാവ് മരിക്കുന്നില്ലെന്നും നമ്മുടെ കർത്താവ് തന്റെ ദൈവത്വത്തിൽ അമർത്യനായിരുന്നെന്നും അവിടുന്നു തന്റെ ആലയത്തെ ഉയിർപ്പിച്ചെന്നും വ്യക്തമാണല്ലോ. ദൈവം നമ്മുടെ കർത്താവിനെ ഉയിർപ്പിച്ചു; തന്റെ ശക്തിയാൽ നമ്മെയും അവിടുന്ന് ഉയിർപ്പിക്കും" (1 കൊറി. 6:14). "നിങ്ങൾ ഈ ആലയം തകർക്കുവിൻ, മൂന്നു ദിവസം കൊണ്ട് ഞാൻ അതിനെ ഉയിർപ്പിക്കും" (യോഹ. 2:19). "പിതാവിനു തന്നിൽതന്നെ ജീവനുള്ളതുപോലെ തന്നിൽതന്നെ ജീവനുണ്ടാകുവാൻ പുത്രനും അവൻ അധികാരം നൽകിയിരിക്കുന്നു" (5:26). വചനമായ ദൈവവുമായുള്ള ഐക്യം കൊണ്ട് മരിച്ചവരെ ഉയിർപ്പിക്കാൻ അവിടുത്തെ മനുഷ്യത്വത്തിന് ശക്തിയുണ്ട്, സ്വഭാവത്താലേ അവിടുന്നു മനുഷ്യനായിരിക്കു ന്നതുപോലെ, ഐക്യംവഴി പുത്രനുമാണ്. അവിടുന്നു പറയുന്നതു ശ്രവിച്ചാലും: "മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക ഇതാ, ഇപ്പോൾ തന്നെ വന്നുകഴിഞ്ഞു" (5:25). ഇതാ, കല്ലറകളിൽ അടക്കം ചെയ്തിരിക്കുന്നത് ശരീരങ്ങളാണ്, ആത്മാക്കളല്ല.

എന്നാൽ ഈ ആരാധ്യമായ വ്യാപാരത്തിനുവേണ്ടി അവിടുന്നു ചെയ്ത ഈ അത്ഭുതങ്ങളൊന്നും പാഷണ്ഡികൾക്കു മനസിലാകാത്തതുകൊണ്ട്, അല്പം വിശദീകരണം ആവശ്യമായി വരുന്നു. നമ്മുടെ കർത്താവ് തന്റെ ക്രൂശാരോഹണത്തിനും ഉത്ഥാനത്തിനും മുമ്പ് മൂന്ന് അത്ഭുതകർമ്മങ്ങൾ ചെയ്തു. അവിടുന്നു ധരിച്ച മർത്യശരീരത്തിന്റെ പ്രകൃതിക്കുപരിസ്ഥമായിരുന്നു അവ. ഏകയോഗമായി ഐക്യപ്പെട്ട് തന്റെ മനുഷ്യത്വത്തിൽ വസിക്കുകയും നിലനില്ക്കുകയും ചെയ്ത തന്റെ ദൈവത്വത്തിന്റെ ശക്തിയിലേക്ക് അവ വിരൽചൂണ്ടുന്നു. ഉത്ഥാനത്തിനുശേഷം അവിടുന്നു ചെയ്തവ തന്റെ ഉത്ഥാനശരീരത്തിന്റെ പ്രകൃതത്തിൽനിന്ന് വളരെ താണവയായിരുന്നു. പ്രസ്തുത ശരീരം അമർത്യവും വ്യതിയാനാതീതവും സഹനാതീതവും ആവശ്യങ്ങൾക്കു വിധേയമല്ലാത്തതും ആയിരുന്നു. എന്നാൽ താൻ മരിക്കയും കല്ലറയിൽ

www.malankaralibrary.com



സംസ്കരിക്കപ്പെടുകയും ചെയ്ത അതേ ശരീരമാണ് വാഗ്ദാനമനുസരിച്ച് മൂന്നു ദിവസങ്ങൾക്കുശേഷം ജീവൻ പ്രാപിച്ച് ഉത്ഥാനം ചെയ്തത് എന്നും അതു തൻെറ തന്നെ വസ്ത്രമായിരുന്നു, മറ്റൊന്നായിരുന്നില്ല എന്നും സംശയ മാന സരെ മനസിലാക്കി ബോധ്യപ്പെടുത്താനാണ് അവിടുന്നിതു ചെയ്തത്.

ഉത്ഥാനത്തിനു മുമ്പുള്ള മൂന്നെണ്ണം മൂന്നു സാക്ഷ്യങ്ങളുടെ സാദൃശ്യ ത്തിലാണ്. മാംസം ധരിച്ച മർത്ത്യശരീരത്തിൻെറ പ്രകൃതത്തിൽനിന്ന് വളരെ ഉന്ന തവും മഹനീയവുമായിരുന്നു അവ. ഒന്ന്: ഉദരത്തിൽ തന്നോട് ഐക്യപ്പെട്ടി രുന്ന ദൈവത്വത്തിൻെറ ശക്തിയാൽ, അടയ്ക്കപ്പെട്ടിരുന്നതും നിർമ്മലവുമായ സ്വാഭാവികവാതിലിൻെറ സംരക്ഷണയിൽനിന്ന് വിശുദ്ധിയുടെ സംരക്ഷകരായ സ്വാഭാവികമുദ്രകൾ തകർക്കാതെ, എന്നേക്കും നിത്യവിശുദ്ധിയുടെ സാക്ഷ്യ മായി അവിടുന്നു പുറത്തുവന്നത്. ഉത്ഥാനാനന്തരം നടന്നതിനു തുല്യമാണിത്. അവാച്യവും മഹനീയവുമായ രീതിയിൽ ദൈവത്വത്തിൻെറ ശക്തിയാൽ അടച്ചവാതിലിലൂടെ മാളികമുറിയിൽ ശിഷ്യരുടെ പക്കലേക്ക് അവിടുന്നു കടന്നു ചെന്നു. രണ്ട്: ഭൗമികപ്രകൃതമനുസരിച്ച് മർത്ത്യതയുടെ ഭാരം നിമിത്തം താണു പോകുന്ന ശരീരംകൊണ്ട് ജലത്തിനുമീതെ നടന്നത്. ഏക അധികാരത്തിലും ഏക ശക്തിയിലും ഏകയോഗമായി വചനമായ ദൈവം ഐക്യപ്പെട്ട് തന്നിൽ വസിക്കുന്നു എന്ന് പത്രോസിനെ ബോധ്യപ്പെടുത്താൻ അവിടുന്നു രണ്ടു കാര്യ ങ്ങൾ കാണിച്ചു. തൻെറ മനുഷ്യത്വത്തിൽ മറഞ്ഞിരുന്ന തൻെറ ദൈവത്വ ത്തിൻെറ ശക്തിയെപ്പറ്റി തൻെറ ശിഷ്യരെ പഠിപ്പിക്കാൻവേണ്ടി, ജലത്തിനു മീതേ നടന്ന് തൻെറ പക്കലേക്കു വരാൻ അവിടുന്നു പത്രോസിനെ അനുവ ദിച്ചു. എന്നാൽ പിന്നീട്, മർത്ത്യശരീരത്തിൻെറ ഭാരം ഗ്രഹിക്കുന്നതിനും ഐക്യം നിമിത്തം ദൈവത്വത്തിൻെറ ക്രമത്തിൽ ഉള്ള ബഹുമാനത്തിൽ തന്നെ അവി ടുന്ന് ആരാധ്യനായിരുന്നു എങ്കിലും പത്രോസിനെപ്പോലെയും മറ്റു മനുഷ്യരെ പ്പോലെയുമാണ് നമ്മുടെ കർത്താവിൻെറ മനുഷ്യൻ എന്നും മനസിലാക്കുന്ന തിനും അവിടുന്നു പത്രോസിൻെറ ശരീരത്തെ അതിൻെറ പ്രകൃതിക്കായി വിട്ടു. "നാം അവൻെറ അസ്ഥിയിൽനിന്നും മാംസത്തിൽനിന്നും ഉള്ളവരാകുന്നു" (എഫേ. 5:30); "പാപം ഒഴികെ മറ്റെല്ലാറ്റിലും അവിടുന്നു നമുക്കു തുല്യനായി" എന്നും എഴുതപ്പെട്ടിരിക്കുന്നു (എബ്രാ. 4:15). അവിടുന്നു പത്രോസിന് കൈ നീട്ടിക്കൊടുത്ത് അവനെ പിടിച്ചുകയറ്റി; അതുവഴി തൻെറ ദൈവത്വത്തിൻെറ ശക്തി അവിടുന്നു വ്യക്തമാക്കി. താൻ വെറും ഒരു സാധാരണ മനുഷ്യനല്ല എന്നും വചനമായ ദൈവം ഐക്യപ്പെട്ട് തന്നിൽ വസിച്ച് ഈ അത്ഭുതങ്ങൾ ചെയ്യുന്നു എന്നും കാണിച്ചു കൊടുത്തു. മനുഷ്യപ്രകൃതമനുസരിച്ച് അവി ടുന്ന് വള്ളത്തിൽ കിടന്നുറങ്ങി; ദൈവസ്വഭാവം അനുസരിച്ച് കടലിനെ ശാസിച്ച് തിരമാലകളെ ശാന്തമാക്കി.

www.malankaralibrary.com



വീണ്ടും, മൂന്നാമത്തെ അത്ഭുതം: മർത്ത്യതയ്ക്ക് ഉപരിസ്ഥവും മഹനീയവും ശോഭനവും അവാച്യവുമായവ തൻെറ മർത്ത്യശരീരത്തിൽ അവിടുന്നു കാണിച്ചു; ഉത്ഥാനത്തിനുശേഷം അവാച്യമഹത്ത്വത്തിൽ, ഉദരത്തിൽ വച്ചുതന്നെയുണ്ടായ ഐക്യത്തിൽ താൻ ആയിരിക്കുവാൻ പോകുന്ന അവസ്ഥ മുൻകൂട്ടി തൻെറ ശിഷ്യരെ മലയുടെ മുകളിൽ അവിടുന്നു വരച്ചുകാട്ടി. "മനുഷ്യപുത്രൻ തൻെറ രാജ്യത്തിൽ വരുന്നതു കാണുന്നതുവരെ മരണം ആസ്വദിക്കാത്ത ചിലർ ഇവിടെ നില്ക്കുന്നവരുടെ ഇടയിലുണ്ട്". കാഴ്ചക്കാരുടെ ബലഹീനത നിമിത്തം അപ്പോൾവരെ അത് അവ്യക്തമായിരിക്കും. "ആറു ദിവസങ്ങൾക്കുശേഷം യേശു, കേപ്പായേയും യാക്കോബിനേയും യോഹന്നാനെയും കൂട്ടിക്കൊണ്ട് ഉയർന്ന ഒരു മലയിലേക്കു പോയി. യേശു അവരുടെ മുമ്പിൽ വച്ച് രൂപാന്തരപ്പെട്ടു; അവൻെറ മുഖം സൂര്യനെപ്പോലെ തിളങ്ങി. അവൻെറ വസ്ത്രങ്ങൾ പ്രകാശംപോലെയായി" (മത്താ. 16:28-17:2). അവൻെറ മുഖം മാത്രമല്ല പ്രകാശിച്ച് മഹനീയവും അത്ഭുതാവഹവും അവാച്യവുമായ പ്രകാശത്താൽ പ്രശോഭിതമായത്. മോശയ്ക്കും ഇപ്രകാരം മുൻകുറിയായി സംഭവിച്ചിരുന്നുല്ലോ, എന്നാൽ ഇവിടെ, അവിടുത്തെ ശരീരം മുഴുവൻ പ്രകാശിതമായി, ശോഭാപൂർണമായി, തൻെറ സ്വന്തം പ്രകാശത്താൽ അതു പ്രകാശിച്ചുകൊണ്ടിരുന്നു. പ്രകാശം പരത്തുന്ന നല്ല വെളിച്ചമുള്ള വിളക്കിൻെറ പ്രകാശകിരണങ്ങൾ കട്ടികുറഞ്ഞ തൂവെള്ള മറയിൽ തട്ടുമ്പോഴുള്ള പ്രകാശംപോലെ അവിടുത്തെ വസ്ത്രങ്ങൾ വെണ്മയുള്ളവയായിരുന്നു. നമ്മുടെ കർത്താവിനുവേണ്ടി സജ്ജമാക്കിയ ശരീരത്തിലാണ് ഈ അടയാളം നടന്നത്. ഉത്ഥാനത്തിനുശേഷം മഹത്ത്വീകരിക്കപ്പെടാനും വെളിപ്പെടാനുമുള്ളതായിരുന്നു ഈ അവസ്ഥ. അപ്പോൾ അവിടുന്നു സ്വർഗത്തിൽനിന്നു വരുമ്പോഴുള്ള അവാച്യമഹത്ത്വവും അത്ഭുതപ്രകാശവും എന്തായിരിക്കും! ഈ ശരീരം ഗോളാകൃതിയിലല്ല കാണപ്പെട്ടത്; പിന്നെയോ, അതേ ആളായി തൻെറ ശരീരത്തിൻെറ എല്ലാ അവയവങ്ങളോടുംകൂടി അവിടുന്നു പ്രകാശിക്കുകയും ശോഭ പരത്തുകയും ചെയ്തു.

അതുകൊണ്ട്, തൻെറ ഉത്ഥാനത്തിനുശേഷം അവിടുന്ന് തൻെറ അതേ ശരീരത്തിൽ നിലനിന്നു; തൻെറ വ്യക്തിത്വത്തിൻെറ സവിശേഷതകൾ നശിച്ചില്ല. കാരണം, 'അവൻ മനുഷ്യരുടെ ഇടയിൽ കാഴ്ചയിൽ സുന്ദരനായിരുന്നു' എന്ന് അവിടുത്തെപ്പറ്റി പറയപ്പെട്ടിരിക്കുന്നു. അഭക്തർ പുലമ്പുന്നതുപോലെ തൻെറ ഇന്ദ്രിയങ്ങളോ മാനുഷികവശമോ അവയുടെ പ്രകൃതത്തിൽനിന്നു നീക്കപ്പെട്ടില്ല; തൻെറ ശരീരത്തിൻെറ അവയവങ്ങൾ തകർക്കപ്പെടുകയോ ഗോളാകൃതിയിലായി മാറ്റപ്പെടുകയോ ചെയ്തില്ല.

അതുപോലെ ഉത്ഥാനാനന്തരം അവിടുന്നു മൂന്ന് അത്ഭുതങ്ങൾ പ്രവർത്തിച്ചു; ഉത്ഥാനത്തിനുശേഷമുള്ള തൻെറ ശരീരത്തിൻെറ പ്രകൃതത്തിൽനിന്നു

www.malankaralibrary.com



വളരെ താണവയായിരുന്നു അവ. മുറിവുകളോ ആണിപ്പഴുതുകളോ വടുക്കളോ പാടുകളോ കൂടാതെ, അനശ്വരമായിട്ടാണല്ലോ അവിടുത്തെ ശരീരം ഉത്ഥാനം ചെയ്തത്. അവിടുന്ന് തൻെറ ശിഷ്യരെ തൻെറ കൈകളും പാദങ്ങളും കാണിച്ചപ്പോൾ അവിടുന്ന് അവയിൽ മുറിവുകളും ആണിപ്പഴുതുകളും ഉണ്ടാക്കി. അവരെ സ്പർശിക്കാൻ അനുവദിച്ചപ്പോൾ, അവൻ അവയിൽ സത്യമായും മുറിവുകളും ആണിപ്പഴുതുകളും ഉണ്ടാക്കി. ഉത്ഥാനത്തിനുമുമ്പ് അവിടുന്നു പീഡയനുഭവിക്കുകയും മരിക്കുകയും ചെയ്ത അതേ ശരീരമായിരുന്നു അത്. സത്യമായും അവിടുന്ന് അവരെ തൻെറ ആണിപ്പഴുതുകൾ കാണിച്ചു; സത്യമായും തൻെറ പാർശ്വത്തിലുള്ള കുന്തംകൊണ്ടുള്ള മുറിവ് അവരെ കാണിച്ചു. അവ യഥാർത്ഥത്തിൽ തൻെറ അവയവങ്ങളിലെ മുറിവുകളും ആണിപ്പഴുതുകളും ആയിരുന്നു. അല്ലാതെ മായാദർശനമോ യാഥാർത്ഥ്യമില്ലാത്ത മിഥ്യാകാഴ്ചയോ കൊണ്ട് തൻെറ ആണിപ്പഴുതുകളിൽ സ്പർശിപ്പിച്ച് തൻെറ ഉത്ഥാനത്തെപ്പറ്റി അവിടുന്ന് അവരെ ബോധ്യപ്പെടുത്തുക അല്ലായിരുന്നു.

ഒന്നുകൂടി ആവർത്തിക്കാം. മലയിൽ അവിടുന്നു കാണിച്ച തൻെറ ഉജ്ജ്വല മഹത്ത്വം സത്യമായും സംഭവിച്ചതായിരുന്നു. ആ സംഭവത്തിനുശേഷം മറ്റു ശരീരങ്ങളെപ്പോലെ അവിടുത്തെ ശരീരം അതിൻെറ മർത്ത്യപ്രകൃതത്തിൽ തന്നെ നിലനിന്നു. അതു മാംസളശരീരമായി അതിൻെറ സവിശേഷതകളോടുകൂടെ കാണപ്പെട്ടു. അതുപോലെ തൻെറ ഉത്ഥാനാനന്തരം മറ്റു മനുഷ്യരെപ്പോലെ, അവർ തന്നെ സമീപിക്കുകയും സമ്പർക്കം പുലർത്തുകയും ചെയ്യത്തക്കവിധം ഒരു വിരികൊണ്ട് തൻെറ മഹത്ത്വത്തെ മൂടിക്കൊണ്ട് അവിടുന്നു സത്യമായും തൻെറ മഹത്ത്വം കൂടാതെ, മർത്ത്യശരീരത്തിൻെറ രൂപം അവരെ കാണിച്ചു. തന്നെ സ്പർശിക്കാൻ അവൻ അവരെ അനുവദിച്ചപ്പോൾ ശരീരത്തിൽ ആണിപ്പഴുതുകൾ ഉണ്ടായിരുന്നു; എന്നാൽ പിന്നീട് അവ ഇല്ലാതായി. തൻെറ മഹത്ത്വവും തൻെറ പ്രകൃതത്തിൻെറ അനശ്വരതയും മറയ്ക്കപ്പെട്ടിരുന്നെങ്കിലും, ശരീരം അതിൽതന്നെ നിലനിന്നു. സ്വഭാവത്താൽ മർത്ത്യരും തങ്ങളുടെ നയനങ്ങൾകൊണ്ട് അമർത്ത്യതയെ ദർശിക്കാൻ കഴിവില്ലാത്തവരുമായ ശിഷ്യർക്ക് അവാച്യമായ പ്രകാശം ദർശിക്കാൻ സാധിക്കാതിരുന്നതിനാലാണിത്. നമ്മുടെ കർത്താവിൻെറ ശരീരം പ്രകാശിച്ചതുപോലെ മോശയുടെ ശരീരം പ്രകാശിച്ചില്ല, എന്നാൽ മോശയുടെ മുഖം മാത്രം പ്രകാശിച്ചു. എന്നാൽ തദവസരം മോശയുടെ മുഖത്തുനോക്കാൻ ഇസ്രായേൽക്കാർക്കു കഴിഞ്ഞില്ലയെന്ന് എഴുതപ്പെട്ടിരിക്കുന്നു. മലയിൽ വച്ചു കാണുകയും കേൾക്കുകയും ചെയ്തതുനിമിത്തം ശ്ലീഹന്മാരും ഭയചകിതരായി. ഭയന്ന് നിലംപറ്റെ കമഴ്ന്നു കിടന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ശൗലിൻെറ മേൽ പതിച്ച ഉജ്ജ്വല പ്രകാശത്താൽ അവനും ഒന്നും കാണാൻ കഴിഞ്ഞില്ല. ഇക്കാരണത്താൽ, ഞാൻ

www.malankaralibrary.com



പറഞ്ഞതുപോലെ, തന്റെ ഉത്ഥാനത്തിനുശേഷം അവർക്ക് അവിടുത്തെ കാണു വാനും സമ്പർക്കംപുലർത്തുവാനും സാധിച്ചത്, തന്റെ അവാച്യമായ ദർശനം മറച്ചുവച്ചുകൊണ്ട് അവർ അവിടുത്തെ കണ്ടു പരിചയിച്ച രീതിയിൽ കാണ പ്പെട്ടതിനാലത്രേ. ഉത്ഥാനത്തിനുമുമ്പും, അമർത്യതയാൽ പ്രകാശിക്കുന്ന അതിനുശേഷവും, ശരീരത്തിൽ അവയവങ്ങളെല്ലാം ഉണ്ടായിരുന്നു. അവൻ എല്ലാ റ്റിലും ഒന്നാമനും നിദ്രപ്രാപിച്ചവരുടെ ആദ്യജാതനും ആയിത്തീരുവാ നുമായിരുന്നു ഇത്.2

മലമുകളിൽവച്ച് പ്രതീകാത്മകമായും സത്യമായും തന്റെ ദർശനം അവരെ കാണിച്ചതുപോലെ അവരോടൊപ്പം ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തത് സത്യമാണ്. കാരണം, സത്യമായും തന്റെ വിശുദ്ധവും പരിപാവന വുമായ കരങ്ങളിൽ അവിടുന്നു ഭക്ഷണം എടുത്ത്, അവരോടു സംസാരിച്ച വിശുദ്ധ വായിൽ വച്ചു. അതു വെറുമൊരു ദർശനം മാത്രമായിരുന്നില്ല. ദൈവം ക്ഷമിക്കട്ടെ! യാഥാർത്ഥ്യമില്ലാത്ത മായാജാലമായിരുന്നില്ല. ആ ആഹാരം, തന്നെ പരിപോഷിപ്പിച്ചില്ലെങ്കിലും നിഗൂഢവും അവാച്യവുമായ ശക്തിയാൽ ഭക്ഷണം സ്വീകരിക്കപ്പെട്ടു. ഉത്ഥാനത്തിന്റെ അവസരം, വയർ നിറഞ്ഞിരിക്കുന്ന ചിലർ ഉണ്ടാകാം. അവർക്ക് ഉത്ഥാനവും മാറ്റവും പെട്ടെന്നുണ്ടായി, അവർ അമർത്യ തയിലേക്ക് മാറ്റപ്പെടും. ഇരുന്ന് ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്ന അനേകർ ഉണ്ടാകാം. ഒരുരുള ഭക്ഷണം ഒരുപക്ഷേ അപ്പോൾ അവരുടെ വായിൽ ഉണ്ടാ യിരിക്കാം. ഞൊടിയിടയിൽ ആ ആഹാരം അവരുടെ ശരീരത്തിൽനിന്ന് അപ്രത്യ ക്ഷമാകുകയും അവർ അമർത്യതയിലേക്കു രൂപാന്തരീകരിക്കപ്പെടുകയും ചെയ്യും. അവരുടെ ശരീരം അതിന്റെ ശാരീരികതത്വത്തിൽ അമർത്യതയിൽ വസിക്കും; അവിടെ ഭക്ഷണപാനീയങ്ങൾ ഒന്നും ഇല്ല. അതുപോലെ ഇവിടെയും തന്റെ ശരീരത്തിന്റെ ഉത്ഥാനത്തിന്റെ ഉറപ്പിനായി നമ്മുടെ കർത്താവ് പ്രവർത്തിച്ചു. തന്റെ ശരീരം മായയാണെന്നു കരുതപ്പെടാതിരിക്കാനും ഉത്ഥാ നത്തിനുശേഷം ശരീരം വെറും ദർശനമായി കാണപ്പെടാതിരിക്കാനുമാണിത്.

അതുപോലെ വസ്ത്രത്തെപ്പറ്റിയും: വസ്ത്രം ധരിച്ചവനായിട്ടാണ് അവി ടുന്ന് അവർക്കു കാണപ്പെട്ടത്. യഥാർത്ഥത്തിൽ അവിടെ വസ്ത്രം ഇല്ലായിരുന്നു; കാരണം അവന്റെ ജഡത്തെ പൊതിഞ്ഞ വസ്ത്രം കല്ലറയ്ക്കുള്ളിൽ തന്നെ കിടന്നു. ക്രൂശാരോഹണത്തിനു മുമ്പ് ധരിച്ചിരുന്നവ പട്ടാളക്കാർ ചീട്ടിട്ടെടുത്തു. എന്നാൽ അവർക്കു കാണാനും സംസർഗം ചെയ്യാനും കഴിയുന്ന വിധമാണ് അവിടുന്ന് അവർക്കു കാണപ്പെട്ടത്. അവിടുന്ന്, തനിക്കുമാത്രം അറിയാവുന്ന രീതിയിൽ തന്റെ അവാച്യമായ മഹത്ത്വം മറച്ചുവച്ചു; അവർക്ക് വസ്ത്ര ത്തെപ്പറ്റി ഒട്ടും സംശയമുണ്ടായിരുന്നില്ല. അവിടുന്ന് അവരെ അപ്പവും തീയും

www.malankaralibrary.com



മീനും സത്യമായി കാണിച്ചു; എന്നാൽ അതിൻെറ രീതിയോ, അതെവിടെനിന്ന് വന്നു എന്നതോ അവർക്ക് അറിവില്ലായിരുന്നു. അതുപോലെ സത്യമായും അവിടുന്ന് വസ്ത്രങ്ങൾ കാണിച്ചോ എന്നത് വ്യക്തമല്ല. കാരണം അവൻ അവരെ വസ്ത്രത്തിൻെറ ഉത്ഥാനം സംബന്ധിച്ചല്ല ബോധ്യപ്പെടുത്തിയത്. കാരണം അതല്ല അവർ പ്രസംഗിക്കേണ്ടിയിരുന്നത്; പിന്നെയോ, ശരീരത്തിൻെറ ഉത്ഥാനം സംബന്ധിച്ചാണ്. അതേപ്പറ്റിയായിരുന്നു അവർക്കു സംശയം. അതു പ്രഘോഷിക്കാൻ അവിടുന്ന് അവരെ ശക്തരാക്കി. ഉത്ഥാനംവരെ നമ്മുടെ കർത്താവിൻെറ പ്രബോധനത്തിൻെറയും അവിടുന്ന് ചെയ്ത അടയാളങ്ങളുടെയും അത്ഭുതങ്ങളുടെയും മുഖ്യലക്ഷ്യം താൻ വെറുമൊരു സാധാരണക്കാരനല്ല, പിന്നെയോ തൻെറ ശരീരമാകുന്ന ആലയത്തിൽ ഐക്യപ്പെട്ടു വസിക്കുന്ന ദൈവമാണ് എന്ന് അവരെ പഠിപ്പിക്കുക എന്നതായിരുന്നു. "എൻെറ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു"; പിതാവ് മരിച്ചവരെ ഉയിർപ്പിച്ച് അവർക്കു ജീവൻ കൊടുക്കുന്നതുപോലെ. പുത്രനും തനിക്കിഷ്ടമുള്ളവർക്കു ജീവൻ നൽകുന്നു എന്നു തുടങ്ങിയ പ്രസ്താവനകൾ വഴി (യോഹ.5:17.21) തൻെറ മനുഷ്യത്വത്തിൽ ഐക്യപ്പെട്ടു വസിച്ച തൻെറ ദൈവത്വത്തെപ്പറ്റി അവിടുന്നു വിവരിക്കുകയും പഠിപ്പിക്കുകയും ചെയ്തു. അതുപോലെ ശരീരത്തിൽ അവർ കണ്ടു പരിചയിച്ച താൻ തൻെറ ശരീരത്തിൽ തന്നെ ഉയിർത്തു എന്നും തൻെറ ഉത്ഥാനം മായാജാലമോ, മിഥ്യാധാരണയോ അല്ലെന്നും, തകർക്കപ്പെട്ട ശരീരം തന്നെയാണ് സത്യമായും വാഗ്ദാനമനുസരിച്ച്, ഉയിർപ്പിക്കപ്പെട്ടതെന്നും തൻെറ ആത്മാവ് പാതാളത്തിൽ ഉപേക്ഷിക്കപ്പെടുകയോ തൻെറ ശരീരം ജീർണിക്കുകയോ ചെയ്തില്ലെന്നും തൻെറ ശിഷ്യരെ ബോധ്യപ്പെടുത്തുക എന്നതായിരുന്നു ഉത്ഥാനാനന്തരം അവിടുത്തെ ലക്ഷ്യം.

ദൈവം അവിടുത്തെ ഉയിർപ്പിച്ചു; വീണ്ടും അവൻ അഴിവിന് വിധേയനല്ല. വിശുദ്ധ ലൂക്കോസ് സുവിശേഷകൻ പറയുന്നു: പീഡാനുഭവത്തിനുശേഷം നാല്പതു ദിവസത്തേക്ക് അവർക്കു വേണ്ടത്ര തെളിവുകൾ നൽകിക്കൊണ്ടും ദൈവരാജ്യത്തെപ്പറ്റി സംസാരിച്ചുകൊണ്ടും, ജീവിക്കുന്നവനായി അവൻ അവർക്കു കാണപ്പെട്ടു. അവരോടൊപ്പം ഭക്ഷണത്തിനിരിക്കുമ്പോൾ ജറുസലേം വിട്ടുപോകരുതെന്ന് അവൻ അവരോടു കല്പിച്ചു" എന്നിത്യാദി (നട.1:3-4). വിശുദ്ധ പത്രോസും അതുതന്നെ പറഞ്ഞു: "തൻെറ ഉത്ഥാനത്തിനുശേഷം ഞങ്ങൾ അവനോടൊപ്പം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തു"(10:41).

നമ്മുടെ കർത്താവ് ഇവയെല്ലാം കാണിച്ചുകൊടുക്കുകയും തൻെറ ഐക്യപ്പെട്ട മനുഷ്യത്വത്തെപ്പറ്റി പഠിപ്പിച്ച് അവരെ ഉറപ്പിക്കുകയും ചെയ്തു. മരിച്ച ശരീരം തൻെറ ഐക്യപ്പെട്ട ആലയമായിരുന്നു. അതും ഐക്യപ്പെട്ട് ഉത്ഥാനം ചെയ്തു. മരിച്ച ശരീരം തൻെറ ഐക്യപ്പെട്ട ആലയമായിരുന്നു. അതും

www.malankaralibrary.com



ഐക്യപ്പെട്ട് ഉത്ഥാനം ചെയ്തു. അതു യഥാർത്ഥ ശരീരമായിരുന്നു. നിരവധി സാക്ഷ്യങ്ങൾകൊണ്ടും തെളിവുകൾകൊണ്ടും തന്റെ നാമത്തിൽ അവർ പ്രവർത്തിച്ച അത്ഭുതങ്ങൾകൊണ്ടും അവിടുന്നു സത്യമായി ഉത്ഥാനം ചെയ്തു എന്ന് അവിടുത്തെ ശിഷ്യന്മാരും അതു വ്യക്തമാക്കിയിട്ടുണ്ട്. "നസ്രായനായ യേശുമിശിഹായുടെ നാമത്തിൽ നിന്റെ കാലുകളിൽ എഴുന്നേറ്റു നിൽക്കുക" (നട.3:6). "ജീവന്റെ നാഥനെ നിങ്ങൾ കൊന്നു, എന്നാൽ ദൈവം അവനെ മരിച്ചവരിൽ നിന്ന് എഴുന്നേൽപ്പിച്ചു. അതിനു ഞങ്ങളെല്ലാം സാക്ഷികളാകുന്നു. അവന്റെ നാമത്തിലുള്ള വിശ്വാസംമൂലം, അവന്റെ നാമമാണ് നിങ്ങൾ കാണുകയും അറിയുകയും ചെയ്യുന്ന ഈ മനുഷ്യനെ സുഖപ്പെടുത്തിയത്" (നട 3: 15-16). ഞാൻ പറഞ്ഞതുപോലെ ഇക്കാര്യങ്ങളാൽ നമ്മുടെ കർത്താവിന്റെ മനുഷ്യത്വത്തിന്റെ ഉത്ഥാനം എല്ലാവർക്കും സുസ്പഷ്ടമാണ്. അവൻ നിദ്ര പ്രാപിച്ചവരുടെ ശിരസ്സും മരിച്ചവരിൽനിന്നുള്ള ആദ്യജാതനുമാണ്. എന്നാൽ അഭക്തർ ഇപ്പോഴും ഇതിനെതിരെ തങ്ങളുടെ നാശത്തിനായി സംസാരിക്കുന്നു. അവർ നമ്മുടെ കർത്താവിന്റെ ശരീരത്തിന്റെ ഉത്ഥാനം മാത്രമല്ല നിഷേധിക്കുന്നത്, പിന്നെയോ എല്ലാ മനുഷ്യരുടെയും ശരീരത്തിന്റെ പൊതുവായ ഉത്ഥാനവും നിഷേധിക്കുന്നു. "ആത്മാക്കൾക്കു മാത്രമേ രക്ഷയുള്ളു; ഇതിൽ രക്ഷ അടങ്ങിയിരിക്കുന്നു. തങ്ങൾ അടയ്ക്കപ്പെട്ടിരിക്കുന്ന ശരീരമാകുന്ന കാരാഗൃഹത്തിൽ നിന്നു മോചിക്കപ്പെടുക" എന്നൊക്കെ പറയുന്നു. എന്നാൽ ന്യായവിധിയുടെ ഉത്ഥാനത്തിൽ അവയും ഈ അഭക്തരുടെ ശരീരങ്ങളും ഉയിർത്തെഴുന്നേൽക്കും. അവർ തെറ്റിനു കൂട്ടുനില്ക്കുന്നതിനാൽ, തങ്ങളുടെ പിതാവായ സാത്താനോടുകൂടി അവർ നിത്യശിക്ഷയിലേക്ക് തള്ളപ്പെടും. കാരണം, അഭക്തരും പ്രത്യാശ നശിച്ചവരുമായ ഇവർ, ഋജുമാനസരെ വഴി തെറ്റിച്ചുകൊണ്ട് ഇപ്രകാരം ജല്പിക്കുന്നു: "അധ്വാനമില്ലെങ്കിൽ കൈകളെന്തിന്? ഭക്ഷിക്കുന്നില്ലെങ്കിൽ അധരങ്ങളെന്തിന്? അതുപോലെ മറ്റ് അവയവങ്ങളും".

എന്നാൽ വായ് ഭക്ഷണത്തിനു മാത്രമുള്ളതല്ലല്ലോ; പിന്നെയോ, മഹത്ത്വത്തിനും സ്തുതിപ്പിനും തന്റെ ഔന്നത്യത്തിന്റെ ഏറ്റുപറച്ചിലിനും കൂടിയുള്ളതാണ്. നമ്മുടെ കർത്താവിന്റെ തിരുവചനാനുസൃതം, നിങ്ങളാകട്ടെ നിത്യപീഡനത്തിൽ നിലവിളിക്കും. മുഖാഭിമുഖം കാണുവാനാണ് കണ്ണുകൾ. ചിലർ സന്തോഷത്തിനും ആനന്ദത്തിനും മറ്റുചിലർ നെടുവീർപ്പിനും ശിക്ഷാവിധിക്കും. കോപംകൂടാതെയും പര്യാകുലതകൾ കൂടാതെയും ഉയർത്തുവാനുള്ളതാണ് കൈകൾ; മിശിഹായുടെ തിരുമുമ്പാകെ സാഷ്ടാംഗപ്രണാമം ചെയ്യാനാണ് മുട്ടുകൾ. "അവന്റെ മുമ്പിൽ എല്ലാ മുഴങ്കാലും മടങ്ങും; യേശുമിശിഹാ കർത്താവാണ് എന്നു പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുകയും ചെയ്യും" (ഫിലി. 2:10-11). ഭീതികരമായ ന്യായാ

www.malankaralibrary.com



സനത്തിൻ മുമ്പാകെ നിൽക്കാനാണ് പാദങ്ങൾ - "ഓരോരുത്തനും നന്മയ്ക്കായും തിന്മയ്ക്കായും തൻെറ ശരീരത്തിൽ ചെയ്തിട്ടുള്ളവയ്ക്കു പ്രതിഫലം പ്രാപിക്കാൻ നാമേവരും മിശിഹായുടെ ന്യായാസനത്തിൻ മുമ്പാകെ നിൽക്കും" (2കൊറി. 5:10). ഇതാ, ഞാൻ വ്യക്തമാക്കിയതുപോലെ ദുഷ്ടരുടെ ശരീരം, ഒരു നിഗൂഢശക്തിയാൽ കൈകാലുകൾ കെട്ടപ്പെട്ട് നിത്യശിക്ഷയിലേക്ക് എറിയപ്പെടും.

നാം സ്വീകരിച്ച സ്നാനവും ആത്മാവിൻെറ ആദ്യഫലങ്ങളും നിമിത്തം രഹസ്യാത്മകമായി, 'നാമാണ് തൻെറ സൃഷ്ടി' എന്ന് ശ്ലീഹാ നമ്മെപ്പറ്റി പറഞ്ഞിരിക്കുന്നു. കാരണം, സദ്പ്രവൃത്തികൾക്കായി യേശുമിശിഹായിൽ നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവിടെ അമർത്യതയിൽ, എല്ലാ പൂർണതയിലും സദ്പ്രവൃത്തികൾ പരിപൂർണമാക്കപ്പെടും. അങ്ങനെയെങ്കിൽ പിന്നെ ഉത്ഥാനം എന്തിനാണ്? നീതിയെ ശുശ്രൂഷിക്കുക എന്നതാണ് ഉത്ഥാനത്തിലെ നമ്മുടെ സൗഭാഗ്യം. എത്രയെത്ര അവയവങ്ങളാണുള്ളത്? ചിലവ ശരീരത്തിന് അലങ്കാരത്തിനായി മാത്രം നിർമ്മിതമായിരിക്കുന്നു; അവയ്ക്ക് ശരീരത്തിൽ പ്രത്യേകിച്ചൊരു കാര്യവും നിർവഹിക്കാനില്ല. ഈ ജീവിതത്തിൽ നാം നിർമ്മിതരായി അലങ്കരിക്കപ്പെട്ടിരിക്കുന്നത് നേരെ നില്ക്കാനാണ്. മനുഷ്യശരീരത്തെക്കാൾ മുകളിലേക്കു തിരിഞ്ഞിരിക്കുന്നതും മനോഹരമായതും കാഴ്ചയ്ക്ക് കാമ്യമുള്ളതുമായി മറ്റെന്താണുള്ളത്? മൃഗങ്ങളെപ്പോലെ താഴേക്കു നോക്കാനല്ല, മുകളിലേക്ക് നോക്കാനാണ് അതു സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മൃഗങ്ങളുടെ പോരായ്മകൾ അതിനു സാക്ഷ്യംവഹിക്കുന്നു. വളഞ്ഞിരിക്കുന്നവയൊക്കെ ഒരിക്കലും അവയ്ക്ക് അലങ്കാരമല്ലല്ലോ.

ശരീരങ്ങൾ ഗോളാകൃതിയിൽ ഉത്ഥാനം ചെയ്യുന്നില്ല, പന്ത് എന്തിനു കൊള്ളാം? കളിക്കാൻ കൊള്ളാം. അഥവാ, ഉത്ഥാനത്തിൽ ഉരുണ്ടുരുണ്ട് അവ സ്വർഗത്തിൽ കയറുമോ? നമ്മുടെ കർത്താവ് തൻെറ ശിഷ്യരെ ബേഥന്യാവരെ കൂട്ടിക്കൊണ്ടുപോയി, കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചു എന്ന് എഴുതപ്പെട്ടിരിക്കുന്നു (ലൂക്കാ 24:50). ഗോളാകൃതിയിലുള്ളവയ്ക്കും സിലണ്ടർ രൂപത്തിൽ ഉള്ളവയ്ക്കും കൈകൾ ഇല്ലല്ലോ. നമ്മുടെ കർത്താവ് സ്വർഗത്തിലേക്കു കരേറിയപ്പോൾ അവിടുത്തെ മനുഷ്യത്വം നിശ്ചയമായും ഗോളാകൃതിയിൽ ആയിരുന്നില്ല. പിന്നെയോ, അവയവങ്ങളുള്ള ശരീരമായിരുന്നു അവിടുത്തേത്. "അവൻ ഇവ പറഞ്ഞുകഴിഞ്ഞപ്പോൾ, അവർ നോക്കി നിൽക്കെ അവൻ എടുക്കപ്പെട്ടു; ഒരു മേഘം അവനെ മൂടി; അവൻ അവരുടെ ദൃഷ്ടിയിൽനിന്ന് മറഞ്ഞു. അവൻ പോകുന്നത് ആകാശത്തേക്ക് അവർ നോക്കി നിൽക്കുമ്പോൾ, വെള്ളവസ്ത്രം ധരിച്ച രണ്ടുപേർ അവരുടെ സമീപത്തു നിൽക്കുന്നതായി അവർ കണ്ടു. അവൻ അവരോടു പറഞ്ഞു: "ഗലീലക്കാരായ മനുഷ്യരേ, നിങ്ങൾ ആകാ

www.malankaralibrary.com



ശത്തിലേക്ക് നോക്കി നില്ക്കുന്നത് എന്തുകൊണ്ടാണ്? നിങ്ങളിൽനിന്ന് എടുക്കപ്പെട്ട യേശു, സ്വർഗത്തിലേക്ക് കരേറിയതായി നിങ്ങൾ കണ്ടതുപോലെ വരും" (നട. 1:9-11). ഇതിൽനിന്ന് യേശു ഒരു ഗോളമായിരുന്നില്ലെന്നും, ഗോളാകൃതിയിൽ ഉത്ഥാനം ചെയ്തില്ലെന്നും വ്യക്തമാണല്ലോ. തൻെറ ഉത്ഥാനത്തിനുശേഷം അവിടുന്ന് അവരെ കാണിച്ച ശരീരത്തിൽ തന്നെ അവർക്കു കാണപ്പെട്ടു. "അവൻ സ്വർഗത്തിലേക്കു കയറുന്നതായി" നിങ്ങൾ കണ്ട് ഐക്യപ്പെട്ട അതേ ശരീരത്തിൽ, അവയവങ്ങൾ നഷ്ടമായി ഗോളോ, സിലണ്ടറോ, പരന്നതോ, ആയിത്തീരാതെ അവിടുന്നു വരും. അവിടുത്തെ വരവ് മായാദർശനമായിരിക്കുകയില്ല; പിന്നെയോ, അതേ രൂപത്തിൽ കൈനീട്ടി, അവരുടെമേൽ കൈകൾവച്ച് അവരെ അനുഗ്രഹിച്ച അതേ കൈകളോടുകൂടിയും എല്ലാ അവയവങ്ങളോടുകൂടിയും പുരുഷൻെറ രൂപത്തിലും ആയിരിക്കും പ്രത്യക്ഷപ്പെടുക. ഏകഅധികാരത്തിലും ശക്തിയിലും ഐക്യപ്പെട്ട്, അവനിലൂടെ എല്ലാവരെയും വിധിക്കാൻ ദൈവം തിരുമനസായി. "താൻ നിശ്ചയിച്ച മനുഷ്യനിലൂടെ നീതിപൂർവം ഭൂമിയെ മുഴുവൻ വിധിക്കാൻ അവിടുന്ന് ഒരുദിവസം നിശ്ചയിച്ചിരിക്കുന്നു. അവൻ എല്ലാവരെയും അവനിലേക്കു തിരിക്കുന്നു. കാരണം, അവൻ അവനെ മരിച്ചവരിൽനിന്ന് എഴുന്നേൽപ്പിച്ചു" (നട. 17:31). മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചത് ഗോളത്തെയല്ല, ഒരു മനുഷ്യനെയാണ് എന്ന് അവൻ നന്നായി പറഞ്ഞിരിക്കുന്നു. മനുഷ്യൻ പന്തല്ല. മനുഷ്യന് മനുഷ്യരൂപമാണുള്ളത്. പുരുഷൻ സ്ത്രീകളുടെ ഗണത്തിൽനിന്ന് തൻെറ രുപത്തിൽ വ്യത്യസ്തനാണ്. സ്ത്രീപുരുഷന്മാർ വ്യത്യസ്തരാണ്; പുരുഷൻ താൻ ആയിരിക്കുന്ന അവസ്ഥയിൽ പൂർണനാണ്; അവൻ ബാലനല്ല. യഹൂദർ കൊന്നത് ഒരു മനുഷ്യനെയാണ്. "നിങ്ങളോടു സത്യം പറയുന്ന മനുഷ്യനായ എന്നെ കൊല്ലാൻ നിങ്ങൾ എന്തുകൊണ്ടാണ് അന്വേഷിക്കുന്നത്?" (യോഹ. 8:40). ഐക്യപ്പെട്ട് വരാനിരിക്കുന്നതും ഈ മനുഷ്യനാണ്. തകർക്കപ്പെട്ടത് ഈ ആലയമാണ്. ഈ ആലയത്തെ അതിൽ വസിച്ചവൻ എഴുന്നേൽപ്പിച്ചു. അവൻ ഏക മഹത്ത്വത്തിലും ആരാധനയിലും ഔന്നത്യത്തിലും ഐക്യപ്പെടാത്ത പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടി ഐക്യപ്പെട്ട ഏക പുത്രത്വത്തിൽ അവിടുത്തോടുകൂടി എന്നുമെന്നേക്കും ഒന്നിച്ചിരിക്കുന്നു.

ഇപ്രകാരം ഏറ്റുപറയാത്തവർ സത്യം നിരസിക്കുന്നു; അവരുടെ ജീവൻ നശിച്ചതുതന്നെ. അവർ കൈകാലുകൾ കെട്ടപ്പെട്ട് പിശാചിനും അവൻെറ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് ആത്മശരീരങ്ങളോടുകൂടി എറിയപ്പെടും. നമ്മുടെ കർത്താവിൻെറ ശരീരത്തിൻെറ ഉത്ഥാനം ശരിയായി പ്രഘോഷിക്കുകയും മരിച്ചവർ ഉത്ഥാനം ചെയ്യുമെന്നും തങ്ങളുടെ ശരീരങ്ങളിൽ മർത്യതയിൽനിന്ന് അമർത്യതയിലേക്കും, ജീർണതയിൽനിന്ന് വ്യതി

www.malankaralibrary.com



യാനരാഹിത്യത്തിലേക്കും, മാറ്റപ്പെടുമെന്നും, ശരീരങ്ങളോടുകൂടി ആത്മാക്കളും അമർത്യത ധരിക്കുമെന്നും, ഏകയാത്മാവിൽ സംശയലേശമെന്യേ ഏറ്റു പറയുന്ന ബലഹീനരും നിസ്സാരരും പാപികളുമായ നമ്മോട്, നന്മയോ തിന്മയോ ഓരോരുത്തൻ ചെയ്തിട്ടുള്ളതിന് തൻെറ ശരീരത്തിൽ പ്രതിഫലം നൽകുന്ന ന്യായാസനത്തിൽ ധാരാളമായ കരുണ കാണിക്കും. അപ്പോൾ അവിടുന്നു നമ്മെ, ഈ വഴിപിഴച്ച പാഷണ്ഡതകളിൽ നിന്നുമാത്രമല്ല, അനുതപിക്കാത്ത വർക്ക് നീക്കിവച്ചിരിക്കുന്ന നീതിനിറഞ്ഞ ശിക്ഷാവിധിയിൽ നിന്നുകൂടി വിടുവിക്കും. അവസാനശ്വാസം വരെയുള്ള അനുതാപത്തിലൂടെ നമ്മുടെ ജീവിതം മകുടംചൂടും. അതിലാണ് നമ്മുടെ സഹായവും ന്യായീകരണവും. അങ്ങനെ നമ്മുടെ മനസ് അതിൻെറ പ്രത്യാശയിൽനിന്ന് തെന്നിമാറില്ല. നമ്മുടെ പ്രത്യാശയും നമ്മുടെ ജീവൻെറ ഉറവിടവും നമ്മുടെ ദൈവവുമായ മിശിഹായുടെ കൃപയാൽ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയും നമ്മുടെമേൽ കരുണയും മനോഗുണവും ചൊരിയപ്പെടുകയും ചെയ്യും. തനിക്കും തൻെറ പിതാവിനും തൻെറ പരിശുദ്ധാത്മാവിനും എന്നുമെന്നേക്കും മഹത്ത്വവും ഔന്നത്യവും ആരാധനയും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## അധ്യായം 20

# മിശിഹായുടെ നാമങ്ങൾ

*മിശിഹായുടെ പേരുകളെ സംബന്ധിച്ച്: തൻെറ ദൈവത്വത്തിൻേറത് ഏവയെല്ലാം, എത്രയെല്ലാം; തൻെറ മനുഷ്യത്വത്തിൻേറത് ഏവയെല്ലാം, എത്രയെല്ലാം; ഈ അവാച്യവും അത്ഭുതാവഹവുമായ ഐക്യത്തിൻേറത് ഏവയെല്ലാം; ഓരോന്നിൻെറയും അർത്ഥമെന്ത്? എന്നതിനെക്കുറിച്ച്:*

**അ**നേകർ സൂക്ഷ്മതയില്ലാതെയും അജ്ഞതയാലെയും ചിലർ ദുഷ്ട ലക്ഷ്യത്തോടുകൂടിയും തിരുലിഖിതത്തിലും വിശുദ്ധ വ്യക്തികളുടെയും ദൈവ ശാസ്ത്രജ്ഞന്മാരുടെയും പാരമ്പര്യത്തിലും ഉള്ള 'ദൈവപുത്രൻ', 'നമ്മുടെ

www.malankaralibrary.com



കർത്താവ്', 'നമ്മുടെ ജീവൻെറ ശിരസ്സ്', 'നമ്മുടെ ദൈവം' എന്നു തുടങ്ങി മിശിഹായെ വിളിക്കുന്ന പേരുകളും മറ്റും കൂട്ടിക്കുഴയ്ക്കുകയും ഈ പേരുകൾ എല്ലാം സൂചിപ്പിക്കുന്നു എന്നു പറയുകയും ചെയ്യുന്നു. ഐക്യത്തിലേക്ക് നമ്മുടെ മനുഷ്യത്വത്തെ എടുക്കുന്നത് അവരിൽ ചിലർ നിഷേധിക്കുന്നു, അഭക്തമായി ജനനം മാത്രം അവർ ഊന്നിപ്പറയുന്നു. ചിലർ ദൈവത്വത്തിന് പീഡനങ്ങൾ ആരോപിക്കുന്നു. ദൈവത്വത്തിൻെറയും മനുഷ്യത്വത്തിൻെറയും സവിശേഷതകൾ നിരാകരിച്ചുകൊണ്ട് 'സ്വാഭാവികവും ക്നോമികവുമായ ഐക്യം' കണ്ടുപിടിക്കുന്നു; ദൈവത്വത്തിൻെറയും മനുഷ്യത്വത്തിൻെറയും സ്വഭാവങ്ങളുടെ കൂട്ടിക്കുഴച്ചിൽ പ്രചരിപ്പിക്കുന്നു. മറ്റുചിലരാകട്ടെ, സ്വഭാവങ്ങൾ കൂട്ടിക്കുഴയ്ക്കുന്നില്ലെങ്കിലും ക്നോമാകൾ കൂട്ടിക്കുഴയ്ക്കുന്നു. 'ഇത് ക്നോമികമായ ഐക്യമാണ്' എന്നു പഠിപ്പിക്കുന്നു. അതായത് ഏകസംയോജനത്തിൽ നമ്മുടെ കർത്താവേശുമിശിഹായുടെ ഏക പർസോപ്പായിൽ അതു ദൈവവുമല്ല, മനുഷ്യനുമല്ല; ഐക്യത്തിൽ ദൈവവും, ഐക്യത്തിൽ മനുഷ്യനും ആകുന്നില്ല.

കാതോലികവും ശ്ലൈഹികവുമായ സഭയുടെ മക്കളുടെ സത്യപാരമ്പര്യത്തിൽ നിന്നു നാം പഠിച്ചിരിക്കുന്നതുപോലെ സുബുദ്ധിയുള്ള വിശ്വാസികൾ മനസിലാക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതനുസരിച്ച്, ദൈവപുത്രനായ മിശിഹായുടെ എല്ലാ നാമങ്ങളും എടുത്തു കാട്ടുന്നത് നല്ലതെന്നു തോന്നുന്നു. അവയിൽ ചിലത് തൻെറ ദൈവത്വം വിളംബരം ചെയ്യുന്നു; മറ്റു ചിലത് തൻെറ മനുഷ്യത്വവും. ശേഷിച്ചവ നമ്മുടെ രക്ഷയ്ക്കുവേണ്ടിയുള്ള തൻെറ വ്യാപാരത്തിൻെറ ഐക്യം വിശദീകരിക്കുന്നു. അത്തരത്തിലുള്ളവ ഉപമകളും ദൃഷ്ടാന്തങ്ങളും പ്രതീകങ്ങളും രൂപങ്ങളും വഴി ദിവ്യവ്യാപാരത്തിൻെറ പ്രവർത്തനങ്ങളെ വ്യക്തമാക്കുന്നു. ദൈവപുത്രനായ നമ്മുടെ ഏക കർത്താവേശുമിശിഹായുടെ ഈ ഏക കർതൃവ്യക്തിത്വത്തിൻെറ നിരവധി നാമങ്ങൾ ആദ്യമായി ചൂണ്ടിക്കാട്ടാം. അതിനുശേഷം മിശിഹായുടെ ശക്തിയാൽ, അവയെ ഓരോന്നിനെപ്പറ്റി വിവരിക്കാം. ഇപ്പോഴും എപ്പോഴും രഹസ്യമായും പരസ്യമായും നാം അവിടുത്തെ നേർക്ക് തിരിഞ്ഞിരിക്കുകയും നമ്മുടെ പ്രത്യാശ തന്നിൽ വച്ചിരിക്കുകയും ചെയ്യുന്നതിനാൽ അവിടുത്തെ ശക്തി നമ്മുടെ നിസ്സാരതയെയും ബലഹീനതയെയും അനുധാവനം ചെയ്യുന്നു. അനുതപിക്കുന്ന എല്ലാവരെയും പിൻചെല്ലുന്ന അവിടുത്തെ കാരുണ്യത്താലാണ് ഇതും.

തൻെറ മനുഷ്യത്വവുമായി യോജിക്കുന്നതിനുമുമ്പുള്ള തൻെറ ദൈവത്വത്തിൻെറ പേരുകൾ ചുരുക്കമായി താഴെപ്പറയുന്നവയാണ്: പുത്രൻ, വചനം, കർത്താവ്, ഏകജാതൻ, പ്രകാശം, കിരണം, ഛായ, ജീവൻ, ദൈവത്തിൻെറ രൂപം, രാജാവ്, പരിശുദ്ധൻ. തൻെറ ജഡധാരണത്തോടു കൂടിയുള്ള നാമങ്ങൾ താഴെപ്പറയുന്നവയാണ്. അവ ഐക്യപ്പെട്ട മനുഷ്യത്വത്തിൻേറതാകാം; രണ്ടു

www.malankaralibrary.com



സ്വഭാവങ്ങളുടെ സംയോജനത്തിൽ ആരാധ്യമായ ഏക വ്യാപാരത്തിൻെറ പർസോപ്പായിൽ നിന്നുള്ള ഐക്യത്തിൻേറതാകാം. ഇരുസ്വഭാവങ്ങളും തങ്ങളുടെ പ്രത്യേകതകൾ സംരക്ഷിച്ചുകൊണ്ട് ഏകപുത്രൻെറ ഏക പർസോപ്പായിൽ എന്നേക്കും സ്ഥിതിചെയ്യുന്നു. അവ: യേശുമിശിഹാ, ശിശു, മറിയത്തിൻെറ ആദ്യജാതൻ, അമ്മാനുവേൽ, ബാലൻ, മനുഷ്യൻ, മനുഷ്യപുത്രൻ, അത്യുന്നതൻെറ പുത്രൻ, സർവസൃഷ്ടികളുടെയും ആദ്യജാതൻ, മരിച്ചവരിൽ നിന്നുള്ള ആദ്യജാതൻ, പുരോഹിതൻ, ദാവീദിൻെറ പുത്രൻ, രാജാവ്, കർത്താവ്, പ്രവാചകൻ, ആദാം, അദൃശ്യനായ ദൈവത്തിൻെറ ഛായ, നീതിമാൻ, പരിശുദ്ധൻ, പാറ, അപ്പം, മുന്തിരിവള്ളി, വഴി, വാതിൽ, കുഞ്ഞാട്, ഇടയൻ, വടി എന്നിത്യാദി.

വചനമാം ദൈവം *പുത്രൻ* എന്നു വിളിക്കപ്പെടുന്നു. കാരണം, അവിടുന്നു സത്യമായും സത്യപുത്രനാണ്. അവിടുന്നു സൃഷ്ടിക്കപ്പെട്ടതല്ല, നിത്യമായി സത്യപിതാവിൽനിന്നു ജനിച്ചവനാണ്. പിതാവുമായി ഒരേ സ്വഭാവവും ഒരേ സത്തയുമാണ് അവിടുത്തേക്ക്; എല്ലാറ്റിലും പിതാവിനെപ്പോലെയാണ്. തൻെറ നാമത്തിൻെറ പ്രത്യേകതയുടെ വ്യതിരിക്തതയിൽ, പുത്രത്വത്തിൻെറ വ്യതിയാനരഹിതവും അഴിവിനതീതവും നിത്യതമുതൽ എന്നേക്കുമുള്ളതും യഥാർത്ഥവും നിത്യവുമായ സവിശേഷതയിൽ, പിതാവിൻെറ സവിശേഷതയുടെ അനന്യതയിൽനിന്നുള്ള വ്യത്യസ്തതയിൽ. കാരണം, ഏകപിതാവിൻെറ പുത്രൻ ഏകനാണ്; ഏകപുത്രൻെറ പിതാവ് ഏകനാണ്; അതായത്, തൻെറ സ്വഭാവത്തിൽനിന്ന് നിത്യമായ സവിശേഷതയായി പിതാവായ ദൈവം സ്വഭാവത്താലേ മറ്റൊരു പുത്രനും പിതാവല്ല.

പുത്രനെ *വചനം* എന്നു വിളിക്കുന്നു. അവൻ പിതാവിൻെറ സ്വഭാവത്തിൽ നിന്നാണെങ്കിലും പിതാവ് പുത്രനു മുമ്പനല്ല. പിതാവ് അനന്തമായി അവനിലാണ്. പുത്രൻ പിതാവിൻെറ മടിയിലാണ്; അവനോടുകൂടെയാണ്; അനന്തമായി അവനിലാണ്. "ഞാൻ എൻെറ പിതാവിലും എൻെറ പിതാവ് എന്നിലും ആകുന്നു" (യോഹ. 14:11). തങ്ങളുടെ പർസോപ്പാകളുടെ വിളിക്കലാൽ അവ പരസ്പരം വെളിപ്പെടുത്തുന്നു. *പിതാവ്* എന്ന നാമം പുത്രനെ സൂചിപ്പിക്കുന്നതാണ്; *പുത്രൻ* എന്ന പദം പിതാവിനെയും. വചനത്തിൻെറ പ്രകാശനത്തിനു വചനം പോലെ. കാരണം, *ആത്മാവ്* എന്നുച്ചരിക്കുമ്പോൾ തന്നെ, ആത്മാവിൻെറ ബൗദ്ധികവശവും വാക്കും നാം സൂചിപ്പിക്കുന്നു; *വാക്ക്* എന്ന് ഉച്ചരിക്കുമ്പോൾ അതുമായി ബന്ധപ്പെട്ടതും അതോടുകൂടിയുള്ളതും ആയ ആത്മാവിനെ സൂചിപ്പിക്കുന്നു. വാക്ക് ആത്മാവിൽ നിന്നാണല്ലോ, ആത്മാവ് വാക്കില്ലാതെയല്ല, വാക്ക് ആത്മാവിനെക്കൂടാതെയുമല്ല. അതുപോലെ വചനമാം ദൈവം തൻെറ ക്നോമായിൽ പിതാവാം ദൈവത്തിൽനിന്ന് നിത്യമായും കാലാതീതമായും, സമയബന്ധിതമല്ലാതെയും, കാലാനുസൃതമല്ലാതെയും, സഹനവിധേയമാകാ

www.malankaralibrary.com



തെയും, ഒന്നിനു പിറകെ ഒന്ന് എന്ന മട്ടിലല്ലാതെയും, തടസ്സം കൂടാതെയും ജനിച്ചു. പുത്രൻ പിതാവിൽ നിന്നാണ്; പിതാവിനോടു കൂടെയാണ്; പിതാവിലാണ്. അവാച്യവും ആശ്ചര്യകരവുമായ അത്ഭുതത്തിൽ, ഏകസ്വഭാവത്തിൻെറ ഐക്യത്തിൽ, തൻെറ സ്വന്തം നിത്യക്നോമായിൽ പുത്രൻ പിതാവിനോട് ഐക്യപ്പെട്ടിരിക്കുന്നു. എന്നാൽ പുത്രൻ ജനിച്ചു; പരിശുദ്ധാത്മാവ് പുറപ്പെട്ടു. പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടും കൂടെ തൻെറ ക്നോമായിൽ സമ സത്തമാണ്.

ഇടിമുഴക്കത്തിൻെറ പുത്രൻ *വചനം* എന്ന നാമം ക്നോമായെ സൂചിപ്പിക്കുവാനായി ഉപയോഗിച്ചതല്ല; പിന്നെയോ, അത് അവിടുത്തെ ആരംഭരാഹിത്യത്തെയും കാലാതീതാവസ്ഥയെയും ഇടവേള കൂടാതെയും ഒന്നിനുപിറകെ മറ്റൊന്ന് എന്ന രീതിയല്ലാത്ത സ്ഥിതിയെയും, സ്വഭാവത്തിൽ പിതാവിൽ നിന്നാണ് എന്നതിനെയും സൂചിപ്പിക്കുന്നു. എന്തെന്നാൽ അവാച്യനും അത്ഭുതാവഹനുമായ പിതാവിൽനിന്ന് അത്ഭുതാവഹനായ പുത്രൻ അത്ഭുതാവഹനായി ജനിച്ചത് വിവരിക്കാനോ സൂചിപ്പിക്കാനോ വ്യക്തമാക്കാനോ ഒരു നാമവും തനിയെ പര്യാപ്തമല്ല; അതേപ്പറ്റി കുറെ സംഗതികൾ പറയുന്നു എന്നു മാത്രം. ഇക്കാരണത്താൽ, നിത്യപുത്രന് നിരവധി പേരുകളും സംജ്ഞകളും ഉണ്ട്. അവയിലോരോന്നും വിശ്വാസികൾക്ക് ഓരോരോ കാര്യങ്ങൾ സൂചിതമാണ്. വിശ്വാസികൾ ശബ്ദങ്ങൾക്കും വാക്കുകൾക്കും വ്യത്യാസങ്ങൾക്കും സൂചനകൾക്കും പരിഗണനകൾക്കും ബൗദ്ധികാർത്ഥങ്ങൾക്കും വിധേയരാണല്ലോ. സംസാരശക്തിയുള്ളവയും അശരീരികളായവയും അപ്രകാരമാണല്ലോ. ശ്ലൈഹികവചനം അനുസരിച്ച്, ഈ അറിവിലൂടെ അവയ്ക്കും ഈ ജീവദായക പ്രബോധനം ആവശ്യമായിരുന്നു.

പിതാവിൽ നിന്നുള്ള വചനത്തെ *ദൈവം* എന്നു വിളിക്കുന്നു. പിതാവും പരിശുദ്ധാത്മാവും ക്നോമിക്കലായി ദൈവമായിരിക്കുന്നതുപോലെ പുത്രനും ക്നോമിക്കലായി സത്യമായും ദൈവമാണ്. ഏക ദൈവത്വത്തിലും ഏകനിത്യ സ്വഭാവത്തിലും ആരാധ്യമായ ത്രിത്വം; സ്രഷ്ടാവും എല്ലാറ്റിൻെറയും കാരണവും; എല്ലാം കയ്യാളുന്നവൻ, പരിപാലകൻ, നിയന്താവ്, വിധികർത്താവ്; പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടി എന്നേക്കും ഏകകർതൃത്വത്തിലും നിത്യ അസ്തിത്വത്തിലും പുത്രൻ. "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടിയായിരുന്നു, വചനം ദൈവമായിരുന്നു" (യോഹ. 1:1).

പാഷണ്ഡികൾ കരുതുന്നതുപോലെ *വചനം* ക്നോമാ ഇല്ലാത്ത വെറുമൊരു ശക്തിയോ, പ്രവർത്തനമോ മാത്രമാണെന്ന് ധരിക്കാതിരിക്കാൻ സുവിശേഷകൻ *വചനം* എന്ന് അവിടുത്തെ വിളിക്കുകയും "ദൈവം" എന്ന് അതി

www.malankaralibrary.com



നോടു കൂട്ടിച്ചേർക്കുകയും ചെയ്തുകൊണ്ട് നമ്മെ പ്രബുദ്ധരാക്കുകയും പഠിപ്പിക്കുകയും നമുക്കു വ്യാഖ്യാനിച്ചു തരികയും വിശദീകരിക്കുകയും ചെയ്യുന്നു. "വചനം ദൈവമായിരുന്നു" എന്നു പറഞ്ഞാൽ പിതാവ് ക്നോമിക്കലായി ദൈവമായിരിക്കുന്നതുപോലെ തന്നിൽനിന്നു ജനിച്ചവനും ക്നോമിക്കലായി ദൈവമാണ് എന്നത്രേ. ആദിമുതലേ ദൈവത്തോടുകൂടെ ആയിരുന്നവൻ ഇവനത്രേ; ഒരു ശക്തി എന്ന നിലയിലല്ല, പിന്നെയോ, ആദിയിലേ ഒരു ക്നോമായോടുകൂടി മറ്റൊരു ക്നോമാ; നിത്യമായി ദൈവത്തോടുകൂടി ദൈവം; ജനിച്ചവനാണ് എന്നാൽ സൃഷ്ടിക്കപ്പെട്ടവനല്ല. ഇക്കാര്യത്തിൽ അഭക്തരായ ആരിയരും എവുണോമിയരും മറ്റു തെറ്റിന്റെ മക്കളും അഹങ്കരിച്ച് വഴിതെറ്റിപ്പോയി. അവരൊക്കെ പുത്രനെ പിതാവിനെക്കാൾ താണപടിയിൽ കരുതി; അവനെ ഒരു സൃഷ്ടിയായും നിർമ്മിക്കപ്പെട്ട വസ്തുവായും കാലത്തിൽ ഉണ്ടായവനായും അനന്തരഹിതനായും പരിഗണിച്ചു. എന്നാൽ എല്ലാം അവനിലൂടെ സൃഷ്ടിക്കപ്പെട്ടു; തന്റെ വചനത്തിന്റെ ശക്തിയാൽ അവിടുന്ന് എല്ലാറ്റിനെയും ഉള്ളടക്കിയിരിക്കുന്നു. അവിടുന്ന് ആരംഭരഹിതനാണ്. അതുകൊണ്ട് ആദിയിലേ വചനമാം ദൈവം നിത്യമായി എന്നേക്കും ഏകസത്തയിൽ പിതാവിനോടുകൂടെ ആയിരുന്നു എന്നു ബുദ്ധിജീവികൾ മനസിലാക്കുന്നു.

വചനമാം ദൈവം *കർത്താവ്* എന്നു വിളിക്കപ്പെടുന്നു. കാരണം, തന്റെ നിത്യസത്തയിൽ അവിടുന്ന് കർത്താവും എല്ലാറ്റിന്റെയും സ്രഷ്ടാവും നിയന്താവും ആണ്. പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ അവിടുന്ന് എല്ലാറ്റിനെയും നയിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. നിത്യത്രിത്വത്തിന്റെ അഭേദ്യമായ ഏക കർതൃത്വത്തിൽ തനിക്കിഷ്ടമുള്ളതെല്ലാം ആകാശത്തിലും ഭൂമിയിലും അവിടുന്നു പ്രവർത്തിക്കുന്നു. കർത്താവ്, കർത്താവ്, കർത്താവ് - ഏകസ്വഭാവത്തിൽ ഏക കർത്താവ്. ഏക നിത്യസത്തയിൽ ആരാധ്യമായ ക്നോമാകൾ ഐക്യപ്പെട്ടിരിക്കുന്നെങ്കിലും ക്നോമാകളിലും കർതൃത്വത്തിലും അസ്തിത്വത്തിലും പർസോപ്പാകളുടെ സവിശേഷതകളിൽ അവ ഐക്യപ്പെട്ട് വ്യതിരിക്തമായിരിക്കുന്നു.

കർത്താവായ പുത്രൻ *ഏകജാതൻ* എന്നും വിളിക്കപ്പെടുന്നു. അതായത്, അവിടുത്തേക്കു സഹോദരങ്ങളില്ല, പുത്രത്വത്തിൽ തനിക്കു മുമ്പനായി ഒരുവനുമില്ല, നിത്യമായി, വിശകലനാതീതമാംവിധം, താരതമ്യാതീതമാംവിധം ആണ് അവിടുന്നു പുത്രനായിരിക്കുന്നത്. പിതാവിന്റെ സത്തയിൽനിന്ന് തനിക്കുശേഷം മറ്റൊരു പുത്രൻ ഉണ്ടായിട്ടുമില്ല. കാലാതീതമായി ഏകനിത്യസത്തയിൽ ഏക പിതാവിൽനിന്ന് ഒരേ ഒരു ഏകജാതനായ പുത്രൻ മാത്രം ജനിച്ചു. തന്റെ നിത്യസത്തയ്ക്ക് തുല്യമായി മറ്റൊന്നുമില്ല. പിതാവിൽനിന്നുള്ള തന്റെ നിത്യജനനം പോലെ മറ്റൊന്ന് ഉണ്ടായിട്ടില്ല. ഏകപുത്രന്റെ ഏകപി

www.malankaralibrary.com



താവുമാത്രം; മറ്റൊരുവനില്ല; ഏക പിതാവിൻെറ ഏക പുത്രൻ മാത്രം മറ്റൊരുവനില്ല. അത് എപ്രകാരമെന്ന് അവിടുത്തേക്കു മാത്രമേ അറിയൂ.

പിതാവിൻെറ ഏകജാതൻ *പ്രകാശം* എന്നു വിളിക്കപ്പെടുന്നു. തൻെറ സത്യത്താൽ എല്ലാ ബൗദ്ധികജീവികളെയും പ്രകാശിപ്പിക്കുന്ന സത്യപ്രകാശത്തിൽനിന്നുള്ള സത്യപ്രകാശമാണ് അവിടുന്ന്. ഇന്ദ്രിയവസ്തുക്കളുടെ ഇടയിൽ ഇന്ദ്രിയങ്ങൾക്ക് ഈ പ്രകാശം ദൃശ്യമാണ്; അശരീരികൾക്ക് ഈ പ്രകാശം ബൗദ്ധികമായി ലഭിക്കുന്നു. കാരണം, അവിടുന്നാണ് എല്ലാ വിജ്ഞാനത്തിൻെറയും ഉറവിടവും സ്രോതസ്സും. അവിടുന്നാണ് വിജ്ഞാന ദാതാവ്; അവിടുന്നാണ് വിഷമം പിടിച്ചവ വെളിപ്പെടുത്തുന്നതും അറിയിക്കുന്നതും. അവിടുന്നാണ് നിഗൂഢകാര്യങ്ങൾ പ്രഘോഷിക്കുന്നതും അജ്ഞാതമായവ സുജ്ഞാതമാക്കുന്നതും. അവിടുന്നാണ് തെറ്റിൻെറ കൂരിരുട്ടിനെ നശിപ്പിക്കുന്നതും നാശപുത്രനെ വെളിപ്പെടുത്തുന്നതും. അവനാലും അവനിൽനിന്നും എല്ലാ നിഗൂഢരഹസ്യങ്ങളും നാം മനസിലാക്കുന്നു. അവിടുന്നു നമുക്കുവേണ്ടി എല്ലാ രഹസ്യകാര്യങ്ങളും ഉപമകളും വെളിപ്പെടുത്തി വിവരിച്ചുതരുന്നു. അവൻവഴിയും അവനിൽ നിന്നുമാണ് നാം പിതാവിനെപ്പറ്റി ഗ്രഹിക്കുന്നത്. അവിടുന്ന് സ്വയം അറിയിക്കുകയും വെളിപ്പെടുത്തുകയും വിവരിക്കുകയും തൻെറതന്നെ ക്നോമാ വെളിവാക്കിത്തരികയും ചെയ്യുന്നു. അതു പിതാവിനോടു സമസത്തയാണ്; അതു പിതാവിൽനിന്ന് പിതാവിൻെറ സ്വഭാവത്തിൽനിന്നു നിത്യമായി ജനിച്ചതാണ്. അവിടുന്നുതന്നെ പരിശുദ്ധാത്മാവിനെപ്പറ്റി നമ്മെ പഠിപ്പിക്കുകയും നമ്മെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവ് ക്നോമിക്കലായി പിതാവിൽനിന്നു പുറപ്പെടുന്നു; ആരാധ്യമായ ത്രിത്വത്തിൻെറ സ്വഭാവം ഏകമാണ്. ഏക മഹോന്നതസത്തയിൽ മൂന്ന് നിത്യക്നോമാകൾ. എല്ലാം അവനിലൂടെ സൃഷ്ടിക്കപ്പെടുകയും നിർമ്മിക്കപ്പെടുകയും സ്ഥാപിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അവൻ എല്ലാറ്റിനെയും ഏക ശക്തിയിലും ഏക ഇച്ഛയിലും ഏക അധികാരത്തിലും നിത്യകർതൃത്വത്തിലും ഭരിക്കുകയും നവീകരിക്കുകയും പൂർണമാക്കുകയും ചെയ്യുന്നു. അവിടുന്നു സൂര്യകിരണം പോലെ ക്നോമാ കൂടാതെ വെറും ശക്തിയോ, പ്രവർത്തനമോ ആണ് എന്നു ശ്രോതാക്കൾ കരുതാതിരിക്കാനായിട്ടാണ് അവനിതു കൂട്ടിച്ചേർത്തത്.

ഈ കിരണത്തെ *പ്രതിച്ഛായ* എന്നു വിളിക്കുന്നു. 'അവൻ അദൃശ്യ ദൈവത്തിൻെറ പ്രതിച്ഛായയാണ്' എന്നു പറഞ്ഞിരിക്കുന്നത് (കൊളോ. 1:15) ഐക്യപ്പെട്ട മനുഷ്യത്വത്തെപ്പറ്റിയല്ല, പ്രതിഫലിക്കുന്ന വെറും ഛായയായിട്ടുമല്ല. പുത്രൻെറ ക്നോമാ എന്ന രീതിയിലത്രേ. പിതാവുമായി സമസത്തയായ പുത്രനാണ് പ്രതിച്ഛായ. "തൻെറ ഛായയിൽ ആദാം ജനിപ്പിച്ചു" എന്നു പറയപ്പെട്ടിരിക്കുന്നതുപോലെയാണിത് (ഉല്പ. 5:3). ഛായയെപ്പറ്റി മാത്രമല്ല, തന്നെപ്പോലെയുള്ള ഒരു സ്വയംസ്ഥിത ക്നോമാ, തൻെറ സത്തയിൽ നിന്നുള്ള

www.malankaralibrary.com



വേറൊരു സത്ത എന്ന മട്ടിലത്രേ പറഞ്ഞിരിക്കുന്നത്. അതുപോലെയാണ് ഇവിടെയും. തൻെറ സത്തയുടെയും തൻെറ ക്നോമായുടെയും പ്രതിച്ഛായ. കാരണം ജനിപ്പിക്കലും പുറപ്പാടും ഒഴികെ പിതാവിനുള്ളതെല്ലാം സ്വഭാവത്താലേ പുത്രനും ഉണ്ട്. പുത്രൻ ജനിച്ചു, പിതാവ് ജനിപ്പിച്ചു, പരിശുദ്ധാത്മാവ് പുറപ്പെടുന്നു. നമ്മുടെ രക്ഷയ്ക്കുവേണ്ടി വെളിപ്പെട്ട പർസോപ്പാകളുടെ സവിശേഷതയിൽ ഉള്ള മൂന്നു ക്നോമാകൾ; എന്നാൽ ഏക യാഥാർത്ഥ്യം, ഏക നിത്യസ്വഭാവം.

പിതാവിൻെറ പ്രതിച്ഛായയെ *ജീവൻ* എന്നു വിളിക്കുന്നു. പിതാവിനെപ്പോലെ നിത്യമായി അവൻ തൻെറ ക്നോമായിൽ ജീവിക്കുന്നു. അവൻ നമ്മുടെ ജീവൻെറ ഉറവിടവും നമ്മുടെ ജീവശ്വാസവുമാണ് എന്നതിനാലാണിത്. സൃഷ്ടികൾ അസ്തിത്വത്തിൽ എത്തുന്നതിനുമുമ്പേ അവിടുത്തെ തിരുമനസിൽ ഉണ്ടായിരുന്നതനുസരിച്ച് അവ ജീവൻ പ്രാപിക്കുന്നു. അവൻ തൻെറ സത്തയിൽ ജീവനുള്ളവനും ജീവൻെറ ഉറവിടവും ആയിരിക്കുന്നതുപോലെ തനിക്കിഷ്ടമുള്ളവർക്കെല്ലാം ജീവൻ പ്രദാനം ചെയ്യുന്നു. "ഞാൻ കൊല്ലുകയും ജീവിപ്പിക്കുകയും ചെയ്യുന്നു" (ആവ. 32:39). "ഞാൻ ഇല്ലായ്മയിൽനിന്ന് ഉണ്മയിലേക്കു കൊണ്ടുവരുന്നു" എന്ന് എഴുതപ്പെട്ടിരിക്കുന്നു (റോമാ 4:17). എല്ലാ പ്രകൃതികൾക്കും അവൻ ജീവശ്വാസം നൽകുന്നു. അവ ജീവിക്കാനായി അവിടുന്ന് അവയെ നയിക്കുകയും ഭരിക്കുകയും സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു". അവനിൽ നാം ജീവിക്കുന്നു, ചരിക്കുന്നു, നാം സ്ഥിതി ചെയ്യുന്നു" (നട. 17:28). "പിതാവ് മരിച്ചവരെ ഉയിർപ്പിച്ച് അവർക്കു ജീവൻ നൽകുന്ന തുപോലെ പുത്രനും തനിക്ക് ഇഷ്ടമുള്ളവർക്കു ജീവൻ നൽകുന്നു" (യോഹ. 5:21). "ജീവൻ വെളിപ്പെട്ടു" എന്നും എഴുതപ്പെട്ടിരിക്കുന്നു(1 യോഹ. 1:2). ബൗദ്ധികാത്മാവ് എപ്രകാരമാണ് ജീവൻ പ്രാപിക്കുന്നതും ചലിക്കുന്നതും സംരക്ഷിക്കപ്പെടുന്നതും കർമ്മനിരതമാക്കപ്പെടുന്നതും?

ഭാഗ്യവായ പൗലോസ്, പ്രകാശത്തിൽ നിന്നുള്ള ഈ പ്രകാശത്തെ *കിരണം* എന്നു വിളിക്കുന്നു. സുവിശേഷകനായ വി. യോഹന്നാൻ സാക്ഷിക്കുന്നതുപോലെ 'അവൻ അവൻെറ പ്രകാശം ദർശിച്ചു'. അവൻെറ നിഗൂഢതകൾ അവന് വെളിപ്പെടുത്തപ്പെട്ടു. ഈ ലോകത്തിലെ പ്രകാശസ്തംഭങ്ങളായ ഈ രണ്ടു ശ്ലീഹന്മാരിലും പ്രവർത്തിക്കുന്ന ആത്മാവ് ഒന്നാണ്. അതുപോലെ ദൈവികതലത്തിലുള്ള അത്ഭുതാവഹങ്ങളും ആശ്ചര്യകരങ്ങളുമായ സംഗതികൾ നമ്മെ അറിയിച്ചുകൊണ്ടും സംസാരിച്ചുകൊണ്ടും വെളിപ്പെടുത്തിക്കൊണ്ടും പ്രഖ്യാപിച്ചുകൊണ്ടും അവാച്യമായ ഏക യാഥാർത്ഥ്യത്തിലേക്ക് ബുദ്ധിജീവികളുടെ മനസിനെ തിരിച്ചുവിട്ടുകൊണ്ടും രണ്ടും ഒരേകാര്യം വ്യക്തമാക്കുന്നു. കാരണം, ആത്മാവും ജീവനും ഇല്ലാതെ "വാക്ക്" ഇല്ല; കിരണവും ചൂടും ഇല്ലാതെ സൂര്യനും പ്രകാശവും ഇല്ല. ഇതാണ് കാരണവും കാര്യവുംപോലെ

www.malankaralibrary.com



നിത്യത്രിത്വത്തിലെ നിത്യസ്വഭാവത്തിന്റെ നിഗൂഢാർത്ഥം. സൂര്യൻ പ്രകാശത്തേക്കാൾ മുമ്പിലല്ല; പ്രകാശം സൂര്യനെക്കാൾ മുമ്പിലല്ല. അതുപോലെ ഇവിടെ മുമ്പും പിമ്പും ഇല്ല. നമ്മുടെ പ്രചോദനങ്ങൾപോലെയാണ് അവയ്ക്കിടയിലെ ഇടവേള. "ആദിയിൽ വചനം ഉണ്ടായിരുന്നു" എന്നു വിശുദ്ധ യോഹന്നാൻ രേഖപ്പെടുത്തിയതുപോലെ, നമ്മുടെ വചനം ആത്മാവിന്റെ പ്രവൃത്തിയോ ശക്തിയോ ആയിരിക്കുന്ന വിധത്തിൽ വചനം ക്നോമാരഹിതമായ ഒരു ശക്തിയോ പ്രവൃത്തിയോ അല്ല. "വചനം ദൈവത്തോടുകൂടെ ആയിരുന്നു" എന്നതിനുശേഷം "വചനം ദൈവമായിരുന്നു" എന്ന് അവൻ കൂട്ടിച്ചേർക്കുന്നു. അതായത്, പിതാവായ ദൈവത്തിന്റെ ക്നോമാപോലെ പുത്രനായ ദൈവത്തിന്റെ ക്നോമാ. 'അവന്റെ സ്വഭാവത്തിൽ നിന്നാണ്' എന്നു മാത്രമല്ല, 'അവൻ ആദിയിൽ ദൈവത്തോടുകൂടി ആയിരുന്നു' എന്നിത്യാദി. അതുപോലെ "അവൻ തന്റെ മഹത്ത്വത്തിന്റെ തേജസ്സും" എന്നതിനുശേഷം "തന്റെ സത്തയുടെ മുദ്രയുമാണ്" എന്നുകൂടി വിശുദ്ധ പൗലോസ് കൂട്ടിച്ചേർത്ത് വ്യക്തമാക്കുന്നു(എബ്രാ. 1:3). അവയവങ്ങളുള്ള ഒരു ശരീരത്തിൽ അഗ്നിജ്വാല പോലെ അതു പ്രവർത്തിക്കുകയും ശരീരത്തെ നിയന്ത്രിക്കുകയും ചെയ്യുന്നു. സ്രഷ്ടാവിൽനിന്ന് അതിനു ലഭിച്ച ശക്തികൊണ്ട് അതു പ്രവർത്തിക്കുന്നു. ആത്മാവില്ലെങ്കിൽ ശരീരം വെറും ജീവനറ്റ ജഡമായിത്തീരുന്നു. അതുപോലെ ജീവൻ പ്രദാനം ചെയ്യുകയും ഭരിക്കുകയും സംരക്ഷിക്കുകയും കർമ്മനിരതമാക്കുകയും ചലിപ്പിക്കുകയും പ്രവർത്തിക്കുകയും പരിപാലിക്കുകയും ഒന്നിച്ചും ഭാഗികമായും കയ്യാളുകയും ചെയ്യുന്ന ദൈവത്തെ കൂടാതെ യാതൊരു സൃഷ്ടിക്കും അസ്തിത്വത്തിൽ വരാനോ ജീവിക്കാനോ സാധ്യമല്ല. "എല്ലാം അവനിൽ നിന്നാകുന്നു, എല്ലാം അവനിലാകുന്നു, എല്ലാം അവനിലൂടെയാകുന്നു" എന്ന് എഴുതപ്പെട്ടിരിക്കുന്നു (റോമാ 11:36).

ഈ ജീവന്റെ ഉറവിടം *ദൈവത്തിന്റെ രൂപം* എന്നു വിളിക്കപ്പെടുന്നു. കാരണം, തനിക്കുള്ള എല്ലാ സംഗതികളിലും, നിത്യത, അനന്തത, ആധിപത്യം, കർതൃത്വം, ശക്തി തുടങ്ങി തന്നിൽ നിന്നുള്ളവയിൽ എല്ലാം അവിടുന്ന് ദൈവത്തിന്റെ രൂപമാണ്. പിതാവിൽനിന്നു പുത്രൻ എന്നവണ്ണം പിതാവിന്റെ സ്വഭാവത്തിൽനിന്നു ജനിച്ചവനാണ് അവിടുന്ന്. സ്വഭാവത്താലേ ജനിച്ചത് ജനിപ്പിച്ചവന്റെ അതേ സത്തയും രൂപവുമാണല്ലോ. ആദത്തിൽ നിന്നു ജനിച്ചവന് ആദത്തിന്റെ രൂപമാണ്. കാരണം, ആദം തന്റെ ഛായയിൽ ജനിപ്പിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (ഉല്പ. 5:3). എത്ര അത്ഭുതകരമായി വി. പൗലോസ് ഇതു വ്യക്തമാക്കുന്നു എന്നു പരിഗണിക്കുക. "ഛായ ആകുന്നവൻ" എന്നത്രേ, അതായത് നിത്യമായി "*ദൈവത്തിന്റെ ഛായയിൽ ആയിരിക്കുന്നവൻ*" എന്നത്രേ. അതായത്, ക്നോമിക്കലായി പുത്രനായ ദൈവം പിതാവായ ദൈവ

www.malankaralibrary.com



ത്തെപ്പോലെ ആയിരുന്നു. പാഷണ്ഡികൾ പറയുന്നതുപോലെ മനുഷ്യരെപ്പോലെ അവിടുത്തേക്ക് ശാരീരികരൂപമോ, ഛായയോ മുദ്രയോ ഉണ്ട് എന്ന അർത്ഥത്തിലല്ല. അവിടുന്ന് പിതാവിന്റെ ഛായ ആയിരിക്കുന്നത് ശാരീരിക സാദൃശ്യത്താലോ, ശാരീരികമായോ, രൂപംകൊണ്ടോ, മുദ്രകൊണ്ടോ അല്ല, ഒരിക്കലുമല്ല. പിതാവിനെയും പരിശുദ്ധാത്മാവിനെയുംപോലെ വചനമാം ദൈവം അരൂപിയാണ്. വചനം ശാരീരികനല്ല, മുദ്രയോ രൂപമോ അല്ല. എങ്കിലും 'പിതാവിന്റെ ഛായ' എന്ന് അവൻ വിളിക്കുന്നു. ഞാൻ പറഞ്ഞതുപോലെ അവൻ പിതാവുമായി സമസ്വഭാവവും സമസത്തയും പുത്രൻ പിതാവിൽ നിന്നെന്ന വണ്ണം ക്നോമായിൽ അവനെപ്പോലെയുമാണ് എന്നു കാണിക്കാനാണിത്. കാരണം, പിതാവിന്റെ സവിശേഷതകൾ പോലെയാണല്ലോ പുത്രന്റേതും. ജനിപ്പിച്ചവൻ എന്ന പർസോപ്പാ ഒഴികെ പിതാവിനുള്ളതെല്ലാം തന്റെ ക്നോമായിൽ പുത്രനും ഉണ്ട്. മേല്പറഞ്ഞവയാണ് കർതൃനാമങ്ങളും അവയുടെ അർത്ഥവും. വചനമാം ദൈവത്തിന്റെ ജഡത്തിലുള്ള വ്യാപാരത്തിനു മുമ്പുള്ളവയാണ് ഈ നാമങ്ങൾ.

ദൈവത്തിന്റെ രൂപം *രാജാവ്* എന്നു വിളിക്കപ്പെടുന്നു. അവിടുന്നു സത്യമായും രാജാവാണ്: "രാജാധിരാജനും കർത്താധികർത്താവും" (1 തിമോ. 6:15), എന്നും "ദൈവം ഭൂമി മുഴുവന്റെയും രാജാവാണ്. അവിടുത്തേക്ക് കീർത്തനം ആലപിക്കുവിൻ" (സങ്കീ. 47:7) എന്നും എഴുതപ്പെട്ടിരിക്കുന്നു. യഥാർത്ഥ രാജാവ് *പരിശുദ്ധൻ* എന്നു വിളിക്കപ്പെടുന്നു. അവിടുന്നു മാത്രമാണ് വ്യതിയാനാതീതൻ. "പരിശുദ്ധൻ, മഹനീയൻ" (സങ്കീ. 99:9). "നീതിമാൻ, പരിശുദ്ധൻ, വിമോചകൻ" (ഏശ. 45:21) എന്നെല്ലാം പ്രവാചകനിൽ എഴുതപ്പെട്ടിരിക്കുന്നു. ഇനിയും ജഡത്തിലുള്ള ദിവ്യവ്യാപാരം മുതലുള്ള വ്യാപാരസംബന്ധമായ നാമങ്ങൾ പരിഗണിക്കാം.

വ്യാപാരം മുതൽ ചില നാമങ്ങൾ ഐക്യപ്പെട്ട മനുഷ്യസ്വഭാവത്തിന്റേതും ചിലത് ഐക്യത്തിന്റെ പർസോപ്പായുടേതും മറ്റുചിലത് പ്രവർത്തനങ്ങളുടെയും ഛായകളുടേതുമാണ്. ദൈവഘാതകരുടെ ഖണ്ഡനത്തിനായും നമ്മുടെ വംശത്തലവനെ എടുക്കുന്നത് നിഷേധിക്കുന്നവർക്കും തങ്ങളുടെ ജീവനാശത്തിനായി സ്വാഭാവികവും ക്നോമികവുമായ മിശ്രിതത്തിൽ സ്വഭാവങ്ങളെ കൂട്ടിക്കുഴയ്ക്കുന്നവർക്കും എതിരായും, ദൈവികശക്തിയാൽ നമുക്കു ലഭിക്കുന്ന സത്യപ്രകാശം അനുസരിച്ച് ചില കാര്യങ്ങൾ ചർച്ചചെയ്യാം.

ദൈവപുത്രൻ *മിശിഹാ* എന്നു വിളിക്കപ്പെടുന്നു. അവൻ ഉദരത്തിൽ ഉരുവായി ജനിക്കുന്നതിനു മുമ്പേ ഗബ്രിയേൽ മുൻകൂട്ടി അറിയിച്ചതുപോലെ *യേശു* എന്ന് അവൻ വിളിക്കപ്പെട്ടു. ഐക്യത്തിലുള്ള മാനുഷിക ക്നോമായെ അതു വെളിപ്പെടുത്തുന്നു. പരിശുദ്ധ കന്യകാമറിയത്തിൽനിന്ന് എടുത്തതാണ്

www.malankaralibrary.com



ആ മാനുഷിക യാഥാർത്ഥ്യം. ഐക്യത്തിൽ അതിനെ രൂപീകരിച്ചത് പരിശുദ്ധാത്മാവാണ്. അതിൻെറ രൂപീകരണത്തിൻെറ ആരംഭത്തിൽ ഒരാലയത്തിലെന്നവണ്ണം വചനമാം ദൈവം ഐക്യപ്പെട്ട്, തന്നോടുകൂടി അതിനെ ഏകപുത്രനാക്കിത്തീർത്തുകൊണ്ട് അവനിൽ വസിച്ചു. "നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും; അവൻ യേശു എന്നു വിളിക്കപ്പെടും. അവൻ വലിയവനായിരിക്കും, അത്യുന്നതൻെറ പുത്രൻ എന്നു വിളിക്കപ്പെടുകയും ചെയ്യും" (ലൂക്കാ 1:31-32). അതായത്, മിസ്റ്റിക്കൽ അപ്പവും കർതൃശരീരവും ഏകശരീരമായിരിക്കുന്നതു പോലെ അത്യുന്നതൻെറ പുത്രനുമായുള്ള ഐക്യത്തിൽ ഒരു *അത്യുന്നതൻെറ പുത്രൻ* മാത്രമേയുള്ളു. "അവൻെറ പിതാവായ ദാവീദിൻെറ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും" (1:32). അതായത്, ഐക്യത്തിൽ, തൻെറ മനുഷ്യത്വത്തിൽ അവൻ ദാവീദിൻെറ പുത്രനും അവൻെറ വംശത്തിൽ നിന്നുള്ളവനുമാണ്. എന്നാൽ വചനമാം ദൈവവുമായുള്ള ഐക്യത്തിലും സംയോജനത്തിലുംഅവൻ അത്യുന്നതൻെറ നിത്യപുത്രനാണ് - ഏക കർതൃത്വത്തിൽ അത്യുന്ന തൻെറ ഏകപുത്രൻ. യേശു എന്ന നാമം വരാനിരിക്കുന്നതിനെ സൂചിപ്പിക്കുന്നു എങ്കിലും യേശു ബർ യെഹോസേദേക്കിൻെറ പേരുപോലെയും (സക്ക. 6:11) "ദാവീദിൻെറ പട്ടണത്തിൽ മിശിഹാ കർത്താവ് എന്ന രക്ഷകൻ ഇന്നു നിങ്ങൾക്കായി ജനിച്ചിരിക്കുന്നു" എന്ന് ഇടയന്മാരെ ദൂതന്മാർ അറിയിച്ചതുപോലെയും (ലൂക്കാ 2:11) അതു തൻെറ മാനുഷിക ക്നോമായുടെ നാമമാണ്. അനേകം പാഷണ്ഡതകളുടെ ഉപജ്ഞാതാവായ അദിയബേനേക്കാരൻ ഹെനാനാ വ്യാഖ്യാനിക്കുന്നതുപോലെ, ജനിച്ചത് മാനുഷിക ക്നോമാ കൂടാതെയുള്ള ഒരു രക്ഷകനല്ല; മാനുഷിക ക്നോമാ കൂടാതെയുള്ള ഒരു പ്രവൃത്തി മാത്രമായിട്ടല്ല *യേശു* വെളിപ്പെടുത്തപ്പെട്ടത്.

*മിശിഹാ* എന്ന നാമം ഐക്യത്തിൻെറ പർസോപ്പായുടെയും രണ്ടു സ്വഭാവങ്ങളുടെയും വ്യാപാരത്തിൻേറതുമാണ്. തൻെറ മനുഷ്യത്വത്തിൻെറയും ദൈവത്വത്തിൻെറയും അഭേദ്യയോജിപ്പിൽ അവയുടെ സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നു. മിശിഹാ എന്ന നാമം ഐക്യപ്പെട്ട മനുഷ്യത്വത്തിൻേറതാണ്. എന്നാൽ പുത്രൻ എന്ന നാമം മിശിഹായുടെ ദൈവത്വത്തിൻെറ സർവനാമമാണ്. മനുഷ്യത്വം നിത്യപുത്രനുമായി ഐക്യത്തിൽ ഏകപുത്രനായിരിക്കാനായി പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടു. അവൻെറ രൂപീകരണത്തിൻെറ ആരംഭത്തിൽ തന്നെ തൻെറ ക്രമത്തിൽ അവൻ പരിപൂർണനാക്കപ്പെട്ടിരുന്നു. പുത്രത്വത്തിൻെറ ഏകപർസോപ്പായുടെ ഐക്യത്തിൽ സ്വഭാവങ്ങൾ ഐക്യപ്പെട്ടിരുന്നതുപോലെ മിശിഹായുടെ അതേ പർസോപ്പായിൽ നാമങ്ങളും ഐക്യപ്പെട്ടിരുന്നു. എന്നാൽ ഏകപുത്രത്വത്തിൽ മിശിഹായുടെ ദൈവത്വത്തിൻേറയും മനുഷ്യത്വത്തിൻേറതുമായ സംഗതികൾ വ്യക്തമാക്കപ്പെട്ടി

www.malankaralibrary.com



രുന്നു. *"ഏകജാതൻ"*, *"മഹത്ത്വത്തിൻെറ കർത്താവ്"* എന്നിവ നിത്യമായി വചനമാം ദൈവത്തിൻേറതാണ്; എന്നാൽ ഐക്യത്തിൽ അവ മനുഷ്യത്വത്തിൻേറതുമാണ്. *'യേശു'*, *'മനുഷ്യപുത്രൻ'* എന്നിവ മിശിഹായുടെ മനുഷ്യസ്വഭാവത്തെ സംബന്ധിച്ചുള്ളവയാണ്; എന്നാൽ ഐക്യത്തിൽ അവ വചനമാം ദൈവത്തിൻേറതുകുടിയാണ്. കാരണം, ഐക്യത്തിൽ പർസോപ്പാ രണ്ടിൻേറതുമാണ്; എന്നാൽ ഓരോ സ്വഭാവത്തിൻെറയും സവിശേഷതകൾ സൂചിതമാണ്. ഉദാ: "എല്ലാറ്റിനും ദൈവമായ ജഡത്തിലുള്ള മിശിഹാ അവരിൽ നിന്നാണ്" (റോമാ 9:5). "യേശുമിശിഹായ്ക്കുണ്ടായിരുന്ന മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ" (ഫിലി. 2:5). "യേശുമിശിഹാ ഇന്നലെയും ഇന്നും എന്നേക്കും ഒന്നുതന്നെയാണ്" (എബ്രാ. 13:8). ഇത്തരത്തിലുള്ളവ ഇരുസ്വഭാവങ്ങളുടെയും ഐക്യത്തിൻെറ പർസോപ്പായെ കുറിക്കുന്നു; പുത്രത്വത്തിൻെറ ഐക്യത്തിൽ അവയുടെ സവിശേഷതകൾ എന്നേക്കും സംരക്ഷിക്കപ്പെടുന്നു.

വീണ്ടും അവിടുന്ന് *ശിശു* എന്നു വിളിക്കപ്പെടുന്നു. അവിടുന്ന് പുതുതായി ലോകത്തിലേക്കു പ്രവേശിച്ചപ്പോൾ എടുത്ത മനുഷ്യത്വത്തിൻെറ എല്ലാ ഘട്ടങ്ങളിലുംകൂടി അവിടുന്നു കടന്നുപോയി. ഇക്കാര്യം വ്യക്തമാക്കപ്പെടേണ്ടിയിരുന്നു: "അവൻ തൻെറ ആദ്യജാതനെ ലോകത്തിലേക്ക് അയച്ചപ്പോൾ" (എബ്രാ. 1:6); "പഴന്തുണികളിൽ പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തപ്പെട്ട ഒരു ശിശുവിനെ നിങ്ങൾ കാണും" (ലൂക്കാ 2:12).

നാം മുകളിൽ പറഞ്ഞതുപോലെ അവിടുന്ന് ഐക്യത്തിൽ *"ആദ്യജാതൻ"* എന്ന് മൂന്നു രീതികളിൽ വിളിക്കപ്പെടുന്നു, എന്നാൽ എല്ലാം ഒരുപോലെയല്ല. ഒന്നാമത്, സ്വാഭാവികമായി മുദ്രവയ്ക്കപ്പെട്ട് അടയ്ക്കപ്പെട്ടിരുന്ന തൻെറ മാതാവിൻെറ കന്യാത്വ ഉദരം അവിടുന്നു തുറന്നു: "ഗർഭപാത്രം തുറക്കുന്ന ആദ്യജാതരെല്ലാം കർത്താവിൻെറ പരിശുദ്ധൻ എന്നു വിളിക്കപ്പെടണം" (2:23); "അവൾ തൻെറ ആദ്യജാതനെ പ്രസവിച്ചു" (2:7). രണ്ടാമത്, തന്നിലുള്ള ദൈവത്വത്തിൻെറ ശക്തിയാൽ അവിടുന്ന് ആദ്യമായി മരിച്ചവരിൽ നിന്നുയിർത്തു എന്നതിനാൽ അവിടുന്ന് ഐക്യപ്പെട്ട തൻെറ മനുഷ്യത്വത്തിൽ ആദ്യജാതൻ എന്നു വിളിക്കപ്പെടുന്നു. അവിടുന്നു പാതാളത്തിൻെറ കെട്ടുകൾ തകർത്തു. അമർത്യതയുടെതും അഴിവില്ലായ്മയുടേതുമായ പുതിയ ജീവിതത്തിൽ അവിടുന്ന് ആദ്യജാതനായി തീർന്നു. തൻെറ മനുഷ്യത്വത്തിലാണ് അവിടുന്ന് മരിച്ചവരിൽനിന്നുള്ള ആദ്യജാതനായത്, ദൈവത്വത്തിലല്ല; ദൈവത്വം തൻെറ ആലയത്തെ ആദ്യമായി ഉയിർപ്പിച്ചു. "ഈ ആലയം തകർക്കുവിൻ; മൂന്നുദിവസത്തിനുശേഷം ഞാനതിനെ പുനരുദ്ധരിക്കും" അവൻ തൻെറ ശരീരമായ ആലയത്തെപ്പറ്റിയാണ് പറഞ്ഞത് (യോഹ. 2:19-21). വി. പൗലോസ് നടപടിയിൽ

www.malankaralibrary.com



പറയുന്നു: "നീയെൻെറ പുത്രനാകുന്നു, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്നു രണ്ടാം സങ്കീർത്തനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു പോലെ, യേശുവിനെ ഉയിർപ്പിച്ചുകൊണ്ട് ദൈവം നമ്മുടെ പിതാക്കന്മാരോടു ചെയ്ത വാഗ്ദാനം മക്കളായ നമ്മിൽ പൂർത്തിയാക്കിയിരിക്കുന്നു" (13:32-33). കൊളോസ്യലേഖനത്തിൽ അവൻ പറയുന്നു: അവൻ സഭയുടെ ശിരസ്സാണ്; എല്ലാറ്റിലും ഒന്നാമനാകുവാൻ അവൻ ശിരസ്സും മരിച്ചവരിൽ നിന്നുള്ള ആദ്യജാതനുമാണ് (1:18). മൂന്നാമതായി, ആകാശത്തിലും ഭൂമിയിലുമുള്ളവയെല്ലാം ആദ്യഫലം എന്നപോലെ അവനിലൂടെ നവീകരിക്കപ്പെട്ടതിനാൽ അവൻ സൃഷ്ടികളുടെയെല്ലാം ആദ്യജാതൻ എന്നു വിളിക്കപ്പെടുന്നു. വി. പൗലോസ് പറയുന്നു: 'അദൃശ്യദൈവത്തിൻെറ ഛായയും എല്ലാ സൃഷ്ടികളുടെയും ആദ്യജാതനും" എന്നിത്യാദി(1:15).

വീണ്ടും അവൻ *അമ്മാനുവേൽ* എന്നു വിളിക്കപ്പെടുന്നു. "ഇതാ, ഒരു കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നമ്മുടെ ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള അമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും" (മത്താ. 1:23). തൻെറ മനുഷ്യത്വത്തിൻെറ രൂപീകരണാരംഭത്തിൽ ഉദരത്തിൽവച്ചു നടന്ന ദൈവത്വത്തിൻെറയും മനുഷ്യത്വത്തിൻെറയും സംയോജനത്തിൽ, രണ്ടു സ്വഭാവങ്ങളുടെ ഐക്യത്തെ ഈ നാമം സൂചിപ്പിക്കുന്നു. വചനമാം ദൈവം ഒരാലയത്തിലെന്നവണ്ണം ഏകപുത്രത്വത്തിൽ എന്നേക്കും ഐക്യപ്പെട്ട് അതിൽ വസിച്ചു. "നമ്മുടെ ദൈവം നമ്മോടുകൂടെ" എന്നതിൻെറ അർത്ഥമിതാണ്; അതായത്, സ്വഭാവത്തിൽ അതിൽ വസിക്കുന്നതിനും അതിൽ വെളിപ്പെടുന്നതിനും അഭേദ്യമായ ഏക സംയോജനത്തിൽ അതോടുകൂടെ ആയിരിക്കുന്നതിനും അതിനെ അവിടുന്ന് എടുത്തു. തൻെറ സ്വഭാവത്തിൻെറ സവിശേഷത ഒഴിച്ച് മറ്റെല്ലാം ഐക്യപ്പെട്ട് അതിനു നൽകി. "നമ്മോടുകൂടെ" എന്ന പ്രയോഗംവഴി കൂടിക്കുഴച്ചിലും കൂടിച്ചേരലും ഉള്ള ഐക്യവും സ്വാഭാവികവും ക്നോമികവുമായ ഐക്യവും അസാധ്യമാണ് എന്ന് അതുവഴി വെളിവാക്കപ്പെടുന്നു. ഏക സംയോജനത്തിൽ സ്വഭാവങ്ങളുടെ സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നു. "നമ്മോടുകൂടെ" എന്നത് ഏകസ്വഭാവവും ഏക ക്നോമായും ആയിരിക്കുക അസാധ്യമാണ്. എടുത്തവനും എടുക്കപ്പെടുന്നതും ഏക സംയോജനത്തിൽ തങ്ങളുടെ സവിശേഷതകൾ സംരക്ഷിക്കുന്നു. അവിടുന്ന് അതിനെ എടുത്തു തന്നോടു ചേർത്തു; ഐക്യ ത്തിൽ തന്നോടുകൂടി അതിനെ എന്നേക്കും ഏകപുത്രനാക്കി ത്തീർത്തു.

തൻെറ വളർച്ചയനുസരിച്ച് *ബാലൻ* എന്ന് അവിടുന്നു വിളിക്കപ്പെട്ടു. "ബാലൻ വളർന്നു; ആത്മാവിൽ ബലം പ്രാപിച്ചു. ജ്ഞാനത്തിലും കൃപയിലും നിറഞ്ഞു; കാരണം, ദൈവം അവനോടുകൂടെ ഉണ്ടായിരുന്നു" എന്നിത്യാദി

www.malankaralibrary.com



(ലൂക്കാ 2:40). തന്റെ ദൈവത്വത്തിലല്ല അവൻ വളർന്നത്, പിന്നെയോ, ഐക്യപ്പെട്ട തന്റെ മനുഷ്യത്വത്തിൽ.

അവിടുന്ന് *മനുഷ്യൻ* എന്നു വിളിക്കപ്പെട്ടു. കാരണം, അവിടുന്നു തന്റെ ഐക്യപ്പെട്ട മനുഷ്യത്വത്തിൽ പൂർണവളർച്ച പ്രാപിച്ച ഒരു മനുഷ്യനായിരുന്നു. അവിടുന്നു വളർന്നു, മുപ്പതു വയസ്സ് പ്രായമുള്ള ആളായി. "യേശുവിന് മുപ്പതു വയസ്സ് പ്രായമുണ്ടായിരുന്നു" എന്നിത്യാദി (ലൂക്കാ 3:23). "പിതാവിൽ നിന്നു കേട്ട സത്യം അറിയിച്ച മനുഷ്യനായ എന്നെ കൊല്ലുവാൻ നിങ്ങൾ ശ്രമിക്കുന്നു" (യോഹ. 8:40). വി. പൗലോസ് പറയുന്നു: "താൻ നിശ്ചയിച്ച മനുഷ്യനിലൂടെ നീതിയിൽ ലോകത്തെ മുഴുവൻ ന്യായം വിധിക്കാനായി അവിടുന്ന് ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു. അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചതുവഴി എല്ലാവരെയും അവൻ അവനിലുള്ള വിശ്വാസത്തിലേക്കു തിരിക്കുന്നു" (നട.17:31). അതായത് "ഐക്യത്തിലൂടെ". വീണ്ടും ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "നീ മനുഷ്യനെ ഓർക്കാൻ അവൻ ആരാണ്?" (സങ്കീ. 8:4). ദുഃഖിതനും ക്ലേശങ്ങൾ നിറഞ്ഞവനും" (ഏശ. 53:3).

അവിടുന്ന് *മനുഷ്യൻ* എന്നും *മനുഷ്യപുത്രൻ* എന്നും വിളിക്കപ്പെടുന്നു. കാരണം, ഐക്യപ്പെട്ട തന്റെ മനുഷ്യത്വത്തിൽ യഥാർത്ഥത്തിൽ അവിടുന്ന് മനുഷ്യപുത്രനായിരുന്നു. അവിടുന്നു ദാവീദിന്റെ ഗോത്രത്തിൽപ്പെട്ട കന്യകാമറിയത്തിൽ നിന്നു ജനിച്ചു. അവിടുത്തേക്ക് ബൗദ്ധികാത്മാവും ശരീരവും അതിനോട് ബന്ധപ്പെട്ട എല്ലാ സംഗതികളും ഉണ്ടായിരുന്നു. അവിടുന്ന് ഒരു സമ്പൂർണ ക്നോമായായിരുന്നു. അതു വചനമാം ദൈവത്തോട് ഐക്യപ്പെട്ടു. അതായത്, തന്റെ പുത്രത്വത്തിന്റെ ഏക പർസോപ്പായിൽ നിത്യപുത്രത്വത്തിലേക്ക്. അതിൽ വെളിപ്പെടാനായി അവിടുന്ന് അതിനെ തന്റെ പർസോപ്പായിലേക്ക് എടുത്തു. "അവിടുന്ന് ജഡത്തിൽ കാണപ്പെട്ടു" (1 തിമോ. 3:16). ഐക്യംവഴി തനിക്കുള്ളതെല്ലാം അതിനു നൽകി; എന്നാൽ സ്വാഭാവികമായിട്ടല്ല; പർസോപ്പിക്കലായി; സ്വാഭാവികമായിട്ടല്ല, മനുഷ്യനെന്നും മനുഷ്യപുത്രനെന്നും വിളിക്കപ്പെടാനായി അതിനുള്ളതെല്ലാം താൻ എടുത്തു. ഐക്യം മുതൽ നാമങ്ങളും പരസ്പരം കൈമാറുന്നു. അതിന്റേത് ഇതിനും, ഇതിന്റേത് അതിനും. അതും ഇതും ഐക്യപ്പെട്ടു നിലനിന്നു. "സ്വർഗത്തിൽ വസിക്കുന്ന മനുഷ്യപുത്രൻ" (യോഹ. 3:13). അതായത് മനുഷ്യപുത്രൻ എന്നതു മനുഷ്യത്വത്തിന്റെ പേരാണെങ്കിലും മനുഷ്യത്വവുമായുള്ള ഐക്യത്താൽ വചനമാം ദൈവം തന്റെ പർസോപ്പായിൽ പർസോപ്പിക്കലായി മനുഷ്യത്വത്തിന്റെ പേരുകൾ എടുത്തു. പുത്രത്വം, ഏകജാതൻ, മഹത്ത്വത്തിന്റെ കർത്താവ് എന്നിവ ദൈവസ്വഭാവത്തിന്റെ പേരുകൾ ആണെങ്കിലും ഇരുസ്വഭാവങ്ങളുടെയും ഐക്യത്തിന്റെ പർസോപ്പാ ഒന്നാകയാൽ പേരുകളുടെ പർസോപ്പായും ഒന്നാണ്. എന്നാൽ

www.malankaralibrary.com



ഐക്യത്തിൽ ദൈവത്വത്തിൻെറയും മനുഷ്യത്വത്തിൻെറയും സവിശേഷതകൾ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. "ദൈവം ഏകൻ, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേയുള്ള മധ്യസ്ഥൻ ഏകൻ, മനുഷ്യനായ യേശുമിശിഹാ" (1തിമോ. 2:5). "ഒരു മനുഷ്യനിലൂടെ മരണമുണ്ടായി, ഒരു മനുഷ്യനിലൂടെ മരിച്ചവരുടെ ഉത്ഥാനവും" (1 കൊറി.15:21). "രണ്ടാമാദം ജീവിപ്പിക്കുന്ന ആത്മാവാണ്" (45). "മനുഷ്യപുത്രൻ പാപികളുടെ കരങ്ങളിൽ ഏല്പിക്കപ്പെടും; അവർ അവനെ കൊല്ലുമെങ്കിലും മൂന്നാംനാൾ അവൻ ഉത്ഥാനം ചെയ്യും" (മത്താ. 20:19).

വീണ്ടും ഐക്യം നിമിത്തവും പർസോപ്പായെ എടുക്കുന്നതു നിമിത്തവും എല്ലാ നാമങ്ങൾക്കും ഉപരിയായി തനിക്കുള്ള നാമം നിമിത്തവും ഐക്യത്തിൽ അവിടുന്ന് *അത്യുന്നതൻെറ പുത്രൻ* എന്നു വിളിക്കപ്പെടുന്നു. അത്യുന്നതൻെറ പുത്രൻ ഏകനാണ്, എടുക്കുന്നവനും എടുക്കപ്പെട്ടതും; സ്വഭാവത്തിലും പർസോപ്പായെ എടുക്കുന്നതിലും മനുഷ്യപുത്രനും ഏകനാണ്; രണ്ടല്ല. സ്വാഭാവികമായി വചനമാം ദൈവം നിത്യമായി അത്യുന്നതൻെറ പുത്രനാണ്; തന്നോടുള്ള ഐക്യത്തിൽ തൻെറ മനുഷ്യത്വവും അത്യുന്നതൻെറ പുത്രൻ എന്നു വിളിക്കപ്പെടുന്നു. അഭേദ്യമായ ഏക സംയോജനത്തിൽ ദൈവപുത്രനായ ഏക മിശിഹായുടെ ഏക ഐക്യത്തിൽ ഐക്യപ്പെട്ടും വ്യാപകമായും അത് അതിൻേറതുമാണ്. വഴിതെറ്റിപ്പോകുന്നവരുടെ ഖണ്ഡനത്തിനായി ഇതു ശരിയായി മനസിലാക്കേണ്ടിയിരിക്കുന്നു. സ്വാഭാവികമായി മിശിഹാ മറിയത്തിൽ നിന്നുള്ള മനുഷ്യനും മനുഷ്യപുത്രനുമാണ്. എന്നാൽ ഐക്യത്തിലും വ്യാപാരത്തിൻെറ പർസോപ്പാ നിമിത്തവും അത്യുന്നതൻെറ പുത്രനായ വചനമാം ദൈവം മനുഷ്യപുത്രനെന്നും യേശു എന്നും വിളിക്കപ്പെടുന്നു. എന്നാൽ സ്വഭാവത്താലെയല്ല, നാമത്തിലും പർസോപ്പായെ എടുക്കുന്നതിലും ഐക്യ ത്തിലും വസിക്കുന്നതിലും അത്രേ. "ദൈവത്തിൻെറ രൂപം ദാസൻെറ രൂപം എടുത്തു; അവൻ മനുഷ്യരൂപത്തിലായി, രൂപത്തിൽ അവൻ മനുഷ്യനായി കാണപ്പെട്ടു" (ഫിലി. 2:6-7). അവൻ "മനുഷ്യനാക്കപ്പെടുകയല്ല" ചെയ്തത്. അവൻ ഒരു രൂപം എടുക്കുകയത്രേ ചെയ്തത്. എന്നാൽ അവൻ രൂപമായി മാറ്റപ്പെടുകയല്ല ചെയ്തത്. അവൻ രൂപത്തിൽ ആയിരുന്നു; എന്നാൽ അവൻ മനുഷ്യസ്വഭാവമായി തീർന്നില്ല. ഞാൻ പറഞ്ഞതുപോലെ ഇത് ഐക്യത്തിൻെറ പർസോപ്പാ നിമിത്തമാണ്. കൂട്ടിക്കുഴച്ചിൽ കൂടാതെ സ്വഭാവങ്ങളുടെ സവിശേഷതകൾ സംരക്ഷിക്കപ്പെട്ടുകൊണ്ട് സ്വഭാവങ്ങൾ വ്യാപാരത്തിൻെറ ഏക പർസോപ്പായിൽ ഐക്യപ്പെട്ടിരിക്കുന്നതുപോലെ, സ്വഭാവങ്ങളുടെ നാമങ്ങളും ഏക പർസോപ്പായിൽ ഐക്യപ്പെട്ടിരിക്കുന്നു; കാരണം, അവ പരസ്പരം കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ സ്വഭാവത്താലെയല്ല, പിന്നെയോ ഐക്യപ്പെട്ട പർസോപ്പാ എടുക്കുന്നതു വഴിയത്രേ.

www.malankaralibrary.com



ഐക്യത്തിൻെറയും സംയോജനത്തിൻെറയും പർസോപ്പായോടും വാസത്തോടുംകൂടി അത്യുന്നതൻെറ പുത്രൻ മനുഷ്യപുത്രനും, മനുഷ്യപുത്രൻ അത്യുന്നതൻെറ പുത്രനുമാണ്. സ്വാഭാവികമായി അത്യുന്നതൻെറ പുത്രൻ എന്തായിരിക്കുന്നുവോ അതിൽ നിലനിന്നുകൊണ്ടു മനുഷ്യനെ എടുത്തു; അതുമായി ഐക്യത്തിൽ അത്യുന്നതൻെറ ഏകപുത്രൻ. ഐക്യത്തിൽ നമ്മുടെ കർത്താവിൻെറ മനുഷ്യൻ തൻെറ സ്വഭാവത്തിൽ മനുഷ്യനായി നിലനില്ക്കുന്നു. അവിടുന്ന് അതിനെ ഉദരത്തിൽവച്ചുതന്നെ തന്നോടുകൂടെ ഐക്യപ്പെടുത്തി, തന്നോടുകൂടി എന്നേക്കും ഏകപുത്രനാക്കിത്തീർത്തു. അവിടുന്നു ഐക്യത്തിൽ ഏകനാമത്താൽ വിളിക്കപ്പെടുന്നതിനായി മനുഷ്യത്വത്തിൻെറ എളിയനാമങ്ങളും സ്വയം ഏറ്റെടുത്തു. "സ്വർഗത്തിലുള്ള മനുഷ്യപുത്രൻ" (യോഹ. 3:13). അവൻ തൻെറ അനന്തമായ ദൈവത്വത്തെ "മനുഷ്യപുത്രൻ" എന്നു വിളിച്ചു. അവനിതു പറഞ്ഞപ്പോൾ, അവിടുത്തെ മനുഷ്യത്വം സ്വർഗത്തിലായിരുന്നില്ല. എന്നാൽ ഐക്യത്തിൻെറ പേരിലത്രേ ഇതു പറഞ്ഞത്. അതുപോലെ, പൊതുവായ പേരുകളും ഏക പർസോപ്പിക നാമത്തിൽ ഐക്യപ്പെട്ടും വേർതിരിക്കപ്പെട്ടും ഇരിക്കുന്നു. ഉദാ: "മനുഷ്യപുത്രൻ മുമ്പ് ഇരുന്ന സ്ഥലത്തേക്ക് കയറുന്നതായി നിങ്ങൾ കാണുമ്പോൾ" (6:63); "സ്വർഗത്തിൽനിന്ന് ഇറങ്ങിയ മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗത്തിൽ കയറിയിട്ടില്ല" (3:13). 'കയറുക' എന്നത് ഐക്യത്തിൽ തൻെറ മനുഷ്യത്വത്തിൻേറതാണ്; ഇറങ്ങുക എന്നത് വേർപാടുകൂടാതെ തൻെറ ദൈവത്വത്തിൻേറതാണ്.

തൻെറ അത്ഭുതാവഹമായ എല്ലാ വിനീതാവസ്ഥകളിലും അവിടുന്ന് ഐക്യപ്പെട്ട് തൻെറ മനുഷ്യത്വത്തിൽ ആയിരുന്നു; അവിടുന്നു ദാസൻെറ രൂപത്തെ ഉയർത്തി തൻെറ പർസോപ്പായിലേക്ക് എടുത്തു. തൻെറ വിസ്മയാവഹമായ ഈ വ്യാപാരസംഗതികളിലെല്ലാം അവൻ തൻെറ മനുഷ്യത്വത്തിൽ വെളിപ്പെടുത്തപ്പെട്ടു. അവിടുന്ന് അതിൽ മാംസവും മനുഷ്യനുമായി പരിഗണിക്കപ്പെട്ടു. എങ്കിലും തൻെറ മനുഷ്യത്വത്തിൽ ഐക്യപ്പെട്ടു വസിച്ച ദൈവത്വത്തെക്കുറിച്ചാണ് ഇവ എന്ന് ആരും കരുതിയിരുന്നില്ല. "നിങ്ങൾ മാനുഷികരീതിയിൽ വിധിക്കുന്നു" (8:15). "സ്വർഗത്തിലുള്ള മനുഷ്യപുത്രൻ" (3:13) എന്നിത്യാദി അവിടുന്നു പറഞ്ഞതുപോലെ, ആകാശത്തിലും ഭൂമിയിലുമുള്ള തൻെറ ദൈവത്വത്തിൻെറ അനന്തതയെ അതു പ്രസ്പഷ്ടമാക്കുന്നു. തൻെറ മനുഷ്യത്വം തന്നോടുകൂടി ഐക്യത്തിൽ ഒരേയൊരു ഏകജാതനും മഹത്ത്വത്തിൻെറ കർത്താവും ആയിരുന്നതുപോലെ, അവിടുന്ന് ഐക്യത്തിൽ, സ്വഭാവേനയല്ല, മനുഷ്യപുത്രൻ എന്നു വിളിക്കപ്പെട്ടു.

വീണ്ടും, തൻെറ മനുഷ്യത്വത്തിൽ അവിടുന്ന് *പുരോഹിതൻ* എന്നു വിളിക്കപ്പെടുന്നു. കാരണം, നാം അവനിലൂടെ സത്യത്തിൻെറ അറിവിലേക്ക് ഏക

www.malankaralibrary.com



ആത്മാവിൽ ആനീതരാക്കപ്പെട്ടിരിക്കുന്നു. അവൻ നമ്മെ അന്ധകാരത്തിൻെറ ആധിപത്യത്തിൽ നിന്നു രക്ഷിച്ച് സത്യഭവനത്തിലെത്തിച്ചിരിക്കുന്നു. അവിടുന്ന് നമ്മുടെ പാപം എടുത്തുമാറ്റി തൻെറ കുരിശിൽ തറച്ചു. തൻെറ രക്തംവഴി നമുക്കു മോചനവും രക്ഷയും പ്രദാനംചെയ്തു. അവൻ തൻെറ സഭയ്ക്ക് ഉന്നതപൗരോഹിത്യം നൽകി. "എൻെറ ആടുകളെ മേയിക്കുക"(യോഹ.21:17). വി. പൗലോസ് എബ്രായരോടു പറഞ്ഞിരിക്കുന്നതുപോലെ (7:12-16): "പൗരോഹിത്യത്തിൽ മാറ്റം ഉണ്ടായതുപോലെ, നിയമത്തിലും മാറ്റം ഉണ്ടായി. കാരണം, ബലിപീഠത്തിൽ ആരും ശുശ്രൂഷ ചെയ്തിട്ടില്ലാത്ത ഗോത്രത്തിൽനിന്നു ജനിച്ചവനെപ്പറ്റിയാണ് ഇവ പറയപ്പെട്ടിരിക്കുന്നത്. നമ്മുടെ കർത്താവ് യൂദാഗോത്രത്തിൽനിന്നു ജനിച്ചു എന്നു സ്പഷ്ടമാണല്ലോ. എന്നാൽ ആ ഗോത്രത്തിൻെറ പൗരോഹിത്യത്തെപ്പറ്റി മോശ യാതൊന്നും പറഞ്ഞിട്ടില്ല".

ശാരീരിക കല്പനകളുടെ വ്യവസ്ഥിതി അനുസരിച്ചല്ല, നാശരഹിത ജീവിതത്തിൻെറ ശക്തിയാൽ, മൽക്കിസദേക്കിൻെറ ക്രമപ്രകാരം മറ്റൊരാചാര്യൻ എഴുന്നേൽക്കും എന്ന് അവൻ പറഞ്ഞതിൽനിന്ന് അതു വിശേഷവിധിയായി വ്യക്തമാണ്. വീണ്ടും, അവൻ പറയുന്നു: "ആദ്യമായി, സ്വർഗത്തിൽ മഹനീയ സിംഹാസനത്തിൻെറ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ഒരു പ്രധാനാചാര്യൻ നമുക്കുണ്ട്; അവനാകട്ടെ മനുഷ്യനല്ല, ദൈവം നിർമ്മിച്ച മദ്ബഹായുടെയും സത്യകൂടാരത്തിൻെറയും ശുശ്രൂഷകനാണ്" (8:1-2). വീണ്ടും, "അതിനെക്കാൾ മഹനീയമായ ശുശ്രൂഷ യേശുമിശിഹാ പ്രാപിച്ചിരിക്കുന്നു". വീണ്ടും, "വരാനിരിക്കുന്ന നന്മകളുടെ പ്രധാനപുരോഹിതനായി മിശിഹാ പ്രവേശിച്ചു. കൂടുതൽ മഹനീയവും പൂർണവും മനുഷ്യനിർമ്മിതമല്ലാത്തതും സൃഷ്ടവസ്തുക്കളിൽപ്പെടാത്തതുമായ കൂടാരത്തിലൂടെ എന്നേക്കുമായി ശ്രീകോവിലിൽ അവൻ പ്രവേശിച്ചു. അവൻ അവിടെ പ്രവേശിച്ച് നിത്യരക്ഷ സാധിച്ചത് കോലാടുകളുടെയോ, കാളക്കിടാങ്ങളുടെയോ രക്തത്തിലൂടെയല്ല, സ്വന്തം രക്തത്തിലൂടെയാണ്. കോലാടുകളുടെയും കാളക്കിടാങ്ങളുടെയും രക്തം തളിക്കുന്നതും പശുക്കിടാവിൻെറ ഭസ്മം വിതറുന്നതും അശുദ്ധരെ ശാരീരികമായി ശുദ്ധീകരിക്കുന്നു. എങ്കിൽ, നിത്യാത്മാവുമൂലം കളങ്കമില്ലാതെ ദൈവത്തിനു തന്നെത്തന്നെ സമർപ്പിച്ച മിശിഹായുടെ രക്തം, ജീവിക്കുന്ന ദൈവത്തെ ശുശ്രൂഷിക്കാൻ നമ്മുടെ അന്തഃകരണത്തെ നിർജീവ പ്രവൃത്തികളിൽനിന്ന് എത്രയധികമായി വിശുദ്ധീകരിക്കുകയില്ല! വിളിക്കപ്പെട്ടവർ വാഗ്ദത്തമായ നിത്യാവകാശം പ്രാപിക്കുന്നതിന് അവൻ ഒരു പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായി. കാരണം, ആദ്യത്തെ ഉടമ്പടിക്കു വിധേയരായിരിക്കെ, നിയമം ലംഘിച്ചവർക്ക് അവൻ സ്വന്തമരണത്താൽ രക്ഷയായിത്തീർന്നു"(എബ്രാ. 9:11-15). വീണ്ടും, "മനുഷ്യനിർമ്മിതവും സാക്ഷാൽ ഉള്ളവയുടെ പ്രതിരൂപ

www.malankaralibrary.com



വുമായ വിശുദ്ധ സ്ഥലത്തേക്കല്ല, നമുക്കുവേണ്ടി ദൈവസന്നിധിയിൽ നിൽക്കാൻ സ്വർഗത്തിലേക്കു തന്നെയാണ് യേശു പ്രവേശിച്ചത്. അത്, പ്രധാനപുരോഹിതൻ തൻേറതല്ലാത്ത രക്തത്തോടുകൂടെ വിശുദ്ധ സ്ഥലത്തേക്ക് ആണ്ടുതോറും പ്രവേശിക്കുന്നതുപോലെ പല പ്രാവശ്യം തന്നെത്തന്നെ സമർപ്പിക്കാനായിരുന്നില്ല. ആയിരുന്നെങ്കിൽ ലോകാരംഭം മുതൽ പല പ്രാവശ്യം അവൻ പീഡ സഹിക്കേണ്ടിവരുമായിരുന്നു. കാലത്തിൻെറ പൂർണതയിൽ തന്നെത്തന്നെ ബലിയർപ്പിച്ചുകൊണ്ട് പാപത്തെ ഇപ്പോൾ നശിപ്പിച്ചു" (9:24-26).

തിരുലിഖിതത്തിൽ പാണ്ഡിത്യമുള്ളവർക്കും വിവേചിക്കാൻ കഴിവുള്ളവർക്കും ഈ കാര്യങ്ങളെല്ലാം സുവ്യക്തവും സുസപ്ഷ്ടവും സുഗ്രാഹ്യവുമാണ്. ഐക്യത്തിൽ ക്രിസ്തുവിൻെറ മനുഷ്യത്വത്തിനു ചേരുന്നവയാണവ; ദൈവത്വത്തിനല്ല. വചനമാം ദൈവം ആത്മാവാകയാൽ അവിടുത്തേക്ക് രക്തമില്ലല്ലോ. അവിടുന്ന് അടുത്തകാലത്തല്ല സ്വർഗത്തിലേക്കു കരേറിയത്. കാരണം, അവിടുന്ന് അനന്തനാണ്. പിതാവിനെപ്പോലെയും പരിശുദ്ധാത്മാവിനെപ്പോലെയും ആകാശവും ഭൂമിയും അവനാൽ നിറയപ്പെട്ടിരിക്കുന്നു. ആലയത്തിനും അതിൽ വസിക്കുന്നവനും ഒരേ ക്നോമായും സ്വഭാവവും ആയിരിക്കുക അസാധ്യമായതുപോലെ ഒരേ ഒരു സ്വഭാവത്തിനും ക്നോമായ്ക്കും ബലി അർപ്പകനും ബലി സ്വീകരിക്കുന്നവനും ആകുക അസാധ്യമാണല്ലോ. എന്നാൽ കൂട്ടിക്കുഴച്ചിൽ കൂടാതെ ഏക പർസോപ്പായിൽ രണ്ടു സ്വഭാവങ്ങളും ഐക്യപ്പെട്ട് എന്നേക്കും നിലനില്ക്കുന്നു.

വീണ്ടും, ദാവീദിനോടുള്ള വാഗ്ദാനം അനുസരിച്ച് അവിടുന്ന് *ദാവീദിൻെറ പുത്രൻ* എന്നു വിളിക്കപ്പെടുന്നു. കാരണം, അവിടുന്ന് അവൻെറ ബീജത്തിൽ നിന്നുള്ളവനാണ്; തൻെറ മനുഷ്യത്വം ദാവീദിൻെറ വംശാവലിയിൽ നിന്നാണ്. ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "അബ്രഹാമിൻെറ പുത്രനായ ദാവീദിൻെറ പുത്രൻ" (മത്താ. 1:1). ഈശായിയുടെ പുത്രനായ ദാവീദിനെ എൻെറ ഹൃദയത്തിനൊത്ത വ്യക്തിയായി ഞാൻ കണ്ടെത്തിയിരിക്കുന്നു; അവൻ എൻെറ ആഗ്രഹങ്ങൾ നിവർത്തിക്കും. അവൻെറ വംശാവലിയിൽനിന്ന് വാഗ്ദാനമനുസരിച്ച് ഇസ്രായേലിനുവേണ്ടി യേശുവിനെ ദൈവം രക്ഷകനായി ഉയർത്തിയിരിക്കുന്നു"(നട.13:22-23). തിമോതിയിൽ അവൻ പറയുന്നു: "എൻെറ സുവിശേഷമനുസരിച്ച്, ദാവീദിൻെറ വംശാവലിയിൽ നിന്നുള്ള മരിച്ചവരിൽ നിന്നുയിർത്ത യേശുവിനെ ഓർക്കുവിൻ"(2 തിമോ. 2:8). "അവൻെറ പിതാവായ ദാവീദിൻെറ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും" എന്ന് വിശുദ്ധ കന്യകയോടു വിശുദ്ധ ഗബ്രിയേൽ മംഗലവാർത്ത അറിയിച്ചുകൊണ്ട് അവളിൽനിന്നു പരിശുദ്ധാത്മാവിനാൽ അവൻ ഉരുവാകും എന്നു വ്യക്തമാക്കിയപ്പോൾ (ലൂക്കാ 1:32) അവൻ അവിടെ വാഗ്ദാന പൂർത്തീകരണം നടത്തു

www.malankaralibrary.com



കയും സൂചനകളും നിഴലുകളും യാഥാർത്ഥ്യമാക്കുകയും ചെയ്യുകയായിരുന്നു. അവൻ അനേകം തലമുറകൾക്കുശേഷം പിറന്നവനാണെങ്കിലും അവനെ ദാവീദിന്റെ മകൻ എന്നു വിളിക്കുക തിരുലിഖിതശൈലി അനുസൃതമത്രേ. ഉദാഹരണത്തിന്: സെറുബാബേൽ "ദാവീദിന്റെ പുത്രൻ" എന്നു വിളിക്കപ്പെട്ടിരുന്നു. അബ്രഹാമിന്റെ മക്കളെന്നും യാക്കോബിന്റെ മക്കളെന്നും യഹൂദർ വിളിക്കപ്പെട്ടിരുന്നു (യോഹ. 8:37; മലാ. 3:6). ദാവീദിന്റെ മകനായ യൗസേപ്പ് (മത്താ.1:20) എന്നും കാണുന്നു.

അവിടുന്ന് തന്റെ ദൈവത്വത്തിൽ എന്നുമെന്നേക്കും നിത്യമായും, തന്റെ മനുഷ്യത്വത്തിൽ, ദൈവത്വവുമായുള്ള ഐക്യംവഴിയും രാജാവും രാജാധിരാജനും ആകയാൽ അവിടുന്ന് *രാജാവ്* എന്നും വിളിക്കപ്പെടുന്നു. തന്റെ ദൈവത്വത്തെപ്പറ്റി ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. "രാജാധിരാജാവും കർത്താധികർത്താവും, താൻ മാത്രം വ്യതിയാനാതീതനും പ്രകാശവാസിയും ആകുന്നു. അവനെ ആർക്കും സമീപിക്കാനാവില്ല. മനുഷ്യരിലാരും അവനെ കാണുകയോ, അവർക്കു കാണാൻ കഴിയുകയോ ചെയ്യുന്നില്ല" (1 തിമോ. 6:15-16). "ദൈവം ഭൂമി മുഴുവന്റെയും കർത്താവാകുന്നു; അവിടുത്തേക്കു കീർത്തനം ആലപിക്കുവിൻ" (സങ്കീ. 47:7). പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ തനിക്കുള്ള ദൈവത്വത്തിന്റേതാണ് ഇവയും ഇതുപോലുള്ളവയും. കാരണം, നിത്യമായ ആധിപത്യം അവിടുത്തേതാണ്. അവിടുന്നു തന്റെ ഹിതാനുസരണം സൃഷ്ടിയെ പരിപാലിക്കുന്നു. ഐക്യത്തിലുള്ള തന്റെ മനുഷ്യത്വത്തെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു: "അധികാരമുള്ളവൻ വരുന്നതുവരെ യുദായിൽ നിന്ന് ചെങ്കോലോ, അവന്റെ പാദങ്ങൾക്കിടയിൽനിന്നു നിയമദാതാവോ നീങ്ങിപ്പോവുകയില്ല" (ഉല്പ. 49:10). "സീയോൻ പുത്രീ, സന്തോഷിച്ചാഹ്ലാദിക്കുക, നീതിമാനും വിമോചകനും, വിനീതനുമായ നിന്റെ രാജാവ് ഇതാ, കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്തു കയറി നിന്റെ പക്കലേക്കു വരുന്നു" (സങ്കീ.9:9). മീഖാ പ്രവാചകനിൽനിന്ന്: "യൂദായിലെ ബേത്‌ലഹേമേ, നീ യൂദായിലെ പ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല, എന്തുകൊണ്ടെന്നാൽ, എന്റെ ജനമായ ഇസ്രായേലിനെ മേയിക്കാനുള്ള രാജാവ് നിന്നിൽനിന്ന് ഉദയം ചെയ്യും."(5:2). ഭാഗ്യവാനായ ദാനിയേലിൽ: "മനുഷ്യപുത്രനെപ്പോലെ ഒരാൾ വാനമേഘങ്ങളിൽ വരുന്നതു ഞാൻ ദർശിച്ചു. അവനെ പുരാതനന്റെ മുമ്പിൽ ആനയിച്ചു. സർവരാജ്യങ്ങളും ജനതകളും ഭാഷകളും അവനെ ശുശ്രൂഷിക്കുന്നതിനായി അവൻ അവന് ആധിപത്യവും കർതൃത്വവും ബഹുമാനവും നൽകി (7:13-14). "അഭിഷിക്തനായ രാജാവ് വരുന്നതുവരെ" (9:25) എന്നു തുടങ്ങിയവ. നമ്മുടെ കർത്താവ് തന്റെ ശിഷ്യരോടു പറഞ്ഞു: "നിങ്ങളാണ് എന്റെ പരീക്ഷണങ്ങളിൽ എന്നോടൊത്തുണ്ടായിരുന്നവർ. എന്റെ പിതാവ് എനിക്കു രാജ്യം

www.malankaralibrary.com



കല്പിച്ചു തന്നിരിക്കുന്നതുപോലെ ഞാൻ നിങ്ങൾക്കും തരുന്നു"(ലൂക്കാ 22: 28-29). വീണ്ടും, നീതിയില്ലാത്ത ന്യായാധിപനോട് അവിടുന്നു പറഞ്ഞു: "എൻെറ രാജ്യം ഐഹികമല്ല" എന്നിത്യാദി (യോഹ. 18:36).

വീണ്ടും, അവിടുന്ന് *കർത്താവ്* എന്നു വിളിക്കപ്പെടുന്നു. വചനമായ ദൈവത്തോടുകൂടി അവിടുന്നു സൃഷ്ടി മുഴുവൻെറയും കർത്താവത്രേ. "ദാവീദിൻെറ പട്ടണത്തിൽ *മിശിഹാ കർത്താവ്* എന്ന രക്ഷകൻ നിങ്ങൾക്കായി ഇന്നു ജനിച്ചിരിക്കുന്നു" എന്ന് ഇടയന്മാരോട് ദൂതന്മാർ അറിയിക്കയുണ്ടായല്ലോ (ലൂക്കാ 2:11). അതുപോലെ, "നിങ്ങൾ ക്രൂശിച്ച യേശുവിനെ ദൈവം, കർത്താവും മിശിഹായും ആക്കിയിരിക്കുന്നു" (നട. 2:36).

വീണ്ടും, അവിടുന്ന് *പ്രവാചകൻ* എന്നു വിളിക്കപ്പെടുന്നു. മോശ പറയുന്നു: "ദൈവമായ കർത്താവ് നിങ്ങളുടെ ഇടയിൽനിന്ന് എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങളുടെ സഹോദരന്മാരിൽനിന്ന് എഴുന്നേൽപ്പിക്കും" (ആവ. 18:15). നമ്മുടെ ഈ ലോകത്തിൻെറ അവസാനവും, വരാനിരിക്കുന്ന ലോകത്തിൻെറ നിഗൂഢതയും വിശുദ്ധർക്കായി നീക്കിവച്ചിരിക്കുന്ന നല്ല കാര്യങ്ങളും, ദുഷ്ടർക്കുള്ള ശിക്ഷയും, ലോകം മുഴുവൻ ഈ സുവിശേഷം പ്രസംഗിക്കപ്പെടാൻ പോകുന്നതും, തൻെറ പ്രഘോഷകർക്കുണ്ടാകുവാൻ പോകുന്ന ക്ലേശങ്ങളും എതിർപ്പുകളും, ചതിയൻെറ വരവും, തൻെറ ദിവ്യവ്യാപാരത്തിൽ സംഭവിക്കാൻ പോകുന്ന മറ്റെല്ലാ സംഗതികളും, തൻെറ വരവിനെപ്പറ്റിയുള്ള കാര്യങ്ങളും, അപ്പോൾ സംഭവിക്കുന്നവയും പൊതുവായ ഉത്ഥാനവും അതുപോലെയുള്ളവയും അവിടുന്നു പ്രഖ്യാപിച്ച് നമുക്ക് വെളിപ്പെടുത്തിയപ്പോൾ അവിടുന്ന് ഇതു പൂർത്തീകരിച്ചു.

വീണ്ടും, അവിടുന്ന് *ആദാം* എന്നു വിളിക്കപ്പെടുന്നു. കാരണം, തന്നിൽ വസിച്ച ദൈവസ്വഭാവംമൂലം അവിടുന്ന് ദൈവത്വത്തിൻെറ ക്രമത്തിലായിരുന്നു, ഐക്യപ്പെട്ടിരുന്നു എന്നതൊഴിച്ചാൽ അവിടുന്നു സ്വഭാവത്തിലും അതുമായി ബന്ധപ്പെട്ടവയിലും സത്യമായും ആദത്തെപ്പോലെ മനുഷ്യനായിരുന്നു. ദൈവം ആദത്തെ മണ്ണിൽനിന്നു മെനഞ്ഞു, അവൻ ജീവാത്മാവായി, അവനെ ദൈവത്തിൻെറ ഛായ എന്നു വിളിച്ചു. അതുപോലെ, ജഡത്തിലുള്ള മിശിഹാ എന്ന പുതിയ ആദാം പുരുഷസംസർഗം കൂടാതെ, വിശുദ്ധ കന്യകയും സജീവഭൂമിയും ഭാഗ്യവതിയുമായ മറിയത്തിൽനിന്നു പരിശുദ്ധാത്മാവിനാൽ രൂപീകൃതമായി, ആ രൂപീകരണത്തോടുകൂടി വചനമാം ദൈവം ഐക്യപ്പെട്ട് അവനിൽ വസിച്ചു. അവൻ ജീവാത്മാവായി തീർന്നു. തൻെറ ക്രമത്തിൽ പരിപൂർണനായിരുന്നു. തൻെറ ഉത്ഥാനാനന്തരം ജീവദാതാവായ ആത്മാവായിത്തീർന്നു. ആദ്യം ശാരീരികൻ, പിന്നെ ആത്മീയൻ (1 കൊറി. 15:46). തന്നിലുണ്ടായിരുന്ന ദൈവത്തിൻെറ സവിശേഷത ഒഴിച്ചുള്ളവയെല്ലാം, തൻെറ മുൻകുറിക്കുണ്ടായിരുന്നതു

www.malankaralibrary.com



പോലെ, അദൃശ്യനായ ദൈവത്തിൻെറ ഛായ അതിൻെറ പരിപൂർണതയിൽ അവിടുത്തേക്കുണ്ടായിരുന്നു. പ്രത്യക്ഷീകരണത്തിനു വേണ്ടിമാത്രം അവിടുന്ന് അകന്നുനില്ക്കുകയായിരുന്നില്ല. പിന്നെയോ, ദൈവപുത്രനായ മിശിഹായുടെ ഏക പർസോപ്പായുടെ ഐക്യപ്പെട്ട വാസസ്ഥലമായിരുന്നു അത്. ഭാഗ്യവാനായ പൗലോസ് പറയുന്നു: "ആദ്യമനുഷ്യനായ ആദാം ജീവൽപ്രാണിയായിത്തീർന്നു. രണ്ടാമാദാമാകട്ടെ ജീവദാതാവായ ആത്മാവായി" (45). ഒന്നാമാദാം മർത്യലോകത്തിൻെറ പിതാവായിത്തീർന്നതുപോലെ, ജഡത്തിലുള്ള മിശിഹാ എന്ന പുതിയ ആദാം ഐക്യപ്പെട്ട്, വരാനിരിക്കുന്ന ലോകത്തിൻെറ പിതാവായിത്തീർന്നു. 'ദൈവം ഇവനു മുദ്ര വച്ചിരിക്കുന്നു' എന്നിത്യാദി (യോഹ. 6:27). അതായത് മിശിഹായിലുള്ളതെല്ലാം നവസൃഷ്ടിയാകുന്നു. തൻെറ മനുഷ്യസ്വഭാവത്തിൽ നാം അവൻെറ അസ്ഥിയിലും മാംസത്തിലും നിന്നുള്ളവരാകുന്നു; അവൻെറ പൂർണതയിൽ നാം പങ്കാളികളായിത്തീർന്നു. ആദത്തിൻെറ ഭാഗമായ നാമെല്ലാം മർത്യരായിരിക്കുന്നതുപോലെ, മിശിഹായുടെ ആത്മാവിൻെറ ഭാഗമാകയാൽ നാം യഥാർത്ഥമായി അമർത്യരായിത്തീർന്നു. ഒരുവനിലൂടെ മരണവും മറ്റൊരുവനിലൂടെ മരിച്ചവരിൽ നിന്നുള്ള ഉത്ഥാനവും കൈവന്നു. (1 കൊറി. 15:21). നാം മർത്യൻെറ സാദൃശ്യം ധരിച്ചതുപോലെ, അമർത്യതയിലും അഴിവില്ലായ്മയിലും സ്വർഗത്തിൽനിന്ന്, ഐക്യപ്പെട്ട് വരാനിരിക്കുന്നവൻെറ സാദൃശ്യവും ധരിക്കും. തൻെറ കരുണയ്ക്ക് അർഹരായി ഭവിച്ച നാം അവനോടുകൂടി സ്വർഗത്തിൽ വാഴും. "ഇതാ ഞാനും ദൈവം എനിക്കു തന്ന മക്കളും" (ഏശാ .8:18).

വീണ്ടും, "ദൈവത്തിൻെറ *ഛായയും സാദൃശ്യവും*" എന്ന് ഐക്യപ്പെട്ട അവൻെറ മനുഷ്യത്വം വിളിക്കപ്പെടുന്നു: "അവൻ നമ്മെ അന്ധകാരത്തിൻെറ ആധിപത്യത്തിൽനിന്നു രക്ഷിച്ചു; ദൈവപുത്രൻെറ രാജ്യത്തിലേക്ക് അവിടുന്നു നമ്മെ കൊണ്ടുവന്നു; അവനിലാണ് നമ്മുടെ രക്ഷ. അവൻെറ രക്തത്തിൽ പാപങ്ങളുടെ മോചനവും. അവൻ അദൃശ്യദൈവത്തിൻെറ ഛായയും എല്ലാ സൃഷ്ടികളുടെയും ആദ്യജാതനും ആകുന്നു" എന്ന് എഴുതപ്പെട്ടിരിക്കുന്നു (കൊളോ. 1:13-15). "അവൻ അനേകസഹോദരന്മാരിൽ ആദ്യജാതനാകുവാൻ വേണ്ടി, തൻെറ പുത്രൻെറ ഛായയുടെ സാദൃശ്യത്തിൽ അവരെ അവൻ മുൻകൂട്ടി മുദ്രകുത്തി" (റോമാ 8:29). നാം മുകളിൽ പറഞ്ഞതുപോലെ, തനിക്കുള്ളതിലെല്ലാം സത്യമായും അവൻ അദൃശ്യദൈവത്തിൻെറ ഛായയും സാദൃശ്യവും ആകുന്നു. നരരുടെ തലവനായ ആദാം ഛായയും സാദൃശ്യവും എന്നു വിളിക്കപ്പെടുന്നതുപോലെ ഐക്യപ്പെടാതെയല്ല; കാരണം, അവൻ മാത്രമാണ് സർവസൃഷ്ടികളെയും ഐക്യപ്പെടുത്തുന്നവൻ. കൂടാതെ അവനിൽ ദൈവത്വത്തിൻെറ പൂർണതയെല്ലാം ശാരീരികമായി വസിക്കുന്നു. ഐക്യപ്പെട്ടല്ല, ആദത്തിനു ഛായ

www.malankaralibrary.com


നൽകപ്പെട്ടത്; ദൈവം തൻെറ പർസോപ്പായിൽ ഐക്യപ്പെട്ട്, ആദത്തിൻെറ ഛായയും സാദൃശ്യവും എടുത്തില്ല. എന്നാൽ ഇവിടെ ദൈവത്തിൻെറ രൂപം ദാസൻെറ രൂപം എടുത്തു. വചനമായ ദൈവത്തിന് ഉണ്ടായിരുന്നവയെല്ലാം ഐക്യപ്പെട്ടു ദാസൻെറ രൂപത്തിനു ലഭിച്ചു. ഒരാലയത്തിലെന്നവണ്ണം അതിലവൻ വസിച്ചു - പുത്രത്വം, കർതൃത്വം, ആധിപത്യം, ശക്തി, വിജ്ഞാനം എന്നു തുടങ്ങി, തൻെറ സ്വഭാവം ഒഴികെ ബാക്കിയുള്ളവയെല്ലാം തന്നോടു യോജിച്ചിരുന്ന ദൈവത്വത്തിൻേറതെല്ലാം. ഭാഗ്യവാനായ പൗലോസ് പറയുന്നതുപോലെ "എല്ലാ നാമങ്ങൾക്കും ഉപരിയായ ഒരു നാമം അവനു നൽകപ്പെട്ടു" (ഫിലി. 2:9). കല്പനലംഘനത്താൽ ഭൗമികനായ ആദാം ഛായയ്ക്കു മങ്ങലേൽപിച്ചു. മരണം അവനിൽ ആധിപത്യം പുലർത്തി, ഛായ വികൃതമായി, ഉടമ്പടി ലംഘിക്കപ്പെട്ടു; ഛായ താറുമാറായി. എന്നാൽ ജഡത്തിലുള്ള മിശിഹായിൽ സൃഷ്ടികളെല്ലാം ഒന്നിച്ചു കൂട്ടപ്പെടുന്നു, ചേർക്കപ്പെടുന്നു. ഏക സ്നേഹത്തിലും ഐക്യത്തിലും അഴിവില്ലായ്മയിലും തെറ്റിപ്പോകാത്തതും പൂർണവുമായ വിജ്ഞാനത്തിലും ഉള്ള ഏക ഉടമ്പടിയിൽ ഐക്യപ്പെടുന്നു. ഉടമ്പടി നവീകരിക്കപ്പെടുന്നു; അതിൻെറ സൗന്ദര്യം പ്രകാശിക്കുന്നു, അതിൻെറ പ്രകാശം ജ്വാല പരത്തുന്നു. അവൻെറ മുൻകുറിക്കുണ്ടായിരുന്നതെല്ലാം അവനിൽ വെളിപ്പെട്ടു. സ്വജനത്തിൻെറയും ജാതികളുടെയും മാലാഖമാരുടെയും മനുഷ്യരുടെയും രഹസ്യം അവിടെ ഐക്യപ്പെട്ട് ഒന്നിച്ചു ചേർക്കപ്പെട്ടു. അവനിൽ ഏക ആത്മാവിൽ പിതാവിലേക്ക് രണ്ടിൻെറയും ഒന്നിച്ചുചേരൽ യാഥാർത്ഥ്യമായി. രണ്ടിൽനിന്നും തന്നിൽ ഒരു പുതിയ മനുഷ്യനെ അവൻ രൂപീകരിച്ചു (എഫേ. 2:15-18).

വീണ്ടും, ഭാഗ്യവാനായ പത്രോസ് യഹൂദരോടു പറഞ്ഞതുപോലെ അവൻ *നീതിമാനും പരിശുദ്ധനും* എന്നു വിളിക്കപ്പെടുന്നു. "നീതിമാനും പരിശുദ്ധനുമായവനെ നിങ്ങൾ തള്ളിപ്പറഞ്ഞു. കൊലപാതകിയെ വിട്ടുകിട്ടുവാൻ നിങ്ങൾ യാചിച്ചു. ജീവൻെറ നാഥനെ നിങ്ങൾ കൊന്നു; എന്നാൽ ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു" (നട. 3:14-15). അതുകൊണ്ട് *പരിശുദ്ധൻ* എന്ന് അവിടുന്നു വിളിക്കപ്പെടുന്നു. അവിടുന്നു പരിശുദ്ധൻ തന്നെയാകുന്നു. അവിടുന്നു സത്യമായും പരിശുദ്ധനും വിശുദ്ധി പ്രദാനം ചെയ്യുന്നവനും ആകുന്നു. അവൻെറ രൂപീകരണത്തോടുകൂടിയത്രേ അവൻെറ പരിശുദ്ധി. "നിന്നിൽനിന്നു പിറക്കുന്നവൻ പരിശുദ്ധനാകുന്നു, ദൈവപുത്രനെന്ന് അവൻ വിളിക്കപ്പെടും" (ലൂക്കാ 1:35) എന്നും "പിതാവ് വിശുദ്ധീകരിച്ച് ഈ ലോകത്തിലേക്ക് അയച്ചവൻ" (യോഹ.10:36) എന്നും എഴുതപ്പെട്ടിരിക്കുന്നു. ഭാഗ്യവാനായ പൗലോസ് പറയുന്നു: "വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെട്ടവരും ഏകനിൽ നിന്നുള്ളവരാകുന്നു" (എബ്രാ. 2:11). കാരണം, ഉദരത്തിൽവച്ച് വചനമാം ദൈവം

www.malankaralibrary.com



എന്ന പരിശുദ്ധനുമായുള്ള ഐക്യത്താൽ, എല്ലാറ്റിനേക്കാളും ഉപരിസ്ഥമായ വിശുദ്ധി, വ്യത്യസ്തവും അവാച്യവുമാംവിധം പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെയുള്ള ഏക വിശുദ്ധിയിൽ അവനു ലഭിച്ചു; അവൻ മരിച്ചവരിൽ നിന്നുള്ള ഉത്ഥാനംവഴി എന്നേക്കും ഏകവും ശ്രേഷ്ഠവുമായ രീതിയിൽ വ്യതിയാനാതീതമായും മാറ്റമില്ലാതെയും തന്റെ ക്നോമായിൽ ഐക്യപ്പെട്ടു സ്വന്തമാക്കി.

വീണ്ടും അവനാണ് *നീതിമാൻ* "എന്തെന്നാൽ അവൻ തിന്മ പ്രവർത്തിച്ചില്ല, അവന്റെ അധരങ്ങളിൽ പാപം കാണപ്പെട്ടുമില്ല" (ഏശാ. 53:9). "നിങ്ങളിലാർക്ക് എന്നിൽ പാപം ആരോപിക്കാനാകും?" (യോഹ. 8:46). "അവൻ മരണത്തോളം അനുസരണം ഉള്ളവനായിരുന്നു". അവൻ എല്ലാ നീതിയുടെയും പൂർണത ആയിരുന്നു, അവൻ എല്ലാ നീതിയും പൂർത്തിയാക്കി. തന്റെ വംശത്തിന്റെ കടമെല്ലാം അവിടുന്നു വീട്ടി, തന്നിലുള്ള വിശ്വാസത്തിലൂടെ പാപികളെ അവിടുന്നു നീതീകരിച്ചു.

വീണ്ടും, അവിടുന്നു *പാറ* എന്നു വിളിക്കപ്പെടുന്നു. "പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു" എന്ന് എഴുതപ്പെട്ടിരിക്കുന്നു (സങ്കീ. 118:22). ഏശായാ പ്രവാചകൻ പറയുന്നു: "ഇതാ ഞാൻ സീയോനിൽ അംഗീകരിക്കപ്പെട്ട കല്ല്, അമൂല്യമായ മൂലക്കല്ല്, അടിസ്ഥാനത്തിന്റെ തലക്കല്ല് സ്ഥാപിച്ചിരിക്കുന്നു. അതിൽ വിശ്വസിക്കുന്നവരാരും ലജ്ജിക്കേണ്ടിവരികയില്ല" (28:16). വീണ്ടും ഭാഗ്യവാനായ ദാനിയേൽ പറയുന്നു: "കൈകളാൽ വെട്ടപ്പെടാത്ത ഒരു കല്ല് ഞാൻ കാണുന്നു..." (2:45). ഭാഗ്യവാനായ പൗലോസ് പറയുന്നു: "ഭവനത്തിന്റെ മൂലക്കല്ലായിത്തീർന്ന യേശുമിശിഹാ" എന്നിത്യാദി (എഫേ. 2:20). നമ്മുടെ കർത്താവുതന്നെ സാക്ഷ്യപ്പെടുത്തുന്നു: "പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നു. അതിൽ പതിക്കുന്നവൻ കഷണങ്ങളായി പൊട്ടിച്ചിതറും, അതാരുടെമേൽ വീഴുന്നുവോ അവൻ ചതഞ്ഞരഞ്ഞുപോകും" എന്ന് എഴുതപ്പെട്ടിരിക്കുന്നതിന്റെ അർത്ഥമെന്താണ്?" (മത്താ. 21:42-44). എന്തുകൊണ്ടെന്നാൽ, മൂലക്കല്ലുമായി എന്നതുപോലെ, സ്വന്തജനവും ജാതികളും ഏക വിശ്വാസത്തിലും സ്നേഹത്തിലും തെറ്റിപ്പോകാത്ത അറിവിലും ഐക്യപ്പെട്ട് ഒന്നിച്ചു ചേർക്കപ്പെടുന്നു. പരിശുദ്ധമായ ആലയത്തിനായി അവർ ബലിഷ്ഠവും ഇളകാത്തതുമായ സൗധമായി പണിയപ്പെടുന്നു. പൗലോസിന്റെ വാക്കനുസരിച്ച (എഫേ. 2:21-22) "അവനിൽ സൗധം മുഴുവൻ ഒന്നിച്ചു ചേർക്കപ്പെടുകയും കർത്താവിൽ വിശുദ്ധാലയമായി അവനിൽ പണിയപ്പെടുകയും ചെയ്യുന്നു.

വീണ്ടും അവിടുന്ന് *അപ്പം* എന്നു വിളിക്കപ്പെടുന്നു. രണ്ടു കാരണങ്ങളാലാണത്. ഒന്ന്, അവിടുന്നു ജീവൻ പ്രദാനം ചെയ്യുകയും നമ്മെ എഴുന്നേല്പി

www.malankaralibrary.com



ക്കുകയും ചെയ്യുന്നതിനാൽ. മറ്റത്, തന്റെ ശരീരരക്തങ്ങളുടെ പ്രതിരൂപമായും തന്റെ മരണത്തിന്റെ അനുസ്മരണമായും അപ്പത്തിൽ അവിടുന്നു വിശുദ്ധ രഹസ്യങ്ങൾ നൽകിയതിനാൽ. "അവിടുന്ന് അപ്പം എടുത്തു, വാഴ്ത്തി, വിഭജിച്ചു തന്റെ ശിഷ്യർക്കു നൽകിക്കൊണ്ട് അരുൾചെയ്തു. ഇത് ലോകത്തിന്റെ ജീവനുവേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു. എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഒന്നിച്ചു കൂടുമ്പോഴൊക്കെയും ഇപ്രകാരം അനുഷ്ഠിക്കുവിൻ" (ലൂക്കാ 22:19) എന്നും, "ലോകത്തിന്റെ ജീവനുവേണ്ടി മുറിക്കപ്പെടുന്ന, ഞാൻ നല്കുന്ന അപ്പം എന്റെ ശരീരമാകുന്നു"(യോഹ. 6:52) എന്നും എഴുതപ്പെട്ടിരിക്കുന്നു. ഭാഗ്യവാനായ പൗലോസ് പറയുന്നു: "നമ്മുടെ കർത്താവായ യേശു, താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ, അപ്പം എടുത്ത് ആശീർവദിച്ച് മുറിച്ചുകൊണ്ട് അരുൾചെയ്തു: വാങ്ങി ഭക്ഷിക്കുവിൻ, ഇതു നിങ്ങൾക്കായി മുറിക്കപ്പെടുന്ന എന്റെ ശരീരം ആകുന്നു...." (1 കൊറി. 11:23-24). "ഞാൻ സ്വർഗത്തിൽ നിന്നിറങ്ങിയ അപ്പമാകുന്നു" എന്നു നമ്മുടെ കർത്താവ് പറഞ്ഞതിന്റെ അർത്ഥം (യോഹ. 6:51) വെറും പ്രതീകത്തിലും ശക്തിയിലുമുള്ള അപ്പം സ്വർഗത്തിൽ നിന്നിറങ്ങി എന്നല്ല. പിന്നെയോ, "ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരം ആകുന്നു" എന്ന് അവിടുന്ന് അരുൾചെയ്തതുപോലെയാണ് (6:52). നമ്മുടെ കർത്താവിന്റെ ശരീരത്തെയാണ് 'അപ്പം' എന്ന് ഇവിടെ വിളിക്കുന്നത് എന്നു സ്പഷ്ടം. അതു സ്വർഗത്തിൽ നിന്നിറങ്ങിയതല്ല, പിന്നെയോ തിരുലിഖിതം സാക്ഷിക്കുന്നതുപോലെ, പുരുഷസംസർഗം കൂടാതെ പരിശുദ്ധാത്മാവിനാൽ ഭാഗ്യവതിയായ മറിയത്തിൽ ഉരുവായി രൂപീകരിക്കപ്പെട്ടതാണ്. പ്രകൃത്യാ ബലിപീഠത്തിൽ വയ്ക്കപ്പെടുകയും മുറിക്കപ്പെടുകയും ചെയ്യുന്ന അപ്പം ഗോതമ്പിൽ നിന്നാണ്. എന്നാൽ വൈദികന്റെ പ്രാർത്ഥനയും മാധ്യസ്ഥതയുംവഴി, പരിശുദ്ധാത്മാവിന്റെ ആവാസത്താൽ അതിനു ശക്തി ലഭിക്കുകയും ശക്തിയിലും അനുരഞ്ജനത്തിലും പാപമോചനത്തിലും അതു നമ്മുടെ കർത്താവിന്റെ ശരീരമായി തീരുകയും ചെയ്യുന്നു. സ്വർഗത്തിലുള്ള യഥാർത്ഥ ശരീരവുമായുള്ള ഐക്യത്തിൽ അത് ഏകശരീരമാണ്. പ്രകൃത്യാ യല്ല, പിന്നെയോ, അപ്പത്തിന്റെ പ്രകൃതം നിലനിർത്തിക്കൊണ്ടുതന്നെ ഐക്യത്തിൽ അതു ശരീരമാണ്; ശരീരത്തിന്റെ പ്രകൃതി നിലനിർത്തിക്കൊണ്ട് ഐക്യത്തിൽ അത് അപ്പമാണ്.

നിത്യപുത്രൻ പ്രകൃത്യാ പുത്രനാണ്; എന്നാൽ ഐക്യത്തിൽ തന്റെ മനുഷ്യത്വവും തന്നോടുകൂടി ഏകപുത്രനാണ്. തന്റെ മനുഷ്യത്വം പ്രകൃത്യാ മനുഷ്യനാണ്. എന്നാൽ തന്റെ ദൈവത്വം തന്നോടുള്ള ഐക്യം നിമിത്തം മനുഷ്യപുത്രൻ എന്നു വിളിക്കപ്പെടുന്നു; സ്വർഗത്തിലുള്ള മനുഷ്യപുത്രൻ എന്ന് എഴുതപ്പെട്ടിരിക്കുന്നു (യോഹ. 3:13). ഐക്യത്തിന്റെ പർസോപ്പാ നിമിത്തം, 'അവൻ താഴേക്കിറങ്ങി', 'അവൻ മനുഷ്യനായി', 'അവൻ ഐക്യപ്പെട്ടു' എന്നു

www.malankaralibrary.com



പറഞ്ഞിരിക്കുന്നു. അതുപോലെയാണ് അപ്പവുമായുള്ള ഐക്യം; താഴേക്കിറങ്ങി വന്ന് അത് ഐക്യത്തിലും ശക്തിയിലും മറ്റെല്ലാ കാര്യങ്ങളിലും നമ്മുടെ കർത്താവിൻെറ ശരീരമായി തീരുന്നു; എന്നാൽ പ്രകൃത്യാ അല്ല എന്നുമാത്രം. ഇക്കാരണത്താൽ, സ്വർഗത്തിൽ നിന്നിറങ്ങിയവൻെറ ഐക്യത്തിൻെറ പർസോപ്പായിലല്ലാതെ അപ്പം സ്വർഗത്തിൽ നിന്നിറങ്ങുന്നില്ലെങ്കിലും, 'അപ്പം സ്വർഗത്തിൽ നിന്നിറങ്ങുന്നു' എന്നു പർസോപ്പിക്കലായി പറയപ്പെടുന്നു. ഒരിടത്തു നിന്നു മറ്റൊരിടത്തേക്കു പോകുന്നു എന്ന മട്ടിലല്ല, പിന്നെയോ, 'അവൻ മനുഷ്യനിലായിരുന്നു' എന്ന വിധത്തിൽ അത്രേ. ഐക്യപ്പെട്ട ഈ പർസോപ്പിക പേരുകൾക്കെതിരെ അറിവില്ലാത്തവർ ഇടറിവീണു. അവർ സ്വഭാവങ്ങളും സ്വഭാവങ്ങളുടെ പ്രതീകങ്ങളും കൂട്ടിക്കുഴയ്ക്കുകയും മാറ്റിമറിക്കുകയും മറ്റും ചെയ്തു. പ്രകൃത്യാ അല്ലെങ്കിലും ഒന്നിച്ചെടുക്കുമ്പോൾ, ഐക്യത്തിൽ അപ്പം ഇപ്രകാരം ശരീരമാണ്; ഐക്യത്തിൽ ശരീരം അപ്പമാണ്, പ്രകൃത്യായല്ല. അതായത്, പുത്രനായ കർത്താവിൻെറ മനുഷ്യൻ, പുത്രനുമായുള്ള ഐക്യത്താൽ, ഏകപുത്രനാണ്, സ്വഭാവേനയല്ല. വചനമാം ദൈവം തൻെറ പർസോപ്പായിൽ താൻ എടുത്ത മനുഷ്യത്വവുമായി സ്വഭാവേനയല്ല, ഐക്യത്തിൽ മനുഷ്യപുത്രനാണ്.

വീണ്ടും, അവിടുന്ന് *മുന്തിരിവള്ളി* എന്നു വിളിക്കപ്പെടുന്നു. "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു" എന്ന് അവിടുന്ന് അരുൾചെയ്യുന്നു (യോഹ. 15:5). വീണ്ടും, "ഞാൻ യഥാർത്ഥ മുന്തിരിവള്ളിയും എൻെറ പിതാവ് കൃഷിക്കാരനും ആകുന്നു. എന്നിൽ ഫലം തരാത്ത ശാഖകളെല്ലാം അവിടുന്നു നീക്കിക്കളയുന്നു"(15:1-2). തൻെറ ശാരീരികത്വത്തിൽ താൻ ശ്ലീഹന്മാരും മറ്റു മനുഷ്യരുമായി സമസ്വഭാവം ആണെന്നു വ്യക്തമാക്കുന്നു. എന്നാൽ തൻെറ ദൈവത്വത്തെ പിതാവുമായും പരിശുദ്ധാത്മാവുമായും ചേർത്ത് 'കൃഷിക്കാരൻ' എന്ന് അവിടുന്നു വിളിക്കുന്നു. കൃഷിക്കാരനും മുന്തിരിവള്ളിയും ഏകപ്രകൃതമാകാൻ സാധിക്കാത്തതുപോലെ, മിശിഹായുടെ ദൈവത്വവും മനുഷ്യത്വവും ഏക പ്രകൃതമായിരിക്കാൻ സാധ്യമല്ല.

വീണ്ടും, അവിടുന്നു *വഴി* എന്നു വിളിക്കപ്പെടുന്നു. കാരണം ഭാഗ്യകരവും വിശ്വസനീയവുമായ ജീവിതത്തിലേക്കും, ദൈവത്വത്തെക്കുറിച്ചുള്ള അറിവിലേക്കും നാം നടന്നടുക്കേണ്ട സത്യപാത അവിടുന്നു കാട്ടിത്തരികയും നമുക്കു പാതയൊരുക്കുകയും നമുക്കു മുമ്പേ നടക്കുകയും ചെയ്യുന്നു. "എന്നിലൂടെയല്ലാതെ ആരും പിതാവിങ്കലേക്കു വരുന്നില്ല"(14:6). അതായത്, താഴ്മയിൽ, പരിത്യാഗത്തിൽ, ശാന്തതയിൽ, ദയയിൽ, പരിപൂർണസ്നേഹത്തിൽ, മറ്റു സുകൃതങ്ങളിൽ അവ അനുഷ്ഠിക്കുന്നത് തന്നിലുള്ള വിശ്വാസമാണ്. അതുവഴി നാം ത്രിത്വത്തെപ്പറ്റിയുള്ള ജ്ഞാനത്തിലേക്ക് അടുപ്പിക്കപ്പെടുന്നു. "ഞാൻ വഴിയും സത്യവും ജീവനും ആകുന്നു" എന്ന് എഴുതപ്പെട്ടിരിക്കുന്നു(14:6).

www.malankaralibrary.com



വീണ്ടും, അവിടുന്നു *വാതിൽ* എന്നു വിളിക്കപ്പെടുന്നു. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "ആടുകളുടെ വാതിൽ ഞാൻ ആകുന്നു; എന്നിലൂടെ പ്രവേശിക്കുന്നവൻ ജീവിക്കും; അവൻ അകത്തു കടക്കുകയും പുറത്തുപോകുകയും തീറ്റി കണ്ടെത്തുകയും ചെയ്യും" (10:9). തൻെറ ശരീരമാകുന്ന മറയിലൂടെ, സൗഭാഗ്യജീവിതത്തിൽ പ്രവേശിക്കാമെന്ന ആത്മധൈര്യവും വിശ്വാസവും അവനിൽ നമുക്കുണ്ട്. ആദത്തിൻെറ കല്പനലംഘനം എന്ന തെറ്റാകുന്ന താക്കോൽ കൊണ്ട് സാത്താൻ നമ്മെ അടച്ചുപൂട്ടിയ അനുതാപത്തിൻെറയും കാരുണ്യത്തിൻെറയും വാതിൽ അവിടുന്നു നമുക്കായി തുറന്നുതരുന്നു. കൗദാശികമായും സത്യവാഗ്ദാനമായും രാജ്യത്തിൻെറ വാതിലായ വിശുദ്ധ സ്നാനത്തിലൂടെ നാം ഇതിൽ പ്രവേശിക്കുന്നു. "വിശ്വസിക്കുകയും സ്നാനപ്പെടുകയും ചെയ്യുന്നവൻ രക്ഷപ്രാപിക്കും" (മർക്കോ. 16:16). "ജലത്താലും ആത്മാവാലും ജനിക്കാത്തവൻ രാജ്യത്തിൽ പ്രവേശിക്കുകയില്ല" (യോഹ. 3:5). ഈ വാതിലിലൂടെ പ്രവേശിക്കാത്തവൻ കള്ളനും കവർച്ചക്കാരനുമാകുന്നു. അവൻ എന്നേക്കും കാരാഗൃഹത്തിൽ അടയ്ക്കപ്പെടും. ഇതിലൂടെ പ്രവേശിക്കുന്നവൻ സന്തോഷവും ആനന്ദവും സൗഭാഗ്യജീവിതവും സ്വന്തമാക്കും. മിശിഹായിൽ സ്നാനപ്പെട്ടവർ മിശിഹായെ ധരിച്ചിരിക്കുന്നു (ഗലാ. 3:27).

അവിടുന്നു സഹിച്ച പീഡകളാലും നമുക്കു നൽകിയ രക്ഷയെപ്രതിയും നമുക്കു സന്തുഷ്ടി പ്രദാനം ചെയ്തതിനാലും അവിടുന്നു *കുഞ്ഞാട്* എന്നു വിളിക്കപ്പെടുന്നു. "കൊല്ലുവാനുള്ള ആടുപോലെ അവൻ കൊണ്ടുപോകപ്പെട്ടു" എന്ന് ഏശായാ സാക്ഷിക്കുന്നു(53:7). സുവിശേഷകനായ യോഹന്നാൻ സാക്ഷിക്കുന്നു: "അടുത്തദിവസം യേശു തൻെറ പക്കലേക്കു വരുന്നതു കണ്ട് യോഹന്നാൻ പറഞ്ഞു: ഇതാ, ലോകത്തിൻെറ പാപം നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്. എൻെറ പിന്നാലെ വരുന്നവൻ എന്നെക്കാൾ മുമ്പുള്ളവനാണ് എന്നു ഞാൻ ആരേപ്പറ്റി പറഞ്ഞുവോ അവൻ ഇവൻ തന്നെയാണ്" (1:29-30). അവൻ അവിടുത്തെ മനുഷ്യത്വം ദർശിക്കയും അത് അനേകരെ കാണിച്ചുകൊടുക്കുകയും ചെയ്തു എന്നതു സുവ്യക്തമായ സംഗതിയാണല്ലോ. അദൃശ്യവും അനന്തവുമായ ദൈവത്വമല്ല അവൻ ചൂണ്ടിക്കാട്ടിയത്. സ്നാപകൻെറ വാക്കനുസരിച്ച്, 'ആരും ദൈവത്തെ ഒരുനാളും കണ്ടിട്ടില്ല' (1:18). പൗലോസ് പറയുന്നു: 'ആരും ഒരുനാളും അവനെ കണ്ടിട്ടില്ല, കാണാൻ കഴിയുകയുമില്ല' (1തിമോ. 6:16). അവിടുന്നു മോശയോടു പറഞ്ഞു: "മനുഷ്യർ എന്നെ ദർശിച്ചിട്ടു ജീവിക്കുന്നില്ല" (പുറ. 33:20). തൻെറ മനുഷ്യത്വത്തിൻെറ പർസോപ്പായിൽ ഇപ്രകാരം പറഞ്ഞു: "അവിടുന്നു പാപത്തെ എടുത്തു തൻെറ കുരിശിൽ തറച്ചു (കൊളോ. 2:14). അഭക്തരായ ദൈവഘാതകർ പറയുന്നതുപോലെ, ഇതു ദൈവത്വത്തെപ്പറ്റിയല്ല. "അവിടുന്ന് ബലഹീനതയിൽ ക്രൂശിക്കപ്പെട്ടുവെങ്കിലും ദൈവത്തിൻെറ ശക്തിയാൽ എഴുന്നേറ്റു" (2 കൊറി.13:4). "അവർ അവനെ

www.malankaralibrary.com



കുരിശിൽ നിന്നിറക്കി കല്ലറയിൽ വച്ചു; എന്നാൽ ദൈവം അവനെ ഉയിർപ്പിച്ചു" (നട. 13:29-30). "നിങ്ങൾ ഈ ആലയം തകർക്കുവിൻ, മൂന്നു ദിവസംകൊണ്ട് ഞാൻ അതു പുനരുദ്ധരിക്കും" എന്ന് അവിടുന്നുതന്നെ പറഞ്ഞിരുന്നു (യോഹ. 2:19).

വീണ്ടും, അവിടുന്ന് *ഇടയൻ* എന്നു വിളിക്കപ്പെടുന്നു. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "ഞാൻ നല്ല ഇടയനാകുന്നു. നല്ലയിടയൻ തൻെറ ആടുകൾക്കുവേണ്ടി തൻെറ ജീവൻ വയ്ക്കുന്നു. എന്നാൽ ഇടയനല്ലാതുള്ളവനും ആടുകൾ തൻേറതല്ലാത്തവനുമായ കൂലിക്കാരൻ, ചെന്നായ് വരുമ്പോൾ ആടുകളെ വിട്ട് ഓടിപ്പോകുന്നു"; "ഞാൻ എൻെറ ആടുകൾക്കുവേണ്ടി എൻെറ ജീവൻ വയ്ക്കുന്നു. എന്നാൽ, ഈ തൊഴുത്തിൽ പെടാത്ത വേറെ ആടുകളും എനിക്കുണ്ട്. അവയെയും ഞാൻ അകത്തുകൊണ്ടുവരേണ്ടിയിരിക്കുന്നു" (യോഹ.10: 11-12; 15-16). അതായത്, ജാതികളിൽ നിന്നുള്ളവരും എൻെറ സ്വരം ശ്രവിക്കുന്നവരും. അവിടുത്തെ പ്രബോധനം സ്വീകരിക്കുന്നവർ എന്നർത്ഥം. അവരെല്ലാം വിശ്വാസത്തിലും സ്നേഹത്തിലും തെറ്റിപ്പോകാത്ത അറിവിലും ഒരു ആട്ടിൻകൂട്ടമായിരിക്കും. തൻെറ രക്തംകൊണ്ടു വാങ്ങിയ ബൗദ്ധിക അജഗണത്തിൻെറ യഥാർത്ഥ ഇടയനായിരിക്കും അവിടുന്ന്. "അവൻ പരമാർത്ഥഹൃദയത്തോടെ അവരെ മേയിച്ചു; കരവിരുതോടെ അവരെ നയിച്ചു" എന്നു ഭാഗ്യവാനായ ദാവീദിനെപ്പറ്റി പറഞ്ഞിരിക്കുന്നതുപോലെതന്നെ (സങ്കീ. 78:72). അവിടെ, പ്രതീകാത്മകമായി ഏകജനം; ഇവിടെ പരിപൂർണ നന്മയുടെ പൂർണത. അവിടുന്നു സത്യമായും പരിപൂർണനും, താഴ്മയും, ശാന്തതയുമുള്ളവനും കരുണാനിധിയും, ദയാമയനും, വിജ്ഞാനത്തികവും, നിരുപദ്രവകാരിയും, സത്യജ്ഞാനത്തിൻെറയും ആത്മീയധാരണയുടെയും ഉറവിടവുമാണ്. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "ജ്ഞാനത്തിൻെറയും അറിവിൻെറയും എല്ലാ നിഗൂഢ നിക്ഷേപങ്ങളും അവനിലാണ്" (കൊളോ. 2:3). അവൻ മുറിവേറ്റവരെ വച്ചുകെട്ടുന്നു, കാണാതെ പോയവയെ തേടിപ്പിടിക്കുന്നു, രോഗികളെ സുഖപ്പെടുത്തുന്നു, വഴിതെറ്റിപ്പോയവയെ തിരികെ കൊണ്ടുവരുന്നു. പച്ചയായ പുൽപ്പുറങ്ങളിൽ അവിടുന്നു നമ്മെ മേയിക്കുന്നു, ശാന്തമായ ജലാശയത്തിലേക്ക് ശ്രേഷ്ഠമായും സത്യജ്ഞാനത്തിലും നമ്മെ നയിച്ച് തൻെറ സൗഭാഗ്യകരമായ ദിവ്യരഹസ്യങ്ങളാൽ നമ്മെ സന്തുഷ്ടരാക്കുന്നു. തകർക്കുന്ന സിംഹമായ പിശാചിൻെറ വായിൽനിന്നും തെറ്റിൻെറ സന്തതികളായ ചെന്നായ്ക്കളുടെ കൈയിൽ നിന്നും അവിടുന്നു നമ്മെ പിടിച്ചെടുക്കുന്നു. ഇതാ, അവൻ നമ്മെ തൻെറ വിശുദ്ധ സഭയിൽ കർതൃകല്പനകളാകുന്ന കോട്ടകൾക്കുള്ളിൽ സംരക്ഷിക്കുന്നു.

വീണ്ടും, അവിടുന്നു *ചെങ്കോൽ* എന്നു വിളിക്കപ്പെടുന്നു. ഭാഗ്യവാനായ ദാവീദ് പറയുന്നു: "കർത്താവ് സീയോനിൽനിന്നു ശക്തിയുടെ ചെങ്കോൽ

www.malankaralibrary.com



അയയ്ക്കും. അവിടുന്നു തന്റെ എതിരാളികളുടെ മേൽ വിജയം വരിക്കും" (സങ്കീ.110:2). "തന്റെ ക്രോധദിവസത്തിൽ അവിടുന്നു രാജാക്കന്മാരെ തകർക്കും" (5). തന്നോട് ഐക്യപ്പെട്ട് യോജിച്ചിരിക്കുന്ന വചനമാം ദൈവം നിമിത്തം ചെങ്കോൽ വഹിക്കുന്നതാരാണ്? ഇതു ഭാഗ്യവാനായ ദാനിയേൽ വ്യക്തമാക്കുന്നു: "വിഗ്രഹം തച്ചുടച്ച കല്ല് ഒരു വലിയ മലയായി തീർന്നു" (2:35) - ഇതു രാജ്യത്തിന്റെ പ്രതീകമാണ്. വീണ്ടും ഭാഗ്യവാനായ ഏശായാ പറയുന്നു: "ഈശായിയുടെ കുറ്റിയിൽനിന്ന് ഒരു മുള കിളിർത്തുവരും; അവന്റെ വേരിൽ നിന്ന് ഒരു ശാഖ പൊട്ടി കിളിർക്കും. ദൈവത്തിന്റെ ആത്മാവ് അവനിൽ വന്നു വസിക്കും - വിജ്ഞാനത്തിന്റെയും, വിവേകത്തിന്റെയും അറിവിന്റെയും ശക്തിയുടെയും ധാരണയുടെയും കർതൃഭയത്തിന്റെയും ആത്മാവ്. അവൻ കാണുന്നതുപോലെ വിധിക്കുകയില്ല, കേൾക്കുന്നതുപോലെ കുറ്റപ്പെടുത്തുകയുമില്ല. അവൻ ദരിദ്രനെ സത്യത്തിൽ ന്യായം വിധിക്കും. അവൻ ഭൂമിയിലെ ദുഷ്ടനെ നീതികൊണ്ട് കുറ്റപ്പെടുത്തും. തന്റെ അധരമാകുന്ന വടി കൊണ്ട് അവൻ ഭൂമിയെ പൊടിയാക്കും. തന്റെ ചുണ്ടുകളിലെ ഉച്ഛ്വാസത്താൽ അവൻ അഭക്തരെ ഛേദിച്ചുകളയും. നീതി അവന്റെ അരപ്പട്ടയും വിശ്വസ്തത ഇടക്കെട്ടുമായിരിക്കും"(11:1-5).

ക്രിസ്തു തന്റെ ദൈവത്വത്തിലും തന്റെ മനുഷ്യത്വത്തിലും ദൈവപുത്രൻ എന്നു വിളിക്കപ്പെടുന്ന പേരുകളും സംജ്ഞകളും നാമങ്ങളും ഇവയൊക്കെയാണ്. അറിവില്ലാത്തവർക്ക് അറിവു പകരാനും വഴിതെറ്റിപ്പോകുന്നവരെ കുറ്റപ്പെടുത്താനുമാണിത്. മനുഷ്യത്വത്തിന്റേതും ദൈവത്വത്തിന്റേതും ഏക പർസോപ്പായുടെയും വ്യതിരിക്തവും വ്യത്യസ്തവും ആണെങ്കിലും അകന്നോ, വേർതിരിക്കപ്പെട്ടോ, യോജിച്ചിരിക്കാതെയോ അല്ല സ്ഥിതി ചെയ്യുന്നത്. പിന്നെയോ, ഇന്നലെയും ഇന്നും എന്നേക്കും ഒന്നായിരിക്കുന്ന ഏക കർത്താവേശുമിശിഹായുടെ ഏക സംയോജനത്തിലത്രേ. തനിക്കും തന്റെ പിതാവിനും പരിശുദ്ധാത്മാവിനും എന്നുമെന്നേക്കും മഹത്ത്വവും ബഹുമാനവും ആരാധനയും ഏറ്റുപറച്ചിലും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

—

## അധ്യായം 21

# ഐക്യത്തെ കുറിക്കുന്ന പദങ്ങൾ

*എടുക്കൽ, വാസം, ആലയം, വസ്ത്രധാരണം, സംയോജനം, ഐക്യം എന്നീ പദങ്ങളുടെയും നാമങ്ങളുടെയും അർത്ഥമെന്ത് എന്നതു സംബന്ധിച്ച്.*[12]

**മി**ശിഹായിൽ നമുക്കുള്ള ആത്മവിശ്വാസംനിമിത്തം, തന്റെ കൃപയാൽ തിരുഹിതം നമ്മിൽ പൂർത്തീകരിക്കപ്പെടാൻ, നമ്മുടെ ബലഹീനതകളിലും കുറവുകളിലും നമ്മെ അനുധാവനം ചെയ്യുന്ന അവിടുത്തെ ശക്തിയാൽ, ഈ ആരാധ്യമായ വ്യാപാരം സംബന്ധിച്ച് ദൈവശാസ്ത്രജ്ഞന്മാർ വ്യത്യസ്ത രീതികളിൽ സുചിപ്പിച്ചിരിക്കുന്ന പേരുകളും മറ്റു സംജ്ഞകളും അവയുടെ കൃത്യമായ അർത്ഥവും ഇപ്പോൾ ചുരുക്കമായി അവതരിപ്പിക്കാം. ഏക പർസോപ്പായിൽ ഇരു സ്വഭാവങ്ങളും ഇരു ക്നോമാകളും വ്യക്തവും മിശ്രിതരഹിതവുമായി യോജിച്ചിരിക്കുന്ന ആരാധ്യമായ ഐക്യത്തെ സൂചിപ്പിക്കാനാണ് എടുക്കൽ, വാസം, ആലയം, വസ്ത്രധാരണം, സംയോജനം എന്നീ സംജ്ഞകളൊക്കെ ഉപയോഗിച്ചിരിക്കുന്നത്: ഐക്യവും[13] എടുക്കലും[14] ഒന്നല്ല; കാരണം, ഈ എടുക്കൽ വാസമാണ്.[15] അങ്ങനെയല്ലെങ്കിൽ പിന്നെന്തിനാണ് രണ്ടു സംജ്ഞകൾ? എന്തുകൊണ്ടെന്നാൽ എടുക്കുന്നവയെല്ലാം, എടുക്കപ്പെടുന്നതിൽ വസിക്കുന്നില്ല. വസിക്കുന്നവയെല്ലാം ഐക്യപ്പെട്ടിരിക്കുന്നുമില്ല. ദൈവം ആദത്തിന്റെ ഒരു വാരിയെല്ല് എടുത്ത് അതിൽനിന്നു തലമുറകളുടെ മാതാവായ ഹവ്വായെ രൂപീകരിച്ചു. എന്നാൽ ആദാം അവളിൽ വസിച്ചില്ല, ഏക ഐക്യത്തിൽ അവൻ അവളോടുകൂടെ ആയിരുന്നുമില്ല. അതുപോലെ "വസ്ത്രധാരണവും, വാസവും" "ഐക്യവും"തമ്മിൽ വ്യത്യാസം ഉണ്ട്. മനുഷ്യർ വസ്ത്രം ധരിക്കുന്നതിനാൽ അവർ വസ്ത്രത്തിൽ വസിക്കുന്നെന്നോ വസ്ത്രവുമായി ഐക്യപ്പെട്ടിരിക്കുന്നെന്നോ നാം പറയാറില്ല. മത്സ്യം കടലിൽ ജീവിക്കുന്നതിനാൽ, അവ കടൽ ധരിച്ചിരിക്കുന്നു എന്നും നാം പറയാറില്ല. അതുപോലെ *"വാസവും" "ആലയവും"* തമ്മിലും അന്തരം ഉണ്ട്. മനുഷ്യരും മൃഗങ്ങളും ഭൂമിയിൽ പാർക്കുന്നു, മത്സ്യം കടലിൽ ജീവിക്കുന്നു, മറ്റു ജീവികൾ ഭൂമിയിൽ കഴിയുന്നു; എന്നാൽ ഭൂമിയും

www.malankaralibrary.com



കടലും ആലയങ്ങൾ എന്നു വിളിക്കപ്പെടുന്നില്ല. ദേവാലയങ്ങൾ കല്ലും കെട്ടിടങ്ങളും ആണെങ്കിലും, മറ്റ് കെട്ടിടങ്ങളെക്കാൾ അവയുടെ അലങ്കാരങ്ങളും അതിലെ പ്രതിഷ്ഠകളും നിമിത്തം ശ്രേഷ്ഠതരമാണ്. അവ സത്രം പോലെയോ, തൊഴുത്തുപോലെയോ മറ്റു കെട്ടിടങ്ങൾ പോലെയോ അല്ല.

അതുപോലെ *ഐക്യവും സംയോജനവും*[16] തമ്മിലും വ്യത്യാസം ഉണ്ട്. മത്സ്യം ജലവുമായും നമ്മുടെ വസ്ത്രം നാമുമായും യോജിച്ചിരിക്കുന്നെങ്കിലും നമ്മുടെ വസ്ത്രം നാമുമായി ഐക്യപ്പെട്ടിരിക്കുന്നെന്നോ, മത്സ്യം ജലവുമായി ഐക്യപ്പെട്ടിരിക്കുന്നെന്നോ നാം പറയാറില്ല. പർസോപ്പാ നിമിത്തം മത്സ്യം ജലമെന്നോ ജലം മത്സ്യമെന്നോ പറയത്തക്ക രീതിയിൽ മത്സ്യവും ജലവുംകൂടി ഏക പർസോപ്പായിൽ ഒരു വസ്തുവായി തീരുന്നില്ല; നാം നമ്മുടെ വസ്ത്രമെന്നും നമ്മുടെ വസ്ത്രം നാമെന്നും പറയത്തക്കവിധം നാം നമ്മുടെ വസ്ത്രവുമായി ഏക പർസോപ്പായിൽ ഒന്നാകുന്നില്ല. മറ്റൊന്നിനോട് ചേർന്ന് ഒരു വസ്തുവായിത്തീരുകയും[17] ചേർക്കപ്പെട്ടത് ഒരു കൂട്ടിച്ചേർക്കലായിരിക്കുകയും ഒന്ന് മറ്റൊന്നിനോടു ബന്ധപ്പെട്ടിരിക്കുന്നവയുടെ പരിമിതിയും അതേസമയം എടുക്കലും സൂചിപ്പിക്കുകയും ചെയ്യുന്നതിനെ നാം സംയോജനം എന്നാണു പറയുക. കാരണം ആത്മാവ് ശരീരവുമായും ശരീരം ആത്മാവുമായും ക്നോമിക്കലായി ഐക്യപ്പെട്ടിരിക്കുന്നു. ആത്മാവു ശരീരവുമായോ ശരീരം ആത്മാവുമായോ സംയോജിച്ചിരിക്കുന്നെന്നോ ഒന്നു മറ്റൊന്നുമായി സംയോജിച്ചിരിക്കുന്നെന്നോ, ഐക്യപ്പെട്ടിരിക്കുന്നെന്നോ നാം പറയാറില്ല. അഗ്നി വിറകിനെ കത്തിക്കുകയും ഇരുമ്പ് അഗ്നിയിൽ ചുട്ടുപഴുത്തിരിക്കുകയും ചെയ്യുന്ന ഐക്യത്തെ സംയോജനമായി ചിത്രീകരിക്കാറില്ല.

ഒരു സ്വഭാവവും സ്വയംസ്ഥിത ക്നോമായും ഒരു *സംയോജനം*[16]മാത്രമാണ് എന്നു നാം പറയുന്നില്ല; സംയോജനം ക്നോമിക സവിശേഷങ്ങളുടെ, അതായത്, ഒന്നു മറ്റൊന്നിനോട് ചേരുന്ന ഭാഗങ്ങളുടെയോ, മൊത്തവുമായി ചേരുന്ന ഭാഗത്തിൻേറയോ, വ്യത്യാസം സൂചിപ്പിക്കുന്നു. അതു സ്വഭാവം നിമിത്തമോ ക്നോമാ നിമിത്തമോ അല്ല; പിന്നെയോ, അവ പരസ്പരം സംയോജിച്ചിരിക്കുന്നതിനാലും സ്ഥലമോ സ്ഥാനമോ നിമിത്തം വേർതിരിഞ്ഞ് ഇരിക്കാത്തതിനാലും അത്രേ. കൈയിലിരിക്കുന്ന വടി നാമുമായി സംയോജിച്ചിരിക്കുന്നു എന്നു പറയാം; എന്നാൽ അവ ഒരു സ്വഭാവവും സ്വയംസ്ഥിത ക്നോമായും ആയിത്തീരുന്നില്ല. അതുപോലെ ഐക്യവും സംയോജനവും തമ്മിൽ വ്യത്യാസം ഉണ്ട്. ക്രിസ്ത്യാനികളായ നാമെല്ലാവരും ഏക വിശ്വാസത്തിലും മിശിഹായിലുള്ള ഏക സ്നേഹത്തിലും ഐക്യപ്പെട്ടിരിക്കുന്നു; എന്നാൽ ക്നോമായുടെ സാമിപ്യത്താൽ നാം പരസ്പരം സംയോജിച്ചിരിക്കുന്നില്ല; നാം പരസ്പരം കൈ

www.malankaralibrary.com



കോർത്തിരിക്കുന്നില്ല; നാമെല്ലാവരും പരസ്പരം ആശ്ലേഷിക്കുന്നില്ല; കാരണം, ഒരാൾ കിഴക്കും അപരൻ പടിഞ്ഞാറുമാണ്; നാം പരസ്പരം ആലയങ്ങളുമല്ല നാം പരസ്പരം വസിക്കുന്നുമില്ല.

കർത്താവിനോട് ചേരുന്നവൻ അവനുമായി ഏക ആത്മാവായിതീരുന്നു എന്നു പറയുന്നു എങ്കിലും, ഒരു ക്നോമാ മറ്റൊന്നുമായി ചേർന്നിരിക്കുന്നില്ല; ഐക്യത്തിൻെറ പർസോപ്പാ പൂർണമാക്കപ്പെടുകയുമല്ലവിടെ. മറിച്ച്, ഞാൻ പറഞ്ഞതുപോലെ, ഒരാൾ കിഴക്കും അപരൻ പടിഞ്ഞാറും ആയിരുന്നാലും സ്നാനം വഴിയുള്ള ആത്മീയജനനത്താലാണ് "ഏക ആത്മാവ്" എന്നു പറയുന്നത്. ഇവിടെ ആത്മീയയോജിപ്പുള്ള വിശ്വാസത്തെപ്പറ്റിയും ആത്മീയ ജനനത്തെപ്പറ്റിയും ക്രിസ്തീയ സ്നേഹത്തെപ്പറ്റിയുമാണ് പറയുന്നത്. കാരണം, അവിടുന്നാണ് നമ്മുടെ ജീവൻെറ ഉറവിടം. അവയവങ്ങൾ പോലെ നാം അവനുമായി ബന്ധിതരാണ്. നമ്മുടെ ജീവൻ പൂർണമായും അവനിൽനിന്നാണ്. എന്നാൽ ഇതു ക്നോമിക്കലോ പർസോപ്പിക്കലോ അല്ലെന്നു മാത്രം.

വീണ്ടും, സാധാരണ പ്രയോഗത്തിൽ അടുപ്പമോ, ഏതെങ്കിലും കാര്യത്തിലുള്ള പൊതുതാല്പര്യമോ നിമിത്തം "സംയോജനം"[16] എന്ന് പറയാറുണ്ട്; ഉദാ: ബുദ്ധിമാനോട് പറ്റിച്ചേരുന്നവൻ; വിഡ്ഢിയോടു ചേരുന്നവൻ. എന്നാൽ അവരുടെ ക്നോമാകൾ പരസ്പരം ബന്ധിതമാകുന്നില്ല, പരസ്പരം ആശ്ലേഷണമോ ഐക്യമോ നടക്കുന്നില്ല എന്നതു സുവ്യക്തമാണല്ലോ. അതുപോലെ സ്ഥലവ്യത്യാസം കൂടാതെ ഭാഗങ്ങളുടെ പരസ്പരസാമീപ്യമുള്ള "സംയോജനം" വാസമായി തീരുന്നില്ല, അതു പർസോപിക ഐക്യത്തെ പൂർണമാക്കുന്നുമില്ല; കാരണം, വീടിൻെറ ഭാഗങ്ങൾ പരസ്പരം ചേർന്നിരിക്കുന്നു, എന്നാൽ അവ പരസ്പരം വസിക്കുന്നു എന്നു നാം പറയാറില്ല. പുരുഷനും സ്ത്രീയും തമ്മിലുള്ള അത്യഗാധ ബന്ധത്തെ വാസം എന്നോ, അവർ പരസ്പരം വസ്ത്രം ധരിക്കുന്നെന്നോ, പരസ്പരം ആലയങ്ങളാണെന്നോ, പരസ്പരം എടുക്കൽവഴി പർസോപിക ഐക്യം സംജാതമാകുന്നെന്നോ നാം പറയാറില്ല. അതുകൊണ്ട്, *വാസം, ഐക്യം, സയോജനം* എന്നിവ തമ്മിൽ അന്തരം ഉണ്ട്: "ഞാൻ അവരിൽ വസിക്കും; ഞാൻ അവരുടെ ഇടയിൽ സഞ്ചരിക്കും" എന്നും (1 കൊറി. 6:16) "അവിടുന്നു സ്വർഗത്തിലും ജറുസലേമിലും വസിക്കുന്നു" എന്നും (ലേവ്യ. 26:12) പറയുമ്പോൾ, പർസോപ്പായുടെ ഐക്യത്തിൽ അവർ ദൈവങ്ങളോ, ദൈവം അവരോ ആകത്തക്കവിധം അവിടുന്ന് ഐക്യപ്പെട്ട്, പർസോപ്പിക്കലായി യോജിച്ചു വസിക്കുന്നു എന്ന് നാം അർത്ഥമാക്കുന്നില്ല. നാം വീട്ടിലോ കൂടാരത്തിലോ പാർക്കുമ്പോൾ നാം അവയുമായി ഐക്യപ്പെട്ടിരിക്കുന്നു, യോജിച്ചിരിക്കുന്നു. എന്നാൽ നാം വീടിനെയോ കൂടാരത്തെയോ ധരിച്ചിരിക്കുന്നു എന്നോ, അവയുമായി ഏക പർസോപ്പായായിതീരുന്നു എന്നോ നാം കരുതുന്നില്ല.

www.malankaralibrary.com



ഈ ആരാധ്യവും അത്ഭുതാവഹവും അവാച്യവുമായ ഐക്യം ഈ രീതികളിലെല്ലാം ഉള്ളതാണ്; വിശകലനാതീതവും ഉന്നതവുമായ രീതിയിൽ ഇവയേക്കാൾ ഉപരിസ്ഥവുമാണ്. കാരണം, അത് സംയോജനത്തിലും ആഴമായതത്രേ; പരിമിതിയിലല്ല, പർസോപ്പിക്കലായി വേർതിരിഞ്ഞുമല്ല; അകന്നിരുന്ന്, ഇച്ഛാരഹിതമായല്ല; പിന്നെയോ, അനന്തത പരിമിതിയിൽ കൂട്ടിക്കുഴച്ചിലോ കലർപ്പോ, കൂടിക്കലരലോ കൂടിച്ചേരലോ, ഭാഗങ്ങളായി തിരിഞ്ഞോ അല്ലാതെ സ്ഥിതി ചെയ്യുന്നു.

ഈ ഐക്യം അകന്നതല്ല; പരിമിതമായ ഐക്യമല്ല; നിർബന്ധിത ഐക്യമല്ല, അഴിവിനധീനമല്ല; പിന്നെയോ, ആരാധ്യമായ ഏക വ്യാപാരത്തിനുള്ള സ്വേച്ഛയായുള്ളതും പർസോപ്പിക്കുമാണ്. ഏക സംയോജനത്തിലും വാസത്തിലും ഉള്ളതത്രേ. എടുക്കുന്നവനും എടുത്തതും കൂടിയുള്ള ഐക്യമാണ്; ഇതു കൂട്ടിക്കുഴച്ചിൽ കൂടാതെയുള്ള സംയോജനവും അനന്തമായ വാസവുമാണ്. കാരണം, സൂര്യൻ ശോഭയുള്ള മുത്തിൽ ഐക്യപ്പെട്ടിരിക്കുന്നതുപോലെ, അനന്തമായും ഐക്യപ്പെട്ടും ദൈവം തന്റെ പരിമിത മനുഷ്യത്വത്തിൽ വസിക്കുന്നു. "എടുക്കൽ"[14] എന്നത് പ്രത്യേക സവിശേഷതകളുള്ള വ്യത്യസ്ത സ്വഭാവങ്ങളെ കൃത്യമായി സൂചിപ്പിക്കുന്നു: എടുത്ത ഉന്നത പ്രകൃതി എടുക്കപ്പെട്ട താഴ്ന്ന പ്രകൃതിക്ക്, തന്റെ സ്വന്തം പർസോപ്പാ കൊടുത്ത് ഐക്യപ്പെട്ടു. ഏക പുത്രത്വത്തിലും കർതൃത്വത്തിലും ഒന്ന് മറ്റൊന്നുമായി ഒന്നായിരിക്കുന്നു. അങ്ങനെ ആ താഴ്ന്ന പ്രകൃതി ദൈവത്വത്തിന്റെ ക്രമത്തിൽ ശ്രേഷ്ഠമാംവിധം ഉന്നതമായിരിക്കുന്നു. വീണ്ടും, 'വാസം', 'വസ്ത്രധാരണം' എന്നിവ അനന്തമായ ഐക്യത്തെ സൂചിപ്പിക്കുന്നവയാണ്. യോജിക്കപ്പെട്ടതിനെ പുറത്തുനിന്ന് കൂട്ടിച്ചേർത്തതല്ല എന്നും സൂചിപ്പിക്കുന്നു. 'സംയോജനം' സ്വഭാവങ്ങളുടെ വ്യത്യാസത്തെ കുറിക്കുന്നതാണെങ്കിലും, അവിടുന്ന് തന്റെ മനുഷ്യത്വത്തിൽ ഐക്യപ്പെട്ടും അനന്തമായും ആണ് വസിച്ചത്. ധരിച്ചവൻ സൃഷ്ടവസ്തുക്കൾക്ക് അഗോചരനത്രേ; വസ്ത്രം ധരിക്കുമ്പോൾ ശരീരം പൊതിഞ്ഞിരിക്കുന്നതിനാൽ മറഞ്ഞിരിക്കുന്നു. എന്നാൽ വ്സത്രവും ശരീരവും അകന്നല്ല കഴിയുക. വസ്ത്രം ധരിക്കുന്നവനുമായി ചേർന്ന് യോജിച്ചിരിക്കുന്നതുപോലെ ഇവിടെയും സംയോജിതമായും സന്നിഹിതമായും ഇരിക്കുന്നു. എന്നാൽ ശരീരത്തിൽ മാത്രം കഴിയുന്നതും ശാരീരികാവയവങ്ങളിൽ മാത്രം ഐക്യപ്പെട്ട് പ്രവർത്തിക്കുന്നുതമായ ആത്മാവുപോലെ ഈ ഐക്യം പരിമിതമല്ല. ആത്മാവും ശരീരവും പരസ്പര ബന്ധിതമാണ്. ഒന്നു മറ്റൊന്നിനെ കൂടാതെ സ്ഥിതി ചെയ്യുന്നില്ല; പുരുഷനും സ്ത്രീയും ഐക്യപ്പെട്ടിരിക്കുന്നതുപോലെ പ്രവർത്തനത്തിലോ ഉപയോഗത്തിലോ ഉള്ള വ്യത്യാസം മാത്രമല്ല. അഥവാ, പരസ്പരം ബന്ധിതരോ ഒന്നിച്ചു പ്രവർത്തിക്കുന്നവരോ തമ്മിലുള്ള ബന്ധംപോലെയുമല്ല. അവർ വ്യത്യസ്ത

www.malankaralibrary.com



രാണ്, ഏക പർസോപ്പാ ആയി തീരുന്നില്ല; ഐക്യത്തിൽ ഒന്നു മറ്റൊന്നായി - വസിക്കുന്നവനും വാസഗൃഹവും ആയി - തീരുന്നില്ല.

നമുക്കു വീണ്ടും ഈ പേരുകളുടെ വിശദീകരണത്തിലേക്കു മടങ്ങാം. അതിനു വളരെ പ്രസക്തിയുണ്ട്. പ്രയോജനപ്രദമായവ പഠിക്കുന്ന അനുവാചകർക്ക് ഇതുകൊണ്ട് മനംമടുപ്പ് ഉണ്ടാകാൻ ഇടയില്ല. തനിക്കും മറ്റുള്ളവർക്കും ഉപകാരപ്രദമായി എഴുതുവാൻ പാടുപെട്ട എഴുത്തുകാരന് മനംമടുപ്പ് ഉണ്ടായില്ലെങ്കിൽ ആവശ്യക്കാരൻ എന്തിനു താമസിക്കുന്നു. എന്നാൽ ആവശ്യക്കാരനല്ലെങ്കിൽ അവൻ അപ്പക്കഷണം മുറുമുറുപ്പു കൂടാതെ വിശക്കുന്നവർക്കു നല്കട്ടെ.

പാഷണ്ഡരിൽ മിക്കവരും തങ്ങളുടെതന്നെ നാശത്തിനായി ഈ പേരുകളിൽ തട്ടി ഇടറിവീണു. അവരിൽ ചിലർ നമ്മുടെ കർത്താവിനെ *വെറും ഒരു മനുഷ്യൻ* എന്നു വിളിച്ചു. അവൻ *ഒരാലയവും വാസവും* എന്നു പറഞ്ഞു. *മറ്റ് ഏതു മനുഷ്യനെയുംപോലെ* അവിടുന്ന് പുത്രനും ആദ്യജാതനും അഭിഷിക്തനുമാണ് എന്നു ജല്പിച്ചു. തന്റെ മനുഷ്യത്വത്തിൽ ഐക്യപ്പെട്ട് വസിച്ച തന്റെ ദൈവത്വത്തെ അവർ നിഷേധിച്ചു. മറ്റു ചിലർ അഭക്തമായി മാറ്റത്തെപ്പറ്റിയും ആരംഭത്തെപ്പറ്റിയും പറയുന്നു; അവർ *എടുക്കൽ* നിഷേധിക്കുന്നു. ഇക്കാരണത്താൽ "ദൈവത്തിന്റെ ഛായ, ദാസന്റെ ഛായ എടുത്തു" എന്ന് തിരുലിഖിതം സംസാരിക്കുകയും വ്യക്തമാക്കുകയും ചെയ്തു (ഫിലി.2:7).

വീണ്ടും, രണ്ടു സ്വഭാവങ്ങളുടെയും സവിശേഷതകൾ ഐക്യപ്പെട്ടിരിക്കുന്നെന്നും, ഏക പർസോപ്പായെപ്പറ്റിയാണെന്നും വിശുദ്ധ പിതാക്കന്മാർ തങ്ങളുടെ വിശ്വാസപ്രമാണത്തിൽ വ്യക്തമാക്കി: "അവൻ ജഡം ധരിച്ചു മനുഷ്യനായി" എന്ന് അവർ പറഞ്ഞു. ദൈവം വ്യതിയാനവിധേയനാണെന്നോ, മാറ്റത്തിന് അധീനൻ ആണെന്നോ പറയുന്നവരെയൊക്കെ അവർ പുറംതള്ളി. ഈ "വാസം" മറ്റു മനുഷ്യരിലെപ്പോലെ അല്ലെന്നും, ഇവിടെ മാറ്റമോ കൂട്ടിക്കുഴച്ചിലോ ഇല്ലെന്നും മറിച്ച്, നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, മുൾപ്പടർപ്പിലെ തീയും, തീയിലെ മുൾപ്പടർപ്പുംപോലെ ഏക പർസോപ്പായിൽ യോജിച്ച് ഐക്യപ്പെട്ടിരിക്കുന്നു.

വീണ്ടും, "എടുക്കുന്നവനും" "എടുത്തതും" സമ്പൂർണ ക്നോമാകളുടെ കൃത്യമായ സവിശേഷതകൾ വ്യക്തമാക്കുന്നു: ദൈവത്തിന്റെ രൂപം: ത്രിത്വത്തിലെ ക്നോമാകളിൽ ഒരുവൻ, വചനമാം ദൈവം; ദാസന്റെ രൂപം, മാനുഷിക ക്നോമാകളിൽ ഒന്ന്, ഐക്യപ്പെട്ട മനുഷ്യൻ, യേശു. അവനെ വചനമാം ദൈവം തന്റെ സ്വന്തം പർസോപ്പായിലേക്കു സ്വീകരിക്കുകയും തന്റെ വെളിപാടിനുവേണ്ടി അവനിൽ വസിക്കുകയും ചെയ്തുകൊണ്ട് ശ്രേഷ്ഠതപ്പെടുത്തി.

www.malankaralibrary.com



എടുത്തവന് എടുക്കപ്പെട്ടതിൻെറ പ്രകൃതം ഉണ്ടായിരിക്കുക അസാധ്യം, എടുക്കപ്പെട്ടതിന് എടുത്തവൻെറയും. അതുകൊണ്ട് എടുക്കപ്പെട്ടതിന് എടുത്തവൻ മൂലം കൈവന്ന മഹനീയതയും ഇതു സൂചിപ്പിക്കുന്നു. അതുകൊണ്ടാണ് വിശ്വാസപ്രമാണത്തിൽ പിതാക്കന്മാർ "ഉയർത്തി" "എടുത്തു" എന്നു പറഞ്ഞിരിക്കുന്നത്. കല്ലോ, പതിരോ മറ്റെന്തെങ്കിലുമോ നാം എടുത്തിട്ട് ദൂരെയെറിയുന്നു; ആദത്തിൻെറ വാരിയെല്ലെടുത്ത് തലമുറകളുടെ അമ്മയായ ഹവ്വായ്ക്ക് രൂപം കൊടുത്തതുപോലെ മറ്റു ചിലവ ഉപയോഗത്തിനായി നാം എടുത്ത് രൂപാന്തരപ്പെടുത്തുന്നു; പിന്നെ കളയുന്നു. അവയൊന്നും ഐക്യത്തിനും വസ്ത്രധാരണത്തിനും എടുക്കുന്നതല്ല. അതുപോലെയല്ല ഈ വാസവും വസ്ത്രധാരണവും ആലയവും. മറ്റുള്ളവയ്ക്ക് സൂചിപ്പിക്കാൻ കഴിയാത്തവ ഇവയോരോന്നും സൂചിപ്പിക്കുന്നു. ഇവയെല്ലാം ഏതാണ്ട് ഒരുപോലെയാണെങ്കിലും, ഇവയ്ക്കെല്ലാം അല്പസ്വല്പ വ്യത്യസ്തമായ അർത്ഥമുണ്ട്.

നാം നേരത്തെ പറഞ്ഞതുപോലെ ഒന്നു മറ്റൊന്നിലാണ് എന്ന് "വാസം" സൂചിപ്പിക്കുകയും വ്യക്തമാക്കുകയും ചെയ്യുന്നു. കൂടാതെ, പുറത്തുനിന്ന്, പരിമിതരീതിയിൽ, താനെടുത്ത് തൻെറ പർസോപ്പായോട് ചേർത്ത് മഹത്ത്വീകരിച്ച ദാസൻെറ രൂപവുമായി ദൈവം ബന്ധിതനായി എന്നല്ല എന്നതും വ്യക്തമാക്കുന്നു. സ്വഭാവങ്ങൾ തമ്മിൽ കൂടിക്കലരുകയോ സമ്മിശ്രപ്പെടുകയോ ചെയ്തില്ല, കൂടിക്കലർന്ന് ഐക്യമുണ്ടായതല്ല എന്നത് *സംയോജനം* എന്ന പദം സൂചിപ്പിക്കുന്നു. കർത്താവിൻെറ മനുഷ്യൻ 'വസ്ത്രം' എന്നു പറയുന്നതുവഴി, "വസ്ത്രം ബാഹ്യമാത്രമായി അവനുമായി ഐക്യപ്പെട്ടിരിക്കുന്നു, അവൻ അതിനുള്ളിലാണ്, പരിമിതനാണ്, ബന്ധിതനാണ്" എന്നൊന്നും അർത്ഥമില്ല. കാരണം, വസ്ത്രവും ധരിക്കുന്നവനും ചേർന്ന് ഐക്യം ഉണ്ടാകുന്നില്ല. കൂടിക്കലർന്നുള്ള ഐക്യം വാസമാകുന്നില്ല; കാരണം, പരസ്പരം ചേർന്നിരിക്കുന്ന ഭാഗങ്ങൾ കൊണ്ടുണ്ടാക്കിയ ഭവനത്തിൽ ഭാഗങ്ങൾ ഒന്നു മറ്റൊന്നിൽ വസിക്കുന്നു എന്നു നാം പറയാറില്ല. അവ പരസ്പരം പരിമിതപ്പെടുത്തുന്നതും പരിധിയുള്ളതും ആണ്. പുറത്തുനിന്നുള്ള ആളാണ് അതിനു രൂപം നൽകുന്നത്; പണിയുന്നയാൾ അവയെ കൂട്ടിച്ചേർക്കുന്നു എന്നു മാത്രം. അവയ്ക്ക് ചേതനയില്ല. അവയുടെ യോജിപ്പ് സ്വേച്ഛയാ അല്ല.

പിതാവിനെപ്പോലെയും പരിശുദ്ധാത്മാവിനെപ്പോലെയും അനന്തനായ വചനമാം ദൈവം തൻെറ മനുഷ്യത്വത്തിൽ സ്വന്ത ഇഷ്ടത്താൽ വസിച്ചു; അപരിമിതമാംവിധം, നിർബന്ധത്താലെയല്ല, കൂട്ടിച്ചേർത്തല്ല, വസ്ത്രം ബാഹ്യമാത്രമായി മനുഷ്യൻ ധരിക്കുന്നതുപോലെയുമല്ല; പിന്നെയോ, ദൈവത്തിൻെറ രൂപത്തിലായിരുന്നവൻ, ദാസൻെറ രൂപം എടുത്തു: രൂപത്തിൽ രൂപം. ഐക്യപ്പെട്ട മനുഷ്യനിൽ ദൈവം. അവനെ ഉയർത്തി തൻെറ പർസോപ്പായോടുകൂടി

www.malankaralibrary.com



ചേർത്തു. മുൾപ്പടർപ്പിന്റെയും അഗ്നിയുടെയും ദൃഷ്ടാന്തംപോലെ ഏക ഐക്യത്തിൽ, അവൻ അതിൽ കാണപ്പെടുവാൻ തന്നെ.

കാരണം, അഗ്നി, മുൾപ്പടർപ്പിനെ ധരിച്ചു. മുൾപ്പടർപ്പ് അഗ്നികൊണ്ട് നിറഞ്ഞിരുന്നു. അതിനു പുറത്തായിരുന്നു അതിന്റെ ജ്വാല. അതുപോലെ വചനമാം ദൈവം തന്റെ സ്വഭാവത്തിന്റെ അനന്തതയിൽ എല്ലായിടത്തും ഉണ്ട് - എഴുതപ്പെട്ടിരിക്കുന്നതുപോലെ സ്വർഗത്തിലും എല്ലായിടത്തും-എങ്കിലും ഭൂമിയിലായിരുന്നപ്പോൾ തന്റെ മനുഷ്യത്വത്തിൽ എന്നേക്കുമായി ഐക്യപ്പെട്ട് അവിടുന്നു വസിക്കുന്നു; ഇപ്പോൾ അതു സ്വർഗത്തിലാണ്. ഐക്യപ്പെട്ട് അവിടെയും അതിൽ വസിക്കുന്നു. എന്നാൽ ആകാശവും ഭൂമിയും തന്നാൽ നിറഞ്ഞിരിക്കുന്നു. തന്റെ മനുഷ്യത്വത്തിൽ വസിച്ചുകൊണ്ടായിരിക്കും അവിടുന്ന് വരാനിരിക്കുന്നത്.

അതും ഇതും വ്യത്യസ്തമായിരുന്നിട്ടും അത് ഇതായും ഇത് അതായും തീരത്തക്കവണ്ണമുള്ള തന്റെ ഐക്യവും ഏക പർസോപ്പായിലേക്ക് തന്റെ മനുഷ്യത്വത്തിലുള്ള പ്രത്യേകമായ വാസവും എപ്രകാരമാണ് വിവരിക്കുന്നതെന്ന് നോക്കാം: മനുഷ്യത്വത്തിന്റെ പേരുകളും ഐക്യപ്പെട്ടുകൊണ്ട് അവൻ സ്വയം സ്വീകരിച്ചു: "സ്വർഗത്തിലിരിക്കുന്ന മനുഷ്യപുത്രൻ" - (യോഹ. 3:13). മുകളിൽ തെളിയിച്ചതുപോലെ ഐക്യത്തിന്റെ പർസോപ്പായിൽ നിന്നാണ് ഈ സംജ്ഞ. അവൻ തന്റെ മനുഷ്യത്വത്തിന്റെ പർസോപ്പായിൽനിന്നു പറയുന്നു: "മനുഷ്യപുത്രൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ടു കഴിയുമ്പോൾ" (8:28). അവൻ സ്വർഗത്തിലായിരിക്കുകയും അനന്തമായി അവന്റെ സ്വഭാവം എല്ലായിടത്തും ആയിരിക്കുകയും ചെയ്യുമ്പോൾ, അവനെങ്ങനെയാണ് ഭൂമിയിൽനിന്ന് ഉയർത്തപ്പെടുക? "അവർ മനുഷ്യപുത്രനെ ഏല്പിച്ചുകൊടുക്കുകയും കൊല്ലുകയും ചെയ്യും; എന്നാൽ മൂന്നാംനാൾ അവൻ ഉയിർത്തെഴുന്നേല്ക്കും" (മത്താ.20:19). "സ്വർഗത്തിൽ നിന്നിറങ്ങിയ മനുഷ്യപുത്രൻ" എന്നും "സ്വർഗത്തിൽ" എന്നും പറയപ്പെടുന്നെങ്കിലും ദൈവസ്വഭാവം കൊല്ലപ്പെട്ടില്ല. "സ്വർഗത്തിൽ നിന്നിറങ്ങിയ അപ്പം ഞാനാകുന്നു" (യോഹ.6:51). ഐക്യത്തിന്റെ പർസോപ്പായിൽനിന്നാണിത് - അവിടുന്നു പറഞ്ഞതുപോലെ, "ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ ശരീരമാകുന്നു" (6:52). ഇതാ, അവന്റെ ശരീരം സ്വർഗത്തിൽനിന്നിറങ്ങിയില്ല; പിന്നെയോ അതു പരിശുദ്ധാത്മാവ് രൂപീകരിച്ചതാണ്, കന്യകാമറിയത്തിന്റെ പ്രകൃതിയിൽനിന്ന് എടുത്തതാണ്. അത് അതിന്റെ സ്വഭാവത്താലേ അനന്തമല്ല; അതു കല്ലറയിൽ അടയ്ക്കപ്പെട്ടല്ലോ. വചനമാം ദൈവം മുറിക്കപ്പെട്ടില്ല, കാരണം, അവിടുന്ന് അരൂപിയാണ്. അവൻ തന്റെ സ്വഭാവത്തിൽ പരിമിതനായി പാർത്തില്ല; അവൻ "ധരിച്ചവനും" വസ്ത്രവും അവനു ബാഹ്യമായിരുന്നു.

www.malankaralibrary.com



ആകാശവും ഭൂമിയും അവനെക്കൊണ്ടു നിറഞ്ഞിരിക്കുന്നു; ഒന്നും അവനെ പരിമിതപ്പെടുത്തുന്നില്ല. എന്നാൽ മുകളിൽ കാണിച്ചതുപോലെ, അവൻ ഐക്യപ്പെട്ടു തൻെറ മനുഷ്യത്വത്തിൽ വസിക്കുന്നു. അതുകൊണ്ട് അവിടുന്ന് അപരിമിതനും കൂട്ടിച്ചേർക്കൽ കൂടാത്തവനുമാണ് എന്നതു സുവ്യക്തം. അതുകൊണ്ട് അവനു സ്വാഭാവികവും ക്നോമികവുമായ ഐക്യം ഉണ്ടാകാൻ സാധിക്കുകയില്ല. മറിച്ച് ഇത് സ്വേച്ഛയാ ഉള്ളതും പർസോപ്പിക്കുമാണ്. അവൻ അതിനെ തൻെറ പർസോപ്പായിലെടുത്ത് തനിക്കുള്ളത് അതിനു നല്കി: "അവൻ മനുഷ്യരുടെ സാദൃശ്യത്തിലായിത്തീർന്നു; രൂപത്തിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു" (ഫിലി.2:7). ഒന്ന് മറ്റൊന്നിൽ, എന്നാൽ കൂട്ടിച്ചേർത്തല്ല. എല്ലാ നാമങ്ങളേക്കാളും ശ്രേഷ്ഠമായ നാമം ഐക്യപ്പെട്ട്, അകന്നല്ലാതെ തൻെറ മനുഷ്യത്വം സ്വീകരിച്ചു. എന്നാൽ ചുട്ടുപഴുത്ത ഒരു ലോഹക്കഷണംപോലെ, സ്വഭാവങ്ങൾ തങ്ങളുടെ ഐക്യപ്പെട്ട ക്നോമാകളുടെ സവിശേഷതകളിൽ കൂട്ടിക്കുഴച്ചിൽ കൂടാതെ സംരക്ഷിക്കപ്പെട്ടു.

ഈ നാമവും ഈ ഐക്യപ്പെട്ട പ്രവർത്തനവും ഉള്ള എല്ലാറ്റിനേക്കാളും ഉപരിസ്ഥമാണ് ഈ വാസവും ഈ ഐക്യവും ഈ സംയോജനവും. ഈ ഒരേ ഐക്യപ്പെട്ട പർസോപ്പാ ഒരേ സമയം അനന്തവും പരിമിതവും ആയിരിക്കുക എന്നതും, രൂപീകൃതമായതും പരിമിതവുമായ പ്രകൃതം അനന്തമായതിനോട് പ്രത്യേകമാംവിധം ഐക്യപ്പെട്ട് യോജിച്ചിരിക്കുകയും അതേസമയം എല്ലാറ്റിലും സ്ഥിതിചെയ്യുകയും ചെയ്യുക എന്നതും, ഏക പുത്രത്വത്തിലും, ഏക ശക്തിയിലും, ഏക ഇച്ഛയിലും, ഏക അധികാരത്തിലും, ഏക കർതൃത്വത്തിലും, പരിമിതിയുള്ളത് അപരിമേയമായതിനോട് ഒന്നായിതീരുകയും, അത് ആലയവും വസ്ത്രവും, 'പുത്രനും' ആയിരിക്കുകയും ചെയ്യുക എന്നതും മനുഷ്യമനസ്സിന് അഗ്രാഹ്യമായ സംഗതിയത്രേ.

തൻെറ അനന്തമായ പ്രകൃതത്തിൽ അവിടുന്ന് എല്ലായിടത്തും സ്ഥിതിചെയ്യുന്നു. എന്നാൽ ഏക പുത്രത്വത്തിൻെറ ഐക്യത്തിൽ അവൻ ഇവിടെ പുത്രനിൽ വസിക്കുന്നു. "മോശ തൻെറ ഭവനം മുഴുവനിലും വിശ്വസ്ത ദാസനായി കാണപ്പെട്ടു; എന്നാൽ മിശിഹായാകട്ടെ ഭവനത്തിൽ പുത്രനായിരുന്നു" (എബ്രാ. 3:5-6). "അവനിൽ ദൈവത്വത്തിൻെറ പൂർണത മുഴുവൻ ശാരീരികമായി വസിച്ചു; അവൻ അദൃശ്യദൈവത്തിൻെറ സാദൃശ്യമാണ്" (കൊളോ. 2:9; 1:5). ഈ കാര്യങ്ങൾ അവാച്യവും അപഗ്രഥനാതീതവുമത്രേ. കാരണം, അദൃശ്യനായവൻെറ ഛായയായി മറ്റതു തീരുകയും ഒന്നിനെ മറ്റൊന്നു ധരിക്കയും ചെയ്യുന്ന തരത്തിലുള്ള മറ്റൊന്നും ഇല്ല. മറ്റൊന്നിനെയും ഈ പേരിൽ വിളിക്കാനും സാധ്യമല്ല.

www.malankaralibrary.com



ഇതു കുറേക്കൂടി വിശദീകരിക്കേണ്ടതുണ്ട്. കാരണം, ഇത് അടിയന്തിര പ്രാധാന്യമുള്ള കാര്യമത്രേ. "വസ്ത്രധാരണം" ഒന്ന്; "ആലയം" മറ്റൊന്ന്; "സംയോജനം" വേറൊന്ന്; "ഐക്യം" മറ്റൊന്ന്. ഇവിടെ ഇവയെല്ലാം എല്ലാറ്റിലും അഗ്രാഹ്യവും അത്ഭുതാവഹവുമായ രീതിയിൽ ഉണ്ട്. ഇവ വിവരണാതീതവുമത്രേ. ഇപ്രകാരം, നമ്മുടെ കർത്താവിൻെറ മനുഷ്യൻ വിളിക്കപ്പെടുന്നു - ദൈവത്വം മനുഷ്യത്വത്തിൽനിന്ന് വേർപെട്ടല്ല എന്നതിൻെറ സൂചന മാത്രമല്ല, അംബാസിഡർ കണക്കെ, ദൈവത്വത്തിൻെറ പർസോപ്പാ മനുഷ്യത്വം വിദൂരത്തിൽ വഹിക്കയല്ല, പിന്നെയോ, യോജിച്ചാണ് എന്നു സൂചിപ്പിക്കുന്നു - ദൈവത്വത്തിൻെറയും മനുഷ്യത്വത്തിൻെറയും സവിശേഷതകൾ കൂട്ടിക്കുഴച്ചിൽ കൂടാതെ സംരക്ഷിക്കപ്പെടുന്നു - ഈ ഐക്യം കൂടിച്ചേരലല്ല, നിർബന്ധിച്ച് ചേർത്തുണ്ടാക്കിയതുമല്ല എന്നും സൂചന നല്കുന്നു.

ഒരു ഭവനത്തിൻെറ ഭാഗങ്ങൾ പരസ്പരം ആലയമാണെന്നു പറയാറില്ല. മറ്റുള്ളവയെ "ആലയം" എന്നും വാസസ്ഥലമെന്നും കൂടാരം എന്നും, വ്യതിയാന വിധേയമായ അർത്ഥത്തിൽ ഗേഹം എന്നു വിളിക്കുന്നതുപോലെയല്ല അവിടുത്തെ മനുഷ്യത്വത്തെ ആലയം എന്നു വിളിക്കുക. പിന്നെയോ, അവിടുന്നു സത്യമായും യഥാർഥ ആലയം ആണ്. അതിൻെറ മുൻസൂചനയെന്നവണ്ണം പ്രതീകാത്മകമായിട്ടാണ് മുമ്പുള്ളവയൊക്കെ ഈ പേരിനാൽ വിളിക്കപ്പെട്ടത്. അവിടുത്തെ ആരാധ്യവും ഐക്യപ്പെട്ടതുമായ ആലയം ഒരിക്കലും മാറ്റപ്പെടുകയോ, തന്നിൽനിന്നു നീക്കപ്പെടുകയോ ചെയ്യുന്നില്ല. മുമ്പുണ്ടായിരുന്ന മഹാപുരോഹിതന്മാർ, ആദ്യജാതന്മാർ, രാജാക്കന്മാർ തുടങ്ങിയ അഭിഷിക്തർ, നമ്മുടെ ജീവൻെറ ഉറവിടവും നമ്മുടെ ദൈവവുമായ മിശിഹാ എന്ന സത്യസ്വരൂപൻെറ പ്രതീകങ്ങളായിരുന്നതുപോലെ, ഈ യഥാർഥമായ ആലയത്തിൻെറ, നിത്യസത്യത്തിൻെറ, പ്രതീകാത്മ പരാമർശങ്ങളായിരുന്നു മുമ്പുണ്ടായിരുന്ന ആലയങ്ങളൊക്കെ. അവനിൽ ദൈവത്വത്തിൻെറ പൂർണത വസിച്ചു. കാരണം, വചനമാം ദൈവം അവനെ ഐക്യപ്പെടുത്തി തൻെറ പർസോപ്പായിലേക്ക് എടുത്തു. ത്രിത്വത്തിൻെറ സ്വഭാവത്തിൻെറയും ഇച്ഛയുടെയും ഏകത്വത്താൽ, പിതാവും പരിശുദ്ധാത്മാവും പരസ്പരം അനന്തമായും കൂട്ടിക്കുഴച്ചിലെന്യേയും അവനിൽ വസിക്കുന്നു. പിതൃപുത്ര പരിശുദ്ധാത്മാവ് ഏക യാഥാർഥ്യവും ഏക ഇച്ഛയും ഏക ശക്തിയും ഏക കർതൃത്വവും ഏക അധികാരവുമാകുന്നു.

വചനമാം ദൈവം മനുഷ്യത്വവുമായി ഐക്യപ്പെട്ടതിനാൽ, അവൻ മാംസമായി നമ്മുടെ ഇടയിൽ ഐക്യപ്പെട്ടു വസിച്ചു എന്നു പറയുന്നു. എങ്കിലും, ഒരു ബൗദ്ധികാലയത്തിൽ എന്നവണ്ണം, തൻെറ ഐക്യപ്പെട്ട മനുഷ്യത്വത്തിൽ, സ്വഭാവത്തിൻെറയും ഇച്ഛയുടെയും അനന്തതയുടെയും ഏക യോഗത്താൽ, ത്രിത്വം

www.malankaralibrary.com



മുഴുവൻ വസിക്കുകയും, എന്നേക്കും ഏക ആരാധനയിൽ ആരാധിക്കപ്പെടുകയും ചെയ്യുന്നു. തൻെറ ആലയത്തോടുകൂടി ഏക യോജിപ്പിൽ വചനമാം ദൈവത്തിന് ഏക ആരാധനയാണ്. ത്രിത്വം മുഴുവൻ പുത്രൻെറ മനുഷ്യത്വത്തിൽ ആരാധിക്കപ്പെടുന്നു: ഐക്യപ്പെടാത്ത പിതാവും ഐക്യപ്പെട്ട പുത്രനും, ഐക്യപ്പെടാത്ത പരിശുദ്ധാത്മാവും. പുത്രൻെറ ആലയമാകുന്ന മനുഷ്യത്വം അവനോടുകുടി ഏക ഐക്യത്തിൽ, ഐക്യപ്പെടാത്ത പിതാവിനോടും ഐക്യപ്പെടാത്ത പരിശുദ്ധാത്മാവിനോടുംകൂടി ആരാധിക്കപ്പെടുന്നു. വചനമാം ദൈവത്തിനു തൻെറ ഐക്യപ്പെട്ട ആലയത്തോടുകൂടി, ഐക്യപ്പെടാത്ത പിതാവിനോടും ഐക്യപ്പെടാത്ത പരിശുദ്ധാത്മാവിനോടുംകൂടി എന്നുമെന്നേയ്ക്കും ഏക ആരാധനയും ഏക കർതൃത്വവും ഏക ആധിപത്യവുമത്രേ.

ദൈവത്തിൻെറ "ആലയം" എന്നു പലതും വിളിക്കപ്പെടുന്നുണ്ട്. ദൈവം അവിടെ വസിച്ചതായി കരുതപ്പെടുകയും ചെയ്യുന്നു. എങ്കിലും ഇക്കാര്യത്തിൽ വെളിച്ചം പകർന്ന്, മനുഷ്യത്വത്തിൽ ഐക്യപ്പെട്ടു വസിച്ച ദൈവത്വത്തെ നിഷേധിക്കുന്ന അജ്ഞരുടെ മുമ്പിലുള്ള ഇടർച്ച നീക്കിക്കളയാം. തങ്ങളുടെ ദൈവദൂഷണത്തിൽ അവർ ഇപ്രകാരം പറയുന്നു: "മനുഷ്യരും വീടുകളും ആലയം എന്നു വിളിക്കപ്പെടുന്നു" - വിശ്വാസധ്വംസകരേ, രണ്ടും ഒരുപോലെയല്ല എന്നു ഗ്രഹിക്കുവിൻ. ദേവാലയം എന്നു പലതും അറിയപ്പെട്ടു: അവൻ ജറുസലേമിലും അവിടുത്തെ ആലയത്തിലും, സ്വർഗത്തിലും, ഭവനത്തിലും വസിച്ചു എന്നൊക്കെ പറയപ്പെടുന്നു. "നിങ്ങൾ ദൈവത്തിൻെറ ആലയമാണെന്ന് നിങ്ങൾ അറിയുന്നില്ലേ?" (1 കൊറി. 3:16) എന്നും, "ഞാൻ അവരുടെ ഇടയിൽ പാർക്കുകയും അവരുടെ ഇടയിൽ വ്യാപരിക്കുകയും ചെയ്യും" (2കൊറി. 6:8) എന്നും എഴുതപ്പെട്ടിരിക്കുന്നുവല്ലോ. എങ്കിലും ഒരേ പേര് ഒരേ കാര്യമല്ല വിവക്ഷിക്കുക എന്നു ഗ്രഹിക്കണം. യാഥാർത്ഥ്യം, ജീവൻ, അഭിഷിക്തൻ, ആദ്യജാതൻ, പുത്രൻ, ശരീരം, മനുഷ്യൻ എന്നിവ ഒരേ അർത്ഥത്തിലല്ല മനസിലാക്കേണ്ടത്. അതുപോലെയാണിതും. ജറുസലേമിലുള്ള ഒരു ഭവനം "ആലയം" എന്നറിയപ്പെടുന്നു - "ശെമഓനും യോഹന്നാനും ഒൻപതാം മണിക്ക് പ്രാർത്ഥിക്കാനായി ദേവാലയത്തിലേക്കു പോകുമ്പോൾ... " (നട.3:1). അതുപോലെ ക്രിസ്ത്യാനികളായ നമ്മുടെ പള്ളികളും മദ്ബഹാകളും "ദേവാലയങ്ങൾ" എന്ന് വിളിക്കപ്പെടുന്നു. അവിടെ ദൈവത്തിനർപ്പിക്കുന്ന ആരാധന നിമിത്തവും, അർപ്പണം സ്വീകരിക്കുന്ന അവിടെയുള്ള വൈദികർ നിമിത്തവും വിശ്വാസികളുടെ സമൂഹത്തോട് അവിടെനിന്ന് പ്രഘോഷിക്കപ്പെടുന്ന ദൈവവചനം നിമിത്തവും, അവിടെ ആഘോഷിച്ചു പൂർത്തീകരിക്കപ്പെടുന്ന നമ്മുടെ രക്ഷയുടെ ദിവ്യരഹസ്യങ്ങൾ നിമിത്തവും ആണത്. "ദന്തംകൊണ്ടുള്ള മനോഹരാലയങ്ങളിൽ നിന്നു രാജകുമാരിമാർ അവിടുത്തെ മഹത്ത്വപ്പെടുത്തും" എന്നു പ്രവചനത്തിൽ

www.malankaralibrary.com



രേഖപ്പെടുത്തിയിരിക്കുന്നു (സങ്കീ. 45:8-9). ഗ്രീക്ക് പതിപ്പനുസരിച്ച്, "മനോഹര ദേവാലയത്തിൽനിന്ന്, എൻെറ സന്നിധിയിൽനിന്ന്, അവർ നിന്നെ സന്തുഷ്ടനാക്കി" എന്നാണ്. - അതിൻെറ സുറിയാനി പതിപ്പാണ് നമുക്കുള്ളത്. ദൈവ ഭവനാംഗങ്ങളായ വിശ്വാസികളും "ആലയങ്ങൾ" എന്നു വിളിക്കപ്പെടുന്നു. ഒന്നാമതായി വിവിധ വരങ്ങളിലൂടെ അവരിലുള്ള പരിശുദ്ധാത്മ കൃപകളാൽ, രണ്ടാമതായി, ജീവൻെറ സുവിശേഷം അവരിലുടെ അറിയപ്പെടുകയും പ്രഘോഷിക്കപ്പെടുകയും ചെയ്യുന്നതിനാൽ; അവൻെറ പ്രത്യേക പരിഗണനയിൽ, തൻെറ നിഗൂഢമായ ഔന്നത്യം അവരിലൂടെ വെളിപ്പെടുന്നതിനാൽ: "ദൈവം യൂദായിൽ അറിയപ്പെടുന്നു; ഇസ്രായേലിൽ അവിടുത്തെ നാമം മഹനീയമാകുന്നു", (സങ്കീ. 76:1)എന്നും, "ദൈവം പുരാതന പിതാക്കന്മാരോടു വിവിധ രീതികളിലും വിവിധ ഘട്ടങ്ങളിലും സംസാരിച്ചു" (എബ്രാ.1:1) എന്നും, "സഭയിലൂടെ ദൈവത്തിൻെറ ബഹുമുഖജ്ഞാനം, സ്വർഗീയ ഇടങ്ങളിലുള്ള ശക്തികൾക്കും അധികാരങ്ങൾക്കും വെളിപ്പെടുത്തപ്പെട്ടു" (എഫേ.3:10) എന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ, പാപം ചെയ്തവരുടെ മനസ്സാക്ഷിയെ ശുദ്ധീകരിക്കാൻ കഴിയാഞ്ഞ ബലികളും നൈവേദ്യങ്ങളും നിരസിക്കപ്പെടുകയും ജറുസലേമിലെ ആലയം വിജനമാകുകയും ചെയ്തു. ആദ്യത്തേതിനെക്കാൾ ശ്രേഷ്ഠമായ, സത്യപ്രത്യാശ നമ്മുടെ പക്കലേക്ക് അടുത്തുവന്നു. മുകജന്തുക്കളുടെ രക്തത്തിനു പകരം ബൗദ്ധികവും സജീവവും ജീവദായകവുമായ കുഞ്ഞാടിൻെറ രക്തം, തൻെറ രക്തം ചിന്തലിലും തൻെറ ഓരോ പ്രവൃത്തിയിലും ഹാബേലിൻേറതിനേക്കാൾ ശ്രേഷ്ഠമായി ലോകപാപം നീക്കുകയും നമുക്കു മോചനം നൽകുകയും ചെയ്തു. ഇതു നിമിത്തവും ഇതിനുവേണ്ടിയും നമ്മുടെ ഓർമ്മയ്ക്കായി, തൻെറ മഹനീയമായ പ്രത്യക്ഷീകരണംവരെ, നമ്മുടെ കടങ്ങളുടെ മോചനത്തിനും സത്യത്തിലുള്ള നമ്മുടെ വളർച്ചയ്ക്കുമായി, തൻെറ ശരീരം നിരന്തരം രഹസ്യാത്മകമായി തൻെറ സഭയിൽ അർപ്പിക്കപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, മുൻസൂചനകളും പ്രതീകങ്ങളും അവസാനിച്ചു; യാഥാർഥ്യം ഇതാ സമാഗതമായിരിക്കുന്നു.

ആലയങ്ങൾ എന്ന പൊതുപേര് ഒന്നാണെങ്കിലും അവയിലെ പ്രവർത്തനങ്ങൾ വൈവിധ്യമാണ്. ഇവിടെ ഈ വാസത്തിലും ആരാധ്യമായ ഐക്യത്തിലും അതുപോലെയല്ല. ഇത് ഐക്യപ്പെട്ട ആലയമാണ്; ഇതിൽ വസിക്കുന്നയാൾ മാറ്റം കൂടാതെ, ആരാധ്യമാംവിധം അവനോടു കൂടെയാണ്, എന്നേയ്ക്കും അവനിലാണ്. അതുകൊണ്ട്, ദൈവപുത്രനായ മിശിഹായുടെ മനുഷ്യത്വം അതുല്യമാംവിധം മഹനീയമായി, ദൈവപുത്രനായ മിശിഹായുടെ ദൈവത്വത്തിൻെറ ആലയമാണ്. ഞാൻ പറഞ്ഞതുപോലെ, അവനിൽ എല്ലാ പൂർണതയും വസിക്കുന്നു: അതായത്, ഐക്യപ്പെട്ടും വ്യക്തിപരമായും

www.malankaralibrary.com



ദൈവസ്വഭാവം, വചനമാം ദൈവം; ഏക കർതൃത്വത്തിലുള്ള അനന്ത സ്വഭാവത്തിന്റെയും അധികാരപൂർവമുള്ള ഇച്ഛയുടെയും ഏകത്വം നിമിത്തം പിതാവും പരിശുദ്ധാത്മാവും. എന്നാൽ പിതാവും പരിശുദ്ധാത്മാവും അവനിൽ ഐക്യപ്പെട്ടും പർസോപ്പിക്കലായും വസിക്കുന്നില്ല; പിന്നെയോ, സ്വഭാവത്തിന്റെയും ഇച്ഛയുടെയും ഏകത്വം നിമിത്തം. നിരവധി രീതികളിൽ ഇതു മുകളിൽ വിശദീകരിച്ചിട്ടുള്ളതാണല്ലോ. എങ്കിലും ഐക്യപ്പെടാത്ത പിതാവിനോടും ഐക്യപ്പെടാത്ത പരിശുദ്ധാത്മാവിനോടും കൂടെ ദൈവത്വത്തിന്റെ തലത്തിൽ, നമ്മുടെ കർത്താവിന്റെ ആലയമായ മനുഷ്യൻ അവനോടുകൂടെ സൃഷ്ടി മുഴുവനാലും ബഹുമാനിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്നു. "ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാ മുട്ടുകളും മടങ്ങും" (ഫിലി. 2:10). കാരണം, ഐക്യപ്പെട്ട് എന്നേക്കുമായി അവൻ അവനിൽ വസിക്കുന്നു. ഏക ആരാധനയിൽ ദൈവത്തോടുകൂടി അവൻ ബഹുമാനിക്കപ്പെടുന്നു. അവന്റെ ആലയം വ്യതിരിക്തവും ബഹുമാനത്തിൽ ഉന്നതവും അതുല്യമാംവിധം ബഹുമാന്യവും ആരാധ്യവും. ആലയങ്ങൾ എന്നു വിളിക്കപ്പെടുന്ന എല്ലാറ്റിനെക്കാളും മഹനീയവും ശ്രേഷ്ഠവും ആണ്. അവയൊക്കെ പ്രതീകം യാഥാർഥ്യവുമായി എന്നപോലെ പ്രവാചകാത്മകമായി പ്രതീകങ്ങളും നിഴലുകളും കടന്നുപോകുന്ന ആലയങ്ങളും താല്ക്കാലിക കുടാരങ്ങളും സാധാരണമായുള്ള ബഹുമാനത്തിനർഹങ്ങളും മാത്രമായിരുന്നു. തന്നിൽ ഐക്യപ്പെട്ടും മാറ്റമില്ലാതെയും അഭേദ്യമായും എന്നേക്കുമായും വസിച്ച ദൈവത്വം നിമിത്തം നമ്മുടെ കർത്താവിന്റെ മനുഷ്യൻ ശരിയായും ഐക്യപ്പെട്ടും ആരാധ്യമായ ആലയമായിരുന്നു. അവനതിൽ എന്നേക്കും ഏക ബഹുമാനത്തിൽ പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ വസിക്കുന്നതിനാൽ അവന്റെ ആലയത്തിൽ അവൻ ആരാധിക്കപ്പെടുന്നു, അവന്റെ ആലയം ഏക ആരാധനയിൽ വ്യക്തിപരമായി ആരാധിക്കപ്പെടുന്നു. അതിന്റെ രൂപീകരണത്തിന്റെ ആരംഭം മുതൽ അവൻ അതിലായിരുന്നു; അമർത്യത, വ്യതിയാനരാഹിത്യം, അഴിവിനതീതം എന്നു തുടങ്ങിയ എല്ലാ മഹനീയ സംഗതികളിലും, ഐക്യത്തിൽ അവൻ അതിനെ പരിപൂർണമാക്കി.

തന്റെ അനന്തതയിൽ ദൈവം എല്ലായിടത്തും ആണ്; ആകാശവും ഭൂമിയും അവനാൽ നിറഞ്ഞിരിക്കുന്നു. അവയൊന്നും അവനെ പരിമിതപ്പെടുത്തുന്നില്ല. എന്നാൽ ഈ മനുഷ്യൻ പ്രത്യേകമാംവിധം, ഐക്യപ്പെട്ട്, എന്നേയ്ക്കും ഒരാലയമായത് എങ്ങനെയെന്ന് അതിൽ വസിച്ചവനിൽനിന്നും സുവിശേഷകന്റെ വിവരണത്തിൽനിന്നും നമുക്കു കേൾക്കാം: "ഈ ആലയം തകർക്കുവിൻ, മൂന്നു ദിവസങ്ങൾക്കുശേഷം ഞാൻ അതിനെ പണിയും" (യോഹ. 2:19). സുവിശേഷകൻ അതു വ്യക്തമാക്കുന്നു; ഇടിയുടെ സ്വർഗീയ പുത്രൻ

www.malankaralibrary.com



സൃഷ്ടി മുഴുവനോടും വിളംബരം ചെയ്യുകയും ചെയ്യുന്നു. കാതുകൾക്ക് പരിച്ഛേദനം ഇല്ലാത്തവരുടെയും ഇരുട്ടിൻെറയും തെറ്റിൻെറയും ദുഷ്ടതയുടെയും വഴികൾകൊണ്ട് ചെവി അടഞ്ഞുപോയവരുടെയും കാതുകൾ തുറക്കപ്പെടുന്നതിനുവേണ്ടിയായിരുന്നു അത്. "അവൻ തൻെറ ശരീരമായ ആലയത്തെപ്പറ്റിയാണ് പറഞ്ഞത്" (2:21). "തൻെറ ശരീരമായ ആലയം" എന്നു പറഞ്ഞപ്പോൾ ഐക്യപ്പെട്ട വ്യത്യാസവും, മഹനീയമായ യോജിപ്പും എത്ര ശ്രേഷ്ഠമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത് എന്നു ശ്രദ്ധിക്കുക. നമ്മുടെ ശരീരം നമുക്കു നമ്മുടെ ആത്മാവിനോടുകൂടെ നമ്മുടേതായിരിക്കുന്നതുപോലെ ഐക്യപ്പെട്ട ഏക പർസോപ്പായിൽ ഈ ശരീരം അവിടുത്തെ ശരീരം തന്നെയാണ്;- നമ്മുടെ ഐക്യം നിർബന്ധിതവും സ്വാഭാവികവും ആണ്; ഇക്കാര്യം മുകളിൽ വിശദീകരിച്ചതാണല്ലോ. ഈ ആലയം പ്രത്യേകമാംവിധം ദൈവവചനത്തിൻേറതാണ്. ഈ ശരീരം അവിടുത്തേതു മാത്രമാണ്; അനന്തത, പരിമിതിയിൽ; എന്നേയ്ക്കും ഏക യോജിപ്പിൽ. അത് നമ്മുടെ കർത്താവേശുമിശിഹായുടെ ഏക പർസോപ്പായിൽ അവിടുത്തെ വാസഗേഹമാണ്.

സ്വാഭാവികവും ക്നോമികവുമായ ഐക്യത്തിൽ ആത്മാവും ശരീരവും ഒന്നിച്ചിരിക്കുന്നതുപോലെ, ഇതു സ്വഭാവികവും പരിമിതവും, സഹനവിധേയവുമായ വാസവും ഐക്യവും അല്ല. പാഷണ്ഡികൾ അഭക്തമായി പറയുന്നതുപോലെ, ദൈവത്തെ പരിമിതവും സഹനവിധേയവുമാക്കാതിരിക്കാൻ നാമിത് അനേക തവണ പറഞ്ഞിട്ടുള്ളതത്രേ. ആത്മാവും ശരീരവും ചേർന്ന പരിമിതാലയമായ മനുഷ്യനും, സ്വഭാവത്തിൽ അനന്തവും സഹനാതീതവുമായ ആത്മാവായി വസിക്കുന്നവനും ഒരേ സ്വഭാവവും, ഒരു സംയുക്ത ക്നോമായും ആയിരിക്കുക സാധ്യമല്ല. അവിടെ, കൂട്ടിക്കുഴച്ചിലോ, കൂടിച്ചേരലോവഴി അവയുടെ സവിശേഷതകൾ ഒന്നായിത്തീരുകയോ, കലരുകയോ, ഇല്ലാതാകുകയോ ചെയ്യുക അസാധ്യമാണ്. കാരണം ഈ ഐക്യപ്പെട്ട സ്വഭാവത്തിൽ വസിക്കുന്നവനും വാസഗേഹവും വേർതിരിക്കപ്പെടുന്നില്ല. അവ അപ്രകാരമല്ലെങ്കിൽ സർവത്ര കുഴാമറിച്ചിലായിരിക്കും ഫലം: ആലയം അതിൽ വസിക്കുന്നവനാകും; അതിൽ വസിക്കുന്നവൻ, ആലയമാകും. ഉയിർത്തെഴുന്നേറ്റവനും എഴുന്നേല്പിച്ചവനും ഒന്നാകും; എടുക്കപ്പെട്ട ദാസൻെറ രൂപം, എടുത്ത, ദൈവത്തിൻെറ രൂപമാകും. വസിച്ചവൻ വാസസ്ഥലമാകും. ഇത് അസാധ്യമെന്നു മാത്രമല്ല, തികച്ചും തെറ്റും അഭക്തവുമാണ്. സവിശേഷതകൾ ഇല്ലെങ്കിൽ, സ്വഭാവങ്ങളില്ല; ഒന്നിച്ചുചേർന്ന സ്വഭാവങ്ങളില്ലെങ്കിൽ ഐക്യമില്ല.

'വസ്ത്രം' എന്ന പദം സംബന്ധിച്ചും ഇങ്ങനെതന്നെ. നമ്മുടെ കർത്താവിൻെറ മനുഷ്യത്വം അപ്രകാരം വിളിക്കപ്പെടുന്നുണ്ടല്ലോ. വസ്ത്രം ധരിക്കുന്നവനും വസ്ത്രവും ഏകസ്വഭാവവും ക്നോമായും അല്ലെന്നുള്ള കാര്യം നേരത്തെ

www.malankaralibrary.com



വ്യക്തമാക്കിയിട്ടുള്ളതാണല്ലോ. കൂടാതെ, നേരത്തെ വിവരിച്ചതുപോലെ, മറഞ്ഞിരിക്കുന്നുവനെ, ഐക്യത്തിൽ കാണപ്പെടുന്നതിലൂടെ തിരുലിഖിതം നമുക്കു കാട്ടിത്തരുന്നു. ഐക്യപ്പെട്ട മനുഷ്യത്വത്തിൽ മറഞ്ഞിരിക്കുന്ന പുത്രനാം ദൈവം അപഗ്രഥനാതീതനാണ്; വസ്ത്രത്തിൽ പൊതിയപ്പെട്ട് മറഞ്ഞിരിക്കുന്ന അവയവങ്ങൾ കാണാൻ കഴിയാത്തതുപോലെയാണിത്. വസ്ത്രം പുറമെ കാണപ്പെടുന്നതാണ്; എന്നാൽ വസ്ത്രം ധരിച്ചിരിക്കുന്നവൻ തന്റെ സ്വഭാവത്തിൽ വസ്ത്രത്തിൽനിന്നു വ്യതിരിക്തനാണ്. വസ്ത്രവും അതു ധരിക്കുന്നവനും ഒരു സ്വഭാവവും ഒരു ക്നോമായും ആയിരിക്കുക അസാധ്യമാണ്. പട്ടാളക്കാരനും അവൻ ധരിക്കുന്ന പടച്ചട്ടയും ഒരു സ്വഭാവവും ഒരു ക്നോമായും അല്ലല്ലോ. അവൻ അതു ധരിക്കുന്നു, അവന്റെ ശാരീരികാവയവങ്ങൾ അതിനുള്ളിൽ മറഞ്ഞിരിക്കുന്നു; എന്നാൽ പട്ടാളക്കാരൻ ആയുധം ധരിച്ച് സുസജ്ജനായിരിക്കുന്നു എന്നത്രേ നാം പറയുക. "അവൻ ജഡം ധരിച്ചു മനുഷ്യനായി" എന്നാണ് വിശുദ്ധ പിതാക്കന്മാർ തങ്ങളുടെ വിശ്വാസപ്രമാണത്തിൽ പറഞ്ഞിരിക്കുന്നത്: വചനമാം ദൈവത്തെ പൊതിഞ്ഞ രാജകീയ പട്ടുവസ്ത്രമാണ് തന്റെ ആരാധ്യമായ ശരീരത്തിലെ അവയവങ്ങൾ. ഭാഗ്യവതിയായ കന്യകാമറിയത്തിന്റെ ശരീരത്തിൽനിന്നു പരിശുദ്ധാത്മാവ് സുരക്ഷിതമായി മെനഞ്ഞു രൂപീകരിച്ചതാണ് ആ ശരീരം. അവളിൽ മെനഞ്ഞ നിമിഷത്തിൽ തന്നെ എന്നേക്കുമായി, വേർതിരിവു കൂടാതെ, ശരിയായി ഐക്യപ്പെട്ട്, അവൻ ഇതു ധരിക്കുന്നു. ആത്മാവും ശരീരവുമുള്ള ഈ വസ്ത്രം തന്റെ മനുഷ്യത്വത്തിന്റെ ക്നോമായാണ്.

എല്ലാ മനോഹാരിതയിലും മഹനീയമായ അമർത്യതയിലേക്ക് ശാരീരിക രക്തത്താൽ മനുഷ്യത്വമാകുന്ന ക്നോമാ പവിത്രീകൃതമായി. അതായത്, ജീവദായകമായ കുരിശിലെ പീഡനത്താൽ: "അവൻ തന്റെ വസ്ത്രം വീഞ്ഞിൽ കഴുകും; മുന്തിരിച്ചാറിൽ തന്റെ മേലങ്കിയും. പീഡനം നിമിത്തം അവന്റെ കണ്ണുകൾ വീഞ്ഞിനെക്കാൾ ചുവന്നതാണ്". തന്റെ ഉത്ഥാനാവസരം, "അവന്റെ പല്ലുകൾ പാലിനെക്കാൾ വെണ്മയുള്ളതാണ്" (ഉല്പ. 49:11-12). ക്നോമാ മുഴുവനെപ്പറ്റിയുമാണ് "പല്ലുകൾ" എന്ന ഒരു ഭാഗത്തെപ്പറ്റി പറയുമ്പോൾ സൂചിപ്പിക്കുന്നത്. സുഗന്ധദ്രവ്യങ്ങൾ പുരട്ടി തുണിയിൽ പൊതിഞ്ഞ് കല്ലറയിൽ വയ്ക്കപ്പെട്ടത് ഇതാണ്. എന്നാൽ തന്നിലുള്ള ദൈവത്വത്തിന്റെ ശക്തിയാൽ മൂന്നാംദിവസം ഉത്ഥാനം ചെയ്തു: "നിന്റെ വസ്ത്രം മുഴുവൻ മൂരുകൊണ്ടും കുന്തിരിക്കംകൊണ്ടും സുഗന്ധദ്രവ്യങ്ങൾകൊണ്ടും സുഗന്ധപൂരിതമായിരിക്കുന്നു" (സങ്കീ. 45:8). അതായത്, നിന്റെ ശാരീരികാവയവങ്ങളെല്ലാം. സുവിശേഷകൻ സാക്ഷിക്കുന്നതുപോലെ, നമ്മുടെ കർത്താവിന്റെ മനുഷ്യന്റെ മരണത്തിൽ ഇവയെല്ലാം യാഥാർഥ്യമായി: "അവർ മീറായും ചെന്നിനായകവും ചേർന്ന സുഗന്ധദ്രവ്യങ്ങൾ കൊണ്ടുവന്നിരുന്നു; അവർ അവനെ സുഗന്ധദ്രവ്യ

www.malankaralibrary.com



ങ്ങൾ പൂശി കച്ചയിൽ പൊതിഞ്ഞു കല്ലറയിൽ വച്ചു" (യോഹ. 19:39-40). ഇതൊന്നും തൻെറ ദൈവത്വത്തിനു ചെയ്തതല്ല. കാരണം, അവൻ ആത്മാവാണ്; പിന്നെയോ മൂന്നു ദിവസങ്ങൾക്കുശേഷം അവിടുന്ന് ഉയിർപ്പിച്ച ആലയത്തിനാണ് ചെയ്തത്; എന്നാൽ ആലയത്തിനുണ്ടായ അവമാനം തൻേറതായിരുന്നു. കാരണം, അത് അവിടുത്തെ വസ്ത്രമായിരുന്നു,

രാജാവിൻെറ വസ്ത്രം കീറുമ്പോൾ രക്തം ചിന്തപ്പെടുന്നില്ല; കാരണം, രാജകീയവസ്ത്രം കീറുമ്പോൾ രാജാവിൻെറ ക്നോമായെ അതു സ്പർശിക്കുന്നില്ല. എന്നാൽ അതു രാജാവിനെ അവമാനിക്കുന്നതിനു തുല്യമാണ്. അതുപോലെ, വചനമാം ദൈവം തൻെറ സ്വഭാവത്തിൽ അമർത്യനും സഹനാതീതനുമാണ്. അവിടുന്നു പിതാവിനെപ്പോലെയും പരിശുദ്ധാത്മാവിനെപ്പോലെയും പ്രകാശവും ജീവനും അഴിവിനതീതനും അദൃശ്യനും ആകയാൽ പീഡനവിധേയനല്ല, ഒരുപദ്രവും അവിടുത്തെ സമീപിക്കുകയില്ല; എങ്കിലും കുരിശിൽ തറച്ചവർ തൻെറ വസ്ത്രത്തിനും ആലയത്തിനുമേല്പിച്ച അവമാനം തൻേറതായിരുന്നു. കാരണം, ഐക്യപ്പെട്ട് അവൻ അതിൽ വസിച്ചു. അവൻ തൻെറ വസ്ത്രം എടുത്തു. അതായത്, തൻെറ വസ്ത്രം ധരിച്ചവൻ, താല്ക്കാലികമായി എടുത്തതല്ല, അത് തന്നിൽനിന്ന് അന്യമായി നിന്നില്ല, പിന്നെയോ, തന്നോട് ഐക്യപ്പെട്ടിരുന്നു.

മുകളിൽ പറഞ്ഞതുപോലെ, ഇക്കാരണത്താൽ "അവൻ എടുത്തു" എന്ന് പിതാക്കന്മാർ പറഞ്ഞിരിക്കുന്നു; പ്രത്യേകിച്ച് താനുമായി സമസ്വഭാവമല്ലാത്തതായിരിക്കുമ്പോൾ തന്നോടുകൂടി ഏകസ്വഭാവവും ഏക ക്നോമായും ആക്കാൻ കഴിയുംവിധമോ, അഥവാ, തൻെറ ക്നോമായോടുകൂടി മറ്റെന്തോ കൂട്ടിച്ചേർത്തു എന്ന വിധമോ, തൻെറ ഉത്ഭവകേവലത്വത്തിൽ അവൻ അതേ ക്നോമാ ആയിരുന്നെന്നോ എന്നവിധം "എടുത്തു" എന്നല്ല അതിനർത്ഥം. എടുത്തവൻ എടുക്കപ്പെട്ടതുമായി ഒരു സ്വയംസ്ഥിത ക്നോമാ ആയിരിക്കുക അസാധ്യമാണ്. പിതാവിനേപ്പോലെയും പരിശുദ്ധാത്മാവിനെപ്പോലെയും, എടുത്തവൻ തൻെറ പരിപൂർണവും അനന്തവുമായ അസ്തിത്വത്തിൽ സ്ഥിതി ചെയ്തിരുന്നു. പിന്നെങ്ങനെ അനന്തപ്രകൃതത്തിൽ കൂട്ടിച്ചേർക്കൽ സാധിക്കും? അക്കാരണത്താലാണ് ഇത് 'ഐക്യം' എന്നും 'സംയോജനം' എന്നും പറയപ്പെടുന്നത്. മുകളിൽ വ്യക്തമാക്കിയതുപോലെ, കൂട്ടിക്കുഴച്ചിൽ കൂടാതെയും, കൂടിച്ചേരൽകൂടാതെയും ക്നോമാകളുടെ സവിശേഷതകളിൽ സ്വഭാവങ്ങൾ സംരക്ഷിക്കപ്പെടുന്നു എന്നു വ്യക്തമാക്കാനാണിത്. കാരണം, കൂട്ടിക്കുഴച്ചിൽ സംഭവിച്ചതും കൂടിക്കലർന്നതും യോജിച്ചിരിക്കുന്നതിനോട് ചേർന്നിരിക്കുന്നില്ല; അതു പരസ്പരം കൂട്ടിക്കുഴഞ്ഞു കഴിയുന്നു എന്നു മാത്രം; അതിൻെറ സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നുമില്ല.

www.malankaralibrary.com



ഇക്കാരണത്താൽ, ഭാഗ്യവാനായ പൗലോസ്, മിശിഹായുടെ ഈ ഏക പർസോപ്പായിൽ, ക്നോമാകളുടെ സവിശേഷതകൾ വേർതിരിച്ചുകൊണ്ട് പറയുന്നു: "ദൈവത്തിന്റെ രൂപം ദാസന്റെ രൂപമെടുത്തു; അവൻ മനുഷ്യന്റെ സാദൃശ്യത്തിൽ കാണപ്പെട്ടു". ഐക്യപ്പെട്ട ക്നോമാകളുടെ സവിശേഷതയിൽ സ്വഭാവങ്ങൾ സംരക്ഷിക്കപ്പെടുന്നു എന്നു ചൂണ്ടിക്കാണിച്ച് വ്യക്തമാക്കാനാണ് അവനിതു ചെയ്തത്: ദൈവത്തിന്റെ രൂപം: വചനമാം ദൈവം, ത്രിത്വത്തിലെ ക്നോമാകളിൽ ഒന്ന്; ദാസന്റെ രൂപം: ഐക്യപ്പെട്ട യേശു എന്ന മനുഷ്യൻ, മാനുഷിക ക്നോമാകളിൽ ഒന്ന്, രണ്ടാമാദാം, പുതിയ ആദാം. ഏക പർസോപ്പായിൽ ദൃശ്യമായതിൽ അദൃശ്യൻ. "അവൻ അദൃശ്യദൈവത്തിന്റെ ഛായയാണ്" എന്നാൽ വേർതിരിച്ചല്ല. അതിനാൽ അവൻ 'വസ്ത്രം' എന്നും 'ആലയം' എന്നും വിളിക്കപ്പെടുന്നു. ഒരു അംബാസഡറെപ്പോലെയോ, മറ്റൊരാളുടെ സ്ഥാനം ഏറ്റെടുക്കുന്നയാളെപ്പോലെയോ മറ്റൊരാൾക്കുവേണ്ടി ഭരിക്കുന്നയാളെപ്പോലെയോ അകന്നിരിക്കുന്നവരെപ്പോലെയോ പരസ്പരം പർസോപ്പാകൾ സ്വീകരിച്ചത് വേർതിരിച്ചല്ല. മറിച്ച്, സ്നേഹത്തിലും ഐകമത്യത്തിലും, മനസ്സിലും, ഇച്ഛയിലുള്ള ചേർച്ചയിലും സംയോജനത്തിലും ഏക പർസോപ്പായിലുള്ള ഐക്യപ്പെട്ട വാസത്തിലും ഒന്നിച്ചിരിക്കുന്നു: ഛായയിൽ ഛായ; വസിക്കുന്നവൻ തന്റെ ആലയത്തിൽ; ദൈവം മനുഷ്യനിൽ.

ഒരു സ്ഥലത്തുനിന്നു മറ്റൊരിടത്തേക്കു വന്നു എന്ന രീതിയിലോ, അകന്നിരുന്നു എന്ന രീതിയിലോ അല്ല അവിടുന്ന് ഉരുവായി മറ്റൊന്നിൽ വസിച്ചു എന്നത് മനസിലാക്കേണ്ടത്. മറിച്ച് ഏക പർസോപ്പായിലുള്ള ഏക ഐക്യത്തിലും സംയോജനത്തിലും; അവ പരസ്പരം പർസോപ്പിക്കലായി കൊടുക്കുകയും സ്വീകരിക്കുകയും ചെയ്തു. അവർ തങ്ങളുടെ സ്വഭാവങ്ങളും ക്നോമാകളും പരസ്പരം എടുക്കുകയും കൊടുക്കുകയും ചെയ്തില്ല. മറിച്ച് വചനം അബ്രഹാമിന്റെ വംശത്തിൽനിന്നു ദാസന്റെ രൂപം എടുത്തു; ഐക്യപ്പെട്ട് അവനിൽ വെളിപ്പെട്ടു. "അവൻ ജഡത്തിൽ വെളിപ്പെട്ടു" (1 തിമോ. 3:16). ഐക്യപ്പെട്ട മനുഷ്യൻ എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം സ്വീകരിച്ചു. നിത്യപുത്രനോടുകൂടി ഐക്യത്തിൽ അതാണ് പുത്രൻ. ഏക പുത്രൻ, ഏക കർത്താവ്. ആരാധ്യമായ ഏക പർസോപ്പായിൽ ദൈവപുത്രനായ കർത്താവേശുമിശിഹാ "ഇന്നലെയും ഇന്നും എന്നേയ്ക്കും" ഏകനാകുന്നു (എബ്രാ. 13:8). രണ്ടിന്റെയും സവിശേഷതകൾ ഇല്ലാതാകും വിധമുള്ള യോജിപ്പിലും വാസത്തിലും ഉള്ള ഐക്യമല്ലിത്. അത് ഐക്യമല്ല, ഐക്യത്തിന്റെ നിഷേധമാണ്. രണ്ടോ അതിലധികമോ സംഗതികളിൽ നിന്നാണ് ഐക്യം ഉണ്ടാകുക.

ഐക്യപ്പെടുമ്പോൾ മറ്റൊന്നുമായി ചേർന്ന് ഒന്നാകാത്തതിനെ, മറ്റൊന്നുമായി ഐക്യപ്പെടാതെ തനിച്ചിരിക്കുന്നതിനെ, ഐക്യം എന്നു പറയാനാവില്ല.

www.malankaralibrary.com



അതിന്റെ സവിശേഷതകൾ ഐക്യത്തിൽ സംരക്ഷിക്കപ്പെടണം, അതായത്, സവിശേഷതകൾ ഇല്ലാതാകാൻ പാടില്ല. "ഞാനും എന്റെ പിതാവും ഒന്നാകുന്നു" (യോഹ.10:30). "ഞാനും എന്റെ പിതാവും" എന്നത് ക്നോമാകളെ കുറിക്കുന്നു; ഏക സ്വഭാവത്തെ അത് ഇല്ലാതാക്കുന്നില്ല. അതുപോലെ "മിശിഹായുമായി സംയോജിപ്പിക്കുന്നവൻ അവനോടുകൂടെ ഏക ആത്മാവായിത്തീരുന്നു" (1 കൊറി. 6:17). ചേരുന്നവനെ അത് ഇല്ലായ്മ ചെയ്യുന്നില്ല; ആത്മീയ ജനനത്തിലും യഥാർത്ഥ ഏറ്റുപറച്ചിലിലും ഗ്രഹണത്തിലും സ്നേഹത്തിലും അവൻ ആരോടു ചേരുന്നുവോ അവനെ നശിപ്പിക്കുന്നില്ല. അതുപോലെ പ്രജനപ്രക്രിയയ്ക്കായി ഏക ശരീരമായിതീരുന്ന ഭാര്യാഭർത്താക്കന്മാരുടെ ആ ഒന്നിച്ചുചേരൽ പുരുഷനും സ്ത്രീയും എന്ന അവസ്ഥ ഇല്ലായ്മ ചെയ്യുന്നില്ല.

അതുപോലെ ഐക്യത്തിൽ നമ്മുടെ കർത്താവിന്റെ ദൈവത്വവും മനുഷ്യത്വവും ഏകപുത്രനാണ്, ഏക മിശിഹായാണ് എന്നത് തന്റെ മനുഷ്യത്വത്തിന്റെയും തന്റെ ദൈവത്വത്തിന്റെയും സവിശേഷതകൾ ഇല്ലാതാക്കുന്നില്ല. കാരണം, ഗബ്രിയേൽ ദൂതന്റെ മംഗലവാർത്ത മുതൽ, ആലയത്തിന്റെ ഐക്യപ്പെട്ട രൂപീകരണാരംഭത്തിൽതന്നെ പുത്രത്വത്തിന്റെ ഏക പർസോപ്പായിൽ മിശിഹായുടെ ദൈവത്വത്തോടു മിശിഹായുടെ മനുഷ്യത്വം ഐക്യപ്പെട്ടിരിക്കുന്നു. മിശിഹായുടെ ദൈവത്വം തന്റെ ഐക്യപ്പെട്ട മനുഷ്യത്വത്തിൽ തന്റെ ആലയത്തിൽ വസിച്ചു. രൂപീകരണത്തിന്റെ ആരംഭത്തിൽ തന്നെ ഐക്യം പൂർത്തിയായി, എന്നേക്കുമുള്ളതായി. അനന്തമായ ദൈവത്വം പരിമിതമായ മനുഷ്യത്വം ധരിച്ചു; അത് ഐക്യപ്പെട്ട് അവനുമായി യോജിച്ചു; വെറും ഒരു വസ്ത്രം പോലെയല്ല; വസ്ത്രം ബാഹ്യമാത്രമായിട്ടാണല്ലോ സ്ഥിതി ചെയ്യുക. മറിച്ച് ദൈവത്വമാകട്ടെ, അനന്തമായി അകത്തും പുറത്തുമാണ്. ഇക്കാരണത്താലാണ് എടുക്കൽ, യോജിപ്പ്, വാസം എന്നൊക്കെ പറയുക. മുകളിൽ കാണിച്ചതുപോലെ, വാസം അകത്താണ്; എടുക്കലും സംയോജനവും ദൈവസ്വഭാവത്തിന്റെ അനന്തതയ്ക്കു പുറത്താണ്. തന്റെ മനുഷ്യത്വത്തിൽ തന്റെ ദൈവത്വം ഐക്യപ്പെട്ട് ഏക പർസോപ്പാ ആണ്. വേർതിരിച്ചല്ല, അംബാസഡർ പോലെയോ, പകരക്കാരനെപ്പോലെയോ, പരസ്പരം യോജിപ്പിലോ സ്നേഹത്തിലോ മാത്രം ഐക്യപ്പെട്ടിരിക്കുകയും അകന്നു കഴിയുകയും ചെയ്യുന്നവരെപ്പോലെയുമല്ല; വസ്ത്രംപോലെയോ അയയ്ക്കപ്പെടുന്നവനെപ്പോലെയോ അല്ല; യോജിപ്പോടുകൂടി, വേർതിരിവില്ലാതെ, എടുക്കൽവഴി; കൂട്ടിക്കുഴച്ചിലില്ലാതെ, ആലയം കണക്കെ, കൂടിച്ചേർന്നല്ലാതെ; വസിക്കുന്നവനെപ്പോലെ, വിഭജനം കൂടാതെ, ഐക്യപ്പെട്ട്, സമ്മിശ്രപ്പെടാതെ. വ്യതിരിക്തമായിരിക്കുമ്പോൾ, ഐക്യപ്പെട്ടാണ്; ഐക്യപ്പെട്ടിരിക്കുമ്പോൾ വ്യതിരിക്തമാണ്. രണ്ടുംകൂടി ഒന്നായിത്തീരുന്നു. അതായത്, ദൈവപുത്രനായ യേശുമിശിഹാ എന്ന ഏക കർത്താ

www.malankaralibrary.com



വിൻെറ ഏക ഐക്യത്തിൽ ഒന്നും മറ്റൊന്നും സംരക്ഷിച്ചുകൊണ്ട് എടുക്കുന്ന വനും എടുത്തതും ഏകയാൾ.

നമ്മുടെ അജ്ഞതയിൽ നമ്മെ അനുധാവനം ചെയ്യുന്നവനും നമ്മുടെ വിജ്ഞാനവും, നമ്മുടെ പ്രത്യാശയും നമ്മുടെ ജീവനും നമ്മുടെ സമാശ്വാസവു മായ മിശിഹായുടെ ശക്തിയാൽ നാമിതുവരെ എത്തി. ഈ വ്യാപാരസംബ ന്ധമായിട്ടുള്ള ആരാധ്യമായ ഈ നാമങ്ങളുടെ ഐക്യപ്പെട്ട രൂപങ്ങളിലേക്കു നമുക്ക് ഇനിയും തിരിഞ്ഞ്, അവയുടെ ഐക്യപ്പെട്ട ഘടന പരിശോധിക്കാം; ഈ കാര്യം കൂടുതൽ സുസ്പഷ്ടമാക്കുകയും സത്യം വെളിവാക്കപ്പെടുകയും ചെയ്തതിനാൽ കൂട്ടിക്കുഴച്ചിൽ കൂടാതെ നമുക്കു വ്യതിരിക്തമായി അവയെ ഒന്നിക്കാം; സന്മനസ്സുള്ള അറിവില്ലാത്തവരുടെ ഇരുട്ട് അങ്ങനെ നീക്കപ്പെടട്ടെ. സ്വർണം കുടുതൽ ശുദ്ധീകരിക്കപ്പെടാനും രാജകീയസാദൃശ്യത്തിൻെറ പർ സോപ്പാ വെളിപ്പെട്ട് പ്രകാശിക്കാനുമായി നമുക്ക് ആത്മീയധൂപകലശത്താൽ ഊതാം. എന്നാൽ *പത്രോസിനടുത്തതും ബലിഷ്ഠവും നേരേയുള്ളതും ഐക്യ പ്പെട്ടിരിക്കുന്നതുമായ അടിത്തറയിന്മേൽ* സത്യമായും ക്രമീകൃതമായും ചൊവ്വായും പണിയുന്നവൻെറ സത്യവചനം കൊണ്ട്, ആദ്യമായി നമ്മുടെ വാക്കിന് മാറ്റമില്ലാത്തതും തീർച്ചയുള്ളതുമായ നിർവചനം അടിത്തറയായി ഉണ്ടായിരിക്കട്ടെ. അതായത്, ഭാഗ്യവാന്മാരായ ശ്ലീഹന്മാരുടെ യഥാർഥ പിൻഗാ മിയും പരിശുദ്ധാത്മാവിൻെറ വാസസ്ഥലവും എല്ലാ അനുഗ്രഹങ്ങളുടെയും കലവറയും സുകൃതങ്ങളുടെ കണ്ണാടിയും ഒരിക്കലും ഇളകാത്തതും കുലുങ്ങാ ത്തതുമായ ഉറച്ച സ്തംഭവും വ്യാഖ്യാതാവും ഭാഗ്യവാനുമായ *തിയഡോറിൻേറ* താണത്. അദ്ദേഹം ഇപ്രകാരം പറഞ്ഞു: "പർസോപ്പായിൽ ഏക സംഗതി എന്നു കരുതപ്പെടുന്ന, രണ്ടു വസ്തുക്കളുടെ സംയോജനമാണ് ഐക്യം എന്നു നാം പറയുന്നു". ഈ അജയ്യ വചനം നന്നായി പറഞ്ഞിരിക്കുന്നു. പോരാടുന്ന ആട്ടിൻ കൊറ്റനെപ്പോലെ തെറ്റിൻെറ എല്ലാവിധ ആരംഭങ്ങളെയും ഇത് ഇടിച്ചു കീറി, തല്ലിത്തകർത്ത് കോപാവേശത്തോടെ എതിർത്ത് പരാജയപ്പെടുത്തി നിഷ്കാ സനം ചെയ്തിരിക്കുന്നു. "രണ്ടിൻെറ സംയോജനം", അതായത് മിശിഹായുടെ ദൈവസ്വഭാവത്തിൻെറയും മനുഷ്യസ്വഭാവത്തിൻെറയും സംയോജനം; പരസ് പരം ഇല്ലാതാക്കുന്നതല്ല, കൂട്ടിക്കുഴയ്ക്കൽ അല്ല, കൂടിക്കലരൽ അല്ല; സ്വാഭാവി കവും ക്നോമികവുമായ ഐക്യവുമല്ല; ഒന്നിച്ചുചേരുമ്പോൾ ഒന്നു മറ്റൊന്നിനെ വിഴുങ്ങിക്കളയുന്നതുമല്ല; പിന്നെയോ "രണ്ടിൻെറ സംയോജനം". അതായത് രണ്ടു യാഥാർത്ഥ്യങ്ങളുടെ. തങ്ങളുടെ സവിശേഷതകളിൽ അവ ഐക്യപ്പെട്ടി രിക്കുന്നു, വ്യതിരിക്തവുമാണ്. ഈ സംയോജനം കൊണ്ട് എന്താണ് സംഭവി ച്ചിരിക്കുന്നത്? അവ "പർസോപ്പായിൽ ഒന്നായി". സ്വഭാവത്തിലല്ല "ഒന്നായി" തീർന്നത്, പിന്നെയോ പർസോപ്പായിൽ: ഏക പുത്രൻ, കർത്താവായ മിശിഹാ, അമ്മനുവേൽ എന്നിത്യാദി.

www.malankaralibrary.com



അതുകൊണ്ട് ഒരേ വസ്തുവിനു തന്നെ "ഐക്യപ്പെടാൻ" സാധ്യമല്ല. അത് ഒന്നായിരിക്കുകയാണല്ലോ. അഥവാ രണ്ടില്ലാതെ, കലർപ്പില്ലാത്ത ഏക പ്രകൃതത്തെ ഐക്യം എന്നു പറയാൻ പറ്റില്ല. രണ്ടു വസ്തുക്കൾ കലർപ്പില്ലാതെ ഒന്നിച്ചുചേരുമ്പോൾ മാത്രമാണ് ഐക്യം. ഒന്ന് മറ്റൊന്നിനെ ഇല്ലായ്മ ചെയ്യുന്നില്ല. ഒന്നായി തീരാനായി ഐക്യമുണ്ടായശേഷം ഐക്യമില്ലാതെ കഴിയുമ്പോൾ മാത്രമേ അതു സംഭവിക്കുന്നുള്ളു. വീണ്ടും, സംയോജനത്തിലും ഐക്യത്തിലും രണ്ടായിരിക്കുകയും ഐക്യം കഴിഞ്ഞ് ഐക്യപ്പെട്ടവ ഐക്യതയിൽ ഒന്നും മറ്റൊന്നും അല്ലാതായിരിക്കുകയും ചെയ്യുക എന്നത് അസാധ്യമാണ്. ചില സംഗതികളിൽ ഒന്നും മറ്റു ചില സംഗതികളിൽ വേർതിരിച്ചുകാണാൻ കഴിയു ന്നതും അല്ലാത്ത ഐക്യമില്ല. നമ്മുടെ കർത്താവ് പറഞ്ഞു: "ഞാനും എന്റെ പിതാവും ഒന്നാകുന്നു" (യോഹ. 10:30). സ്വഭാവത്തിൽ "ഒന്ന്" ആയിരിക്കുന്നത് ഞാനും എന്റെ പിതാവും" എന്നതിന്റെ നിഷേധമല്ല. മറിച്ച്, ഈ ഏക സ്വഭാവത്തിലുള്ള ക്നോമാകളുടെ സുചനയാണത്. അവർ ഒന്നായിരിക്കുന്നെങ്കിലും, പിതാവു പുത്രനല്ല, പുത്രൻ പിതാവുമല്ല. വീണ്ടും, "നമ്മുടെ കർത്താവിനോടു ചേരുന്നവൻ അവിടുത്തോടുകൂടെ ഏക ആത്മാവാകുന്നു" എന്നു പറയപ്പെട്ടിരിക്കുന്നു(1 കൊറി. 6:17). ദാനമെന്ന നിലയിൽ "ഏക ആത്മാവ്" ആയിരിക്കുന്നത് കർത്താവിനെയോ ചേരുന്നവനെയോ നിഷേധിക്കുന്നില്ല. പിന്നെയോ, രണ്ടും നിലനിന്ന് ഏക ആത്മാവിൽ യോജിക്കുന്നു.

വീണ്ടും, മറ്റൊരു രീതിയിലും ഉദാഹരണമായും. പുരുഷനെയും സ്ത്രീയേയുംപറ്റി ഇപ്രകാരം പറയുന്നു: "പുരുഷൻ തന്റെ മാതാവിനെയും പിതാവിനെയും വിട്ടിട്ട് തന്റെ ഭാര്യയോടു ചേരും. അവരിരുവരും ഒരു ജഡമായി തീരും" (ഉല്പ. 2:24). അവർ അത്യഗാധമായി ഒന്നുചേരുമ്പോഴും പുരുഷനും സ്ത്രീയും എന്ന അവസ്ഥ നിഷേധിക്കപ്പെടുന്നില്ല. പുരുഷൻ തന്റെ സ്ഥാനം വിട്ടു സ്ത്രീയായി തീരുന്നില്ല, സ്ത്രീ, പുരുഷനുമായി തീരുന്നില്ല. ഇത് ക്രിസ്തുവിന്റെയും സഭയുടെയും രഹസ്യത്തെപ്പറ്റിയുള്ളതാണ്. ഈ അത്ഭുതാവഹവും ആരാധ്യവും അവാച്യവുമായ ഐക്യത്തിലും ഇപ്രകാരം തന്നെയാണ്. സ്വഭാവത്തിലും ക്നോമാകളുടെ സവിശേഷതകളിലും രണ്ടും വ്യതിരിക്തമാണ്. എന്നാൽ ദൈവപുത്രനായ മിശിഹായുടെ ഏക പർസോപ്പായിൽ ഐക്യപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ഛായ അതായത്, സ്വഭാവത്തിൽ ദൈവം; ദാസന്റെ ഛായ, അതായത്, സ്വഭാവത്തിൽ മനുഷ്യൻ. "അവരിൽ നിന്നാണ് ജഡത്തിലുള്ള മിശിഹാ"- ഇതു മിശിഹായുടെ മനുഷ്യത്വത്തെപ്പറ്റിയാണ്. "എല്ലാറ്റിന്മേലും ദൈവം ആയിരിക്കുന്നവൻ" (റോമാ. 9:5). ഇതു മിശിഹായുടെ ദൈവത്വത്തെപ്പറ്റിയാണ്.

www.malankaralibrary.com



ഐക്യമില്ലാത്ത അവസ്ഥയിൽ ഒരു വസ്തു സ്ഥിതി ചെയ്യുമ്പോൾ അതിനെ ഒന്ന് എന്നു പറയാം. ഒന്നുതന്നെ ഐക്യമുണ്ടാകുന്നില്ല. ഏക പർസോപ്പായിലുള്ള രണ്ടിൻെറ ഐക്യവും സംയോജനവും നിമിത്തമാണ് ഐക്യത്തെ ഒന്ന് എന്നു പറയുന്നത്. എങ്കിലും മറ്റു രീതികളിലുള്ള ഐക്യവുമുണ്ട്. രണ്ടിൽനിന്നു മാത്രമല്ല ഐക്യം; അനേകം വസ്തുക്കളിൽനിന്നും ഉണ്ടാകാം; എന്നാൽ പരസ്പരം ചേർന്ന വാസമായിട്ടോ, ആലയമായിട്ടോ, വസ്ത്രമായിട്ടോ ഏക പർസോപ്പായിലേക്കല്ല എന്നു മാത്രം. പിതാക്കന്മാരുടെ ദൃഷ്ടാന്തം അനുസരിച്ച് അഗ്നി, മുൾപ്പടർപ്പിലും, മുൾപ്പടർപ്പ് അഗ്നിയിലും എന്നവണ്ണം ഏക പർസോപ്പായിലുള്ള ഐക്യം; തങ്ങൾക്കുള്ളവയിലെല്ലാം അവ പരസ്പരം അറിയപ്പെടുന്നു.

ഞാൻ മുകളിൽ പറഞ്ഞതുപോലെ, ഇതുനിമിത്തവും ഇതിനാലെയും ദൈവപുത്രനായ നമ്മുടെ കർത്താവേശുമിശിഹായ്ക്ക് ഐക്യത്തിനു മുമ്പും, ഏക പർസോപ്പായിലുള്ള ഐക്യത്തിലും നിരവധി നാമങ്ങളുണ്ട്. നിത്യവും അവാച്യവുമായ ജനനവും ഈ ആരാധ്യവും മഹനീയവുമായ ഐക്യവും പൂർണമായി സൂചിപ്പിക്കാൻ കഴിയുന്ന ഒറ്റ ദൃഷ്ടാന്തംപോലും ഇല്ല. ഒന്നിനു പിറകേ ഒന്നായി വരുന്ന തരത്തിലുള്ള കാലിക പ്രജനനമില്ലിവിടെ. ആരംഭരഹിതമാണത്; വിഭജനം വഴിയുള്ളതുമല്ല. ആത്മാവും ശരീരവുംപോലെ ഇത് സ്വാഭാവികവും ക്നോമികവുമല്ല. സ്വഭാവത്തിൻെറയും ക്നോമായുടെയും പൂർണതയ്ക്കായുള്ള ഭാഗങ്ങളാണവ. പിന്നെയോ, പുത്രത്വത്തിൻെറ ഏക പർസോപ്പായിൽ ദൈവസ്വഭാവത്തിൻെറയും മനുഷ്യസ്വഭാവത്തിൻെറയും സവിശേഷതകളിൽ പരിപൂർണസ്വഭാവങ്ങൾ. ഈ ഐക്യം വേർതിരിവോടുകൂടിയോ, ഇച്ഛയാലോ സ്നേഹത്താലോ മാത്രവുമല്ല. വീടോ, കപ്പലോ, വാതിലോ പോലെ ഭാഗങ്ങൾ ചേർന്നുള്ള സമഗ്രതയുമല്ല. വീഞ്ഞും വെള്ളവും കൂടിയാലെന്നപോലെ കൂട്ടികുഴച്ചോ, കൂടിക്കലർന്നോ അല്ല. ബാർലിയുടെയും ഗോതമ്പിൻെറയും പൊടികൾ കലർന്നതുപോലെയുമല്ല; പലതരം പയർമണികൾ ഒന്നിച്ചുചേർന്നുള്ള കലർപ്പുപോലെയുമല്ല. അവ വേർതിരിഞ്ഞുതന്നെ നില്ക്കുന്നു; ഐക്യപ്പെടുന്നില്ല, പരസ്പരം പരിമിതപ്പെടുത്തുന്നു. ഇത്തരം ഐക്യമാണ് എന്നു പറയുന്നത് തികച്ചും അഭക്തിയാണ്; കാരണം, ഞാൻ നേരത്തെ പറഞ്ഞതുപോലെ, ഇതിലെല്ലാം കൂടിക്കുഴച്ചിലും കൂടിച്ചേരലും സമ്മിശ്രവും വിഭജനവുമാണ്. എന്നാൽ ഇവിടെ ഈ അത്ഭുതാവഹമായ ഐക്യത്തിലാകട്ടെ, സമ്പൂർണദൈവം സമ്പൂർണമനുഷ്യനിൽ, അനന്തത പരിമിതിയിൽ വസിക്കുന്നു. ഏക പർസോപ്പായിൽ ഐക്യപ്പെട്ടും എടുക്കപ്പെട്ടും ഒന്നിക്കപ്പെട്ടും ഇരിക്കുന്നു. ദൈവപുത്രനായ ഏക മിശിഹായിൽ എന്നേയ്ക്കുമായി രണ്ടു സ്വഭാവങ്ങളും സംരക്ഷിക്കപ്പെട്ടുകൊണ്ട് ഒന്നിച്ചിരിക്കുന്നു.

www.malankaralibrary.com



ഐക്യത്തിനു മുമ്പുള്ള അവസ്ഥയെപ്പറ്റി ചിന്തിക്കുമ്പോൾ അതേപ്പറ്റി ഗൗരവമായി പരിഗണിക്കാം. പുത്രൻ വചനം എന്നു മാത്രം വിളിക്കപ്പെടുകയും ദൈവത്വത്തിൻെറ നാമം-അതായത് അവൻ ദൈവത്തോടുകൂടി ദൈവമാണ്-ചേർക്കാതിരിക്കയും ചെയ്താൽ, അവൻ ക്നോമാ കൂടാതെ ഏതോ ശക്തി മാത്രമാണ് എന്ന് കരുതപ്പെടാനിടയുണ്ട്. വീണ്ടും, ദൈവത്തോടുകൂടി ദൈവം എന്നു പറയുകയും *വചനം* എന്നും *കിരണം* എന്നും പറയാതിരിക്കുകയും ചെയ്താൽ, സ്വഭാവത്തിൽ വ്യത്യാസമുള്ളതായും പിന്നുണ്ടായതായും, രണ്ടാം ദൈവമായും പരിമിത ദൈവമായും, അനന്തമായും കാലാതീതനായും പിതാവിൻെറ സ്വഭാവത്തിൽനിന്ന് ജനിക്കാത്തവനായും സൂചന നൽകാൻ ഇടയുണ്ട്. വീണ്ടും, അവനെ *കിരണം* എന്നു വിളിക്കുകയും തൻെറ ക്നോമായുടെ ഛായ എന്നു കൂട്ടിച്ചേർക്കാതിരിക്കുകയും ചെയ്താൽ, ആദ്യത്തേതിനേക്കാൾ ഗൗരവമേറിയ രണ്ടു കൊടിയ തെറ്റുകളിൽ നിപതിക്കാൻ ഇടയുണ്ട്. ഒന്ന്, "വാക്കു" പോലെ അവൻ വെറും ശക്തിയോ പ്രവർത്തനമോ ആണെന്നു ധരിക്കാനിടയുണ്ട്; വീണ്ടും, പിതാവിൽനിന്ന് പുത്രനെന്നപോലെ സ്വഭാവത്തിലും തനിക്കുള്ള സകലത്തിലും പിതാവിനേപ്പോലെയല്ലെന്നും കരുതാൻ ഇടയുണ്ട്. എന്നാൽ, ഇവിടെ, ഈ അഗ്രാഹ്യദൃഷ്ടാന്തങ്ങളിലെല്ലാം എല്ലാ പാഷണ്ഡികളുടെയും, പ്രത്യേകിച്ച്, ആര്യരുടെയും, വായടച്ച് അവരെ നിശബ്ദരാക്കാൻ കഴിഞ്ഞു. കാരണം, പ്രകാശത്തിൻെറ സൃഷ്ടിയല്ല 'കിരണം'; അത് അതിൻെറ സ്വന്തം സ്വഭാ വത്തിൽ നിന്നു തന്നെയുള്ളതാണ്. വീണ്ടും, ച്ഛായയും സാദൃശ്യവും ക്നോമായിൽനിന്നുള്ള ക്നോമായാണ്; ആദത്തിൽനിന്ന് ശേത് എന്നപോലെ അവൻ തൻെറ ജനകനായ പിതാവിനെപ്പോലെയാണ്. ആദം തൻെറ ഛായയിലും സാദൃശ്യത്തിലും ജനിപ്പിച്ചു" (ഉല്പ. 5:3). വീണ്ടും, തൻെറ സത്തയുടെ പ്രതിഛായ എന്ന് അവൻ വിളിക്കപ്പെടുകയും എന്നാൽ ഒരേ സ്വഭാവമാണെന്ന് കാണിക്കാൻ കിരണം എന്നു നാമം അതിനോട് ചേർക്കാതിരിക്കയും ചെയ്താൽ, അവൻ തൻെറ പിതാവിനോട് സമസത്തയല്ലെന്നും, അവൻെറ സൃഷ്ടിയാണെന്നും ചിന്തിക്കാനിടവരാം. അല്ലെങ്കിൽ, അവിടുത്തെ മനുഷ്യത്വത്തെപ്പറ്റി പറഞ്ഞിരിക്കുന്നവ, അതായത്, അവനെടുത്ത് വെളിപ്പെട്ട ദാസൻെറ രൂപം - "അവനാണ് ആ ഛായ - അതായത്, അദൃശ്യദൈവത്തിൻെറ സാദൃശ്യം" എന്നും കരുതാനിടയുണ്ട്.

അതുകൊണ്ട് ഗ്രഹിക്കാനാഗ്രഹിക്കുന്നവൻ തെറ്റുകൂടാതെ പരിപൂർണ ജ്ഞാനത്തിലേക്കു പടിപടിയായി കടന്നുവരുന്നതിനുവേണ്ടിയാണ് ഈ വ്യത്യാസങ്ങളൊക്കെ. തൻെറ അതുല്യതയിൽ ഏകനായ ആളെ കുറിക്കുന്നതാണ് ഈ പേരുകളൊക്കെ. അവനാകട്ടെ നമുക്കറിയാവുന്നതും നാം വിളിക്കുന്നതുമായ സർവനാമങ്ങൾക്കും ഉപരിസ്ഥനാണ്. പിതാവിൻെറ അതേ സ്വഭാവം ആണ്

www.malankaralibrary.com



അവിടുത്തേക്കുള്ളത്; പിതാവിൽനിന്നു ജനിച്ചവനുമാണ്. അതായത്, പുത്രൻ, കിരണം, വചനം, പിതാവിൻെറ ഛായ, അനന്തതയിൽനിന്നുള്ള അനന്തത, നിത്യതയിൽനിന്നുള്ള നിത്യത, പ്രകാശത്തിൽനിന്നുള്ള പ്രകാശം, സർവശക്തനിൽ നിന്നുള്ള സർവശക്തൻ, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും ആണ്. ജഡത്തിലുള്ള വ്യാപാരത്തിലും ആരാധ്യവും അത്ഭുതാവഹവുമായ ഈ ഐക്യത്തിലും ഇപ്രകാരം തന്നെയാണ്. ഇതിനെ നാം വാസം, സംയോജനം, ആലയം, വസ്ത്രം, ഐക്യം എന്നൊക്കെ വിളിക്കുന്നു. കാരണം, വചനമാം ദൈവത്തിൻെറ അത്ഭുതാവഹമായതും കലർപ്പുകൂടാത്തതും സമ്മിശ്രപ്പെടാത്തതും കൂടിക്കലരാത്തതും അഴിവില്ലാത്തതും വിവരിക്കാൻ കഴിയാത്തതുമായ ഈ ഐക്യത്തെ ഒരൊറ്റ ദൃഷ്ടാന്തം കൊണ്ട് വിവരിച്ചു വ്യക്തമാക്കാനോ ബോധ്യപ്പെടുത്താനോ സാധ്യമല്ല. പിതാവിനെപ്പോലെ അനന്തനായ വചനം, തൻെറ വെളിപ്പെടുത്തലിനായി പരിമിതനായ ഒരു മനുഷ്യനെ എടുത്തു. പുത്രത്വത്തിൽ ഏക പർസോപ്പാ ആയിരിക്കാൻ അവൻ പരിപൂർണനാക്കപ്പെട്ടു. ഈ സാദൃശ്യങ്ങളും ദൃഷ്ടാന്തങ്ങളും സൂചനകളും പേരുകളും എല്ലാം നമ്മുടെ വിശ്വാസത്തിൻെറ യാഥാർത്ഥ്യത്തെ വ്യക്തമാക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നു. പരിപൂർണവും അവിഭക്തവും ആരാധ്യവുമായ ഈ ഐക്യത്തെപ്പറ്റി നാം ഗ്രഹിച്ച് മനസിലാക്കുന്നതിനും വിശ്വാസത്തിൽ ഉറയ്ക്കുന്നതിനും വേണ്ടിയാണിത്.

എന്തുകൊണ്ടെന്നാൽ, വസിക്കുന്നതെല്ലാം സംയോജനമോ, ഐക്യമോ, വസ്ത്രധാരണമോ അല്ല. വീട്ടിലോ കപ്പലിലോ നഗരത്തിലോ വസിക്കുന്നവർ ഭവനവുമായോ, കപ്പലുമായോ, നഗരവുമായോ പരസ്പരം സംയോജിതരോ, ഐക്യപ്പെട്ടവരോ അല്ലല്ലോ. അതുപോലെ സംയോജിതമായവയെല്ലാം ഐക്യമോ വാസമോ അല്ല. പടച്ചട്ട ധരിക്കുന്നവനിൽ പടച്ചട്ട വസിക്കുന്നില്ല; പർസോപ്പിക്കലായി പടച്ചട്ട പട്ടാളക്കാരനായും പട്ടാളക്കാരൻ പടച്ചട്ടയായും തീരത്തക്കവിധം ഏക പർസോപ്പായിൽ ഏക ഇച്ഛയിലും ഏക ശക്തിയിലും അത് അവനുമായി ഐക്യപ്പെടുന്നുമില്ല. പുരുഷനും സ്ത്രീയും സംയോജിതരായി ഒരു ജഡമായിതീരുന്നു. എന്നാൽ അവർ പരസ്പരം വസ്ത്രം ധരിച്ചിരിക്കുന്നു എന്നോ പരസ്പരം വസിക്കുന്നെന്നോ നാം പറയാറില്ല. പരസ്പര സ്നേഹത്തിൽ കഴിയുന്നവരോ മാനസികമായി അടുപ്പമുള്ളവരോ പരസ്പരം വസിക്കുന്നെന്നോ, പരസ്പരം വസ്ത്രം ധരിക്കുന്നെന്നോ നാം പറയാറില്ല. അതുപോലെ വസിക്കുന്നവയെല്ലാം സംയോജിതമോ ഐക്യപ്പെട്ടിരിക്കുന്നതോ അല്ല. വെള്ളവും മത്സ്യവും കൂടിയോ, വായുവും പക്ഷിയും കൂടിയോ ഏക പർസോപ്പായിൽ ഐക്യപ്പെടുന്നില്ല. ഭൂമി അതിൽ വസിക്കുന്നവരുമായി ഐക്യപ്പെടുന്നില്ല. ഒന്ന് മറ്റൊന്നിനാൽ അറിയപ്പെടുന്നുമില്ല. ശരീരത്തിൽ ആത്മാവ് വസിക്കുന്നതുപോലെ ഉദരത്തിൽ വസിക്കുന്ന ശിശു അമ്മയിൽ വസിച്ച് ഐക്യപ്പെട്ടിരിക്കു

www.malankaralibrary.com



ന്നില്ല. വീണ്ടും ഐക്യപ്പെട്ട് വസിക്കുന്നവയെല്ലാം സംയോജനമല്ല. ആത്മാവ് ശരീരവുമായോ, ശരീരം ആത്മാവുമായോ സംയോജനമാണെന്ന് നാം പറയാറില്ല; മറിച്ച്, അവ സ്വാഭാവികമായി ഐക്യപ്പെട്ടിരിക്കുന്നു. പരസ്പരം ഐക്യപ്പെട്ടിരിക്കുന്നതുകൊണ്ട് ശരീരം ആത്മാവിൽ വസിക്കുന്നു എന്നും നാം പറയാറില്ല.

വീണ്ടും മറ്റൊരു രീതിയിൽ: ദൈവം തന്റെ സൃഷ്ടിയിൽ അനന്തമായി വസിക്കുന്നു. അതുപോലെ തന്റെ വിശുദ്ധരിലും ഭവനാംഗങ്ങളിലും സ്നേഹത്തിലും സ്വമേധയായും വസിക്കുന്നു. അതുകൊണ്ട് ദൈവം സൃഷ്ടിയുമായി പർസോപ്പിക ഐക്യത്തിൽ ഐക്യപ്പെട്ടിരിക്കുന്നെന്നോ സംയോജിതമാണെന്നോ സൃഷ്ടി തന്റെ വസ്ത്രമാണെന്നോ നാം പറയാറില്ല; സ്നേഹത്തിലും വിശ്വാസത്തിലും ദൈവവുമായി ഐക്യപ്പെട്ടിരിക്കുന്നവർ അവനുമായി ഏക കർതൃത്വത്തിലും ഏക അധികാരത്തിലും ആണ് എന്നോ നാം പറയാറില്ല. സാമ്യം നിമിത്തം, ശരീരത്തിൽ ആത്മാവെന്ന വണ്ണമാണ് വചനം തന്റെ മനുഷ്യത്വവുമായി ഐക്യപ്പെട്ടിരിക്കുന്നത് എന്നു പറഞ്ഞാലും ആദ്യത്തേതിൽ പരിമിതിയും സഹനവിധേയത്വവും ഉണ്ട്; ഒരേ ഒരു പ്രവർത്തനത്തിനായി അവ പരസ്പരം പരിപൂർണമാക്കപ്പെടുന്നു; അതു സ്വാഭാവികവും അവശ്യാവശ്യകവുമായ ഐക്യമാണ്. അത്തരം ഒരൈക്യത്തിൽനിന്ന് ദൈവവും മനുഷ്യനുമല്ലാത്ത തനതായ ഒന്നിന്റെ സ്വഭാവം ആയിരിക്കും ഉണ്ടാകുക.

വീണ്ടും, "എന്നെക്കൊണ്ട് ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നു" എന്ന് അവൻ പറയുന്നതുപോലെയോ, അവൻ തന്റെ സൃഷ്ടിയിൽ വസിക്കുന്നതുപോലെയോ, സ്നേഹത്തിലും സ്വേച്ഛയായും അവൻ തന്റെ വിശുദ്ധരിൽ വസിക്കുന്നതുപോലെയോ ആണെങ്കിൽ സംയോജനം വഴിയുള്ള ഐക്യമോ, ഐക്യപ്പെട്ട വസ്ത്രമോ, വാസംവഴിയുള്ള സംയോജനമോ, ഐക്യത്തിലുള്ള പർസോപ്പായോ അവിടെ ഉണ്ടാകുകയില്ല. വീണ്ടും അംബാസിഡർ രാജാവിനെ പ്രതിനിധീകരിക്കുന്നതുപോലെ, ഈ പർസോപ്പാ വസിക്കുന്നത് ഇച്ഛയുടെയും അധികാരത്തിന്റെയും യോജിപ്പിൽ മാത്രമാണ് എന്നു പറഞ്ഞാൽ, അത് വാസമോ സംയോജനമോ, ഐക്യമോ ആകുകയില്ല. നാമങ്ങൾ പരസ്പരം ഉപയോഗിക്കാനും സാധ്യമല്ല. നമ്മുടെ കർത്താവിന്റെ മനുഷ്യത്വം തന്റെ ദൈവത്വത്തിന്റെ പർസോപ്പായെ വഹിച്ചതുപോലെ, ദൈവത്വം മനുഷ്യത്വത്തെ ഏക സംയോജനത്തിൽ വഹിച്ചു. അംബാസിഡർ രാജാവിന്റെ പർസോപ്പാ എടുക്കുന്നതുപോലെ, രാജാവ് അംബാസഡറിന്റെ പർസോപ്പാ എടുക്കുന്നില്ല; അവർ ഒന്നിച്ചിരിക്കുന്നില്ല; പരസ്പരം അകന്നാണ് കഴിയുന്നത്. ഈ ഐക്യം പരിമിതമായ വാസവുമല്ല. വചനമാംദൈവം ദാസന്റെ രൂപത്തിന്റെ പർസോപ്പാ, അതായത് സമ്പൂർണമനുഷ്യനെ എടുത്ത് ഐക്യപ്പെട്ടും അനന്തമായും അവനിൽ വസിച്ചു- "അവൻ ജഡത്തിൽ വെളി

www.malankaralibrary.com



പ്പെട്ടു". അവനോടുള്ള ഐക്യത്താൽ ഏക കർതൃത്വത്തിലും ഏക അധികാരത്തിലും പുത്രനെന്നും കർത്താവെന്നും ഉള്ള എല്ലാ നാമങ്ങളേക്കാൾ ശ്രേഷ്ഠമായ നാമം അവൻെറ മനുഷ്യത്വത്തിനു ലഭിച്ചു. ഐക്യത്തിൽ അത് ഇതായി തീർന്നു. എന്നാൽ സ്വഭാവത്തിലല്ല: "സ്വർഗത്തിലിരിക്കുന്ന മനുഷ്യപുത്രൻ"- ഐക്യത്തിൽ ഇത് അതായിതീർന്നു, എന്നാൽ സ്വഭാവത്തിലല്ല. അതായത്, പുത്രൻ, മഹത്വത്തിൻെറ കർത്താവ്. ഒരേ ഒരു പർസോപ്പായിൽ രണ്ടു സ്വഭാവങ്ങൾവേർതിരിവു കൂടാതെ അവയുടെ സവിശേഷതകളിൽ അറിയപ്പെടുന്നു. ദൈവത്തിൻെറ ഏകജാതനായ കർത്താവേശുമിശിഹാ ഇന്നലെയും ഇന്നും എന്നേക്കും ഏകനാകുന്നു. തനിക്കും തൻെറ പിതാവിനും പരിശുദ്ധാത്മാവിനും എന്നുമെന്നേക്കും മഹത്ത്വവും ബഹുമാനവും ആരാധനയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## അടിക്കുറിപ്പുകൾ

1. ദൈവഘാതകർ എന്നു പദാർത്ഥം
2. കുറേഭാഗം വിട്ടുകളഞ്ഞിട്ടുണ്ട്.
3. ഹലികർണാസുസിലെ ജൂലിയൻ എന്ന അബദ്ധോപദേശകൻ.
4. തുടർന്ന് സേവേരുസിനെ വിമർശിക്കുന്നു. കുറേഭാഗം വിട്ടുകളഞ്ഞു.
5. യൽദാസ് ആലാഹാ.
6. തുടർന്ന് ജസ്റ്റീനിയൻെറ മറ്റു ചില 'ശാപങ്ങളും' അവയുടെ ഖണ്ഡനങ്ങളും നൽകുന്നു. അവ ഇന്ന് അപ്രസക്തങ്ങളാകയാൽ വിട്ടുകളഞ്ഞിരിക്കുന്നു.
7. ബർനാശേ ദ്മാറൻ
8. വിവിധ അബദ്ധാഭിപ്രായങ്ങൾ
9. കുറേ ഭാഗം കയ്യെഴുത്തുപ്രതിയിൽ വിട്ടുപോയിട്ടുണ്ട്
10. ഈ ഖണ്ഡിക അല്പം ചുരുക്കിയിട്ടുണ്ട്.
11. 2 കൊറി.13:4; ഫിലി.2:8-9; കൊളോ.1:22.20; റോമ. 4:24.
12. ന്സീബൂസാ, അമൂറൂസാ, ഹയ്കലാ, ല്ബുശാ, നാഖീപൂസാ, ഹദ്യൂസാ (Taking, Indwelling, Temple, Vestment, Conjunction-Synapheia, Union).
13. ഹദ്യൂസാ
14. ന്സീബൂസാ
15. അമൂറൂസാ
16. നാഖീപൂസാ
17. ഹാദ് മേദെം

www.malankaralibrary.com

# അനുബന്ധം

## സുറിയാനിപദങ്ങൾ

ഈ വിവർത്തനത്തിൽ *ക്നോമാ, പർസോപ്പാ* എന്നീ സുറിയാനി പദങ്ങളും അവയുടെ വ്യത്യസ്തരൂപങ്ങളും ഉപയോഗിച്ചിട്ടുണ്ട്. പൗരസ്ത്യ സുറിയാനിക്കാരെ സംബന്ധിച്ച് ത്രിത്വദർശനത്തിൽ *ക്നോമായ്ക്ക്* ഒരർത്ഥവും ക്രിസ്തുദർശന ചർച്ചകളിൽ മറ്റൊരർത്ഥവുമാണ്: *ത്രിത്വത്തിൽ ക്നോമാ* എന്ന വാക്ക് *ഹ്യുപ്പൊസ്റ്റസിസ്* എന്ന ഗ്രീക്കുവാക്കിനു സമാന്തരമായി ഉപയോഗിക്കുന്നതാണ്. ത്രിത്വത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്നു *ക്നോമാകൾ* ഉണ്ട്. *മൂന്നാളുകൾ* എന്ന് സാധാരണയായി വിവർത്തനം ചെയ്യാം. ഈ അർത്ഥത്തിൽ തന്നെയാണ് പാശ്ചാത്യസുറിയാനിക്കാരും ഉപയോഗിക്കുന്നത്. ത്രിത്വസംബന്ധമായി ക്നോമായെ ചുറ്റിപ്പറ്റി സുറിയാനിക്കാരുടെ ഇടയിൽ തർക്കമില്ല. *ക്രിസ്തുവിജ്ഞാനീയത്തിൽ*: പാശ്ചാത്യസുറിയാനിക്കാർ മേൽപറഞ്ഞ അർത്ഥത്തിൽ തന്നെ *ക്നോമാ (ക്നൂമാ)* എന്ന പദം ഉപയോഗിക്കുന്നു. യേശുമിശിഹായിൽ *ഒരു ക്നൂമാ മാത്രം*. അതായത് ഒരാൾ മാത്രം. എന്നാൽ പൗരസ്ത്യസുറിയാനിക്കാരായ അസ്സീറിയൻ സഭക്കാരും മാർ ബാബായിയും ക്രിസ്തുവിജ്ഞാനീയത്തിൽ *ക്നോമായ്ക്ക്* മറ്റൊരർത്ഥം കൊടുക്കുന്നു. *ആൾ (വ്യക്തി)* എന്ന അർത്ഥം അവർ നൽകുന്നില്ല. ഏകവ്യക്തിയെ കുറിക്കാൻ അവർ ഉപയോഗിക്കുന്നത് *പർസോപ്പാ* എന്ന പദമാണ്. അവരെ സംബന്ധിച്ച് *ക്നോമാ* സ്വഭാവത്തിന്റെ തലത്തിലുള്ള ദ്വിത്വത്തെ കുറിക്കുന്നു. യഥാർത്ഥത്തിൽ 'യേശുമിശിഹാ ദൈവവും മനുഷ്യനുമാണ്' എന്നു പറയാൻ അവർക്ക് *രണ്ട് ക്നോമാകൾ* എന്നു പറയേണ്ടതുണ്ട്. *രണ്ടു ക്യാനാകൾ, രണ്ടു ക്നോമാകൾ, പുത്രത്വത്തിന്റെ ഏകപർസോപ്പാ* എന്നതാണ് അവരുടെ ഫോർമുല.

ആത്മാവും ശരീരവും ചേർന്ന് മനുഷ്യൻ എന്ന *ക്നോമാ* ഉണ്ടാകുന്നു. വചനവും മാംസവും കൂടിയുള്ള ഐക്യത്തെ കുറിക്കാൻ പ്രാചീനരിൽ പലരും ഈ ദൃഷ്ടാന്തം ഉപയോഗിച്ചിട്ടുണ്ട്. ബാബായിയും ഇതു പരാമർശിക്കുന്നുണ്ടെങ്കിലും ഈ ദൃഷ്ടാന്തത്തിന്റെ അപര്യാപ്തത

www.malankaralibrary.com



ചുണ്ടിക്കാട്ടുന്നു. ആത്മശരീരങ്ങളുടെ ഐക്യമാണ് *ക്നോമികമായ ഐക്യം*. ഈ ഐക്യവുമായി ബന്ധപ്പെട്ട കുറെ പദങ്ങൾ ക്നോമാ ചേർത്ത് വിവർത്തനത്തിൽ ഉപയോഗിച്ചിട്ടുണ്ട്: "ക്നോമിക്കലായി, ക്നോമികമായി, ക്നോമിക രീതിയിൽ, ക്നോമിക് അവസ്ഥ, ക്നോമികമായ ഐക്യം, ക്നോമിക് ചട്ടകൂട്, ക്നോമിക് ജീവൻ, ക്നോമിക് വാസം, ക്നോമിക് സവിശേഷതകൾ, ക്നോമിക് സംയുക്തം". അത്തരം ഒരൈക്യമല്ല വചനവും മാംസവും തമ്മിലുള്ള ഐക്യം എന്നാണ് ബാബായി പറയുന്നത്. അതായത് വചനമാം ദൈവം എന്ന ദൈവിക ക്നോമായ്ക്കു മാറ്റം വന്ന് മാനുഷിക ക്നോമാ ആയിത്തീർന്നില്ല. യാതൊരു വിധമായ മാറ്റത്തിലൂടെയുമല്ല വചനം മാംസമായത് എന്നർത്ഥം. വചനം വചനമായി നിന്നുകൊണ്ട് മാംസം ധരിച്ചു. ദൈവത്തിന്റെ രൂപം ദാസന്റെ രൂപം എടുത്തു. അപ്പോൾ രണ്ടു രൂപങ്ങൾ ഉണ്ടെന്നു സ്പഷ്ടം. ഈ രണ്ടു രൂപങ്ങളെ കുറിക്കാൻ "രണ്ടു ക്നോമാകൾ" ഉണ്ടെന്ന് പറഞ്ഞെങ്കിലേ ബാബായിക്കും മറ്റും സാധിക്കൂ. ഈ അടിസ്ഥാന സംഗതി ഗ്രഹിച്ചെങ്കിലേ ബാബായിയുടെ ക്രിസ്തുദർശനം സുഗ്രാഹ്യമാകു.

ഐക്യം സ്വഭാവത്തിന്റെ *(ക്യാനേ)*തലത്തിൽ നടക്കുന്നില്ല. *ക്നോമാകളുടെ* തലത്തിലും നടക്കുന്നില്ല. ഐക്യം നടക്കുന്നത് *പർസോപ്പായുടെ* തലത്തിലാണ്. വചനമാം ദൈവത്തെ പിതാവിൽനിന്നും പരിശുദ്ധാത്മാവിൽ നിന്നും വ്യത്യസ്തനാക്കുന്നത് "പുത്രത്വം" എന്ന പർസോപ്പാ ആണ്. വചനം പുത്രനാണ്. ഈ പർസോപ്പാ സത്താപരമാണ്. ഇത് പിതാവുമായും പരിശുദ്ധാത്മാവുമായും വചനം പങ്കിടുന്നില്ല. വചനത്തിന്റെ പ്രത്യേകതയാണ്; വചനത്തിനു മാത്രമുള്ളതാണ്. എന്നാൽ ബാക്കി സർവ സംഗതികളിലും പിതാവും പുത്രനും പരിശുദ്ധാത്മാവും തുല്യരാണ്; പരസ്പരം പങ്കുവയ്ക്കുന്നു. വചനമാം ദൈവം പുത്രത്വം എന്ന തന്റെ സത്താപര പർസോപ്പായിലേക്ക് നമ്മുടെ മനുഷ്യത്വം സ്വീകരിച്ചു; നമ്മിൽനിന്നുള്ള സമ്പൂർണമനുഷ്യനെ, ആത്മാവും ശരീരവുമുള്ള മനുഷ്യനെ, എടുത്തു. അങ്ങനെ വചനമാം ദൈവത്തിന്റെ പർസോപ്പാ, താനെടുത്ത മനുഷ്യന്റെയും പർസോപ്പാ ആയിത്തീർന്നു. അതേസമയം തന്റെ മഹത്ത്വ പ്രത്യക്ഷീകരണത്തിനായി അവിടുന്നു മാനുഷികവേഷം ധരിച്ചു. ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും സവിശേഷതകളൊന്നും കൂടിക്കലരാതെ വചനത്തിന്റെ പർസോപ്പായിൽ നിലനില്ക്കുന്നു. അങ്ങനെ ദൈവിക പ്രവർത്തനങ്ങളും മാനുഷിക പ്രവർത്തനങ്ങളും ദൈവിക ബുദ്ധിയും മാനുഷിക ബുദ്ധിയും, ദൈവികേച്ഛയും മാനുഷികേച്ഛയും യേശുമിശിഹാ എന്ന ഏകയാളിനുണ്ട് . ഈ ഐക്യത്തെ *പർസോപിക ഐക്യം* അഥവാ

www.malankaralibrary.com



*വ്യക്തിപരമായ ഐക്യം* എന്നു പറയുന്നു. രണ്ട് പർസോപ്പാകൾ കൂടി ചേർന്നുണ്ടായതല്ലിത്. പിന്നെയോ, വചനമാം ദൈവത്തിൻെറ പർസോപ്പാ (വ്യക്തിത്വം) മനുഷ്യസ്വഭാവത്തിൻെറയും പർസോപ്പാ(വ്യക്തിത്വം) ആയിത്തീർന്നു എന്നേയുള്ളു. "ദിവ്യവ്യാപാരത്തിൻെറ ഐക്യം (പർസോപ്പാ ദമ്ദബറാനൂസാ), ഐക്യത്തിൻെറ പർസോപ്പാ (പർസോപ്പാ ദ്ഹദ്യൂസാ), പുത്രത്വത്തിൻെറ പർസോപ്പാ (പർസോപ്പാ ദബ്രൂസാ), പൊതുവായ പർസോപ്പാ (പർസോപ്പാ ഗാവാനായാ) എന്നൊക്കെ ഈ പർസോപ്പാ വിളിക്കപ്പെടുന്നു. പർസോപ്പായുമായി ബന്ധപ്പെടുത്തി കുറേ പദങ്ങൾ വിവർത്തനത്തിൽ കാണാം. "പർസോപ്പിക ഐക്യം, പർസോപിക നാമം, പർസോപ്പിക്കലായി" എന്നിത്യാദി. *വ്യക്തിപരമായ* ഐക്യവും അതിനോടു ബന്ധപ്പെട്ടവയുമാണ് സൂചിതം.

സ്വഭാവത്തിൻെറയും രൂപത്തിൻെറയും തലത്തിൽ നമ്മുടെ രക്ഷകൻ ഒന്നും മറ്റൊന്നുമാണ്; എന്നാൽ വ്യക്തിത്വത്തിൻെറ തലത്തിൽ ഒരേ ഒരാളാണ്. ഇതു വ്യക്തമാക്കാൻ വ്യത്യസ്തപദങ്ങൾ പൂർവികർ ഉപയോഗിച്ചിട്ടുണ്ട്. ഐക്യം (*ഹെനോസിസ്, ഹദ്യൂസാ*) എന്ന വാക്ക് ആത്മാവും ശരീരവും തമ്മിലുള്ള ഐക്യത്തെ സൂചിപ്പിക്കുന്ന പദമാണ്. അക്കാരണത്താൽ അതിന് പരിമിതികളുണ്ട്. സംയോജനം (Synapheia; Conjunction; നാഖീപൂസാ) ഭാര്യാഭർതൃ ദാമ്പത്യബന്ധത്തെ കുറിക്കുന്നു. 'അവർ ഒന്നായി തീരുന്നെങ്കിലും' രണ്ടായി നിലകൊള്ളുന്ന അവസ്ഥയെ കുറിക്കുന്നതാകയാൽ ഇതിനും പരിമിതിയുണ്ട്. ഗ്രിഗറി നസ്യാൻസനാണ് ഇതാദ്യമായി ഉപയോഗിച്ചത്. അത്യഗാധമായ ഐക്യമുള്ള ത്രിത്വത്തിലെ മൂന്നാളുകൾ തമ്മിലുള്ള ഐക്യത്തെ കുറിക്കാനാണ് ഗ്രിഗറി ഇതുപയോഗിച്ചത്. അതുപോലെ ത്രിത്വത്തിലെ മൂന്നാളുകൾ തമ്മിലുള്ള ഐക്യവും ക്രിസ്തുവിലെ രണ്ടു സ്വഭാവങ്ങൾ തമ്മിലുള്ള ഐക്യവും ഗ്രിഗറി താരതമ്യപ്പെടുത്തുന്നു. അവിടെ മൂന്നാളുകളും ഇവിടെ രണ്ടു ഘടകങ്ങളും ആണെന്ന് ഗ്രിഗറിതന്നെ വ്യത്യാസപ്പെടുത്തുന്നു. പേർഷ്യൻ സർക്കിളുകളിൽ ഈ സംഗതികളൊക്കെ സുജ്ഞാതമായിരുന്നു. അതുപോലെ മറ്റു പദങ്ങൾക്കും മേന്മകളും പരിമിതികളുമുള്ളതിനാൽ ഈ പദങ്ങളൊക്കെ ബാബായ് അപഗ്രഥിക്കുന്നു. അവാച്യമായ ഈ ഐക്യം ഇതെല്ലാമാണ്; ഇവയെക്കാൾ ഒക്കെ മഹനീയമാണ് എന്ന് ബാബായ് ഉറക്കെ പ്രഖ്യാപിക്കുന്നു.

*Natural and hypostatic union* (henosis physike kai hypostatike) എന്ന പദപ്രയോഗം "സ്വാഭാവികവും ക്നോമികവുമായ ഐക്യം" എന്നും Personal Union എന്നത് "പർസോപ്പിക ഐക്യം" എന്നും person എന്നത്

www.malankaralibrary.com



"പർസോപ്പാ" എന്നും, Parsopa (person) of Union എന്നത് "ഐക്യത്തിൻെറ പർസോപ്പാ" എന്നുമാണ് ഗ്രന്ഥത്തിൽ വിവർത്തനം ചെയ്തിരിക്കുന്നത്. *ക്നോമാ* (Qnoma) എന്ന പദം hypostasis-person (വ്യക്തി, ആൾ) എന്നു വിവർത്തനം ചെയ്തിട്ടില്ല; ചെയ്യാനും പാടില്ല. അതിന് അപ്രകാരം ഒരർത്ഥം ബാബായിയിൽ ഇല്ല. *രണ്ടു ക്നോമാകൾ* എന്നാൽ കലർപ്പുകൂടാത്ത രണ്ടു യാഥാർത്ഥ്യങ്ങൾ, ദൈവവും മനുഷ്യനും, ദൈവത്തിൻെറ രൂപവും ദാസൻെറ രൂപവും വ്യക്തിത്വ തലത്തിൽ ഐക്യപ്പെട്ട് യേശുമിശിഹായിൽ സ്ഥിതി ചെയ്യുന്നു എന്നേ അർത്ഥമുള്ളു. "സ്വഭാവങ്ങളും ക്നോമാകളും" ദ്വിത്വത്തിൻെറ തലത്തിലും *പർസോപ്പാ (person)* ഐക്യത്തിൻെറ തലത്തിലും കാണണം. *Hypostasis Synthetos - Composite qnoma* എന്നത് സംയുക്തക്നോമാ എന്നും *self-subsistent qnoma* എന്നത് *സ്വയംസ്ഥിത ക്നോമാ* എന്നുമാണ് വിവർത്തനം ചെയ്തിരിക്കുന്നത്. ഓരോ മനുഷ്യജീവിയും സ്വയം സ്ഥിതക്നോമായാണ് (ക്നോമാ മ്ക്കയ്യാമാ). ത്രിത്വത്തിലെ മൂന്നാളുകളും അപ്രകാരം തന്നെ. *ആലാഹാ* എന്നാൽ ദൈവം എന്നർത്ഥം.

## ഗ്രന്ഥസൂചിക


Chediath, G., *Syriac Churches in Dialogue,* in ***The Harp,*** 11-12 (1998-9), Kottayam, p. 87-98.

Chediath, G., *The Christology of Mar Babai the Great,* **(*OIRSI* 49)**, Kottayam, 1982.

Chediath, G., *The Theological Contribution of Mar Babai the Great, in* ***Syriac Dialogue,*** *I,* Vienna, 1994, p. 155-167.

Vaschalde, A., ***Babai Magni Liber de Unione,*** (csco 79/tr.80), Louvain, 1915. (=LU)[1]


1. വിവർത്തനത്തിനാധാരമായ ഗ്രന്ഥം: Vol.79 സുറിയാനി ടെക്സ്റ്റ്; 80 ലത്തീൻ വിവർത്തനം. മെമ്രാ ഏഴും,അനുബന്ധരേഖയും, വ്യത്യസ്തകൃതികളാകയാൽ (LU. 205-247) വിവർത്തനം ചെയ്തിട്ടില്ല.

www.malankaralibrary.com

# പദസൂചിക

അഗ്നിയും ഇരുമ്പും 76,152f, 161,218,224
അഗ്നിയും മുൾപ്പടർപ്പും 98,161,223
അഗ്നിയും വിറകും 113,152,218
അനന്ത *ക്നോമാ* 66
അപ്പൊള്ളിനാരിസ് 87,88
അഭിഷിക്തൻ 128ff
അബ്രഹാം, മാർ 17
അല്ലെഗൊറി 60,62
ആത്മാവും ശരീരവും 28,30,112,118,153,154,164
ആദാമ്യകുടുംബവും ത്രിത്വവും 47,49
ആദ്യജാതൻ 135ff.
ആരിയർ 186,194
ആരിയൂസ് 49,66,86
ആലയം 28,30
ആലാഹാ 32,33
ഉത്ഥാനം, യേശുവിൻെറ 174ff
എടുക്കൽ 217ff
എലിസബത്ത് 96,97
ഏലിയാസ് 147
എവുണോമിയർ 186,194
എവുണോമിയസ് 86
എവുതീക്കൌസ് 88
ഏക *പർസോപ്പാ* 70,75,ff.93,98,101ff.120,168
ഏക മാമോദീസാ 38
ഐക്യത്തിൻെറ പർസോപ്പാ 76,82,83,84,93ff
ഒരിജൻ 107
ഒരേ ഒരു പുത്രൻ 148ff.
കത്തോലിക്കാസഭ 19
കുരിശിൻെറ ആരാധന 174
കുരിശുമരണം, യേശുവിൻെറ 167ff
കുർബാനയും മനുഷ്യാവതാരവും 38,106, 149ff,211ff,227
*ക്നോമാ* 21ff,155ff
ക്നോമാകളുടെ പർസോപ്പാകൾ 58
ക്നോമിക് അവസ്ഥ 105
ക്നോമിക ഐക്യം 80,86,87,103,107,148,191, 201,218
ക്നോമിക് ചട്ടക്കൂട് 74
ക്നോമിക് ജീവൻ 26
ക്നോമിക് പർസോപ്പാ 72,98
ക്നോമിക് വാസം 108
ക്നോമിക് സംയുക്തം 36
ക്നോമിക് സവിശേഷതകൾ 84,101,195,218, 231,232
കബറടക്കം, യേശുവിൻെറ 112
ജസ്റ്റീനിയൻ 90,91,97,240
ജൂലിയൻ 89
തിയഡോർ 234
ദൈവത്വത്തിൻെറ പേരുകൾ 191
ദൈവമാതാവ് 92,93
നർസായ്, മാർ 17
നിത്യക്നോമാ 41,45,52,57,193
പത്രോസ് 103,146,147,168,182,210
പത്രോസാകുന്ന പാറ 103
പത്രോസിൻെറ സിംഹാസനം 88
പത്രോസിനടുത്ത അടിത്തറ 234
*പർസോപ്പാ* 36ff, 155ff
പർസോപിക ഐക്യം 82,92,93,109,104ff
പർസോപിക നാമം 97
പർസോപ്പിക്കലായി 162,163,
പാഷണ്ഡികൾ 77,93,107,116,132,138,139, 140,181,193,198,221,229
പുത്രത്വത്തിൻെറ പർസോപ്പാ 70,82,84
പുരുഷനും സ്ത്രീയും 219,220,233,235,238
പൗളീനിയർ 132,161
ഫൊതീനിയർ 132
മത്സ്യവും ജലവും 217,218
മനിക്കേയർ 170
മനുഷ്യാവതാര നാമങ്ങൾ 192
മരണം, യേശുവിൻെറ 112
മറിയം ദൈവമാതാവ് 92,93
മാനി 92,140
മിശിഹായുടെ മാതാവ് 92,93
മിശിഹായുടെ സഭ 103
മെസ്സാലിയർ 90

www.malankaralibrary.com



*യൽദാസ് ആലാഹാ* 240
**യേശുമിശിഹാ**
അപ്പം 192,211
അത്യുന്നതന്റെ പുത്രൻ 78,192,203,204
അഭിഷിക്തൻ 59,60,128 ff
അമ്മാനുവേൽ 192,201,234
ആദാം 192,208,209
ആദ്യജാതൻ 20,131,135ff, 166,192,200
ഇടയൻ 192,215
ഏകജാതൻ 166,194
കർത്താവ് 19ff,105,166,192
കിരണം 52,60,64,196
കുഞ്ഞാട് 192,214
ചെങ്കോൽ 215
ജീവൻ 196
ജീവന്റെ ഉറവിടം 71,176f,156,219
ദാവീദിന്റെ പുത്രൻ 79,192,206
ദാസന്റെ രൂപം 204
ദൈവം 176
ദൈവത്തിന്റെ ഛായ 79,209
ദൈവത്തിന്റെ രൂപം 197,198
ദൈവപുത്രൻ 126
നീതിമാൻ 192,210,211
പരിശുദ്ധൻ 192,210
പാറ 192,211
പുത്രൻ 60,78,80,81,133ff
പുരോഹിതൻ 192,204
ബാലൻ 192,201
പ്രകാശം 195
പ്രതിഛായ 195
പ്രത്യാശ 17
പ്രവാചകൻ 192,208
മനുഷ്യൻ 192,202
മനുഷ്യപുത്രൻ 166,192,200,202,204
മഹത്ത്വത്തിന്റെ കർത്താവ് 200
മിശിഹാ 59,80,123,166,198,199,212
മുന്തിരിവള്ളി 192,213
യേശുമിശിഹാ 17ff, 192
രക്ഷകൻ 60
രാജാവ് 192,198,207
വചനം 194
വടി 192
വഴി 142,213
വാതിൽ 214
ശിശു 192,200
യേശുവിന്റെ ഉത്ഥാനം 174ff
കത്തോലിക്കാസഭ 19
കബറടക്കം 112
കുരിശുമരണം 167ff
മരണം 112
സ്നാനം 137 ff
രണ്ടു സ്വഭാവങ്ങളിൽ ഏകപുത്രൻ 96
ലെയോ പാപ്പാ 88
വസ്ത്രധാരണം 217ff
വസ്ത്രവും ധരിക്കുന്നവനും 107,161,217ff
വസിക്കുന്നവനും വാസഗൃഹവും 217ff
വാസം 217ff
വിശ്വാസം 17ff
വ്യതിരിക്ത ക്നോമാകൾ 45,73,145
വ്യാപാരത്തിന്റെ ഐക്യം 94
വ്യാപാരത്തിന്റെ പർസോപ്പാ 94,97,165
ശെമഓൻ കേപ്പാ 146
സബെല്ലിയുസ് 49
സമ്പൂർണ ക്നോമാ 46
സാമസോട്ടക്കാരൻ പൗലോസ് 92,102,103
സൂര്യനും കിരണങ്ങളും 30f, 38f, 46, 66f,
163,196,197,220f.
സേവേരൂസ് 240
സംയുക്ത ക്നോമാ 222
സംയോജനം 43ff, 217ff
സ്നാനം, യേശുവിന്റെ 137ff
സ്വയംസ്ഥിതൻ 31,33,49
സ്വയംസ്ഥിത ക്നോമാ, 41,46,66,195,218,231
ഹബീബാ 17
ഹെനാനാ 90,199